# മലയാളപ്പച്ച

## malayala pachcha

റിസേർച്ച് ജേണൽ: ഭാഷ, സാഹിത്യം, സംസ്കാരം

**11-ാം ലക്കം**



# ഭാഷാസൂത്രണം

## ചരിത്രം സിദ്ധാന്തം പ്രയോഗം

പ്രസാധനം

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

2020

# ഭാഷാസൂത്രണം

# ചരിത്രം സിദ്ധാന്തം പ്രയോഗം

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

2020

malayala pachcha

Research Journal of language literature and culture

Published in India By
The Head of the Post Graduate Department of Malayalam,

KKTM Govt. College,

Pullut P.O., Thrissur District, Kerala, India. PIN 680663

email: kktmgovtcollegemalayalamdept@gmail.com

Published in March, 2021

ISSN: 2454-292X
Typeset using Unicode Malayalam Fonts

Cover & book design: Ashokkumar P K
Cover Painting: Juge, image credit: Wikimedia Commons.

Price:₹220/-

You are free to:
Share — copy and redistribute the material in any medium or format
Adapt — remix, transform, and build upon the material
for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

Attribution — You must give appropriate credit, provide a link to the license, and indicate if changes were made. You may do so in any reasonable manner, but not in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrict others from doing anything the license permits.

Notices:
You do not have to comply with the license for elements of the material in the public domain or where your use is permitted by an applicable exception or limitation.

No warranties are given. The license may not give you all of the permissions necessary for your intended use. For example, other rights such as publicity, privacy, or moral rights may limit how you use the material.

*Advisory Board*

Dr. P. Pavithran
Professor,
Sree Sankaracharya Sanskrit University, Tirur Centre.

Dr. Sunil P. Elayidam
Associate Professor,
Sree Sankaracharya Sanskrit University, Kaladi.

Dr. P.K. Rajasekharan
Writer,Thiruvananthapuram.

Dr.Kavitha Balakrishnan
Govt.College of Fine Arts, Thrissur

*Managing Editor:*

H.O.D., Department of Malayalam.

*Chief Editor:*

Dr. Muhamed Basheer K.K.,
Asst. Professor, Dept. of Malayalam.

*Issue Editor & Internal Reviewer:*

Dr.C.V.Sudheer
Asst.Professor, Christ College, Irinjalakkuda.

*Editorial Board:*

Dr. G.Ushakumari, H.O.D
Dr. Deepa B.S.
Dr. Sangeetha K
Dr. Lakshmi S.
Dr. Yacob Thomas
Dr. Fousiya P.A.
Halleelu Rehuman V.M.

*External Review*

Dr K Joy Paul
Malayala Padhana Gaveshana Kendram, Thrissur.

Dr. Maria Paul
Asst professor, St. Xavier's College, Aluva.

## മലയാളപ്പച്ച

### റിസേർച്ച് ജേർണൽ

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ് മലയാളവിഭാഗം
2015 ഓഗസ്റ്റ് മുതൽ പ്രസിദ്ധീകരിക്കുന്ന
അർദ്ധവാർഷിക റിസേർച്ച് ജേർണലാണ് മലയാളപ്പച്ച. പകർപ്പവകാശം സ്വതന്ത്രമാക്കിയ മലയാളത്തിലെ ആദ്യത്തെ റിസേർച്ച് ജേർണൽ എന്ന ബഹുമതി ഇതിനുണ്ട്.

തനതുമലയാളലിപിയിൽ, യൂനികോഡ് സങ്കേതത്തിൽ, പൂർണ്ണമായി അച്ചടിക്കുന്നതും ഓഗസ്റ്റ്-ഫെബ്രുവരി മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതുമായ ഈ ജേർണലിന്റെ ഉള്ളടക്കം ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിലെ പുതിയ അന്വേഷണങ്ങളാണ്.

മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്ന പ്രബന്ധങ്ങൾ
malayalapachcha@gmail.com എന്ന വിലാസത്തിലേയ്ക്ക് word format-ൽ ഇരുപതു പുറത്തിൽ കവിയാതെ തയ്യാറാക്കി അയക്കുക. റഫറൻസുകൾക്കും പിൻകുറിപ്പുകൾക്കും
MLA സ്റ്റൈൽ സ്വീകരിക്കേണ്ടതാണ്.

# ആമുഖം

ഭാഷ ഇന്ന് എന്നത്തേക്കാളുമേറെ സജീവമായ ഉപകരണമായും ആയുധ മായും ഉപയോഗിക്കുന്ന ഒരു ഘട്ടത്തിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. മലയാളിയുടെ വ്യവഹാരലോകങ്ങളിലുണ്ടായ അനിവാര്യമായ വളർച്ചയാണ് മലയാളത്തിന്റെ വികാസത്തിലും കാണുന്നത്. വിവരസാങ്കേതി കവിദ്യയുടെ വികാസവും ഇന്റർനെറ്റിന്റെ ലഭ്യതയും നവമാധ്യമരംഗത്ത് വ്യാപകമായ ഭാഷാപ്രയോഗത്തിന് വഴിയൊരുക്കി. ഭരണനിർവ്വഹണത്തിന്റെ കൂടുതൽ ഇടങ്ങളിൽ മലയാളം കടന്നുവന്നു. വാമൊഴിയായും വരമൊഴിയായും തിരമൊഴിയായും മലയാളം നിറഞ്ഞാടുന്ന ഈ കാലം ഭാഷാനയത്തെയും ആസൂത്രണത്തെയുംകുറിച്ചുള്ള കൂടുതൽ ചിന്തകളിലേക്ക് നമ്മെ നയിക്കുന്നു. ആ ചിന്തകളാകട്ടെ കേവലം മലയാളത്തിന്റെ അതിർത്തികളിൽമാത്രം ഒതുക്കിനിറുത്താവുന്ന ഒന്നല്ല എന്ന് നമ്മുടെ ജനാധിപത്യബോധവും രാഷ്ട്രീയ ജാഗ്രതയും സാക്ഷ്യപ്പെടുത്തുന്നു.

ഭാഷയുടെ ആസൂത്രണം കേവലം ഭാഷയെ മാത്രം ബാധിക്കുന്ന വിഷയമല്ല; അത് സംസ്കാരത്തിന്റെയും ദേശത്തിന്റെയും കൂടി ആസൂത്രണമാണ്. അതുകൊണ്ടുതന്നെയാണ് ആസൂത്രണത്തിന്റെ രാഷ്ട്രീയം വിപുലമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടിവരുന്നത്. മുന്നോട്ടുള്ള അനിവാര്യമായ പ്രയാണം പക്ഷേ, തുടങ്ങുന്നത് ചരിത്രത്തിൽനിന്നാണ് എന്ന ബോധ്യം ഭാഷാനയരൂപീകരണത്തിലും ആസൂത്രണത്തിലും ഒഴിവാക്കാനാകാത്ത ചിന്തയാണ്.

ഭാഷാസൂത്രണം എന്ന കേന്ദ്രാശയത്തെ മുൻനിറുത്തിയാണ് ഈ ലക്കം മലയാളപ്പച്ച ഒരുക്കിയിരിക്കുന്നത്. ഭാഷാസൂത്രണം മലയാളത്തിൽ നേരത്തെ തുടങ്ങിയെങ്കിലും കേരളത്തിലെ അക്കാദമിക രംഗത്ത് വളരെ അടുത്തകാലത്താണ് ഇങ്ങനെയൊരു വിഷയത്തെക്കുറിച്ച് ഗൌരവത്തോടെ പഠിച്ചുതുടങ്ങിയത്. അതുകൊണ്ടുതന്നെ അക്കാദമികലോകത്ത് ഈ ലക്കത്തിന് വലിയ സ്വീകാര്യത ലഭിക്കും എന്നാണ് കരുതുന്നത്.

ഭാഷാസൂത്രണത്തിന്റെ ചരിത്രം, സിദ്ധാന്തം, പ്രയോഗം എന്നിങ്ങനെ വ്യത്യസ്ത ഗണങ്ങളിൽ ഉൾപ്പെടുത്താവുന്ന പത്ത് പ്രബന്ധങ്ങളാണ് ഇതിൽ ഉള്ളത്. 2020 ഏപ്രിൽ-മെയ് മാസത്തിലാണ് ഈ ലക്കത്തിനായുള്ള പരിശ്രമങ്ങൾ ആരംഭിച്ചത് മറ്റ പല മേഖലയെയും എന്ന പോലെ മലയാളപ്പച്ചയെയും കോവിഡ് 19 ബാധിച്ചു. ആഗസ്റ്റിൽ ഇറങ്ങേണ്ട പ്രസിദ്ധീകരണം കുറച്ച് വൈകിപ്പോയി. എന്നാൽ അത് കൂടുതൽ ഉൾക്കരുത്തുള്ള പ്രബന്ധങ്ങൾക്ക് കാരണമായി എന്ന് ആശ്വസിക്കുന്നു.

ഭാഷാസൂത്രണത്തിന്റെ രാഷ്ട്രീയമാണ് 'കോളനിയനന്തരഭാഷാശാസ്ത്രം: ഭാഷാനയവും സാമൂഹ്യജനാധിപത്യവും' എന്ന പ്രബന്ധത്തിൽ പി. പവിത്രൻ ചർച്ചചെയ്യുന്നത്. കോളനിഘട്ടത്തിലും കോളനിയനന്തരഘട്ടത്തിലും ഭരണകൂടങ്ങൾ കൊണ്ടുനടക്കുന്ന ഭാഷാനയത്തിലും ഭാഷാസൂത്രണചിന്തകളിലും അടിസ്ഥാനപരമായ മാറ്റം അനിവാര്യമാണെന്ന് സമർത്ഥിക്കുകയാണ് പി. പവിത്രൻ. കോളനിയനന്തരഭാഷാശാസ്ത്രത്തിന്റെ അന്തർവൈജ്ഞാനികസാധ്യതകളിലേക്കും പ്രബന്ധം ശ്രദ്ധക്ഷണിക്കുന്നു. ഭാഷാനയം, ഭാഷാസൂത്രണം എന്നീ സങ്കല്പനങ്ങൾക്ക് സമകാലത്ത് വളരെ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ആഗോളസാഹചര്യത്തിൽ മലയാളത്തിൽ ഇനിയും രൂപപ്പെടുത്തേണ്ട ഭാഷാനയവും ആസൂത്രണവും എന്തായിരിക്കണം, എങ്ങനെയായിരിക്കണം എന്നും 'ആഗോളീകരണകാലത്തെ മലയാളഭാഷാസൂത്രണം' എന്ന പ്രബന്ധത്തിൽ സന്തോഷ് എച്ച്.കെ. വിലയിരുത്തുന്നു.

ഭാഷയിലെ സാങ്കേതികപദങ്ങളുടെ രൂപീകരണത്തിനുപിന്നിലെ നയവും ആസൂത്രണപദ്ധതികളും എന്തായിരുന്നുവെന്ന അന്വേഷണമാണ് സീന ജോണിന്റെ 'മലയാളഭാഷാസൂത്രണവും സാങ്കേതികപദരൂപീകരണവും' എന്ന പ്രബന്ധം. ഭാഷാസൂത്രണവുമായി ബന്ധപ്പെട്ട് സർക്കാർതലത്തിൽനടന്ന ഔദ്യോഗികപ്രവർത്തനങ്ങളെക്കാൾ അനൗദ്യോഗികവും വ്യക്തിപരവുമായ ശ്രമങ്ങളാണ് മലയാളത്തിൽ സാങ്കേതികപദനിർമ്മിതിയിൽ നിർണ്ണായകമായത് എന്നും അത് കുറേക്കൂടി ഭാഷോന്മുഖമായിരുന്നു എന്നുമുള്ള വിലയിരുത്തൽ ശ്രദ്ധേയമാണ്.

മലയാളത്തിന്റെ വ്യത്യസ്ത തലങ്ങളിൽ നടന്ന ഭാഷാസൂത്രണത്തിന്റെ ചരിത്രഘട്ടങ്ങളെ വളരെ സൂക്ഷ്മമായി അവതരിപ്പിക്കുന്ന പ്രബന്ധമാണ് എം. ശ്രീനാഥന്റെ 'ഭാഷാസൂത്രണത്തിന്റെ മലയാളവഴികൾ'. മലയാളത്തിലെ ഭാഷാസൂത്രണശ്രമങ്ങളെക്കുറിച്ച് പഠിക്കുന്നവർക്ക് ഏറെ സഹായകമാകുന്ന

പ്രബന്ധമാണിത്. എ.ആർ. രാജരാജവർമ്മയുടെ ഭാഷാപ്രവർത്തനങ്ങളെ ഭാഷാസൂത്രണം എന്ന പരികല്പനയ്ക്കകത്തുനിന്നുകൊണ്ട് വിലയിരുത്തുകയാണ് മുഹമ്മദ് ബഷീർ തന്റെ പ്രബന്ധത്തിൽ. മലയാളബിരുദപഠനത്തിനായി എ.ആർ. രാജരാജവർമ്മ നടത്തിയ പരിശ്രമങ്ങൾ എങ്ങനെയാണ് ഭാഷയുടെ വികാസത്തിൽ നിർണ്ണായകമായി മാറിയത് എന്ന് പ്രബന്ധം സമർത്ഥിക്കുന്നു.

ഭാഷാസൂത്രണത്തെ പ്രയോഗതലത്തിൽ എത്തിക്കുന്നതിനുള്ള പ്രധാന ഉപാധികളിൽ ഒന്ന് വിദ്യാലയങ്ങളിലെ ഭാഷാപഠനമാണ്. ആ മേഖലയിൽ നടന്ന ഇടപെടലുകൾ അവലോകനം ചെയ്യുന്ന പ്രബന്ധമാണ് പി. സോമനാഥന്റെ 'മലയാളപഠനം: ഭാഷാസൂത്രണദൃഷ്ടിയിൽ' എന്ന പ്രബന്ധം. ഭാഷാസൂത്രണം പൌരാവകാശത്തിന്റെ ഭാഗമാണ് എന്ന്  കേരളത്തിലെ ആദിവാസിഭാഷകളുടെ ആസൂത്രണപ്രശ്നങ്ങളെയും പദ്ധതികളെയും മുൻനിറുത്തി ജോസഫ് കെ. ജോബ് വിലയിരുത്തുന്നു. ഭാഷാപരിസ്ഥിതിയെന്ന സങ്കല്പനത്തെ മുൻനിറുത്തി മലയാളത്തോടൊപ്പം ന്യൂനപക്ഷജനതയുടെ ഭാഷകളെയും ഒരേപോലെ പരിഗണിച്ചുകൊണ്ടുള്ള ഭാഷാനയവും ആസൂത്രണവും എങ്ങനെ സാധ്യമാകും എന്നും പ്രബന്ധം അന്വേഷിക്കുന്നു. മലയാളഭാഷയുടെ വ്യവഹാരശേഷി വർദ്ധിപ്പിച്ചതിൽ ഇടപെട്ട ചരിത്രസന്ദർഭങ്ങളെ  അടയാളപ്പെടുത്തുകയാണ് 'തലശ്ശേരിരേഖകളും നിഘണ്ടുക്കളും ഭാഷയുടെ വികാസചരിത്രത്തിൽ' എന്ന പ്രബന്ധത്തിൽ ജോസഫ് സ്കറിയ. മലയാളിയുടെ ജീവിതസാഹചര്യങ്ങളുമായി ഇണങ്ങിയും പിണങ്ങിയും പ്രവർത്തിച്ച സംസ്കൃതം അടക്കമുള്ള പന്ത്രണ്ട് ഭാഷകൾ അതിൽ നേരിട്ട് ഇടപെടുകയും ചെയ്തു എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

ഭാഷണത്തിലെ ശരിതെറ്റുകളെ നിർണ്ണയിക്കുന്ന കാര്യത്തിൽ സംസ്കൃതരീതിക്ക് മാന്യതകല്പിക്കുന്ന വിധേയത്വമനോഭാവം ഇപ്പോഴും മലയാളചിന്തകളിൽ ശക്തമാണെന്ന് വാദിക്കുകയാണ് 'ഉച്ചാരണവും പാരമ്പര്യങ്ങളും' എന്ന പ്രബന്ധത്തിൽ സി.ജെ. ജോർജ്ജ് ചെയ്യുന്നത്. സംസ്കൃതോച്ചാരണങ്ങളെ അവലംബിച്ചുള്ള ശുദ്ധിവിചാരത്തിലാണ് ഉച്ചാരണപിശകുകളെ സംബന്ധിച്ച നമ്മുടെ ധാരണകൾ ഇപ്പോഴും പ്രവർത്തിക്കുന്നത് എന്ന നിരീക്ഷണം ശ്രദ്ധേയമാണ്. പി. ശ്രീകുമാറിന്റെ 'കേരളഭാഷകൾ, മലയാളഭാഷണം: വികസനവും സമന്വയവും' എന്ന പ്രബന്ധത്തിൽ ഭാഷ, ഭാഷണം എന്നിവയെക്കുറിച്ചുള്ള സമകാലമായ അറിവിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ഭാഷകളെയും മലയാളഭാഷണത്തെയും അവലോകനംചെയ്ത് കേരളത്തിന്റെ

വികസനപ്രക്രിയയിൽ ഭാഷയുടെ പങ്ക് എന്തെന്ന് പരിശോധിക്കുകയാണ് ചെയ്യുന്നത്.

ഗവേഷകർക്കും മറ്റു വിദ്യാർത്ഥികൾക്കും വളരെ സഹായകമാകുന്ന ഈ ലക്കത്തിലെ പ്രബന്ധങ്ങൾ ഓരോന്നും അക്കാദമികരംഗത്ത് തുടർപഠനങ്ങൾക്കുള്ള സാധ്യതകൾ ധാരാളം തുറന്നിടുന്നുണ്ട്.

ഈ ലക്കത്തിന്റെ നിർമ്മിതിയുമായി ബന്ധപ്പെട്ടചർച്ചകളിൽ ഇടപെടുകയും പ്രബന്ധങ്ങൾ സമയബന്ധിതമായി അയച്ചുതരികയും ചെയ്ത ഓരോരുത്തരോടും വളരെ നന്ദിയുണ്ട്. ഈ ലക്കം പിയർ റിവ്യൂ നടത്തുന്നതിൽ സഹായിച്ച ഡോ. കെ. ജോയ് പോൾ, ഡോ. മരിയ പോൾ എന്നിവർക്കും ഈ ലക്കം എഡിറ്റുചെയ്യാൻ എനിക്ക് അവസരം തന്ന കെ.കെ.ടി.എം. കോളേജ് മലയാളവിഭാഗത്തിലെ അദ്ധ്യാപകകർക്കും നന്ദി.

ഡോ.സി.വി.സുധീർ

*ഇഷ്യൂ എഡിറ്റർ*

.

# ഉള്ളടക്കം

ആമുഖം 7

കോളനിയനന്തരഭാഷാശാസ്ത്രം: ഭാഷാനയവും സാമൂഹ്യജനാധിപത്യവും
പി.പവിത്രൻ 13

ആഗോളീകരണകാലത്തെ മലയാളഭാഷാസൂത്രണം
സന്തോഷ് എച്ച്.കെ. 48

മലയാളഭാഷാസൂത്രണവും സാങ്കേതിക പദരൂപീകരണവും
സീന ജോൺ 73

ഭാഷാസൂത്രണത്തിന്റെ മലയാളവഴികൾ
ശ്രീനാഥൻ എം. 88

എ.ആർ. രാജരാജവർമ്മയുടെ ഭാഷാസൂത്രണപദ്ധതി
മുഹമ്മദ് ബഷീർ കെ.കെ. 116

മലയാളപഠനം: ഭാഷാസൂത്രണദൃഷ്ടിയിൽ
സോമനാഥൻ പി. 140

അരികുവൽക്കരിക്കപ്പെട്ട ഭാഷകളുടെ ഭാഷാസൂത്രണം
ജോസഫ് കെ ജോബ് 158

തലശ്ശേരിരേഖകളും നിഘണ്ടുക്കളും ഭാഷയുടെ വികാസചരിത്രത്തിൽ
ജോസഫ് സ്കറിയ 173

ഉച്ചാരണവും പാരമ്പര്യങ്ങളും
സി.ജെ. ജോർജ്ജ് 185

കേരള ഭാഷകൾ, മലയാള ഭാഷണം: വികസനവും സമന്വയവും
പി.ശ്രീകുമാർ 202

*മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ*
*പൂർണ ഉത്തരവാദിത്തം അതതു ലേഖകരിൽമാത്രം നിക്ഷിപ്തമാണ്*

# കോളനിയനന്തരഭാഷാശാസ്ത്രം: ഭാഷാനയവും സാമൂഹ്യജനാധിപത്യവും

പി.പവിത്രൻ
പ്രൊഫസർ, മലയാളവിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, തിരൂർ പ്രാദേശികകേന്ദ്രം.

## പ്രബന്ധസംഗ്രഹം

ഭാഷാസൂത്രണം എന്നത് നമ്മുടെ സാഹചര്യത്തിൽ കേവലം അക്കാദമിക തലത്തിൽ നടക്കുന്ന പ്രക്രിയയല്ല എന്നും അത് കോളനീകരണകാലത്തെ നയത്തിന്റെ തുടർച്ചയായി ഭരണതലങ്ങളിലൂൾപ്പെടെ മാതൃഭാഷയോടുള്ള വിവേചനത്തെ സംബോധന ചെയ്യുന്ന രാഷ്ട്രീയപ്രശ്നം തന്നെയാണെന്നും ചൂണ്ടിക്കാട്ടുന്നതാണ് ഈ പ്രബന്ധം. ഭാഷാസൂത്രണം എന്നതിനെക്കാൾ ഭാഷാനയം എന്ന സങ്കല്പമാണ് ഇവിടെ കൂടുതൽ പ്രസക്തം. ഭാഷാശാസ്ത്ര പഠനങ്ങൾ കേരളത്തിൽ പത്തൊമ്പതാം നൂറ്റാണ്ടു മുതൽ ഈ രാഷ്ട്രീയത്തെ ഉൾക്കൊണ്ടിരുന്നു എന്നും ഇടക്കാലത്തു മാത്രമാണ് ഈ മേഖലയിൽനിന്ന് ഈ സമീപനം കൈമോശം വന്നതെന്നും വ്യക്തമാക്കുന്നു. അക്കാദമിക മേഖലയും സന്നദ്ധപ്രവർത്തനവും യോജിക്കുന്ന സമീപനമാണ് നമുക്ക് വേണ്ടത്.

**താക്കോൽവാക്കുകൾ:** കറുത്ത ഭാഷാശാസ്ത്രം (Black Linguistics), കോളനിയനന്തരഭാഷാശാസ്ത്രം (Post-colonial linguistics), നിഷേധാത്മക ഭാഷാനയം (Negative Language Policy), നിഷേധാത്മക ഭാഷാസൂത്രണം (Negative Language Planning), ധനാത്മക ഭാഷാനയം (Positive Language Policy), ധനാത്മക ഭാഷാസൂത്രണം (Positive

Language Planning), പ്രതിരോധ ഭാഷാശാസ്ത്രം (Preventive Linguistics), ഭാഷാപ്രസ്ഥാനങ്ങൾ (Language Movements), ഭാഷാ സന്നദ്ധപ്രവർത്തനം (Language Activism), ഭാഷാസാമ്രാജ്യത്വം (Linguistic Imperialism), ഭാഷാസൂത്രണം (Language Planning), സാമൂഹ്യജനാധിപത്യം (Social Democracy), സൂക്ഷ്മതല ഭാഷാസൂത്രണം (Micro Language Planning), സ്ഥൂലതല ഭാഷാസൂത്രണം (Macro Language Planning)

'ചോദ്യം ചോദിക്കുന്ന വിമതരും സംഘടിതപ്രവർത്തകരും പ്രത്യയശാസ്ത്രപരമായി ശല്യം ചെയ്യുന്നവരും ഇല്ലെങ്കിൽ എല്ലാ ഉദാത്തമായ ആശയങ്ങളും ബോർഡിലെ ചോക്കുപൊടിയായി അവശേഷിക്കും'–ടോഡ് ഗിറ്റ്ലിൻ[1]

ഭാഷാസൂത്രണം എന്ന വാക്ക് ഭാഷാശാസ്ത്രത്തിൽ പരിചിതമാകുന്നത് 1950-കളുടെ ഒടുവിലാണെങ്കിലും എല്ലാ ഭാഷാസമൂഹങ്ങളിലും ആ പ്രക്രിയ നേരത്തെ ആരംഭിച്ചിട്ടുണ്ട്. ഭാഷയെ മാനകീകരിക്കുക, വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും വിജ്ഞാനകോശങ്ങളും മറ്റും നിർമിക്കുക തുടങ്ങിയ കാര്യങ്ങളെയാണ് ഭാഷാസൂത്രണം എന്ന സങ്കല്പംകൊണ്ട് അന്ന് ഉദ്ദേശിച്ചത്. ഭൂരിപക്ഷം ജനങ്ങളുടെയും വ്യവഹാരഭാഷതന്നെ ഭരണകൂടഭാഷയും വിദ്യാഭ്യാസമാധ്യമവുമായ ആധുനിക യൂറോപ്യൻ സാഹചര്യത്തിൽ ഇത്തരം ഒരു നിർവചനം താത്കാലികമായി പര്യാപ്തമാണെന്നു പറയാം.

ജോവാൻ റൂബിനും ബിയോൺ എച്ച് ജെർനുഡും ചേർന്ന് 1971-ൽ 'ഭാഷയെ ആസൂത്രണം ചെയ്യാൻ കഴിയുമോ' എന്ന ചോദ്യം ചോദിക്കുന്നതിനുമുമ്പെ എൻ.വി. കൃഷ്ണവാരിയർ ഈ പ്രശ്നം കേരളത്തിൽ ഉന്നയിച്ചുവെന്നു മാത്രമല്ല, അതിനുള്ള ജോലി തുടങ്ങുകയും ചെയ്തിരുന്നു. യഥാർഥത്തിൽ നൂറ്റാണ്ടുകൾ മുമ്പുതന്നെ പലയിടത്തും ഈ നിലയിലുള്ള പ്രവർത്തനം ആരംഭിച്ചിരുന്നു. രാഷ്ട്രമീമാംസ എന്ന ശാഖ രൂപപ്പെടുന്നതിനുമുമ്പെ രാഷ്ട്രീയ പ്രക്രിയയുള്ളതുപോലെത്തന്നെ ഭാഷാസൂത്രണം എന്ന വിഷയം അക്കാദമിക മേഖലയിൽ ജനിക്കുന്നതിനും എത്രയോ മുമ്പുതന്നെ ഭാഷാസൂത്രണം സമൂഹനിർമാണത്തിന്റെ ഭാഗമായി നിലനിന്നിരുന്നു.

ഭാഷയെ ഭാഷാശാസ്ത്രം എന്ന അക്കാദമിക വിഷയത്തിന് പുറത്തേക്കെടുത്ത് സാമൂഹ്യജീവിതത്തിന്റെയും രാഷ്ട്രീയജീവിതത്തിന്റെയും ഭാഗമായി കാണാൻ ശ്രമിച്ചാൽ ഭാഷാസൂത്രണം യൂറോപ്പിൽത്തന്നെ വളരെ പഴക്കം ചെന്ന കാര്യമാണെന്നു കാണാം. മഹാനായ ആൽഫ്രഡ് എന്നറിയപ്പെടുന്ന എ.ഡി 9-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ട് ഭരിച്ചിരുന്ന രാജാവ് ലത്തീനു പകരം അന്നത്തെ ഇംഗ്ലീഷിനെ (പ്രാചീന ഇംഗ്ലീഷ്) വളർത്തിക്കൊണ്ടുവരാൻ

ബോധപൂർവം ശ്രമിച്ചതായി കാണാം. പ്രധാന ലത്തീൻ കൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാനും പ്രാഥമികവിദ്യാഭ്യാസം ലത്തീനു പകരം ഇംഗ്ലീഷിൽത്തന്നെ നടത്താനും അദ്ദേഹം ശ്രമിച്ചു. എ.ഡി 1066-ൽ ഫ്രഞ്ചു സംസാരിക്കുന്ന നോർമൻകാർ ഇംഗ്ലണ്ടിനെ കീഴടക്കിയപ്പോൾ അവിടത്തെ ഭരണ, വിദ്യാഭ്യാസമേഖലകളിൽ ഉപയോഗിക്കപ്പെടുന്ന ഭാഷ ഫ്രഞ്ചായി. നൂറ്റാണ്ടുകളിലൂടെയുള്ള ബോധപൂർവമായ പ്രവർത്തനത്തിന്റെ ഭാഗമായാണ് ഫ്രഞ്ചിനും ലത്തീനും പകരം ഇംഗ്ലീഷ് ഭരണ-വിദ്യാഭ്യാസമേഖലകളിലും കോടതികാര്യത്തിലുമൊക്കെ ഉപയോഗിക്കാമെന്നു വന്നത്. 1731-ൽ ഇനി ഇംഗ്ലണ്ടിലെ കോടതികളിൽ ആരെങ്കിലും ഫ്രഞ്ചോ ലത്തീനോ ഉപയോഗിച്ചാൽ അമ്പതു പവൻ പിഴ എന്ന നിയമം തന്നെ രാജാവിന് പുറപ്പെടുവിക്കേണ്ടിവന്നു. ഇതിനിടയിലാണ് ഇംഗ്ലണ്ടിൽ വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും രൂപപ്പെടുന്നതും.

1960-കളിൽ സാമൂഹ്യഭാഷാശാസ്ത്രം എന്ന മേഖല പിറക്കുംമുമ്പേ ഘടനാവാദരീതിയിൽ പരിശീലനം കിട്ടിയ ഭാഷാശാസ്ത്രജ്ഞർ ഊന്നിയത് ഭാഷയിൽ സംഭവിച്ച ആസൂത്രണേതരമാറ്റങ്ങളിലായിരുന്നു എന്നും ഭാഷയിലും വിനിമയത്തിലും ഇടപെടുന്നതിനെ അവർ 'നിങ്ങളുടെ ഭാഷയെ വെറുതെ വിടൂ' എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ തള്ളിക്കളഞ്ഞിരുന്നു എന്നും ജിറി നെക്വാപിൽ നിരീക്ഷിക്കുന്നുണ്ട് (871). 1959-ൽ എയ്നാർ ഹോജൻ നോർവെയിൽ ഭാഷാസൂത്രണം എന്ന സങ്കല്പം ഉപയോഗിക്കുമ്പോൾ ഏകഭാഷാസമൂഹത്തെയാണ് മുന്നിൽ കണ്ടത്. ഇങ്ങനെയാണ് അദ്ദേഹം അതിനെ നിർവചിച്ചത്: 'ഒരേ ഭാഷണസമൂഹത്തിലെ എഴുത്തുകാർക്കും ഭാഷകർക്കും വേണ്ടി മാനകമായ ഉച്ചാരണം, വ്യാകരണം, നിഘണ്ടു എന്നിവ തയ്യാറാക്കുന്ന കർമപദ്ധതി[2] '(Jernudd: 16). അദ്ദേഹം 1966-ൽ ഉയർത്തിപ്പിടിച്ചത് ഭാഷാസൂത്രണത്തെ വാമൊഴിഭേദങ്ങളിൽനിന്ന് മാനകഭാഷയിലേക്കുള്ള മാറ്റത്തിന്റെ വിവിധ ഘട്ടങ്ങളായി കാണുന്ന സമീപനമാണ്. ഇത് വരമൊഴിക്ക് വാമൊഴിയുടെ മേലുള്ള ആധികാരികതയുമായി ബന്ധപ്പെട്ട ചർച്ചാമേഖലകളിലേക്കു കൂടി നയിക്കുന്നതായിരുന്നു. ഈ നിലയിൽ ഭാഷാസൂത്രണം എന്ന വിഷയം അക്കാദമികമായി അവതരിപ്പിച്ച ഭാഷാശാസ്ത്രജ്ഞർ കരുതിയതുപോലെ വ്യാകരണനിർമാണവും നിഘണ്ടു നിർമാണവും മാനകീകരണവും മാത്രമാണോ ഭാഷാസൂത്രണം? നിലവിലുള്ള ഭാഷാസൂത്രണം എന്ന സങ്കല്പം മതിയാകുമോ നമ്മുടെ ഭാഷാമേഖലകളിലെ പ്രശ്നങ്ങൾ സംബോധന ചെയ്യാൻ?

### ഭാഷാസൂത്രണത്തിൽനിന്ന് ഭാഷാനയത്തിലേയ്ക്ക്

ഭാഷയുടെ മാനകീകരണം, ലിപി, അന്യഭാഷാപദങ്ങൾ സ്വീകരിക്കുന്നതിലെടുക്കേണ്ട നിലപാടുകൾ തുടങ്ങിയവ ഭാഷാശാസ്ത്രജ്ഞർക്ക് അഭിപ്രായം പറയാവുന്ന മേഖലകളാണെന്നതിൽ സംശയമില്ല. എന്നാൽ, ഭാഷയും ഒരു സമൂഹത്തിന്റെ ജീവിതവുമായി പുലർത്തുന്ന ബന്ധങ്ങൾ ഇങ്ങനെ പരിമിതപ്പെടുത്താനാകില്ല.

ഭാഷാസൂത്രണത്തെ ചിലർ സ്ഥൂലം, സൂക്ഷ്മം (മാക്രോ, മൈക്രോ) എന്നും വിഭജിക്കുന്നുണ്ട്. ഭാഷയെ മാത്രം മുൻനിർത്തിയുള്ള ആസൂത്രണമാണ് സൂക്ഷ്മം. ഇതര വിജ്ഞാനശാഖകളുമായി ഭാഷാസൂത്രണം പുലർത്തുന്ന ബന്ധത്തെക്കൂടി കണക്കിലെടുക്കുമ്പോഴാണ് അതിനെ സ്ഥൂലം എന്നു വിളിക്കുന്നത്. ഭാഷയുടെ ഇതര മേഖലകളുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതിനാൽ ഇവിടെ മാക്രോ എന്നു പറഞ്ഞത് ബഹുതലമുള്ളതും മൈക്രോ എന്നു പറഞ്ഞത് രേഖീയവുമാണ്. സ്ഥൂലം എന്നു വിളിച്ചതാണ് യഥാർഥത്തിൽ സൂക്ഷ്മതല ബന്ധങ്ങളെ സംബോധന ചെയ്യുന്നത് എന്നു കാണാം. ഭാഷയെ സമൂഹത്തെ മുൻനിർത്തി പഠിക്കുന്നതിന് മൈക്രോ എന്നും സമൂഹത്തെ ഭാഷയെ മുൻനിർത്തി പഠിക്കുന്നതിന് മാക്രോ എന്നും വിശേഷിപ്പിക്കാം എന്നും കരുതുന്നുണ്ട് (Kennedy: 264).

### ഭാഷാനയം-ഭാഷാസൂത്രണത്തിനുമപ്പുറം

കുറച്ചുകൂടി വ്യക്തമാണ് ഹെയിൻസ് ക്ലോസ് നടത്തിയ മറ്റൊരു വിഭജനം.

1. പദവി ആസൂത്രണം (Status planning),

2 ഭാഷാശരീരത്തിലൂന്നിയ ആസൂത്രണം (Corpus planning),

3 ഭാഷാശേഷീവികസനപരമായ ആസൂത്രണം (Acqusition planning) എന്നിങ്ങനെയുള്ള ഭേദങ്ങളാണ് ക്ലോസ് 1969-ൽ നിർദ്ദേശിച്ചത്. ഉച്ചാരണം മുതൽ വാക്യതലം വരെയുള്ള, തികച്ചും വ്യാകരണപരവും ഭാഷാശാസ്ത്രപരമെന്നു പറയാവുന്ന, കാര്യങ്ങളാണ് ഭാഷാശരീരത്തിലുള്ള ആസൂത്രണം എന്നതുകൊണ്ടുദ്ദേശിച്ചത്. ഇക്കാര്യത്തിൽ മാത്രമാണ് പരമ്പരാഗതമായ നമ്മുടെ ഭാഷാശാസ്ത്രപഠനം ശ്രദ്ധ ചെലുത്തുന്നത്. എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായി പദവി ആസൂത്രണവും ഭാഷാശേഷീവികസനപരമായ ആസൂത്രണവും വ്യക്തമായും കോളനിയനന്തരവാദപരമായ സമീപനം ആവശ്യപ്പെടുന്നുണ്ട്. ഭാഷാസൂത്രണം എന്ന പരിമിതമായ സങ്കല്പനത്തെ മറികടന്ന് ഭാഷാനയം (Language Policy) എന്ന രാഷ്ട്രീയസങ്കല്പത്തിലേക്ക് നയിക്കുന്നതാണ് ഈ മേഖല. പ്രയുക്തഭാഷാശാസ്ത്രത്തിന്റെ അക്കാദമികപരിമിതികളുടെ

മുദ്രകൾ പേറുന്നതാണ് ഭാഷാസൂത്രണം എന്ന സങ്കല്പമെങ്കിൽ ഭാഷാനയം എന്നത് കൂടുതൽ വിശാലമായ ഒരു രാഷ്ട്രീയ പ്രക്രിയയെ കുറിക്കുന്നതാണ്. ഒരു സമൂഹത്തിന് അതിന്റെ ഭാഷാജീവിതത്തിന്റെ എല്ലാമേഖലകളിലും ഇടപെടാൻ കഴിയുക എന്നതുമായാണ് ഭാഷാനയം ബന്ധപ്പെട്ടിരിക്കുന്നത്. കൊളോണിയൽ സാഹചര്യങ്ങളിൽ സ്വന്തം രാഷ്ട്രീയ-സാമ്പത്തികജീവിതത്തെ നിയന്ത്രിച്ചിരുന്നത് അധിനിവേശകരാണല്ലോ. ഭാഷയുടെ പദവിയെയും അവർ തന്നെയാണ് നിയന്ത്രിച്ചത്. അതിനാൽ അധിനിവേശവിരുദ്ധ സമരത്തിലൂടെ ഒരു സമൂഹം പരമാധികാരം നേടിയെടുക്കുന്ന പ്രക്രിയയുടെ ഭാഗം തന്നെയാണ് സ്വന്തം ഭാഷയ്ക്ക് നയം രൂപീകരിക്കലും. അവരുടെ ജനാധിപത്യ സങ്കല്പത്തിന്റെ മുഖ്യഘടകമാണത്.

ഈ വിശാലതയിലേക്ക് കടക്കണമെങ്കിൽ അക്കാദമികമായ ചുമരുകൾക്കപ്പുറത്ത് ജനജീവിതത്തിന്റെ വിവിധ മേഖലകളിൽ ഭാഷ പുലർത്തുന്ന അധികാരബന്ധം വിശകലനം ചെയ്യേണ്ടി വരും. ഭാഷയും ഇതരമേഖലകളും തമ്മിലുള്ള അന്തർവൈജ്ഞാനികബന്ധം വ്യക്തമാകുമ്പോഴാണ് നിലവിലുള്ള ഭാഷാസൂത്രണം എന്ന സങ്കല്പത്തിന്റെ പരിമിതി തിരിച്ചറിയുക. പദവി ആസൂത്രണം, ശേഷീവികസനപരമായ ആസൂത്രണം എന്നീ സങ്കല്പങ്ങൾ അക്കാദമികവ്യവഹാരത്തിന്റെയും അക്കാദമികവിനിമയത്തിന്റെയും ഭാഗമെന്ന നിലയിൽ നമുക്ക് സ്വീകരിക്കാം. ഇവ രണ്ടുമുൾപ്പെടുന്ന ഭാഷാനയം എന്ന പരികല്പന ഭാഷയും രാഷ്ട്രീയനയവും തമ്മിലുള്ള ബന്ധത്തെ നേരിട്ട് എടുത്തുകാണിക്കുകയും ചെയ്യും. അതിനാൽ ശരീരാസൂത്രണം, പദവി ആസൂത്രണം എന്ന രണ്ടു ഗണങ്ങൾകൊണ്ട് കേവലമായ ഭാഷാസൂത്രണവും ഭാഷാനയവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം വ്യക്തമാക്കാൻ കഴിയും. കൊളോണിയലിസത്തിന്റെ അവശിഷ്ടങ്ങൾ പേറുന്ന നമ്മുടെ സമൂഹത്തിൽ അക്കാദമികമേഖലയെ ഈ കാഴ്ചപ്പാടോടെ എങ്ങിനെ പുനർനിർവചിക്കാം എന്നാണ് നാം ഇനി അന്വേഷിക്കേണ്ടത്. കോളനിയനന്തരസമൂഹത്തിലെ ഭാഷാശാസ്ത്രപഠനത്തിന് ഉണ്ടാകേണ്ട ഊന്നലിന്റെ വ്യത്യാസം എന്തായിരിക്കണം എന്നും അക്കാദമികമായി വിശദീകരിക്കേണ്ടതുണ്ട്.

## കോളനിയനന്തരഭാഷാശാസ്ത്രം അന്തർവൈജ്ഞാനികമാണ്

കോളനിയനന്തര സമീപനം കോളനിയനന്തര ഭാഷാനയത്തിലേക്ക് നയിക്കുന്നു. കോളനിവൽക്കരണത്തിന്റെ ബാക്കിപത്രവും നവകോളനീകരണത്തിന്റെ വർത്തമാനവും ചേർന്നതാണ് നമ്മുടെ ഭാഷാനയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ. കോളനിയനന്തര ഭാഷാശാസ്ത്രം (Post- colonial Linguistics)

എന്ന പേരിൽത്തന്നെ ഇന്ന് പുതിയ പഠനശാഖയെ രൂപപ്പെടുത്താനുള്ള ശ്രമം നടക്കുന്നുണ്ട്. സാമ്പത്തികശാസ്ത്രം, രാഷ്ട്രീയം, ചരിത്രം തുടങ്ങി വിവിധ വിജ്ഞാനശാഖകളുമായി അന്തർവൈജ്ഞാനികബന്ധം സൂക്ഷിക്കുന്നതാണ് കോളനിയനന്തരഭാഷാശാസ്ത്രം. നേരത്തെ സൂചിപ്പിച്ചപോലെ അത് കേവലം ഭാഷയെ ഒരു ശരീരമായി കാണുന്ന രീതിയല്ല. അനേകം വ്യവഹാരങ്ങളുമായി ബന്ധപ്പെട്ടാണ് കോളനിയനന്തരഭാഷാശാസ്ത്രം ഭാഷയെ സ്ഥാനപ്പെടുത്തുന്നത്. ഇത്തരത്തിൽ ബഹുവിഷയങ്ങളിൽ ധാരണയോ നിലപാടോ ഇല്ലാതെ ഭാഷാസൂത്രണത്തെ സമീപിച്ചാൽ അത് ശുഷ്കമായ പാണ്ഡിത്യപ്രകടനം മാത്രമായിരിക്കും. അരാഷ്ട്രീയമായ ഈ സമീപനം ഭാഷാസൂത്രണം ഒരു രാഷ്ട്രീയപ്രക്രിയയാണെന്നു കാണുന്നതിൽ പരാജയപ്പെടുന്നു.

ലോകത്തിലെ 80 ശതമാനം പ്രദേശങ്ങളും ഏതെങ്കിലും ഘട്ടത്തിൽ കോളനീകരണത്തിലൂടെ കടന്നുപോയതാണ് എന്ന വസ്തുത തിരിച്ചറിഞ്ഞാൽ നമ്മുടെ ഭാഷാപ്രശ്നത്തെ അന്തർദ്ദേശീയ തലത്തിൽവെച്ച് നോക്കിക്കാണാനും കഴിയും. അത് കോളനീകരണത്തിലൂടെ കടന്നുപോയ സമൂഹങ്ങളുടെ പൊതുപ്രശ്നമാണ്. സാമ്പത്തികവും രാഷ്ട്രീയവുമായ തലവും അതിനുണ്ട്. കോളനീകരണത്തോടെ ഇന്ത്യയിലെ ഉല്പാദനമേഖലയിൽ സംഭവിച്ച മാറ്റത്തെ ബിപൻ ചന്ദ്ര വിവരിക്കുന്നത് ഇതുമായി ചേർത്തുനിർത്താം. ഇംഗ്ലണ്ടിൽ വ്യവസായ വിപ്ലവം വന്നതോടെ ഇന്ത്യയിലെ ഉല്പന്നങ്ങൾ ബ്രിട്ടനിലേക്ക് കയറ്റിയയക്കുക എന്ന അതുവരെ തുടർന്ന രീതി അട്ടിമറിക്കപ്പെട്ടു. ഇംഗ്ലണ്ടിലെ പുതിയ വ്യവസായിവർഗത്തിന്റെ താത്പര്യം മറ്റൊന്നായിരുന്നു. ‘ഈ വർഗത്തിന്റെ ലാഭം കച്ചവടത്തിൽനിന്നല്ലാതെ ഉത്പാദനത്തിൽനിന്ന് ലഭിച്ചതുകൊണ്ട്, പ്രോത്സാഹിപ്പിക്കാൻ ആഗ്രഹിച്ചത് ഇന്ത്യയിൽനിന്ന് നിർമിതവസ്തുക്കളുടെ ഇറക്കുമതിയല്ല, മറിച്ച് തങ്ങളുടെ ഉത്പന്നങ്ങൾ ഇന്ത്യയിലേക്ക് കയറ്റുമതി ചെയ്യുന്നതും ഇന്ത്യയിൽനിന്ന് പരുത്തിപോലെയുള്ള അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതുമാണ്’ (ബിപൻ ചന്ദ്ര: 98). ഒരു ഘട്ടത്തിൽ നമ്മുടെ നാട്ടിൽനിന്നുള്ള അസംസ്കൃത വസ്തുക്കളെ ഇവിടെനിന്നുതന്നെ വ്യവസായ ഉല്പന്നമാക്കി ഇംഗ്ലണ്ടുൾപ്പെടെയുള്ള വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയക്കുകയാണ് ചെയ്തിരുന്നത്. ബ്രിട്ടനിലെ വ്യവസായവിപ്ലവം ഈ പ്രക്രിയയെ അട്ടിമറിച്ചു. അതോടെ ഇന്ത്യയിലെ അസംസ്കൃതവസ്തുക്കളെ അവയായിത്തന്നെ കയറ്റി അയച്ചു. ഇവിടെ സ്വകീയമായി വ്യാവസായികസംരംഭങ്ങൾ തുടങ്ങുന്നതിന് പലയിടത്തും വിലക്കും ഏർപ്പെടുത്തി. കോളനിഭരണകാലത്ത് സാമ്പത്തികമേഖലയിൽ ഇന്ത്യക്കാരുടെ ഉല്പാദനക്ഷമതയും വളർച്ചയും

ബോധപൂർവ്വം ഇല്ലാതാക്കിയതുപോലെത്തന്നെയാണ് ഭാഷയുടെ ഉല്പാദന ക്ഷമതയും വളർച്ചയും ഇല്ലാതാക്കുന്നത്. വിദ്യാഭ്യാസമാധ്യമം ഇംഗ്ലീഷാക്കുന്ന 1835-ലെ മെക്കാളെ നോട്ട് വ്യക്തമായും ബ്രിട്ടീഷ് സാമ്പത്തികനയത്തിന്റെ സാംസ്കാരികഭാഷ്യം തന്നെയായിരുന്നു.

ഇസബെല്ല ലെഗ്ലിസയും ബെനിറ്റ മിഗ്വെയും 'ഭാഷയും കോളനീകര ണവും' എന്ന ലേഖനത്തിൽ ഈ മേഖലയിലെ മുൻകാല സമീപനങ്ങൾ വ്യക്തമാക്കുന്ന ചിന്തകരെ എടുത്തു കാട്ടുന്നുണ്ട്. അയ്മെ സിസയർ, ഫ്രാന്റ്സ് ഫാനൻ, സ്പെൻസർ, വൈറ്റ്ലി, കാൽവെറ്റ്, അച്ചബെ, ബാംഗ്ബോസ്, ദ്രമോങ്, എൻഗുഗി വാ തിങ്ഓംഗോ എന്നിവരിലേക്കാണവർ ശ്രദ്ധ തിരിക്കു ന്നത്[3]. സമകാലികരായ പെന്നിക്കുക്ക്, റോബർട്ട് ഫില്ലിപ്സൻ എന്നിവരെയും ചൂണ്ടിക്കാട്ടുന്നു. ഇവയിൽ പലതും ഭാഷാശാസ്ത്രത്തെ സംബന്ധിച്ച അക്കാദമിക വ്യവഹാരങ്ങളിൽ വരാത്ത പേരുകളാണ് . അവർ കോളനി വിരുദ്ധസമരവു മായും രാഷ്ട്രമീമാംസയുമായും ബന്ധപ്പെട്ടാണ് കൂടുതൽ അറിയപ്പെടുന്നത്. കോളനിവിരുദ്ധസമരത്തിന്റെ അന്തർവൈജ്ഞാനികബന്ധത്തെഇത് എടുത്തുകാട്ടുന്നു. നമ്മുടെ അക്കാദമികലോകത്തിന് ഭാഷാസൂത്രണചർച്ചയെ ഭാഷാനയചർച്ചയായി വികസിപ്പിക്കണമെങ്കിൽ കോളനിവിരുദ്ധസമരങ്ങൾ ഏർപ്പെട്ട വിവിധ വൈജ്ഞാനികബന്ധങ്ങളെ തിരിച്ചറിയേണ്ടിവരും. ദേശീ യസമരകാലത്തെയും നവോത്ഥാനകാലത്തെയും വിമോചനമൂല്യങ്ങളെ അക്കാദമികമേഖലയിൽ സ്ഥാപിച്ചെടുക്കുക എന്ന പ്രക്രിയ തന്നെയാണിത്. യൂറോകേന്ദ്രിതവും രേഖീയവുമായ ഭാഷാശരീര ആസൂത്രണയുക്തികളുള്ളിൽ ശുദ്ധ അക്കാദമിക്കുകളായി നിലകൊള്ളുന്നിടത്തോളം അവർക്ക് ഭാഷയുടെ ഈ ബഹുതലബന്ധം വ്യക്തമാക്കാനോ ഈ ദൗത്യം ഏറ്റെടുക്കാനോ കഴിയില്ല.

കോളനിയനന്തരവാദപരമായ സമീപനം അക്കാദമിക മേഖലയിൽ വേരുറയ്ക്കുന്നതിന്റെ സൂചനകൾ ഈയടുത്ത കാലത്ത് വ്യക്തമാണ്. കോള നിയനന്തരഭാഷാശാസ്ത്ര ജേണൽ (Post-colonial Linguistics) എന്ന ഒരു പ്രസിദ്ധീകരണം തന്നെ ആരംഭിച്ചിരിക്കുന്നു. ഭാഷാനയത്തെ സംബന്ധിച്ച കാംബ്രിജ് കൈപ്പുസ്തക (The Cambridge Handbook of Language Policy, 2012) ത്തിൽ കോളനീകരണവുമായി ബന്ധപ്പെട്ട നാലു ലേഖനങ്ങൾ ചേർത്തിട്ടുള്ളതും അക്കാദമികമേഖലയിൽ കോളനിയനന്തരവാദം ചെലു ത്തുന്ന സ്വാധീനം വ്യക്തമാക്കുന്നതാണ്[4]. അന ഡ്യൂബമെർട്ട് തുടങ്ങിയവർ ചേർന്ന് എഡിറ്റു ചെയ്ത കോളനീകരണപരവും അപകോളനീകരണപരവുമായ

ഭാഷാശാസ്ത്രം (Colonial and Decolonial Linguistics, 2020) കോളനീകരണ സന്ദർഭത്തിലെ ഭാഷാശാസ്ത്രത്തിന്റെ പ്രയോഗം ചർച്ച ചെയ്യുന്നതാണ്. ഇന്ത്യയും ആഫ്രിക്കയുമെല്ലാം ചർച്ചയുടെ ഭാഗമാണ്. പക്ഷേ കോളനിയനന്തരവാദത്തിന്റെ ഒരു വശം ഭൂതകാലത്തിലെ ഊന്നലാണ്. ഈ സമീപനത്തിൽ നിന്ന് ഈ പുസ്തകവും സ്വതന്ത്രമല്ല. എന്നാൽ അത് കോളനീകരണമെന്ന യാഥാർഥ്യത്തെ ഭാഷാശാസ്ത്രവുമായി ബന്ധിപ്പിച്ചു കാണുന്നു എന്നതിനാൽ അക്കാദമിക മേഖലയിൽ പ്രസക്തമാണ്. ഇപ്പോൾ രൂപപ്പെടുത്തേണ്ടതും ഭാവിയിൽ ലക്ഷ്യമാക്കേണ്ടതുമായ ഭാഷാനയമെന്താകണം എന്നതിലേക്ക് ഈ ചർച്ചകൾ എത്തിച്ചേരേണ്ടതുണ്ട്. ഭാഷാപരമായ കോളനീകരണവും അപകോളനീകരണവും ഒരുപോലെ ചർച്ച ചെയ്യേണ്ടതുണ്ട്. കറുത്തഭാഷാശാസ്ത്രമെന്നും പ്രതിരോധഭാഷാശാസ്ത്രമെന്നും വിളിക്കുന്നത് ഈ സമീപനത്തെയാണ്.[5]

## കോളനീകരണവും നിഷേധാത്മക ഭാഷാനയവും

ഭാഷയുടെയോ ഭാഷകളുടെയോ ഉപയോഗത്തിൽ ബോധപൂർവം ഇടപെടുന്നതാണ് ഭാഷാസൂത്രണം എന്ന് നിർവചിക്കുന്നുണ്ടല്ലോ(Kennedy : 264). അങ്ങനെയെങ്കിൽ ഇന്ന് നാം ചർച്ച ചെയ്യുന്ന കാര്യങ്ങൾ മാത്രമല്ല അതിന്റെ പരിധിയിൽ വരിക. കോളനീകരണഘട്ടം മുതൽ പ്രകടമായും നമ്മുടെ നാട്ടിൽ ഭാഷാസൂത്രണം നടന്നിട്ടുണ്ട് എന്നും ഭാഷാശാസ്ത്രവുമായി ബന്ധപ്പെട്ടല്ല, കൊളോണിയലായ രാഷ്ട്രീയപ്രക്രിയയുടെ ഭാഗമായാണത് ഉണ്ടായത് എന്നുമുള്ള തിരിച്ചറിവിലേക്ക് അത് എത്തിക്കും. കോളനീകരണ ഘട്ടത്തിൽ കീഴടക്കപ്പെട്ട ജനതകളുടെ ഭാഷകളുടെമേൽ നടത്തിയ അതിക്രമങ്ങളെല്ലാം അതിനുള്ളിൽ വരും.

ഭാഷാപരമായ കോളനീകരണപ്രക്രിയയിൽ രണ്ടു പ്രവണതകൾ ഫ്രഞ്ച് ഭാഷാശാസ്ത്രജ്ഞനായ ലൂയി ജീൻ കാൽവെറ്റ് കണ്ടെടുക്കുന്നതായി ഇസബെല്ല ലെഗ്ലിസെയും ബെനിറ്റ മിഗ്ഗെയും എടുത്തുപറയുന്നു (5).

### 1. ലംബമാനം

ഭാഷയുടെ സാമൂഹ്യമായ വ്യാപനത്തെയാണ് ഈ രീതി സൂചിപ്പിക്കുന്നത്. യൂറോപ്യൻഭാഷ ആദ്യമായി കോളനി ജനതയിലെ 'ഉപരിവർഗങ്ങളെ' സ്വാധീനിച്ചു. അതിനുശേഷം മാത്രമാണ് 'താണവർഗ'ങ്ങളിലേക്ക് പടർന്നത്.

## 2. തിരശ്ചീനം

ഭൂമിശാസ്ത്രപരമായ വ്യാപനത്തെയാണിത് സൂചിപ്പിക്കുന്നത്. തലസ്ഥാനങ്ങളിൽനിന്ന് ഗ്രാമങ്ങളിലേക്ക് അധിനിവേശഭാഷ വ്യാപിക്കുന്നു. ലംബതലത്തിലും തിരശ്ചീനതലത്തിലുമുള്ള ഈ വ്യാപനത്തിന്റെ ഒരു ഉപകരണം വിദ്യാഭ്യാസം തന്നെയാണ്. സന്തുലനമില്ലാത്ത ഒരു സാമൂഹ്യപ്രത്യയശാസ്ത്രം സ്ഥാപിക്കാൻ കൊളോണിയൽ ശക്തികൾ വിദ്യാഭ്യാസവ്യവസ്ഥയിലൂടെ പരിശ്രമിച്ചു. സാമൂഹ്യവും ഭാഷാപരവുമായ പലതരം പ്രയോഗങ്ങളിലൂടെ അത് ഉറപ്പിച്ചെടുത്തു. അതിന്റെ ഭാഗമായി അധിനിവേശകന്റെ ഭാഷയാണ് ഏറ്റവും ഉത്തമം എന്നു വന്നു. ഓരോ കോളനിയിലെയും ഭരണപരവും വാണിജ്യപരവുമായ മേഖലകളിൽ അധിനിവേശഭാഷ ആധിപത്യം നേടി.

സാമൂഹ്യമായ ഒരസമത്വത്തെ അത് സ്ഥാപിച്ചെടുത്തു എന്നതാണ് നമുക്ക് ഇതിൽനിന്നുണ്ടാകേണ്ട തിരിച്ചറിവ്. നഗരത്തോടും ഭരണകൂടത്തോടും ചേർന്നുനില്ക്കുന്ന വർഗത്തിന് മേൽക്കൈ ലഭിച്ചു. ഇത് മിക്കവാറും പരമ്പരാഗതമായി അധികാരം കയ്യാളിയിരുന്ന വർഗം തന്നെയായിരുന്നു. സാമൂഹ്യമായ അസമത്വത്തെ വികസിപ്പിക്കുന്ന ഈ സമീപനം ജനാധിപത്യവിരുദ്ധമാണ്. ഡൂൺ സ്കൂൾ ഇന്ത്യയിലെ ഉപരിവർഗത്തെ അധികാരസ്ഥാനത്ത് നിലനിർത്തുന്നതിൽ എങ്ങനെ ഇടപെട്ടു എന്നും മറ്റുമുള്ള പഠനങ്ങളുമായും ഇതിനെ ചേർത്തുവെക്കാം.[6] ഭാഷാനയത്തിന് നിഷേധാത്മകവും ഗുണപരവുമായ വശങ്ങളുണ്ടാകാമെന്നു വരുന്നു. ഭാഷാസൂത്രണത്തെ ധനാത്മകമെന്നും ഋണാത്മകമെന്നും ടോവ് സ്കുട്ട്നാബ്-കാംഗാസിനെപ്പോലുള്ള ചില പഠിതാക്കൾ നടത്തുന്ന തരംതിരിവ് ഈ പ്രക്രിയയെ വിശദീകരിക്കാൻ പര്യാപ്തമാണ്.[7]

ഭാഷയുടെ ശേഷി വികസിക്കാനുള്ള ആസൂത്രണത്തെ ധനാത്മക ആസൂത്രണമെന്നും ശേഷി കുറക്കാനോ ഇല്ലാതാക്കാനോ ഉള്ള ആസൂത്രണത്തെ ഋണാത്മക ആസൂത്രണമെന്നും വിളിക്കുന്നു. ഇവ ഭരണകൂടനയങ്ങളുമായി ചേർന്നു നില്ക്കുന്നതായതുകൊണ്ട് നിഷേധാത്മകഭഷാനയമെന്നും ധനാത്മകമായ ഭാഷാനയമെന്നുമാണ് യഥാർഥത്തിൽ വിളിക്കപ്പെടേണ്ടത്.

ബ്രാഹ്മണാധിപത്യത്തിന്റെ ഭാഗമായി സംസ്കൃതം വ്യാപിക്കുകയും മലയാളമുൾപ്പെടെയുള്ള ഭാഷകളെ അപേക്ഷിച്ച് അതാണ് വരേണ്യം എന്ന ധാരണ ശക്തിപ്പെടുകയും ചെയ്ത ഘട്ടത്തിൽ മാതൃഭാഷയോടു സ്വീകരിച്ചത് നിഷേധാത്മകമായ നയമായിരുന്നു. ജാതിഘടനയിലെ ശ്രേണീബോധം സംസ്കൃതം/ മലയാളം എന്ന മേൽകീഴ് ബന്ധമായി പ്രതീകവൽക്കരിക്കപ്പെടുകയായിരുന്നു. സംസ്കൃതത്തെ കേന്ദ്രീകരിച്ചായിരുന്ന ഈ ആധിപത്യബോധമെങ്കിൽ

പാശ്ചാത്യരാജ്യങ്ങളുടെ കോളനീകരണത്തോടെ അത് യൂറോപ്യൻഭാഷകളെ മുൻനിർത്തി പ്രത്യക്ഷമായ ആധിപത്യമായി മാറി.

രണ്ടു തരത്തിൽ കോളനിശക്തികൾ നാട്ടുകാരുടെ ഭാഷയെ ഇല്ലാതാക്കൻ ശ്രമിച്ചിട്ടുണ്ടെന്നു കാണാം:

1. നേരിട്ട് നിരോധനം വഴി (പോർച്ചുഗീസുകാർ ഗോവയിൽ കൊങ്കണിയോട് ചെയ്തത് ഉദാഹരണം).
2. വ്യവസ്ഥാപിതമായി, ആധികാരിക സ്ഥാനങ്ങളിൽനിന്ന് നാട്ടുഭാഷകളുടെ പദവി എടുത്തുകളഞ്ഞുകൊണ്ട് (മെക്കാളെയുടെ നയംവഴി ബ്രിട്ടീഷ് ഇന്ത്യയിൽ ചെയ്തതുപോലെ).

ഇന്ത്യയിൽ ഭാഷയുടെ മേലുള്ള കോളനീകരണത്തിന്റെ ആദ്യ സന്ദർഭം പോർച്ചുഗീസ് ഘട്ടത്തിൽ തന്നെ ആരംഭിക്കുന്നുണ്ട്. 1510-ൽ അൽബുക്കർക്ക് ആദിൽഷായിൽനിന്ന് ഗോവ പിടിച്ചെടുക്കുന്നത് ഇന്ത്യയിലെ കോളനീകരണത്തിന്റെ തുടക്കമാണെന്നു പറയാം. പോർച്ചുഗീസുകാർ ഗോവയുടെ മേൽ നേടിയ സൈനികമായ ആധിപത്യം പിന്നീട് ഭാഷാമേഖലയിലേക്കു കൂടി വ്യാപിച്ചു. പോർച്ചുഗീസ് വൈസ്രോയിയായ ഫ്രാൻസിസ്കോ ഡി ടവോറയാണ് 1684- ൽ ഗോവയിൽ കൊങ്കണി ഭാഷ നിരോധിക്കുന്നത്. പൊതുസ്ഥലങ്ങളിലും വിദ്യാഭ്യാസത്തിലും മതകാര്യങ്ങളിലുമൊന്നും കൊങ്കണി ഉപയോഗിക്കരുതെന്നു വന്നു. ബലപ്രയോഗത്തിലൂടെ രാഷ്ട്രീയാധികാരം സ്ഥാപിക്കാനും മതപരിവർത്തനം നടത്താനുമാണ് പോർച്ചുഗീസുകാർ ശ്രമിച്ചത്.

കോളനീകരണം സൃഷ്ടിച്ച നിഷേധാത്മകമായ ഭാഷാനയത്തെ ധനാത്മകമായ നയംകൊണ്ട് തിരുത്തുകയും അതിനനുസൃതമായി ഭാഷാസൂത്രണം നടത്തുകയും ചെയ്യുകയാണ് വേണ്ടത്. എൻക്രൂമയും ഗാന്ധിജിയുമുൾപ്പെടെയുള്ളവരുടെ ജനകീയ സമരങ്ങളുടെ തുടർച്ചയിലാണത് നില്ക്കുന്നത്. ഒറ്റപ്പെട്ട അക്കാദമിക പണ്ഡിതരല്ല, സംഘടിത ജനതയാണ് ഈ നയംമാറ്റത്തിന് പിന്നിലെ ശക്തി. ജനാധിപത്യത്തിന്റെയും സാമൂഹ്യനീതിയുടെയും വികസനത്തിന്റെയും വിഭവാധികാരത്തിന്റെയും ആഴത്തിലുള്ള പ്രശ്നമായാണ് മൂന്നാം ലോകത്ത് അത് തിരിച്ചറിയപ്പെട്ടിട്ടുള്ളത്. ഈ സാമാന്യ പശ്ചാത്തലത്തിൽ നിന്ന് മലയാളത്തിന്റെ സാഹചര്യത്തിലേക്ക് കടക്കാം.

### ധനാത്മക ഭാഷാനയം–മലയാളത്തിന്റെ ഘട്ടങ്ങൾ

ഭാഷാനയവുമായി ബന്ധപ്പെട്ട് മലയാളത്തിന്റെ ചരിത്രത്തെ എഴ് ഘട്ടങ്ങളാക്കി തിരിക്കാവുന്നതാണ്.

1. ഭാഷാമനോഭാവവും മലയാളത്തിന്റെ വേർതിരിവിനെക്കുറിച്ചുള്ള ബോധവും രൂപപ്പെടുന്നു
2. മിഷണറി ഭാഷാനയം
3. തദ്ദേശീയമായ നയരൂപീകരണം
4. തദ്ദേശ ഭരണകൂടനയം
5. കോളനി വിരുദ്ധ, ദേശീയ സമരങ്ങൾ
6. പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ
7. ഭാഷയ്ക്കു വേണ്ടിയുള്ള പ്രസ്ഥാനങ്ങൾ

ഭാഷയോടുള്ള മനോഭാവ (Language Attitude) മാണ് ഭാഷയെ നിലനിർത്തണോ വികസിപ്പിക്കണോ അതിനുവേണ്ടി പരിശ്രമിക്കണോ എന്നതിനെയെല്ലാം നിശ്ചയിക്കുന്നത്. സംസ്കൃതത്തിൽനിന്ന് ജനിച്ചതാണ് എല്ലാ ഇന്ത്യൻ ഭാഷകളുമെന്ന തെറ്റിദ്ധാരണയ്ക്ക് ബ്രാഹ്മണമേധാവിത്തത്തിന്റെ പ്രത്യയശാസ്ത്ര പിൻബലവുമുണ്ടായിരുന്നല്ലോ. സംസ്കൃതനാടകമായ കൂടിയാട്ടത്തിൽ ഉത്തമകഥാപാത്രങ്ങൾ സംസ്കൃതം പറയുകയും അല്ലാത്തവർ പ്രാകൃതം പറയുകയും ചെയ്യുന്നതിലും ഇതുണ്ട്. അവിടെ വിദൂഷകനാണ് മലയാളത്തെ പ്രതിനിധീകരിച്ചത്. പൂന്താനത്തിന്റെ പച്ചമലയാളകൃതി പരിശോധിക്കാനുള്ള മേൽപ്പത്തൂരിന്റെ വൈമനസ്യത്തിന് കാരണവും ഈ മനോഭാവം തന്നെ. പതിമൂന്നു മുതൽ പതിനാറു വരെയുള്ള നൂറ്റാണ്ടുകളിലെ മലയാളത്തിന്റെ സാഹിത്യഭാഷയെന്ന നിലയിലും വിജ്ഞാനഭാഷയെന്ന നിലയിലുമുള്ള വികാസത്തിന്റെ ചരിത്രം ഈ മനോഭാവത്തോടുള്ള ഏറ്റുമുട്ടലിന്റെയും വിജയത്തിന്റെയും ചരിത്രമാണ്. സംസ്കൃതത്തിൽനിന്ന് വേറിട്ട് എന്നാൽ അതിൽനിന്ന് സ്വീകരിക്കാവുന്നത് സ്വീകരിച്ച് മുന്നേറിയതിന്റെ ചരിത്രമാണത്. സംസ്കൃതത്തെ മാത്രമല്ല, അറബിയും സുറിയാനിയുമുൾപ്പെടെയുള്ള ഭാഷയിൽ നിന്നുള്ള പദങ്ങളെയും സ്വീകരിച്ചു. ഊഴിയിൽ ചെറിയവർക്ക് അറിയുമാറ് ഉര ചെയ്യുന്ന രാമചരിതകാരൻ മുതൽ ഭടജനങ്ങളുടെ നടുവിൽ കേരളഭാഷയ്ക്കുവേണ്ടി നിന്ന കുഞ്ചൻ നമ്പ്യാർവരെ മനോഭാവത്തെ പ്രതിനിധീകരിക്കുന്നു. അധികാരത്തോടും അധിനിവേശത്തോടും ചെറുത്തുനിന്ന് സ്വന്തം ജനതയുടെ ശബ്ദം കേൾപ്പിക്കാനുള്ള സമരങ്ങളിലായിരുന്നു ഇവരെല്ലാം ഏർപ്പെട്ടത്. ഇന്ത്യയിലാകമാനം നോക്കിയാൽ ഭക്തിപ്രസ്ഥാനം മാതൃഭാഷയിലൂന്നിയ ഈ പ്രതിരോധത്തെയാണ് പ്രതിനിധീകരിച്ചത്.

## മിഷനറി ഭാഷാനയം–മനോഭാവത്തിൽനിന്ന് ആസൂത്രണത്തിലേക്ക്

ലീലാതിലകം മുതൽ സൂചിപ്പിക്കാറുള്ള മലയാളം എന്ന ഭാഷയുടെ വേർതിരിവിനെക്കുറിച്ചുള്ള ബോധം നിർണായകമായ മാറ്റത്തിലെത്തുന്നത് പത്തൊമ്പതാം നൂറ്റാണ്ടിൽ എഫ്.ഡബ്ല്യു. എല്ലിസിന്റെ ദ്രാവിഡത്തെളിവ് എന്ന സങ്കല്പത്തെയും തുടർന്ന് റോബർട്ട് കാൾഡ്വലിന്റെ 1856-ൽ വന്ന ദ്രാവിഡഭാഷാവ്യാകരണത്തിന്റെയും പ്രസിദ്ധീകരണത്തോടെയുമാണ്. ഒരേ സമയം ഭാഷാശരീര ആസൂത്രണത്തിലേക്കും ഭാഷാനയത്തിലേക്കും വികസിക്കാനുള്ള സാധ്യതകൾ ഇവരുടെ സമീപനത്തിലുണ്ടായിരുന്നു. കാരണം സംസ്കൃതത്തെ ഉയർത്തിക്കാട്ടി മലയാളത്തെ താഴ്ത്തിക്കെട്ടുന്ന മലയാളികളുടെ ഭാഷാമനോഭാവത്തെക്കൂടിയാണ് എല്ലിസ് വിമർശിച്ചത്. ഈ വിമർശനം കാൾഡ്വലും ദ്രാവിഡസന്ദർഭത്തിൽ വികസിപ്പിക്കുന്നുണ്ട്.

പോർച്ചുഗീസുകാർ കരുതിയതുപോലെ ബലപ്രയോഗത്തിലൂടെയുള്ള മതപരിവർത്തനത്തിൽനിന്ന് വ്യത്യസ്തമായി മതപരിവർത്തനമെന്നാൽ മനപ്പരിവർത്തനം തന്നെയാണ് എന്ന നിലപാടാണ് മിഷണറിമാർ സ്വീകരിച്ചത്. പോർച്ചുഗീസ് കോളനിയായ ഗോവയിൽത്തന്നെ പിൽക്കാലത്ത് ഈ മാറ്റംവന്നതു കാണാം. പോർച്ചുഗലിലെ രാഷ്ട്രീയ കാലാവസ്ഥ മാറിയപ്പോഴാണ് ഗോവയിലെ ഭാഷാനയവും മാറുന്നത്. പോർച്ചുഗലിൽ 1820-ൽ നടന്ന ലിബറൽ വിപ്ലവത്തിനു ശേഷം പോർച്ചുഗീസ് അധികാരികൾ ഗോവൻഭാഷയോടും സംസ്കാരത്തോടും പുതിയ സമീപനമാണ് പുലർത്തിയത്. 1857-ൽ ഗവർണർ ജനറലിന്റെ സെക്രട്ടറിയായിരുന്ന കുഞ്ഞ റിവാര (Cunha Rivara) കൊങ്കണി ഭാഷയെ തിരിച്ചുകൊണ്ടു വരുന്നതിലും ആധുനികീകരിക്കുന്നതിലും വലിയ പങ്കു വഹിച്ചു. സ്വയം ഒരു കൊങ്കണി പണ്ഡിതനല്ലാത്ത അദ്ദേഹത്തിന്റെ രാഷ്ട്രീയനയമാണ് ആ ഭാഷയുടെ പുരോഗതിക്ക് ഊർജ്ജം നൽകിയത്. കൊങ്കണിയിൽ ആനുകാലികങ്ങൾ വന്നു. 1890-ൽ കൊങ്കണിയിലെ ആദ്യ നോവലും പുറത്തിറങ്ങി.

കോളനിവിരുദ്ധസമരത്തിന്റെ ഭാഗമായല്ല മിഷണറിമാർ മാതൃഭാഷയെ മുന്നോട്ടുവെച്ചത്. മാതൃഭാഷയിലാണ് മനസ്സ് രൂപീകരിക്കപ്പെടുന്നത് എന്ന ലിബറൽ ഉൾക്കാഴ്ച മിഷണറിമാർക്കുണ്ടായിരുന്നു. ആന്തരികവും ഭാവപരവുമായ പരിണാമമാണ് അവർ വ്യക്തിയിൽ ഉണ്ടാക്കാൻ ശ്രമിച്ചത്. അതിനാൽ അവരുടെ ശ്രദ്ധ മാതൃഭാഷയിലേക്ക് തിരിഞ്ഞു. തദ്ദേശീയ ജനതയെ അറിയാൻ അവരുടെ ഭാഷയും വ്യാകരണവും അറിയേണ്ടതുണ്ടായിരുന്നു. തദ്ദേശീയ ജനതയ്ക്ക് മിഷണറിമാർ ഉണ്ടാക്കിയ പുതിയ സംസ്കാരസങ്കല്പവുമായി

സംവദിക്കാൻ സ്വന്തം ഭാഷയിൽ ആധുനിക സാഹിത്യരൂപങ്ങളും ഉണ്ടാക്കേണ്ടിയിരുന്നു.

ഭാഷാസൂത്രണവുമായി ബന്ധപ്പെട്ട് മലയാളത്തിലെ ഭാഷാനവോത്ഥാനത്തിന്റെ ആരംഭബിന്ദുവായി എടുത്തുകാണിക്കാവുന്ന പലതും മിഷണറി പ്രവർത്തനവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടതാണ്. ഭാഷാസാങ്കേതികതയുടെ ആദ്യഘട്ടത്തിൽ അവരുടെ സംഭാവന നിർണായകമാണ്. സംക്ഷേപവേദാർത്ഥത്തിന്റെ പ്രസിദ്ധീകരണം ഒരു സന്ദർഭമാണ്. ഭാഷാസാങ്കേതികതയുടെ തലത്തിലെയും നിർണായക വേർതിരിവ് ബെഞ്ചമിൻ ബെയിലിയോടെയാണെന്നു പറയാം. സാങ്കേതികമായ ഈ ആസൂത്രണത്തെയെല്ലാം ഭാഷാശരീരപരമായ ആസൂത്രണം (കോർപസ് പ്ലാനിംഗ്) എന്നു വിളിക്കാം. സമാന്തരമായി സംഭവിച്ച നിഘണ്ടു നിർമാണവും വ്യാകരണരചനയുമെല്ലാം ഇതിൽപെടുത്താം. ഗുണ്ടർട്ടുൾപ്പെടെയുള്ളവരുടെ പ്രവർത്തനങ്ങളെ ഈ നിലയിൽ വിലയിരുത്താനും കഴിയും. ഉദയംപേരൂർ സൂന്നഹദോസിന്റെ കാനോനകൾപോലെ പലതും അബോധമായി മറ്റുനിലയിൽ ഭാഷയുടെ വളർച്ചയിൽ പങ്കാളികളായി. പശ്ചിമോദയവും രാജ്യസമാചാരവും ജ്ഞാനനിക്ഷേപവും മറ്റും ഭാഷാശേഷി വികസനത്തിലും വലിയ പങ്കു വഹിച്ചു. റവ.ഹോക്സ് വർത്തിന്റെ വിഭക്തപദസംഗ്രഹം (1861) പദകോശനിർമാണത്തിലേക്കുള്ള തുടക്കവുമായി.

### തദ്ദേശീയമായ മനോഭാവമാറ്റവും ഇടപെടലുകളും

മിഷണറിമാർ തുറന്നുവിട്ട മാതൃഭാഷയുടെ ഭൂതശക്തി ഏതെങ്കിലുമൊരു മതത്തിന്റെ അതിർത്തികളിൽ ഒതുങ്ങുന്നതായിരുന്നില്ല. അത് ഭാവിയിലേക്കുകൂടി നോക്കുന്നതായിരുന്നു. വിദേശമിഷണറിമാരിൽനിന്ന് തദ്ദേശീയ പുരോഹിതരിലേക്കും വൈയാകരണന്മാരിലേക്കും വരുമ്പോൾ ഇതു കൂടുതൽ വ്യക്തവുമാണ്.

മാതൃഭാഷയോടുള്ള രാമചരിതം മുതലുള്ള കവികളുടെ ധനാത്മക മനോഭാവത്തെ ആസൂത്രണയുക്തിയിലേക്ക് വികസിപ്പിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലെ വ്യാകരണപണ്ഡിതരുൾപ്പെടെയുള്ള ഭാഷാപോഷണ പ്രവർത്തകരാണ്. ജോർജ്ജ് മാത്തൻ മുതലുള്ളവർ ഏറ്റെടുത്തത് അപകോളനീകരണപരവും ധനാത്മകവുമായ ഈ ഭാഷാസൂത്രണമാണ്. ഇംഗ്ലീഷുമായി മലയാളത്തെ താരതമ്യം ചെയ്ത് മലയാളത്തിന്റെ മികവുകൂടി ജോർജ്ജ് മാത്തൻ എടുത്തുകാണിക്കുന്നുണ്ട്. ‘വന്നു, വന്നേ, വര്ന്നേ എന്നുള്ള ഭാവഭേദങ്ങൾ എംഗ്ലീഷിൽ വരുത്തുവാൻ ശ്രമിച്ചാൽ സാധിക്കയില്ല. എഴുതിക്കോണ്ടു,

എഴുതിക്കഴിഞ്ഞു, എഴുതിയേച്ച, എഴുതിപ്പോയി എന്നിങ്ങനെയുള്ള ഭാവനങ്ങളെ ആ ഭാഷയിൽ വരുത്തണം എങ്കിൽ ബഹുചുറ്റിക്കെട്ടു വേണ്ടിയിരിക്കുന്നു' (സാമുവൽ: 444).

മലയാളം തമിഴിലെഴുതുന്നതിനെയും ജോർജ്ജ് മാത്തൻ വിമർശിക്കുന്നുണ്ട്. തമിഴക്ഷരം ബഹുജനങ്ങൾക്കു അന്യമായിരിക്കുന്നു എന്നു മാത്രമല്ല, മലയാണ്മയ്ക്കു കൊള്ളുന്നതുമല്ല എന്ന് വിമർശിക്കുന്നു.

1864-ലെ ഒരു പുസ്തക നിരൂപണത്തിൽ ഭരണഭാഷയെ സംബന്ധിച്ച വിമർശനം അദ്ദേഹം ഉന്നയിക്കുന്നുണ്ട്: ഗ്രന്ഥാക്ഷരവും തമിഴക്ഷരവുമല്ല മലയാളമാണ് വേണ്ടത് എന്നു വാദിക്കുന്നു. സൂക്ഷ്മമായി ശ്രദ്ധിച്ചാൽ ഭാഷാശരീരത്തിന്റെ ആസൂത്രണവും നിഷേധാത്മകഭാഷാനയത്തിൽനിന്ന് ധനാത്മകമായ നയത്തിലേക്കുള്ള മാറ്റവും ഒന്നു ചേർന്നാണ് നിലനിന്നത് എന്നു കാണാം. ജോർജ്ജ് മാത്തൻ കേരളീയനായ ആദ്യത്തെ വ്യാകരണ രചയിതാവു മാത്രമല്ല ധനാത്മകമായ ഒരു ഭാഷാനയം മുന്നോട്ടുവെച്ച ആൾ കൂടിയാണ്.

സാങ്കേതികമായ ആധുനികീകരണം ഒരു നയമായി മാറുന്നത് ജോർജ്ജ് മാത്തനോട്ടു കൂടിയാണെന്നു പറയാം. വിദ്യാഭ്യാസവും ഭരണവും കോടതിയും മലയാളത്തിലാകണമെന്ന പ്രഖ്യാപനം 1867-ൽ ബാലാഭ്യസനത്തെക്കുറിച്ചുള്ള ഒരു പ്രസംഗത്തിൽ പ്രഖ്യാപിക്കുമ്പോൾ അത് വ്യക്തമായ ഭാഷാനയം തന്നെയായി മാറുകയാണ്. മെക്കാളെയിൽനിന്ന് ഭിന്നമായ സ്വരമാണിത്. മലയാളനോവലിസ്റ്റായ ആർച്ച് ഡീക്കൻ കോശിയിലും ഈ നിലപാട് കാണാം. ഭാഷാശരീരത്തെ മുൻനിർത്തിയുള്ള ആസൂത്രണം ധനാത്മകമായ ഭാഷാനയമായി വികസിക്കുകയാണ്. മിഷണറിമാരും പുരോഹിതരും ഉന്നയിച്ച ഭാഷാബോധം ക്രിസ്തുമതത്തിൽ ഒതുങ്ങി നിന്നില്ല. മതവിദ്യാഭ്യാസമുൾപ്പെടെ എല്ലാം മാതൃഭാഷയിലാണ് നിർവഹിക്കേണ്ടത് എന്ന് സനാവുല്ലാ മക്തിതങ്ങൾ പറയുമ്പോൾ ഇത് ക്രിസ്തുമതത്തിന്റെ പരിധിക്കപ്പുറത്തേക്കും കടന്നുവെന്ന് വ്യക്തമാണ്.

ജോർജ്ജ് മാത്തന്റെ തുടർച്ചയാണ് എ.ആർ. രാജരാജവർമ്മയിലും കാണുന്നത്. കേരളപാണിനീയം വ്യാകരണ ഗ്രന്ഥത്തിനപ്പുറത്ത് ഭാഷാസൂത്രണത്തിലേക്കുകൂടി കണ്ണയക്കുന്ന കൃതിയാണ്. അദ്ദേഹത്തിന്റെ തന്നെ ഭാഷാഭൂഷണവും വൃത്തമഞ്ജരിയുമുൾപ്പെടെയുള്ള കൃതികൾ ഭാഷാനയത്തിന്റെ ഭാഗമായുള്ള ഭാഷാശേഷീവികസനം എന്ന സമീപനത്തെയാണ് എടുത്തുകാട്ടുന്നത്. ഗുണ്ടർട്ടിന്റെതുൾപ്പെടെയുള്ള മിഷണറിമാരുടെ നിഘണ്ടു

നിർമാണത്തിൽനിന്ന് ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലിയിലേക്കെത്തുമ്പോൾ ഭാഷയുടെ ശേഷീവികസനത്തിലൂന്നിയ ആസൂത്രണയുക്തിയാണ് പ്രവർത്തിച്ചത്. ഭാഷയുടെ ശേഷീവികസനം പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലെ കേരളീയപൊതുമണ്ഡലത്തിന്റെ പൊതുവായ അജണ്ടയായിരുന്നു. അത് ഭരണകൂടനയങ്ങളിലേക്കും കടന്നുകയറി.

നവോത്ഥാനഘട്ടത്തിൽ രൂപപ്പെട്ട ഭാഷാപോഷിണിസഭയും ഭാഷാപോഷിണി എന്ന പ്രസിദ്ധീകരണവും ഭാഷാനയം എന്ന സമഗ്രകാഴ്ചപ്പാടുതന്നെ പുലർത്തിയതായി കാണാം. വിജ്ഞാനഭാഷയിലും ഭരണഭാഷയിലും അവർ ശക്തമായ നിലപാട് സ്വീകരിച്ചിരുന്നു. പൈലോപോൾ വിജ്ഞാനപദകോശം തുടർച്ചയായി പ്രസിദ്ധീകരിച്ചത് ഭാഷാപോഷണിയിലാണ്. ഇതിന്റെ തുടർച്ച 1927-ൽ രൂപീകരിച്ച സമസ്തകേരള സാഹിത്യപരിഷത്തിലും കാണാം.

### തദ്ദേശീയഭരണകൂടം–പുതിയ ഭാഷാനയം

മിഷണറിമാരിലും തദ്ദേശീയപണ്ഡിതരിലും മാത്രമല്ല, ഭരണകൂടത്തിലും ഭാഷാസൂത്രണവും ഭാഷാനയവും സ്വാധീനം ചെലുത്തുന്നുണ്ടായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ തദ്ദേശീയ ഭരണസംവിധാനങ്ങൾ ആധുനികവൽക്കരിക്കപ്പെട്ടുന്നുണ്ടായിരുന്നു. പുതിയ ഉദ്യോഗസ്ഥസംവിധാനങ്ങളും ആധുനികമായ അറിവുല്പാദനവും നടത്തേണ്ട ആവശ്യവും ഉയർന്നു വന്നിരുന്നു. ശേഷീവികസനത്തിൽ പഠനവസ്തുക്കളുടെ നിർമാണം പ്രധാനമാകുന്നു. സാഹിത്യമേഖലയിലും വിജ്ഞാനമേഖലയിലും ഒരു ഭാഷയെ വികസിപ്പിക്കുന്നതിനുള്ള ബോധപൂർവമായ ശ്രമങ്ങൾ ഇതിന്റെ ഭാഗമാണ്. 1867-ൽ തിരുവിതാംകൂർ പാഠപുസ്തക കമ്മിറ്റി മലയാള പാഠപുസ്തകങ്ങൾ ഉണ്ടാക്കുന്നത് ഇതാണ് കാണിക്കുന്നത്. ജോർജ്ജ് മാത്തനെയാണ് കമ്മിറ്റിയുടെ ആദ്യ അധ്യക്ഷനായി പരിഗണിച്ചത് എന്നു കൂടി ആലോചിക്കുമ്പോൾ പുതിയ ഭാഷാമനോഭാവത്തിനു ലഭിച്ച സാർവത്രികത വ്യക്തമാകുകയാണ്. തിരുവിതാംകൂറിൽ തമിഴിന് പകരം മലയാളം ഭരണഭാഷയാകേണ്ട ആവശ്യകത ജോർജ്ജ് മാത്തൻ ഊന്നുമ്പോൾ അത് വരാനിരിക്കുന്ന മലയാളി മെമ്മോറിയലിലേക്കുള്ള ഒരു തിരശ്ശീല ഉയർത്തൽ കൂടിയാണ്. തദ്ദേശീയഭരണകൂടവും ജനതയും തമ്മിൽ ഭാഷയുടെ കാര്യത്തിൽ പരസ്പരം ശക്തിപ്പെടുത്തുന്ന ഒരു സമീപമാണുണ്ടായിരുന്നത്. ഭാഷാപോഷിണിയുടെ നിരവധി ലക്കങ്ങളിൽ ഉയർത്തിയ ഭാഷാപ്രശ്നം ഭരണഭാഷയുൾപ്പെടെയുള്ള ഭാഷാനയങ്ങളെ മുൻനിർത്തിക്കൂടിയുള്ളതായിരുന്നു.

## സാമൂഹ്യജനാധിപത്യത്തിലേക്ക് –ജാതി-മതനവോത്ഥാനപ്രസ്ഥാനങ്ങളും ഭാഷാനയവും

സംസ്കൃതവും മലയാളവും തമ്മിലുള്ള വ്യത്യാസത്തിൽ സാമൂഹ്യവിഭാഗങ്ങൾ തമ്മിലുള്ള അധികാരത്തിന്റെയും തലമുണ്ട്. ബ്രാഹ്മണരും ഇതര ജാതി-മതസമൂഹങ്ങളും തമ്മിലുള്ള അധികാരത്തിന്റെ ബന്ധമാണ് അതിലുൾച്ചേരുന്നത്. സാമൂഹ്യജീവിതത്തിന്റെയും വൈജ്ഞാനികജീവിതത്തിന്റെയും ഭാഷ മലയാളമാക്കിക്കൊണ്ടു മാത്രമേ കേരളത്തിൽ സാമൂഹ്യജനാധിപത്യം സാധ്യമാകൂ. കേരളത്തിലെ കീഴാളനവോത്ഥാനത്തിന്റെ മാധ്യമം മലയാളമാകാനുള്ള കാരണം അതാണ്.[8] സംസ്കൃതത്തിലുള്ള മന്ത്രോച്ചാരണങ്ങളോടു കൂടി ബ്രാഹ്മണിക അന്തരീക്ഷത്തിൽ നടത്തുന്ന ബിംബപ്രതിഷ്ഠയ്ക്ക് പകരം നാരായണഗുരു മലയാളത്തെയാണ് ജനകീയ ഭക്തിയുടെ വിനിമയഭാഷയായി കണ്ടത്. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്' എന്ന് എഴുതിയപ്പോൾ അത് വ്യക്തമായിരുന്നു. ബ്രാഹ്മണരുടെ വേദക്കുത്തകയെ എതിർത്ത ചട്ടമ്പി സ്വാമികൾ മലയാളത്തിന്റെ മാഹാത്മ്യം അല്പം അതിശയോക്തിപരമായി തന്നെ മുന്നോട്ടു വെച്ചു. പൊയ്കയിൽ അപ്പച്ചനും അയ്യങ്കാളിയും എല്ലാം മലയാളത്തെയാണ് ആശയസ്രോതസ്സും ശക്തിയുമായി കണ്ടത്. 'മാതൃഭാഷയുടെ അഭിവൃദ്ധിമാർഗം' (1935) എന്ന സഹോദരൻ അയ്യപ്പന്റെ ലേഖനത്തിൽ പ്രകടമാകുന്നത് ഈ നിലപാടിന്റെ കാമ്പാണ്. രാഷ്ട്രീയ ജനാധിപത്യം പൂർണമാകണമെങ്കിൽ സവർണാധിപത്യം ഇല്ലാതാക്കണമെന്ന സാമൂഹ്യജനാധിപത്യ മുദ്രാവാക്യത്തെ ഭാഷയിലേക്കുകൂടി വ്യാപിപ്പിക്കുകയാണ് സഹോദരൻ അയ്യപ്പൻ ചെയ്തത്.

## കോളനിവിരുദ്ധസമരം

നിഷേധാത്മകമായ സമീപത്തിൽനിന്ന് വ്യത്യസ്തമായി നാട്ടുഭാഷയോട് ധനാത്മകമായ സമീപനം സ്വീകരിച്ചതിൽ ഏറ്റവും നിർണായകമായത് കോളനിവിരുദ്ധസമരങ്ങൾ തന്നെയാണ്. ഭാഷാശരീരത്തെ ആസൂത്രണം ചെയ്യുന്നതിനപ്പുറത്ത് ഭാഷാനയംതന്നെ പൊളിച്ചെഴുതാനുള്ള സമീപനമാണ് മൂന്നാംലോകത്തിലെ കോളനിവിരുദ്ധ സമരങ്ങൾ മുന്നോട്ടുവെച്ചത്.

കോളനിരാജ്യങ്ങളിലെ രാഷ്ട്രീയസമരത്തിന്റെ ഭാഗം തന്നെയായിരുന്നു അവിടങ്ങളിലെ ഭാഷാനയത്തിലെ മാറ്റങ്ങളും. വെറും ഭരണസൗകര്യത്തിനു വേണ്ടിയുള്ള വിഭജനം എന്ന കൊളോണിയൽ കാഴ്ചപ്പാടുവിട്ട് ഇന്ത്യയെ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളായി വിഭജിക്കണമെന്ന ആവശ്യം

ദേശീയ പ്രസ്ഥാനമാണ് ഉന്നയിച്ചത്. കോളനിവിരുദ്ധ സമീപനത്തോടു കൂടി ഭാഷാസൂത്രണത്തെ സംബോധന ചെയ്യുമ്പോൾ സ്വാഭാവികമായും അത് ഭാഷാനയചർച്ചയായി മാറും. അതിന്റെ രാഷ്ട്രീയവും സാംസ്കാരികവും സാമ്പത്തികവുമായ ലക്ഷ്യവും വ്യക്തമാക്കപ്പെടും. കാരണം മെക്കാളെയുടെ ഭാഷാനയം പ്രകടമായും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ ഒരു ദൗത്യം മുന്നോട്ടുവെച്ചിരുന്നു. ദേശീയവിമോചന സമരത്തിൽ ഭാഷ കൂടി പ്രശ്നമായതിന്റെ കാരണവും മറ്റൊന്നല്ല. ദേശീയ സ്വാതന്ത്ര്യത്തിന്റെ തുടർച്ച യും രാഷ്ട്രനിർമാണത്തിന്റെ ഭാഗവും ആയി ഭാഷാസൂത്രണത്തെ അപ്പോൾ കാണേണ്ടി വരും.

ദേശീയ പ്രസ്ഥാനകാലത്ത് ഗാന്ധിയൻ സമീപനത്തിന്റെ ഭാഗമായും അല്ലാതെയും മാതൃഭാഷയിലൂന്നിയ ഭരണവും വിദ്യാഭ്യാസവും എന്ന ആശയം വ്യാപകമായിരുന്നു. പ്രസിദ്ധ ഭൗതികശാസ്ത്രജ്ഞനായ സത്യേന്ദ്രനാഥബോസ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കൽക്കത്ത സർവകലാ ശാലയിൽ എം.എസ്.സി ക്ലാസുകൾ ബംഗാളി ഭാഷയിലെടുത്തത് തന്നെ ഉദാഹരണം. ഭാഷാസംസ്ഥാനം, ഭാഷാ ഉപദേശീയതാ സങ്കല്പം എന്നിവ ഇന്ത്യൻ നാഷണൽ കോൺഗ്രസും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും സോഷ്യ ലിസ്റ്റ് പാർട്ടിയും ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങളും അംഗീകരിച്ചിരുന്നു. ഭരണ ഘടനയിൽ വ്യക്തമായും ഇന്ത്യൻ യൂനിയന്റെ ഭാഷാനയം പ്രഖ്യാപിച്ചിട്ടുണ്ട്. ഹിന്ദിയെ ഒദ്യോഗികഭാഷയാക്കുന്നത്, ഇംഗ്ലീഷിന്റെ സ്ഥാനം, സംസ്ഥാന ത്തെ ഭരണത്തിലെ ഭാഷകളെന്താകണം എന്നത്, കോടതി ഭാഷകൾ എല്ലാം ഭരണഘടന നിർവചിച്ചിട്ടുണ്ട്. ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വകുപ്പുകളും ഉണ്ട്.

1948-ൽ ഡോ.എസ്. രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള ഉന്നത വിദ്യാ ഭ്യാസ കമ്മിഷൻ ഇന്ത്യൻ ഭാഷകളാണ് വിദ്യാഭ്യാസമാധ്യമമായിരിക്കേണ്ടത് എന്നു പറയുന്നു. 1964-66 ലെ കോത്താരി കമ്മിഷനും ഇന്ത്യൻ ഭാഷാമാധ്യമ മായിരിക്കണം എല്ലാ തലങ്ങളിലെയും വിദ്യാഭ്യാസമാധ്യമം എന്നുറപ്പിക്കുന്നു.

സാങ്കേതിക പദങ്ങൾ ഇന്ത്യൻ ഭാഷകളിൽ വികസിപ്പിക്കാൻ സി.എസ്. ടി.ടി. (കമ്മിഷൻ ഫോർ സൈന്റിഫിക് ആന്റ് ടെക്നിക്കൽ ടെർമിനോളജി) എന്ന സ്ഥാപനം 1961 ഒക്ടോബർ 1-ന് ആരംഭിക്കുന്നു. ഭരണഘടനയുടെ 344-ാം അനുച്ഛേദത്തിലെ 44-ാം വകുപ്പ് പ്രകാരമാണ് ഇത് സ്ഥാപിക്കപ്പെട്ടത്. 1961-ൽ മുന്നോട്ടുവെച്ച സ്കൂൾ വിദ്യാഭ്യാസമേഖലയിലെ ത്രിഭാഷാപദ്ധതി 1968-ഓടെ അംഗീകരിക്കപ്പെട്ടു.

ഇന്ത്യൻ സാമൂഹ്യചരിത്രത്തിലെന്നപോലെ ഭാഷാചരിത്രത്തിലും നിർണായകമായ വിച്ഛേദം സംസ്ഥാനങ്ങളെ 1956-ൽ ഭാഷാടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിച്ചതാണ്. ഇനി വരാനിരിക്കുന്ന ഭാഷാനയത്തെയും ഭാഷാസൂത്രണത്തെയും ഇതിനെക്കാൾ സ്വാധീനിച്ച മറ്റൊരു ഘടകവുമില്ല.
അതായത് രണ്ടു തരത്തിൽ ഭാഷാപ്രസ്ഥാനങ്ങൾ ഭാഷാനയത്തിൽ ഇടപെട്ടതായി കാണാം.

1. ദേശീയ സമരത്തിന്റെ ഭാഗമായി ദേശീയ പ്രസ്ഥാനം-ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെയും മറ്റും ഭാഷാനയം.
2. ഭാഷയെയും പ്രദേശത്തെയും മുൻനിർത്തി രൂപപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ. ഏറ്റവും നല്ല ഉദാഹരണം ദ്രാവിഡ മുന്നേറ്റ കഴകം തന്നെ. അവരുടെ രാഷ്ട്രീയത്തിന്റെ അടിസ്ഥാനങ്ങളിലൊന്ന് മാതൃഭാഷാ പ്രശ്നമായിരുന്നല്ലോ.

**കേരളം - രാഷ്ട്രീയവും ഭാഷാപരവുമായ സമരങ്ങൾ തമ്മിൽ വേണ്ടത്ര കണ്ണിചേർക്കപ്പെടാതെ പോയത്**

1920-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അതിന്റെ ഘടകങ്ങളെ ഭാഷാടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിക്കാൻ തീരുമാനിച്ചു. 1921-ൽ ഒറ്റപ്പാലത്ത് നടന്ന ആദ്യത്തെ അഖിലകേരളാടിസ്ഥാനത്തിലുള്ള കോൺഗ്രസ് സമ്മേളനം ജാതിക്കും മതത്തിനും ലിംഗത്തിനും അപ്പുറത്ത് മലയാളി ഒത്തുകൂടിയ ആദ്യ സന്ദർഭമാണ്.

1956-ൽ കേരള സംസ്ഥാനരൂപീകരണത്തിലേക്കെത്തിയത് ഈ സാമൂഹ്യസംഘാടനത്തിന്റെ തുടർച്ചയായി ഐക്യകേരള പ്രസ്ഥാനത്തിൽ അണിചേർന്നവർ പല നിലകളിൽ നടത്തിയ രാഷ്ട്രീയ സമരങ്ങളാണ്. എന്നാൽ ഈ രാഷ്ട്രീയസമരത്തെ നേരത്തെ സൂചിപ്പിച്ച ഭാഷാപുരോഗതിക്കു വേണ്ടിയുള്ള സമരങ്ങളുമായി വേണ്ടത്ര കണ്ണിചേർക്കാൻ കഴിഞ്ഞില്ലെന്നത് വസ്തുതയായി അവശേഷിക്കുന്നു. ഭാഷാപോഷണിസഭ മുതൽ സമസ്തകേരള സാഹിത്യ പരിഷത്ത് വരെയുള്ള അനേകം സംഘടനകൾ മുന്നോട്ടുവെച്ച ഭാഷാനയത്തെ രാഷ്ട്രീയ സ്വാതന്ത്ര്യവുമായി വേണ്ടത്ര കണ്ണിചേർക്കാൻ കഴിഞ്ഞില്ല. ഭരണഘടനയിൽ ലക്ഷ്യമാക്കിയ ഭാഷാവകാശങ്ങളോ അഖിലേന്ത്യാതലത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലായ ഭാഷാനിയമങ്ങളോ കേരളത്തിൽ വേണ്ടത്ര നടപ്പാകാതെ പോയത് ഈ ബന്ധമില്ലായ്മ കൊണ്ടാണ്. ദേശീയപ്രസ്ഥാനകാലത്ത് ഹിന്ദിക്ക് ലഭിച്ച സ്വീകാര്യത അതേ രാഷ്ട്രീയസന്ദർഭത്തിൽ

മലയാളത്തിനും ലഭിക്കേണ്ടതായിരുന്നു. ഗാന്ധിജി വ്യക്തിതലത്തിൽ പറഞ്ഞ അഭിപ്രായങ്ങൾക്കപ്പുറത്ത് കേരളത്തിൽ ദേശീയ പ്രസ്ഥാനത്തിന് മാതൃഭാഷാ അജണ്ട ഉണ്ടായിരുന്നില്ല-വള്ളത്തോൾ ഉൾപ്പെടെയുള്ള പലരും രണ്ടിനെയും ബന്ധിപ്പിക്കാൻ ശ്രമിച്ചിരുന്നെങ്കിലും.

തമിഴ്നാട്ടിൽ ഇത് സാധിച്ചുവെന്നതാണ് അവരുടെ രാഷ്ട്രീയബോധത്തിൽ ഭാഷാബോധം ഉൾച്ചേർന്നിരിക്കുന്നതിന്റെ അടിസ്ഥാനം. രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ അജണ്ടയിൽ ഭാഷാനയം കടന്നുവരേണ്ടതിന്റെയും അതില്ലാത്തിടങ്ങളിൽ സ്വന്തമായി ഭാഷാപ്രസ്ഥാനങ്ങൾ രൂപപ്പെടേണ്ടതിന്റെയും സാധ്യതകളിലേക്കാണിത് വിരൽ ചൂണ്ടുന്നത്.

1957-ലെ ഇ.എം.എസിന്റെ ആദ്യമന്ത്രിസഭ തന്നെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ വിജ്ഞാനകോശനിർമാണംവരെ ഉൾപ്പെടുത്തുകയും കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റിയെ ഭരണഭാഷ മാതൃഭാഷയാകുന്ന കാര്യം പഠിക്കാനായി നിയമിക്കുകയും ചെയ്തിരുന്നെങ്കിലും പിന്നീട് ഈ ശ്രമങ്ങൾക്ക് ശക്തി നഷ്ടപ്പെട്ടതായാണ് കാണുന്നത്. വ്യക്തിതലത്തിൽ ഭാഷയുടെ രാഷ്ട്രീയം ഉയർത്തിപ്പിടിച്ചവർക്കും ആ സമീപനം സ്വന്തം രാഷ്ട്രീയകക്ഷിയുടെ മുഖ്യപരിഗണനാവിഷയമാക്കി വേണ്ടത്ര വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണിത് വ്യക്തമാകുന്നത്. സംസ്ഥാന താത്പര്യങ്ങളെ മുൻനിർത്തി പ്രവർത്തിക്കുന്ന തമിഴ്നാട്ടിലെ ദ്രാവിഡകക്ഷിയുടെ കേരളപ്പതിപ്പായി പറയാവുന്ന കേരളകോൺഗ്രസുപോലും കേരളത്തിലെ മാതൃഭാഷാപ്രശ്നത്തെ സംബോധന ചെയ്തിട്ടേ ഇല്ല. ഒരു രാഷ്ട്രീയപ്രസ്ഥാനം എന്ന നിലയിൽ കേരളത്തിൽ ഭാഷാപ്രശ്നം, അതും മുഖ്യമായി ഭരണഭാഷയുടെ പ്രശ്നം ഉയർത്തിപ്പിടിച്ചത് ലോനപ്പൻ നമ്പാടന്റെ സോഷ്യലിസ്റ്റ് കേരളകോൺഗ്രസ് മാത്രമാണ്. ഒറ്റപ്പെട്ട ചില പ്രവർത്തനങ്ങൾ ലോഹ്യയുടെ അനുയായികളായ സോഷ്യലിസ്റ്റുകളും നടത്തിയതായി കാണാം. ഫെഡറലിസത്തെ ഉയർത്തിപ്പിടിച്ച മത്തായി മാഞ്ഞൂരാനുൾപ്പെടെയുള്ളവർ നേതൃത്വം നൽകിയ കേരള സോഷ്യലിസ്റ്റ് പാർട്ടിക്കും ഫെഡറലിസം എന്ന രാഷ്ട്രീയ മുദ്രാവാക്യത്തെ മാതൃഭാഷാവകാശവുമായും അതിലൂന്നിയ വികസനവുമായും ബന്ധിപ്പിക്കാൻ കഴിഞ്ഞില്ല.

### ഭാഷാപ്രസ്ഥാനങ്ങളുടെയും സമരങ്ങളുടെയും അനിവാര്യത

എല്ലാ ഭരണകൂട രാഷ്ട്രീയനയങ്ങളുടെയും മാറ്റങ്ങൾ ചരിത്രത്തിൽ സംഭവിച്ചത് ജനകീയപ്രസ്ഥാനങ്ങളുടെ ഇടപെടലിലൂടെയാണ്. ഭാഷാനയത്തിന്റെ കാര്യവും ഇതിൽനിന്ന് വ്യത്യസ്തമല്ല. യൂറോപ്പിൽ ഭരണകൂടഭാഷയും

ഭൂരിപക്ഷം ജനതയുടെ ഭാഷയും തമ്മിൽ വൈരുദ്ധ്യമില്ലാത്തതിനാൽ അവിടെ മാതൃഭാഷയിലൂന്നിയ നയം മാറ്റുന്നതുമായി ബന്ധപ്പെട്ട് ആധുനിക കാലത്ത് ജനകീയപ്രസ്ഥാനങ്ങളുണ്ടായില്ല.

ദേശീയസമരത്തോടൊപ്പം ഭാഷാപ്രസ്ഥാനങ്ങളും വികസിച്ചുവന്നിടങ്ങളിലാണ് മാതൃഭാഷയ്ക്കു വേണ്ടിയുള്ള ബോധപൂർവമായ നയങ്ങളും രൂപപ്പെട്ടത്. ഗോവ പോർച്ചുഗീസ് പ്രദേശമായിരുന്നെങ്കിലും ബ്രിട്ടീഷ് വിരുദ്ധ ദേശീയസമരത്തിന്റെ ഊർജ്ജം ഗോവയിലും സാംസ്കാരിക ചലനങ്ങളുണ്ടാക്കിയിരുന്നു. 1942-ൽ അഖിലേന്ത്യാ കൊങ്കണി പരിഷത്ത് സ്ഥാപിക്കപ്പെട്ടതോടെയാണ് കൊങ്കണിയുടെ പുരോഗതിക്ക് വ്യക്തമായ പദ്ധതികളുണ്ടാകുന്നത്. പോർച്ചുഗലിൽനിന്ന് ഗോവ വിമോചിപ്പിക്കപ്പെട്ടതിനുശേഷം 1970-ൽ കൊങ്കണി ഗോവയിലെ ഔദ്യോഗികഭാഷയായിത്തീരുകയും ചെയ്തു. എവിടെവിടെ ഭാഷയ്ക്കുവേണ്ടിയുള്ള പ്രസ്ഥാനങ്ങൾ ശക്തിയാർജ്ജിക്കുന്നുവോ അവിടങ്ങളിൽ മാത്രമേ ഭാഷാപരമായ ജനാധിപത്യം രൂപപ്പെടുകയുള്ളൂ.

1960-കളിൽ അഖിലേന്ത്യാതലത്തിൽ ഭാഷാനയത്തിലുണ്ടായ മാറ്റത്തിൽ നിർണായകമായത് ഹിന്ദി അടിച്ചേല്പിക്കുന്നതിനെതിരെ തമിഴ്നാട്ടിൽ നടന്ന ഭാഷാസമരം തന്നെയാണെന്നു കാണാം. തമിഴ്നാട്ടിൽ നടന്ന ഭാഷാസമരങ്ങൾ ഇന്ത്യൻ ഭാഷകളെ കൂടുതൽ അംഗീകരിക്കാൻ ഭരണകൂടത്തെ നിർബന്ധിക്കുന്നതായിരുന്നു. ഹിന്ദി-തമിഴ് പ്രശ്നമായാണ് ബാഹ്യതലത്തിൽ അനുഭവപ്പെട്ടതെങ്കിലും അത് എല്ലാ ഇന്ത്യൻ ഭാഷകളുടെയും പ്രാധാന്യത്തെ ഉയർത്തിപ്പിടിക്കാൻ പ്രേരിപ്പിക്കുന്നതായിരുന്നു. സിവിൽ സർവീസുൾപ്പെടെ ഇന്ത്യൻ ഭരണഘടനയിലെ എട്ടാംപട്ടികയിൽപ്പെട്ട ഭാഷകളിലെഴുതാമെന്നു വരുന്നത് ഇതിനെത്തുടർന്നാണ്.

1964-66 കാലത്തെ കോത്താരി കമ്മിഷൻ ഉന്നത വിദ്യാഭ്യാസമുൾപ്പെടെ മാതൃഭാഷാ മാധ്യമത്തിലായിരിക്കണമെന്ന് നിർദ്ദേശിച്ചത് വലിയൊരു ഉത്തേജനമായിരുന്നു. ഈ നയവും അതിന്റെ പിന്തുടർച്ചയുമാണ് സർവകലാശാലാതലത്തിലുള്ള പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കാനുള്ള സ്ഥാപനമെന്ന നിലയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനത്തിലെത്തിച്ചത്. 1968-ൽ രൂപീകരിച്ച കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും അതിന്റെ ആദ്യ ഡയറക്ടറായ എൻ.വി.കൃഷ്ണവാരിയരുടെ വ്യക്തിപരമായ മുൻകയ്യുമാണ് 1968-1975 കാലത്ത് വിജ്ഞാനഭാഷയുടെയും ഭരണഭാഷയുടെയും കാര്യത്തിലുള്ള പല ഇടപെടലുകളുടെയും പിന്നിലെ ഊർജ്ജം.

1958-ലെ കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റിയുടെ ശുപാർശയ്ക്ക്

ജീവൻ വെക്കുന്നത് ആ ഘട്ടത്തിലാണ്. അതിനുശേഷമാണ് കേരളത്തിലെ ആദ്യത്തെ ഔദ്യോഗികഭാഷാനിയമം 1969-ൽ നിയമസഭ പാസ്സാക്കിയത് എന്നോർക്കുക.

ഭാഷാനയം കൂടുതൽ വിശാലവും ജനാധിപത്യപ്രക്രിയയുടെ ഭാഗവുമാണ്. അത് ഭാഷയ്ക്കകത്തെ കാര്യമല്ലാത്തതുകൊണ്ടാണ് ജനകീയ പ്രസ്ഥാനങ്ങൾ ഈ പ്രശ്നം ഉയർത്തിപ്പിടിക്കുന്നത്. ഭാഷാനയത്തെ സംബന്ധിച്ച ഭരണകൂട നിലപാടുകൾ തിരുത്തുക എന്ന രാഷ്ട്രീയമാണ് അവരുന്നയിക്കുന്നത്. ഭാഷയും ഭരണകൂട അധികാരവും തമ്മിലുള്ള ബന്ധത്തെ അഴിച്ചുപണിയലാണത്. തൊഴിലുൾപ്പെടെയുള്ള വിഭവങ്ങളുടെ മേലുള്ള ജനകീയ അധികാരവുമായി അത് ബന്ധപ്പെടുന്നു. മാതൃഭാഷയും വികസനവും തമ്മിലുള്ള നേർബന്ധം മലയാളത്തിന്റെ ഭാവിയിൽ കെ. സേതുരാമൻ വ്യക്തമാക്കിയിട്ടുണ്ടല്ലോ.

കേരളത്തിലെ പൊതുമണ്ഡലത്തിന്റെ പരിമിതി ശക്തമായ അത്തരം പ്രസ്ഥാനങ്ങളുടെ അഭാവമാണ്. കൊളോണിയൽ കാലം മുതൽ തുടർന്നു വരുന്നതും പുതുകോളനീകരണത്തോടെ ശക്തിപ്പെടുന്നതുമായ നിഷേധാത്മകമായ ഭാഷാനയത്തെ തിരുത്താനും സാമൂഹ്യജനാധിപത്യത്തിലേക്ക് ജനതയെ നയിക്കാനും അത്തരം പ്രസ്ഥാനങ്ങൾ അനിവാര്യമാണ്. കേരളരൂപീകരണത്തിനുശേഷം ഭാഷാപോഷണത്തിനുള്ള ജനകീയ ശ്രമങ്ങൾക്ക് ശക്തി നഷ്ടപ്പെടുകയാണുണ്ടായത്. 1957-ൽ രൂപീകരിച്ച ശാസ്ത്രസാഹിത്യ സമിതിയെ തുടർന്ന് 1962-ൽ രൂപീകരിച്ച ശാസ്ത്രസാഹിത്യപരിഷത്താണ് വലിയൊരളവോളം ശാസ്ത്ര വിജ്ഞാനം ജനങ്ങളിലെത്തിക്കുക എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വിജ്ഞാനഭാഷയായി മലയാളത്തെ വികസിപ്പിക്കുന്നതിൽ ഇടപെട്ടത്.

1990-ലെ ഒരു വിജ്ഞാനകൈരളി പതിപ്പിൽ ഇ.എം.എസുൾപ്പെടെ കക്ഷിരാഷ്ട്രീയവ്യത്യാസമില്ലാതെ അന്ന് കേരളത്തിലെ പൊതുമണ്ഡലത്തിലുണ്ടായിരുന്നവർ മാതൃഭാഷയ്ക്കുവേണ്ടി ഒരു ബഹുജനപ്രസ്ഥാനം രൂപീകരിക്കപ്പെടേണ്ടതിന്റെ അനിവാര്യത ചൂണ്ടിക്കാട്ടിയിരുന്നു. മേരി കരോൾ കോംബ്സും സൂസൻ പെൻഫീൽഡും അമേരിക്കയിലെ തദ്ദേശീയഭാഷാസംരക്ഷണത്തിന്റെ പശ്ചാത്തലത്തിലെഴുതിയ 'ഭാഷാസന്നദ്ധപ്രവർത്തനവും ഭാഷാനയവും' എന്ന ലേഖനത്തിൽ ഭാഷാനയ രൂപീകരണത്തിൽ പ്രസ്ഥാനപരമായ പ്രവർത്തനങ്ങൾക്കുള്ള പങ്ക് വളരെ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ഭാഷയ്ക്കുവേണ്ടിയുള്ള പ്രവർത്തനം പല രൂപത്തിൽ നിലനില്ക്കുന്നുണ്ടെന്നും അവ ഭാഷാനയത്തിൽ മാറ്റങ്ങളുണ്ടാക്കുകയും ചെയ്യുന്നുണ്ടെന്നും പറയുന്ന അവർ

ഭാഷാനയ ചർച്ചകളിൽ ഇത്തരം ഇടപെടലുകളെ പൊതുവെ അവഗണിക്കുകയാണ് ചെയ്യാറ് എന്നും നിരീക്ഷിക്കുന്നു.

## ഭാഷാശരീരപഠനത്തിൽനിന്ന് ഭാഷാനയത്തിലേക്ക് വികസിക്കേണ്ടതിന്റെ അനിവാര്യത

ഭാഷാശരീര ആസൂത്രണവും പദവി ആസൂത്രണവും ശേഷീവികസനത്തിനായുള്ള ആസൂത്രണവും ഭാഷനയസങ്കല്പവും ഒന്നിച്ചുപോകുന്നതാണ് ജോർജ്ജ് മാത്തൻ മുതൽ നാം കാണുന്നത്. നയപരമായ ആസൂത്രണസങ്കല്പം പിന്നീടാണ് മലയാളിക്ക് നഷ്ടപ്പെടുന്നത്. കേവല അക്കാദമിക പാണ്ഡിത്യം മാത്രമായി ഭാഷാശാസ്ത്രപഠനം മാറിയ ഘട്ടത്തിലാണ് ഈ ശോഷണം സംഭവിക്കുന്നത്. അതിനാൽ മുൻകാല ഭാഷാചിന്തകർ ഏറ്റെടുത്ത സമരോത്സുകമായ ഭാഷാപ്രവർത്തനങ്ങൾ ഒരിക്കലും ക്ലാസ് മുറികളിൽ ചർച്ചയായില്ല. വിവരണാത്മകവും പൂർത്തീകരിക്കപ്പെട്ട ഒരു പ്രക്രിയയുമായാണ് ഭാഷയെ പിൽക്കാലത്ത് നോക്കിക്കണ്ടത്.

ഭാഷാനയം ഭരണകൂടത്തിന്റെ സുതാര്യതയെ സംബോധന ചെയ്യുന്നു. കോടതിഭാഷയും തൊഴിൽ പരീക്ഷയെ സംബന്ധിച്ച കാഴ്ചപ്പാടുമെല്ലാം ജനകീയ രാഷ്ട്രീയ സങ്കല്പത്തിൽനിന്ന് ഉയർന്നുവരുന്നതാണ്. മറ്റു സാമൂഹ്യ-രാഷ്ട്രീയകാര്യങ്ങളിൽ ഒരാളെടുക്കുന്ന പിന്തിരിപ്പനോ പുരോഗമനപരമോ ആയ നിലപാടാണ് ഭാഷാശാസ്ത്രജ്ഞാനമല്ല ഇതിൽ പ്രതിഫലിക്കുക. അതിനാൽ പണ്ഡിതോചിതമായ ഭാഷാചർച്ചകൊണ്ട് പരിഹരിക്കാവുന്ന തർക്കവുമല്ല ഭാഷാനയത്തെ സംബന്ധിച്ചുള്ളത്. അത് ഭാഷാശാസ്ത്രജ്ഞർക്ക് വ്യാഖ്യാനിച്ച് ഇല്ലാതാക്കാൻ കഴിയുന്നതല്ല. വ്യാകരണമോ ഭാഷാവിജ്ഞാനമോ ആധുനിക ഭാഷാശാസ്ത്രമോ പഠിക്കുന്നതിനിടയിൽ മലയാളത്തിൽ ഭാഷയുടെ അടിസ്ഥാന രാഷ്ട്രീയം ഒരിക്കലും അക്കാദമിക മേഖലയിൽ വിഷയമായിട്ടില്ലെന്നോർക്കുക. പാശ്ചാത്യ അക്കാദമിക മേഖലയിലും ആധുനിക ഭാഷാശാസ്ത്രംതന്നെ മുന്നോട്ടുവെച്ച ഭാഷാചായ്‌വ് എന്ന സങ്കല്പത്തിന്റെ രാഷ്ട്രീയധ്വനികൾ മുന്നോട്ടുകൊണ്ടുപോയത് ഭാഷാശാസ്ത്രത്തിന് പുറത്തുള്ളവരാണ്. പ്രയുക്തഭാഷാശാസ്ത്രത്തിന്റെ ഭാഗമായി വികസിച്ചു വന്ന ഭാഷാസൂത്രണം എന്ന സങ്കല്പം ഭാഷാനയമായി വികസിക്കുകയാണ് ഇനി അക്കാദമിക മേഖലയിലും സംഭവിക്കേണ്ട മാറ്റം. ഇടപെടൽകൊണ്ടു മാത്രമേ ഇത് സംഭവിക്കുകയുമുള്ളൂ.

ആധുനികഭാഷാശാസ്ത്രം കേവലം പാശ്ചാത്യരീതിയിൽ നമ്മുടെ സർവകലാശാലകളിൽ പഠിപ്പിക്കാൻ തുടങ്ങിയപ്പോഴാണ് ഭാഷാശാസ്ത്രപഠനം വെറും

ഭാഷാശരീരപഠനമായി ചുരുങ്ങിപ്പോയതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ഭാഷാശാസ്ത്രപണ്ഡിതരിൽ ചുരുക്കം പേർക്കേ ഭാഷാനയപര മായ നിലപാടു തന്നെയുള്ളൂ. ഭാഷാനയം എന്നത് ഭാഷാശരീരശാസ്ത്രത്തിന് പുറത്തുള്ളതായതിനാൽ അത് ഭാഷാശാസ്ത്രജ്ഞരുടെ ജോലി അല്ല എന്നു കരുതുന്നവരാണ് പലരും. ഈ പാരമ്പര്യത്തിൽ വളരുന്ന മറ്റു ചിലരാകട്ടെ ഭാഷാസൂത്രണവും ഭാഷനയവും ഭാഷാപ്രസ്ഥാനങ്ങളും പോലും ഭാഷാശാസ്ത്ര ത്തിന്റെ 'അക്കാദമിക വിശുദ്ധി'ക്കു പുറത്തുള്ള രാഷ്ട്രീയ പരിപാടിയാണെന്ന് ധരിക്കുകയും ചെയ്യുന്നു.

ഇത്തരം വിശുദ്ധിവാദങ്ങൾ പടിഞ്ഞാറൻ നാടുകളിൽതന്നെ പിന്തള്ള പ്പെട്ടിരിക്കുന്നു. കറുത്ത ഭാഷാശാസ്ത്രമെന്നും പ്രതിരോധഭാഷാശാസ്ത്രമെന്നും മൂന്നാംലോക പരിസരത്തു വിളിക്കപ്പെട്ടിരുന്ന ഭാഷാപ്രവർത്തനം ഇപ്പോൾ പടിഞ്ഞാറൻ സർവകലാശാലകളും ഏറ്റെടുത്തിരിക്കുന്നു. ഭാഷാസൂത്രണവും ഭാഷാനയവും മാത്രമല്ല, ഭാഷയ്ക്കു വേണ്ടിയുള്ള സന്നദ്ധപ്രവർത്തനംതന്നെ അവിടെ തദ്ദേശീയ ഭാഷാസംരക്ഷണത്തിന്റെ പശ്ചാത്തലത്തിൽ പാഠ്യ പദ്ധതിയിലേക്ക് കടന്നുവന്നിരിക്കുന്നു (Combs: 468). മാർഗരറ്റ് ഫ്ലോറിയും സൂസൻപെൻഫീൽഡും ചേർന്ന് കാലിഫോർണിയയിലെ സാന്റ ബർബറ സർവകലാശാലയിലെ ദ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫീൽഡ് ലിംഗ്വിസ്റ്റിക്സ് ആന്റ് ലാംഗ്വേജ് ഡോക്യുമെന്റേഷൻ എന്ന വകുപ്പിൽ ഈ നിലയിലുള്ള ഒരു പരിശീലന കോഴ്സ് 2008-ൽ ആരംഭിച്ചിരുന്നു. 2010-ൽ ഓറെഗൺ സർവക ലാശാലയിൽ വീണ്ടും ഇത്തരം പരിശീലനം ആരംഭിച്ചു. ഇത്തവണ കളത്തി ലറങ്ങി പ്രവർത്തിക്കുന്നവർ കൂടി അതിൽ പങ്കാളികളായി. 2009-ൽ ഭാഷയ്ക്കു വേണ്ടിയുള്ള സന്നദ്ധപ്രവർത്തനം തന്നെ അരിസോണയിലെ അമേരിന്ത്യൻ ഭാഷാവികസന ഇൻസ്റ്റിറ്റ്യൂട്ടിൽ മേരി കരോൾ കോംബ്സ് ആദ്യമായി ഒരു കോഴ്സായി പഠിപ്പിച്ചു.

ഭാഷാസംരക്ഷണ പ്രവർത്തനത്തെയും ഭാഷാശാക്തീകരണ പ്രവർ ത്തനത്തെയും അതിന്റെ വിശാലമായ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ പശ്ചാത്തലത്തിലാണ് അവർ പാഠ്യപദ്ധതിയിൽ സ്ഥാപിച്ചത്. സ്ഥൂലവും സൂക്ഷ്മവുമായ തലങ്ങളിൽ ഭാഷയ്ക്കുമേൽ നടക്കുന്ന അക്രമങ്ങൾ അതിൽ ചർച്ച ചെയ്യുന്നു. ഈ കോഴ്സിലുള്ള വിദ്യാർത്ഥികൾ ആക്റ്റിവിസത്തെ സൈദ്ധാന്തിക നിർമിതിയായും പ്രതിബദ്ധമായ പ്രയോഗമായും കാണുന്നു എന്ന് കോംബ്സ് വ്യക്തമാക്കുന്നുണ്ട്. അവർ സന്നദ്ധ പ്രവർത്തനത്തെ പാശ്ചാത്യ മാതൃകയായി മാത്രമല്ല തദ്ദേശീയ പശ്ചാത്തലത്തിലുള്ള ധാർമികവും രാഷ്ട്രീയവുമായ

സങ്കല്പമായും കണ്ട് വിശകലനം ചെയ്യുന്നു. അവർ കോളനീകരണത്തെയും അതുവഴിയുള്ള സ്വാംശീകരണത്തെയും വെല്ലുവിളിക്കുന്നു. ഭാഷയ്ക്കു വേണ്ടി സന്നദ്ധപ്രവർത്തനം നടത്തുക എന്നത് നിർണായക പ്രാധാന്യമുള്ളതാണെന്ന് അവർ തിരിച്ചറിയുന്നു. അതിൽ പങ്കാളിയായ ഒരു വിദ്യാർത്ഥിയുടെ അഭിപ്രായം കോംബ്സും പെൻഫീൽഡും രേഖപ്പെടുത്തുന്നുണ്ട്: 'ഭാഷാനഷ്ടത്തെക്കുറിച്ച് എന്റെ സമൂഹത്തിലെ അംഗങ്ങളുമായി ഞാൻ സംസാരിച്ചു. ഇതിനെ പ്രതിരോധിക്കാനുള്ള പ്രവർത്തനം അനിവാര്യമാണ് എന്നും അത് ഏതു തരത്തിലുള്ളതായിരിക്കണം എന്നും അവർ ഇതിലൂടെ മനസ്സിലാക്കും എന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ആക്ടിവിസമല്ല, അതിജീവനം തന്നെയാണ്' (Combs: 468).

കേരളത്തിലെ ഭാഷാശാസ്ത്രപഠനത്തെ ഭാഷാശരീരപഠനത്തിൽനിന്ന് ഭാഷാനയത്തിലേക്ക് വികസിപ്പിക്കേണ്ടിയിരിക്കുന്നു. ഭാഷാപദവിയും ഭാഷാശേഷീവികസനവും എല്ലാം ഉൾക്കൊള്ളുന്ന ഭാഷാനയചർച്ചയായി അതിനെ വികസിപ്പിക്കേണ്ടിയിരിക്കുന്നു. ജോർജ്ജ് മാത്തൻ മുതൽ എ.ആർ രാജരാജവർമ്മയും സഹോദരൻ അയ്യപ്പനും വരെയുള്ളവരുടെ ഭാഷാസമീപനത്തിന്റെ ജൈവികമായ തുടർച്ച വീണ്ടെടുക്കലാണത്. മലയാളത്തിലാരംഭിച്ച് ആദിവാസി-ഗോത്രഭാഷകളിലേക്കും ന്യൂനപക്ഷഭാഷകളിലേക്കും വ്യാപിക്കേണ്ടതുമാണ് ഈ പ്രവർത്തനം. കാരണം സംസ്ഥാനരൂപീകരണത്തിന്റെ യുക്തിയായ മലയാളത്തെ തന്നെ കയ്യൊഴിഞ്ഞാൽ മറ്റു മാതൃഭാഷകളും അവഗണിക്കപ്പെടും.

ഭാഷാശരീരത്തിന്റെ ആസൂത്രണംപോലും എപ്പോഴും ഭാഷാനയത്തിൽനിന്ന് സ്വതന്ത്രമായ ഒരു അരാഷ്ട്രീയ പ്രക്രിയയാണോ? ഭാഷാസൂത്രണത്തിന്റെ മേഖലയിൽ പുതിയ ജനാധിപത്യ സങ്കല്പങ്ങളുമായി ബന്ധപ്പെട്ട മറ്റു ചില പ്രശ്നങ്ങളും ഉയർന്നു വന്നിട്ടുണ്ട്. ഇന്ന് സ്ത്രീവാദത്തിന്റെയും കറുത്തവരുടെ രാഷ്ട്രീയത്തന്റെയും ട്രാൻസ് ജൻഡറുൾപ്പെടെയുള്ള ലിംഗപദവി ബന്ധത്തിന്റെയും അടിസ്ഥാനത്തിൽ യൂറോപ്പിലെ തന്നെ എല്ലാ ഭാഷകളിലും പദമേഖലയിൽ അഴിച്ചു പണികൾ നടക്കുന്നുണ്ട്. ചെയർമാൻ എന്ന വാക്ക് ചെയർപേഴ്സനായതുപോലെ. കരിങ്കാലി എന്ന പ്രയോഗം കറുത്തവരെ മോശക്കാരായി കാണുന്നു എന്ന് വ്യക്തമാവുന്നതുപോലെ. ഇന്ത്യൻ ഭാഷകളിലാണെങ്കിൽ സവർണാധിപത്യത്തിന്റെ മുദ്രകൾ വഹിക്കുന്ന പദങ്ങളെ പിന്തള്ളേണ്ട കാര്യവുമുണ്ട്. ലിംഗ-വർണസമത്വത്തിനു വേണ്ടിയുയരുന്ന ഈ മേഖലയിലെ വാദവും ജനകീയപ്രസ്ഥാനങ്ങളാണ് ഉയർത്തിക്കൊണ്ടു

വന്നിട്ടുള്ളത്. പദസഞ്ചയവുമായും പ്രയോഗങ്ങളുമായും ബന്ധപ്പെട്ട ഈ മേഖല ഭാഷാശാസ്ത്രജ്ഞർക്കും ഭാഷാപണ്ഡിതർക്കും ഇടപെടാവുന്നതാണ്. എന്നാൽ തമ്പുരാൻ വിളിയും അടിസ്ഥാനജനവിഭാഗങ്ങളെ ചെക്കൻ, പെണ്ണ് എന്നുൾപ്പെടെ വിളിക്കുന്നതും ഇല്ലാതായത് ഭാഷാപണ്ഡിതരുടെ ഭാഷാസൂത്രണ പ്രക്രിയകൊണ്ടല്ല, പകരം കാർഷികമേഖലയിൽ വന്ന വമ്പിച്ച ജന്മിത്തവിരുദ്ധപ്രക്ഷോഭങ്ങളുടെ ഭാഗമാണെന്ന് നാം ഓർക്കേണ്ടതുണ്ട്. മനുഷ്യാവകാശങ്ങൾക്കുവേണ്ടി നടക്കുന്ന സമരങ്ങൾ മനുഷ്യബന്ധങ്ങളെ അഴിച്ചു പണിയുമ്പോഴാണ് സംബോധനകളും ഭാഷാപരമായി അഴിച്ചു പണിയപ്പെടുന്നത്. കഴിഞ്ഞ സമരങ്ങൾക്കെന്നതുപോലെ വരാനിരിക്കുന്ന സമരങ്ങൾക്കും അത് ബാധകമാണ്.

ഭാഷയും സാമ്പത്തിക വികാസവും തമ്മിലുള്ള ബന്ധം, ഭാഷയും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം എന്നിവയെല്ലാം ഇന്ന് വ്യക്തമായിരിക്കുന്നു. അടിസ്ഥാന ജനവിഭാഗത്തിന്റെ രാഷ്ട്രീയ പങ്കാളിത്തവുമായിക്കൂടി അത് ബന്ധപ്പെട്ടിരിക്കുന്നു. ഭാഷാസൂത്രണം എന്ന സങ്കല്പത്തെ ഭാഷാനയത്തിലേക്ക് വികസിപ്പിക്കുകയാണ് അക്കാദമികമേഖലയിൽ സംഭവിക്കേണ്ട മാറ്റം. എങ്കിലേ ഭാഷയും ജനതയും തമ്മിലുള്ള ബന്ധത്തെ ആഴത്തിൽ സംബോധന ചെയ്യാനാവുകയുള്ളൂ. കോളനിയനന്തര സമൂഹങ്ങളിൽ അടിയന്തിര പ്രാധാന്യമുള്ളതാണ് ഈ പ്രശ്നം. ഭാഷാസൂത്രണത്തിന്റെ ഘടകങ്ങളായ നിഘണ്ടു നിർമാണം, മാനകീകരണം, വിജ്ഞാനകോശ നിർമാണം എന്നിവയെയെല്ലാം ഭാഷാനയത്തിന്റെ അടിസ്ഥാനത്തിൽ വിശാലമായി കാണാനും അത് സമൂഹനിർമിതിയുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ ഒരു ജോലിയാണ് എന്ന് തിരിച്ചറിയുകയുമാണ് വേണ്ടത്. അതുവരെ സായ്പിനെ അനുകരിച്ച് നടന്നിരുന്ന ഇംഗ്ലീഷ് പഠനവിഭാഗങ്ങൾ കോളനിയനന്തരവാദത്തിന്റെ സ്വാംശീകരണത്തോടെ എങ്ങനെ വിപ്ലവാത്മകമായ പരിവർത്തനത്തിന് വിധേയമായി എന്ന് മീനാക്ഷി മുഖർജി കോളനിയനന്തരവാദത്തെ ചോദ്യം ചെയ്യൽ എന്ന കൃതിയിൽ പറയുന്നുണ്ട്. അത്തരത്തിൽ ഭാഷാനയത്തെ സംബന്ധിച്ച കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലുള്ള ഉൾപരിവർത്തനം ഭാഷാശാസ്ത്രപഠനത്തിലും നടക്കേണ്ടതുണ്ട്. പാരമ്പര്യ ഭാഷാശാസ്ത്രത്തിന്റെ ഇത്തിരിവട്ടത്തിലിരുന്ന് ഭാഷാവകാശങ്ങളിലൂന്നിയ സമഗ്രമായ ജനകീയ പ്രതിരോധത്തെ അളക്കാൻ ശ്രമിക്കുകയല്ല; ചുറ്റുമുള്ള ജനതയുടെ അടിസ്ഥാനപരമായ ഭാഷാവകാശങ്ങളോടൊപ്പം മാനസികമായി വികസിക്കുകയാണ് ഭാഷാശാസ്ത്രപഠിതാക്കൾ ചെയ്യേണ്ടത്.

ലിംഗപരമായ സംവേദനക്ഷമത, പാരിസ്ഥിതിക സംവേദനക്ഷമത എന്നിവപോലെത്തന്നെ ഭാഷാപരമായ സംവേദനക്ഷമതകൂടി കേരളത്തിന്റെ വൈജ്ഞാനികമേഖലയിലും പൊതുമണ്ഡലത്തിലും സ്ഥാപിക്കാൻ മലയാളപഠിതാക്കൾക്ക് ഉത്തരവാദിത്തമുണ്ട്. അവയെ അന്തർവൈജ്ഞാനികരീതിയിൽ വികസിപ്പിക്കേണ്ട ഉത്തരവാദിത്തം മറ്റു വിജ്ഞാനമേഖലകൾ കൈകാര്യം ചെയ്യുന്നവർക്കുമുണ്ട്. എന്നാൽ നേരെ വിരുദ്ധമായ പ്രവണതയാണ് കേരളത്തിലെ അക്കാദമിക മേഖലയിൽ കാണുന്നത്. ഭാഷയ്ക്കായി സർക്കാർ ഫണ്ട് സ്വീകരിച്ചു നടത്തുന്ന സെമിനാറുകളിൽപോലും ഭാഷാജനാധിപത്യത്തെ ചോദ്യം ചെയ്യുന്ന പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടുന്നത് ഒരുപക്ഷേ, കേരളത്തിൽ മാത്രമായിരിക്കും. സ്ത്രീപക്ഷ, പരിസ്ഥിതി, ദളിത് സെമിനാറുകളിലൊന്നും കാണാത്ത മട്ടിൽ അടിസ്ഥാന ജനാധിപത്യലക്ഷ്യത്തെത്തന്നെ ചോദ്യം ചെയ്യുന്ന നിലപാടുകൾ പലയിടത്തും ആധിപത്യം നേടുന്നു. മനോഭാവമാണ് ഇവിടത്തെ പ്രശ്നം യുക്തിയോ പാണ്ഡിത്യമോ അല്ല. കൊളോണിയൽ കാലത്തെ മനോഭാവത്തിൽ കെട്ടിപ്പൊക്കുന്ന യുക്തിയും പാണ്ഡിത്യവും അതേ മനോഭാവത്തെ മാത്രമേ പുനരുല്പാദിപ്പിക്കുകയുള്ളൂ.

### ഭാഷാനയം പാഠ്യപദ്ധതിയിലേക്ക്

ഭാഷാനയത്തെ സംബന്ധിച്ച കേരളത്തിലെ ഔദ്യോഗിക ഭാഷയേതാണെന്നോ ഔദ്യോഗിക ഭാഷാ നിയമമെന്താണെന്നോ അറിയാതെയാണ് ഒരു കാലത്ത് മലയാളം എം.എ.യും ഭാഷാശാസ്ത്രം എം.എ.യും കേരളത്തിൽ കുട്ടികൾ പാസ്സായി പോയത്. ഫുക്കോയും ദറീദയും ലക്കാനും എല്ലാം പഠിച്ചിട്ടും നമ്മുടെ ഭാഷയുടെ ഔദ്യോഗികകപദവി പോലും ചർച്ച ചെയ്യപ്പെട്ടില്ല എന്നത് നമ്മുടെ മുൻഗണനകളെ സംബന്ധിച്ച ചില കോട്ടങ്ങൾ എടുത്തു കാട്ടുന്നുമുണ്ട്. ഭാഷയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടി പാശ്ചാത്യസമൂഹങ്ങളിൽ ഭാഷാസൂത്രണത്തിന്റെ ഭാഗമായി പഠിപ്പിക്കുന്നത് സൂചിപ്പിച്ചല്ലോ. തദ്ദേശീയഭാഷാസംരക്ഷണത്തിനായാണ് അവർ അത്തരം ഒരു കോഴ്സ് വിഭാവന ചെയ്തത്. ഭാഷാസംരക്ഷണ പ്രവർത്തനത്തിനുള്ള പരിശീലനം കൂടി അതിന്റെ സിലബസിന്റെ ഭാഗമാണ്. കോളനിയനന്തരഭാഷാശാസ്ത്രപഠനത്തിന് ഈ നിലയിൽ ഇന്ത്യയിലും കേരളത്തിലും വികസിക്കാൻ കഴിയേണ്ടതുണ്ട്. നിലവിലിരിക്കുന്ന ഭാഷയുടെ അവസ്ഥ, കർതൃത്വരഹിതമായും നിർമമമായും പഠിപ്പിക്കുന്നതിനു പകരം ഭാഷയെ ഒരു പ്രവർത്തനം കൂടിയായി വിശദീകരിക്കാൻ കഴിയേണ്ടതുണ്ട്.

മലയാള ഭാഷയുടെ ആധുനികീകരണം എന്ന പേപ്പർ 2012 -ൽ കാലടി

സംസ്കൃത സർവകലാശാലയിലെ എം.എ മലയാളം സിലബസിലെത്തിയപ്പോഴാണ് ഇതിന് ആദ്യമായി മാറ്റമുണ്ടാകുന്നത്. ജോർജ്ജ് മാത്തന്റെ ബാലാഭ്യസനം, മക്തിതങ്ങൾ, ഫ്രോൺ മേയർ, സഹോദരൻ അയ്യപ്പൻ തുടങ്ങിയവരുടെ ഭാഷാ കാഴ്ചപ്പാടുകൾ ഉൾപ്പെടെ ഉൾക്കൊണ്ട പാഠ്യപദ്ധതിയിൽ ഭരണഭാഷ, കോടതി ഭാഷ, ഭാഷാസാങ്കേതികത, പഠനമാധ്യമം, ഭാഷയും സാമ്പത്തിക രാഷ്ട്രീയവികാസവും തമ്മിലുള്ള ബന്ധം എന്നിവയെല്ലാം ചർച്ചാവിഷയമായി. ഭാഷാപുരോഗതിക്ക വേണ്ടി നിലകൊള്ളുന്ന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇവയുടെ ലക്ഷ്യങ്ങളും അതിൽ ചർച്ച ചെയ്യപ്പെട്ടു. ഭാഷാശാസ്ത്ര പഠനത്തിന്റെ ഭാഗമായല്ല ഈ പേപ്പർ വന്നത് എന്നതു കൂടി ശ്രദ്ധിക്കേണ്ടതാണ്. നിരവധി എം.എ. പ്രബന്ധങ്ങൾ ഈ വിഷയങ്ങളെ മുൻനിർത്തി വന്നു. പല വിദ്യാർത്ഥികളും ഈ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പിഎച്ച്.ഡി തലത്തിൽ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് എം.ജി. സർവകലാശാലയിലും തത്തുല്യമായ ഒരു പേപ്പർ വന്നു. മലയാള സർവകലാശാലയിൽ 'മലയാളത്തിന്റെ വിജ്ഞാനപദവി' എന്ന പേരിലുള്ള ഒരു പേപ്പർ എല്ലാ വിദ്യാർത്ഥികൾക്കുമായി പഠിക്കാൻ വന്നതും ഇതിനെത്തുടർന്നാണ്.

ഭാഷയ്ക്കു വേണ്ടി ഇറങ്ങി പ്രവർത്തിക്കേണ്ട ആവശ്യകതയെക്കുറിച്ച് അക്കാദമികതലത്തിൽ തന്നെ ചർച്ച ചെയ്യുന്ന മേരി കോംബ്സിന്റെയും സൂസൻ പെൻഫീൽഡിന്റെയും വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം: 'ഭാഷാവകാശത്തിൽനിന്ന് ഭാഷാനയത്തിലേക്കുള്ള പാത വിരിച്ചിരിക്കുന്നത് ഭാഷയ്ക്കുവേണ്ടിയുള്ള സന്നദ്ധപ്രവർത്തനത്തിലൂടെയാണ്. ഈ വഴി പക്ഷേ നിയമമേഖലയിലും അവകാശ, ഉത്തരവാദിത്ത ചർച്ചകളിലും രാഷ്ട്രീയത്തിലും വളരെ കുറച്ചേ തിരിച്ചറിയപ്പെട്ടിട്ടുള്ളൂ. ഭാഷാപ്രവർത്തനം ഒച്ചപ്പാടുകൾ നിറഞ്ഞതാവണം എന്ന ഗിൽറ്റിന്റെ വാദത്തെ ഞങ്ങൾ പിന്തുണയ്ക്കുന്നു. കാരണം അത്തരം ഒച്ചപ്പാടുകളില്ലെങ്കിൽ പുരോഗതിയുമില്ല. ഒച്ചപ്പാടുണ്ടാക്കുന്ന ഭാഷാപ്രവർത്തനംകൊണ്ട് എന്ത് റിസ്കാണ് ഭാഷാപ്രവർത്തക ഏറ്റെടുക്കുന്നത്? ഏതെല്ലാം മേഖലകളിലാണ് ഭാഷാപ്രവർത്തനം ഏറ്റവും ഫലപ്രദമാകുക? ഭാഷാപ്രവർത്തനത്തിൽ മാധ്യമങ്ങളുടെ പങ്കെന്താണ്? അധീശഭാഷയ്ക്കു മുമ്പിൽ ഒരു ന്യൂനഭാഷ അനുഭവിക്കുന്ന പ്രശ്നങ്ങൾ എടുത്തുകാട്ടുന്നതിൽ പ്രഭാഷകരുടെയും ഭാഷാശാസ്ത്രജ്ഞരുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും പങ്കെന്താണ്?...വായനക്കാരിൽനിന്ന് പങ്കാളിത്തം ഞങ്ങൾ ആവശ്യപ്പെടുന്നു. ഭാഷാപ്രശ്നങ്ങളോടുള്ള നമ്മുടെ

നിസ്സംഗമായ മനോഭാവം മാറ്റാനും ഭാഷാരാഷ്ട്രീയത്തിൽ നിർമാണാത്മകവും സ്വാധീനശക്തിയുമുള്ള മട്ടിലുള്ള സന്നദ്ധപ്രവർത്തനത്തിലേർപ്പെടാൻ തയ്യാറാകാനും നിങ്ങളെ ക്ഷണിക്കുന്നു'.

## അനുബന്ധം 1

### കുറിപ്പുകൾ

1. "Without the disrupters, campaigners and ideological pests, all noble words amount to nothing but blackboard dust"- Todd Gitlin- Letter to a Young Activist-2003

2. "The activity of preparing a normative orthography, grammar, and dictionary for the guidance of writers and speakers in a homogenous speech community"

3. ഇവർ എടുത്തുകാട്ടിയ പ്രമുഖ മുൻകാല പഠനങ്ങൾ ഇവയാണ്: അയ്മെ സിസയറിന്റെ കൊളോണിയലിസത്തെക്കുറിച്ചുള്ള വ്യവഹാരം (Aime Cesaire- Discourse on Colonialism ഫ്രഞ്ച് 1950), പിയറി ദുമോങിന്റെ കറുത്ത ആഫ്രിക്കക്ക് ഇപ്പോഴും ഫ്രഞ്ച് സംസാരിക്കാൻ കഴിയുമോ? (Pierre Dumont- Can Black Africa Still Speak French? ഫ്രഞ്ച് 1986), ചിനുവ അച്ചബെയുടെ ഇനിയും സൃഷ്ടിദിനത്തിന്റെ പ്രഭാതം (Chinua Achebe- Morning Yet on Creation Day 1975), നൈജീരിയൻ ഭാഷാശാസ്ത്രജ്ഞനായ അയോ ബാംഗ്ബോസിന്റെ ഭാഷയും ദേശവും (Ayo Bamgbose Language and Nation: The Language Question in Subsaharan Africa 1976), ഭാഷയും പുറന്തള്ളലും (Language and Exclusion : The Consequence of Language Policies in Africa 2000), ഫ്രാന്റ്സ് ഫാനന്റെ കറുത്തതൊലി, വെളുത്ത മുഖംമൂടി (Black Skin, White Masks, ഫ്രഞ്ച് 1952), ലൂയി ജീൻ കാൽവെറ്റിന്റെ ഭാഷാശാസ്ത്രവും കോളനീകരണവും : ഭാഷാസ്വാംശീകരണത്തെക്കുറിച്ച് ഒരു ലഘു പ്രബന്ധം (Linguistics and Colonialism- A Small Treatise on Glottophagy ഫ്രഞ്ച് 1974), ഭാഷ, ശരീരം, സമൂഹം (Language, Body, Society), ഭാഷായുദ്ധങ്ങളും ഭാഷാശാസ്ത്രരാഷ്ട്രീയവും (Language Wars and Linguistic Politics 1987) വിൽഫ്രഡ് എച്ച് വൈറ്റ്ലിയുടെ സ്വതന്ത്ര്യം നേടിയ ആഫ്രിക്കൻ രാജ്യങ്ങളുടെ ഭാഷാനയങ്ങൾ എന്ന ലേഖനം (Language Policies of Independant African States', 1971), ജോൺ സ്പെൻസർ എഡിറ്റു ചെയ്ത പശ്ചിമാഫ്രിക്കയിലെ ഇംഗ്ലീഷ് ഭാഷ (The English Language in West Africa, 1971), കോളനീകരണപരമായ ഭാഷാനയങ്ങളുടെ അവയുടെ പൈതൃകവും(Colonial Language Policies and their Legacies', 1971) എന്ന അദ്ദേഹത്തിന്റെ തന്നെ ലേഖനം, എൻഗുഗി വാ തിങാംഗോവിന്റെ മനസിന്റെ അപകോളനീകരണം. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്തെ പല നേതാക്കളുടെയും ചിന്തകരുടെയും പേരും ഇതിൽ കൂട്ടിച്ചേർക്കേണ്ടതാണ്. ഒരു തരത്തിൽ

പറഞ്ഞാൽ മേൽസൂചിപ്പിച്ച പല ചിന്തകരെക്കാളും മുമ്പ് ഈ പ്രശ്നം ഇന്ത്യൻ ദേശീയ പ്രസ്ഥാന കാലത്ത് ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

4. ഭാഷാനയത്തെക്കുറിച്ചുള്ള കാംബ്രിജ് കൈപ്പുസ്തകത്തിൽ കോളനീകരണത്തെയും മൂന്നാംലോകഭാഷാപ്രശ്നങ്ങളെയും ഭാഷാപ്രവർത്തനത്തെയും സംബോധന ചെയ്യുന്ന പ്രധാന ലേഖനങ്ങൾ ഇവയാണ്: Robert Phillipson- `Imperialism and Colonialism', Mary Carol Combs and Susan Penfield- `Language Activism and Language Policy', Jospeh Lo Bianco- `National Language revival movements : reflections from India, Israel, Indonesia and Ireland', Sinfree Makoni, Busi Makoni, Ashraf Abdelhay and Pedzisai Mashiri- `Colonial and Postcolonial Language Policies in Africa: Historical and emerging landscapes', Richard B Baldauf Jr and Hoa Thi Mai Niguyen- `Language Policy in Asia and the Pacific'.

5. കറുത്ത ഭാഷാശാസ്ത്രം, പ്രതിരോധഭാഷാശാസ്ത്രം എന്നീ സങ്കല്പനങ്ങളുടെ വിശദീകരണത്തിന് നോക്കുക: ഭാഷയും മൂന്നാംലോകവും എന്ന ലേഖനം, മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം, പി.പവിത്രൻ.

6. സഞ്ജയ് ശ്രീവാസ്തവയുടെ കോളനിയനന്തര ഇന്ത്യയെ നിർമിക്കൽ: ദേശീയസ്വഭാവും ഡൂൺ സ്കൂളും എന്ന പുസ്തകം നോക്കുക.

7. ടോവ് സ്കൂട്ട്നാബ്-കാംഗാസ് എഴുതിയ 'ഭാഷാസൂത്രണവും ഭാഷാവകാശങ്ങളും' എന്ന ലേഖനം നോക്കുക.

8. കെ.ആർ.സജിതയുടെ നവോത്ഥാനത്തിന്റെ മലയാളം എന്ന പുസ്തകം നോക്കുക.

## സംസ്കൃത സർവകലാശാലയിലെ മലയാളഭാഷയുടെ ആധുനികീകരണം എന്ന കോഴ്സിന്റെ സിലബസ്

നവോത്ഥാനകാലം മുതൽ സാങ്കേതികവും വൈജ്ഞാനികവും വിദ്യാഭ്യാസപരവും രാഷ്ട്രീയവുമായ തലങ്ങളിൽ മലയാള ഭാഷ നേടുന്ന വളർച്ച പരിചയപ്പെടുത്തുന്നതാണ് ഈ പേപ്പർ.

യൂണിറ്റ്: 1 നവോത്ഥാനവും മലയാളഭാഷാവബോധവും

മാതൃഭാഷ, ലോകഭാഷകളിൽ മലയാളത്തിന്റെ സ്ഥാനം, നവോത്ഥാനവും കേരളം, മലയാളം എന്നീ സങ്കല്പങ്ങളുടെ വളർച്ചയും-മാതൃഭാഷയ്ക്കു വേണ്ടിയുള്ള ശ്രമങ്ങൾ-മക്തി തങ്ങൾ, ജോർജ്ജ് മാത്തൻ, എ.ആർ.രാജരാജ വർമ്മ. പഠനമാധ്യമം, ഐക്യകേരളം എന്ന സങ്കല്പം. ഐക്യ കേരള പ്രസ്ഥാനം.

വിശേഷ പഠനം:

ജോർജ്ജ് മാത്തൻ: 'ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം' ( മൂന്നാം ഖണ്ഡം മാത്രം)(1867) (ഡോ.സാമുവൽ ചന്ദനപ്പിള്ളി- റവ.ജോർജ് മാത്തൻ-കൃതികളും പഠനവും,പു.435-447)

ജോഹന്നസ് ഫ്രോൺ മേയർ- പ്രകൃതിശാസ്ത്രത്തിലെ സമർപ്പണലേഖനം (1883)-

(കാവുമ്പായി ബാലകൃഷ്ണൻ-മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം-ഒരു പഠനം-അനുബന്ധം)

മക്തി തങ്ങൾ- 'തമിഴ രാജ്യം മുതൽ മലയാള രാജ്യനിവാസികളായ മുസ്ലിം ജനവും വിദ്യാഭ്യാസവും' (മക്തി തങ്ങളുടെ സമ്പൂർണ കൃതികൾ , കേരള ഇസ്ലാമിക് മിഷൻ,തിരൂർ 6, 1981)

എ.ആർ.രാജരാജ വർമ്മ- 'നാട്ടുഭാഷാവിദ്യാഭ്യാസം'(ഏ.ആർ. രാജരാജവർമ്മയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ,രഞ്ജിമ പബ്ലിക്കേഷൻസ്, മാമ്മൂട്, 1987)

സഹോദരൻ അയ്യപ്പൻ- 'മലയാള ഭാഷയുടെ അഭിവൃദ്ധി മാർഗ്ഗം' (1934)

(സഹോദരൻ അയ്യപ്പൻ: ജീവിതവും കൃതികളും,എം.പി.ഷീജ എഡി.മൈത്രിബുക്സ്,തിരുവനന്തപുരം,2010)

യൂനിറ്റ് 2: ഭാഷയുടെ മാനകീകരണവും ആധുനികീകരണവും

വാമൊഴിയിൽനിന്ന് വരമൊഴിയിലേക്ക്, മലയാള അക്കങ്ങൾ, സാഹിത്യചരിത്രങ്ങൾ, നിഘണ്ടുക്കളുടെ വരവ്, പ്രാദേശിക ഭാഷാഭേദങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ്, ലക്സിക്കോഗ്രാഫി, അച്ചടി, പത്രം, പത്രഭാഷ, മാധ്യമഭാഷ. ഭാഷാ സാങ്കേതികത: മലയാളം ടൈപ്പ് റൈറ്റർ, ലിപിയുടെ പരിണാമം. ലിപി പരിഷ്കരണ കമ്മിറ്റികൾ.അച്ചടി: പുതിയ ലിപി, കമ്പ്യൂട്ടർ മലയാളം, മലയാളം സോഫ്റ്റ് വെയർ, അതിനുള്ള ശ്രമങ്ങൾ, സ്ഥാപനങ്ങൾ.

വിശേഷ പഠനം:

ഇ.വി. രാമകൃഷ്ണൻ- 'വർത്തമാന പത്രങ്ങളുടെയും അച്ചടി യന്ത്രങ്ങളുടെയും വ്യാപനത്തോടെ മലയാളിയുടെ സാഹിത്യസങ്കല്പനങ്ങളിലും ഭാഷാ വ്യവഹാരങ്ങളിലും സംഭവിച്ച മാറ്റങ്ങൾ'. (എം.എൻ. വിജയൻ എഡി. നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം, വാല്യം 2)

ടി.ബി. വേണുഗോപാല പണിക്കർ- 'മലയാള ലിപി പരിഷ്കരണം: ഭൂതവും ഭാവിയും' (ജനപഥം, നവം 2009)

സന്തോഷ് തോട്ടിങ്ങൽ- 'പ്രത്യയപ്രധാനവും പ്രത്യയയോജനവും മലയാള ഭാഷാ കമ്പ്യൂട്ടിംഗിന്റെ വെല്ലുവിളികൾ,' (ഡോ.കെ.എസ്. പ്രകാശ്, ഡോ.

എസ്.എ.ഷാനവാസ് ( സംശോ.) മലയാളഭാഷയും ആഗോളവത്കരണവും, പ്രകാശന വിഭാഗം, കേരള സർവകലാശാല , തിരുവനന്തപുരം, 2010)

നിഖിൽ നമ്പ്യാർ, വിമൽ ജോസഫ്- 'മലയാളം ഇൻസ്ക്രിപ്ഷൻ കീ ബോർഡ് എങ്ങിനെ ഉപയോഗിക്കാം?' (ജനപഥം നവം 2009)

എം.മുകുന്ദൻ- 'ഒരു സാക്ഷാൽ തിയ്യൻ മറ്റൊരു തിയ്യനോട് ഇംഗ്ലീഷ് പറയുമോ?' (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2010 ജന 24-30)

യൂനിറ്റ് 3: വിജ്ഞാനഭാഷ

വിജ്ഞനഭാഷയെന്ന നിലയിൽ പത്തൊമ്പതാം നൂറ്റാണ്ടുവരെയുള്ള മലയാളത്തിന്റെ വളർച്ച, വിജ്ഞാനഭാഷയുടെ വികാസം, വിജ്ഞാനകോശങ്ങൾ, മലയാള പദകോശത്തിന്റെ ആധുനികീകരണം. അർത്ഥ പരി ണാമം, വിവർത്തന ഗ്രന്ഥങ്ങൾ, ശാസ്ത്ര ഗ്രന്ഥങ്ങൾ, ഭൗതിക ശാസ്ത്രങ്ങൾ, സാമൂഹ്യ ശാസ്ത്രം. ഇന്ത്യൻ ഭാഷകളിൽ നിന്നുള്ള വിവർത്തനം. ഇംഗ്ലീഷ് ഭാഷയിൽ നിന്നുള്ള വിവർത്തനങ്ങൾ, മറ്റു ലോകഭാഷകളിൽ നിന്നുള്ള വിവർത്തനങ്ങൾ, സാങ്കേതിക പദങ്ങൾ, സാങ്കേതിക പദസൂചി. പാഠപുസ്തക കമ്മിറ്റി, മാതൃഭാഷാ വിദ്യാലയങ്ങൾ- ഉപരിവിദ്യാഭ്യാസവും മാതൃഭാഷയും, ക്ലാസിക്കൽ പദവി.

വിശേഷ പഠനം:

കെ.എം.ഗോവി- 'പുസ്തകം നൂറ്റാണ്ടുകളിലൂടെ, പരീക്ഷണങ്ങളും അനുഭവങ്ങളും' (എം.എൻ.വിജയൻ എഡി.-നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം, വാല്യം 3)

വി.കെ. ആദർശ്- 'വിക്കിപീഡിയയും മലയാളവും' ( ജനപഥം, 2009 നവം)

കെ.സേതുരാമൻ- 'ഉന്നതവിദ്യാഭ്യാസം' ( മലയാളത്തിന്റെ ഭാവി,കെട്ടുകഥകളുടെ അടിസ്ഥാനം എന്ന അധ്യായം, പു 104-123)

രവീന്ദ്രൻ- 'ചലച്ചിത്രസാമഗ്രിയായി മാറുന്ന ഭാഷ' ( മലയാളം, മാതൃഭൂമി, കോഴിക്കോട്)

പുതുശ്ശേരി രാമചന്ദ്രൻ- 'മലയാളത്തിന് ക്ലാസിക് പദവി'(പുതുശ്ശേരി രാമചന്ദ്രൻ-തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ,കേരളസാഹിത്യ അക്കാദമി, 2010)

യൂനിറ്റ് 4:

ഭരണഭാഷ- മലയാള ഭാഷയുടെ ഭരണപരവും രാഷ്ട്രീയവുമായ വികാസം

ഭരണഭാഷയും ജനാധിപത്യവൽക്കരണവും, ലോക മാതൃഭാഷാ ദിനം, ഇന്ത്യൻ ഭരണഘടനയിൽ ഭാഷകളുടെ സ്ഥാനം, മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിലെ ഭരണമണ്ഡലത്തിൽ മലയാളഭാഷയ്ക്കുണ്ടായിരുന്ന സ്ഥാനം. ഭരണഭാഷയ്ക്കുള്ള കമ്മിഷൻ. കോമാട്ടിൽ അച്യുതമേനോൻ

കമ്മിഷൻ. ഔദ്യോഗികഭാഷാ പ്രഖ്യാപനം 1969. കോടതി ഭാഷ- നരേന്ദ്രൻ കമ്മിഷൻ-ഭരണഭാഷാ പ്രോത്സഹന നടപടികൾ- ജില്ലാ താലൂക്ക് തല ഔദ്യോഗിക ഭാഷാ സമിതികൾ, ഭാഷയ്ക്കു വേണ്ടിയുള്ള പ്രസ്ഥാനങ്ങൾ.

### വിശേഷ പഠനം:

ശൂരനാട്ടു കുഞ്ഞൻ പിള്ള: 'മലയാളം ഭരണഭാഷാപദവിയിലേക്ക്'( ഭരണഭാഷ,ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ വകുപ്പ്, കേരള സർക്കാർ)

ജസ്റ്റിസ് നരേന്ദ്രൻ -1. ഭമലയാളം കോടതികളിൽ' ( ഭരണഭാഷ) -2. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് -സംഗ്രഹം (ഔദ്യോഗികഭാഷാ സംബന്ധമായി കേരള സർക്കാർ പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളും സർക്കുലറുകളും, അനുബന്ധം 1, കേരളസർക്കാർ, 2002,)

പി.ഗോവിന്ദപിള്ള- 'ഭാഷയുടെ രാഷ്ട്രീയം' (? )

ടി.ടി.ശ്രീകുമാർ- 'ഭാഷാപ്രതിസന്ധിയുടെ സാമൂഹ്യപശ്ചാത്തലം' (വിജ്ഞാന കൈരളി, 1990 ജൂലൈ)

ജോർജ് ഇരുമ്പയം- 'മലയാള സംരക്ഷണം, എന്തിന്? എങ്ങിനെ?' (മലയാളവും മലയാളിയും. കറന്റ് ബുക്സ്,തൃശ്ശൂർ, 1992)

### അനുബന്ധം 2

മലയാളഭാഷയുടെ ആധുനികീകരണം എന്ന കോഴ്സിനെ മുൻനിർത്തി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, തിരൂർ പ്രാദേശികകേന്ദ്രം മലയാളവിഭാഗത്തിൽ ചെയ്ത എം.എ. ലഘുപ്രബന്ധങ്ങൾ

1. മുസ്ലിംമതവിദ്യാഭ്യാസവും മാതൃഭാഷാപഠനവും-ജന്നത്തുന്നിസ ടി പി എൻ 2013
2. മലപ്പുറം ജില്ലയിലെ ഭരണകേന്ദ്രങ്ങളിലെ മലയാളഭാഷയുടെ പുരോഗതി - ശരണ്യ എൻ. 2014
3. ശാസ്ത്രമാസികകളിലെ ഭാഷ-ശാസ്ത്രകേരളത്തെ മുൻനിർത്തി ഒരു പഠനം-ശ്രീലക്ഷ്മി സി. 2015
4. വിദ്യാർത്ഥികളിലെ വായന- വിദ്യാലയഗ്രന്ഥശാലകളെ കേന്ദ്രീകരിച്ചുള്ള പഠനം-അനഘ 2016
5. ഭാഷാവിവേചനം ഹയർസെക്കന്ററി സ്കൂളുകളിലെ പഠനമാധ്യമത്തെ മുൻനിർത്തിയുള്ള പഠനം-ശ്രുതി പി. 2016
6. സൈബർ മലയാളം - സിനാജ് ടി.സി. 2016
7. ആധുനിക വിവരസാങ്കേതികവിദ്യയും ഭാഷാനയവും-കേരള

സർക്കാറിന്റെ ഭാഷാസമീപനത്തെ മുൻനിർത്തിയുള്ള പഠനം -ഷിഗിന കെ. 2017

8. മാതൃഭാഷയും ആയുർവേദപഠനവും -ആര്യ എ.പി. 2017
9. പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് മാധ്യമവൽക്കരണം-നിമ്മി സി. എ. 2017
10. കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസവും മാതൃഭാഷാപഠനമാധ്യമവും -പുഷ്പജൻ കെ.കെ. 2017
11. പത്താംതരത്തിലെ ഊർജ്ജതന്ത്രപഠനവും മലയാളഭാഷയും-പ്രശ്നങ്ങളും സാധ്യതകളും മുൻനിർത്തിയുള്ള പഠനം-മീനാകുമാരി 2017
12. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - മനു കെ.വി. 2018
13. ശബ്ദതാരാവലിയിലെ പ്രകൃതിശാസ്ത്രപദങ്ങൾ-ഗംഗ 2018
14. ശിശുവിദ്യാഭ്യാസവും മാതൃഭാഷയും -ജിത്തു കെ. 2018
15. പാലക്കാട്ടെ തമിഴ്ഭാഷാന്യൂനപക്ഷങ്ങൾ-സിന്ധു കെ.വി. 2018
16. മലയാളത്തിലെ സാങ്കേതിക വൈജ്ഞാനിക ഗ്രന്ഥങ്ങൾ-അഞ്ജുഷ എൻ. 2019
17. മലയാളത്തിലെ ഓൺലൈൻ പത്രങ്ങൾ-മീനു പി. 2019
18. ഭരണഭാഷ പ്രാദേശിക തലത്തിൽ-അക്ഷയകേന്ദ്രം, കുടുംബശ്രീ എന്നിവയെ മുൻനിർത്തിയുള്ള പഠനം-നസീഫ വി. 2019
19. മലയാളഭാഷയുടെ ഉപയോഗം മൊബൈൽ ഫോണിൽ- മുഹസിന ഇബ്നു റഹ്മാൻ 2019
20. സോവിയറ്റ് പ്രസിദ്ധീകരണങ്ങൾ-വിജ്ഞാനവിനിമയവും കേരളീയ വായനാമണ്ഡലവും-ചിത്ര പി.പി. 2019
21. ഭരണഭാഷ-പാലക്കാട് ജില്ലയെ മുൻനിർത്തിയുള്ള പഠനം-ദൃശ്യ എസ്. 2019
22. ശാസ്ത്രസാഹിത്യം മലയാളത്തിൽ- ഉജ്ജ്വല കെ. 2019
23. മലയാള സിനിമയിലെ ഇംഗ്ലീഷ് പ്രയോഗങ്ങൾ-ഒരു സാംസ്കാരിക വിശകലനം-ഗ്രീഷ്മ ജി. 2020
24. മലയാളത്തിലെ ഭൗതികശാസ്ത്ര സാങ്കേതികപദങ്ങൾ-വിജ്ഞാനശബ്ദാവലി, ത്രിഭാഷാപദകോശം, പാഠപുസ്തകം എന്നിവയെ മുൻനിർത്തിയുള്ള പഠനം-മിഥുൻ ഗോപി സി. 2020
25. മലയാളം ആപ്ലിക്കേഷനുകൾ-പ്രയോഗവും സാധ്യതകളും-ഫർഷ. സി.എ. 2020

## ഗ്രന്ഥസൂചി


1. ഗുഗി വാ തിങ്ഓംഗോ മനസ്സിന്റെ അപകോളനീകരണം, ഗ്രാംഷി ബുക്സ്, കൊല്ലം-1.
2. പവിത്രൻ പി. 2014 മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം, മലയാള ഐക്യവേദി, ചെറുതുരുത്തി.
3. ബിപൻ ചന്ദ്ര 2007 ആധുനിക ഇന്ത്യ വിവ.സെന്നു കുര്യൻ ജോർജ്, ഡി.സി ബുക്സ്, കോട്ടയം.
4. മക്തി തങ്ങൾ 2006 മക്തി തങ്ങളുടെ സമ്പൂർണകൃതികൾ, വചനം ബുക്സ്, കോഴിക്കോട്.
5. രാജരാജവർമ്മ എ.ആർ. 1987 ഏ.ആർ.രാജരാജവർമ്മയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, രഞ്ജിമ പബ്ലിക്കേഷൻസ്, മമ്മൂട്.
6. ഷീജ എം.പി. 2010 സഹോദരൻ അയ്യപ്പൻ-ജീവിതവും കൃതികളും ,മൈത്രി ബുക്സ്, തിരുവനന്തപുരം.
7. സജിത കെ.ആർ. 2009 നവോത്ഥാനത്തിന്റെ മലയാളം, പ്രോഗ്രസ് ബുക്സ്, കോഴിക്കോട് -4.
8. സാമുവൽ ചന്ദനപ്പള്ളി 1992 റവ.ജോർജ്ജ് മാത്തന്റെ കൃതികളും പഠനവും , ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചന്ദനപ്പള്ളി.
9. സേതുരാമൻ കെ. 2011 മലയാളത്തിന്റെ ഭാവി, മാതൃഭൂമി ബുക്സ്, കോഴിക്കോട്
10. Antia, Bassey Edem 2000 Terminology and Lanauge Planning, John Benjamins Publishing Company, Amsterdam/Philadelphia.
11. Arnetha Ball etal ( eds.) 2002 Black Linguistics: Language, Society and Politics in Africa and the Americas, Routledge, London.
12. Calvet, Louis Jean 1987 Language Wars and Linguistic Politics, Tr. Michel Petheram,Oxford University Press.
13. Combs, Mary Carol & Susan Penfield 2012 `Language Activism and Language Policy', in The Cambridge Handbook of Language Policy, Ed. Bernard Spolsky,Cambridge University Press.
14. Cooper. Robert L 1989 Language Planning and Social Change, CUP
15. Davies Wilfred V & Evelyn Ziegler Lanauge Planning and Micro-Linguistics-Introduction
16. Deumert, Ana etc 2020 Colonial and Decolonial Linguistics-Knowledges and Epistemes, OUP.
17. Fisherman, Joshua A 2006 Do Not Leave your Language Alone-The Hidden Agendas Within Corpus Planning in Language Policy,Lawrence Elbaum Associates, Publishers. London.

18. Haugen, Einar Language Conflict and Language Planning: The Case of Modern Norwegian, Harvard University Press, 2013

19. Jernudd, Bjorn & Jill Nekvapil 2012 `Histoy of the Field : a sketch' in The Cambridge Handbook of Language Policy, Ed. Bernard Spolsky,Cambridge University Press.

20. Kennedy Chris 'Language Planning', Language Teaching ,Vol. 15 No.4, 1982 Oct.

21. Kloss, Heinz 1969 Research Problems in Bilingualism,Qubec: International Research Center on Bilingualism .

22. Lindsay Milligan- A Systems Model of Language Planning, CamLing 2007

23. Leglise, Isabelle& Bettina Migge 2007 `Langugage and Colonialism-Applied Linguistics in the Context of Creale Communities', https://halshs.archives-ouvertes.fr/halshs- 00292388

24. Mukherjee , Meenakshi 2000 Interrogating Postcolonialism-Theory, Text and Context, Indian Institute of Advance Study, Shimla.

25. Nekvapil. Jiri 2011 ` The Histoy and Theory of Language Planning'in Handbook of Research in Second Language Teaching and Learning Vol2, Eli Hinkel (Ed. ) Routledge, New York.

26. Phillipson, Robert 1992 Linguistic Imperialism, OUP

27. Rubin, Joan & Bjorn H Jernudd- 1971 Can Language be Planned? Sociolinguistic Theory for Developing Nations, University of Hawaii Press.

28. Spolsky, Bernard 2009 Language Policy, OUP.

29. Skutnabb-Kangas, Tove 2008 `Language Planning and Language Rights', in Handbook of Applied Linguistics Vol 9, Linguistic Diversity and Language Change, Marlis Hellinger & Anne Powels, Mouton Gruyter.

30. Srivastava, Sanjay 1998 Constructing Post-Colonial India: National Character and the Doon School, Routledge, London &N.Y

*athulpavithran@rediffmail.com*

# ആഗോളീകരണകാലത്തെ മലയാളഭാഷാസൂത്രണം

സന്തോഷ് എച്ച്.കെ.

അസോ. പ്രൊഫസർ, എസ്.എൻ. ജി.എസ്. കോളേജ്, പട്ടാമ്പി

### പ്രബന്ധസംഗ്രഹം

ലക്ഷ്യബോധത്തോടെയുള്ള ഒരു ഭാഷാസൂത്രണവും അതിനുപിറകിൽ ദീർഘവീക്ഷണത്തോടെയുള്ള ഭാഷാനയവും ഇതുവരെ മലയാളത്തിനു ണ്ടായിട്ടില്ല. രാഷ്ട്രാനന്തരകാലമെന്നോ ആഗോളീകരണകാലമെന്നോ വിളിക്കപ്പെടുന്ന തൊണ്ണൂറുകൾക്കുശേഷമുള്ള ലോകാവസ്ഥ ദേശീയത കളെയും ദേശാതിർത്തി സങ്കല്പങ്ങളെയുംതന്നെ പുനർനിർണ്ണയിക്കുന്ന കാലത്ത് ദേശീയതാകാലഭാഷാസൂത്രണപദ്ധതിയിലും വലിയ മാറ്റങ്ങളു ണ്ടാവുന്നുണ്ട്. പുതിയ നൂറ്റാണ്ടിലെ ആഗോളീകരണകാലത്തെ ഭാഷാസൂ ത്രണം എന്തായിരിക്കണം എന്ന ചിന്ത എല്ലാഭാഷകളിലും സജീവമായ കാലത്ത് കേരളത്തിൽ ഇനിയും രൂപപ്പെടേണ്ടിയിരിക്കുന്ന ഭാഷാനയവും ഭാഷാസൂത്രണവും ആഗോളീകരണകാലത്തെക്കൂടി അഭിസംബോധന ചെയ്യേണ്ടതെങ്ങനെയെന്ന് പ്രബന്ധം ചർച്ച ചെയ്യുന്നു.

**താക്കോൽവാക്കുകൾ:**

ഭാഷാസൂത്രണം, അധിനിവേശ ആധുനികത, ആഗോളീകരണം, ഇന്റർനെറ്റ് ഭാഷ, മലയാളഭാഷാസൂത്രണം, ഭാഷാഭിമുഖ്യം

### ആമുഖം

ഭാഷയ്ക്ക് ഘടനാപരമായും സാമൂഹ്യബന്ധപരമായും സ്വന്തം ഡിസൈനുണ്ട്. സാമൂഹ്യസംവിധാനപരമായ ആസൂത്രണം പുറത്തുനിന്ന് ഭാഷയ്ക്കുമേലും പ്രവർത്തിക്കുന്നുണ്ട്. ഭാഷാസൂത്രണം ഇങ്ങനെ ജൈവികമായി നടന്നുകൊ ണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്. എന്നാൽ ഹാലിഡേ പറയുന്നതുപോലെ

അതിനൊരു നിശ്ചിത രൂപകല്പനയും രൂപസംവിധാനപരമായ ഘടകങ്ങളും നൽകുകയാണ് ഭാഷാസൂത്രണം ചെയ്യുന്നത് (Halliday, 177). അതുകൊണ്ടുതന്നെ അത് കേവലം ഭാഷാശാസ്ത്രത്തിന്റെ ഡൊമെയിനിൽ നടക്കുന്ന പ്രവർത്തനമല്ല. സാമൂഹ്യശാസ്ത്രം, രാഷ്ട്രതന്ത്രം തുടങ്ങി വിവിധ സാമൂഹ്യമാനവികവിഷയങ്ങൾ കൈകോർത്ത അന്തർവൈജ്ഞാനികതലത്തിൽ നടക്കേണ്ട ഒന്നാണ് ഭാഷാസൂത്രണം.

1960-കളിലാണ് സാമൂഹ്യഭാഷാശാസ്ത്രത്തിന്റെ മണ്ഡലത്തിൽ ഭാഷാസൂത്രണവും ഭാഷാനയവും ഒരു പുതിയ വിഷയമേഖലയായി വികസിക്കുന്നത് (Cooper). എന്നാൽ ഭാഷയുടെ തെരഞ്ഞെടുപ്പ്, ആസൂത്രണം, സംരക്ഷണം, ഭാഷയുടെ നാശം തുടങ്ങിയ പല ആലോചനകളും അതിനുമുന്നേതന്നെ ഭാഷാവിചാരങ്ങളിൽ സജീവമായുണ്ടായിരുന്നു. ബി. സി. മൂവായിരത്തിൽ പാണിനി തന്നെ ഭാഷയ്ക്കുണ്ടാവേണ്ട ഏകതയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഭാഷാസൂത്രണം പൊളിറ്റിക്സ്, സ്റ്റാറ്റിറ്റിസ്റ്റിക്സ്, എക്കണോമിക്സ്, നരവംശശാസ്ത്രം, ഘടനാവാദം, സോഷ്യോളജി തുടങ്ങിയ വിഷയമേഖലകളുടെ ഉൾക്കാഴ്ചകൾ ഉപയോഗിച്ച് ഒരു അന്തർവൈജ്ഞാനികസ്വഭാവത്തിലാണ് വികസിക്കുന്നതും (Cobarrubias and Fishman).

ഭാഷയെ സംബന്ധിച്ച് ആധുനികഭാഷാശാസ്ത്രം വികസിച്ച കാലത്തുതന്നെയുണ്ടായിരുന്ന ഒരു സങ്കല്പനം അതിന്റെ സ്വയം നിർണ്ണീത അവസ്ഥയെ പറ്റിയായിരുന്നു. ഭാഷ സ്വാധികാരപൂർവ്വകമായ ഒരു വ്യവസ്ഥയാണെന്ന വാദം മുന്നോട്ടുവെക്കുന്നില്ലെങ്കിലും ഒരു ഭാഷകനിലും ഭാഷ പൂർണമായും നിലനിൽക്കുന്നില്ല, ആ വ്യവസ്ഥ പൂർണ്ണാവസ്ഥയിൽ ഇരിക്കുന്നത് കലക്റ്റിവിറ്റിയിലാണെന്നു സസ്യൂർ പറയുമ്പോൾ സമഗ്രതയിൽ നിൽക്കുന്ന ഒരു ഭാവനാത്മകവ്യവസ്ഥയാണെന്ന ആശയം ഉറപ്പിക്കുന്നുണ്ട്. ഭാഷയുടെ ചലനാത്മകവും നിരന്തരപരിണാമിയുമായ ഭാഷാഭേദ വൈവിധ്യത്തിലായിരുന്നില്ല സസ്സൂറിയൻ പോസ്റ്റ് സസ്യൂറിയൻ ഊന്നൽ, ശാസ്ത്രീയവും നിർദേശാത്മകവും ആയ ഒരു ഭാഷാശാസ്ത്രം മുന്നിൽകണ്ട് ഒരു അമൂർത്ത ഏകപാഠത്തെ ഉറപ്പിക്കുകയാണവർ ചെയ്തത്. പിന്നീടുവന്ന ദേശീയവാദികൾക്കാകട്ടെ ഭാഷാസൂത്രണം എന്നുപറയുന്നത് ഒരു ഏക മാനകപാഠത്തെ ഉറപ്പിക്കലായിത്തീർന്നു.

അധികാരിസമൂഹം മുകളിൽനിന്ന്, പലപ്പോഴും പുറത്തുനിന്ന് അടിച്ചേൽപ്പിക്കുന്ന ഒന്നായി ഭാഷാസൂത്രണം മാറി. മാനകങ്ങൾ ഭാഷയുടെ ജൈവികതയിൽനിന്നല്ല രൂപപ്പെട്ടത്. ഈ ഏകരൂപാത്മക മൂർത്തസങ്കല്പത്തെ ഭാഷാശാസ്ത്രത്തിനകത്ത് ആദ്യം എതിർത്തത് വൊളോഷിനോവും മെദ്വദേവും

ബക്തിനുമായിരുന്നു. ഭാഷയുടെ സാമൂഹികജൈവികതയിലായിരുന്നു അവരുടെ ഊന്നൽ. അവരിൽ ഭാഷയുടെ കേന്ദ്രം പെർഫോമൻസിലേക്ക് ഷിഫ്റ്റ് ചെയ്യപ്പെടുന്നു.

ഇങ്ങനെ ഭാഷയെ സമീപിക്കുന്നതിൽത്തന്നെ രണ്ടു വ്യത്യസ്തരീതികൾ ഭാഷാശാസ്ത്രത്തിലുണ്ട്. ഒരു നിശ്ചിതവ്യവസ്ഥ എന്ന നിലയ്ക്കും സാമൂഹ്യപ്രയോഗം എന്ന നിലയ്ക്കും. ഈ സമീപനരീതികൾ തമ്മിലുള്ള തർക്കവിതർക്കങ്ങൾ ഭാഷാശാസ്ത്രത്തിലെ സംഘർഷഭൂമികളാണ്, എന്നും. മലയാളഭാഷാസൂത്രണ പദ്ധതികൾ - അങ്ങനെയൊന്നുണ്ടെങ്കിൽ അത് എല്ലാ കാലത്തും വ്യവസ്ഥാവാദികളുടെ നിയന്ത്രണത്തിലായിരുന്നു. ഐക്യകേരളാനന്തരം ജനാധിപത്യഭരണകൂടങ്ങൾ ഭാഷാസൂത്രണത്തിൽ ദീർഘകാലനയങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലത്ര ശ്രദ്ധാലുക്കളായിരുന്നില്ല എന്നുവേണം പറയാൻ. ഭാഷാസൂത്രണത്തിന്റെ വിവിധതലങ്ങളിലെ പ്രവർത്തനങ്ങൾക്ക് ചില വകുപ്പുകളോ സർക്കാർ ഏജൻസികളോ അവരുടെ മുൻകയ്യിൽ നടന്ന ചില ചട്ടപ്പടിപ്രവർത്തനങ്ങളോ ആണു നമുക്കാകെ ചൂണ്ടിക്കാണിക്കാനുള്ളത്. ഭരണതലത്തിൽനിന്ന് താഴേക്കു നടക്കേണ്ട ഇത്തരം ചിട്ടപ്പടി ഭാഷാപ്രവർത്തനങ്ങൾക്ക് പിറകിൽ ലക്ഷ്യബോധത്തോടെയുള്ള ഒരു ഭാഷാസൂത്രണവും അതിനുപിറകിൽ ദീർഘവീക്ഷണത്തോടെയുള്ള ഒരു ഭാഷാനയവുമുണ്ടാവണം. അടുത്ത ഇരുപത്തിയഞ്ചുവർഷത്തെ മലയാളിവ്യവഹാരലോകമെന്തായിരിക്കും? ഇരുപത്തിയഞ്ചുവർഷത്തേക്ക് മലയാളിക്ക് ആവശ്യമുള്ള മലയാളമെന്തായിരിക്കണം? എത്രയായിരിക്കണം? അതിനുവേണ്ടി മലയാളമെത്ര വികസിപ്പിക്കണം എത്ര ചുരുക്കണം? എന്ന ഏത് ആസൂത്രണത്തിനും പിറകിലുണ്ടാവേണ്ട ചില മൗലികമായ ആലോചനകൾ ഭരണതലത്തിൽ ഉണ്ടായിട്ടില്ല. മറ്റു പല വികസിതരാഷ്ട്രങ്ങളിലും ഉള്ളപോലെ ഭാഷാസൂത്രണത്തിനായി ഒരു വകുപ്പ് നമുക്കില്ല.

ആഗോളതലത്തിൽ ദേശരാഷ്ട്രങ്ങളുടെ പിറവിക്കൊപ്പം ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു പ്രവിശ്യയാണല്ലോ കേരളം. കോളണിയിൽനിന്ന് വിമുക്തമായ നാഷൺ സ്റ്റെയ്റ്റുകളും സ്റ്റെയ്റ്റ് നാഷനുകളും രൂപീകരിക്കപ്പെട്ട കാലത്ത് ആധുനികദേശത്തെയും ദേശീയതയെയും കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായാണ് ഭാഷയെ ദേശീയതയുടെ ഐക്കണായി വികസിപ്പിക്കുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങളുണ്ടാവുന്നത്. കോളണികൾ സ്വതന്ത്രരാഷ്ട്രങ്ങളായി ആഫ്രിക്കയിൽ, ഏഷ്യയിൽ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിലൊക്കെ വികസിച്ചുവരുന്നതോടെയാണ്

ഭാഷാസൂത്രണവും ഉണ്ടാവുന്നത്. ഭാഷാപരമായ അധിനിവേശത്തിൽനിന്നുള്ള വിടുതി എന്ന നിലയ്ക്കായിരുന്നു ഇവിടങ്ങളിൽ ഭാഷാസൂത്രണസംരംഭങ്ങൾ ഉണ്ടായതെങ്കിൽ അമേരിക്കയിലും യൂറോപ്പിലും അത് കുടിയേറ്റ ജനത സൃഷ്ടിച്ച ബഹുവംശീയസംസ്കാരവുമായി ബന്ധപ്പെട്ടായിരുന്നു (Fishman).

## മലയാളിയുടെ ഭാഷാഭിമുഖ്യം

ഇന്ത്യയെ പോലെ ബഹുഭാഷാദേശീയതയുള്ള രാജ്യങ്ങളിൽ ഭാഷകൾക്ക് പദവിപരമായ ക്രമക്കണക്കുകളും അതിന്റെ പേരിലുള്ള കലാപങ്ങളും ഈ അധികാരബലതന്ത്രങ്ങൾക്കനുസരിച്ച് സവിശേഷഭാഷാനയവും രൂപപ്പെട്ടു വന്നു. ഈ ദേശീയവാദകാല ഭാഷാസൂത്രണപദ്ധതികൾക്ക് അനുബന്ധമായാണ് മലയാളത്തിലും നടേ പരാമർശിച്ച് പല വകുപ്പുകളും ചില്ലറപ്രവർത്തനങ്ങളും ഉണ്ടായത്.

രാഷ്ട്രാനന്തര കാലമെന്നോ ആഗോളീകരണകാലമെന്നോ വിളിക്കപ്പെടുന്ന തൊണ്ണൂറുകൾക്കു ശേഷമുള്ള ലോകാവസ്ഥ ദേശീയതകളെയും ദേശാതിർത്തിസങ്കല്പങ്ങളെയുംതന്നെ പുനർനിർണ്ണയിക്കുന്ന കാലത്ത് അതിലധിഷ്ഠിതമായ ദേശീയതാകാലഭാഷാസൂത്രണപദ്ധതിയിലും വലിയ മാറ്റങ്ങളുണ്ടാവുന്നുണ്ട്. പുതിയ നൂറ്റാണ്ടിലെ ആഗോളീകരണകാലത്തെ ഭാഷാസൂത്രണം എന്തായിരിക്കണം എന്ന ചിന്ത എല്ലാ ഭാഷകളിലും സജീവമായ കാലത്ത് കേരളത്തിൽ രൂപപ്പെടേണ്ട ഭാഷാനയവും ഭാഷാസൂത്രണവും ആഗോളീകരണകാലത്തെക്കൂടി അഭിസംബോധന ചെയ്യുന്നതായില്ലെങ്കിൽ മുൻകാല ആസൂത്രണങ്ങളിലെ ഭാവനാപരമായ പിഴവ് ഒരിക്കൽക്കൂടി ആവർത്തിക്കുകയും അത് ഭാഷാപദവിയെതന്നെ വീണ്ടും പിറകോട്ടടിക്കുകയും ചെയ്യുന്നതിലേക്കും നയിക്കും.

ഭരണതലത്തിലെ ദേശീയതാവാദകാലത്തെ ഭാഷാസൂത്രണത്തിലെ ഈ ഭാവനാപരമായ പിഴവെന്തായിരുന്നു എന്ന് അന്വേഷിക്കേണ്ടത് അപ്പോൾ പുതിയ ഭാഷാസൂത്രണകാഴ്ചപ്പാടിനെകുറിച്ചുള്ള അന്വേഷണത്തിന്റെ ആദ്യ പടവാണ്. ഭാഷാപ്രവർത്തനങ്ങൾ ഭരണകൂടത്തിനും ഭാഷാസമൂഹത്തിനുമിടയിൽ നടക്കുന്നതാണെങ്കിൽ അതിനുപിറകിലെ ഭാഷാസൂത്രണവും ഭാഷാനയവും ഭരണകൂടനിഷ്ഠമായ മേഖലകളാണ്.

എന്നാൽ ഇതിനെല്ലാം അടിപ്പടവായി നിൽക്കുന്ന സമൂഹനിഷ്ഠമായ ചില ഭാഷാമേഖലകളുണ്ട്. ഭരണകൂടങ്ങളെ ഭാഷാനയരൂപീകരണത്തിനും ഭാഷാസൂത്രണത്തിനും പ്രചോദിപ്പിക്കുകയോ ചിലപ്പോഴൊക്കെ തിരുത്തുകയോ ചെയ്യുന്ന ഭാഷാമുന്നേറ്റങ്ങൾ താഴെനിന്ന് മുകളിലേക്ക് പ്രവർത്തിക്കുന്ന

സാമൂഹ്യബലതന്ത്രമാണ്. അതിന് പ്രേരകമാവുന്നതാകട്ടെ ഒരു സമൂഹത്തിൽ നിലനിൽക്കുന്ന ഭാഷാമനോഭാവമാണ്. ഈ ഭാഷാഭിഭാവം വളർത്താനുള്ള നടപടികളും മികച്ച ഭാഷാസൂത്രണത്തിന്റെ ലക്ഷണമാണ്.

ഐക്യമലയാളപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ അവസാനം നടന്ന പി.എസ്.സി. സമരമടക്കം ദുർബലമായ ചുരുക്കം ചില മുന്നേറ്റങ്ങളെ ഈ ദിശയിൽ താഴെനിന്ന് മുകളിലേക്ക് നടന്നിട്ടുള്ളൂ എന്നതാണ് മലയാളത്തിലെ ഈ തലത്തിലുള്ള കഥ. ഇതിനുകാരണമായ മലയാളഭാഷയോടുള്ള മലയാളിയുടെ മനോഭാവത്തെപ്പറ്റിയാകട്ടെ വിസ്തരിക്കേണ്ടതുമില്ല. ചുരുക്കത്തിൽ നാളിതുവരെ നടന്ന ദേശീയതാവാദകാല ഭാഷാപ്രവർത്തനങ്ങൾ, ഭാഷാസൂത്രണം, ഭാഷാമുന്നേറ്റങ്ങൾ, ഭാഷയോടുള്ള അഭിഭാവം എന്നിവ കർക്കശമായി പരിശോധിച്ചും അതിലെ പിഴവുകൾ തിരുത്തിയും അതോടൊപ്പം പുതിയ ആഗോളസാഹചര്യങ്ങൾക്കനുസരിച്ച് മറ്റ് ലോകഭാഷകളിൽ എന്തൊക്കെ അസൂത്രണസംരംഭങ്ങൾ നടക്കുന്നു എന്നു പരിശോധിച്ചും മലയാളിയുടെ ഭാവികാലജീവിതത്തിനനുഗുണമായി മലയാളഭാഷയെ അസൂത്രണം ചെയ്യാൻ പര്യാപ്തമായ ഒരു ഭാഷാനയത്തിലേക്കെത്താനാവൂ.

കോളോണിയൽ ആധുനികത എന്ന സാമൂഹ്യ/ ജ്ഞാന നിർമ്മിതി രാഷ്ട്രീയ അധികാരപ്രയോഗം, ആധുനിക ജ്ഞാനമണ്ഡലത്തിന്റെ സ്ഥാപനം, സാംസ്കാരികാധിനിവേശം, ആധുനിക പൗര/ ലോകബോധത്തിന്റെയും സിവിലിയൻ സാമൂഹ്യക്രമത്തിന്റെയും സംസ്ഥാപനം, ശാസ്ത്രസാങ്കേതികത വിദ്യയുടെ വ്യാപനം, ഉത്പാദനമേഖലയുടെയും ഉത്പാദനബന്ധങ്ങളുടെയും പുന:ക്രമീകരണം, മധ്യവർഗത്തിന്റെ രൂപീകരണവും പരിണാമവും എന്നീ തലങ്ങളിലൂടെ സാധ്യമായപ്പോൾ ഭാഷകളോടുള്ള നിലപാടുകളും രൂപപ്പെട്ടുന്നുണ്ട്. സംസ്കൃതത്തെ തിരസ്കരിച്ച് മലയാളത്തിന്റെ സ്വതന്ത്രതയ്ക്ക് വേണ്ടിയുള്ള ശ്രമങ്ങളുണ്ടായപോലെ ഇംഗ്ലീഷിനൊടുള്ള അഭിനിവേശത്തോടൊപ്പംതന്നെ ഇംഗ്ലീഷിന്റെ നാറ്റമില്ലാത്ത തനിമലയാളവരമൊഴിക്കുവേണ്ടിയുള്ള ശ്രമങ്ങളും ആദ്യഘട്ടത്തിലുണ്ടാവുന്നുണ്ടെങ്കിലും ഇംഗ്ലീഷിന്റെ ജ്ഞാനാധികാരത്തെ അംഗീകരിച്ചുമുന്നോട്ടുപോകുന്ന കൊളോണിയൽ ഭക്തിക്ക് തന്നെയായിരുന്നു മുൻതൂക്കം.

പിന്നീട് കേരളീയാധുനികതയുടെ സ്വാതന്ത്ര്യാനന്തരകാലം രൂപപ്പെടുത്തിയ മധ്യവർഗസമൂഹവും അതു സൃഷ്ടിച്ച പൊതുബോധവുമാണ് ഭരണകൂടങ്ങളെ നിയന്ത്രിച്ചത്. കൊളോണിയൽ ഹാങ്ങോവറുള്ള, വേണ്ടത്ര ജനാധിപത്യവത്കരിക്കപ്പെടാത്തതും ബ്യൂറോക്രസിക്ക് അടിപ്പെട്ടതും അതോടൊപ്പം

ജാതിജന്മി നാട്ടുവാഴിത്ത സാംസ്കാരികശീലങ്ങൾ നിലനിൽക്കുന്നതുമായ ഒരു സാമൂഹ്യബോധവും മൂല്യസങ്കല്പവും തീർത്ത നമ്മുടെ സാമൂഹ്യാവസ്ഥ ഇംഗ്ലീഷിന്റെ സാംസ്കാരിക മേൽക്കോയ്മയെയും മലയാളത്തിലെ മധ്യകാല വരേണ്യഭാഷാക്രമത്തെയും ഒരുപോലെ ആശ്ലേഷിക്കുന്നതായി കാണാം. മലയാളത്തിന്റെ ഏകമാനത്വം ഉറപ്പിക്കുന്നതോടൊപ്പം ചെറുഭാഷകളുടെ സൂക്ഷ്മജൈവലോകത്തെ ഇല്ലാതാക്കി ആ സമൂഹങ്ങളെ ഈ പൊതുമല യാളത്തിലേക്ക് പരിവർത്തിപ്പിക്കുകയും ചെയ്തു. ആദിവാസികളടക്കമുള്ള ഈ ചെറുസമൂഹങ്ങൾ പൊതുമലയാളത്തിൽ വിവർത്തിതസമൂഹങ്ങളായി പെരുമാറേണ്ടി വരുന്നത് അതുകൊണ്ടാണ്.

ഈ പറയുന്ന മധ്യവർഗസമൂഹം ആഗോളീകരണം എന്ന സവിശേഷ സാമൂഹ്യ സാമ്പത്തികാവസ്ഥയെ സമീപിക്കുന്നതിലും ഈ വൈരുദ്ധ്യം കാണാം. ഒരു ഭാഗത്ത് ഉപരിപ്ലവമായി രാഷ്ട്രീയമായ എതിർപ്പ് പ്രകടിപ്പിക്കു മ്പോഴും സൂക്ഷമതലത്തിൽ അതിനെ സ്വാശികരിക്കാനും ആ അവസ്ഥകളെ ചൂഷണം ചെയ്യാനുമുള്ള പ്രവണത കാണിക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പ് പ്ര വർത്തിക്കുന്നുണ്ട്. തിങ്കിങ്ങ് ഗ്ലോബലി ആക്റ്റിങ്ങ് ലോക്കലി എന്ന മുദ്രാവാക്യം സ്വമനസ്സാലേ സ്വീകരിച്ചവരാണ് മലയാളി പ്രബലസമൂഹങ്ങൾ.

ഈ മധ്യവർഗതാത്പര്യം എങ്ങനെയാണ് നമ്മുടെ നടപ്പ് ഭാഷാസൂത്ര ണപദ്ധതികളിൽ പ്രവർത്തിച്ചത് എന്ന് പരിശോധിച്ചാൽ നമ്മുടെ മുൻകാല നയങ്ങളിലെ അടിസ്ഥാനപരമായ പിഴവ് ബോധ്യപ്പെടും.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അഭൂതപൂർവ്വമായ വിജയം നേടുന്ന നാളുകളിലൂടെയാണല്ലോ കടന്നുപോകുന്നത്. അവബോധരൂപീ കരണത്തോടൊപ്പം പൊതുവിദ്യാഭ്യാസത്തെ മെച്ചപ്പെടുത്താനുള്ള പല പ്രവർത്തനങ്ങളും സർക്കാർ തലത്തിലുണ്ടായി. അവയിൽ ചിലതുനോക്കുക.

» ഇന്റർനാഷണൽസ്കൂൾ സങ്കല്പം (പ്രാദേശിക സ്കൂളല്ല)
» ഭൗതികസൗകര്യം മെച്ചപ്പെടുത്തൽ ഗതാഗതവും
» സ്മാർട്ട് ക്ലാസ്സ് റൂം
» മലയാളം മീഡീയം പൊതുസ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ തുടങ്ങുക

ഇവ പരസ്പരപൂരകമാണെന്നും അത് മധ്യവർഗതാത്പര്യങ്ങളെ പ്രീണിപ്പി ക്കുന്നതാണെന്നും എൺപതുകൾക്കൊടുവിൽ സജീവമായ സ്വകാര്യ അൺ എയിഡഡ്ഇംഗ്ലീഷ് മീഡിയം സ്കൂൾ വിദ്യാഭ്യാസത്തെ പ്രതിരോധിക്കാനു ള്ളതാണെന്നും വ്യക്തമാണല്ലോ. മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കുള്ള

കൊഴിഞ്ഞുപോക്ക് പൊതുവിദ്യാഭ്യാസത്തിൽ നിന്ന് സ്വകാര്യവിദ്യാഭ്യാസത്തിലേക്കുള്ളതാവാതെ നോക്കാനുള്ള ആത്മാർത്ഥശ്രമമാണിതിനു പിറകിൽ എന്നു വ്യക്തം. പ്ലസ് റ്റുതലം തൊട്ടുള്ള ശാസ്ത്രപഠനം മലയാളത്തിലും കൂടിയാക്കാനും (ശ്രദ്ധിക്കണം മലയാളത്തിൽ മാത്രമാക്കാനല്ല, മലയാളത്തിലും കൂടി ആക്കാൻ) കെ. എ. എസ്. പരീക്ഷാ ചോദ്യം മലയാളത്തിലും കൂടിയാക്കാനും (ശ്രദ്ധിക്കണം മലയാളത്തിൽ മാത്രമാക്കാനല്ല, മലയാളത്തിലും കൂടി ആക്കാൻ) നടത്തിയ പരിശ്രമങ്ങൾ, ആവശ്യങ്ങൾ, സമരങ്ങൾ എന്നിവയോട് മലയാളി പൊതുബോധം എങ്ങനെ പ്രതികരിച്ചു എന്നതുകൂടി മുൻപറഞ്ഞ ഭരണതാത്പര്യത്തിനനുപൂരകമായി അല്ലെങ്കിൽ പ്രേരകമായി മധ്യവർഗസമൂഹം പ്രവർത്തിക്കുന്നു എന്നതിനു തെളിവാണ്.

ഭരണതലത്തിൽ ആസൂത്രണം ചെയ്യപ്പെട്ട മലയാളവുമായി ബന്ധപ്പെട്ട് ഈയിടെ ഒരു ഓഫീസ് അപേക്ഷയുടെ മാതൃകകയും ആദ്യ കെ.എ .എസ്സ് പരീക്ഷയ്ക്ക് ചോദിച്ച മലയാളം ചോദ്യങ്ങളും വലിയ ട്രോളുകൾക്ക് നിമിത്തമായതു നാം കണ്ടതാണ്. ആദ്യത്തേത് ഓഫീസ് ഔദ്യോഗിക വരമൊഴിയിൽ പ്രവർത്തിക്കുന്ന മലയാളമാണെങ്കിൽ മറ്റേത് ഓഫീസ് ഉദ്യോഗാർത്ഥിയിൽ പ്രവർത്തിക്കേണ്ട അഭികാമ്യമലയാളത്തെയാണ് ഉന്നം വെക്കുന്നത്. രണ്ടും വർത്തമാനാവസ്ഥയെ പോയിട്ട് മലയാളത്തിന്റെതന്നെ ആധുനികമുഖത്തെ പ്രദർശിപ്പിക്കുന്നില്ലെന്നു പറയേണ്ടതില്ലല്ലോ. നമ്മുടെ ഓഫീസിലെ പൊതുസമൂഹവ്യവഹാരവും വാമൊഴിയിലും വരമൊഴിയിലും ഇതിൽനിന്നു നൂറ്റാണ്ടുകൾ മുന്നോട്ട്പോയിക്കഴിഞ്ഞു എന്നതാണു സത്യം. ഇവിടെ സംഭവിച്ചതെന്താണ്? കൊളോണിയൽ കാല അധികാരിഭാഷയായ ഇംഗ്ലീഷിനെ അതേ ശൈലിയിൽ ആധുനികപൂർവ്വ നാടുവാഴിത്ത വരേണ്യ അധികാരഭാഷകൊണ്ടു പകരം വെക്കുന്ന പ്രവർത്തനമാണു നടന്നതെന്നു കാണാം. ആധുനിക ജനാധിപത്യ സംസ്കാരം ഭരണകൂടത്തിലും അതിന്റെ അധികാരഘടനയിലും ആഴത്തിൽ പ്രവർത്തിക്കാത്തതുകൊണ്ടാണ് ഈ അധികാരഭാഷ അട്ടിമറിക്കപ്പെടാതെ പോയി വെറും ഫോസിലായി മാറിയത്. ആഗോളഭാഷയായ ഇംഗ്ലീഷിനു മുന്നിൽ കൂടുതൽ പരിഹാസ്യമായ നിലയിലേക്ക് മലയാളഭാഷാപദവിയെ ഇകഴ്ത്താനാണ് ഇത്തരം വികലവീക്ഷണങ്ങൾ സഹായിക്കുക എന്നു വ്യക്തം. ഭരണമലയാളത്തിനെതിരെ കഴിഞ്ഞ ദിവസങ്ങളിലിറങ്ങിയ ട്രോളുകളുടെ സാമൂഹ്യപാഠമതാണ്.

അതായത് ആസൂത്രണം ചെയ്തുണ്ടാക്കുന്ന മലയാളമേതാണെന്നതാണു ചോദ്യം. അതെന്റെ മലയാളമല്ല എന്റെ മലയാളമിങ്ങനല്ലാ എന്ന് ശരാശരി

വാമൊഴിമലയാളി വിലപിക്കുംവിധം മലയാളം മാനകമാക്കുകയെന്നാൽ അതിനെ സവർണ്ണ ശ്രേഷ്ഠഭാഷയാക്കുകയാണെന്നും മലയാളത്തിലേക്കാക്കു കയെന്നാൽ സംസ്കൃതമാക്കുകയാണെന്നും ക്ലിഷ്ടമണിപ്രവാളശൈലിയാണ് (അധമമണിപ്രവാളം എന്നു ലീലാതിലകം തന്നെ പറയുന്നു) വൈജ്ഞാനിക ഭാഷയ്ക്കും ഭരണഭാഷയ്ക്കും അനുയോജ്യമെന്നുമുള്ള നമ്മുടെ ഭാവി മലയാളത്തെ കരുപ്പിടിപ്പിക്കാനുള്ള ചന്തമലയാളവും ചിന്താമലയാളവും അതുപോലെ ജനമലയാളവും അധികാരിമലയാളവും ആദ്യന്തം അകലം പാലിക്കണമെന്ന അബോധം അടിപ്പടവിൽ പ്രവർത്തിക്കുന്ന നടപ്പു ഭാഷാസൂത്രണകാഴ്ചപ്പാടി ലാണു അടിസ്ഥാന പ്രശ്നമെന്നു വ്യക്തമാവും.

ഇതിൽനിന്ന് ഇനി മുന്നോട്ടു പോകേണ്ടതെങ്ങനെ എന്ന ചോദ്യത്തിനു മുന്നേ തൊണ്ണൂറുകൾക്കുശേഷം ആഗോളതലത്തിലും അതിനനുബന്ധമായി കേരളത്തിലും സംഭവിച്ച സവിശേഷമാറ്റങ്ങളെയും അതിനനുസരിച്ച് വിവിധ മേഖലകളിലെ ആസൂത്രണങ്ങളിൽ സംഭവിച്ച പാരഡൈം ഷിഫ്റ്റിനെയും കൂടി മനസ്സിലാക്കണം. ഈ അടിമുടിമാറ്റത്തെ ആഗോളീകരണമെന്നു വിളിക്കാം.

ആഗോളവത്കരണത്തിന്റെ ഭാഗമായി സംഭവിച്ച മാറ്റങ്ങളെ അത് ലോകഭാഷകളിൽ സൃഷ്ടിച്ച മാറ്റങ്ങളെയും സാമാന്യമായി മനസ്സിലാക്കാം. സ്യൂ റൈറ്റ് എഴുതിയ Language Policy and Language Planning–From Nationalism to Globalisation എന്ന കൃതി ഈ വിഷയം വിശദമായി മനസ്സിലാക്കുന്നതിന് നല്ലൊരു അവലംബമാണ്

## ആഗോളീകരണത്തിന്റെ സാമാന്യമുഖം.

ആഗോളവത്കരണത്തെ സംബന്ധിച്ച ഒരു ചർച്ച ഈ പ്രബന്ധപരിധി യിൽ വരുന്നില്ല. ഈ സവിശേഷാവസ്ഥ ഭാഷാവികാസത്തെ നിയന്ത്രിക്കുന്ന ഘടകങ്ങളിൽ സൃഷ്ടിച്ച മാറ്റം മാത്രമാണ് സാമാന്യമായി പരാമർശിക്കപ്പെട്ടു ന്നത്. ആഗോളവിനിമയഭാഷയെയും ഭാഷാപദവിയെയും നിർണ്ണയിക്കുന്ന പ്രധാന ഭാഷേതര ഘടകങ്ങൾ രാഷ്ട്രീയാധികാരം, സൈന്യം, വംശീയസ്വത്വ ബോധം, ദേശീയത, സാമ്പത്തിക മേൽക്കോയ്മ, ഉത്പാദനശക്തി, വിപണി മേധാവിത്തം, സാംസ്കാരികമൂലധനം, സാങ്കേതികമുന്നേറ്റം, വിദ്യാഭ്യാസം, ബഹുജനമാധ്യമങ്ങൾ എന്നിവയാണല്ലോ. ഇതോരോന്നും ഭാഷാഭിഭാവത്തെ ഭാഷാവികാസത്തെ അതുവഴി ഭാഷാസൂത്രണത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് വേറെ വേറെ ചർച്ച ചെയ്യേണ്ടതാണെങ്കിലും ഈ പ്രബന്ധത്തിന്റെ ആലോചനാപരിധിയിൽനിന്ന് ഒഴിവാക്കുകയാണ്.

ആഗോളീകരണം നിർവചനത്തിലെ മറ്റ് തർക്കസംഗതികളൊക്കെ മാറ്റിനിറുത്തിയാൽ ലോകത്തെ ദേശാതിർത്തികളെ ദുർബ്ബലമാക്കുകയും ലോകത്തെ കൂടുതൽ ഇന്ററാക്റ്റീവാക്കുകയും ചെയ്യുന്നു എന്ന് ചുരുക്കിക്കെട്ടാം. ആഗോളീകരണകാല അധീശത്വങ്ങൾ ബഹുമുഖവും പരോക്ഷവുമാണെന്നതു പോലെ അതിന്റെ വ്യവഹാരരൂപമായ ആഗോളവിനിമയഭാഷയ്ക്കുമേൽ ആ ഭാഷയുടെ തദ്ദേശീയർക്ക് എന്തെങ്കിലും പ്രത്യക്ഷ അധികാരമോ നിയന്ത്രണമോ ഇല്ലാതാവുകയും ചെയ്യുന്നുണ്ട്. നാഷൻ സ്റ്റെയ്റ്റിന്റെയും സ്റ്റെയ്റ്റ് ഓഫ് നാഷൻസിന്റെയും കാലത്തെ ലോകബോധമല്ല പോസ്റ്റ് നേഷൻ ഘട്ടം എന്ന് വിളിക്കപ്പെടുന്ന ഇക്കാലയളവിലുണ്ടാവുന്നത്.

ദേശരാഷ്ട്ര ആധുനികതയുടെ കാലത്ത് രാഷ്ട്രം അതിന്റെ അതിർത്തികൾക്കകത്ത് ഉദ്ഗ്രഥിതവും ഏകശിലാത്മകവുമായ ഒരു യൂണിറ്റായാണു വിഭാവനം ചെയ്യപ്പെട്ടത്. രാജ്യത്തിനുപുറത്തുള്ള ഒരു നിയമാധികാരത്തെയും അത് അംഗീകരിച്ചിരുന്നില്ല. സ്വന്തമായ പ്രതിരോധത്തിലും സൈനികശക്തിയിലുമുള്ള ഊന്നൽ, ആഭ്യന്തരവിപണിയെ സംരക്ഷിച്ചു നിർത്തൽ, ദേശീയ വിദ്യാഭ്യാസനയത്തിലേക്കും സ്കൂളിങ്ങിലേക്കും എല്ലാവരെയും കൊണ്ടുവരിക, ഒരു ദേശീയ മാധ്യമത്തിന്റെ ആധിപത്യം, ഒരു പൊതുമാനകദേശീയഭാഷയിൽ ദേശാതിർത്തികളെ ഉറപ്പിച്ചു നിർത്തുക തുടങ്ങിയ നയങ്ങളൊക്കെ ഇരുപതാം നൂറ്റാണ്ടിലെ ദേശരാഷ്ട്രാധിഷ്ഠിതലോകക്രമത്തിന്റെ പൊതുതത്ത്വങ്ങളായിരുന്നു. എന്നാൽ ആഗോളവത്കരണം ഈ നയങ്ങളിലൊക്കെ സാരമായ പൊളിച്ചെഴുത്തു നടത്തിക്കഴിഞ്ഞിരിക്കുന്നു.

ദേശാതിർത്തി അല്ലെങ്കിൽ കണ്ടെയിനറുകളായുള്ള രാജ്യങ്ങളുടെ ഭൂപടത്തിലെ കിടപ്പ് മാഞ്ഞുപോകുന്ന കാലമാണ് ആഗോളവതകരണത്തിന്റേത്. രാജ്യാന്തരമനുഷ്യസമൂഹ്യഗണങ്ങളും ഫ്ലോട്ടിങ്ങ് കമ്യൂണിറ്റികളും സജീവമാകുന്നു. രാജ്യങ്ങൾ തന്നെ മുറിഞ്ഞുപോകുന്നു. വലിയ രാജ്യം വലിയ ജനത എന്ന ഗ്രാന്റ് ഹോം ആശയം ആകർഷകമല്ല ഇന്ന് രാജ്യം ചെറുതാവുമ്പോൾ അവയ്ക്ക് എല്ലാ ആവശ്യങ്ങൾക്കും തങ്ങളുടെ ദേശീയഭാഷ എന്നതിനുപകരം കൂടുതൽ മൊബിലിറ്റിക്കുവേണ്ടി മറ്റ് സമ്പർക്കഭാഷകളെ പ്രോൽസാഹിപ്പിക്കാനുള്ള പ്രവണത ഏറിവരുന്നു. ഇവയ്ക്കൊക്കെയും സ്വന്തം സ്വാശ്രയസൈനികശക്തി അപ്രായോഗികമായതുകൊണ്ട് അന്താരാഷ്ട്ര ഏജൻസികളെ രാജ്യസുരക്ഷയ്ക്കു വേണ്ടി വിനിയോഗിക്കുന്നു. അത്തരം അന്താരാഷ്ട്രബന്ധങ്ങളിൽ ഏർപ്പെടുന്നു. ലോകവ്യാപാരത്തിൽ സൈനികസഹകരണത്തിൽ അന്താരാഷ്ട്ര നിയമസഭകളിൽ രാജ്യാന്തരബന്ധം പ്രധാനമായതുകൊണ്ട് ട്രാൻസ്നാഷണൽ

ആയ ഒരു വിഭാഗത്തെ വളർത്തിയെടുക്കാനും അവരെ അന്താരാഷ്ട്ര ലോബിയിങ്ങിനുപയോഗിക്കാൻ സഹായിക്കും വിധം ഇംഗ്ലീഷ് പോലുള്ള ആഗോളഭാഷയിൽ പ്രാവീണ്യമുണ്ടാക്കാനും ശ്രമങ്ങളുണ്ടാവുന്നു. സാമ്പത്തിക ഉദാരീകരണം തുറന്നവിപണികളിലേക്കു മാറിയപ്പൊൾ രാജ്യത്തെ വിപണിയിൽ സ്റ്റെയ്റ്റിന് നിയന്ത്രണം ഇല്ലാതാകുന്നു. ധനമൂലധനത്തിന്റെ നിയന്ത്രണം ബഹുരാഷ്ട്രകോർപ്പറേറ്റുകൾക്കാവുന്നു. ഇവയ്ക്കുമേൽ ഒരു രാജ്യത്തിനും നിയന്ത്രണമില്ലാതാവുന്നു. ആഗോളതലത്തിൽ പ്രവർത്തിക്കുന്ന ഈ ബഹുരാഷ്ട്ര ഏജൻസികളും കമ്പനികളുമാവട്ടെ തങ്ങളുടെ വിനിമയഭാഷയായി ആഗോളഭാഷയെ തെരഞ്ഞെടുക്കുന്നു. സ്റ്റെയ്റ്റിന്റെ നിയമങ്ങൾക്കു പുറത്ത് അന്താരാഷ്ട്ര കോടതികളുണ്ടാവുന്നതാണു മറ്റൊരു മാറ്റം. രാജ്യതാത്പര്യങ്ങൾ ഈ കോടതി നിയമങ്ങൾക്കു മുന്നിൽ പലപ്പോഴും ബലികഴിക്കേണ്ടിവരുന്നു. ഇവിടെയും ലോബിയിങ്ങിനും വ്യവഹാരത്തിനും ആഗോളഭാഷ ആവശ്യമായി വരുന്നു. ഈ ആഗോളീകരണത്തിനെതിരായി പ്രവർത്തിക്കുന്ന ഏജൻസികൾക്കും സന്നദ്ധസംഘടനകൾക്കും ആഗോളസ്വഭാവം കൈവരികയും അവരും വിനിമയഭാഷയായി ആഗോളഭാഷ തന്നെ തെരഞ്ഞെടുക്കുകയും ചെയ്യുന്നുണ്ട് എന്നുമോർക്കണം.

ദേശീയമാധ്യമങ്ങളുടെ കുത്തകയുടെ കാലം കഴിയുകയും ഗ്ലോബൽ കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലുള്ള അന്താരാഷ്ട്രമീഡിയാ ഏജൻസികൾ രംഗത്തുവരികയും ചെയ്യുന്നത് ഈ കാലത്താണ്. ആഗോളമാധ്യമസംസ്കാരം അങ്ങനെ രാഷ്ട്രഭേദമെന്യേ ഒരു പൊതു മീഡിയാസംസ്കാരം സൃഷ്ടിക്കുന്നു. ഇന്റർനെറ്റിലൂടെ വികസിച്ച സോഷ്യൽ മീഡിയ ഇക്കാലത്തെ പുതിയ അവതാരമാണ്. അവിടെയും ആഗോളഭാഷയെന്ന നിലയിൽ ഇംഗ്ലീഷ് ആധിപത്യം തന്നെ. ഇക്കാര്യം വിശദമായി പിന്നീട് ചർച്ച ചെയ്യുന്നുണ്ട്. ദേശീയ വിദ്യാഭ്യാസനയങ്ങൾ അന്താരാഷ്ട്ര വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുകയും വിദ്യാഭ്യാസത്തിലൂടെ അന്താരാഷ്ട്ര കുടിയേറ്റം നടക്കുകയും ചെയ്യുന്നു. അത് നോക്കിയാൽ ഇംഗ്ലീഷ് സംസാരിക്കുന്ന നാട്ടുകളിലേക്കോ ഇംഗ്ലീഷ് മാധ്യമമായ വിദ്യാഭ്യാസസമ്പ്രദായത്തിലേക്കോ ആണെന്നു കാണാം. വിദ്യാഭ്യാസത്തിന്റെ ആഗോളവത്കരണം വിദ്യാഭ്യാസത്തിന്റെ ആഗോളഭാഷയായി ഇംഗ്ലീഷിനെ പ്രതിഷ്ഠിച്ചു കഴിഞ്ഞു.

അന്താരാഷ്ട്ര കുടിയേറ്റങ്ങളുടെ അവസ്ഥയും ഭിന്നമല്ല. സാമ്പത്തിക അഭയാർത്ഥിത്വങ്ങളുടെ ഒഴുക്ക് എങ്ങോട്ടായാലും അത് ഇംഗ്ലീഷ് അധീശ സാമൂഹ്യാവസ്ഥയിലേക്കാണെന്നു വ്യക്തം. മറ്റ് ആവശ്യങ്ങൾക്കായുള്ള

എലീറ്റ് ക്ലാസ്സിന്റെ കുടിയേറ്റങ്ങളിലും ഭാഷാമണ്ഡലം ഇംഗ്ലീഷാണ്. രാഷ്ട്രീയ അഭയാർത്ഥിത്വങ്ങളാണിതിനു പുറത്തുള്ളത്. രാജ്യത്തിനകത്തെ കുടിയേറ്റങ്ങളും അഭയാർത്ഥിത്വങ്ങളും വേറെ പഠിക്കേണ്ടതാണ്. കേരളത്തിൽനിന്ന് അന്താരാഷ്ട്രസമൂഹത്തിലേക്കു ചേക്കേറേണ്ട ലോകമലയാളിയുടെ ഭാഷാസൂത്രണത്തെക്കുറിച്ചേ നമുക്ക് വേവലാതിയുള്ളൂ. കേരളത്തിലേക്കുള്ള അന്യസംസ്ഥാനത്തൊഴിലാളികളുടെ ഭാഷാപ്രശ്നം നമ്മുടെ ഭാഷാസൂത്രണം ഒരിക്കലും ചർച്ച ചെയ്തിട്ടില്ല.

### ഭാഷാപദവികൾ–അധിനിവേശകാലത്തുനിന്ന് ആഗോളീകരണകാലത്തെത്തുമ്പോൾ

കുടിയേറ്റകാലത്ത് മൂന്നുതരം ഭാഷാനയങ്ങളാണു പ്രബലമായിരുന്നത്. ഐക്യപ്പെടലും ലയനവുമായിരുന്നു (അസ്സിമിലേഷൻ) ഒരു തത്ത്വപദ്ധതി. കുടിയേറ്റക്കാർ തദ്ദേശീയ പ്രബലഭാഷയിലേക്ക് സ്വാഭവികമായി ലയിക്കുക എന്ന തത്ത്വമാണു അമേരിക്കയും ജർമ്മനിയും രണ്ടു വഴിക്ക് പിന്തുടരുന്നത്. ബഹുസ്വരത അല്ലെങ്കിൽ ബൈലിംഗ്വലിസമാണു രണ്ടാം വഴി. കാനഡ കോൺഫെഡറേഷൻ ഇതിനുദാഹരണമാണ്.

ബഹുഭാഷാവ്യവസ്ഥയുടെ നിലനിൽപ്പിലൂന്നിയ സ്വിറ്റ്സർലാന്റ് മാതൃകയാണു മൂന്നാമത്തേത്. ഈ മൂന്നുതത്ത്വങ്ങളും ആഗോളീകരണകാലത്ത് പലതലത്തിൽ മുന്നോട്ടുപോകുന്നുണ്ട്. അധിനിവേശകാലത്തുനിന്ന് ആഗോളവത്കരണകാലമെത്തുമ്പോൾ ഭാഷകൾക്കു, പ്രധാന ലോകഭാഷകൾക്കു സംഭവിക്കുന്ന പരിണാമത്തെ റൈറ്റ് വിശദമായി പരിശോധിക്കുന്നുണ്ട് (Wright).

ആഗോളഭാഷയായ ഇംഗ്ലീഷിന്റെ കാര്യം നോക്കുക. 1582 നുമുമ്പ് ഇംഗ്ലീഷ് ഒരു പ്രവിശ്യാഭാഷയായി കുടുങ്ങിക്കിടക്കുകയായിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ യൂറോപ്പിൽ പോകുന്ന ഇംഗ്ലീഷുകാർ ഫ്രഞ്ചോ ഇറ്റാലിയനോ പഠിക്കുന്നത് അഭികാമ്യമാണെന്നും ആഫ്രിക്കയിലേക്കാണെങ്കിൽ ഡച്ചും സ്പാനിഷും അറിഞ്ഞിരിക്കണമെന്നും റിച്ചാർഡ് ഫ്ലക്ക്നോ ഉപദേശിക്കുന്നുണ്ട്. മികച്ച ഭാഷാപഠിതാക്കളായാണു ഇംഗ്ലീഷുകാരെ കരുതിയിരുന്നത്. ഡേവിഡ് ഹ്യൂമിന്റെയും ചെസ്റ്റർഫീൽഡിന്റെയും കാലമാവുമ്പോഴേക്കും ഫ്രഞ്ചിനെ പിന്തള്ളി ഇംഗ്ലീഷ് ലോകഭാഷയായി മാറുമെന്ന പ്രതീക്ഷ പുലരുന്നുണ്ട്. ഇതിൽനിന്നാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ഉച്ചതയിൽ തങ്ങളുടെ ആധുനിക ലിബറൽ ജീവിതാവബോധത്തിന്റെയും സംസ്കാരത്തിന്റെയും വാഹകമായ ഇംഗ്ലീഷ് എല്ലാ വൻകരകളിലെയും ഏക

യൂണിവേഴ്സൽ ഭാഷയായി ഇംഗ്ലീഷ് മാറുന്നു എന്ന പ്രഖ്യാപനത്തിനു വഴി തെളിക്കുംവിധം ബ്രിട്ടീഷ് ഇംഗ്ലീഷ് വളർന്നത്. എന്നാലും അത് ഒരു എലീറ്റ് പ്രതിഭാസമായി കോളണികളിൽ തുടർന്നുപോരുന്നുണ്ട്. 1946 മുതൽ 96 വരെയുള്ള ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അഴിഞ്ഞുപോക്കിന്റെ കാലങ്ങളിൽ ഇംഗ്ലീഷിന്റെ സർവാധിപത്യത്തിനിളക്കം തട്ടുമെന്നാണു പ്രതീക്ഷിക്കപ്പെട്ടത്. പക്ഷേ സംഭവിച്ചത് മറിച്ചാണ്. രണ്ടാം ലോകയുദ്ധത്തിലൂടെ വളർന്നുവന്ന അമേരിക്കയിലൂടെ *പുതിയ സാമ്രാജ്യത്വത്തിന്റെ ഭാഷയായി ഇംഗ്ലീഷ് തുടർന്നു. കോളണികളെ സമ്പന്ന പരിഷ്കൃത ഉപരിവർഗം അവരുടെ സമ്പർക്ക ഭാഷയായും എലീറ്റിസത്തിന്റെ അടയാളമായും ഇംഗ്ലീഷിനെ തുടർന്നുകൊണ്ടുപോകുകയും ചെയ്തു.*

അമേരിക്കൻ ഐക്യനാടുകളിലെ ഭാഷാനയത്തിനു കഴിഞ്ഞ നൂറ്റാണ്ടിലുണ്ടായ മാറ്റം നോക്കിക്കഴിഞ്ഞാൽ തിരിഞ്ഞുള്ള ഒരു ഗതി കാണാനാവും. കുടിയേറ്റത്തെ ചെറുക്കുക അമേരിക്കൻ പാരമ്പര്യവാദം തുടങ്ങിയ ട്രമ്പ് വരെ എത്തിനിൽക്കുന്ന അവിടെ വിജയിച്ച രാഷ്ട്രീയ ആശയങ്ങളുടെ ക്രമാനുഗതമായ മേൽക്കൈയാണിതിനു പിറകിലെന്നുകാണാം. ബ്രിട്ടീഷ് ഇമ്പീരിയലിസത്തിനു പുറത്തുകടന്നയുടനെ ആ അധീശച്ഛായകൾ തുടച്ചുകളയാൻ ഹീബ്രുപോലുള്ള ഭാഷയെ ദേശീയ ഭാഷയാക്കണം എന്ന വാദമുന്നയിക്കപ്പെട്ട ഒരു നാടായിരുന്നു അതെന്നോർക്കണം. അന്നുതന്നെ ഇംഗ്ലീഷ് ഭാഷകസമൂഹത്തിന് ഭൂരിപക്ഷമുള്ള രാജ്യത്ത് ഇംഗ്ലീഷിനെ രാഷ്ട്രഭാഷയാക്കുകയുണ്ടായില്ല. പിന്നീട് യൂറോപ്പിൽനിന്നും ഏഷ്യയിൽനിന്നും വൻ കുടിയേറ്റങ്ങൾ നടന്നപ്പോഴും അവരൊക്കെ ഇംഗ്ലീഷ് അധിഷ്ഠിതവ്യവഹാരത്തിലേക്ക് സന്നിവേശിക്കപ്പെട്ടെങ്കിലും തങ്ങളുടെ ഭാഷാത്തനിമയും അവകാശവും നിലനിർത്തിപ്പോന്നു. ജർമ്മൻകാർ ജർമ്മൻ മീഡിയം സ്കൂളുകളെയാണ് അവിടെയും പ്രോൽസാഹിപ്പിച്ചത്. വൈകിയാണ് കുടിയേറ്റത്തിന് ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം നിർബന്ധിതമാക്കിയത്. 1996 ആവുമ്പോഴേക്കും ഇംഗ്ലീഷിനെ ഔദ്യോഗികഭാഷയായി അംഗീകരിക്കുന്ന സ്റ്റെയ്റ്റുകളുടെ എണ്ണം വളരെയധികം കൂടി. എൺപതുകൾക്കുശേഷം ഇംഗ്ലീഷിതര അമേരിക്കൻ സമൂഹത്തിന്റെ ജനസംഖ്യാനിരക്ക് നാലിരിട്ടിയായതിന്റെ പശ്ചാത്തലത്തിലാണ് കുടിയേറ്റക്കാർക്കെതിരായ കടുത്ത രാഷ്ട്രീയം ട്രമ്പിൽ നിന്നുണ്ടാവുന്നത് ഇംഗ്ലീഷ്. മാത്രവാദം അമേരിക്കയിൽ ശക്തമാവുന്നതും ഇക്കാലയളവിലാണ് (കുടിയേറ്റക്കാരെ പുറത്താക്കുന്ന കടുത്ത നടപടിക്കു പിറകെ ഒറ്റഹിന്ദി വാദം ഇന്ത്യയിൽ മുഴങ്ങുന്നതിന്റെ വഴി അതാണ്). അസമിന്റെ കാര്യത്തിൽ

ഇന്ത്യയിലെ പലരെയുംപോലെ കുടിയേറ്റങ്ങളൊക്കെ ഇല്ലീഗലാണെന്ന് അമേരിക്കക്കാരും വിശ്വസിക്കുന്നുണ്ട് (1996 CBS News poll) വാസ്തവം മറിച്ചാണെങ്കിലും. ഇന്ത്യയെപ്പോലെയായിരുന്നില്ല അമേരിക്ക. അമേരിക്കയ്ക്കൊരു രാഷ്ട്രഭാഷയോ ഔദ്യോഗികഭാഷയോ നിലവിലില്ല. സത്യത്തിൽ ഇംഗ്ലീഷിന് അത്തരമൊരു പദവിയില്ല എന്ന് അമേരിക്കക്കാർക്കുതന്നെ അറിയില്ല. 1987 ൽ നടത്തിയ ഒരു പോൾ പ്രകാരം മൂന്നിൽ രണ്ട് അമേരിക്കക്കാരും ഇംഗ്ലീഷ് അമേരിക്കയുടെ ഔദോഗികഭാഷയാണെന്ന് വിചാരിക്കുന്നവരാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ ഇംഗ്ലീഷിനെ അങ്ങനെ സ്ഥാപിക്കാൻ ശ്രമിച്ചെങ്കിലും വിജയിക്കയുണ്ടായില്ല എന്നതാണു ചരിത്രം. ബഹുസംസ്കാരങ്ങളും ബഹുഭാഷാവ്യവസ്ഥയുമുള്ള തങ്ങളുടെ രാഷ്ട്രത്തിൽ ഒരു പൊതുഭാഷ അടിച്ചേൽപ്പിക്കുന്നത് ഫെഡറൽ തത്ത്വങ്ങൾക്ക് വിരുദ്ധമാണെന്ന് അമേരിക്ക എന്നും കരുതിയിരുന്നു. ഇംഗ്ലീഷ് ഓൺലി മൂവ്മെന്റ് ശക്തമായതിന്റെ തുടർന്ന് തൊണ്ണൂറുകളിലാണ് ഇരുപത്തിയഞ്ചു സ്റ്റെയ്റ്റുകളിൽ ഇംഗ്ലീഷ് ഔദ്യോഗിക ഭാഷാപദവിയിലെത്തുന്നത്. അതിൽ ചിലയിടത്ത് മറ്റു ഭാഷകളുമുണ്ട്, സൈൻ ഭാഷകളുൾപ്പെടെ.

ലോകത്തിലെ ഏറ്റവും രൂക്ഷമായ അധിനിവേശം നടന്ന അമേരിക്കയിൽ യൂറോപ്യൻ വെള്ളക്കാർ കൊന്നുതള്ളിയത് തദ്ദേശീയ അമേരിക്കൻ വംശജരെമാത്രമല്ല. ലോകത്ത് ഏറ്റവും കൂടുതൽ ഭാഷകൾ നിലനിൽക്കുന്ന ഒരു ഭാഷാഗോത്രത്തെക്കൂടിയായിരുന്നു. അഞ്ഞൂറിലധികം ഭാഷകളുണ്ടായിരുന്നത് മിക്കതും ഈ അംഗ്ലീഷ് അധിനിവേശത്തോടെ നശിച്ചുപോയി. യൂറോപ്പിൽനിന്നും ലാറ്റിനമേരിക്കയിൽനിന്നും ഏഷ്യയിൽനിന്നും പലകാലങ്ങളിലായി നടന്ന കുടിയേറ്റങ്ങളാണ് ഇരുപതാം നൂറ്റാണ്ടിലെ അമേരിക്കയെ ബഹുസംസ്കാര വ്യവസ്ഥയാക്കിയത്. അമേരിക്കൻ ദേശീയതാവാദംപോലും ഇംഗ്ലീഷിനെ ദേശീയതയുടെ ഒരു പ്രതീകമായി വ്യാപകമായി ഉയർത്തിക്കാട്ടിയിരുന്നില്ല. തങ്ങളെ ബന്ധിപ്പിക്കുന്ന സാധനം ഇംഗ്ലീഷാണെന്ന പ്രചാരണം എൺപതുകൾക്കുശേഷമാണ് ശക്തമാവുന്നത്.

ഈ ഇംഗ്ലീഷ് മാത്രവാദം അമേരിക്കൻ സമൂഹത്തിൽ പ്രത്യേകിച്ച് ഇംഗ്ലീഷിതരസമൂഹങ്ങളിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെപ്പറ്റി, അമേരിക്കയിലെ ഭാഷാപ്രശ്നങ്ങളെപ്പറ്റി സമഗ്രമായി പഠിക്കുന്ന കൃതിയാണ് കരോൾ ഷ്മിതിന്റെ പൊളിറ്റിക്സ് ഓഫ് ലാംഗ്വേജ്. ഭാഷാരാഷ്ട്രീയം ചർച്ച ചെയ്യുന്ന പുസ്തകങ്ങളിൽ മികവുറ്റത്. അമേരിക്കയുടെ ഭാഷാനയത്തിന്റെ ഭാഷാകലാപങ്ങളുടെ സൂക്ഷ്മചരിത്രം ഈ പുസ്തകം നൽകുന്നുണ്ട്. അതു മാത്രമല്ല ഇംഗ്ലീഷിന്റെ

അടിച്ചേൽപ്പിക്കൽ ഭാഷാന്യൂനപക്ഷങ്ങളിൽ സൃഷ്ടിക്കുന്ന സ്വത്വസംഘർഷങ്ങളും കുടിയേറ്റസമൂഹങ്ങളിലെ ഇംഗ്ലീഷ് പഠനത്തിന്റെ പരിമിതികളും പരിമിത ഇംഗ്ലീഷ് ഭാഷകസമൂഹങ്ങളിൽ വിവിധവിഷയങ്ങളിലെ ബോധന പ്രശ്നങ്ങളും ഇംഗ്ലീഷിലേക്കുള്ള ഷിഫ്റ്റും അമേരിക്കയിൽ നടപ്പാക്കിയിരുന്ന ദ്വിഭാഷാപഠനപദ്ധതി പലയിടത്തും പിൻവലിച്ചതിലെ (proposition 227 കാലിഫോർണിയ) പ്രശ്നങ്ങളുമൊക്കെ വേറെവേറെ അധ്യായങ്ങളിൽ ചർച്ച ചെയ്യുന്നു. കുടിയേറ്റക്കാർക്കിടയിൽ ഇംഗ്ലീഷ് ഏകഭാഷാവാദം ഉറപ്പിക്കുമ്പോഴും ഇംഗ്ലീഷ് ഭാഷാസമൂഹത്തിലെ എലൈറ്റ് ക്ലാസ്സിൽ മറ്റൊരു വിദേശഭാഷ കൂടി ആർജ്ജിക്കുന്നതിനുള്ള പ്രോഗ്രാമും നടപ്പിലാക്കുന്നു എന്ന വൈരുദ്ധ്യം കൂടി അവർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒന്നിലധികം ഔദ്യോഗികഭാഷകൾ നിലനിൽക്കുന്ന സ്വിറ്റ്സർലന്റുമായും കാനഡയുമായും താരതമ്യം ചെയ്തുകൊണ്ടാണ് അമേരിക്കൻ ഭാഷാരാഷ്ട്രീയം അവർ ചർച്ച ചെയ്യുന്നത് (Schmid).

ഇംഗ്ലീഷ് കഴിഞ്ഞാൽ ലോകബന്ധഭാഷാപദവിയിൽ നിലനിന്ന ഫ്രഞ്ച് ഭാഷ ഇരുപത്തിയൊന്നാം നൂറ്റാണ്ടാവുമ്പോഴേക്കും തളർന്നില്ലാതെയാവുന്ന കാഴ്ചയാണു കാണുന്നത്. ഫ്രഞ്ച് കോളണികൾ അസ്തമിച്ചതോടെ അധിനിവേശപ്രഭാവം ഇല്ലാതായ ഫ്രഞ്ച് സാംസ്കാരികമേൽക്കോയ്മയിലൂന്നിയാണ് പിന്നീട് ഈ ലോകഭാഷാപദവിയിൽ നിന്നത്. മോഡേണിസംവരെ ലോകകലയുടെയും സംസ്കാരത്തിന്റെയും തലസ്ഥാനമായി നിലനിൽക്കാൻ പാരീസിനു കഴിഞ്ഞു. കടുത്ത ഭാഷാഭിമാനബോധമുള്ള ഫ്രാങ്കോഫോൺ സമൂഹങ്ങൾ ജർമ്മനിയടക്കം ഫ്രാൻസിനുപുറത്ത് ലോകവ്യാപകമായി പ്രബലമായിരുന്നു. ഈ അഭിജാതവർഗബോധം ഫ്രഞ്ചുഭാഷയുടെ അധീശത്വത്തിനു പിറകിൽ എന്നുമുണ്ടായിരുന്നു. ഫ്രഞ്ചിന്റെ ഈ സ്വാധീനമാണ് യൂറോപ്യൻ യൂണിയനിലെ രാഷ്ട്രങ്ങളിൽ വിദ്യാഭ്യാസകാലത്ത് രണ്ടു വിദേശഭാഷകൾ പഠിക്കണം എന്ന നിബന്ധനയിലേക്കെത്തിക്കുന്നത്. തൊണ്ണൂറുകളോടെ ഈ നയം പരാജയപ്പെട്ടുപോകുന്നുണ്ട്. ആഗോളവത്കരണകാലത്തെ ഫ്ലോട്ടിങ്ങ് തൊഴിൽസമൂഹങ്ങളിൽ ഉപകരണയുക്തിപരമായ മികവ് ഫ്രഞ്ചിനുണ്ടായില്ല. മധ്യവർഗത്തിനോ അടിസ്ഥാനതൊഴിൽസമൂഹത്തിനോ ഫ്രഞ്ച് ആഗോളതൊഴിൽ മാർക്കറ്റിൽ ഒരു അവശ്യസംഗതിയായില്ല. ഏതെങ്കിലും തരം സാമ്പത്തിക വ്യാവസായികമേൽക്കോയ്മ ഫ്രാൻസിനുണ്ടായതുമില്ല. ചരിത്രത്തിന്റെയും നിയമനിർമാണത്തിന്റെയും സംരക്ഷണയുക്തിയുടെയും പിൻബലത്തിൽ മാത്രമാണ് ഫ്രഞ്ച് ഇങ്ങനെ നിലനിന്നുപോന്നത്. തൊണ്ണൂറുകളായപ്പോഴേക്കും ഫണ്ടിങ്ങിലും മറ്റും ഇംഗ്ലീഷ് ജർമ്മൻ ഫ്രഞ്ച് എന്നീ

ഭാഷകൾക്കല്ലാത്ത തദ്ദേശീയ ഭാഷകളിലൂന്നണം എന്ന നയം യൂറോപ്യൻ യൂണിയനിൽ പ്രബലമാവുന്നുണ്ട്. യൂറോപ്യൻ യൂണിയനിൽ ഇംഗ്ലീഷ് ഭാഷാ വിദ്യാഭ്യാസം സ്കൂളുകളിൽ ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തു. യൂറോപ്യൻ യൂണിയനിൽ 1991 ൽ ഇംഗ്ലീഷ് ഭാഷാപഠനം സെക്കണ്ടറി തലത്തിൽ നേടുന്നത് 83 ശതമാനം പേരായിരുന്നെങ്കിൽ അത് 98-99 ആയപ്പൊഴേക്കും 91 ശതമാനം ആയി മാറി. 1994-95 ഇൽ ഫ്രഞ്ച് പഠിക്കുന്നവരുടെ എണ്ണം 25 ശതമാനമായിരുന്നെങ്കിൽ 1996-97 ആവുമ്പൊഴേക്കും 21 ആയി ചുരുങ്ങി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ യൂറോപ്യൻ യൂണിയം മൾട്ടി ലിംഗ്വലിസത്തിലൂന്നിയ വിദ്യാഭ്യാസം ചിട്ടപ്പെടുത്താൻ ശ്രമിച്ചെങ്കിലും 2012 ആവുമ്പൊഴേക്കും ഈ നയം പരാജയപ്പെടുന്നതുകാണാം. 2012-ൽ അമ്പതിനായിരം വിദ്യാർത്ഥികളിൽ നടത്തിയ സർവ്വേയിൽ രണ്ടാം വിദേശഭാഷാശേഷി ഈ ബഹുഭാഷാവിദ്യാഭാസപദ്ധതിയിലൂടെ വന്നവരിൽ വളരെ കുറവാണെന്ന കണ്ടെത്തൽ നടത്തുന്നുണ്ട്. യൂറോപ്യൻ യൂണിയന്റെ ഔദ്യോഗികഭാഷ ഇംഗ്ലീഷായിരിക്കണം എന്ന് 2004 ൽ ജർമ്മൻ പ്രസിഡന്റ് നിർദേശിക്കുകയുമുണ്ടായി. ആഗോള ട്രാൻസ് നാഷണൽ ഭാഷാപദവിയിൽനിന്ന് മെല്ലെ ഫ്രഞ്ച് പടിയിറങ്ങുന്നുണ്ടെങ്കിലും ഈ ഇംഗ്ലീഷ് ആക്രമണം ഫ്രഞ്ച് ഭാഷാസമൂഹങ്ങളിലെ ഫ്രഞ്ച്ഭാഷാപദവിക്ക് പരിക്കേൽപ്പിച്ചിട്ടില്ലെന്നുകൂടി പറയണം.

ജർമ്മൻ ഭാഷ തങ്ങളുടെ രാജ്യത്ത് നിർബന്ധമാക്കുകയും ജർമ്മനി തങ്ങളുടെ കമ്യൂണിറ്റികളിൽ കർശനമായി പിന്തുടരുകയും ചെയ്ത ജർമ്മൻ സർക്കാർ പക്ഷേ യൂറോപ്യൻ യൂണിയന്റെ ഭാഷ ഇംഗ്ലീഷായിരിക്കണമെന്ന് നിർദേശിച്ച എന്നു പറഞ്ഞുവല്ലോ. കുടിയേറ്റജനത ജർമ്മൻ സ്വാംശീകരിക്കണമെന്നും തങ്ങളുടെ ഭാഷയിലേക്കും ദേശീയതയിലേക്കും സംസ്കാരത്തിലേക്കും ലയിക്കണമെന്നുമുള്ള ഭാഷാസൂത്രണ കാഴ്ചപ്പാടു മുറുകെ പിടിക്കുന്ന രാജ്യമാണു ജർമ്മനി.

എന്നാൽ സമ്പർക്കഭാഷയായി ജർമ്മനെ നിലനിർത്തുന്നതിലോ വികസിപ്പിക്കുന്നതിലോ അല്ല അവർ ഊന്നിയത്. കോപ്പൻ ഹേഗൻ ലോകകാലാവസ്ഥാ ഉച്ചകോടിയിൽ പ്രസിഡന്റ് ഇംഗ്ലീഷിൽ സംസാരിക്കാൻ നിർബന്ധിതയായി. എന്നാൽ ആ പരിമിതവും സരളവുമായ ഇംഗ്ലീഷ് ഒരു മാതൃകയായി പിൽക്കാലത്ത് ഉയർത്തികാണിക്കപ്പെട്ടു. വ്യാകരണപരമായി ഏറെ പിഴവുള്ള പ്രൗഢിയില്ലാത്ത ആ ഇംഗ്ലീഷാണു കൂടുതൽ കമ്യൂണിക്കേറ്റീവായതെന്നും ആംഗ്ലോ സാക്സൻ ചട്ടപ്പടി ഭാഷയല്ല

സാമൂഹ്യപ്രയോഗസന്ദർഭങ്ങളിലെ ഈ ഉള്ള ഇംഗ്ലീഷാണ ആഗോള ഇംഗ്ലീഷെന്നും അതുതന്നെയാണ് ഇന്റർനെറ്റ് എന്ന ആഗോളസമൂഹത്തിന്റെ ആഗോളഭാഷയായ ഇംഗ്ലീഷെന്നും സിദ്ധാന്തീകരിക്കപ്പെട്ടു. എന്നാൽ ഈ ഇംഗ്ലീഷിനുമേൽ ഇംഗ്ലീഷ് തദ്ദേശീയതയ്ക്ക് കാര്യമായ ആധിപത്യമില്ലെന്നതും ആംഗ്ലോസാക്സൺ മാനക ഇംഗ്ലീഷിനു പകരം പലതരം കലർപ്പുകളുള്ള സാമൂഹ്യപ്രയോഗത്തിലൂന്നിയ സജീവഭാഷാവ്യവഹാരത്തിനാണ് ഊന്നൽ എന്നതും പ്രധാനമാണ്. രാഷ്ട്രത്തെക്കാൾ ക്ലാസ്സിന്റെ അധികാരമാണ് ഇന്ന് ഇംഗ്ലീഷിൽ നിലനിൽക്കുന്നതെന്നു പറയാം. ഇംഗ്ലീഷ് എന്ന ഏകവചനത്തേക്കാൾ ലോക ഇംഗ്ലീഷുകൾ എന്ന ബഹുവചനപ്രയോഗമാണ് അഭികാമ്യം

ഈ നൂറ്റാണ്ടിലെ ആഗോളസമ്പർക്കഭാഷയായി ചൈനീസ് മാറാനുള്ള സാധ്യതകളെപ്പറ്റി സ്യൂ റൈറ്റ് വിശദമായി ചർച്ച ചെയ്യുന്നുണ്ട്. റൈറ്റ് മുന്നോട്ട് വെക്കുന്ന ശുഭപ്രതീക്ഷകൾക്കനുസരിച്ച് അന്താരാഷ്ട്രതലത്തിൽ ചൈനീസ് ഭാഷ വികസിക്കുന്നതിന് തെളിവുകളായിട്ടില്ല.

ആഗോളവത്കരണം രണ്ടുതരം ഭാഷാസൂത്രണ കാഴ്ചപ്പാടുകൾക്ക് വഴിവെച്ചു. ജപ്പാനും ചൈനയും ആഗോളവത്കരണത്തോടു ഭാഷാസൂത്രണകാര്യത്തിൽ എങ്ങനെ പ്രതികരിച്ചു എന്നത് ഉദാഹരണമായികാണാം. 2009-ൽ ആഗോളീകരണസാഹചര്യത്തിൽ തങ്ങളുടെ ദേശീയഭാഷയിൽ അവർ നടത്തിയ ലിപിപരിഷ്കരണം രണ്ടിന്റെയും ദിശ ഒന്നാണെങ്കിലും കാഴ്ചപ്പാട് വേറെയായിരുന്നു. ജപ്പാനീസ് സംസ്കാരത്തെയും പാരമ്പര്യത്തെയും സംരക്ഷിച്ചു നിർത്തുക എന്ന ദേശീയ നയത്തിന്റെ ഭാഗമായി ജാപ്പനീസ് ഭാഷയെ മോടിപിടിപ്പിക്കാനാണ് ജപ്പാൻ ശ്രമിച്ചത്. അതിനായി തങ്ങളുടെ ലിപികളെ വിപുലീകരിക്കുകയാണവർ ചെയ്തത്. 1946 -ൽ ബഹുജനസാക്ഷരതായജ്ഞത്തിനായി വെട്ടിക്കുറച്ച ലിപികളെ അവർ വിപുലപ്പെടുത്തി. ആഗോളികരണത്തെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വികാസം അച്ചടിയിലുണ്ടാക്കിയ പുതിയ സാധ്യതകളെയും പ്രയോജനപ്പെടുത്തുകയാണവർ ചെയ്തത്. 1971- ൽ ടൈപ്പ് റൈറ്ററിനുവേണ്ടി ഉണ്ടാക്കിയ ലിപി പുതിയ ലിപിയിലേക്ക് വഴിവെക്കുകയും അത് പാഠപുസ്തകങ്ങളിലൂടെ അച്ചടിയിലേക്കും എഴുത്തിലേക്കും വ്യാപിക്കുകയും ചെയ്ത ചരിത്രമാണല്ലോ നമുക്കുള്ളത്. രചന അക്ഷരവേദിയുടെയും മറ്റും പ്രവർത്തനനങ്ങളും സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങ് യൂണികോഡ് മലയാളത്തിൽ വരുത്തിയ മുന്നേറ്റങ്ങളും പഴയലിപിയുടെ പുനഃസ്ഥാപനത്തിനു വഴിവെച്ചെങ്കിലും അതിനെ അംഗീകരിക്കാനോ ഭാഷാസൂത്രണത്തിന്റെ ഭാഗമാക്കാനോ ഭരണതലത്തിൽ നമ്മൾ തയ്യാറായിട്ടില്ല എന്ന് ഓർക്കണം.

ചൈനീസ് ലിപികളെ മാനകീകരിക്കാനും വെട്ടിയൊതുക്കാനുമാണ് പക്ഷേ ചൈന ശ്രമിച്ചത്. ആഗോളഭാഷാപദവിയിലേക്കെത്താനുള്ളശ്രമം എന്ന നിലയ്ക്ക് കമ്പ്യൂട്ടർ സൗഹൃദലളിത ലിപിയിലേക്കെത്തിക്കാനുള്ള കാഴ്ചപ്പാടാണിതിനു പിന്നിൽ പ്രവർത്തിച്ചത്. രണ്ടും തദ്ദേശീയ ഭാഷാസമൂഹങ്ങളുടെ ഭാഷാസ്വത്വത്തെയും ഭാഷാഭിമാനത്തെയും ഭാഷാവികാസത്തെയും ആഗോളീകരണത്തിന്റെ ആഘാതങ്ങളിൽനിന്ന് സംരക്ഷിച്ചു നിർത്താനുള്ള ശ്രമമെന്ന നിലയിൽ ഒരേ ഭാഷാനയമായിത്തന്നെ വിലയിരുത്താവുന്നതാണ്.

## ഇന്റർനെറ്റ് സമൂഹം എന്ന ആഗോളസമൂഹവും ഇന്റർനെറ്റ് ഭാഷയും

ഭാഷയുടെ ആഗോളീകരണത്തിന്റെ പ്രധാനപ്രതലം ഇന്റർനെറ്റാണല്ലോ. റോമൻ ആൽഫബെറ്റിനെയും ഇംഗ്ലീഷ് ശബ്ദങ്ങളെയും കേന്ദ്രീകരിച്ച് 1960- ൽ രൂപീകരിക്കപ്പെട്ട ആസ്കി കമ്പ്യൂട്ടർ ലിപിവ്യവസ്ഥ ഏഴ് ബിറ്റുകൾ വീതമുള്ള 128 കോഡുകൾ ഉൾപ്പെട്ടതാണ്. ഇതിൽ 95 എണ്ണം ഗ്രാഫിക്കൽ ക്യാരക്ടറുകളെ കാണിക്കുന്നു. ഇത് ഇന്റർനെറ്റിലെ ഇംഗ്ലീഷ് അധിനിവേശത്തിന്റെ മൂലകാരണമായി ഇന്നും നിലനിൽക്കുന്നു. വെബ് പേജ് ഭാഷയിൽ, ഡോമയിൻ നെയിമിൽ, യു ആർ എല്ലിൽ എല്ലാം ഇംഗ്ലീഷിനു ലഭിച്ച പ്രാമുഖ്യം ഇംഗ്ലീഷ് മാത്രമറിയാവുന്ന യന്ത്രമാണ് കമ്പ്യൂട്ടർ എന്ന മിഥ്യാധാരണ സൃഷ്ടിച്ചു. ഇംഗ്ലീഷധിഷ്ഠിതമായി മാത്രം കുത്തക സോഫ്റ്റ് വെയറുകൾ വികസിച്ചപ്പോൾ ഓപ്പറേറ്റിങ്ങ് സിസ്റ്റമടക്കമുള്ള കമ്പ്യൂട്ടർ സംസാരിക്കുന്ന ഭാഷ പ്രാദേശികമാവാൻ സമയമെടുത്തു. 2004 ലാണ് മലയാളി കൂടുതലായും ഉപയോഗിക്കുന്ന വിൻഡോസ് മലയാളം പറഞ്ഞുതുടങ്ങിയത്. സ്വതന്ത്ര സോഫ്റ്റ് വെയർ അതിനുള്ള സങ്കേതങ്ങൾ നേരത്തെ വികസിപ്പിച്ചിരുന്നെങ്കിലും പ്രചാരം സോഫ്റ്റ് വെയർ ചോരശാസ്ത്രത്തിൽ വിശ്വസിക്കുന്ന മലയാളിക്ക് അത്ര പഥ്യമായിരുന്നില്ല.

ഇംഗ്ലീഷിന്റെ ഈ എഴുത്താധിപത്യം പല ഭാഷകളിലും പലതരം പ്രശ്നങ്ങളാണ്ഇന്റർനെറ്റ് വിനിമയത്തിൽ ഉണ്ടാക്കിയത്. റോമൻ അധിഷ്ഠിതമല്ലാത്ത ഏഷ്യയടക്കമുള്ള യൂറോപ്പിതര എഴുത്തുഭാഷകൾക്കാണ് ഏറ്റവും കുഴപ്പങ്ങളുണ്ടായത്. ഇത് ടൈപ്പോഗ്രാഫിക്ക് ഇമ്പീരിയലിസത്തിന് വഴിവെച്ചു. ഇന്ത്യൻ ഭാഷകൾ എണ്ണം കുറഞ്ഞ റോമൻ ലിപിസഞ്ചയം വെച്ച് ഇന്റർനെറ്റ് ചാറ്റിൽ പ്രയോഗിച്ചപ്പോൾ ഉണ്ടായ ആശയക്കുഴപ്പങ്ങൾ ഏറെ വലുതാണ്. ചൈനീസ് പോലുള്ള താനഭാഷകൾക്കാകട്ടെ അക്കങ്ങൾ റോമൻ ലിപികൾക്കുമേൽ പ്രയോഗിച്ച് ടോണുകൾ മൂലമുണ്ടാകുന്ന അർത്ഥവ്യത്യാസങ്ങളെ പ്രത്യക്ഷീകരിക്കേണ്ടി വന്നു. ലിപ്യന്തരണനിയമങ്ങൾ രൂപപ്പെടാത്ത ഭാഷകളിൽ സ്പെല്ലിങ്ങ്

അവ്യവസ്ഥിതമായി. ഗ്രാഫിക് രൂപങ്ങൾ, ഒച്ചകൾ എല്ലാം ഇടകലർത്തി ഗ്രീക്കിഷ്-റോമനസൈസ്ഡ് ഗ്രീക്ക് രൂപം കൊള്ളുന്നത് അങ്ങനെയാണ്. അതിന്റെ ചുവടുപിടിച്ച് ലോകത്തെ വിവിധഭാഷാസമൂഹങ്ങളിൽ ഇംഗ്ലീഷ് സ്ലേറ്റിൽ തങ്ങളുടെ ഭാഷ എഴുതിക്കാണിക്കുന്ന ഒരു പുതു വ്യവഹാരരൂപം ഒരുപോലെ രൂപപ്പെട്ടു. മലയാളം മംഗ്ലീഷായി മാറി. ദുബായിയിലെ ചാറ്റ് റൂമുകളിൽ വലത്തുനിന്ന് ഇടത്തോട്ട് എഴുതുന്ന അറബിയോടൊപ്പം ഇടത്തുനിന്ന് വലത്തോട്ടെഴുതുന്ന റോമൻ സമ്പ്രദായവും എഴുത്തിലേക്ക് വരാതിരുന്ന ദേശ്യമൊഴികളും ഇടകലർന്ന സ്ലിപ്പ് സ്വിച്ചിങ്ങാണ് നടന്നത്

ഈ ഗ്രീക്കിഷ് ഗ്രീക്ക് ഭാഷയെ കുഴിച്ചുമൂടും എന്ന് ഭയന്നവരുണ്ട്. ചാറ്റ് മലയാളം മലയാളത്തിന്റെ ശുദ്ധിയെ ഇല്ലാതാക്കി എന്ന ഭയത്തിനു സമാനമാണിത്.എന്നാലത് ഗ്രീക്ക് ഭാഷയുടെ ഒരു പരിവർത്തനസന്ധിയാണെന്നും ആ ഭാഷയെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ ഈ കലർപ്പ് സഹായിക്കുമെന്നും അതിനെ ശുഭകാരിയായ ഒന്നായി കണ്ട ഭാഷാപണ്ഡിതരുമുണ്ടായിരുന്നു. കടുത്ത ഭാഷായാഥാസ്ഥിതികത നിലനിൽക്കുന്ന, ലോകത്തിലെ ആദ്യ ഭാഷാഅക്കാദമിയൊക്കെ സ്ഥാപിച്ച ഫ്രാൻസിൽ എസ് എം എസ് ഭാഷയ്ക്കെതിരായ ഭാഷാപണ്ഡിതന്മാരുടെ മൂവ്മെന്റ് തന്നെയുണ്ടായി. "A FORUM/ NOT A MOBILE: Here we speak a language human beings can understand…. If you want your question to be answered, try to make yourself understandable too." എന്ന് അവരുടെ നോട്ടീസ് ബോർഡിൽ കർശനനിലപാട് അടിവരയിട്ടു വരുന്നത് അങ്ങനെയാണ് (Danet and Herring).

ഇത് ആഗോളവത്കരണത്തിന്റെ വിപത്താണെന്ന രാഷ്ട്രീയവ്യാഖ്യാനങ്ങളും ഇതിനോടൊപ്പം വന്നിട്ടുണ്ട്. ആഗോളഗ്രാമത്തിനൊരു ആഗോളഭാഷ എന്ന് വിചാരിച്ചവരും കുറവല്ല.

ഇന്റർനെറ്റ് ഭാഷ ഓരോ ഭാഷയ്ക്കും വ്യത്യസ്തമായിരിക്കെതന്നെ റൊമനൈസ് കാലത്തുരൂപപ്പെട്ട ചില പൊതുരൂപങ്ങൾ നിലനിർത്തുന്നുമുണ്ട്

ഇമോട്ടിക്കോണുകൾ പൊതുസഞ്ചയമായി നിൽക്കുന്നു.

ചുരുക്കെഴുത്തുകൾ ഇംഗ്ലീഷാണ്. (LOL, "laughing out loud"),

ഊഹഭാഷയും ചിത്രക്കുറിയുമൊക്കെ ഇന്നും ഇംഗ്ലീഷാണ്. (c u for "see you" apex)

വാമൊഴിപ്പേച്ചാണെന്ന് അടയാളം വെക്കുന്ന രീതി

ഉച്ചാരണഭേദങ്ങളെ മാനേകതരരൂപങ്ങളെക്കൂടി ചിത്രലിപികളാക്കുക.

വാമൊഴിയുടെ വ്യാകരണം പിന്തുടരുക.

ചിഹ്നനങ്ങളുടെ സമൃദ്ധമായ ഉപയോഗം,ധാരാളിത്തം നാട്ടുമൊഴികൾ, പലതരം ചിഹ്നനോപാധികൾ, ക്യാപിറ്റൽ പണിഷ്മെന്റുകൾ ക്രിയകളുടെ വാമൊഴി ആവിഷ്കാരം ഓ....ടി)

ചിഹ്നനരൂപങ്ങൾക്ക് ക്യാരക്ടർ സ്വഭാവം വരുന്നു.

സ്വരങ്ങളെ കൊഴിച്ചുകളഞ്ഞ് മൂലവ്യഞ്ജനങ്ങളുടെ അസ്ഥിപഞ്ജരമാക്കി പദങ്ങളെ മാറ്റുക. (pls ppl msg)

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ ഈ നായ്ക്കുറുക്കൻ ചിത്രഭാഷകൊണ്ടുള്ള അത്തരമൊരു കലാപത്തിനുകാരണം ആസ്കി സംവിധാനത്തിന്റെ ലിമിറ്റേഷനോ അന്യഭാഷാഗോത്രങ്ങളിലെ ലിപി സഞ്ചയത്തിന്റെ വൈവിദ്ധ്യമോ മാത്രമായിരുന്നില്ല. നമ്മുടെ എഴുത്തുരീതിപദ്ധതിയിലെ അപര്യാപ്തതകൾ, മാനകങ്ങൾ, കേന്ദ്രീകരണങ്ങൾ, അധികാരരൂപങ്ങൾ എന്നിവയുടെ പ്രശ്നമായിരുന്നു. ആ അപൂർണ്ണഭാഷയെ മനുഷ്യൻ കണ്ടെത്തിയ സകലവിനിമയപദ്ധതികൾ കൊണ്ടും അട്ടിമറിച്ച് ഒരു സാകല്യ ആവിഷ്കാരമാധ്യമമായി ഇന്റർനെറ്റ് ഭാഷയെമാറ്റാനുള്ള വിപ്ലവമായിവേണം, ഭാഷാകൊലപാതകമായല്ല, ഇതിനെ കാണേണ്ടത്. എന്നാൽ ആഗോളവത്കരണകാലത്തെ ഇന്റർനെറ്റ് ഇംഗ്ലീഷ് എന്ന ഭാഷയെ കൂടുതൽ ആഗോളമാക്കാൻ സഹായിച്ചിട്ടുണ്ട് എന്ന വസ്തുതയും വിസ്മരിക്കാവതല്ല. കലർപ്പുകളിലൂടെ ആ ഭാഷാധികാരത്തെ ശിഥിലമാക്കുന്ന പ്രക്രിയ കൂടി സംഭവിക്കുന്നുണ്ടെന്നുമാത്രം. ഇംഗ്ലീഷ് ലിങ്ക്വാ ഫ്രാങ്കയായിതുടരുകയും ചെയ്യുന്നു.. അതുവഴിയെ വിശദമാക്കാം.

## യൂണികോഡിന്റെ വരവ്

ഈ ലിപി ദാരിദ്ര്യം മറികടന്നത് അതുവഴി ഇന്റർനെറ്റിൽ ഇംഗ്ലീഷിതരഭാഷകൾ പ്രത്യേകിച്ച് മൂന്നാം ലോകഭാഷകൾ സജീവമായത് 16 ബിറ്റ് പ്രൊഫൈലോടുകൂടിയ ക്യാരക്ടർ എൻ കോഡിങ്ങ് സാദ്ധ്യമായ യൂണികോഡിന്റെ കടന്നുവരവോടെയാണ്. അതോടൊപ്പം എല്ലാ ഉപകരണങ്ങൾക്കിടയിലും ഓപ്പറേറ്റിങ്ങ് സംവിധാനങ്ങൾക്കും അപ്ലിക്കേഷനുമിടയിലും ലോകഭാഷകൾക്കിടയിൽത്തന്നെയും കൈമാറ്റം ചെയ്യപ്പെടാവുന്ന പൊതുചിഹ്നസഞ്ചയം സാധ്യമാവുമയും ചെയ്തു. ഇന്റർനെറ്റിൽ ഭാഷയുടെ പലമ അതിന്റെ സ്വച്ഛസ്വാതന്ത്ര്യങ്ങളോടെ, പല ഭാഷകളുടെയും അച്ചടിയെ കേന്ദ്രീകരിച്ചു നടന്ന നിരപ്പു പലകപ്പണിയിൽ കുഴിച്ചുമൂടിയ, ഗതകാലചിഹ്നങ്ങളെക്കൂടി സ്വാംശീകരിച്ച് സാകല്യഭാവത്തിൽ അനന്തലീല നടത്തുന്ന കൺവെർഷൻ ടൂളുകളുടെ സഹായത്തോടെ നിഷ്പ്രയാസം രൂപമാറ്റം നടത്തുന്ന അതിന്റെ ട്രാൻസ് പ്ലേ നടത്തിത്തുടങ്ങിയ ഇക്കാലത്ത് ഈ ഭാഷയെ സംബന്ധിച്ച ആത്മഹത്യാഭീഷണി

കാലഹരണപ്പെട്ടിരിക്കുന്നു. പേഴ്സണൽ കമ്പ്യൂട്ടറിൽനിന്ന് ലോകം സ്മാർട്ട് ഫോണിലേക്ക് കൂടുമാറിയപ്പോഴേക്കും ഇൻഡിക് കീബോർഡും ഗൂഗിൾ കയ്യെഴുത്തും ട്രാൻസ്ലേറ്ററും ശബ്ദലിപി പരിവർത്തനോപകരണവും ഇപ്പോൾ വോയ്സ് അസിസ്റ്റന്റുമൊക്കെയായി മലയാളവും ഒപ്പം നടന്നുതുടങ്ങിയിരിക്കുന്നു. ഇക്കാര്യത്തിൽ നമ്മുടെ ഭാഷാവകുപ്പുകൾക്കോ സർക്കാർ ഏജൻസികൾക്കോ കാര്യമായ സംഭാവനയില്ലെന്നും സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങ് പോലുള്ള സന്നദ്ധസംഘങ്ങളാണ് ഭാഷാകമ്പ്യൂട്ടിങ്ങിനെ മുന്നോട്ടുകൊണ്ടുപോവുന്നതെന്നു കൂടി ഓർക്കേണ്ടതുണ്ട്. മലയാളം ബ്ലോഗിങ്ങിനാവശ്യമായ ഉപകരണങ്ങൾ വികസിപ്പിക്കുന്നത് പ്രവാസിമലയാളികളാണെന്നതും പ്രവാസിലോകം നമ്മുടെ ഏതെങ്കിലും തരം ആസൂത്രണങ്ങളിൽ നേരിട്ട് ഇടപെടുന്ന ആദ്യ ചരിത്രസന്ദർഭം അതായിരുന്നുവെന്നതും ചേർത്തുവെക്കേണ്ട വസ്തുതയാണ്.

## ഇന്റർനെറ്റ് ഇംഗ്ലീഷാണോ?

ഇന്റർനെറ്റ് സമൂഹം ഇംഗ്ലീഷാണോ എന്നും അങ്ങനെയെങ്കിൽ ഈ ഇംഗ്ലീഷ് ആധിപത്യം ഒരു പുതിയ രാഷ്ട്രാധിനിവേശരൂപമായി നിലകൊള്ളുന്നുണ്ടോ എന്നും അടുത്തു പരിശോധിച്ചുനോക്കാം.

വേൾഡ് ഇൻറർനെറ്റ് സ്റ്റാറ്റിസ്റ്റിക്സ് 2008-ലെ ഇന്റർനെറ്റ് ഉപയോക്താക്കളുടെ കണക്ക് അനുസരിച്ച് ഭാഷ സംസാരിക്കുന്നവരെ അടിസ്ഥാനമാക്കി ഏകദേശം 450 ദശലക്ഷം ഇംഗ്ലീഷ് ഉപയോക്താക്കൾ, ഏകദേശം 320 ദശലക്ഷം ചൈന ക്കാർ. ഏകദേശം 129 129 ദശലക്ഷം സ്പാനിഷ്. ജാപ്പനീസ് (94 ദശലക്ഷം), ഫ്രഞ്ച് (73 ദശലക്ഷം), പോർച്ചുഗീസ് (73 ദശലക്ഷം), ജർമ്മൻ (65 ദശലക്ഷം), അറബിക് (41 ദശലക്ഷം), റഷ്യൻ (38 ദശലക്ഷം), കൊറിയൻ (37 ദശലക്ഷം). ശേഷിക്കുന്ന എല്ലാ ഭാഷകളും ഏകദേശം 250 ദശലക്ഷം എന്നാണ്.

വേൾഡ് ഇൻറർനെറ്റ് സ്റ്റാറ്റിസ്റ്റിക്സ് 2008 ലെ ഇന്റർനെറ്റ് ഉപയോക്താക്കളുടെ കണക്ക് അനുസരിച്ച് ഭാഷ സംസാരിക്കുന്നവരെ അടിസ്ഥാനമാക്കി ഇംഗ്ലീഷ് ഉപയോക്താക്കൾ (ഏകദേശം 450 ദശലക്ഷം), ചൈനക്കാർ (ഏകദേശം 320 ദശലക്ഷം), സ്പാനിഷ് (129ദശലക്ഷം). ജാപ്പനീസ് (94 ദശലക്ഷം) ഫ്രഞ്ച് (73 ദശലക്ഷം), പോർച്ചുഗീസ് (73 ദശലക്ഷം), ജർമ്മൻ (65 ദശലക്ഷം), അറബിക് (41 ദശലക്ഷം), റഷ്യൻ (38 ദശലക്ഷം), കൊറിയൻ (37 ദശലക്ഷം). ശേഷിക്കുന്ന എല്ലാ ഭാഷകളും ഏകദേശം 250 ദശലക്ഷം എന്നാണ്. എന്നാൽ ഈ ഉപയോക്താക്കളുടെ എണ്ണവും അവർ ഇന്റർനെറ്റിൽ ഉപയോഗിക്കുന്ന ഭാഷയുടെ സ്വഭാവവും തമ്മിൽ യാതൊരു ബന്ധവുമില്ല

എന്നതാണ്ണ വാസ്തവം . ഇന്റർനെറ്റിലെ ഭാഷാ ഉള്ളടക്കത്തിന്റെ കണക്കുനോക്കിയാൽ ഫെബ്രുവരി 2020 ൽ 58.5 ശതമാനം ഇംഗ്ലീഷാണെന്നു കാണാം തൊട്ടുപിറകെയുള്ള ഭാഷകൾ റഷ്യൻ, സ്പാനിഷ്, ജർമ്മൻ, ഫ്രഞ്ച്, പേർഷ്യൻ, ടർക്കിഷ് എന്നിവയാണ്. 0.1 ശതമാനം മാത്രം ഷെയറുള്ള നാല്പതുഭാഷകളെ എടുത്തുനോക്കിയാൽ അതിൽ മലയാളമില്ല. ഏക ഇന്ത്യൻ ഭാഷ ഹിന്ദിയാണ്. (0.1%)(Top Ten Internet Languages in The World–Internet Statistics)

എന്നാൽ ഭാഷകസമൂഹത്തിന്റെ കണക്കു നോക്കൂ. 2019-ലെ എത്തനോലോഗിന്റെ കണക്കനുസരിച്ച് :

| | | |
|---|---|---|
| ഇംഗ്ലീഷ് പ്രഥമ ഭാഷയായി സംസാരിക്കുന്നവർ | 379.0 മില്യൺ | റാങ്ക് 3 |
| രണ്ടാം ഭാഷയായി സംസാരിക്കുന്നവർ | 753.3 മില്യൺ | റാങ്ക് 1 |
| ചൈനീസ് പ്രഥമ ഭാഷയായി സംസാരിക്കുന്നവർ | 917.8 മില്യൺ | റാങ്ക് 1 |
| രണ്ടാം ഭാഷയായി സംസാരിക്കുന്നവർ | 198.7 മില്യൺ | റാങ്ക് 5 |
| ഹിന്ദി പ്രഥമ ഭാഷയായി സംസാരിക്കുന്നവർ | 341.2 മില്യൺ | റാങ്ക് 4 |
| രണ്ടാം ഭാഷയായി സംസാരിക്കുന്നവർ | 274.2 മില്യൺ | റാങ്ക് 2 |

ആണുള്ളത്. എന്നാൽ ഇന്റർനെറ്റ് ഉള്ളടക്കവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ കണക്കുമായി യാതൊരു പൊരുത്തവുമില്ല എന്ന് ബോധ്യപ്പെടും. രണ്ടാം ഭാഷയെന്ന നിലയിൽ ലോകസമ്പർക്ക ഭാഷയെന്ന നല്ലയിൽ ഇംഗ്ലീഷ് നേടിയ മേൽക്കൈ ഇന്റർനെറ്റ് ലോകത്തും തുടരുന്നു എന്ന് പറയാം. ഇതിൽ ടെക്നോളജിയുടെ വികാസത്തിഎന്തെങ്കിലും പങ്കുണ്ടോ എന്നുകൂടി നോക്കാം.

ടെക്നോളജി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ആദ്യ 15 രാഷ്ട്രങ്ങളെ നോക്കിയാൽ ഫിൻലാന്റ്, റഷ്യ, ഇസ്രയേൽ, ഫ്രാൻസ്, സിങ്കപ്പൂർ, ഓസ്ട്രേലിയ, സ്വീഡൻ, ഇംഗ്ലണ്ട്, ഇന്ത്യ, ചൈന, ജർമ്മനി, സൗത്ത് കൊറിയ, അമേരിക്ക, ജപ്പാൻ ഇംഗ്ലീഷ് ദേശഭാഷയായ രാഷ്ട്രങ്ങൾക്ക് മേൽക്കയ്യില്ല എന്നുകാണാൻ കഴിയും ഇനി. ടെക്നോളജി എക്സ്പെർട്ടുകളുടെ കണക്കെടുത്താൽ ആദ്യ അഞ്ചുരാജ്യങ്ങളിൽ ജപ്പാൻ, ചൈന, സൗത്ത് കൊറിയ, അമേരിക്ക, ജർമ്മനി .. നാലാം സ്ഥാനത്തുള്ള അമേരിക്കയിൽ മാത്രമേ ഇംഗ്ലീഷ് ഒന്നാം ഭാഷയായുള്ളവരുള്ളൂ എന്നു കാണാം.

വിവരസാങ്കേതികവിദ്യാവിപ്ലവം ഇംഗ്ലീഷിന്റെ അധീശത്വത്തിനു പുതിയ കാരണമായി. എന്നു പറയുമ്പോൾതന്നെ യൂണികോഡിന്റെ കടന്നുവരവിനു ശേഷം മറ്റു ഭാഷകളും തദ്ദേശീയ കണ്ടന്റ് അധിഷ്ഠിത വെബ് പോർട്ടലുകളും ഇന്റർനെറ്റിൽ സജീവമാവുകയും ഇംഗ്ലീഷിന്റെ ഒഴിക്കിനു തടയിടുകയും

ചെയ്തിട്ടുണ്ട്. 1996 മുതൽ 2008 വരെയുള്ള കാലയളവിൽ ഇംഗ്ലീഷിതര വെബ് സൈറ്റുകളിലേക്കുള്ള ക്രമാനുഗതമായ ഒഴുക്ക് യുനസ്കോ രേഖപ്പെടുത്തിക്കാണുന്നു. ഇംഗ്ലീഷ് ഉള്ളത് 1998-ൽ 75 ശതമാനമായിരുന്നു രണ്ടായിരത്തിയഞ്ചാവുമ്പോഴേക്കും അത് അമ്പതിലേക്കെത്തുന്നു.

ആളുകൾ സന്ദർശിക്കുന്ന വെബ്സൈറ്റ് ഹോം പേജുകളുടെ അടിസ്ഥാനത്തിലുള്ള കണക്കു നോക്കിയാൽ 55 ശതമാനം ഇംഗ്ലീഷാണ്. തൊട്ടു പിറകിലെ ഭാഷകളുടെ ശതമാനത്തോത് രണ്ടിനടുപ്പിച്ചാണ്. 2001 മുതൽ 2011 വരെ ഇംഗ്ലീഷ് ഓൺലൈൻ ഉപയോഗം ഏകദേശം 281 ശതമാനം വർദ്ധിക്കുന്നുണ്ട്. ഇതേ കാലയളവിൽ സ്പാനിഷ് (743 ശതമാനം), ചൈനീസ് (1,277 ശതമാനം), റഷ്യൻ (1,826 ശതമാനം) അറബിക് (2,501 ശതമാനം) എന്നിവയേക്കാൾ വളർച്ചാ നിരക്കിൽ ഇത് കുറവുമാണെന്നു കാണാം.സെർച്ച് എഞ്ചിനുകളുടെ ഭാഷാപക്ഷപാതിത്വം ഈ ഇംഗ്ലീഷ് മേൽക്കോയ്മയ്ക്കൊരു കാരണം കൂടിയാണ്.

എങ്കിലും ആഗോള വിനിമയസന്ദർഭങ്ങളിൽ ഇംഗ്ലീഷിനുള്ള ആധിപത്യത്തിനു തത്കാലം കോട്ടംതട്ടാൻ പോകുന്നില്ല എന്നു പറയാം. എന്നാലിത് മുന്നേ കാണിച്ച രാജ്യപ്പട്ടികയിൽനിന്ന് വെളിവാകുന്നതുപോലെ ഇംഗ്ലീഷ് സംസാരിക്കുന്ന സമൂഹങ്ങളുടെ ഭാഷാധിപത്യത്തിനോ ടെക്നോളജിയിലെ മേൽക്കയ്യോ കാരണമാവുന്നില്ല എന്ന വസ്തുതയാണു പ്രധാനം.

നിർമ്മിതബുദ്ധി പ്രബലമായിത്തീരുന്ന വർത്തമാനകാലത്ത് യന്ത്രങ്ങൾ സ്വയം ഭാഷ പഠിച്ചെടുക്കുകയും പ്രയോഗിക്കുകയും ആവശ്യമെങ്കിൽ പുതുരൂപങ്ങൾ സൃഷ്ടിക്കുകയുമൊക്കെ ചെയ്യുന്ന ഈ കാലത്ത് കോർപ്പസ് അധിഷ്ഠിത തത്ക്ഷണയന്ത്രതർജ്ജമ ഭാഷകൾക്കിടയിലെ ട്രാൻസ് സാധ്യമാക്കുകകൂടി ചെയ്യുതോടെ ഇംഗ്ലീഷ് അധിനിവേശഭയം പൂർണമായും അപ്രസക്തമായിരിക്കുന്നു.

## ആഗോളലോകത്തെ രാജ്യാധിപത്യപ്രവണതകൾ

പലതരം വംശീയതകളെ, പ്രാദേശികതകളെ, ഭാഷകളെ എങ്ങനെ കൈകാര്യം ചെയ്യും എന്ന പ്രശ്നം ഈ ആഗോളവതകരണകാലത്ത് സജീവമായ രാഷ്ട്രീയപ്രശ്നം കൂടിയാണ്. വംശസംഘർഷങ്ങൾ, അതിദേശീയവാദങ്ങൾ, വർഗീയതകൾ എന്നിവ ആഗോളവത്കരണത്തോടൊപ്പം പെരുകുന്നു എന്നതാണു വസ്തുത.

ആഗോളീകരണം സാമ്പത്തിക ഉദാരീകരണത്തിലും സമ്പത്തിന്റെയും കോർപ്പറേറ്റുകളുടെയും മാർക്കറ്റിന്റെയും ആഗോളീകരണത്തിലും

ഊന്നുമ്പോഴും ജനതകളുടെ/ തൊഴിൽസേനയുടെ ഫ്ലോട്ടിങ്ങിനെ തടയിടുന്നതരം നിയമനിർമ്മാണങ്ങളും ദേശീയതാവാദങ്ങളും എല്ലായിടത്തും പ്രബലമാവുന്നു എന്നത് പ്രസ്താവ്യമാണ്. രാഷ്ട്രീയമായി അതിദേശീയവാദമുന്നയിക്കുന്നവർ സാമ്പത്തിക ഉദാരീകരണത്തിൽ ആഗോളവതകരണത്തിന്റെ വക്താക്കളുമാണെന്നതാണു രസകരമായ വസ്തുത. അമേരിക്ക, ഗൾഫ് നാടുകൾ എന്നിവിടങ്ങളിൽ കുടിയേറ്റത്തിനെതിരായ നടപടികൾ തീവ്രമാവുന്നു. ഇന്ത്യയിലെ അതിദേശീയവാദവും ഭിന്നമായ വഴിയിലൂടെയല്ല സഞ്ചരിക്കുന്നത്. സാമ്പത്തിക ആഗോളീകരണത്തിന്റെ പരാജയം മൂടിവെക്കാനുള്ള രാഷ്ട്രീയ ആയുധമായും ഭരണകൂടങ്ങൾതന്നെ ദേശീയവാദത്തെ തിരിച്ചുകൊണ്ടുവരുന്നതുകാണാം.

### ആഗോളീകരണകാലത്തെ മലയാളഭാഷാസൂത്രണം

മലയാളത്തിന്റെ ഭാഷാസൂത്രണം ഇനിയേതുദിശയിൽ സഞ്ചരിക്കണമെന്നതിനെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ ഈ പ്രബന്ധം അവസാനിപ്പിക്കാം. തൊണ്ണൂറുകളിലെ സവിശേഷ സാമൂഹ്യവീക്ഷണം പ്രാന്തസമൂഹങ്ങൾക്ക് കൂടുതൽ ദൃശ്യതയുണ്ടാക്കി. അവരുടെ സാഹിത്യവും സാംസ്കാരികാസ്തിത്വവും മുഖ്യധാരയിൽ ആദ്യമായി അവതരിപ്പിക്കപ്പെടുകയും കൊളോണിയൽ ആധുനികപദ്ധതിയും വികസനസങ്കല്പങ്ങളും ചോദ്യം ചെയ്യപ്പെടുകയും ചെയ്തുകഴിഞ്ഞു.

അതോടൊപ്പം മധ്യവർഗം പ്രബല അധികാരിവർഗമായി തുടരുകയും അവരുടെ ഭാഷാമനോഭാവം പ്രബന്ധത്തിന്റെ ആദ്യത്തിൽ വിവരിച്ചതുപോലെ അധിനിവേശ അടയാളങ്ങളുമായും നാടുവാഴിത്തമൂല്യബോധവുമായും തുടർന്നുവരികയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിൽ ആഗോളികരണകാലത്തെ മുന്നിൽകണ്ടുകൊണ്ട് ആറു മലയാളഭാഷാസൂത്രണതത്ത്വങ്ങളാണ് മുന്നോട്ടുവെക്കാനുള്ളത്.

1. പ്രാദേശിക ഗോത്രഭാഷാസംസ്കാരങ്ങളെക്കൂടി ഉൾക്കൊള്ളുന്ന ജനാധിപത്യ ബഹുസ്വര ഭാഷാപ്രദേശമായി കേരളത്തെ വിഭാവനം ചെയ്യുകയും മലയാളത്തിന് ഈ തനതുഭാഷകളിലേക്കും തിരിച്ചുമുള്ള സകല ചാലുകളും തുറന്നിടുക.
2. ജനാധിപത്യ സിവിലിയൻ ഭരണകൂടസംവിധാനത്തിന്റെ ഭാഷ മധ്യകാലനാടുവാഴിത്തഭാഷയിൽനിന്ന് കോളണിവിമുക്ത ജനാധിപത്യ ആധുനികപൗരസമൂഹത്തിന്റേതാക്കുക.
3. കൃത്രിമ സംസ്കൃത മണിപ്രവാള വരമൊഴിശൈലി കളഞ്ഞ് സജീവവും

സമകാലികവുമായ വർത്തമാന വായ് മലയാളത്തെ ഭാഷാസൂത്രണ ത്തിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുക. കലർപ്പാണ് മലയാളഭാഷയുടെ സ്വത്വം എന്ന് ഉറപ്പിക്കുക.

4. മലയാളത്തെ ലോകഭാഷകൾക്കൊപ്പമെത്തിക്കാൻ പദവിപരമോ സമാർജ്ജനമപരമോ ആയ ആസൂത്രണങ്ങളേക്കാൾ ഭാഷാസാമ ഗ്രികളുടെ വിപുലനത്തിനും ആസൂത്രണത്തിനും ഊന്നൽ കൊടുക്കുക, വൈജ്ഞാനികപദവി ആർജ്ജിക്കാൻ വേണ്ട പ്രവർത്തനങ്ങൾ, ഇന്റർനെറ്റ് മലയാളം ഉള്ളടക്കം വികസിപ്പിക്കൽ ഇവയൊക്കെ ഇതില്പെടും.
5. നിയമനിർമ്മാണംവഴി പദവിപരമായ ആസൂത്രണത്തിൽമാത്രം ശ്രദ്ധി ക്കുന്നതിനുപകരം ഭാഷയോടുള്ള അഭിഭാവം വർദ്ധിപ്പിക്കുന്നതിനുള്ള ജനകീയഭാഷാമുന്നേറ്റങ്ങൾക്ക് ഊന്നൽ കൊടുക്കുക.
6. ഭാഷാസമാർജ്ജനപരമായ ആസൂത്രണത്തിൽ ആഗോളസമ്പർക്ക ഭാഷയായ ഇംഗ്ലീഷ് പഠനത്തെ പ്രോൽസാഹിപ്പിക്കുകയും ആംഗ്ലോ സാക്സൻ സാമ്പ്രദായിക ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുപകരം ഗ്ലോബൽ ഫങ്ഷണൽ ഇംഗ്ലീഷിൽ ഊന്നുക.

# ആധാരസൂചി

1. Cobarrubias, Juan, and Joshua A. Fishman. *Progress in Language Planning: International Perspectives*. Walter de Gruyter, 2012.
2. Cooper, Robert L. *Language Planning and Social Change*. Cambridge University Press, 1990. *Cambridge University Press*, doi:10.1017/CBO9780511620812.
3. Crowley, Dr Tony. *Language in History: Theories and Texts*. 1st ed., Routledge, 2013. *DOI.org (Crossref)*, doi:10.4324/9780203416440.
4. Danet, Brenda, and Susan C. Herring. *The Multilingual Internet: Language, Culture, and Communication Online*. 1st edition, Oxford University Press, U.S.A., 2007.
5. Crystal, David. *English as a Global Language*. 2 edition, Cambridge University Press, 2012.
6. Crystal, David. *Txtng: The Gr8 Db8*. Illustrated edition, OUP Oxford, 2009.
7. Fishman, Joshua A. "The Impact of Nationalism on Language Planning:" *Can Language Be Planned?*, edited by Joan Rubin and Björn H. Jernudd,

University of Hawai'i Press, 1971, pp. 3–19, doi:10.2307/j.ctv9zckn9.5. JSTOR.

8. Halliday, M. "New Ways of Meaning: The Challenge to Applied Linguistics." *The Ecolinguistics Reader: Language, Ecology and Environment.*, edited by A. Fill and P. Mühlhäusler, Continuum, 2001.

9. Holborow, M. "The Cultural Politics of English as an International Language." *ELT Journal*, vol. 50, no. 2, Apr. 1996, pp. 172–76. *DOI.org (Crossref)*, doi:10.1093/elt/50.2.172

10. Rubin, Joan, And Björn H. Jernudd. "Introduction:: Language Planning As An Element In Modernization." *Can Language Be Planned?*, edited by Joan Rubin and Björn H. Jernudd, University of Hawai'i Press, 1971, pp. xi–xxiii. JSTOR, *JSTOR*, doi:10.2307/j.ctv9zckn9.4.

11. Schmid, Carol L. *The Politics of Language: Conflict, Identity, and Cultural Pluralism in Comparative Perspective*. Illustrated edition, Oxford University Press, 2001.

*12. Top Ten Internet Languages in The World - Internet Statistics*. https://www.internetworldstats.com/stats7.htm. Accessed 17 Feb. 2020.

13. Yengoyan, Aram A. : "Marxism and the Philosophy of Language V.N. Volosinov." *American Anthropologist*, vol. 79, no. 3, Sept. 1977, pp. 700–01. *DOI.org (Crossref)*, doi:10.1525/aa.1977.79.3.02a00670.

14. Wright, Sue. *Language Policy and Language Planning: From Nationalism to Globalisation*. 2nd edition, Palgrave Macmillan, 2016.

*santhoshhrishikesh@gmail.com*

# മലയാളഭാഷാസൂത്രണവും സാങ്കേതികപദരൂപീകരണവും

ഡോ. സീന ജോൺ
മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം.

## പ്രബന്ധസംഗ്രഹം

മലയാളഭാഷാസൂത്രണപ്രക്രിയയിൽ സാങ്കേതികപദപരമായ ചർച്ചകളും അവയുടെ രൂപീകരണനയവും ഇടപെട്ടതെങ്ങനെയെന്ന് അന്വേഷിക്കാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനത്തോടെ പൊതുസ്വഭാവം കൈവരിക്കുകയും തുടർന്ന് നിരവധി വിമർശനങ്ങൾക്കും പുനർവിചിന്തനങ്ങൾക്കും ഇടനല്കുകയും ചെയ്ത സാങ്കേതികപദരൂപീകരണനയം ഇന്ത്യയുടെ തന്നെ ഭാഷാനയത്തിന്റെ ഭാഗമാണെന്ന് ഈ പഠനം തിരിച്ചറിയുന്നു. ഔദ്യോഗികാസൂത്രണത്തേക്കാൾ അനൗദ്യോഗികവും വ്യക്തിപരവുമായ ശ്രമങ്ങളാണ് സാങ്കേതികപദനയരൂപീകരണത്തിൽ നിർണ്ണായകമായിത്തീർന്നത്. സമകാലിക ഭാഷാവിചാരങ്ങളെ മുൻനിറുത്തി ഈ ശ്രമങ്ങളെ വിശകലനം ചെയ്യുമ്പോൾ അനൗദ്യോഗിക ശ്രമങ്ങൾ കുറേക്കൂടി മാതൃഭാഷോന്മുഖമായിരുന്നു എന്ന തിരിച്ചറിവും പ്രബന്ധം നൽകുന്നു.

## താക്കോൽവാക്കുകൾ

സാങ്കേതികപദപഠനം, സാങ്കേതികപദം, ഭാഷാസൂത്രണം, സാങ്കേതികപദരൂപീകരണം, ഭാഷാനയം.

മലയാളഭാഷാസംബന്ധിയായ ചർച്ചകളിൽ വളരെ പ്രാധാന്യത്തോടെ നിലനിൽക്കേണ്ട വിഷയങ്ങളാണ് ഭാഷാസൂത്രണവും സാങ്കേതികപദപഠനവും. രാജ്യങ്ങൾ വളരെ കൗതുകത്തോടെ നോക്കിക്കാണുകയും തുടർപഠനങ്ങളിൽ

ഏർപ്പെടുകയും ചെയ്യുന്ന ജ്ഞാനപദ്ധതികളാണിവ. ആഗോളഗ്രാമം എന്ന നിലയിൽ ലോകം മാറിയിരിക്കുന്ന ഈ ഘട്ടത്തിൽ ഭാഷയുടെ മാത്രമല്ല സമൂഹത്തിന്റെ തന്റെ നിലനിൽപ്പിന് ഈ രണ്ട് മേഖലയിലുമുള്ള ആഴത്തിലുള്ള പഠനങ്ങൾ ആവശ്യമാണ്. അന്താരാഷ്ട്ര വാണിജ്യബന്ധങ്ങൾ, സാങ്കേതികവിനിമയങ്ങൾ, രാജ്യാന്തരകരാറുകൾ, ഇംഗ്ലീഷ് ഭാഷയുടെ അതിയായ സ്വാധീനം എന്നിവ നിലനിൽക്കുന്ന സാഹചര്യത്തിൽ ഓരോ ഭാഷയെയും ആഗോളഭാഷയാക്കി മാറ്റേണ്ടത് അത്യാവശ്യമാണ്. ഇത്തരമൊരു പദവി ഓരോ ഭാഷയ്ക്കും ലഭിക്കണമെങ്കിൽ ഫലപ്രദമായ ഭാഷാസൂത്രണം അനിവാര്യമാണ്.

മലയാളം ഏറെ ആശങ്കപ്പെടുന്നതും ആവശ്യപ്പെടുന്നതുമായ ജ്ഞാനപദ്ധതികളാണ് സാങ്കേതികപദപഠനവും ഭാഷാസൂത്രണവും. ഇന്ത്യ സ്വതന്ത്രയാകുന്നതിനു നൂറ്റാണ്ടുകൾക്ക് മുൻപുതന്നെ മലയാളഭാഷാസൂത്രണശ്രമങ്ങൾ ആരംഭിച്ചു എന്നു പറയാം.[1] അതിനെത്തുടർന്ന് ഈ ശ്രമങ്ങളെ ത്വരിതപ്പെടുത്തുന്ന തരത്തിൽ സാങ്കേതികപദ രൂപീകരണ ശ്രമങ്ങളും അതിനാധാരമായ തത്വങ്ങൾ രൂപീകരിച്ചെടുക്കാനുള്ള ശ്രമങ്ങളും മലയാളത്തിലും നടക്കുന്നുണ്ട്. ഇന്ത്യൻ സാഹചര്യത്തിലെ സാങ്കേതികപദാന്വേഷണങ്ങൾക്ക് വേദകാലത്തോളം പഴക്കമുണ്ടെന്ന് യാസ്കനിരുക്തോപക്രമത്തിന്റെ ആമുഖത്തിൽ സൂചനയുണ്ട്. (നരേന്ദ്രഭൂഷൺ, 2004: xiv). എന്നാൽ ഭാഷാസൂത്രണവും സാങ്കേതികപദപഠനവും സവിശേഷപഠനശാഖയായി വളർന്നുവന്നത് സമീപകാലത്താണ്. കാര്യക്ഷമമായ ഭാഷാസൂത്രണത്തിന് സാങ്കേതികപദങ്ങൾ അനിവാര്യമാണ്. കൃത്യമായ സാങ്കേതികപദനയം ഭാഷാസൂത്രണത്തിന് സഹായകമാവുകയും അതുവഴി ഭാഷാനയത്തെ സ്ഥാപിച്ചെടുക്കുകയു ചെയ്യുന്നു. ഈ രണ്ട് പഠനശാഖകളും പരസ്പരപൂരകങ്ങളാണ്. ഇവയുടെ രൂപീകരണവും ഏകദേശം സമാനകാലഘട്ടത്തിലാണ് സംഭവിക്കുന്നത്. 1959-ൽ അമേരിക്കൻ നോർവീജിയൻ സാമൂഹ്യശാസ്ത്രജ്ഞനായ ഈനൻ ഹോഗനാണ് ഭാഷാസൂത്രണം (language planning) എന്ന പദം സവിശേഷമായ അർത്ഥത്തിൽ ഉപയോഗിക്കുന്നത്. പതിനാറാം നൂറ്റാണ്ടുമുതൽ ടെർമിനോളജി (Terminology) എന്ന പദം യൂറോപ്യൻ ഭാഷകളിൽ നിലനിൽക്കുന്നുണ്ടെങ്കിലും 1930-കളിൽ വിയന്നയിലെ വോസ്റ്ററിന്റെ പഠനങ്ങളിലൂടെയാണ് സാങ്കേതികപദപഠനം എന്ന വിജ്ഞാനശാഖയെക്കുറിച്ചുള്ള ആദ്യ ആലോചനകൾ രൂപം കൊള്ളുന്നത്. 1968-ൽ മെഷിൻ ടൂൾ എന്ന നിഘണ്ടുവിന്റെ രചനയിലൂടെ തന്റെ പ്രബന്ധത്തിൽ ആവിഷ്കരിച്ച ആശയങ്ങളെ വോസ്റ്റർ ഉറപ്പിക്കുന്നു. ഇതേതുടർന്നാണ് സാങ്കേതികപദപഠനം

സവിശേഷവിജ്ഞാനശാഖയുടെ സൈദ്ധാന്തികനിലപാടുകൾ വികസിപ്പിച്ചെടുക്കുന്നത്. തുടർപഠനങ്ങളിൽ സാമൂഹികവിനിമയത്തിൽ നിർണ്ണായകമായി ഇടപെടുന്ന പഠനമേഖലയായി അത് മാറി (Cabre, 1998: 5-7).

ഓരോ ഭാഷയ്ക്കും വ്യത്യസ്തങ്ങളായ നിരവധി പ്രവർത്തനരംഗങ്ങളെ ആവിഷ്കരിക്കേണ്ടതുണ്ട്. പല വിഭാഗങ്ങളെയും ഒരുമിച്ച് ചേർത്ത് ആസൂത്രണപദ്ധതികൾ നടപ്പാക്കേണ്ടിവരും. സമൂഹം കൈകാര്യം ചെയ്യുന്ന ഓരോ മേഖല (domain) യ്ക്കനുസരിച്ച് അതിന്റെ രൂപീകരണത്തിൽ വ്യത്യാസങ്ങൾ ഉണ്ടാകും. വ്യത്യസ്ത മേഖലകളിൽ സ്വീകരിക്കുന്ന സാങ്കേതികപരമായ നയങ്ങൾ ഭാഷാസൂത്രണത്തിൽ പലനിലകളിൽ ഇടപെടുന്നുണ്ട്. സൗത്താഫ്രിക്ക പോലുള്ള കോളനിയനന്തര രാജ്യങ്ങളിലെ ബഹുഭാഷാ സാഹചര്യത്തിലെ ഭാഷാസൂത്രണത്തിൽ സാങ്കേതികപദപഠനങ്ങൾ നിർണ്ണായകമായി സ്വാധീനിക്കുന്നുണ്ട്. (Bassay. E.Antie, 2017, 468). അന്താരാഷ്ട്രവിനിമയം, വാണിജ്യബന്ധങ്ങൾ, ആഗോളവത്കരണം തുടങ്ങിയവയാണ് ലോകരാജ്യങ്ങളെ ഭാഷാസൂത്രണപ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ ആകർഷിച്ചതിന്റെ പ്രധാന കാരണം. എന്നാൽ ആഫ്രിക്കയും ഇന്ത്യയും പോലുള്ള കോളനിയനന്തരരാജ്യങ്ങളിൽ കാര്യങ്ങൾ കുറേക്കൂടി വ്യത്യസ്തമായിരുന്നു. ദേശീയമായ ഒരവബോധം സൃഷ്ടിക്കുകയും അതിനോടൊപ്പം തദ്ദേശീയ ഭാഷയിലുള്ള വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കേണ്ട സാഹചര്യം സ്വതന്ത്ര്യാനന്തരകാലത്ത് രൂപപ്പെട്ടു. മാത്രമല്ല നിലനിൽക്കുന്ന ബഹുഭാഷാസാഹചര്യത്തെ സങ്കീർണ്ണമാക്കാതെ മുൻപോട്ട് പോകേണ്ടതും അത്യാവശ്യമായിത്തീർന്നു. ഈ സവിശേഷമായ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിൽ ഊന്നുന്ന ഭാഷാസൂത്രണപ്രവർത്തനങ്ങൾക്കാണ് ഇത്തരം രാജ്യങ്ങൾ ഊന്നൽ നൽകിയത്.

വാണിജ്യം, സാങ്കേതികവിദ്യ, മാധ്യമം തുടങ്ങിയ മേഖലകളിലൊക്കെ ഭാഷാസൂത്രണ പദ്ധതികൾ സജീവമായി നടപ്പിലാക്കാൻ വികസിതരാജ്യങ്ങൾക്ക് കഴിയുന്നുണ്ട്. ഈ രാജ്യങ്ങളിലും വളരെ ആഴത്തിലുള്ള ആസൂത്രണപ്രവർത്തനങ്ങൾ നടന്നത് വിദ്യാഭ്യാസമേഖലയിലാണ്. വ്യത്യസ്ത സാമൂഹികവസ്ഥയിലുള്ള ആളുകളെ ഒരുമിച്ച് സംബോധന ചെയ്യാൻ കഴിയും എന്നതാണ് ഈ മേഖലയുടെ പ്രധാന മേന്മ. സ്റ്റേറ്റിന് നേരിട്ടുള്ള അധികാരം പ്രയോഗിക്കാൻ കഴിയുമെന്നതും വിദ്യാഭ്യാസത്തെ മുഖ്യ ഉപാധിയായി തിരഞ്ഞെടുക്കാൻ കാരണമായെന്ന് ഫർഗുസൻ നിരീക്ഷിക്കുന്നു (2006: 33). അതുകൊണ്ടുതന്നെ വിദ്യാഭ്യാസത്തിലെ ഭാഷാസൂത്രണനിലപാടുകൾ വളരെ നിർണ്ണായകമാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. പ്രാദേശികഭാഷ പാഠ്യപദ്ധതിയുടെ

ഭാഗമാകുന്നതോടെ അതിന്റെ പദവി ഉയരുന്നു. ബോധന മാധ്യമം തിരഞ്ഞെടുക്കുന്നതിൽ വിദ്യാഭ്യാസപരമെന്നതിനേക്കാൾ രാഷ്ട്രീയവും സാംസ്കാരികവും ലക്ഷ്യങ്ങൾ ഉണ്ടാകാമെന്ന വസ്തുത ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്.

നിലനിൽക്കുന്ന ദേശീയതയ്ക്കും ദേശരാഷ്ട്രരൂപീകരണത്തിനുള്ള ഉപാധിയായി മാറുന്നിടത്തും ഭാഷാസൂത്രണം വ്യത്യസ്ത നിലപാടുകളാണ് സ്വീകരിക്കുന്നത്. (Wright, 2016: 46). ദേശീയഭാഷ നിലനിൽക്കുന്ന സ്റ്റേറ്റിന് അതിന്റെ ഔദ്യോഗികഭാഷയെ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെങ്കിൽ ഏതാണ് രാഷ്ട്രഭാഷ എന്ന ചോദ്യമാണ് ദേശീയതാരൂപീകരണഘട്ടത്തിൽ നിർണ്ണായകമാകുന്നത്. (Ferguson, 2006:17). രണ്ടാമത് പറഞ്ഞ തരത്തിലുള്ള സംഘർഷമാണ് ഇന്ത്യയും ആഫ്രിക്കയും പോലുള്ള രാജ്യങ്ങളിൽ സംഭവിക്കുന്നത്. ഇന്ത്യയിലെ ഭാഷായനരൂപീകരണഘട്ടത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഇതോടൊപ്പം തന്നെ ഭാഷാസൂത്രണത്തിൽ വ്യക്തിപരമായ ധാരണകളും നിലപാടുകളും സജീവമായിത്തന്നെ ഇടപെടുന്നുണ്ട്. പലപ്പോഴും സർക്കാർ നടപടികളേക്കാൾ കാര്യക്ഷമമായി ആസൂത്രണത്തിൽ ഇടപെടാൻ വ്യക്തികൾക്ക് പലപ്പോഴും സാധ്യമാകും (Ferguson, 2006: 17).

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെ സജീവമായിത്തീർന്ന പഠനപദ്ധതിയാണ് ഭാഷാസൂത്രണം. ഭാഷയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും വേണ്ടി ഗവൺമെന്റ് തലത്തിലും അല്ലാതെയും നടക്കുന്ന വിവിധ പ്രവർത്തനങ്ങളെയാണ് സാമാന്യമായി ഭാഷാസൂത്രണം എന്നു വിളിക്കുന്നത്. ഇത്തരത്തിലുള്ള ഇടപെടലുകൾക്കും നിലനിൽപ്പ്, വളർച്ച എന്നിവയ്ക്കും ലോകക്രമത്തിനുണ്ടായ മാറ്റത്തിനനുസരിച്ച് നിരന്തരം പരിവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്.[2] ഇത് ഭാഷാസൂത്രണത്തിന്റെ സൈദ്ധാന്തികമായ നിലപാടുകളിൽ വന്ന മാറ്റത്തെ സൂചിപ്പിക്കുന്നു. ഇത്തരം വസ്തുതകൾ കുറെക്കൂടി വിപുലമായ ചർച്ച ആവശ്യപ്പെടുന്നുണ്ട്. ഇവിടെ ഭാഷാസൂത്രണവും സാങ്കേതികപദങ്ങളും തമ്മിലുള്ള ബന്ധത്തെ വ്യക്തമാക്കുന്ന തരത്തിൽ പഠനം കൊണ്ടുപോകാനാണ് ശ്രമിക്കുന്നത്.

ഭാഷയുടെ ഘടനാപരമായ ആസൂത്രണത്തിൽ (Corpous Planning) മാത്രമാണ് ആദ്യകാലചിന്തകൾ ഊന്നിയതെങ്കിൽ പദവിപരവും (Status Planning) സമാർജ്ജനപരവുമായ ആസൂത്രണത്തെക്കുറിച്ചും (Acqusition Planning) കൂപ്പറിനെപ്പോലുള്ള ഭാഷാസൂത്രകർ വിശദീകരിക്കുന്നുണ്ട് (Cooper, 1989) ആസൂത്രണം ഭാഷയുടെ പുരോഗതിയും മാറ്റവും മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒന്നല്ല എന്ന ബോധ്യം ഇത്തരം ചിന്തകൾക്ക് പിന്നിലുണ്ട്.

ഭരണകൂടത്തിന്റെ മുൻപിൽ ഇതരഭാഷകൾക്ക് നേരെ പ്രയോഗിക്കാനുള്ള ആയുധമായി ഭാഷാസൂത്രണം മാറുന്ന സവിശേഷ സാഹചര്യത്തിൽ ഭാഷാസൂത്രണശ്രമങ്ങളെ അവ രൂപപ്പെട്ട സാഹചര്യത്തിൽ നിന്നുകൊണ്ടുതന്നെ വിലയിരുത്തേണ്ടതുണ്ട്. എന്നാൽ മാത്രമേ ആസൂത്രണസംരഭങ്ങൾക്ക് പിന്നിലെ അധികാരപ്രയോഗങ്ങളെ മനസ്സിലാക്കാൻ കഴിയൂ.

സാങ്കേതികപദകോശനിർമ്മാണം പദവിതലാസൂത്രണത്തിന്റെ ഭാഗമാണെന്ന് സാമാന്യമായി പറയാം. എന്നാൽ ഭാഷാനയത്തെ രൂപപ്പെടുത്തുന്നതിൽ സാങ്കേതികപദങ്ങളുടെ രൂപീകരണം, ശേഖരണം, പ്രചാരണം എന്നിവ വളരെ നിർണ്ണായകമാണ്. പ്രത്യേകിച്ചും ഇന്ത്യയെപ്പോലെ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ സാങ്കേതികപദസംബന്ധിയായ പ്രവർത്തനങ്ങളിലൂടെ സവിശേഷമായ പദക്കൂട്ടങ്ങൾ രൂപീകരിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. (Bassey, 2000: 15-16).

ഭാഷാവികസനത്തിന്റെ അടിസ്ഥാനഘടകങ്ങൾ എന്ന നിലയിൽ മാത്രമാണ് സാങ്കേതികപദങ്ങളെ പലപ്പോഴും മനസ്സിലാക്കുന്നത്. ആത്യന്തികമായി അത് ഏതൊരു മേഖലയിലെയും മനുഷ്യപ്രവർത്തനങ്ങളെ ആയാസരഹിതമാക്കുന്നു. മനുഷ്യൻ രൂപപ്പെടുത്തുന്ന അറിവിന് സമാന്തരമായ മാനസിക മാതൃകയെ ഏതെങ്കിലും തരത്തിലുള്ള രൂപമാതൃകകളിലൂടെ അവതരിപ്പിക്കുക മാത്രമാണ് പലപ്പോഴും സാങ്കേതികപദങ്ങൾ ചെയ്യുന്നത്. (Bassey, 2007:483). എന്നിരുന്നാൽ തന്നെയും സാങ്കേതികപദരൂപീകരണനയവും ഭാഷയും പരസ്പരം സ്വാധീനിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന നിലപാടുകളാണ്. (Nelida Chan, 2017: 489).

സവിശേഷമായ മനുഷ്യപ്രവർത്തനങ്ങളിലെ സങ്കൽപ്പനങ്ങളെ പ്രതിനിധാനം ചെയ്യുന്ന പദങ്ങളുടെ ക്രമാനുഗതമായ പഠനത്തെയാണ് വോസ്റ്റർ സാങ്കേതികപദപഠനം എന്ന് വിളിക്കുന്നത് (1999: 112). വ്യവസായവത്കരണത്തിന്റെയും ആഗോളവത്കരണത്തിന്റെയും സവിശേഷദശയിൽ വികസിതരാജ്യങ്ങളിലെയും അവികസിതരാജ്യങ്ങളിലെയും സാങ്കേതികപദരൂപീകരണനിലപാടുകളിൽ വ്യത്യാസങ്ങൾ കാണാം. എന്നിരുന്നാൽ തന്നെയും എല്ലാത്തരം ഭാഷാസൂത്രണപദ്ധതികൾക്കും സഹായകമാകുന്ന ഒന്നായി തന്നെ സാങ്കേതികപദങ്ങളെ മനസ്സിലാക്കാവുന്നതാണ്. സാങ്കേതികപദപഠനം എന്ന വിജ്ഞാന ശാഖയെ വിപുലീകരിക്കുന്നതിനേക്കാൾ ഭാഷാപൊതുപദകോശത്തിന്റെ പൊതുവിലുള്ള ആധുനികീകരണത്തിനാണ് ഭാഷാസൂത്രണത്തിന്റെ നിലപാടിൽ സാങ്കേതികപദങ്ങൾ ശ്രമിക്കുന്നത്.

ഭാഷാസൂത്രണത്തിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ മാത്രം ഇടപെടുന്ന ഒന്നല്ല സാങ്കേതിക പദങ്ങൾ. വ്യത്യസ്ത നിലകളിൽ ഭാഷാസൂത്രണത്തെ സ്വാധീനിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യാൻ സാങ്കേതികപദങ്ങൾക്ക് കഴിയും. ഘടനാതലാസൂത്രണത്തിൽ (Corpus Planning) സവിശേഷമായ സ്ഥാനം സാങ്കേതികപദങ്ങൾക്കുണ്ട്. ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേയ്ക്കുള്ള മാറ്റം വ്യക്തിക്ക് സ്വയം ചെയ്യാൻ കഴിയുകയില്ല. ഓരോ മേഖലയിലെയും സാങ്കേതികപദങ്ങൾക്കുണ്ടാകുന്ന മാറ്റത്തിലൂടെ ഇക്കാര്യം പൊതുജനത്തിന് വളരെ വേഗത്തിൽ മനസ്സിലാക്കാൻ കഴിയും.

ഭാഷയുടെ വളർച്ചയിൽ സാങ്കേതികപദങ്ങളുടെ കടമെടുപ്പ് വളരെ പ്രധാനപ്പെട്ട ഒന്നാണ്. എന്നാൽ ഭാഷയെ സമ്പന്നമാക്കാൻ അന്യഭാഷാപദങ്ങൾ ഉപയോഗിക്കാമെങ്കിലും അവ ഭാഷയ്ക്കുമേൽ പ്രവർത്തിക്കാൻ അനുവദിക്കരുത്. പ്രാദേശികമായ ഭാഷാസമ്പത്തിന് പരിമിതിയുണ്ടാകുമ്പോൾ മാത്രമാണ് ഇത്തരം കടമെടുപ്പ് നടത്തേണ്ടത്. സാങ്കേതികപദങ്ങളെ കടമെടുക്കുകയും സങ്കൽപ്പനങ്ങളെ ഓരോ ഭാഷയുടെ സാഹചര്യത്തിൽ ആവിഷ്ക്കരിക്കുകയുമാണ് ചെയ്യേണ്ടത്. പൊതുഭാഷയും (General Language) സവിശേഷഭാഷയും (LSP, Language for Special Purpose) തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നത് സാങ്കേതികപദങ്ങളിലൂടെയാണ്. സാങ്കേതികപദങ്ങളുടെ സാന്നിധ്യമാണ് വ്യവഹാരങ്ങളെ സവിശേഷമാക്കിത്തീർക്കുന്നത്. അക്കാദമികാന്വേഷണങ്ങളിൽ ഇത്തരം വേർതിരിവ് വളരെ വ്യക്തമാണ്.

ഭാഷാസൂത്രണത്തിൽ ആശയവിനിമയം സാധ്യമാക്കുന്ന ഘടകങ്ങൾ എന്ന നിലയിലും സാങ്കേതികപദങ്ങൾ പ്രവർത്തിക്കുന്നു. ആസൂത്രണപരമായ നിലപാടുകളെ സവിശേഷമായ സാങ്കേതികപദത്തിന്റെ ഉപയോഗത്തിലൂടെ ജനങ്ങളുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ കഴിയും. സാമൂഹികവും ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ നിരവധി മാറ്റങ്ങളിലൂടെയാണ് ഓരോ ഭാഷയും കടന്നുപോകുന്നത്. ഇത്തരം മാറ്റങ്ങളെ പൊതു സമൂഹത്തെ അറിയിക്കാൻ സാങ്കേതികപദങ്ങൾ സഹായിക്കുന്നു. വ്യത്യസ്ത വിഭാഗങ്ങളെ തമ്മിൽ ഏകോപിപ്പിക്കാൻ സാങ്കേതികപദങ്ങൾ ഉപയോഗപ്പെടുന്നു. ഓരോ മേഖലയിലേയും പുതിയ അറിവുകളെ സാങ്കേതികപദങ്ങളിലൂടെ ആവിഷ്ക്കരിക്കുന്നു.

മാനകീകരിക്കപ്പെട്ട സാങ്കേതികപദങ്ങളുടെ പ്രയോഗത്തിലൂടെയും സാങ്കേതികപദപ്രവർത്തനങ്ങളുടെ വളർച്ചയെ അടയാളപ്പെടുത്തലിലൂടെയും ഓരോ ഭാഷയിലെ ആസൂത്രണത്തിന്റെ ശേഷിയെ വിലയിരുത്താൻ കഴിയും. ക്യൂബൻ ഭാഷാസാഹചര്യത്തെ മുൻനിറുത്തി സാങ്കേതികപദങ്ങൾ

ഭാഷാസൂത്രണത്തിൽ നിർണ്ണായകമായിത്തീരുന്നതെങ്ങനെയെന്ന് ജാക്വിസ് മോറിസ് വിശദീകരിക്കുന്നുണ്ട് (1993: 114-121). ഓരോ ഭാഷയുടെയും ആസൂത്രണത്തിന്റെ പ്രാഥമികതലം മുതൽ സാങ്കേതികപദങ്ങൾ നിർണ്ണായകമാണ്. ആസൂത്രണത്തിനുള്ള ഉപാധിയായും ഭാഷാനയരൂപീകരണത്തിലും ഒരുപോലെ ഇടപെടാൻ സാങ്കേതികപദങ്ങൾക്ക് കഴിയും. ഇന്ത്യയുടെ സവിശേഷപശ്ചാത്തലത്തിലും ഭാഷാസൂത്രണവും സാങ്കേതികപദങ്ങളും പരസ്പരപൂരകമായി നിലകൊള്ളുന്നുണ്ട്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഭാഷാനയത്തെ വ്യക്തമാക്കുന്ന നിയമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് 1963 ലെ ഒഫീഷ്യൽ ലാംഗ്വേജ് ആക്റ്റ്. ഹിന്ദിയെ ഇന്ത്യിലെ ഔദ്യോഗിക ഭാഷയായി പ്രഖ്യാപിക്കുകയും തുടർന്നുള്ള പതിനഞ്ച് വർഷക്കാലം ഇംഗ്ലീഷ് ഉപയോഗിക്കാൻ അനുമതി നൽകുകയും ചെയ്യുന്ന നിയമമായിരുന്നു അത്. 1976-ലും 1987-ലും ഈ നിയമം ഭേദഗതി ചെയ്തെങ്കിലും ഇംഗ്ലീഷിന്റെ ഉപയോഗത്തെക്കുറിച്ച് പരാമർശങ്ങളൊന്നും നടത്തുന്നില്ല. 1968-ൽ നാഷണൽ പോളിസി റെസലൂഷനിലൂടെ ത്രിഭാഷാ നയം നിലവിൽ വന്നു. പ്രാദേശികഭാഷകൾക്കൊപ്പം ഇംഗ്ലീഷിനും ഹിന്ദിക്കും പ്രാധാന്യം നൽകുന്നതായിരുന്നു ഇത്. ഈ നയം വ്യത്യസ്തതരത്തിലാണ് ഇന്ത്യയിലെ ഓരോ സംസ്ഥാനവും നടപ്പിലാക്കിയത്. 1986-ലെ ദേശീയ വിദ്യാഭ്യാസനയവും ഇതേ നയത്തെ പിൻതുടരുകയായിരുന്നു.

വിദേശഭരണകാലത്ത്തന്നെ വ്യത്യസ്ത നിലകളിൽ ഭാഷാസൂത്രണശ്രമങ്ങൾ ഭരണതലത്തിൽ തന്നെ നടക്കുന്നുണ്ട്.[3] സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഔദ്യോഗികഭാഷാനിയമവും ത്രിഭാഷാ പദ്ധതിയും ദേശീയവിദ്യാഭ്യാസനയവും ഇന്ത്യൻ ഭാഷാനയത്തെ നടപ്പിലാക്കാൻ വേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായി ഉണ്ടായതാണ്. ഭാഷാനയം ലക്ഷ്യം വച്ചതുപോലെ പ്രാദേശികഭാഷകൾക്കും ഹിന്ദിക്കും പ്രാധാന്യം നൽകുന്ന രീതി വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞില്ല. തദ്ദേശീയഭാഷകളുടെ ഔദ്യോഗികമായ വികാസം പരാജയപ്പെട്ട രാജ്യമായിട്ടാണ് അണ്ണാമലൈ ഇന്ത്യയെ വിലയിരുത്തുന്നത്. (2001: 138-140). അതിന്റെ പ്രധാന കാരണം ഭാഷാപ്രയോഗതലങ്ങൾ കണ്ടെത്തുന്നതിന് മുൻപ് അതിന് വളർച്ചയുണ്ടാകണമെന്ന് ഇന്ത്യയിലെ ഭാഷാസൂത്രകരുടെ ചിന്തയാണ്. ഓരോ മേഖലയിലെയും സാങ്കേതികപദങ്ങളുടെ എണ്ണം ആ മേഖലയുടെയും അതിലൂടെ ഭാഷയുടെയും വളർച്ചയുടെ സൂചകങ്ങളാണ്. ഭാഷാപ്രായോഗികകതലം ശക്തിപ്പെടുത്തുന്നതിന് മുൻപ് തന്നെ സാങ്കേതികപദങ്ങൾ നിർമ്മിക്കുന്നതിന് ഇന്ത്യയിലെ ആസൂത്രകർ ശ്രമിച്ചു. മാത്രമല്ല ഈ

സാങ്കേതികപദങ്ങൾ ഇന്ത്യക്കാരിൽ അധികംപേർക്കും അപരിചിതമായ സംസ്കൃതഭാഷയ്ക്ക് ഊന്നൽ നൽകിയാണ് നിർമ്മിച്ചത് എന്നതും ഈ പരാജയത്തിന്റെ മുഖ്യ കാരണങ്ങളിൽ ഒന്നായിരുന്നു.

ഇത്തരം പ്രശ്നങ്ങൾ ദേശീയ ഭാഷാസൂത്രണത്തിൽ നിൽക്കുമ്പോൾ തന്നെ ഔദ്യോഗികമായ ഭാഷാസൂത്രണ പരിശ്രമങ്ങൾക്ക് മുൻപ് തദ്ദേശീയമായി നിരവധി ശ്രമങ്ങൾ ഭാഷാസൂത്രണത്തെ സംബന്ധിച്ചിടത്തോളം നടക്കുന്നുണ്ട്. ലീലാതിലകകാലം മുതൽ ഇങ്ങോട്ടുള്ള മലയാളഭാഷയുടെ ചരിത്രം തന്നെ ഇതിന് ഉത്തമോദാഹരണമാണ്. ഇന്ന് ഭാഷാസൂത്രണം എന്ന നിലയിൽ മനസ്സിലാക്കുന്ന തരത്തിൽ ഭാഷയെ രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ മലയാളത്തിൽ ആരംഭിക്കുന്നത് മിഷണറിമാരുടെ വരവോടെയാണ്. വ്യാകരണകൃതികളും നിഘണ്ടുക്കളും പദകോശങ്ങളും പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതിയോടെ ധാരാളമായി ഉണ്ടാകാൻ തുടങ്ങി. സാങ്കേതികപദങ്ങളും അവയെക്കുറിച്ചുള്ള ആലോചനകളും മലയാളത്തിൽ അവശ്യചർച്ചയായി മാറുന്നത് നാട്ടുഭാഷാവിദ്യാഭ്യാസത്തിന്റെ ആരംഭത്തോടെയാണ്. മുൻപു സൂചിപ്പിച്ചതുപോലെ ഭാഷാസൂത്രണത്തിൽ വിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ട മേഖലയാണ്. ഇന്ത്യയെ സംബന്ധിച്ച് സവിശേഷമായി കേരളത്തെ സംബന്ധിച്ച് ഭാഷാസൂത്രണപ്രവർത്തനങ്ങൾ വിദ്യാഭ്യാസത്തോട് ബന്ധപ്പെട്ട് മാത്രമാണ് ഉണ്ടായിട്ടുള്ളത് എന്ന് പറയാം. ബോധനമാധ്യമവും പാഠ്യ പദ്ധതിയും ഇന്നും ഭാഷാസൂത്രണത്തിന്റെ മുഖ്യവിഷയമാകുന്നതും അതുകൊണ്ടാണ്. മിഷണറിമാരുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കാനുള്ള മാധ്യമം എന്ന നിലയിൽനിന്നും ബോധനമാധ്യമം എന്ന നിലയിലേയ്ക്ക് മലയാളം പതുക്കെ മാറുന്നത് പത്തൊൻപതാം നൂറ്റാണ്ടിലാണ്. ഇതിന്റെ ഭാഗമായാണ് 1818-ൽ ഒന്നാം പാഠപുസ്തക കമ്മിറ്റി രൂപീകരിക്കുന്നത്. നിലവിൽ ഈ കമ്മിറ്റി രൂപീകരിച്ച പുസ്തകങ്ങൾ ഒന്നും ലഭ്യമല്ല. (ശ്രീജിത്ത്, 2018: 20).

1867-ലെ പാഠപുസ്തകകമ്മിറ്റിയുടെ രൂപീകരണത്തോടെ ആധുനിക ശാസ്ത്രവിഷയങ്ങളിലുള്ള പാഠപുസ്തകങ്ങൾ മലയാളത്തിൽ അച്ചടിക്കാൻ തുടങ്ങി. അതിന് മുൻപുതന്നെ മിഷണറിമാർ മലയാളത്തിൽ വിഷയനിഷ്ഠകൃതികൾ രചിക്കാൻ ആരംഭിച്ചിരുന്നു. വിഷയനിഷ്ഠകൃതികൾ രചിക്കുന്നതിനൊപ്പം അതത് വിഷയങ്ങൾക്ക് വേണ്ടിയുള്ള സാങ്കേതികപദങ്ങൾ രൂപീകരിക്കാനുള്ള ശ്രമങ്ങളും മലയാളത്തിൽ നടക്കുന്നുണ്ട്. മൃഗചരിതം, ധനതത്വനിരൂപണം, ലോകചരിത്രശാസ്ത്രം തുടങ്ങിയ കൃതികൾ ഉദാഹരണം. ഈ കൃതികളെല്ലാം സാങ്കേതികാർത്ഥത്തിൽ പരമാവധി മലയാളവാക്കുകൾ

ഉപയോഗിക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ പിന്നീടുണ്ടായ കൃതികൾ ഇംഗ്ലീഷിനെ അടിസ്ഥാനമായി നൽകി തർജ്ജമ എന്ന നിലയിൽ മലയാള സാങ്കേതികപദങ്ങളെ അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്. വ്യത്യസ്തങ്ങളായ ആധുനികവിഷയങ്ങളെ ആവിഷ്ക്കരിക്കാനുള്ള സജീവ ശ്രമങ്ങളാണിവ.

നവീനമായ ആശയങ്ങളെ ഉൾക്കൊള്ളാൻ ഭാഷയെ പര്യാപ്തമാക്കാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന ആസൂത്രണപരമായ സംഘർഷങ്ങളാണ് സാങ്കേതികപദരൂപീകരണത്തെക്കുറിച്ചുള്ള ചർച്ചയിലും വിഷയനിഷ്ഠകൃതികളിലെയും പാഠപുസ്തകങ്ങളിലെയും സാങ്കേതികപദ തിരഞ്ഞെടുപ്പിലും കാണാൻ കഴിയുന്നത്. വിഷയനിഷ്ഠകൃതികളും പാഠപുസ്തകങ്ങളും വ്യത്യസ്ത ഭാഷാനിലപാടുകളിൽ[4] നിന്ന് സാങ്കേതികപദങ്ങളെ രൂപീകരിക്കുമ്പോൾ തന്നെ സാങ്കേതികപദരൂപീകരണത്തിന്റെ താത്വികതലത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുള്ള നിരവധി വ്യക്തികളുണ്ട്. മലയാളത്തിന്റെ ഭാഷാനയം രൂപപ്പെടുത്തുന്നതിൽ ഈ വ്യക്തികളുടെ പങ്ക് നിർണ്ണായകമാണ്. "എ.ആർ. രാജരാജവർമ്മ, പൈലോപോൾ ബി.എ, കെ.ആർ. കൃഷ്ണപിള്ള, എം. രാജരാജവർമ്മ, രാമവർമ്മ അപ്പൻ തമ്പുരാൻ, ഐ.സി. ചാക്കോ, കെ. രാമകൃഷ്ണപിള്ള, ടി.കെ. ജോസഫ്, എൽ.എ. രവിവർമ്മ, പി.എൻ. മൂസ്സത്, ഡോ. ഭാസ്കരൻനായർ എന്നിവർ സാങ്കേതികപദ തത്വരൂപീകരണത്തിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയ ആളുകളാണ്. ഭാഷയുടെ ആധുനികീകരണം എന്നതായിരുന്നു ഇവരുടെയെല്ലാം പ്രവർത്തനങ്ങളുടെ അടിസ്ഥാനലക്ഷ്യം." (സീന ജോൺ 2019:122)[5].

സാങ്കേതികപദരൂപീകരണതത്വങ്ങളിൽ ഇവരാരും ഏകീകൃതമായ നിലപാടല്ല സ്വീകരിച്ചത്. മലയാളഭാഷയെ സാങ്കേതികമായി ബലപ്പെടുത്തുന്നതിനുള്ള പല നിലപാടുകൾ ഇവിടെ കാണാൻ കഴിയും. ഭാസ്കരൻനായർ, പി.എൻ.മൂസ്സത് തുടങ്ങിയവരൊഴിച്ചാൽ മറ്റുള്ളവരെല്ലാം തന്നെ ഏ.ആറിന്റെ സാങ്കേതിക പദാവലി കമ്മീഷനുവേണ്ടി പ്രവർത്തിച്ചവരാണ്. എങ്കിൽപ്പോലും സാങ്കേതികപദരൂപീകരണത്തിൽ വ്യത്യസ്ത നിലപാടുകളാണ് ഇവർക്കുണ്ടായിരുന്നത്.

ഒന്നും രണ്ടും പാഠപുസ്തക കമ്മറ്റികളും മദിരാശി-തിരുവിതാംകൂർ സർവ്വകലാശാലകൾ പുറത്തിറക്കിയ പദാവലികളും മാത്രമാണ് ഔദ്യോഗികതലത്തിൽ സാങ്കേതികപദ രൂപീകരണത്തിനു വേണ്ടി നടത്തിയ ശ്രമങ്ങൾ. ഇതിനേക്കാൾ വിപുലമായ തലത്തിലാണ് വ്യക്തികളും വിവിധ സംഘടനകളും സാങ്കേതികപദ നിർമ്മാണത്തിലും നടത്തിയ പരിശ്രമങ്ങൾ.

അതുകൊണ്ടുതന്നെ അനൗദ്യോഗിക തലത്തിലാണ് ഈ ഘട്ടത്തിൽ ഭാഷാസൂത്രണ ശ്രമങ്ങൾ നടന്നത് എന്ന് പറയാം. 1914-ൽ പ്രവർത്തനമാരംഭിച്ച കൊച്ചി ഭാഷാപരിഷ്കരണ കമ്മിറ്റി മുതൽ 1962-ൽ സ്ഥാപിതമായ ശാസ്ത്രസാഹിത്യപരിഷത്ത് വരെയുള്ള നിരവധി സംഘടനകൾ അനൗദ്യോഗികമായി സാങ്കേതികപദരൂപീകരണ ചർച്ചകളിൽ സജീവമായിരുന്നു.

ഇക്കാലഘട്ടത്തിൽ രൂപീകരിച്ച സാങ്കേതികപദങ്ങളെ അവയുടെ ഭാഷാസ്വഭാവത്തെ മുൻനിറുത്തി മലയാളപദങ്ങൾ ഇതരഭാഷാപദങ്ങൾ, പുതുപദസൃഷ്ടികൾ (സീന ജോൺ, 2019:134) എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. ഏകദേശം ഒരു നൂറ്റാണ്ടിലധികം നീണ്ടുനിന്ന സാങ്കേതികപദപരമായ അനിശ്ചിതത്വങ്ങൾക്ക് അവസാനമാകുന്നത് 1968-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതോടെയാണ്. ഇതിന്റെ ഭാഗമായി സാങ്കേതികപദരൂപീകരണത്തിന് ഏകീകൃതമായ സ്വഭാവമുണ്ടായി. അതുവരെയും പ്രാദേശിക ഭാഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ സാങ്കേതികപദരൂപീകരണശ്രമങ്ങൾ സംസ്കൃതകേന്ദ്രിതത്വത്തിലേക്ക് ഊന്നുന്നതാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദാവലികളിൽ കാണാൻ കഴിയുന്നത്. മലയാള പദങ്ങൾ, ഇതര ഭാഷാ പദങ്ങൾ, പുതു പദങ്ങൾ എന്നിങ്ങനെ സാങ്കേതികപദങ്ങളെ വേർതിരിക്കുമ്പോൾ 90% വും ഇതരഭാഷാപദങ്ങളായി മാറുകയാണ് ചെയ്തത്. ദേശീയഭാഷായനയത്തിന്റെ രൂപീകരണം പ്രാദേശിക ഭാഷകൾക്കുണ്ടായ ഉണർവിനെ ഇല്ലായ്മ ചെയ്യുന്ന അവസ്ഥയാണ് ഇന്ത്യയിൽ തുടർന്നുണ്ടായത്. മലയാളത്തിനനുഗുണമായുണ്ടായ ആസൂത്രണശ്രമങ്ങളെ മറ്റൊരു നിലപാടിലേക്ക് ഉടച്ചുവാർക്കാനാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശ്രമങ്ങൾ കാരണമായത്. തുടർചർച്ചകളിലൂടെ ഇത്തരം സാങ്കേതിക പദങ്ങൾ മലയാള ഭാഷയ്ക്ക് യോജിക്കുന്ന തരത്തിലേയ്ക്ക് മാറി വരും എന്ന പ്രതീക്ഷ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായ എൻ.വി.കൃഷ്ണവാരിയർ പ്രകടിപ്പിക്കുന്നുണ്ട്. (1994:XII).

എന്നാൽ ഉന്നതവിദ്യാഭ്യാസം എന്നല്ല പ്രാഥമികവിദ്യാഭ്യാസത്തിന്റെ തന്നെ മാധ്യമം മിക്കയിടങ്ങളിലും ഇംഗ്ലീഷായി മാറുകയാണ് ചെയ്തത്. അതോടുകൂടി വൈജ്ഞാനികവിഷയങ്ങൾ മലയാളത്തിൽ വിനിമയം ചെയ്യേണ്ട ആവശ്യകത ഇല്ലാതായി. ഇതര ലോകരാജ്യങ്ങളെപ്പോലെ വാണിജ്യ ബന്ധങ്ങൾക്കും അന്താരാഷ്ട്ര വിനിമയങ്ങൾക്കും വേണ്ടി ഭാഷകളെ ശക്തിപ്പെടുത്തേണ്ട സാഹചര്യം ഇന്ത്യൻ ഭാഷകൾക്കില്ലാത്തതിനാൽ ബോധനമാധ്യമം എന്ന പദവി നഷ്ടപ്പെടുന്നതോടുകൂടി വൈജ്ഞാനിക

ശോഷണം എന്ന അവസ്ഥയിലേയ്ക്ക് ഇന്ത്യയിലെ പ്രാദേശികഭാഷകൾ എത്തിച്ചേർന്നു. പ്രാദേശികഭാഷകളും അതിനൊപ്പം ഇംഗ്ലീഷും ഹിന്ദിയും എന്ന ത്രിഭാഷാനയം അതിന്റെ ആസൂത്രണ തലത്തിൽ പരാജയപ്പെടുകയും പ്രാദേശികഭാഷകൾക്ക് ശോഷണം സംഭവിക്കുകയും ചെയ്യുന്ന ഭാഷാ സാഹചര്യമാണ് ഇന്ന് ഇന്ത്യയിൽ നിലനിൽക്കുന്നത്.

പ്രാദേശികഭാഷകളുടെ പഠനവും അതിന്റെ വളർച്ചയും പലപ്പോഴും ഭാഷാപഠിതാവിന്റെ മാത്രം ചുമതലയായി. ഇന്ത്യയേക്കാൾ വളരെ വൈകി സ്വാതന്ത്ര്യം ലഭിക്കുകയും അതിനെക്കാൾ സങ്കീർണ്ണമായ ഭാഷാസാഹചര്യം ഉള്ള രാജ്യമാണ് സൗത്ത് ആഫ്രിക്ക. വളരെ സജീവമായ ആസൂത്രണ പദ്ധതികൾ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ രൂപീകരിക്കുമ്പോഴും പ്രാദേശിക ഭാഷാ നയവും സാങ്കേതിക പദ രൂപീകരണത്തിനുള്ള ശ്രമങ്ങളും ഇവിടെയും പരാജയപ്പെടുന്നുണ്ട്. ഭാഷകളുടെ മൂല്യത്തെക്കുറിച്ചുള്ള താരതമ്യമാണ് ഇതിന്റെ പ്രധാന കാരണമെന്ന് ബോർദ്യുവിന്റെ മൂല്യം(market) എന്ന സങ്കല്പത്തെ മുൻനിറുത്തി ആഫ്രിക്കൻ സാങ്കേതികപദ പഠിതാവായ ബാസി.ഇ. അന്റിയ വിശദീകരിക്കുന്നുണ്ട്. (Bourdieu 1977,651-654 cited by Bassey E Antia, 2017:476). ദൈവത്തിനും ഭാഷാപഠിതാവിനും മുൻപിൽ മാത്രമാണ് ഭാഷയ്ക്ക് തുല്യതയുള്ളതെന്നും സാമൂഹികായി ഓരോ ഭാഷയുടെയും പദവി വ്യത്യസ്തമാണെന്നും ബോർദ്യ ഓർമ്മിപ്പിക്കുന്നു. (1977, 652, cited by Bassey, 2017:476). പരീക്ഷയുടെ മാധ്യമവും അതിനുശേഷമുള്ള തൊഴിലിനുള്ള മാധ്യമവും ഇതരഭാഷയിലായിരിക്കെ എന്ത് മേന്മയാണ് മാതൃഭാഷാ വിദ്യാഭ്യാസം നൽകുന്നതെന്ന ചോദ്യം ആഫ്രിക്കൻ ഭാഷാസൂത്രണത്തെ പിന്നോട്ട് നയിക്കുന്ന ഒന്നാണെന്ന് കാണാം. (2017:476). വംശീയതയുടെ വേർതിരിവുകൾ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും പ്രകടമാകുന്ന ആഫ്രിക്കൻ അന്തരീക്ഷത്തിൽ അധികാരബന്ധങ്ങളിലുണ്ടാകുന്ന മാറ്റങ്ങളിലൂടെയല്ലാതെ ഭാഷാസൂത്രണം വിജയകരമായി നടപ്പിലാക്കാൻ കഴിയില്ല. എന്നാൽ അവിടെ ഇത്തരം ഭാഷകളെ ഔദ്യോഗികഭാഷകളായി അംഗീകരിക്കുന്നുണ്ട്. ഈ ഭാഷകളിൽ നിന്ന് ബോധനമാധ്യമം തിരഞ്ഞെടുക്കാനുള്ള അധികാരം യൂണിവേഴ്സിറ്റികൾക്കുണ്ട്. മാത്രമല്ല മാതൃഭാഷാ ബോധനമാധ്യമല്ലാത്ത വിദ്യാർത്ഥിക്ക് മറ്റ് ഭാഷകളിൽ സാങ്കേതികപദബാങ്കുകൾ നൽകുന്നു. കേപ് ടൗൺ യൂണിവേഴ്സിറ്റിയും സെറ്റലൺ ബോർഡ് യൂണിവേഴ്സിറ്റിയും ഇത്തരത്തിൽ സാങ്കേതികപദ ബാങ്കുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. (Bassey 2017:474).

പ്രാദേശികഭാഷാവിദ്യാഭ്യാസം വിപണിമൂല്യവും ബഹുഭാഷാകളുടെ സാന്നിധ്യവും നിമിത്തം നിരന്തരം തഴയപ്പെടുമ്പോൾ ആഫ്രിക്കൻസർവ്വകലാശാലകൾ മൂന്നുഭാഷകളിലെങ്കിലും സാങ്കേതികപദബാങ്കുകൾ ഒരുക്കുന്നു. കൂടാതെ നാഷണൽ ലാംഗ്വേജ് സർവീസ് അതിന്റെ വെബ്സൈറ്റിൽ വിവിധ മേഖലകളിലെ സാങ്കേതിക പദങ്ങൾ പതിനൊന്ന് ഔദ്യോഗികഭാഷകളിലും നൽകുന്നു. (2017:71). ഇങ്ങനെ വളരെ പതുക്കെയാണെങ്കിലും പ്രാദേശിക ഭാഷകളെ ജനങ്ങളുടെ പരിചിതസീമയിലേയ്ക്ക് കൊണ്ടുവരാനാണ് സൗത്ത് ആഫ്രിക്കയിലെ ഭാഷാസൂത്രണവും സാങ്കേതികപദസമിതികളും ശ്രമിക്കുന്നത്. മൂല്യത്തെക്കുറിച്ച് സംശയജനകമായ അവസ്ഥയുണ്ടായിരിക്കുമ്പോൾത്തന്നെ വ്യക്തമായ ആസൂത്രണത്തിലൂടെ ഭാഷയ്ക്കനുയോജ്യമായ സാഹചര്യം രൂപപ്പെടുത്തിയെടുക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

ദേശീയതലത്തിൽ പ്രാദേശികഭാഷകൾക്ക് ഊന്നൽ കൊടുക്കുന്ന നയം രൂപീകരിച്ചെങ്കിലും (National Policy Resolution 1968) ശരിയായ ആസൂത്രണത്തിലൂടെ അവയെ സ്ഥാപിച്ചെടുക്കാൻ ഇന്ത്യക്ക് കഴിഞ്ഞില്ല. മാത്രമല്ല, കേന്ദ്ര ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംസ്കൃത കേന്ദ്രിതമായ ഭാഷാനയം (വൈജ്ഞാനിക-സാങ്കേതികപദാവലി കമ്മീഷൻ) ഇന്ത്യൻ ഭാഷകൾക്ക് പകരം ഇംഗ്ലീഷിനെ തന്നെ ആശ്രയിക്കാൻ പ്രേരിപ്പിക്കുന്ന സാഹചര്യം ഇന്ത്യയിലുണ്ടാക്കി. പതിനഞ്ച് വർഷം മാത്രം ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്ന ദേശീയ ഔദ്യോഗിക ഭാഷാനിയമത്തിന് എഴുപത് വർഷങ്ങൾക്ക് ശേഷവും യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പദാവലികൾപോലും ഗവേഷകർക്ക് ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്.

മലയാളത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനതലത്തിൽ ഭാഷാനുകൂലനിലപാടുകൾ ഉണ്ടാകുന്നില്ല. എന്നു മാത്രമല്ല മാതൃഭാഷാവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി നിരന്തരമായ സമരങ്ങൾ ചെയ്യേണ്ട സാഹചര്യമാണ് നിലവിലുള്ളത്. 1982 മുതൽ നിരവധി സംഘടനകൾ ഈയൊരാവശ്യത്തിനുവേണ്ടി രൂപീകരിക്കപ്പെട്ടു. തുടർന്ന് മാതൃഭാഷാവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിന് നിരവധി സമരങ്ങളും ആവശ്യമായി വന്നു(പവിത്രൻ, 2014:263-270). മാതൃഭാഷാവിദ്യാഭ്യാസം നിർബന്ധമാക്കുകപോലുള്ള അടിസ്ഥാന ഭാഷാസൂത്രണപദ്ധതികൾ പോലും കേരളത്തിൽ നടപ്പിൽ വരുത്താൻ സാധിക്കുന്നില്ല. ആഗോളവളർച്ചാനിരക്കിലും മാനവിക വികസനത്തിന്റെ കാര്യത്തിലും അധിനിവേശഭാഷാഭരണം ഇന്ത്യയെ പുറകോട്ട് നടത്തുമ്പോൾ വികസനം ഇംഗ്ലീഷുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന മൂഢ

ധാരണയിൽ അഭിരമിക്കുകയാണ് ഇന്ത്യ (കെ. സേതുരാമൻ, 2011: 212-13). ബോധപൂർവ്വമായ ആസൂത്രണ ശ്രമങ്ങളിലൂടെ പ്രാദേശികഭാഷകളെ ശക്തിപ്പെടുത്തേണ്ടത് ഇന്ത്യ പോലുള്ള രാജ്യങ്ങളുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. ഭാഷ നിരന്തരം വളർന്നുകൊണ്ടിരിക്കുന്ന ജൈവിക പ്രതിഭാസമല്ല. ഭാഷ വിനിമയം ചെയ്യുന്ന ആളുകളുടെ വൈജ്ഞാനിക വിനിമയ ശേഷിയാണ് ഓരോ ഭാഷയുടെയും വളർച്ചയ്ക്ക് കാരണമാകുന്നത്. ഈയൊരു ബോധ്യമാണ് മലയാള ഭാഷാസൂത്രണത്തിന്റെ അടിസ്ഥാനമായിത്തീരേണ്ടത്.

## അടിക്കുറിപ്പ്

1. ലീലാതിലകത്തിലെ ഭാഷാചർച്ചകൾ, 1817-ലെ ഒന്നാം പാഠപുസ്തകകമ്മിറ്റി, 1863-ലെ രണ്ടാംപാഠപുസ്തകകമ്മിറ്റി തുടങ്ങിയവ ആദ്യകാല ഭാഷാസൂത്രണ ശ്രമങ്ങളുടെ ഭാഗമാണ്
2. Robert LCooper, 1989,Gibson Ferguson, . 2006, SueWright, .2016
3. Meiringer, Julia. 2009 'Language Planning in India: The Influence of English on the Educational System and the Media.' University of Vienna.
4. ഇവയിൽ ചിലത് സംസ്കൃത, ഇംഗ്ലീഷ് വാക്കുകളെത്തന്നെ സാങ്കേതികപദങ്ങളായി ഉപയോഗിച്ചു.തനി മലയാളവാക്കുകൾ, തമിഴ്പദങ്ങൾ, വിവിധ ഭാഷകളിൽ നിന്ന് തർജ്ജമചെയ്തുപയോഗിക്കുന്ന പദങ്ങൾ, മിശ്രഭാഷാപദങ്ങൾ എന്നിങ്ങനെ വ്യത്യസ്തരീതികൾ സാങ്കേതികപദരൂപീകരണത്തിൽ കാണാം
5. സാങ്കേതികപദതത്വങ്ങളിലെ ഈ വ്യക്തികളുടെ സംഭാവനകൾ മലയാള ഭാഷാപഠനങ്ങളിലെ സാങ്കേതികപദങ്ങൾ വിമർശന പഠനം എന്ന പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

## ഗ്രന്ഥസൂചി

1. ജോർജ്ജ് സി.ജെ., 2020, ഇംഗ്ലീഷാവിഷ്ടയായ മലയാളം, കേരള സൊസൈറ്റി ഫോർ ലിംഗ്വിസ്റ്റിക് റിസർച്ച്.
2. ജോസഫ് സ്കറിയ, 2016, ഭാഷയുടെ വർത്തമാനം , സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.
3. പവിത്രൻ പി., 2014, മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം, മലയാള ഐക്യവേദി.
4. വേദബന്ധു, 2004, യാസ്കമുനിയുടെ നിരുക്തോപക്രമം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. വാസുക്കുട്ടൻ കെ.എ., 1991, ആധുനികശാസ്ത്രവിഷയങ്ങളുടെ പ്രതിപാദനം മലയാളത്തിൽ: ശാസ്ത്രസാങ്കേതിക പദാവലികൾ നിർമ്മിക്കാനുള്ള പരിശ്രമങ്ങളുടെ

ചരിത്രപരവും വിവരണാത്മകവും വിമർശനാത്മകവുമായ പഠനം, അപ്രകാശിത ഗവേഷണ പ്രബന്ധം, കേരള സർവ്വകലാശാല, തിരുവനന്തപുരം

6. ശ്രീജിത്ത്, 2018, ഒരുവട്ടംകൂടി എന്റെ പാഠപുസ്തകം, ഡി.സി.ബുക്സ്, കോട്ടയം

7. സീന ജോൺ, 2019, മലയാളഭാഷാപഠനങ്ങളിലെ സാങ്കേതികപദങ്ങൾ : വിമർശനപഠനം, അപ്രകാശിത ഗവേഷണ പ്രബന്ധം, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

8. സേതുരാമൻ.കെ, 2013, മലയാളത്തിന്റെ ഭാവി ഭാഷാസൂത്രണവും മാനവവികസനവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

9. Annamalai, E. 2001.Managing Multilingualism in India: Political and Linguistic Manifestations. Sage,

10. Cabre, M. Teresa. 1999.Terminology: Theory, Methods and Applications. Edited by Juan C. Sager, Translated by Janet Ann DeCesaris, John Benjamins Publishing Company,

11. Cooper, Robert L.,1989. et al. Language Planning and Social Change. Cambridge University Press,

12. Ferguson, Gibson. 2006.Language Planning and Education. Edinburgh University Press,

13. Kockaert, Hendrik J., and Frieda Steurs. 2015.Handbook of Terminology: Vol. 1. J. Benjamins,

14. Meiringer, Julia. 2009'Language Planning in India: The Influence of English on the Educational System and the Media.' University of Vienna.

15. Sonneveld, Helmi B., and Kurt L. Loening. 1993.Terminology: Applications in Interdisciplinary Communication. John Benjamins Publishing,

16. 16. Sylvine. 'Revisiting The Language Policy Of India.' IPleaders, 24 June 2016, https://blog.ipleaders.in/revisiting-language-policy-india/.

17. Wright, Sue.2016, 'Language Policy and Language Planning: From Nationalism to Globalisation. 2nd Edn.Hampshire: Palgrave Macmillan, . Pp. Vii, 385. Pb. €29.99.' Language in Society, vol. 48, no. 2, Cambridge University Press, Apr. 2019, pp. 309–12. Cambridge University Press, doi:10.1017/S0047404518001380.

18. Sonneveld, Helmi B., and Kurt L. Loening. 1993 Terminology: Applications in Interdisciplinary Communication. John Benjamins Publishing,

19. Sylvine. 'Revisiting The Language Policy of India.' IPleaders, 24 June 2016,

https://blog.ipleaders.in/revisiting-language-policy-india

http://hksanthosh.blogspot.com/2009/04/blog-post_18.html

https://shijualex.in/.

*sjohn601@gmail.com*

# ഭാഷാസൂത്രണത്തിന്റെ മലയാളവഴികൾ

ശ്രീനാഥൻ എം.
പ്രൊഫസർ, ഭാഷാശാസ്ത്രവിഭാഗം, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

## പ്രബന്ധസംഗ്രഹം

ഭാഷാസൂത്രണത്തെ ആഗോളപശ്ചാത്തലത്തിൽ വിവരിച്ച് അതിന്റെ പ്രധാന മേഖലകൾ അടയാളപ്പെടുത്തുകയും മലയാളഭാഷ സ്വീകരിച്ച ഭാഷാസൂത്രണപദ്ധതികൾ അവതരിപ്പിക്കുകയുമാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. മലയാളത്തിന്റെ ഭാഷാസൂത്രണവഴികൾ ഓരോന്നും വിശദമായ ചർച്ചചെയ്യുന്നില്ല. പകരം പ്രധാനപ്പെട്ടതും ഭാഷാസൂത്രണസന്ദർഭത്തിൽ നാഴികക്കല്ലായതുമായ പ്രവർത്തനങ്ങളെ രേഖപ്പെടുത്തുകയുമാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

## താക്കോൽവാക്കുകൾ

ലിപിമാനകീകരണം, സാങ്കേതികപദനിർമ്മിതി, വിദ്യാഭ്യാസഭാഷാസൂത്രണം, ഭാഷാനയം, വരമൊഴിമാനകീകരണം

ഭാഷാസൂത്രണം എന്ന പ്രയോഗം 1959-ലാണ് ഹേഗൻ ആദ്യമായി ഉപയോഗിച്ചത് (ഫെർഗുസൺ 2006). സ്കാന്ഡിനേവിയൻ രാജ്യമായ നോർവെയുടെ മാനകീയദേശിയഭാഷയുടെ ചർച്ചാസന്ദർഭത്തിലാണ് ഈ പ്രയോഗം ഉണ്ടായത്. ദേശീയതലത്തിലുണ്ടാകുന്ന ഭാഷാപ്രശ്നങ്ങൾക്ക പ്രതിവിധിയായയാണ് ഭാഷാസൂത്രണത്തെ ആദ്യകാലത്തു നോക്കിക്കണ്ടിരുന്നത്. ദേശരാഷ്ട്രനിർമിതിയുടെ ഭാഗമായുണ്ടാകുന്ന ഭാഷാപ്രശ്നങ്ങൾക്ക് പരിഹാരം ഭാഷാസൂത്രണമാണെന്ന ആശയം (ഫിഷ്മാൻ, 1974) 1980-കളോടെ വ്യാപകമായി അംഗീകാരം നേടി. അക്കാലത്തു ഭാഷാസൂത്രണവും ഭാഷാനയവും സമാനമായി പ്രയോഗത്തിലുണ്ടായിരുന്നു.

ഈ രണ്ടുപദങ്ങളും വ്യത്യസ്തമായി കപ്ലാൻ(2003) ഉപയോഗിച്ചുതുടങ്ങി. ഭാഷാനയം ഭാഷാസംബന്ധമായ നയങ്ങളുടെ ആവിഷ്കരണത്തിലും ഭാഷാസൂത്രണം പദ്ധതി നടത്തിപ്പുമായി വേർതിരിഞ്ഞു. 1970-കളിൽ ഭാഷാനയം എന്ന് പൊതുവിൽ പറയുമെങ്കിലും അത് ഔദ്യോഗികഭാഷാനയം, വിദ്യാഭ്യാസഭാഷാനയം, പൊതു ആവശ്യങ്ങൾക്കുള്ള ഭാഷാനയം എന്നിവ ഉൾപ്പെട്ടതായിരുന്നു. പൊതു ആവശ്യങ്ങൾ പ്രധാനമായും മാധ്യമവും വാണിജ്യവുമായ ഭാഷോപയോഗമാണ്.

പരമ്പരാഗതമായി ഭാഷാസൂത്രണം രണ്ടുതരത്തിലാണ് ഉൾക്കൊണ്ടിരിക്കുന്നത്. ഭരണം, നിയമം, വിദ്യാഭ്യാസം മുതലായ മേഖലകൾക്കായി ഭാഷയെ നിർദേശിക്കുന്നതാണ് സ്റ്റാറ്റസ് പ്ലാനിംഗ്. സമൂഹത്തിൽ ഭാഷാപദവി നിർണയിച്ചുറപ്പിക്കലാണ് ഇതിന്റെ ലക്ഷ്യം. എന്നാൽ ന്യൂനപക്ഷഭാഷകൾക്കും ആദിവാസിഭാഷകൾക്കും ഇന്ത്യയിൽ ഇത്തരത്തിലുള്ള പദവി ലഭിക്കുന്നില്ല എന്നത് ഇത്തരം ആസൂത്രണത്തിന് വിരുദ്ധമായി നിലനിൽക്കുന്നുണ്ട്. രാഷ്ട്രീയക്കാരും ഭരണാധികാരികളുമാണ് ഭാഷാശാസ്ത്രജ്ഞരെക്കാൾ സ്റ്റാറ്റസ്പ്ലാനിംഗിൽ തീരുമാനമെടുക്കുന്നത്. എന്നാൽ കോർപ്പസ് പ്ലാനിങ്ങിൽ ഭാഷാശാസ്ത്രജ്ഞർക്കാണ് മുൻതൂക്കം. നിശ്ചിതമായ ലക്ഷ്യങ്ങൾ മുൻനിറുത്തിക്കൊണ്ടു ഭാഷയിൽ ആസൂത്രിതമായ മാറ്റങ്ങൾ വരുത്തുന്നതാണിത്. ലിപിപരിഷ്കരണം, മാനകീകരണം, ആധുനികീകരണം കംപ്യൂട്ടർക്ഷമതാവികസനം, സാങ്കേതികപദാവലിനിർമിതി തുടങ്ങിയുള്ള വിദഗ്ധ സമീപനം ആവശ്യമായ മേഖലകളാണ് കോർപ്സ്പ്ലാനിങ്ങിന്റെ പരിധിയിൽവരുക (ഫിഷ്മാൻ 1974, ഫെർഗുസൺ 2006).

1989 മുതൽ കൂപ്പർ നിർദേശിച്ച സമാർജന ആസൂത്രണം (Acquisition planning) വിദ്യാഭ്യാസ ആസൂത്രണമാണ്. ഭാഷാസൂത്രണത്തെക്കുറിച്ച് ശക്തമായ വിമർശനം ഉന്നയിക്കപ്പെട്ടത് 1990-കളിലാണ്. ദേശരാഷ്ട്രനിർമിതിയുമായി ബന്ധപെട്ടു രൂപംകൊണ്ട ഏകഭാഷാനയത്തിനെതിരായിട്ടാണ് പ്രധാന വിമർശനം. ബഹുഭാഷാസന്ദർഭത്തെ തിരസ്കരിച്ച ഏകഭാഷയെ ദേശീയഭാഷയായി ഉയർത്തികാണിക്കുന്നതിനെതിരെയാണ് ആഗോളീയമായി വിമർശനം ഉയർന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ആഗോളീകരണം, ഭാഷാനാശം, ഇംഗ്ലീഷിന്റെ അപ്രമാദിത്വം, ഉപഭാഷാദേശീയത, ഭാഷാസ്വത്വം, ന്യൂനപക്ഷഭാഷാവകാശങ്ങൾ, ഭാഷാപുനർജീവനം എന്നിങ്ങനെയുള്ള വിവിധ പഠനമേഖലകൾ ഭാഷാസൂത്രണവുമായി കണ്ണിചേർന്നു. വിവിധ ഭാഷോപയോഗസന്ദർഭങ്ങളായ വീട്, വിദ്യാഭ്യാസം,

നിയമം, മാധ്യമം, വാണിജ്യം, കമ്പോളം, മതം, ശാസ്ത്രസാങ്കേതികത എന്നിങ്ങനെയുള്ള ഭാഷാപ്രയോഗമണ്ഡലങ്ങളിൽ മാതൃഭാഷയുടെ സാന്നിധ്യം ഉണ്ടാകണമെന്ന് പരക്കെ ചർച്ചയുയർന്നു. എങ്കിലും അധിനിവേശരാജ്യങ്ങളിൽ ഇംഗ്ലീഷ് മേധാവിത്വം തുടർന്നു. ഇന്ത്യയുൾപ്പടെ പല ഇടങ്ങളിലും മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരങ്ങൾ തുടരുന്നുവെങ്കിലും പൂർണമായി ദേശീയഭാഷകൾക്കു ഔദ്യോഗിക അംഗികാരം ഉറപ്പുവന്നിട്ടില്ല. ഭാഷാജനാധിപത്യം ഇന്നും സജീവ ചർച്ചാമേഖലയാണ്. കേരളത്തിന്റെയും സ്ഥിതി മറിച്ചല്ല(പി പവിത്രൻ 2014). ആമുഖമായി ഇത്രയും പറഞ്ഞുകൊണ്ട് കേരളത്തിന്റെ ഭാഷാസൂത്രണവഴികൾ അന്വേഷിക്കാം. മലയാളഭാഷാസൂത്രണ-ചരിത്രാന്വേഷണത്തിലേക്കു കടക്കുന്നതിനു മുൻപ്, ഒരു ആശയം വ്യക്തമാക്കേണ്ടതുണ്ട്. ഭാഷാസൂത്രണം എന്ന വാക്കിന്റെ ഉപയോഗത്തോടെയാണ് ഭാഷാസൂത്രണം നടപ്പിൽവന്നത് എന്ന പരിമിതമായ നിലപാട് ഈ പഠനം മുന്നോട്ടുവെക്കുന്നില്ല. മലയാള ഭാഷാശാസ്ത്രചരിത്ര അന്വേഷണത്തിൽ കെ. എം. പ്രഭാകരവാര്യർ കൈക്കൊണ്ട പദാർത്ഥസമീപനമല്ല ഇവിടെ പിന്തുടരുന്നതെന്നു ചുരുക്കം. ഭാഷയുടെ ഉപയോഗചരിത്രവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള സമീപനമാണ് ഭാഷാസൂത്രണത്തിന്റെ വേരുകൾ തിരയാൻ സൗകര്യപ്രദമാകുന്നത്.

## ഭാഷാസൂത്രണത്തിന്റെ തദ്ദേശീയ മാതൃക

ഭാഷാസൂത്രണത്തിന്റെ തദ്ദേശീയ മാതൃകയെക്കുറിച്ചുള്ള അന്വേഷണം രണ്ടു സാധ്യതകൾ തുറന്നിടുന്നുണ്ട്. പ്രാദേശികമായി വികസിച്ച മാതൃകയെന്നും പ്രാദേശികമായി നടപ്പാക്കിയ ഭാഷാസൂത്രണമെന്നും. ഇതിൽ ഒന്നാമത്തേത് സാധാരണ ഭാഷാസൂത്രണചർച്ചകളിൽ കടന്നുവരാറില്ല. ഭാഷാസൂത്രണം എന്ന ആശയത്തെ പിന്താങ്ങിയുള്ള ബോധപൂർവമായ പദ്ധതി നടത്തിപ്പിനെയാണ് ഭാഷാസൂത്രണത്തിൽ ഉൾപെടുത്താറുള്ളത്. ആ രീതിയിൽ പരിശോധിച്ചാൽ 1960 മുതലുള്ള മലയാളസന്ദർഭമേ ഈ ചർച്ചയിൽ ഉൾപെടുത്താനാവൂ. ഭാഷാസൂത്രണം എന്നതിന്റെ പരിമിതമായ പ്രയോഗാർത്ഥത്തെ അടിസ്ഥാനമാക്കിയാൽ അതിനുമുൻപ് നടന്നിട്ടുള്ള ഭാഷാ ഇടപെടലുകൾ വിസ്മരിക്കേണ്ടിവരും. ആ രീതിയിലുള്ള സമീപനമല്ല ഈ പഠനം മുന്നോട്ടുവയ്ക്കുന്നത്. എല്ലാ ഭാഷകളും മാറ്റത്തിനു വിധേയമാണ് എന്നതുപോലെ അതതു ഭാഷാസമൂഹം ഭാഷയുടെ സാമൂഹിക ഉപയോഗക്രമവും തരങ്ങളും നിശ്ചയിക്കാറുണ്ട്. അതിൽ സഭ്യ -അസഭ്യ, മാന്യ -അമാന്യ, ഉത്തമ -അധമ വേർതിരിവും സാഹിത്യ -സാഹിത്യേതര ഭാഷാക്രമവുമൊക്കെയുണ്ടാകും. മതം, ആത്മീയത എന്നിവയും ഭാഷയും തമ്മിലുള്ള ബന്ധവുമെല്ലാം

പരമ്പരാഗതമായ ഘടനകളാണ്. ഓരോതരം ഭാഷ ഓരോതരം ആവശ്യത്തിന് എന്ന് നിശ്ചയിച്ചുറപ്പിക്കുന്നതു സമൂഹമാണ്. അതോടൊപ്പം സാമൂഹികഭാഷാശാസ്ത്ര ചരങ്ങളൊക്കെ ഭാഷയിൽ സ്വാഭാവികമായിട്ടല്ല പ്രവർത്തിക്കുന്നതെന്നു സാമൂഹികഭാഷാശാസ്ത്രം വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽനിന്നൊക്കെ വ്യക്തമാകുന്നത് ഭാഷയുടെ സാമൂഹികവ്യാകരണം നിർണയിക്കുന്നതിന്റെ പിന്നിൽ തദ്ദേശീയമായ അധികാര ഘടനകൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ്. വഴക്കമായി മാറിയിട്ടുള്ള ഭാഷാശീലങ്ങൾക്കു പിന്നിൽ അധികാരവ്യാകരണം ഉണ്ടെന്നും അത് നിർണയിച്ചെടുക്കുന്നതിൽ വരേണ്യതാൽപര്യങ്ങൾ പ്രവർത്തിക്കുന്നുവെന്നുമാണ്. ഇത് തദ്ദേശീയ ആസൂത്രണമാതൃകയാണെന്ന് സാമൂഹിക ഭാഷാശാസ്ത്രദൃഷ്ടിയിൽ തെളിയുന്നുണ്ട്.

വാമൊഴിപാരമ്പര്യത്തിൽ ഭാഷയുടെ ഉപയോഗവും ധർമവും നിർണയിക്കപ്പെട്ടിട്ടുണ്ട്. നാടോടിസാഹിത്യരൂപങ്ങളായി കണക്കാക്കുന്ന നാടോടിക്കഥകൾ, നാടോടിപ്പാട്ടുകൾ, പഴഞ്ചൊല്ല്, കടംകഥ തുടങ്ങി എല്ലാംതന്നെ പരിശോധിച്ചാൽ അവ കൃത്യമായ ആസൂത്രണഫലങ്ങളാണ് എന്ന് മനസ്സിലാക്കാം. ഓരോന്നും ഓരോ ഭാഷാരൂപം സ്വികരിക്കുന്നതിന്റെ പിന്നിൽ തദ്ദേശീയമായ ആസൂത്രണം നിലനിൽക്കുന്നുണ്ട്. വരമൊഴി രൂപമെടുക്കുന്നതും ആസൂത്രണഫലമാണെന്ന് ലിപിചരിത്രത്തിൽനിന്നു വ്യക്തമാകുന്നുണ്ട്. വട്ടെഴുത്തിനൊപ്പം ഗ്രന്ഥലിപിയുടെ ഉപയോഗവും ആര്യ എഴുത്തിലേക്കുള്ള വികാസവുമൊക്കെ ബോധപൂർവമായ തിരഞ്ഞെടുപ്പാണെന്നു കാണാം.

ഭാഷാസൂത്രണത്തിന്റെ മലയാളവഴികൾ തിരയുമ്പോൾ എന്താണ് സമീപനരേഖയെന്നു വ്യക്തമാക്കേണ്ടതുണ്ട്. അനൗപചാരികവും ഔപചാരികവുമായ ഭാഷാസൂത്രണവഴികൾ മലയാളത്തിനുണ്ട്. ഔപചാരികമായ ഭാഷാസൂത്രണം ഇരുപതാംനൂറ്റാണ്ടിന്റെ പകുതിക്കുശേഷം രംഗപ്രവേശം ചെയ്ത ഭാഷാ ഇടപെടലുകളാണ്. ഇവയാകട്ടെ ഔദ്യോഗികമായ ഇടപെടലുകളാണ്. എന്നാൽ മലയാളഭാഷയുടെ ആസൂത്രണവഴി ശക്തമായി വേരോടിയിരിക്കുന്നത് ഔപചാരികമായുണ്ടായ ഇടപെടലിനേക്കാൾ അനൗപചാരിക അടരിലാണ്. ഇതിനർത്ഥം ഭാഷാസൂത്രണത്തിൽ ഔദ്യോഗിക ഇടപെടലുകൾ മുമ്പ് ഉണ്ടായിട്ടില്ല എന്നല്ല. 19-ാം നൂറ്റാണ്ടിലെ ഭരണകർത്താക്കളുടെ ഭാഗത്തുനിന്നും ഭാഷാസൂത്രണ സംബന്ധമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ഭാഷാസൂത്രണം ഭരണകൂട ഇടപെടലായി കാലഭേദമെന്യേ കാണാമെങ്കിൽ മലയാളത്തിലെ ഭാഷാസൂത്രണം അന്നേ ഉണ്ടായിരുന്നു എന്നുറപ്പിക്കണം. ഏതായാലും ഭാഷയെ സംബന്ധിച്ച് അത്തരമൊരു പഠനമുഖം

പ്രത്യക്ഷപ്പെട്ടത് പില്ക്കാലത്താണ് എന്നതിലൂന്നിയാൽ ഔദ്യോഗികഭാഷാസൂത്രണം ഐക്യകേരളത്തിൽ ആരംഭിച്ചത് രണ്ടാം ഇ എം എസ് മന്ത്രിസഭയുടെ കാലം മുതലാണ് എന്നുതന്നെ പറയേണ്ടിവരും. അത്തരത്തിലുള്ള വാദപരിശോധനയ്ക്കു ഇവിടെ മുതിരുന്നില്ല. പകരം ഭാഷയുമായി ബന്ധപ്പെട്ടുണ്ടായ ഇടപെടലുകളെ പൊതുവിൽ മലയാളത്തിലെ ഭാഷാസൂത്രണവഴികളായി അടയാളപ്പെടുത്താനാണ് ഇവിടെ ശ്രമിക്കുന്നത്. ചരിത്രപരമായ അന്വേഷണമുഖം ഈ പഠനം പങ്കിടുന്നതുകൊണ്ട് അനൗപചാരികവും ഔപചാരികവുമായ ഭാഷാസൂത്രണദശകളിൽ ഇത് വ്യാപിച്ചുനിൽക്കുന്നുവെന്നു പറയാം.

### മലയാള ഭാഷാസൂത്രണം

മലയാളഭാഷാസൂത്രണം എന്നത് ഈ പ്രബന്ധത്തിൽ വിപുലമായ അർഥത്തിലാണ് ഉൾക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഭാഷയുടെ മാധ്യമപരം, ഘടന, ധർമം, വ്യവഹാരിക ഇടങ്ങൾ, സാമൂഹികം, വിനിമയം, വിഭവശേഷി, പ്രസരണം, സാങ്കേതികം തുടങ്ങിയുള്ള ഭിന്ന അടരുകളുമായി ബന്ധപ്പെടുത്തിയാണ് പരിശോധിക്കുന്നത്. ഭാഷയുടെ മാധ്യമപരമായ സവിശേഷതകളായി വാമൊഴി, വരമൊഴി, തിരമൊഴി (ഡിജിറ്റൽ മലയാളം) എന്നിവയുമായി ബന്ധപ്പെട്ട ആസൂത്രണവഴികളാണ് തിരയുന്നത്. ഘടനാപരമായി മലയാളത്തിലെ ശാബ്ദികവും വ്യാകരണികവും കോശികവും ആർഥികവുമായ പരിണാമവഴികൾ മലയാള ഭാഷാസൂത്രണത്തിനു മിഴിവ് നൽകുന്നുണ്ട്. മലയാളഭാഷ നിർവഹിക്കുന്ന ധർമത്തിന്റെ അടിസ്ഥാനത്തിലും വ്യവഹാരസ്വരൂപത്തിന്റെ അടിസ്ഥാനത്തിലും ഭാഷാസൂത്രണശീലങ്ങൾ കാണാം. സാമൂഹികമായ മലയാളവൈവിധ്യത്തിൽ ഭാഷയുടെ സാമൂഹികാസൂത്രണം പ്രകടമാണ്. വിനിമയശേഷിയും ശീലങ്ങളും പ്രസരണരീതികളും സാങ്കേതികതയുമായുള്ള പൊരുത്തവുമെല്ലാം ഭാഷാസൂത്രണവഴികളായി തിരിച്ചറിയാവുന്നതാണ്. ഇവയോരോന്നും കാലം, നിയന്ത്രണ ഏജൻസി, സാങ്കേതികത, വിനിമയാവശ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ടിരിക്കുന്നു. മിഷണറി പൂർവഭാഷാസൂത്രണം, മിഷണറിമാരുടെ ഭാഷാസൂത്രണം, കൊളോണിയൽ ഭാഷാസൂത്രണം, സ്വാതന്ത്ര്യാനന്തര ഭാഷാസൂത്രണം, വിദ്യാഭ്യാസ ഭാഷാസൂത്രണം, മാധ്യമഭാഷാസൂത്രണം, ലിപി – സാങ്കേതികതാസൂത്രണം, വിഭവശേഷിവികസനാസൂത്രണം എന്നിങ്ങനെയുള്ള ഉപമേഖലകളും ഇതിന്റെ ഭാഗമായി ചർച്ചയിൽ ഉൾപ്പെടും.

### മാധ്യമപരമായ മലയാളാസൂത്രണം

മാധ്യമം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് മൊഴിരൂപങ്ങളെയാണ്.

ഭിന്ന സാങ്കേതികതയുമായി ബന്ധപ്പെട്ട മൊഴിരൂപങ്ങൾ എന്നനിലയിൽ വാമൊഴി, വരമൊഴി, തിരമൊഴി എന്നിങ്ങനെ മാധ്യമപരമായി മലയാളത്തെ കാണാം. വാമൊഴിരൂപങ്ങൾ തൻമൊഴികളും ഭാഷാഭേദങ്ങളും ചേർന്ന താണ്. വൈവിധ്യമാണിതിന്റെ സ്വഭാവം. ഓരോ തലമുറയും അവരവർക്കു പഥ്യമായ വാമൊഴിശീലങ്ങളുമായി ഭാഷയെ സജീവമാക്കുന്നു. ഏകതാനത ഇല്ലാത്തതുകൊണ്ടുള്ള വിനിമയവിടവ് ഭാഷാഭേദങ്ങൾ തമ്മിൽ പ്രകടമാണ്. ഭാഷോപയോഗം ദേശാചാരപരവും ശീലാധിഷ്ഠിതവുമാണ്. വിനിമയവിടവ് നികത്താനുള്ള ശാസ്ത്രീയമായ ഇടപെടലൊന്നും ഇല്ലെങ്കിലും ആവശ്യത്തിനുള്ള വിനിമയം സാധ്യമാക്കാനുള്ള സഹിഷ്ണുത വിനിമയസന്ദർഭത്തിൽ കാണിക്കാറുണ്ട്. എങ്കിലും ഭാഷാഭേദങ്ങൾതമ്മിൽ സാംസ്കാരികമായ ഭിന്നത നിലനിൽക്കുക സ്വാഭാവികം. വാമൊഴി മാത്രമുണ്ടായിരുന്ന കാലത്തു വൈവിധ്യത്തെ ഏകീകരിക്കേണ്ട ആവശ്യവും ഇല്ലായിരുന്നു. പ്രാദേശികമായ ഉച്ചാരണശീലങ്ങൾ മറ്റു സാമൂഹികചരങ്ങൾക്കു മേമ്പൊടിയായി വികസിച്ചിരുന്നുവെന്നത് വാമൊഴികാലത്തെ അനൗപചാരികമായ ഭാഷാസൂത്രണമെന്നു മനസ്സിലാക്കാം. മലയാളത്തിന്റെ സാമൂഹികസ്വനവിജ്ഞാനത്തിന്റെ തെളിവുകളുടെ അഭാവം കാരണം പൂർണമായും തീരുമാനിക്കാനും ആവില്ല. ഉച്ചാരണഭേദങ്ങളടിസ്ഥാനമാക്കിയുള്ള സാമൂഹിക മൂല്യനിർണയവും അവ്യവസ്ഥയും നിലനിന്നിരുന്നത് പിൽക്കാല ഭാഷാസൂത്രണത്തിന്റെ ആവശ്യകത വിളിച്ചോതുന്നുണ്ട്. ഉച്ചാരണത്തിലെ മാനകീകരണം ഭാഷാസൂത്രണത്തിൽ നിർണായകമായ ചുവടുവയ്പ്പാണ്. തന്മൊഴികൾക്കും ഭാഷാഭേദങ്ങൾക്കും ഉപരിയായി മലയാളിയുടെ കേരളദേശീയ സ്വത്വനിർമിതിയുമായി ബന്ധപെട്ടു നടപ്പിലാക്കേണ്ടിവന്ന ഭാഷാസൂത്രണവഴികളിലൊന്നാണിത്. അച്ചടിനിഷ്ഠമായ ഉച്ചാരണ ഏകത പാഠപുസ്തകങ്ങളിലൂടെയും അച്ചടി -ശ്രാവ്യമാധ്യമങ്ങളിലൂടെയും പ്രാവർത്തികമാക്കാനുള്ള ആസൂത്രണമായിരുന്നു വിദ്യാഭ്യാസഭാഷാസൂത്രണത്തിലും മാധ്യമഭാഷാസൂത്രണത്തിലും പില്ക്കാലത്തുണ്ടായത്.

## മലയാള വരമൊഴിഭാഷാസൂത്രണം

വരമൊഴിയും ഭാഷാസൂത്രണവും തമ്മിലുള്ള ബന്ധം മലയാളസന്ദർഭത്തിൽ പരിശോധിക്കുമ്പോൾ സാങ്കേതികതയും സാമൂഹികതയുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. എഴുത്തുതന്നെ ഭാഷാസാങ്കേതികതയിൽ ഒന്നാമത്തേതാണ്. ലിപിയുടെ ഉപയോഗം ആരംഭിച്ചതുമുതൽ ഹസ്തലിഖിതരൂപങ്ങൾ പ്രചാരത്തിൽവന്നുവെങ്കിലും മാനകമായ ഏകലിപി തുടക്കത്തിൽ ഉണ്ടായിരുന്നില്ല. പ്രാദേശികലിപിഭേദങ്ങൾക്കൊപ്പം പ്രാദേശികഭാഷാഭേദങ്ങളുടെ

വൈവിധ്യവും ഹസ്തലിഖിതങ്ങളിൽ ലിഖിതാസൂത്രണമില്ലായ്മയെ സൂചിപ്പിക്കു ന്നു. അച്ചടി സാങ്കേതികതയിലേക്കു മലയാളവരമൊഴി കടന്നെത്തിയതോടെ സാങ്കേതികത പുതിയ ആസൂത്രണവഴികൾക്കു തുടക്കം കുറിച്ചു. മുദ്രണലിപി നിർമിതിയും പരിഷ്കാരങ്ങളും, മുദ്രണലിപിമാനകീകരണം, ചിഹ്നനവ്യവസ്ഥ നടപ്പാക്കൽ, വിഭവശേഷിവികസനം, അച്ചടിമാധ്യമവികാസം തുടങ്ങി വിവിധ മേഖലകളിലൂടെയാണ് അച്ചടിയുമായി ബന്ധപ്പെട്ട ഭാഷാസൂത്രണം മുന്നേറി യത്. ഈ മുന്നേറ്റത്തിൽ മിഷണറിമാരുടെയും കൊളോണിയൽ അധികാ രികളുടെയും പ്രാദേശികഭരണകർത്തകളുടെയും എഴുത്തുകാരുടെയും ഭാഷാ ഇടപെടലുകളുണ്ടായിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചി, മലബാർപ്രദേശങ്ങളുടെ സംഭാവനകൾ ഐക്യകേരളരൂപീകരണത്തിനുമുമ്പുള്ള വരമൊഴിഭാഷാസൂ ത്രണത്തിൽ തൊട്ടറിയാം. കേരളപിറവിക്കുശേഷം ഭാഷാസൂത്രണത്തിന്റെ കേന്ദ്രീകൃതമായ മാനകീകരണാസൂത്രണം കാണാം.

### മുദ്രണലിപിനിർമിതിയും പരിഷ്കാരങ്ങളും

അച്ചുനിർമിതിയും ഉപയോഗവും പരിഷ്കാരങ്ങളും ഭാഷാസൂത്രണത്തിന്റെ ഭാഗമാണ്. എന്നാൽ ഭാഷാസൂത്രണചർച്ചകളിൽനിന്ന് ഇത് ഒഴിവാക്കുക യാണ് പതിവ്. ഭാഷാസൂത്രണത്തെക്കുറിച്ചുള്ള പരിമിതജ്ഞാനമാണ് ഇതിനു പിന്നിലുള്ളത്. ഭാഷയുടെ സാങ്കേതികസൗഹൃദചരിത്രം അറിയുമ്പോഴാണ് ഈ രംഗത്ത് നടന്ന ആസൂത്രണം എത്ര വിലപ്പെട്ടതാണെന്നു മനസ്സിലാകുന്നത്.

മലയാളഭാഷയുടെ അച്ചടിചരിത്രത്തിന്റെ പശ്ചാത്തലത്തിൽ അച്ചടിമ ലയാളവുമായി ബന്ധപെട്ട ചില വസ്തുതകൾ എടുത്തുകാണിക്കാനാണ് ഷിജു അലക്സും ഗ്രന്ഥപ്പുരസംഘവും വിക്കിമലയാളവും ശ്രമിക്കുന്നത്. അക്ഷരങ്ങളുടെ ആകൃതി, അച്ചുനിർമിതി, 'ഈ'യുടെ എഴുത്തിലെ പരിണാമം, സ്വരങ്ങളുടെ അടയാളവികാസവും ഉപയോഗവും സംവൃതോകാരത്തിന്റെ എഴുത്തുമുറകൾ, ചന്ദ്രക്കലയുടെ വികാസവും വൈവിധ്യവും (ഷിജു അലക്സും കൂട്ടരും മലയാളം റിസേർച്ച് ജേർണൽ ചന്ദ്രക്കല എന്ന ലേഖനത്തിൽ വിശദമാക്കിയിട്ടുണ്ട്), കൂട്ടക്ഷരങ്ങളുടെ എഴുത്തുരീതിയും പരിണാമവും, 'ന്റെ', ഴയുടെ ഭിന്ന എഴു ത്തുകൾ വട്ടെഴുത്തിലില്ലാതിരുന്നതും കോലെഴുത്തിൽ ഉണ്ടായിരുന്നതുമായ ഏ, ഓ എന്നീ ദീർഘസ്വരങ്ങളുടെ അച്ചടിയിലെ സാന്നിധ്യം എന്നിങ്ങനെ അക്ഷരസംബന്ധമായ ഒട്ടേറെ ആസൂത്രണം അച്ചടിയുമായി ബന്ധപെട്ടു നടന്നിട്ടുണ്ട്. ചിഹ്നനത്തിന്റെ മലയാളത്തിലെ ഉപയോഗവും വികാസവും പഠനവിധേയമാക്കിയിട്ടുണ്ട്. അവയെക്കുറിച്ചുള്ള നിരവധി നിരീക്ഷണങ്ങൾ

ഷിജൂഅലക്സും ഗ്രന്ഥപ്പുരസംഘവും അവതരിപ്പിച്ചിട്ടുള്ളതിനാൽ അതാവർത്തിക്കുന്നില്ല. ആ പഠനങ്ങളുടെ വെളിച്ചത്തിൽ അച്ചും അച്ചടിയും കൂട്ടിയുള്ള സാങ്കേതികാസൂത്രണത്തിന് സവിശേഷ പരിഗണന ഈ പഠനത്തിൽ നൽകുന്നു.

മലയാളലിപിപരിണാമത്തെക്കുറിച്ച് നടന്നിട്ടുള്ള മൊത്തം പഠനങ്ങളെയും പശ്ചാത്തലമാക്കിക്കൊണ്ട് വേണം തുടർന്നുള്ള ഭാഗത്തെ കാണാൻ. ലിപി പരിഷ്കരണം ഓരോകാലത്തും നടന്നിട്ടുണ്ട്. അവയെ മുമ്പ് പറഞ്ഞ മലയാളം വിക്കിക്കൂട്ടായ്മയുടെ ശ്രമങ്ങളുമായി ചേർത്തുവച്ച് ലിപിപരിഷ്കരണത്തെയും ആസൂത്രണത്തെയും കാണേണ്ടതുണ്ട്. ഡിജിറ്റൽ മാധ്യമവും മലയാളവുമായുള്ള സവിശേഷബന്ധം യൂണികോഡ് മലയാളത്തിലെത്തിയതെങ്ങനെയെന്നതിനെക്കുറിച്ചും വിശദമായ അവതരണങ്ങൾ ഉണ്ടായിട്ടുണ്ട്. അതും ഈ സന്ദർഭത്തിൽ സവിശേഷപശ്ചാത്തലമായി കാണണം.

### ലിപിമാനകീകരണം

മലയാളത്തിന്റെ പഴയലിപി ബ്രഹ്മിയുടെ ദ്രാവിഡവകഭേദമായ വട്ടെഴുത്താണ്. കൊച്ചിക്കുവടക്ക കോലെഴുത്തായിരുന്നു. അതിൽ വട്ടെഴുത്തിൽനിന്ന് വ്യത്യസ്തമായി ഏ, ഓ എന്നീ ദിർഘ സ്വരങ്ങൾക്കു പ്രത്യേകം ലിപിയുണ്ടായിരുന്നു. തെക്കൻപ്രദേശങ്ങളിലെ വട്ടെഴുത്തുരൂപം മാലയാണ്മ എന്നാണ് അറിയപ്പെട്ടിരുന്നത്. പൊതുവിൽ സംയുക്തവ്യഞ്ജനങ്ങൾ, ഘർഷങ്ങൾ, നാദിസ്പർശങ്ങൾ മഹാപ്രാണസ്പർശങ്ങൾ ഇവയ്ക്കൊന്നും രണ്ടു രൂപങ്ങളിലും ചിഹ്നങ്ങളില്ലായിരുന്നു. പിൽക്കാലത്തു സംസ്കൃതപദങ്ങൾ എഴുതുന്ന സന്ദർഭങ്ങളിൽ ഗ്രന്ഥാക്ഷരം ഉൾപെടുത്തുക പതിവായിരുന്നു. ലഭിച്ച ആദ്യത്തെ ലിഖിതമായ വാഴപ്പള്ളി ചെപ്പേടിൽ (ഏ.ഡി. 832) ഈ മിശ്രലിഖിതം കാണാം. ഏ.ഡി. 13-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയോടുകൂടി മലയാളലിപിയുടെ വ്യവസ്ഥാവൽക്കരണം പൂർത്തിയായി. ഗ്രന്ഥലിപിയിൽ എഴുതിയിരുന്ന സംസ്കൃതവർണങ്ങളെ ദ്രാവിഡവർണങ്ങളുമായി എഴുത്തച്ഛൻ കൂട്ടിയിണക്കിയതോടെ മലയാളഭാഷയുടെ വർണസമ്പത്ത് ഏതുഭാഷയെയും ഉൾകൊള്ളുന്നതരത്തിൽ വളർന്നു. ഈ ശ്രമം ആര്യ എഴുത്തു അനുശീലിക്കാൻ സഹായകമായ ലിപിപരിഷ്കരണമായിരുന്നു. ആധുനിക മലയാളലിപി ഗ്രന്ഥലിപിയിൽനിന്ന് ഉരുത്തിരിഞ്ഞുവന്നതാണ്. തുളുവും ഉപയോഗിച്ചത് ഇതേലിപി തന്നെ. അതുകൊണ്ട് ഈ പൊതുലിപി തുളു -മലയാളം ലിപി എന്നാണ് അറിയപ്പെട്ടിരുന്നത്.

### അച്ചുനിർമിതിയിലെ ആസൂത്രണം

മലയാളം ഫോണ്ടുകളുടെ ചരിത്രവും പ്രധാനമാണ്. മലയാളലിപി ചിത്രമായിട്ട് അച്ചടിച്ച ഹോർത്തുസ് മലബാറിക്കുസ്, റോമിൽ അച്ചുവാർത്ത് മലയാള ലിപി ഉപയോഗിച്ച് അച്ചടിച്ച സംക്ഷേപവേദാർത്ഥം ഫോണ്ട് (1772), റോബർട്ട്ഡ്രമ്മൻഡിന്റെ മലയാളവ്യാകരണം അച്ചടിച്ച ബോംബെ കുറിയർ ഫോണ്ട് (1799), ബെഞ്ചമിൻ ബെയ്‌ലി ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽനിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ അച്ചടിച്ച മദ്രാസ് ഫോണ്ട് (1824), ബെഞ്ചമിൻ ബെയ്‌ലി പരിഷ്കരിച്ച ഫോണ്ട്, അച്ചടിസാങ്കേതികതയുടെ വികാസത്തിന്റെ ഭാഗമായി വികസിച്ചതും ഡിജിറ്റൽസാങ്കേതികതയുടെ ഭാഗമായ മലയാളം കമ്പ്യൂട്ടിങ് രൂപംകൊടുത്ത ഫോണ്ടുകൾവരെയുള്ളവയുടെ പരിണാമം ഭാഷാസൂത്രണത്തിൽ വിലയിരുത്തപ്പെടേണ്ടതാണ്.

### കൂനമ്മാവ് ആശ്രമ അച്ചുകൂടവും ലിപിപരിഷ്കരണവും

കൂനമ്മാവ് ആശ്രമത്തിൽ 1870-ൽ ചാവറയച്ചന്റെ നേതൃത്വത്തിൽ ഒരു അച്ചുകൂടം തുടങ്ങി. ചാവറയച്ചന്റെ നിര്യാണത്തിനു (1871)ശേഷം കൂനമ്മാവ് ആശ്രമ അച്ചുകൂടത്തിൽ അച്ചടിച്ച പുസ്തകങ്ങളിൽ (1872-1873 വർഷങ്ങളിൽ) ഉകാരത്തിന്റെയും ഊകാരത്തിന്റെയും ചിഹ്നങ്ങൾ പ്രത്യേക അച്ചുകൾ ഉപയോഗിച്ച് പിരിച്ച് എഴുതുന്ന രീതി സ്വീകരിക്കുകയും കുറച്ചധികം പുസ്തക ങ്ങൾ അപ്രകാരം അച്ചടിക്കുകയും ചെയ്തു. 1971ലെ ലിപിപരിഷ്കരണത്തിൽ ഉകാര/ ഊകാരങ്ങൾക്കായി പ്രത്യേക ചിഹ്നങ്ങൾ അവതരിപ്പിച്ചതിനു സമാനമായി, അതിനും 100 വർഷങ്ങൾക്ക് മുൻപ് നടന്ന ലിപിപരിഷ്കരണ ശ്രമമായിരുന്നു ഇത് (ഷിജു അലക്സ് shijualex.in).

ലിപിപരിഷ്കരണത്തെക്കുറിച്ച് കണ്ടത്തിൽ വർഗീസ് മാപ്പിള (1887 ഓഗസ്റ്റ് 1 )എഴുതിയ ലേഖനം, ഭാഷാഭിമാനി എഴുതിയ മലയാളഭാഷയുടെ അക്ഷരങ്ങൾ (1908 ഓഗസ്റ്റ് 18 ), മലയാളഭാഷയും ടൈപ്പ്റൈറ്റിംഗ് യന്ത്രവും (1908 ഓഗസ്റ്റ് 18 ), ടൈപ്പ്റൈറ്റർ (1908 സെപ്റ്റംബർ 15)എന്നീ മുഖലേഖന ങ്ങളുമെല്ലാം ഭാഷാസൂത്രണവുമായി ബന്ധപ്പെട്ടുനടന്ന നസ്രാണിദീപികയുടെ ഇടപെടലാണ്.

കണ്ടത്തിൽ വർഗീസ് മാപ്പിള കെ. എ. വി. എം എന്ന ചുരുക്ക പേരിൽ 'മലയാള മുദ്രാക്ഷരങ്ങൾ 'എന്ന ലേഖനം നസ്രാണിദീപികയിൽ പ്രസിദ്ധീക രിച്ചു. ഈ മാതൃക തത്വത്തിൽ അംഗീകരിക്കുന്നുവെന്ന് പത്രം അടിക്കുറിപ്പുനല്കി (സെഡ് എം മൂഴൂർ, 2005:71-73). "വർഗീസ് പദ്ധതി രണ്ടുമൂന്നു വർഷം വലിയ സംവാദത്തിനിടയാക്കി. 1908-ൽ സൂത്രലിപികളുടെ ഒരു സമ്പൂർണപദ്ധതി

ദീപിക മുഖലേഖനത്തിലൂടെ (സൂത്രലിപികൾ, 1908 ജൂലൈ 16) അവതരിപ്പിച്ചു. 'ചില അക്ഷരങ്ങളിൽ ഭേദഗതി വരുത്തിയാൽ അക്ഷരസംഖ്യ കുറയ്ക്കുവാൻ കഴിയും എന്നതാണ് ഈ പദ്ധതിയുടെ നേട്ടം. ഈ ഭേദഗതിയിൽ ഒന്നാമതായിട്ട് 'ഉ 'കാരത്തെയും 'ഊ'കാരത്തെയും സംബന്ധിച്ചുള്ളതാകുന്നു. ഹല്ലുകളെ പെരുക്കുന്നതിന് ഉപയോഗിക്കുന്ന അച്ചുകളിൽ ആ എന്നതിന് അടയാളം മുൻപ് തന്നെയുണ്ട്. ഇ ക്കും ഈ ക്കും മുകളിൽ ി, ീ എന്നും വള്ളിയും കെട്ടുവള്ളിയും ഉപയോഗിച്ചാൽ മതിയെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. എ, ഐ, ഓ ഈ സ്വരങ്ങൾക്കും യഥാക്രമം െ, േ, ൈ എന്നിങ്ങനെയുള്ള ചിഹ്നങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉകാരത്തെയും ു ഇതിന്റെ പെരുക്കത്തെയും ൂ എന്നിവ ചേർത്തുള്ള പെരുക്കത്തെയും സംബന്ധിച്ച് എളുപ്പമായ വ്യവസ്ഥ ചെയ്തിട്ടില്ല."(സെഡ് എം മൂഴൂർ, 2005:71-73 ) ഉ, ഊ എന്നിവയ്ക്കുള്ള അടയാളങ്ങൾ ദീപിക അവതരിപ്പിച്ചു .

"ദീപിക പൊതുജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച പരിഷ്കാരഫോർമുല കൂനമ്മാവിൽ പ്രസ് സ്ഥാപിച്ച ഫാ. ജെരാർദ് ബൊക്കാറോ രൂപം കൊടുത്തതാണെന്ന് സൂത്രലിപികളെക്കുറിച്ചുള്ള ലേഖനത്തിൽ കുറിപ്പ് കൊടുത്തിരുന്നു. 1876 ലാണ് അദ്ദേഹം കൂനമ്മാവിൽ എത്തുന്നത് (വാഴ്ത്തപ്പെട്ട ചാവറ കുറിയാക്കോസ് അച്ചനോടോപ്പം സ്ത്രീകൾക്കുള്ള കർമലീത്താ സന്ന്യാസസമൂഹം സ്ഥാപിച്ച ലെയോ പോൾദ് പാതിരിയുടെ സഹോദരനായിരുന്നു ജെരാർദ് ബൊക്കാറോ (സെഡ് എം മൂഴൂർ, 2005 ). ഷിജു അലക്സിന്റെ നിഗമനപ്രകാരം ജെരാർദ് ബൊക്കാറോ എത്തുന്നതിനുമുമ്പുതന്നെ കൂനമ്മാവ് അച്ചുകൂടത്തിൽ മേല്പറഞ്ഞ ലിപിപരിഷ്കരണം നടപ്പിൽവന്നിരുന്നു. 'മലയാളഭാഷയുടെ അക്ഷരങ്ങൾ' എന്ന തലക്കെട്ടിൽ ഒരു ഭാഷാഭിമാനി (തൂലികാനാമം, നസ്രാണിദീപിക, 1908 ആഗസ്റ്റ് 18) ദീപികയുടെ അക്ഷരപരിഷ്കാരത്തെ ഒന്നുകൂടി പരിഷ്കരിച്ചിരുന്നു. സ്വരാക്ഷരങ്ങൾക്കു 7, വ്യഞ്ജനാക്ഷരങ്ങൾക്ക് 35 , ഴ ,റ എന്നിവയ്ക്ക് 2, ചന്ദ്രക്കലയ്ക്ക് 1, അക്കങ്ങൾക്ക് 10, ചിഹ്നങ്ങൾക്ക് 6 എന്നിങ്ങനെ ആകെ 70 ആണികൾ കൊണ്ടുമാത്രം മലയാളഭാഷ അച്ചടിക്കും ടൈപ്പ്റൈറ്റിംഗിനും ഉപയോഗിക്കാം എന്നതായിരുന്നു ലേഖന സാരം'' (സെഡ് എം മൂഴൂർ 2005).

ടൈപ്പ്റൈറ്റിംഗിനു ചേരുന്നവിധം മലയാളലിപിപരിഷ്കരിക്കാനുള്ള ദീപികയുടെ ശ്രമം മലയാളഭാഷയും ടൈപ്പ്റൈറ്റിംഗ്യന്ത്രവും (മുഖലേഖനം, 1908 ആഗസ്റ്റ് 18 ), ടൈപ്പ്റൈറ്റർ യന്ത്രം (മുഖലേഖനം, 1908, സെപ്റ്റംബർ 15) എന്നീ മുഖലേഖനങ്ങളിൽ കാണാനാവും. എന്നാൽ ഇതിനെതിരെയുള്ള ന്യായങ്ങൾ പത്രങ്ങളായ ഭാരതശോഭിനിയിലും വിജ്ഞാനമഞ്ജരിയിലും

അക്കാലത്തു ശക്തമായി അവതരിപ്പിച്ചിരുന്നു. ഫലത്തിൽ ദീപിക അവതരിപ്പിച്ച നവീകരണം വൈകിപ്പിക്കാനേ ഈ ചർച്ചകൾക്ക് കഴിഞ്ഞുള്ളുവെന്നു ഇന്നു നമുക്കറിയാം.

സർക്കാരിന്റെ ആഭിമുഖ്യത്തിൽ ശൂരനാട് കുഞ്ഞൻപിള്ള, എൻ വി കൃഷ്ണവാരിയർ തുടങ്ങിയവരുടെ ലിപി പരിഷ്കരണം, പിന്നീട് ഡോ വി ആർ പ്രബോധചന്ദ്രൻനായരുടെ അദ്ധ്യക്ഷതയിൽ സർക്കാർനിയമിച്ച സമിതിയും ശുപാർശകൾ നൽകിയിട്ടുണ്ട്. ടൈപ്പ്റൈറ്ററും കമ്പ്യൂട്ടർ സാങ്കേതികതയുമൊക്കെ ലിപിമാനകീകരണം നടത്താൻ വഴിവച്ചിട്ടുണ്ട്.

## ഭാഷാസൂത്രണത്തിന്റെ ഭാഗമായുള്ള മലയാളലിപിപരിഷ്കരണം

1772-ലാണ് സംക്ഷേപവെദാർത്ഥം റോമിൽ അച്ചടിച്ചത്. ദീർഘചതുരാകൃതിയിലുള്ള അക്ഷരങ്ങളായിരുന്നു. ആയിരത്തിലേറെ ലിപിരൂപങ്ങൾ വേണ്ടിവന്നു അച്ചടിക്ക്. 1829 ൽ കേരളത്തിൽ ബെഞ്ചമിൻബെയ്‌ലി പുതിയനിയമം അച്ചടിച്ചത് വക്രലിപി ഉപയോഗിച്ചാണ്. ഈ പരിഷ്കരണത്തിനുശേഷം ടൈപ്പ്റൈറ്ററിന്റെ ഉപയോഗം വന്നപ്പോൾ നസ്രാണിദീപിക പുതിയ സാങ്കേതികതയ്ക്കുവേണ്ടി ലിപിപരിഷ്കരണം മുന്നോട്ടുവച്ചെങ്കിലും വലിയ വിമർശനങ്ങൾ ഉണ്ടായതുകാരണം നടപ്പിൽവന്നില്ല. തുടർന്ന് വ്യഞ്ജനങ്ങളിൽനിന്നും സംയുക്തങ്ങളിൽനിന്നും സ്വരാക്ഷരങ്ങളെ വേർപെടുത്തി ഉപയോഗിക്കുന്ന രീതി ആരംഭിച്ചു. അച്ചടിയുമായി ബന്ധപ്പെട്ടു മലയാളത്തിലെ ലിപിസങ്കീർണ്ണത അക്കാലത്തു പ്രധാന ചർച്ചയായിരുന്നു. ശൂരനാട് കുഞ്ഞൻപിള്ളയുടെ അധ്യക്ഷതയിൽ ലിപിപരിഷ്കരണസമിതി 1967-ൽ കേരളസർക്കാർ രൂപീകരിച്ചു. സമിതിയുടെ ശുപാർശ നിലവിലെ ലിപിവ്യവസ്ഥയിൽനിന്ന് 25% കുറവുവരുത്തണമെന്നായിരുന്നു. ഈ നിർദേശങ്ങൾ പരിശോധിക്കാനായി 1969-ൽ മറ്റൊരു സമിതിയെ നിയമിച്ചു. പുതിയ സമിതി മുൻസമിതിയുടെ ശുപാർശമേൽ ചിലപരിഷ്കാരങ്ങൾ കൂടി നിർദേശിച്ചു. പൊതുവിൽ ഉ, ഊ, ൃ, ൌ എന്നിവയുടെ മാത്രകൾ വ്യഞ്ജനത്തിൽനിന്നും വിട്ടുവിക്കുക, പ്രചാരം കുറഞ്ഞ കൂട്ടക്ഷരങ്ങൾ ചന്ദ്രക്കല ഉപയോഗിച്ച് പിരിച്ചെഴുതുക എന്നിവയായിരുന്നു പ്രധാന നിർദേശങ്ങൾ. ഇവ അംഗീകരിച്ച് 1971 മാർച്ച് 23 ന് സർക്കാർ ആ വർഷത്തെ വിഷുദിനം (1971 ഏപ്രിൽ 15 ) മുതൽ നടപ്പിൽവരുന്നതായി പ്രഖ്യാപിച്ചു ഉത്തരവിറക്കി (ജി .ഒ (പി )37 / 71 /edn ). ഇതോടെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച ലിപിയിലായി. എങ്കിലും സിനിമാപരസ്യങ്ങളിലും നോട്ടീസുകളിലും കവർപേജിലും മാഗസിനുകളിലും ചുവരെഴുത്തിലുമൊക്കെ പഴയ ലിപി സമാന്തരമായി നിലനിന്നു. രണ്ടുലിപികളിലും മലയാളം ലഭ്യമായിരുന്നു.

## മലയാളത്തനിമ

"കേരളപാണിനിയുടെ പ്രശസ്തകൃതികൾക്കും മാരാരുടെ മലയാളശൈലിക്കും ശേഷം നമ്മുടെ ഭാഷയിലുണ്ടായിട്ടുള്ള പുരോഗതിയെ ആകെ വിലയിരുത്തി കഴിഞ്ഞ നാലഞ്ചു ദശകങ്ങളിൽ ഭാഷയ്ക്കു കിട്ടിയ സ്വത്തിൽ തള്ളേണ്ടതു തള്ളുകയും കൊള്ളേണ്ടത് കൊള്ളുകയും ചെയ്യാൻ ഒരു ശ്രമം നടക്കണം. എങ്കിൽ മാത്രമേ വളർന്നുകൊണ്ടിരിക്കുന്നതും മലയാളികളുടെ സ്വന്തവുമായ ഒരു മലയാളഭാഷ രൂപംകൊള്ളുകയുള്ളൂ "എന്ന ഇ എം എസ്സിന്റെ ആശയത്തിൽനിന്നാണ് 'മലയാളത്തനിമ'യുടെ പിറവി (ഡോ എം ആർ തമ്പാൻ, വി പദ്മനാഭൻ, ആമുഖം ഡോ വി ആർ പ്രബോധചന്ദ്രൻനായർ 1999).

'ലിപിമാനകീകരണത്തിനു നാന്ദികുറിച്ച മലയാളത്തനിമ' എന്നാണ് കൺവീനറായ എം ആർ തമ്പാൻ മലയാളം അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തകത്തിൽ അവകാശപ്പെടുന്നത്. എന്നാൽ ചരിത്രപരമായ ഒരു പിശകായേ ഈ "നാന്ദി"യെ കാണേണ്ടതുള്ളൂ. "മലയാളത്തിലെ ലിപിവിന്യാസം, ചിഹ്നനം, അകലമിടൽ, പദവിഭജനം തുടങ്ങിയകാര്യങ്ങളിലെല്ലാം പല അവ്യവസ്ഥകളും ഇന്നുണ്ട്". 1973 ൽ ശ്രീ എൻ വി കൃഷ്ണവാരിയരുടെ നേതൃത്വത്തിൽ തുടങ്ങിവച്ച പരിശ്രമങ്ങൾ പ്രസ്തുത ലക്ഷ്യം മുൻനിറുത്തിയാണ്. 1998 ആഗസ്റ്റിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസും (മൈസൂർ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി നടത്തിയ ശില്പശാലയിൽ കേരള സർവകലാശാലയിലെ ഭാഷാശാസ്ത്രവിഭാഗം, കേരള സാഹിത്യഅക്കാദമി, എസ് സി ഇ ആർ ടി, സർവവിജ്ഞാനകോശം, പ്രസ് അക്കാദമി, ഐ എസ് ഡി എൽ, സംസ്ഥാന ഭരണഭാഷാവകുപ്പ് എന്നിവയുടെ പ്രതിനിധികൾ പങ്കെടുത്തു. പൊതുജനത്തിന്റെയും വിദഗ്ധരുടെയും നിർദേശങ്ങൾ സ്വീകരിച്ച ഡോ വി ആർ പ്രബോധചന്ദ്രൻ നായർ ചെയർമാനായ വിദഗ്ധസമിതിയുടെ തീരുമാനങ്ങൾ കേരള സർവകലാശാല ലെക്സിക്കൻ വകുപ്പ് 1999 മാർച്ച് 19-20 തീയതികളിൽ സംഘടിപ്പിച്ച ലിപി സെമിനാറിൽ അവതരിപ്പിച്ചു. യൂനിക്കോഡ് വ്യവസ്ഥയിൽ ഭാഷയെ സജ്ജമാക്കാനായി ശ്രീ. ഗോവിന്ദപിള്ള ചെയർമാനായി മറ്റൊരു കമ്മിറ്റിയും നിലവിൽവന്നു. ഡോ വി ആർ പ്രബോധചന്ദ്രൻ അദ്ധ്യക്ഷനായ കമ്മിറ്റിയും ശ്രീ. ഗോവിന്ദപിള്ള അദ്ധ്യക്ഷനായ കമ്മിറ്റിയും സംയുക്തമായി മാനകീകൃതലിപിവിന്യാസത്തിന്റെ മാർഗരേഖകൾ നിശ്ചയിച്ച സ്റ്റൈൽ പുസ്തകം തയ്യാറാക്കി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു. ഇത്തരത്തിലുള്ള സ്റ്റൈൽ പുസ്തകങ്ങൾ ഓരോ പത്രങ്ങൾക്കും സ്വന്തമായുണ്ട്. എന്നാൽ ഇവയെല്ലാം ചേർത്തുള്ള ലിപിമാനകീകരണം ഇനിയും നടപ്പായിട്ടില്ല എന്നത് ആസൂത്രണമാന്ദ്യമായി കാണേണ്ടതുണ്ട്.

## ഡിജിറ്റൽ കാലത്തെ ലിപിപരിഷ്കരണം

ആസ്കി ലിപിസാങ്കേതികതയിലൂടെ പരിഷ്കരിച്ചലിപി ഉപയോഗിച്ച് 1990 മുതൽ അച്ചടിയിൽ പ്രവേശിച്ചു.1998 ൽ രചന അക്ഷരവേദി പഴയ ലിപിക്കനുസൃതമായി കമ്പ്യൂട്ടർ സാങ്കേതികതയെ മാറ്റിയെടുത്തു രചന ഫോണ്ട് വികസിപ്പിച്ചു. 2001 ഓടെ യൂണികോഡ് മലയാളത്തിലെത്തി പഴയലിപിയിലും അച്ചടിക്കാമെന്ന ഡിജിറ്റൽ സാധ്യത തെളിയിച്ചു. തുടർന്ന് രചന യൂണികോഡ് സങ്കേതത്തിലേക്കുമാറി. യൂണികോഡും മലയാള ലിപിയും എന്ന വിഷയത്തിൽ ക്രമാനുഗതമായ വികാസം കീർത്തി വിദ്യാസാഗർ (2019) വിശദമായി നല്കിയിട്ടുള്ളതുകൊണ്ടു അതിവിടെ ആവർത്തിക്കുന്നില്ല. 2006 മുതൽ സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് വിവിധ മലയാളം ഫോണ്ടുകൾ വികസിപ്പിച്ചു. ഇതോടൊപ്പം ഗൂഗിളും മൈക്രോസോഫ്റ്റും അവരുടേതായ ഫോണ്ടുകൾ വികസിപ്പിച്ചുപയോഗിക്കുന്നു. കംപ്യൂട്ടർസാങ്കേതികതയ്ക്കും മൊബൈൽ സാങ്കേതികതയ്ക്കും ഉപയോഗിക്കാവുന്ന ഡിജിറ്റൽ ലിപിവ്യവസ്ഥ മലയാളത്തിന് ഇന്നുണ്ട്.

## വിദ്യാഭ്യാസ ഭാഷാസൂത്രണം

സാക്ഷരത ആർക്കാകാം, ആർക്കരുത് എന്ന് നിശ്ചയിക്കുന്നതും ബോധപൂർവമായ ഇടപെടൽത്തന്നെ. സംഘകാലത്തു ലിപിപരിചയത്തിനു സാമൂഹിക വേർതിരിവില്ലായിരുന്നു. ബൗദ്ധകാലത്തു ആരംഭിച്ച എഴുത്തുപള്ളികളിലും ഇല്ലായിരുന്ന വേർതിരിവാണ് ബ്രാഹ്മണാധിപത്യത്തോടെ കേരളത്തിൽ വരേണ്യ വിദ്യാഭ്യാസ ആസൂത്രണത്തിൽ അരങ്ങേറിയത്. വിദ്യാഭ്യാസാസൂത്രണത്തെ പല കാലഘട്ടങ്ങളിലായും പഠനനിലകളിലായും പഠനസൗകര്യങ്ങളുടെയും ഉള്ളടക്കാസൂത്രണത്തിന്റെ തലത്തിലും വിദ്യാഭ്യാസ- മാധ്യമതലത്തിലും പരിശോധിക്കേണ്ടതുണ്ട്. കാലഘട്ടങ്ങളനുസരിച്ചു കൊളോണിയൽപൂർവം, കൊളോണിയൽ, ഉത്തരകൊളോണിയൽ എന്നിങ്ങനെ തിരിച്ചു മനസിലാക്കാം. പഠനനിലകളിൽ പ്രാഥമികം, മധ്യമം, ഉന്നതം എന്നിങ്ങനെ വിദ്യാഭ്യാസനിലകളായും സാമൂഹികമായി സാക്ഷരതാവിദ്യഭ്യാസമായും തിരിക്കാം. പഠനസൗകര്യങ്ങൾ ഓരോ കാലത്തും എന്തായിരുന്നുവെന്നറിയുന്നതും പ്രധാനമാണ്. വിദ്യാഭ്യാസ മാധ്യമം സർവഥാ ഭാഷാസൂത്രണ പരിധിയിൽപെടുന്നു. വൈജ്ഞാനികവിദ്യാഭ്യാസവും ഭാഷാവിദ്യാഭ്യാസവും ഉള്ളടക്കാസൂത്രണത്തെ പ്രതിനിധാനം ചെയ്യുന്നു.

മലയാളഭാഷ വിദ്യാഭ്യാസത്തിനായി ഉപയോഗിച്ചതു മുതലാണ് വിദ്യാഭ്യാസാസൂത്രണം ആരംഭിച്ചത്. ഇതാകട്ടെ കേരളത്തിന്റെ വിദ്യാഭ്യാസ

ചരിത്രവുമായി ചേർത്തുവച്ചു മനസ്സിലാക്കേണ്ടിയിരിക്കുന്നു. മലയാളവിദ്യാഭ്യാസാസൂത്രണം പ്രധാനമായും മൂന്ന് ചരിത്രഘട്ടങ്ങളെ കൂട്ടിയിണക്കുന്നുണ്ട്. കൊളോണിയൽ പൂർവഘട്ടം, കൊളോണിയൽ കാലം കൊളോണിയൽ അനന്തരഘട്ടം എന്നിങ്ങനെ സാമാന്യമായി ഘട്ടവിഭജനം നടത്താം. കേരളത്തിലെ വിദ്യാഭ്യാസഭാഷാസൂത്രണം മതവ്യാപനവും വിദ്യാഭ്യാസചരിത്രവുമായി ഇഴചേർന്നിട്ടുണ്ട്. ബുദ്ധിസ്റ്റ് വിഹാരങ്ങളോട് ചേർന്നാണ് പ്രാഥമിക സാക്ഷരതാ പരിശീലനകേന്ദ്രങ്ങളായ എഴുത്തുപള്ളികൾ പ്രവർത്തിച്ചിരുന്നത്. ജ്ഞാനപ്രസരണവും മതാനുഷ്ഠാനപരിശീലനവും വിഹാരകേന്ദ്രിതമായിരുന്നു. ബ്രാഹ്മണാധിനിവേശത്തെത്തുടർന്ന് ക്ഷേത്രകേന്ദ്രിതവിദ്യാഭ്യാസം പ്രചാരം നേടി. ശാലകളും സഭാമഠങ്ങളും ബ്രാഹ്മണ വിദ്യാഭ്യാസ കേന്ദ്രങ്ങളായി. വേദം, ഉപനിഷത്ത്, മീമാംസ, വ്യാകരണം, ജ്യോതിഷം തുടങ്ങിയ ഭാരതീയ ജ്ഞാനപദ്ധതികൾ സംസ്കൃതത്തിലൂടെ വിനിമയം ചെയ്തു. കുലശേഖരകാലത്തും ക്ഷേത്രകേന്ദ്രിത ബ്രാഹ്മണവിദ്യാഭ്യാസത്തിനുതന്നെയായിരുന്നു പ്രാധാന്യം. ക്ഷേത്രം മുഖേനയുള്ള സാമൂഹികവിദ്യാഭ്യാസവും നിലനിന്നിരുന്നു. പോർച്ചുഗീസ് ഡച്ച് അധിനിവേശ ഘട്ടങ്ങളിൽ ക്രിസ്ത്യൻ മതപഠനത്തിനായിരുന്നു മുൻഗണന. സെമിനാരികൾ പ്രവർത്തനം തുടങ്ങിയത് പോർച്ചുഗീസ് കാലത്താണ്.

സംഘകാലത്തു വിദ്യാഭ്യാസാവകാശം ആർക്കും നിഷേധിച്ചിരുന്നില്ല. ബ്രാഹ്മണമേധാവിത്തം വന്നതോടെ ബ്രാഹ്മണർ ഒഴികെയുള്ളവർക്കു ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. അതോടൊപ്പം അടിസ്ഥാനജനവിഭാഗങ്ങൾക്ക് അക്ഷരജ്ഞാനവും നിഷേധിക്കപ്പെട്ടു. കുലശേഖരകാലത്തു ക്ഷേത്രകേന്ദ്രിതവിദ്യാഭ്യാസത്തിനായിരുന്നു മുൻഗണന. തത്വചിന്ത, വ്യാകരണം, വേദം, ജ്യോതിഷം എന്നിവയായിരുന്നു ഉന്നതവിദ്യാഭ്യാസ പാഠ്യപദ്ധതി. വേദപാഠ ശാലകളും സഭാമഠങ്ങളും ബ്രാഹ്മണവിഭാഗത്തിനുള്ളതായിരുന്നു. അബ്രാഹ്മണർ (ചില വിഭാഗങ്ങൾ) എഴുത്തുപള്ളിയിൽനിന്നും കളരിയിൽ നിന്നും പ്രാഥമിക എഴുത്തും വായനയും ഗണിതവും പഠിച്ചു. ഭാഷകൂടാതെ ജ്യോതിഷം, വൈദ്യം, എന്നിവ സവിശേഷമായി ഗുരുകുലങ്ങളിൽനിന്നും അഭ്യസിച്ചിരുന്നു. സംസ്കൃതസാക്ഷരതയ്ക്കും സംസ്കൃതത്തിലുള്ള വിജ്ഞാനത്തിനുമായിരുന്നു മുൻഗണന. ഭാരതീയവും വരേണ്യവുമായ ജ്ഞാനവിനിമയമായിരുന്നു അക്കാലത്തു പ്രധാനമായിരുന്നത്. ജ്ഞാനവിനിമയം സംസ്കൃതത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിരുന്നുവെന്നതാണ് സവിശേഷമായ അക്കാലത്തെ വൈജ്ഞാനികാസൂത്രണം. നിരവധി സമുദായങ്ങൾക്ക് സാക്ഷരത

നിഷേധിച്ചുകൊണ്ടുള്ള ബ്രാഹ്മണഭാഷാനയം സംസ്കൃതകേന്ദ്രിതമായി നടപ്പാക്കിയെടുക്കാൻ അവർക്കു കഴിഞ്ഞു. ഈ സാക്ഷരതാനിഷേധത്തെ യാണ് മിഷണറി വിദ്യഭ്യാസപദ്ധതി പൊളിച്ചെറിഞ്ഞത്.

### കൊളോണിയൽഘട്ടം

1835-ലെ മെക്കാളെയുടെ മിനിട്സ് കൊളോണിയൽഭരണകൂടത്തിന്റെ ഭാഷാനയം വ്യക്തമാക്കുന്നുണ്ട്. തദ്ദേശീയ ഇന്ത്യൻ ഭാഷകൾ അവികസിതമാണെന്നും അവയിലെ സാഹിത്യം ഇംഗ്ലീഷിലേതിനെ അപേക്ഷിച്ച് മൂല്യമില്ലാത്തതാണെന്നും അതുകൊണ്ട് ഇന്ത്യയ്ക്കുവേണ്ടത് ഇംഗ്ലീഷ് വിദ്യാഭ്യാസമാണെന്നും ഇത് വ്യക്തമാക്കുന്നുണ്ട്. തദ്ദേശീയഭാഷകളുടെ മേലുള്ള ഭാഷാധിനിവേശ നയരേഖയായി ഇതിനെക്കാണാം. ഇന്ത്യക്കാരായിരിക്കുമ്പോൾത്തന്നെ അവർ ചിന്തയിലും താല്പര്യങ്ങളിലും ആംഗലേയ മനസ്സിന് ഉടമകളാകുമ്പോഴേ അവർ ആധുനിക മനുഷ്യരാവൂ. അതിനുവേണ്ടി ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കുന്ന പദ്ധതിയായിരുന്നു മെക്കാളെ മുന്നോട്ടുവച്ചത്. കൊളോണിയൽ ഭാഷാതൽപര്യം നടപ്പിലാക്കാൻ ബാധ്യസ്ഥരായിരുന്നെങ്കിലും പ്രായോഗികമായ ബുദ്ധിമുട്ടു മിഷനറിമാർക്കുണ്ടായിരുന്നു. മതപരിവർത്തനം ലക്ഷ്യംവച്ചുകൊണ്ടു പ്രവർത്തിക്കുമ്പോൾ തദ്ദേശീയഭാഷകളെ മെക്കാളെ പാർശ്വവത്കരിച്ചതുപോലെ മിഷനറിമാർക്ക് ചെയ്യാനാവില്ല. അതോടെ അവർ തദ്ദേശീയഭാഷകളിലൂടെയുള്ള പ്രേഷിതപ്രവർത്തങ്ങൾക്കും വിദ്യാഭ്യാസത്തിനും മുൻഗണന നൽകി. ഇതിനർത്ഥം പൂർണമായും മിഷണറി താല്പര്യങ്ങൾ കൊളോണിയൽ വിരുദ്ധമായിരുന്നു എന്നല്ല. മറിച്ച് പ്രായോഗികമായി വ്യത്യസ്തസമീപനങ്ങൾ സ്വീകരിച്ചിരുന്നു എന്നുമാത്രമാണ്. അന്തിമമായ ലക്ഷ്യം പാശ്ചാത്യവും ക്രിസ്തീയവുമായ ആധുനികമനുഷ്യസൃഷ്ടിതന്നെയായിരുന്നു. ഗുണ്ടർട്ടും ജോർജ്ജുമാത്തനും ഫ്രോൺമേയറും സ്വീകരിച്ച ഭാഷാവഴികൾ ആധുനികശാസ്ത്രബോധം തദ്ദേശീയഭാഷയിലൂടെ എന്നതായിരുന്നു.

മെക്കാളെപദ്ധതി അതേരീതിയിൽ പ്രാവർത്തികമാക്കുക എളുപ്പമല്ല എന്നു മനസിലാക്കിയ അധിനിവേശഭരണാധികാരികൾ 1883-ലെ എഡ്യൂക്കേഷൻ കമ്മീഷൻ റിപ്പോർട്ടിൽ ഭാഷാനയത്തിൽ ഭേദഗതികൊണ്ടുവന്നു. യൂറോപ്യൻജ്ഞാനവിനിമയത്തിനു ഇംഗ്ലീഷിനൊപ്പം പ്രാദേശികഭാഷകളും ഉപയോഗിക്കാമെന്നും ഉന്നതവിദ്യാഭ്യാസം പൂർണമായും ഇംഗ്ലീഷിലും താഴ്ന്ന ക്ലാസുകളിൽ തദ്ദേശീയഭാഷാമാധ്യമവും ആകാമെന്ന നയം സ്വീകരിച്ചു. മിഷനറിമാരുടെ വിദ്യാഭാസനയമായിരുന്നു ഇത്. കൊളോണിയൽ ഭാഷാനയത്തിൽ ഭാരതീയഭാഷകളെ തിരസ്കരിച്ചിരുന്നു. പകരം ഇംഗ്ലീഷിനു പ്രാമുഖ്യം

നൽകിയിരുന്നു. അതിൽനിന്നുള്ള വ്യതിചലനം പുതിയ നയപരിഷ്കരണത്തിൽ കാണാം. ഇന്ത്യയുടെ ആധുനികീകരണം പാശ്ചാത്യവത്കരണമാണെന്നു വിശ്വസിക്കുകയും സംസ്കൃതരല്ലാത്ത ഇന്ത്യക്കാരെ ആധുനികരാക്കാനുള്ള ഏകമാർഗം ഇംഗ്ലീഷ്വിദ്യാഭ്യാസമാണെന്നു തുറന്നു വിശ്വസിക്കുകയും ചെയ്തിരുന്ന കൊളോണിയൽ ഭരണത്തിന്റെ ഭാഷാസൂത്രണത്തിലെ മാറ്റം അധിനിവേശർക്കും അധിനിവേശിതർക്കും ഗുണംനല്കി. ഇംഗ്ലീഷ് പരിജ്ഞാനമുള്ള വരേണ്യരെ സൃഷ്ടിച്ചതോടൊപ്പം ദേശീയതാബോധം ശക്തിപ്പെടുത്താനും ഇംഗ്ലീഷ് സഹായിച്ചു. ജനാധിപത്യ മൂല്യങ്ങളെക്കുറിച്ച് അറിഞ്ഞുകൊണ്ട് തദ്ദേശീയഭാഷകളെ ആധുനികീകരിക്കാൻ ഇതുവഴി കഴിഞ്ഞു. തദ്ദേശീയ സാഹിത്യപോഷണം, മാധ്യമപ്രചാരം എന്നിവയിലൂടെ തദ്ദേശീയഭാഷകളുടെ ഉപയോഗം ഉയർന്നതോടൊപ്പം ഗദ്യഭാഷാവികസനവും സാധ്യമായി. ദേശീയ പ്രസ്ഥാനം വളർന്നതോടെ ഇംഗ്ലീഷ് ധൈഷണികാടിമത്തം സൃഷ്ടിക്കുന്നുവെന്ന വാദവും ശക്തിപ്പെട്ടു. സ്വാതന്ത്ര്യാനന്തരം പ്രാദേശികഭാഷകളോടൊപ്പം ഇംഗ്ലീഷും നിലനിൽക്കുന്ന കാഴ്ചയും പൂർണമായും തദ്ദേശീയഭാഷകളിലേക്കു ജ്ഞാനവിനിമയം സാധ്യമാക്കണമെന്നുമുള്ള കാഴ്ചപ്പാടും ശക്തമായാധാരകളാണ്.

വിദ്യാഭ്യാസമാധ്യമത്തെക്കുറിച്ചുള്ള കൊളോണിയൽ നയം ഇംഗ്ലീഷ് കേന്ദ്രീകരിച്ചുള്ളതാണ്. ഇന്ത്യൻഭാഷകൾക്ക് പ്രാധാന്യം നൽകുന്ന നയമായിരുന്നില്ല (വുഡ്സ് ഡസ്പാച്ച്,1854). വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നയപ്രസ്താവനയായിരുന്നു മെക്കാളെ മിനിട്സ്. ഇംഗ്ലീഷ് നടപ്പാക്കുമ്പോൾ അത് ഇന്ത്യൻഭാഷകളെ ഇല്ലായ്മ ചെയ്യാനുള്ളതല്ല. ഇന്ത്യൻഭാഷകളിൽ വിദ്യാഭ്യാസം നൽകുകയാണ് സർക്കാർ നയം എങ്കിലും ഇന്ത്യൻഭാഷകളിലെ വിദ്യാഭ്യാസത്തിന് വാണിജ്യപ്രാധാന്യമില്ലാത്തതുകൊണ്ട് പ്രാധാന്യം കൈവരാത്തതാണ്. അധികാരത്തിന്റെയും ധനത്തിന്റേയും ഭാഷയായ ഇംഗ്ലീഷ് വരേണ്യരുടെ ഭാഷയായി ഇന്ത്യയിലും കേരളത്തിലും അംഗീകാരംനേടി.

വ്യത്യസ്ത സമിതികൾ ബ്രിട്ടീഷ്ഭരണകാലത്തും സ്വതന്ത്ര ഇന്ത്യയിലും ദേശഭാഷാപഠനത്തിനായിട്ടുണ്ടായെങ്കിലും ശക്തമായി ഇന്ത്യൻഭാഷകളിലൂടെയുള്ള ഉന്നതവിദ്യാഭ്യാസ പദ്ധതികൾ ഇനിയും സാർവത്രികമായി നടപ്പാക്കിയിട്ടില്ല. കേരളത്തിൽ ഇതിനായുള്ള സമരം ഇന്നും അവസാനിച്ചിട്ടില്ല (പവിത്രൻ 2014 ).

കൊളോണിയൽ ആധുനികതയുടെ ഭാഗമായാണ് ആധുനികവിജ്ഞാനവിനിമയം മലയാളത്തിൽ അടയാളപ്പെട്ടത്. മിഷണറി വിദ്യാഭ്യാസം, അച്ചടി,

ഗദ്യത്തിലൂടെയുള്ള ജ്ഞാനവിനിമയം എന്നിവയെല്ലാം കൊളോണിയൽ ആധുനികതയുടെ ഭാഗമായി തിരിച്ചറിഞ്ഞിട്ടുണ്ട്. വിവിധ മിഷണറിസംഘങ്ങൾ മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും പ്രവർത്തിച്ചിട്ടുണ്ട്. മലബാർ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്നത് ബാസൽമിഷനായിരുന്നു. കാത്തലിക് മിഷൻ സൊസൈറ്റി മധ്യകേരളത്തിലും ലണ്ടൻ മിഷൻ സൊസൈറ്റി തെക്കൻകേരളത്തിലും മുഖ്യമായും ആധുനികവിദ്യാഭ്യാസ പ്രചാരകരായിരുന്നു. ജ്ഞാനവിനിമയത്തിന്റെ ചരിത്രം പാഠപുസ്തക നിർമാണവുമായി ബന്ധപ്പെട്ടു മാനസ്സിലാക്കുന്നതിനൊപ്പം അച്ചടിയുമായും ബന്ധപ്പെട്ടിരുന്നുവെന്നും മനസ്സിലാക്കേണ്ടതാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് അധിനിവേശകാലത്താണ് വിദ്യാഭ്യാസത്തിനും ജ്ഞാനവിനിമയത്തിനും പ്രാധാന്യം കൈവന്നത്. മിഷണറിവിദ്യാഭ്യാസപദ്ധതി മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും നടപ്പായതോടെയാണ് വിദ്യാഭ്യാസ ഭാഷാസൂത്രണം പ്രബലപ്പെട്ടത്.

### ജ്ഞാനാസൂത്രണവും പാഠപുസ്തകനിർമിതിയും

പാശ്ചാത്യ മാതൃകയിലുള്ള ആധുനിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് മിഷനറിമാരായിരുന്നു. ആധുനികപാഠപുസ്തകങ്ങൾ നിർമിച്ചതും പ്രചരിപ്പിച്ചതും അവർതന്നെ. ഈ ഘട്ടം വ്യത്യസ്ത സമീപനങ്ങളാൽ സമ്പന്നമാണ്. അവയിൽ എടുത്തുപറയാവുന്ന മൂന്നുസമീപനങ്ങളുണ്ട്

പാശ്ചാത്യമാതൃകയിൽ തദ്ദേശീയജ്ഞാനനിർമിതിയും വിനിമയവും, പാശ്ചാത്യജ്ഞാനപരിചയം, പാശ്ചാത്യവും പൗരസ്ത്യവുമായ ജ്ഞാനവിനിമയം എന്നിവയാണവ. നവീനപാഠപുസ്തകങ്ങളുടെ തുടക്കം ഗുണ്ടർട്ട് 1843-ൽ തയ്യാറാക്കിയ പാഠാരംഭത്തിൽനിന്നാണ്. 1860-ൽ പുറത്തിറങ്ങിയ പാഠമാലയിൽ തദ്ദേശീയ കൃതികളായ പഞ്ചതന്ത്രം, വേതാളചരിതം, നളചരിതം, ഭാരതം, മുദ്രാരാക്ഷസം, ചാണക്യസൂത്രം, ജ്ഞാനപ്പാന, കേരളവർമരാമായണം, ഉത്തരരാമായണം, ബ്രഹ്മാണ്ഡപുരാണം, ശീലാവതി, ശ്രീകൃഷ്ണചരിതം, രാമചരിതം തുടങ്ങിയവയിൽനിന്നുള്ള കാവ്യഭാഗം ഉൾപ്പെടുത്തി. തദ്ദേശീയഭാഷാപഠനം കൂടുതൽ ശക്തിയാർജ്ജിച്ചതിന് തെളിവാണിത്. 1847-ൽ പുറത്തിറങ്ങിയ പശ്ചിമോദയത്തിൽ ഭാഷയിലൂടെയുള്ള വിജ്ഞാനവിനിമയത്തിന്റെ നയം വ്യക്തമാക്കുന്നുണ്ട്. "വെളിച്ചം പൂർവദിക്കിൽനിന്ന് മാത്രമല്ല പശ്ചിമത്തിൽനിന്നു വരുന്നതും ആശ്ചര്യം തന്നെ. ഈ കേരളം ദൈവവശാൽ ഇംഗ്ലീഷുകാർക്കു അധീനമായി വന്നതിനാലോ ഈ നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികളെ പടിഞ്ഞാറ്റിൽനിന്നു ഇങ്ങോട്ടു കടന്നുവരുവാൻ ഒരു പാലമുണ്ടായിരിക്കുന്നു. ഇവിടെ നടപ്പായ വിദ്യകളും ശാസ്ത്രങ്ങളും

ഒഴികെ പിലാത്തിയിൽ നടക്കുന്ന പലതും ഉണ്ട്. രണ്ടുവകക്കും തമ്മിൽ വളരെ ഭെദം ഉണ്ടുതാനും. പരമാത്മ, ജീവാത്മാ തുടങ്ങിയുള്ള മാർമോപദേശങ്ങളെ ധ്യാനിച്ച് ഓരൊന്നു മറ്റുമുണ്ടാക്കി ദിവ്യശ്ലോകങ്ങളെ ചമച്ചു വിദ്വാന്മാരെ രസിപ്പിക്കുന്നത് ഹിന്ദുജ്ഞാനത്തിൽ മര്യാദത്തന്നെ. കാലദേശാവസ്ഥകളുടെ സൂക്ഷ്മം നിദാനിച്ചറിഞ്ഞു കുട്ടികളുടെ ഉപകാരത്തിനായി ഗദ്യമാക്കി പറയുന്നത് പിലാതിജ്ഞാനത്തിന്റെ ലക്ഷണമത്രേ. ഈ വക വായിപ്പാനാഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ഞങ്ങൾ മാസന്തോറും പിലാത്തി ശാസ്ത്രങ്ങളിനിന്നു പറ്റുന്നതു ഒരോന്നു എടുത്തു ഇതിൻകീഴിൽ കാണിച്ച മാതിരിയായി മലയാളികൾക്കു തൊന്നുവാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ചു ആവശ്യമുള്ളവർക്കയക്കുകയും ചെയ്യും" (1847 :02). മേൽപ്രസ്താവന തന്നെയാണ് പിലാത്തിവിജ്ഞാനത്തിന്റെ ഇറക്കുമതിനയം വെളിപ്പെടുത്തിയത്. അക്കാലത്തെ വൈജ്ഞാനിക ഭാഷാസൂത്രണത്തിന്റെ ചിത്രമാണ് ഇതിലൂടെ വ്യക്തമാകുന്നത്. തദ്ദേശീയ ശാസ്ത്രത്തിനു മുകളിൽ ആധുനിക-പാശ്ചാത്യജ്ഞാനത്തെ പ്രതിഷ്ഠിക്കുന്ന നയമാണ്.

കൊളോണിയൽ ലോകബോധത്തെ ഉൾകൊള്ളാനും അംഗീകരിക്കാനും ഉതകുന്നതരത്തിലുള്ള പാഠപുസ്തകങ്ങളായിരുന്നു ആസൂത്രണം ചെയ്തത്. പാശ്ചാത്യ ആധുനികതയുടെ സ്വഭാവം ഉൾക്കൊണ്ടു ജീവിക്കുന്നതിലേക്കുള്ള മാർഗരേഖകളായാണ് പാഠപുസ്തകങ്ങൾ രൂപകല്പന ചെയ്തത്. പാശ്ചാത്യകേന്ദ്രിതവീക്ഷണം സ്വാഭാവികമാക്കി മാറ്റുകയായിരുന്നു പാഠപുസ്തകങ്ങൾ എന്ന് കെ.എൻ പണിക്കർ നിരീക്ഷിച്ചതിന്റെ പൊരുളും ഇതുതന്നെയാണ്

ഭൂമിശാസ്ത്രം, ചരിത്രം എന്നീ മേഖലകളിലാണ് ആദ്യം ബാസൽ മിഷൻ ഊന്നൽ നൽകിയത്. കേരളോൽപത്തിയും(1843) മലയാളരാജ്യത്തിന്റെ ഭൂമിശാസ്ത്രമായ മലയാളരാജ്യവും (1868), കേരളപ്പഴമയും(1868) ഗുണ്ടർട്ട് രചിച്ചതിന്റെ പിന്നിൽ തദ്ദേശീയവിജ്ഞാനം പാശ്ചാത്യമാതൃകയിൽ അവതരിപ്പിച്ചു സംസ്കാരത്തിന്റെ ജാനകീയധാര ജ്ഞാനവിനിമയത്തിൽ ഉറപ്പിച്ചെടുക്കുകയായിരുന്നു ലക്ഷ്യമിട്ടത്. ഒരേസമയം അധിനിവേശസംസ്കാരത്തിന്റെ മേന്മ ബോധ്യപ്പെടുത്തി ജ്ഞാനത്തിന്റെ ആരൂഢനിർമിതി പാശ്ചാത്യവൽക്കരിച്ചു.

പാഠപുസ്തകങ്ങളെ രണ്ടുതരത്തിൽ വിലയിരുത്താവുന്നതാണ്. അച്ചടികേന്ദ്രിതമായ അറിവ് വ്യവസ്ഥപ്പെടുത്തിയെന്നും തദ്ദേശീയമായ വൈജ്ഞാനികബന്ധങ്ങളെ പരിഷ്കരിച്ചുവെന്നുമാണിവ. 1857-ൽ പ്രസിദ്ധീകരിച്ച വിദ്യാമൂലങ്ങൾ വിവിധ ശാസ്ത്രാറിവുകൾ വിനിമയം ചെയ്തു. ഗണിതശാസ്ത്രത്തിലും ഭൂമിശാസ്ത്രത്തിലും ചില ഗ്രന്ഥങ്ങളുണ്ടായതു പോരെന്നും ആധുനികമായ

ലോകാവബോധം ഉണ്ടാവാൻ കൂടുതൽ ശാസ്ത്രകൃതികൾ ആവശ്യമുണ്ടെന്നും റെവ. ജോർജ് മാത്തൻ ബാലാഭ്യസനത്തിൽ അഭിപ്രായപ്പെടുന്നുണ്ട്. ഭൂലോകവിശേഷങ്ങൾ എന്ന കൃതി യൂറോപ്പിനെ പരിചയപെടുത്തുന്നതിനോടൊപ്പം വിദ്യാമൂലങ്ങൾ, അഗ്നിപർവ്വതങ്ങൾ, കാറ്റ്, ജലച്ചുഴലുകൾ, ദ്വീപുകൾ, നദികൾ, പർവതങ്ങൾ, ഭൂകമ്പം, മേഘം, മഴ, സമുദ്രം എന്നിവയുടെ ചെറുവിവരണങ്ങൾക്കൊപ്പം തെർമോമീറ്റർ, ഡൈവിങ്ബെൽ എന്നിവയുടെ പ്രവർത്തനവും പരിചയപ്പെടുത്തുന്നുണ്ട്. സുഖാബോധിനി (1886), ആരോഗ്യശാസ്ത്രസാരസംഗ്രഹം (1892) എന്നിങ്ങനെയുള്ള ആരോഗ്യശാസ്ത്രകൃതികളും പഠനത്തിന്റെ ഭാഗമായിരുന്നു. ഫ്രോൺമെയർ രചിച്ച പ്രകൃതിശാസ്ത്രം (1883) കൃത്യമായ വൈജ്ഞാനിക മലയാളാസൂത്രണം മുന്നോട്ടുവയ്ക്കുന്നുണ്ട്. സമർപ്പണലേഖനത്തിൽ ശാസ്ത്രവിജ്ഞാനവിനിമയത്തിൽ മാതൃഭാഷയ്ക്കുള്ള പ്രാധാന്യം ഇംഗ്ലീഷ് മാധ്യമത്തിലൂടെയുള്ള വിജ്ഞാനവിതരണം നീതീകരിക്കാനാവില്ല എന്ന നിലപാടും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മലബാർമലയാളത്തിന്റെ മാനകീകരണവും ഉറപ്പുവരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഗ്രന്ഥങ്ങളൊക്കെ ബാസൽമിഷന്റെ നേതൃത്വത്തിൽ അവതരിപ്പിക്കപ്പെട്ട സംഗ്രഹങ്ങളോ വിവർത്തനങ്ങളൊ ആണ്. ചുരുക്കത്തിൽ മാതൃഭാഷയിലൂടെ വിജ്ഞാനവിനിമയം വേണമെന്ന ആസൂത്രണനയം ബാസൽമിഷൻ മുന്നോട്ടുവച്ചിരുന്നു എന്നാണ് മനസ്സിലാക്കുന്നത്. തദ്ദേശീയമായി നിലനിന്നിരുന്ന കണക്കുസമ്പ്രദായത്തെ ഉൾക്കൊള്ളാതെ ആധുനികഗണിത മാതൃക നടപ്പാക്കിയതിന് തെളിവാണ് കണക്കുശാസ്ത്രം പാഠപദ്ധതി.

നിലനിന്നിരുന്ന ജ്ഞാനസമ്പ്രദായത്തെ ഇല്ലായ്മചെയ്ത് യൂറോകേന്ദ്രിതജ്ഞാനപദ്ധതി സർവത്രികമാക്കിയെന്നുള്ള വിലയിരുത്തലുകൾ കൊളോണിയൽ ആധുനികതയുടെ ഭാഗമായി നടന്നുവെന്ന് ചിലരെങ്കിലും അംഗീകരിക്കുന്നുണ്ട്. ശാസ്ത്രാസൂത്രണം ലക്ഷ്യംവച്ചതു അധിനിവേശതാത്പര്യങ്ങളിലായിരുന്നു. എന്നാൽ അതിന്റെ ഉപോല്പന്നമായി തദ്ദേശീയഭാഷയിലൂടെയുള്ള വിജ്ഞാനവിനിമയം സാധ്യവായി എന്നതും വിസ്മരിക്കാവുന്നതല്ല.

തിരുവിതാംകൂറിലെ 1867 മുതലുള്ള പാഠപുസ്തകകമ്മിറ്റി വിവർത്തനത്തിലൂടെയും പുതുതായി എഴുതിയുണ്ടാക്കിയും പാഠപുസ്തകങ്ങൾ നിർമിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. കണക്ക്, ഭൂമിശാസ്ത്രം, ചരിത്രം, സന്മാർഗ്ഗപാഠം, ആരോഗ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ നാട്ടുഭാഷാവിജ്ഞാനത്തിനു വേണ്ടി സംസ്കൃതജ്ഞാനവും ഉൾപ്പെടുത്തണമെന്നും ബൈബിൾപഠനം ഒഴിവാക്കാനും തീരുമാനിച്ചു. അക്കാലത്തെ മിഷണറികൊളോണിയൽ പാഠപുസ്തകങ്ങൾ

സൂക്ഷ്മപാരായണത്തിൽ ബൈബിളിലെ ആശയങ്ങളുടെ പ്രചാരണവും കൂടിയു ദ്ദേശിച്ച് ഉണ്ടാക്കിയവയാണ്. 19-ാം നൂറ്റാണ്ടിലിറങ്ങിയിട്ടുള്ള പാഠപുസ്തകങ്ങൾ പലതും ഇതിനു തെളിവാണ്. എങ്കിലും മലയാളപാഠാവലികൾ നിർമിച്ചതും ഉപയോഗിച്ചതും വിവിധ വിജ്ഞാനങ്ങൾ ഭാഷയിൽ അവതരിപ്പിച്ചതും പരി ചയിപ്പിച്ചതും മിഷണറിമാരായിരുന്നുവെന്നത് ഓർക്കേണ്ടതാണ്. തിരിവിതാം കൂറിലെ പാഠപുസ്തകസമിതിയുടെ പ്രവർത്തനങ്ങളും വിസ്മരിക്കാവുന്നതല്ല.

ശാസ്ത്രാസൂത്രണം പ്രാവർത്തികമാക്കാനുള്ള മിഷണറിശ്രമങ്ങൾ പിൽക്കാലത്ത് തദ്ദേശീയർ ഏറ്റെടുത്ത് നിരവധി ഗ്രന്ഥങ്ങൾ ഉണ്ടാക്കി. ഐക്യകേരളരൂപികരണത്തിനുശേഷം വിദ്യാഭ്യാസാസൂത്രണം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കി. ശാസ്ത്രസാഹിത്യപരിഷത്തിന്റെയും കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും എസ് സി ഇ ആർ ടി യുടെയും പ്രവർത്തനങ്ങൾ സവിശേഷപ്രാധാന്യത്തോടെ ഇവിടെ പരിഗണന അർഹിക്കുന്നു. മലയാള സർവകലാശാല ഉന്നതവിദ്യാഭ്യാസത്തിൽ മലയാളമാധ്യമം സ്വികരിച്ചിട്ടുണ്ട്. എന്നാൽ, മലയാളഭാഷയുടെ വിദ്യാ ഭ്യാസാസൂത്രണം ബോധനതന്ത്രങ്ങളുടെ പരിഷ്കരണത്തിലൂടെ കൂടുതൽ ശക്തിയാർജിക്കേണ്ടതുണ്ട്

## മാധ്യമമലയാളാസൂത്രണം

അച്ചടി, ഇലക്ട്രോണിക്(റേഡിയോ, ടെലിവിഷൻ, സിനിമ, ഇന്റർനെറ്റ്) മാധ്യമങ്ങളിലെല്ലാം അതതു മാധ്യമങ്ങൾക്കു യോജിക്കുന്ന ഭാഷാനയങ്ങ ളുണ്ട്. അച്ചടിമാധ്യമങ്ങൾക്കുള്ള ശൈലി പുസ്തകങ്ങൾ ഭിന്നമാണെന്നതും ഭാഷാമാനകീകരണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മാനകീയോച്ചാ രണം റേഡിയോ നിലനിറുത്തുമ്പോൾ ടെലിവിഷനിൽ ഇല്ലാതിരിക്കുന്നതും തോന്നിയ ശൈലിയിലുള്ള ഇന്റർനെറ്റ് ഭാഷോപയോഗവുമെല്ലാം ഭാഷയുടെ മാനകീകരണത്തിനു വിഘാതമാണ്. ഇത്തരത്തിലുള്ള വിലയിരുത്തലുകൾ ദേശരാഷ്ട്രനിർമിതിയുടെ ഭാഗമായുള്ള ഭാഷ ഏകത്വത്തെ സൂചിപ്പിക്കുന്ന വയാണ്. ബഹുമുഖമായ ഭാഷോപയോഗമാണ് ഡിജിറ്റൽമാധ്യമത്തിന്റെ സാധ്യത. അതുകൊണ്ട് ആർക്കും എങ്ങനെയും ഭാഷയുപയോഗിക്കാം അതാണ് സ്വാതന്ത്ര്യം എന്നൊക്കെ പറയുന്നത് അംഗീകരിക്കുമ്പോൾത്തന്നെ മാനകമായ മലയാളം എന്നത് ഒഴിവാക്കാനാവില്ല. എല്ലാവർക്കുമായുള്ള പൊതുമലയാളമാണത്. മാധ്യമങ്ങൾക്കുള്ള ഭാഷാസൂത്രണം സർക്കാർനയങ്ങ ളിൽ പെടുന്നവയാണ്, അതോടൊപ്പം അവരവരുടേതായ ശൈലീപുസ്തകവും പിന്തുടരുന്നുണ്ട്. എന്നാൽ ഭാഷാസൂത്രണം വിജയിക്കണമെങ്കിൽ ഏകീകൃ തമായ ഭാഷാശൈലി നടപ്പാക്കേണ്ടതുണ്ട്. മാധ്യമഭാഷാസൂത്രണവുമായി

ബന്ധപ്പെട്ട വിവിധ നയങ്ങളെയും ശൈലീപുസ്തകങ്ങളെയും വിശദമായി ചർച്ചചെയ്യേണ്ടതുണ്ടെങ്കിലും സ്ഥലപരിമിതികൊണ്ട് ചുരുക്കുന്നു.

### വിഭവശേഷിവികസനം

അഞ്ച് പ്രധാന കൈവഴികളാണ് വിഭവശേഷിവികസനാസൂത്രണവുമായി ബന്ധപെട്ട നിൽക്കുന്നത്. സാങ്കേതികപദനിർമ്മിതി, വിവർത്തനം, വൈജ്ഞാനികപുസ്തകനിർമിതി, മാനവവിഭവശേഷി, വിഭവകേന്ദ്രനിർമിതി എന്നിവയാണവ.

### സാങ്കേതികപദനിർമ്മിതി

ശാസ്ത്രനിഘണ്ടുക്കളുടെയും സാങ്കേതികശബ്ദാവലികളുടെയും ചരിത്രംനോക്കിയാൽ 1906 ലെ ഔഷധനിഘണ്ടുവിൽനിന്നാണ് തുടക്കമെന്നു മനസിലാക്കാം. മഹാകവി ഉള്ളൂർ, ഡോ എൽ എ രവിവർമ്മ, എൻ ഗോപാലപിള്ള, എം ആർ ബാലകൃഷ്ണവാരിയർ, ടി കെ ജോസഫ്, മാത്യു എം കുഴിവേലി, പി ശേഷാദ്രി അയ്യർ, എ ഗോപാലമേനോൻ, ഡോ കെ ഭാസ്കരൻ നായർ, ഡോ എച്ച് സുബ്രഹ്മണ്യയ്യർ, ഡോ ശിവരാമൻ നായർ മുതലായവരെ ഉൾപ്പെടുത്തിക്കൊണ്ടു തിരിവിതാംകൂർ (കേരള)സർവകലാശാല ശാസ്ത്രസാങ്കേതിക വിഷയങ്ങളിൽ സാങ്കേതികപദ നിർമ്മാണത്തിനായി ഒരു കമ്മിറ്റി രൂപീകരിച്ചു. സസ്യശാസ്ത്രം, രസതന്ത്രം, ഗണിതശാസ്ത്രം, ഉർജ്ജതന്ത്രം എന്നീ വിഷയങ്ങളിൽ കമ്മിറ്റി സമർപ്പിച്ച സാങ്കേതികപദകോശം 1941 ലും ജന്തുശാസ്ത്രം വിദ്യാഭ്യാസം മേഖലകളിലേത് 1949 ലും തിരിവിതാംകൂർ സർവകലാശാല പ്രസിദ്ധീകരിച്ചു. പിൽക്കാല പാഠപുസ്തകരചനയെ ഇത് നിർണായകമായി സ്വാധീനിച്ചിട്ടുണ്ട്. 1947-ൽ മദിരാശി ഗവണ്മെന്റ് വിദ്യാഭ്യാസവകുപ്പും രസതന്ത്രം, പ്രകൃതിശാസ്ത്രം, ശരീരശാസ്ത്രവും ശുചിത്വവും, ഭൂമിശാസ്ത്രം എന്നീ വിഷയങ്ങളിൽ സാങ്കേതികപദാവലി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ മാതൃക പിൽക്കാല സാങ്കേതികപദാവലി നിർമാണത്തിനെ സ്വാധീനിച്ചിട്ടുണ്ടെന്നു കാണാം. 1965-ൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആരംഭിച്ച ഈ പരമ്പരയിൽ നാലുഘട്ടങ്ങളുണ്ടായിരുന്നു. ഒന്നാംഘട്ടത്തിൽ 25 ഉം (1965) രണ്ടാംഘട്ടത്തിൽ 18 ഉം (1966) മൂന്നാംഘട്ടത്തിൽ 10 ഉം (1967) നാലാംഘട്ടത്തിൽ 11 ഉം (1968) എന്ന കണക്കിൽ വിവിധ ശാസ്ത്രഗ്രന്ഥാവലി പ്രസിദ്ധികരിച്ചു. എസ് സി ഇ ആർ ടി പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള ശാസ്ത്ര-മാനവിക -സാമൂഹിക വിഷയങ്ങളിലെ സാങ്കേതിക പദാവലി നിർമാണം 2019 ൽ പൂർത്തിയാക്കിയിട്ടുണ്ട്.

1969-ഓടെ ഈ രംഗത്ത് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രംഗപ്രവേശം ചെയ്തു.

എൻജിനീറിങ്, കൃഷി, ഗണിതം, ഭാഷാശാസ്ത്രം, മാനവികശാസ്ത്രം, ഭരണം, വിജ്ഞാനം എന്നീ മേഖലകളിൽ ശബ്ദാവലികൾ നിർമിച്ചു. പൂർണമായും ആസൂത്രിതമായ ഒരു സമീപനമാണിതെന്നു പറയാം.

പത്തൊമ്പതാംനൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ സാഹിത്യസഭകളുടെ ചർച്ചകളിൽ ശാസ്ത്രമലയാളത്തിന്റെ പദദൗർലഭ്യത്തെക്കുറിച്ചുള്ള നിരവധി ചർച്ചകൾ നടന്നിട്ടുണ്ട്. ആസൂത്രണമായി തന്നെക്കാണാവുന്ന പ്രവർത്തനങ്ങളായിരുന്നു ഇവയെല്ലാം. ഭാഷാപോഷിണി സഭയുടെ ആറാമത്തെ സമ്മേളനത്തിൽ മലയാളഭാഷയും ഭാഷാപോഷിണിസഭയും എന്ന വിഷയത്തിൽ ഒ എം ചെറിയാൻ അവതരിപ്പിച്ച പ്രബന്ധത്തിൽ ശാസ്ത്രമലയാളത്തിലെ പദദൗർലഭ്യത്തെ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇതിനു പരിഹാരമായി രണ്ടു നിർദേശങ്ങൾ അദ്ദേഹം മുന്നോട്ടുവച്ചു. സാങ്കേതികപദങ്ങളുടെ അകാരാദി ഉണ്ടാക്കുക, ഇംഗ്ലീഷ് ശാസ്ത്രകൃതികളെ അധികരിച്ച് അതതു വിഷയങ്ങളിൽ പരിജ്ഞാനവും സംസ്കൃതത്തിൽ സാമാന്യം വ്യുത്പത്തിയുമുള്ളവർ പുസ്തകരചന നടത്തുക എന്നിവയായിരുന്നു നിർദേശങ്ങൾ. 1911-ലെ ഭാഷാപോഷിണി സഭാസമ്മേളനത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാനും ഇംഗ്ലീഷിലെ പോപ്പുലർ സയൻസ് സീരീസിനു തുല്യമായരീതിയിൽ സസ്യശാസ്ത്രം, പ്രാണിശാസ്ത്രം, ഭൂഗർഭശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാനപുസ്തകരചന നടത്തേണ്ടതാണെന്നു പ്രസ്താവിച്ചു.

ഗദ്യപാഠാവലികളുടെ നിർമിതി കൂട്ടായ സംരംഭമായി ഏറ്റെടുത്തു. ഭാരതവിലാസം സഭ പ്രസിദ്ധീകരിച്ച പ്രബന്ധമാലികയിൽ ഉള്ളൂർ ഉൾപ്പടെയുള്ളവർ സംഭാവന ചെയ്തിട്ടുണ്ട്. സാഹിത്യ സഭാംഗങ്ങൾ പുസ്തകമെഴുതിയും ശാസ്ത്രമലയാളത്തെ പോഷിപ്പിച്ചിട്ടുണ്ട്. എ രാജരാജവർമ്മ (വിഹായസവിഹാരം), മൂർക്കോത്തു കുമാരൻ (കാകൻ, പ്രകൃതിശാസ്ത്രത്തിലെ ചില അനുഭവങ്ങൾ), കെ സുകുമാരൻ (ജന്തുശാസ്ത്രം നാലുഭാഗങ്ങൾ, പ്രാണിവംശചരിത്രം നാലുഭാഗങ്ങൾ, പറക്കാൻവയ്യാതെ പോയപക്ഷികൾ, ജ്യോതിശാസ്ത്രം), കെ ആർ കൃഷ്ണപിള്ള (സൃഷ്ടിചരിത്രം, വിജ്ഞാനശകലങ്ങൾ, പാശ്ചാത്യശാസ്ത്രവൃത്താന്തം, ഭൂഗോളം), ഒ എം ചെറിയാൻ (ഭൂവിവരണസിദ്ധാന്തസംഗ്രഹം ), ടി കെ ജോസഫ് (വാനവിലാസം, വൈദ്യുതിവിലാസം, സൂര്യസാമ്രാജ്യം), എം രാമവർമ്മ തമ്പാൻ(ഭൂഗോളചരിതം) എന്നിവ ഇക്കൂട്ടത്തിൽ പരിഗണിക്കാവുന്നതാണ്.

### വിവർത്തനം, വിഭവശേഷിവികസനം

പത്തൊമ്പതാംനൂറ്റാണ്ടു മുതൽ വൈജ്ഞാനികഗ്രന്ഥങ്ങളുടെ വിവർത്തനം

ഭാഷയിലുണ്ടായിട്ടുണ്ട്. എന്നാൽ, എല്ലാവിഷയങ്ങളുടെയും സൂക്ഷ്മവൈജ്ഞാനികമേഖലകൾ മാതൃഭാഷയിൽ മനസ്സിലാക്കാനുള്ള സൗകര്യം ഇനിയും മലയാളത്തിന് കൈവന്നിട്ടില്ല. ആദ്യകാലത്തു ഈ വകയിൽ കുറെ ഗ്രന്ഥങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വഴി ലഭ്യമായിട്ടുണ്ടെങ്കിലും അതൊന്നും മലയാളത്തിന്റെ വൈജ്ഞാനികവിനിമയശേഷി സമകലികമാക്കാൻ പര്യാപ്തമല്ല. വൈജ്ഞാനികപുസ്തകനിർമിതിയുടെ കാര്യത്തിലും വേണ്ട പുരോഗതി കൈവരിക്കാനായിട്ടില്ല. ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിൽ മാത്രമല്ല മാനവിക-സാമൂഹ്യശാസ്ത്രവിഷയങ്ങളിലും അഭാവം പ്രകടമാണ്. ആധാരഗ്രന്ഥങ്ങളുടെ പരിമിതി പരിഹരിക്കപ്പെടേണ്ടതാണ്. അതിനുള്ള വൈജ്ഞാനിക വിഭവശേഷിയാസൂത്രണം നടപ്പിലാക്കേണ്ടതുണ്ട്.

മലയാളഭാഷയുടെ ആസൂത്രണചരിത്രത്തിൽ എ.ആർ. രാജരാജവർമയുടെ സംഭാവനകൾ അതുല്യമാണ്. തികഞ്ഞ ഭാഷാവാദിയായിരുന്ന അദ്ദേഹം നാട്ടുഭാഷയുടെ പോഷണത്തിനായി അപഗ്രഥനാത്മകവും സർഗാത്മകവുമായ പരിപോഷണശ്രമങ്ങൾ നിർവഹിച്ചു. നാട്ടുഭാഷയുടെ വിദ്യാഭ്യാസപദവി അംഗീകരിപ്പിച്ചെടുക്കാനും ശാസ്ത്രവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനും ആവുന്നത്ര സംഭാവനകൾ ചെയ്തു. ആധുനികമലയാളഭാഷ, നാട്ടുഭാഷാവിദ്യാഭ്യാസം, മലയാളഭാഷാപോഷണം, സഭോദ്ദേശ്യസിദ്ധി, ഭാഷാപരിഷ്കാരം, ലിപിവിന്യാസം, സംസ്കൃതപദപ്രയോഗം എന്നീ ലേഖനങ്ങളിലൂടെ ആസൂത്രണാശയങ്ങൾ മുന്നോട്ടുവച്ചു. പാഠാവലി (നാലാംക്ലാസ്സ്), വ്യാകരണരചന, സാഹിത്യശാസ്ത്രഗ്രന്ഥങ്ങളുടെനിർമിതി (ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം), തർജ്ജമകൾ എന്നിവയിലൂടെ ഭാഷാശേഷി വികസനം സാധ്യമാക്കി. വികസിച്ച ഭാഷകളിൽനിന്നു വിവർത്തനത്തിലൂടെ വൈജ്ഞാനികതയുടെ ദേശീകരണം ഉറപ്പുവരുത്താനും ഭാഷാപോഷണത്തിനു അഭ്യസ്തവിദ്യരുടെ സഹകരണം അഭ്യർത്ഥിക്കാനും നാട്ടുഭാഷയ്ക്കായി ഉന്നതങ്ങളിൽ സമ്മർദ്ദം ചെലുത്താനും എ.ആർ. ശ്രമിച്ചിരുന്നു. അസൂത്രണത്തിന്റെ സാധ്യതകൾ അവതരിപ്പിച്ചു. ഭാഷാനവോത്ഥനം ശക്തിപ്പെടുത്താൻ ഏ ആറിനു കഴിഞ്ഞു. കുട്ടികൃഷ്ണമാരാരുടെ മലയാളശൈലിയാണ് ഭാഷാശുദ്ധീകരണത്തിനായുണ്ടായ മറ്റൊരു പ്രധാനകൃതി.

എ.ആർ. ഏറ്റെടുത്തു നടപ്പാക്കിയതുപോലെ ഉള്ളൂർ ഉൾപ്പടെയുള്ള സാഹിത്യകാരന്മാർ കൂട്ടത്തോടെ വൈജ്ഞാനികപുസ്തകനിർമാണം ഏറ്റെടുത്തതു നമുക്ക് മറക്കാനാവില്ല. ആ തലമുറയുടെ പ്രതിബദ്ധത പിൽക്കാലത്തു നഷ്ടമായതും വിഭവശേഷിവികസനാസൂത്രണത്തിൽ

പരിഗണിക്കപ്പെടേണ്ടതാണ്. ഭാഷയുടെ വിഭവശേഷിനിർമിതി മിഷണറിമാരുടെ സംഭാവന (ശ്രീനാഥൻ എം, 2016)യിൽ തുടങ്ങുന്നു. ഈ മേഖലയിലെ സ്വദേശിവൽക്കരണത്തിന് ജോർജ് മാത്തനിലൂടെയും എ ആർ രാജരാജവർമയിലൂടെയും വ്യാകാരണരംഗത്തും, ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയിലൂടെ നിഘണ്ടുനിർമ്മാണരംഗത്തും ശക്തമായ തുടക്കമിട്ടു.

നസ്രാണീദീപികയുടെ മുഖപ്രസംഗം ഈ മേഖലയിൽ ശ്രദ്ധേയമാണ് (‘ഒരു മലയാള നിഘണ്ടുവിന്റെ ആവശ്യകത (1914 മെയ് 8 ), ഒരു മലയാളം ഇംഗ്ലീഷ് നിഘണ്ടു (1925 സെപ്തംബർ 3). നിഘണ്ടുക്കൾ പലതുണ്ടായെങ്കിലും ശബ്ദതാരാവലി നൂറുവർഷങ്ങൾക്കുശേഷവും നിലനിൽക്കുന്നു. ഭാഷ എത്രയോ മാറിയിട്ടും പദസമ്പത്തുയർന്നിട്ടും പദകോശനിർമിതി സമകാലമായിട്ടില്ല. വ്യാകരണത്തിന്റെ കാര്യത്തിലും ഏ ആറിനപ്പുറം കടക്കാനായിട്ടില്ല. തന്നെയുമല്ല സമകാല ഡിജിറ്റൽസാങ്കേതികതയുമായി വിളക്കിച്ചേർക്കാനുള്ള ശ്രമങ്ങളും കുറവാണ്. മലയാളഭാഷയ്ക്കു റഫറൻസ് ഗ്രാമർ ഇല്ലെന്നുമാത്രമല്ല കംപ്യൂട്ടേഷണൽ വ്യാകരണവുമില്ല. ഓളം തുടങ്ങിയുള്ള അനൗപചാരികശ്രമങ്ങൾ കംപ്യൂട്ടേഷനൽനിഘണ്ടു നിർമാണത്തിൽ കാണാമെങ്കിലും ആവശ്യമായ ഡിജിറ്റൽ ഭാഷാസാമഗ്രികളുടെ അഭാവം ഡിജിറ്റൽഭാഷാസൂത്രണത്തിന്റെ വിടവാണ് വെളിപ്പെടുത്തുന്നത്. കുടുതൽ യന്ത്രപാരായണ-ഏകഭാഷാ-ബഹുഭാഷാ നിഘണ്ടുക്കൾ ഉണ്ടാകേണ്ടത് ഭാഷാസാങ്കേതികതാവികസനത്തിന് ആവശ്യമാണ്. മലയാള സർവകലാശാല ഇത്തരത്തിൽ ഏറെ പ്രയോജനകരമാകുന്ന ഓൺലൈൻ നിഘണ്ടു പദ്ധതി ആരംഭിച്ചെങ്കിലും സാങ്കേതികകാരണങ്ങളാൽ വഴിക്കു നിന്നുപോയി. ഭാഷാഭേദനിഘണ്ടു ഉൾപ്പടെ പദസമ്പത്തെല്ലാം ഓൺലൈൻപദ്ധതിയിൽ ലഭ്യമാകേണ്ടതുണ്ട്.

ഡിജിറ്റൽ സ്രോതസ്സുകളുണ്ടാക്കാൻ കൃത്യമായ ആസൂത്രണം വേണ്ടതാണ്. വരും തലമുറയ്ക്ക് പ്രയോജനപ്പെടാനുള്ള ഏതൊരു സൗകര്യവും ഒരുക്കാൻ ഇനിയും വൈകിക്കൂടാ. അച്ചടിലോകം അവസാനിച്ചു. ഡിജിറ്റൽ കാലത്തു ഹസ്തലിഖിതങ്ങൾ മുതൽ അച്ചടിച്ച ഗ്രന്ഥങ്ങൾ, ലഘുലേഖകൾ, ചുവരെഴുത്തുകൾ, വാമൊഴിരൂപങ്ങൾ എന്നുതുടങ്ങി എല്ലാ ചിഹ്നവ്യവസ്ഥകളും ഡിജിറ്റൽ വിഭവം ആകേണ്ടതാണ്. ഭാഷയുടെ അതിജീവനം ഡിജിറ്റൽ സാങ്കേതികതയുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടു ഡിജിറ്റൽവിഭവശേഷി ഭാഷാമൂലധനമായി മാറിയിരിക്കുന്നു. ഈ മേഖലയിൽ ശക്തമായ ഭാഷാസൂത്രണം നടപ്പിലാക്കേണ്ടതുണ്ട്. ഗ്രന്ഥപ്പുരയും വിക്കിമലയാളവും കൂടുതൽ പോഷിപ്പിക്കാൻ സർക്കാരും ജനങ്ങളും സംയുക്തമായി പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഷിജു അലക്സ് ഏറ്റെടുത്തു നടപ്പിലാക്കിയ പൊതുസഞ്ചയരേഖകളുടെ

"ഡിജിറ്റൈലൈസേഷൻ"പദ്ധതിയും (https://shijualex.in/ ലൂടെ പൊതു സഞ്ചയരേഖ ലഭ്യമാണ്). വിക്കിമലയാളവും കൂടുതൽ ശക്തിപകരേണ്ട സംരംഭങ്ങളാണ്. കൂടുതൽ ഡിജിറ്റൽ വിഭവകേന്ദ്രങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഓരോവിഷയത്തിനും ഓരോവിഭവകേന്ദ്രം പ്രയോഗത്തിൽവരണം.

ഭാഷാസാങ്കേതികതയുമായുള്ള ഗവേഷണശേഷി ഉയർത്തുക എന്നതാണ് ഭാഷാസൂത്രണത്തിന്റെ അടിയന്തര പ്രാധാന്യം ഉറപ്പുവരുത്തേണ്ട മേഖലകളിൽ ഒന്ന്. ഭാഷാശാസ്ത്രഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതും ഭാഷാസൂത്രണത്തിന്റെ മുഖ്യ അജണ്ടകളിൽ ഒന്നാണ്. നിർഭാഗ്യവശാൽ കേരളത്തിന് ഈ വിഷയത്തിന്റെ പ്രാധാന്യം ഇനിയും മനസ്സിലായിട്ടില്ല.

## മാനവവിഭവശേഷി

മാനവവിഭവശേഷി ഉയർത്താനായുള്ള ശ്രമങ്ങൾ എസ് സി ഇ ആർ ടി നടത്തുന്നുണ്ടെങ്കിലും ഉന്നതവിദ്യാഭ്യാസത്തിൽ വേണ്ടത്ര ശ്രമങ്ങൾ നടപ്പിലാക്കുന്നുവെന്നു പറയുകവയ്യ. ഈ മേഖലയും മാതൃഭാഷാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസമാതൃകയിൽ പ്രധാനം തന്നെയാണ്. ഭാഷാബോധനപ്രവർത്തങ്ങളിലും ഭാഷാശാസ്ത്രത്തിന്റെയും (കോർപ്പസ്, മനോഭാഷാശാസ്ത്രത്തിന്റേയും) പ്രയോജനം ഉപയോഗപ്പെടുത്തി മാനവവിഭവശേഷി ഭാഷാസൂത്രണം കൂടുതൽ കാര്യക്ഷമമാക്കണം.

## ഉപസംഹാരം

മലയാളവുമായി ബന്ധപ്പെടുത്തിയുള്ള ഭാഷാസൂത്രണവഴികൾ അന്വേഷിക്കുമ്പോൾ നിരവധി മേഖലകളിലൂടെ കാടന്നുപോകേണ്ടിവരും. അവയോരോന്നും വിശദികരിച്ചാൽ ഒരു പുസ്തകമായി ഈ പഠനം മാറും. അതൊഴിവാക്കാനായി ചില കേന്ദ്രവിഷയങ്ങളെയും പാർശ്വവിഷയങ്ങളെയും കൂട്ടിയിണക്കി അവതരിപ്പിക്കുകയാണ് ഇവിടെ ചെയ്തത്. എല്ലാമേഖലകളും പരാമർശിച്ചുവെന്നു പറയാനാവില്ല. ഉദാഹരണമായി പ്രസരണമാർഗങ്ങളെക്കുറിച്ചുള്ള ആലോചനകൾ. ഗ്രന്ഥശാലാ വികസനവും ഭാഷാവിഭവപ്രസരണവും എന്നുതുടങ്ങി പല ഉപമേഖലകളും മലയാളത്തിന്റെ ഭാഷാസൂത്രണവഴികളിൽ നിർണായകമാണ്. അതൊക്കെ പ്രബുദ്ധരായ വായനക്കാർ പൂരിപ്പിച്ചെടുത്തോളും എന്ന പ്രതീക്ഷയുള്ളതുകൊണ്ടും പലവിഷയങ്ങളും വിശദമായി ചർച്ചചെയ്യുന്ന മറ്റ ലേഖനങ്ങൾ ഉണ്ടാകുമെന്നതുകൊണ്ടും ഇതൊരു പ്രാഥമിക പ്രകരണമായേ കാണേണ്ടതുള്ളൂ.

ചുരുക്കത്തിൽ ഭാഷാസൂത്രണത്തിന്റെ മലയാളവഴികളുടെ അന്വേഷണം

വെളിപ്പെടുത്തുന്നത് താഴെ പറയുന്നവയാണ്.

1. മലയാള ഭാഷാസൂത്രണത്തിൽ അനൗപചാരിക സംരംഭങ്ങളാണ് അധികവും
2. മലയാളഭാഷാസൂത്രണം ഡിജിറ്റൽ വഴിയിൽ അടിയന്തരമായി മുന്നേറേണ്ടതുണ്ട്
3. ഭാഷാസൂത്രണം അച്ചടി കേന്ദ്രിതത്വത്തിൽനിന്ന് ഡിജിറ്റൽ കേന്ദ്രിതത്വത്തിലേക്കു മാറണം
4. മികച്ചരീതിയിൽ ശാസ്ത്രീയമായ ആസൂത്രണരൂപരേഖ തയ്യാറാക്കി നടപ്പിലാക്കണം
5. ഭാഷാസൂത്രണത്തിൽ ജനകീയപങ്കാളിത്തം ഉറപ്പുവരുത്തി വികേന്ദ്രീകരിക്കണം
6. ലിപി, വ്യാകരണം, ശൈലി, പദകോശം എന്നിവയുടെ മാനകീകരണം സർവത്രികമാക്കുക
7. ഭാഷാസാങ്കേതികഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക
8. മലയാളത്തിന്റെ ഡിജിറ്റൽ വിഭവശേഷി വികസിപ്പിക്കുക
9. മലയാളത്തിന്റെ വൈജ്ഞാനികവിനിമയം വർദ്ധിപ്പിക്കുക
10. മികച്ചതും ഉപഭോക്തൃ സൗഹൃദപ്രധാനവുമായ ഡിജിറ്റൽ പൊതുഭാഷാവിഭവകേന്ദ്രങ്ങൾ ഉണ്ടാക്കുക
11. വൈജ്ഞാനിക ഗ്രന്ഥനിർമ്മിതി പ്രോത്സാഹിപ്പിക്കുക
12. വൈജ്ഞാനിക വിവർത്തനം പ്രോത്സാഹിപ്പിക്കുക
13. ഓൺലൈൻ വിഭവലഭ്യത ഉറപ്പാക്കുക
14. മലയാളത്തിന്റെ ഡിജിറ്റൈസേഷൻ, ഭാഷാസാങ്കേതികത, കോർപ്പസ്നിർമിതി ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട നയങ്ങൾ ആവിഷ്കരിക്കുക
15. ശാസ്ത്രീയമായ ഭാഷാസൂത്രണപദ്ധതികൾ നടപ്പിലാക്കുക

## ഗ്രന്ഥസൂചി

1. കീർത്തിസാഗർ, 2019, മലയാള ലിപിപരിണാമം, മലയാളഭാഷാപഠനങ്ങൾ, ഉണ്ണികൃഷ്ണൻ എം.എം. (എഡി.), ഡി.സി. ബുക്സ്
2. പണിക്കർ കെ.എൻ., 2004, സംസ്കാരവും ദേശീയതയും, കറൻറ്ബുക്സ്, തൃശ്ശൂർ
3. പവിത്രൻ പി., 2014, മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം, മലയാള ഐക്യവേദി
4. പ്രബോധചന്ദ്രൻനായർ വി.ആർ. .1999, മലയാളം മലയാളിയോളം, കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട്.
5. പ്രഭാകരവാരിയർ കെ.എം., 2015, ഭാഷാശാസ്ത്രം ചരിത്രവും പാഠവും, മലയാളം

താ‌യ്‌വേരുകൾ പുതുനാമ്പുകൾ, പി.എം. ഗിരീഷ്, സി.ജി. രാജേന്ദ്രബാബു (എഡി.), ദക്ഷിണ, ചെന്നൈ.

6. മലയാളം അച്ചടിയും എഴുത്തും–സ്റ്റൈൽ പുസ്തകം, 1999, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
7. രാഘവവാര്യർ എം.ആർ., 2019, എഴുത്തിന്റെ ചരിത്രം, മലയാളഭാഷാപഠനങ്ങൾ, ഉണ്ണികൃഷ്ണൻ എം.എം. (എഡി ), ഡി.സി. ബുക്സ്.
8. ശ്രീകുമാർ ഏ.ജി. , 2014, അച്ചുകൂടത്തിലെ കേരളം, കൈരളിബുക്സ്, കണ്ണൂർ.
9. ശ്രീനാഥൻ എം., 1990, ഭാഷാസൂത്രണത്തിന്റെ പ്രസക്തി, ജനപഥം, സാംസ്കാരികവകുപ്പ്, കേരള സർക്കാർ.
10. ശ്രീനാഥൻ എം. (ചീഫ് എഡി.), 2016, മിഷണറി ഭാഷാശാസ്ത്രം, മലയാള സർവകലാശാല
11. ശ്രീനാഥൻ എം. &സെയ്തലവി സി. , 2017, എ.ആർ. വിജ്ഞാനീയം, മലയാള സർവകലാശാല.
12. സെഡ്.എം. മൂഴൂർ, 2005, നസ്രാണിദീപികയും മലയാള സാഹിത്യവും, കോട്ടയം, കറൻറ് ബുക്സ്.
13. സുബ്രഹ്മണ്യൻ എം.എൻ. (സമ്പാദകൻ ), 1972, ശാസ്ത്രഗ്രന്ഥസൂചി, കേരള ശാസ്ത്രസാഹിത്യ പരിഷത്
14. Annamalai E. 2001. Managing multilingualism in India. Political and Linguistic Manifestations. New Delhi: Sage Publications.
15. Baker, Colin. 1992. Attitudes and Language. Clevedon: Multilingual Matters.
16. Baldridge, Jason. 2002a. “Reconciling Linguistic Diversity: The History and Future of Language Policy in India”. (Vol. 2:3 2002). Thirumalai, M.S. (ed.). Language in India. http://www.languageinindia.com/ may2002/
17. Ferguson, Gibson. 2006. Language planning and education. Edinburgh: Edinburgh University Press. Fishman, Joshua A. (ed.) 1974. Advances in language planning. The Hague: Mouton de Gruyter.
18. Garvin, Paul L. 1974. “Some Comments on Language Planning”. In Fishman, Joshua A. (ed.). Advances in language planning. The Hague: Mouton de Gruyter, 69-78.
19. Kaplan, Robert B. et Richard B. Baldauf. 2003. Language and languag-ineducation planning in the Pacific basin. Dordrecht: Kluwer Academic Publications. Karam, Francis X. 1974. “Toward a Definition of Language Planning”. In Fishman, Joshua A. (ed.). Advances in language planning. The Hague: Mouton de Gruyter, 103-124.
20. Mallikarjun, B. 2001. “Language(s) in the school curriculum: challenges of the new millennium.” (Vol. 1:4 2001). Thirumalai, M.S. (ed.). Language in India. http://www.languageinindia.com
21. Mallikarjun, B. 2004. “Indian Multilingualism, Language Policy and the Digital Divide”. (Vol. 4:4 2004). Thirumalai, M.S. (ed.). Language in India. http://www.languageinindia.com
22. Manjulakshi, L. 2003. “Indian mass media and language education.”

(Vol. 3:4 2003). Thirumalai, M.S. (ed.). Language in India. http://www.languageinindia.com

23. Parameswaran, K. 2008. "Language of Mass Media – A Study Based on Malayalam Radio Broadcasts". (Vol. 8:9 2008). Thirumalai, M.S. (ed.). Language in India. http://www.languageinindia.com

*msreenathan@gmail.com*

# എ.ആർ. രാജരാജവർമ്മയുടെ ഭാഷാസൂത്രണപദ്ധതി

**മുഹമ്മദ് ബഷീർ കെ.കെ.**
അസിസ്റ്റന്റ് പ്രൊഫസർ, കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്.

### പ്രബന്ധ സംഗ്രഹം

ഭാഷാസൂത്രണത്തിലെ ഘടന (corpus), പദവി (status), ആർജനം (acquisition), അന്തസ്സ് (prestige) എന്നീ മേഖലകളുടെ അടിസ്ഥാനത്തിൽ എ.ആർ.രാജരാജവർമ്മയുടെ ചിന്തയെയും മനോഭാവത്തെയും വ്യവഹാരത്തെയും വിശകലനം ചെയ്തുകൊണ്ട് മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ അദ്ദേഹത്തിന്റെ ആസൂത്രണം വഹിച്ച പങ്കിനെ അടയാളപ്പെടുത്താൻ ശ്രമിക്കുന്നു.

### താക്കോൽവാക്കുകൾ

ഭാഷാഭിമാന ആസൂത്രണം, ഭാഷാപദവി ആസൂത്രണം, ഭാഷാർജന ആസൂത്രണം, ആസൂത്രിത ഭാഷാഭിമാനം, ഭാഷാഘടനയുടെ ആസൂത്രണം

1896-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നാട്ടുഭാഷകളുടെ സൂപ്രണ്ട് ആയി നിയമിതനായി 1918-ൽ അന്തരിക്കുന്നതുവരെയുള്ള രണ്ട് പതിറ്റാണ്ടുകാലം മാതൃഭാഷയ്ക്കുവേണ്ടി എ.ആർ. രാജരാജവർമ്മ നടത്തിയ വ്യവഹാരങ്ങളെയും അദ്ദേഹത്തിന്റെ ചിന്തയെയും മനോഭാവത്തെയും 1957-ൽ രൂപംകൊണ്ട ഭാഷാസൂത്രണം എന്ന പരികല്പനയ്ക്കകത്തു നിന്നുകൊണ്ട് വിശകലനം ചെയ്യാനാണ് ഈ പഠനം ശ്രമിക്കുന്നത്. അങ്ങനെചെയ്യുകവഴി മാതൃഭാഷാവികാസത്തെ അതിന്റെ സമഗ്രതയിൽ ദർശിച്ച ആദ്യകാല ഭാഷാസൂത്രകരിൽ പ്രധാനി എന്നനിലയിൽ എ.ആറിനെ തിരിച്ചറിയാനുമാകും. ഭാഷാസൂത്രണത്തിന്റെ പ്രധാന മേഖലകളായ ഭാഷാഘടന, ഭാഷാപദവി,

ഭാഷാർജ്ജനം, ഭാഷാഭിമാനം എന്നീ സംവർഗങ്ങൾക്കകത്ത് അദ്ദേഹത്തിന്റെ വ്യവഹാരങ്ങൾ എങ്ങനെ വിന്യസിക്കപ്പെട്ടിരിക്കുന്നു എന്ന് തിരിച്ചറിയുക വഴി ഭാഷാസൂത്രകൻ എന്ന പരികല്പനയെ സാധൂകരിക്കാനുമാവും.

ഇന്ത്യയുടെ സമ്പത്ത് ബ്രിട്ടനിലേക്ക് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി മുഖേന കടത്തിക്കൊണ്ടിരുന്ന ചരിത്രസന്ദർഭത്തിൽ അതിൽനിന്ന് നാമമാത്രമായ ഒരു തുക ഇന്ത്യക്കാർക്ക് വേണ്ടി ചെലവഴിക്കണമെന്ന ആവശ്യം ഉയർന്നു. ഈ പശ്ചാത്തലത്തിൽ അത് ഇന്ത്യക്കാരുടെ വിദ്യാഭ്യാസത്തിനുവേണ്ടി മാറ്റിവയ്ക്കാൻ ധാരണയായി. അതെങ്ങനെ ചെലവഴിക്കണമെന്ന് നിർണയിക്കാൻ നിയുക്തനായ മെക്കാളെപ്രഭു രൂപംകൊടുത്ത മെക്കാളെ മിനുട്സ് കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനരേഖയായി. ഇംഗ്ലീഷിനും ഇംഗ്ലീഷ് സാഹിത്യത്തിനും ഇംഗ്ലീഷുകാരന്റെ സംസ്കാരത്തിനും പരമപ്രാധാന്യം നൽകുന്ന ഈ മിനുട്സ് അവരുടെ ഭാഷാസൂത്രണ നയരേഖയാണ്. പിന്നീട് രൂപംകൊണ്ട ഭാഷാസൂത്രണപരികല്പനയുടെ നാലു പ്രധാന മേഖലകളെയും അത് ഉൾക്കൊണ്ടിരുന്നു എന്നത് ഇപ്പോൾ അത്ഭുതമായി തോന്നാം.

1857-ൽ മദ്രാസ്, കൽക്കട്ട, ബോംബെ എന്നിവിടങ്ങളിൽ സർവകലാശാലകൾ സ്ഥാപിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചപ്പോൾ ഈ സർവകലാശാലകളുടെ അധികാരസ്ഥാനങ്ങളിലും പ്രധാന അക്കാദമിക ബോഡികളിലും ഇംഗ്ലീഷുകാർ തന്നെയായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ എല്ലാ പഠനശാഖകളുടെയും പാഠ്യപദ്ധതിയിൽ ഇംഗ്ലീഷ് ഭാഷയെയും സംസ്കാരത്തെയും ഒളിച്ചു കടത്തിയിരുന്നു. നാട്ടുഭാഷകളുടെ അഥവാ ഭാരതീയഭാഷകളുടെ പാഠ്യപദ്ധതിയും മൂല്യനിർണയവും ഇതിൽനിന്ന് മുക്തമായിരുന്നില്ല. പേരുകളിൽ അവ നാട്ടുഭാഷാശാഖകൾ ആയിരുന്നുവെങ്കിലും ഫലത്തിൽ അവയുടെ പാഠ്യപദ്ധതിയും മാർക്കും ഇംഗ്ലീഷ് ഭാഷയ്ക്കും ചരിത്രത്തിനും സാഹിത്യത്തിനും ആയി പകുക്കപ്പെട്ടിരുന്നു.1 ഈ സാഹചര്യം നിലനിൽക്കുമ്പോഴാണ് മദ്രാസ് യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരത്തെ ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജിൽ അഥവാ അന്നത്തെ മഹാരാജാസ് കോളേജിൽ 1866-ൽ നാട്ടുഭാഷാസൂപ്രണ്ടായി എ.ആർ. രാജരാജവർമ്മ നിയമിതനാകുന്നത്. മെക്കാളെയുടെ ഭാഷാസൂത്രണ നയരേഖ കൂടിയായ മിനുട്സിൽ വാർത്തെടുക്കപ്പെട്ട സർവകലാശാലാവിദ്യാഭ്യാസം അധിനിവേശസർക്കാരിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ അധികാരമില്ലാത്ത, ഭരണകൂടപിന്തുണയില്ലാത്ത, ബ്രിട്ടീഷ് സർക്കാരിന്റെ

തന്നെ കേവലം ഒരു ഉദ്യോഗസ്ഥൻ ആയ എ.ആർ.രാജരാജവർമ്മ തന്റെ നാട്ടുഭാഷയായ മലയാളത്തിന്റെ വളർച്ചയെ വിഭാവനം ചെയ്യുന്നത്. അകത്തും പുറത്തും പ്രതികൂലഘടകങ്ങൾ മാത്രമുള്ള സാഹചര്യത്തിൽ മലയാളത്തെ ആന്തരികമായി അക്കാദമിക വിഷയമെന്ന നിലയിൽ ശക്തിപ്പെടുത്തുകയും ബാഹ്യമായി ഇംഗ്ലീഷ് ഭാഷയ്ക്കും സാഹിത്യത്തിനും നല്കിയിരുന്ന പദവിയിലേക്ക് തുല്യനിലയിലുള്ള ജ്ഞാനമേഖലയായി അഥവാ വിജ്ഞാന ശാഖയായി ഉറപ്പിച്ചെടുക്കുകയും ചെയ്യണമായിരുന്നു. പരസ്പരവിരുദ്ധമായ രണ്ടു ഭാഷാസൂത്രണങ്ങളുടെ സംഘർഷത്തിന്റെയും പോരാട്ടത്തിന്റെയും ചരിത്രരേഖ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഔദ്യോഗിക കാലഘട്ടം അതുകൊണ്ടുതന്നെ പ്രസക്തമായി മാറുന്നു.

### ഭാഷാഘടനയുടെ ആസൂത്രണം (Corpus Planning)

ഒരുഭാഷയുടെ ലിപിവ്യവസ്ഥയും അക്ഷരമാലയും നിജപ്പെടുത്തൽ, വ്യാകരണ നിർമ്മിതി, ഭാഷയുടെ മാനകീകരണം, നിഘണ്ടു നിർമ്മിതി, പുതിയ പദസ്വീകരണ നിയമങ്ങൾ, പുതിയ ശൈലികളും വ്യവഹാരരൂപങ്ങളും വികസിപ്പിക്കൽ, നിയമങ്ങളും മാനദണ്ഡങ്ങളും ആവിഷ്കരിക്കൽ, ഭാഷാശുദ്ധിപരിഷ്കാരങ്ങൾ, സാങ്കേതികസംജ്ഞകളുടെ ഏകരൂപത എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ വരുന്നത്.[2] ഒരർത്ഥത്തിൽ ഭാഷയുടെ ആധുനികീകരണമാണിത്.

വ്യാകരണം, വൃത്തം, അലങ്കാരം, വിവർത്തനം, ഭാഷാഗദ്യം, ഭാഷാപദ്യം തുടങ്ങിയ ഈ ഭാഷാസൂത്രണമേഖലയിലെ എ.ആറിന്റെ പരിശ്രമങ്ങളെയും അതുവഴി മാതൃഭാഷയ്ക്കു കൈവന്ന വികാസത്തെയും മനസ്സിലാക്കാൻ അദ്ദേഹത്തെക്കുറിച്ചു പഠിച്ചവർ എങ്ങനെയാണ് എ.ആറിനെ അടയാളപ്പെടുത്തിയിരിക്കുന്നതെന്നു പരിശോധിച്ചാൽ മതിയാകും.

“സംസ്കൃതമലയാളങ്ങളിൽ നവഭാവന വിടർത്തിയ കാവ്യകാരൻ, യാഥാസ്ഥിതിക പ്രവണതകളെ വെല്ലുവിളിച്ച് സഹൃദയത്വത്തിനും ആസ്വാദനപ്രക്രിയകൾക്കും പരിവർത്തനം വരുത്തിയ സാഹിത്യവിമർശകൻ; സംസ്കൃതം, തമിഴ്, ഇംഗ്ലീഷ് എന്നിവയുടെ സമന്വയാവബോധത്തിലൂടെ കേരളത്തനിമയും മലയാളിത്തവുമുള്ള വ്യാകരണഗ്രന്ഥം ചമച്ച് ഭാഷയ്ക്ക് അടിത്തറയുണ്ടാക്കിയ വൈയാകരണൻ, ഗദ്യ-പദ്യശൈലികളുടെ വിശകലന നിർധാരണങ്ങളിലൂടെ മലയാളഭാഷാശൈലീവിജ്ഞാനത്തിനു തുടക്കം കുറിച്ച ഭാഷാമീമാംസാകാരൻ, കാവ്യഭാഷയുടെ ശക്തിസൗന്ദര്യങ്ങൾക്കു നിദാനമായ പ്രകരണങ്ങളും ഉപാധികളും ലക്ഷ്യലക്ഷണ സമന്വയം ചെയ്ത് അവതരിപ്പിച്ച

സൗന്ദര്യശാസ്ത്രകാരൻ, മലയാളിയുടെ സംസ്കൃതഭാവുകത്വത്തെയും ദ്രാവിഡ ഭാവുകത്വത്തെയും തിരിച്ചറിഞ്ഞ് നാളതുവരെയുള്ള ഛന്ദസ്സുകളെ വേർതിരിച്ച് വിശകലനം ചെയ്ത ഛന്ദശ്ശാസ്ത്രകാരൻ ഇങ്ങനെ എത്രയോനിലകളിൽ ഏ.ആറിനോട് മലയാളി കടപ്പെട്ടിരിക്കുന്നു." (ദേശമംഗലം രാമകൃഷ്ണൻ, അവതാരിക, എ.ആർ. വിജ്ഞാനീയം)

"ഭാഷയ്ക്ക് ഉറച്ച അടിസ്ഥാനമിട്ട വൈയാകരണൻ, ഭാഷാവൃത്തങ്ങളെ തേടിപ്പിടിച്ച് അവയുടെ രൂപവും ബന്ധവും ക്രമീകരിച്ച പണ്ഡിതൻ, പുതിയ സാഹിത്യപ്രസ്ഥാനങ്ങളുടെ പുരസ്കർത്താവ്, കവി, ഭാഷയുടെ ഭാവിവളർച്ചയ്ക്ക് വഴിവെട്ടിത്തെളിച്ചു കൊടുത്ത മാർഗ്ഗദർശകൻ ഇങ്ങനെ പലതുകൊണ്ടു നോക്കിയാലും മറ്റു ചുരുക്കം ചിലർക്കുമാത്രം അർഹതയുള്ള അത്യുന്നതപദമാണ് അദ്ദേഹത്തിനു മലയാളഭാഷാചരിത്രത്തിൽ അവകാശപ്പെടാവുന്നത്." (സർദാർ കെ.എം. പണിക്കർ, എ.ആർ. രാജരാജവർമ്മ എന്ന ജീവചരിത്രകൃതിയുടെ രണ്ടാം വാല്യത്തിന്റെ അവതാരിക).

"അദ്ദേഹത്തെ ഭാഷയെ സംബന്ധിച്ചിടത്തോളം ഒരു ശാസ്ത്രകാരനെന്ന നിലയിലാണ് കേരളീയർ പൊതുവേ ആത്യധികമായി ആരാധിക്കുന്നതും ആരാധിക്കേണ്ടതും. സാഹിത്യകൃതികൾ മിക്കവാറും വിവർത്തിതങ്ങളാണെന്നു പറയേണ്ടതില്ലല്ലോ" (ഉള്ളൂർ, കേരള സാഹിത്യ ചരിത്രം, വാല്യം 2.)

"മറ്റുള്ളവർ ഭാഷാസാഹിത്യ സൗധത്തിന്റെ ഭിത്തികളിൽ ചിത്രപ്പണികൾ ചെയ്തുകൊണ്ടിരുന്നപ്പോൾ ഈ സ്ഥപതി മൂർധന്യൻ അതിന്റെ അസ്തിവാരവും ആരൂഢവും ഉറപ്പിച്ച് അതിന് ശാശ്വതപ്രതിഷ്ഠനല്കി കേരളീയരെ ആകമാനം അനുഗ്രഹിച്ചു" (കേരള സാഹിത്യചരിത്രം, 2017: 720).

"കേരളപാണിനീയംതൊട്ടുള്ള കൃതികളാൽ മലയാളഭാഷയ്ക്കു നാൾവഴിയും പേരേട്ടും ഏർപ്പെടുത്തിയ ഒരു മഹാവൈയാകരണനായിട്ടേ രാജരാജനെ കാണാറുള്ളു. ആ കാഴ്ചപ്പാടിൽ തെറ്റില്ല" (മുണ്ടശ്ശേരി, രാജരാജന്റെ മാറ്റൊലി, പുറം 19).

സാഹിത്യസാഹ്യത്തെക്കുറിച്ച് മുണ്ടശ്ശേരി:
"കടുകട്ടി സംസ്കൃതശബ്ദങ്ങൾ ചേർത്ത് എഴുതുന്ന ഗദ്യം മാത്രം പണ്ഡിതന്മാർ ശ്രദ്ധിച്ചിരുന്ന കാലത്താണ് എ.ആർ. സാഹിത്യസാഹ്യമെന്ന ഗദ്യരചനയ്ക്കു മാർഗനിർദേശം നല്കുന്ന മലയാളത്തിലെ ആദ്യകൃതിയുമായി രംഗത്തുവന്ന് മലയാളത്തിന്റെ മാതൃകാശില്പിയാവുന്നത്. 'സംസ്കൃതക്കാർക്കിടയിൽ ചാടിവീണ് ആ സംസ്കൃത പ്രജാപതി ഇംഗ്ലീഷിന്റെയും സംസ്കൃതത്തിന്റെയും ഇടയ്ക്കുനിന്നു മധ്യസ്ഥത പറഞ്ഞു മലയാളത്തിന്റേതായൊരു ഗദ്യശൈലിക്കു

വരിയോല എഴുതിവച്ചപ്പോൾ അതായിത്തീർന്നു പിന്നീടെല്ലാവർക്കും പ്രമാണം". (രാജരാജന്റെ മാറ്റൊലി, 1978:43).

അപ്പൻതമ്പുരാൻ സാഹിത്യസാഹ്യത്തെക്കുറിച്ച്:
"കേരളപാണിനീയം ശബ്ദനിയമങ്ങളെ വ്യവസ്ഥാപിച്ചു. പദ്യകൃതികളെ നിയമനം ചെയ്തുകൊണ്ട് ഭാഷാഭൂഷണം പിൻതുടർന്നു. ഗദ്യപദ്യോഭയമായ സാഹിതിയിൽ ഗദ്യപ്രബന്ധങ്ങളും ഗദ്യമിശ്രിതങ്ങളായ പദ്യകൃതികളും മാത്രമേ യാതൊരു നിബന്ധനകൾക്കും കീഴടങ്ങാതെ കളിച്ചിരുന്നുള്ളൂ. പ്രകൃതഗ്രന്ഥമായ സാഹിത്യസാഹ്യംകൊണ്ട് ഗദ്യകൃതികൾക്കും ഗതിയുണ്ടായി" (സാഹിത്യസാഹ്യം, 1989: 7).

വിദ്യാർത്ഥികളുടെ ഗദ്യരചനാശേഷിയെ ലക്ഷ്യമാക്കി രചിച്ച പാഠപുസ്തകമാണ് സാഹിത്യസാഹ്യം. ശ്രീ. കുറ്റിപ്പുഴ കൃഷ്ണപിള്ളയാണ് സാഹിത്യസാഹ്യത്തിന്റെ പാഠം എഡിറ്റു ചെയ്തത്. അദ്ദേഹം പറയുന്നുണ്ട്: 'പ്രൊഫസർ രാജരാജവർമ്മത്തമ്പുരാൻ മലയാളഭാഷയെ ശാസ്ത്രീയാടിസ്ഥാനത്തിൽ വ്യവസ്ഥപ്പെടുത്തുന്നതിനു നിർമ്മിച്ച പ്രമാണഗ്രന്ഥങ്ങളിൽ സവിശേഷ പ്രാധാന്യമർഹിക്കുന്നതും സാർവകാലിക മൂല്യമുള്ളതുമായ ഒരു സമുൽകൃഷ്ട കൃതിയാണ് സാഹിത്യസാഹ്യം' (എ.ആർ. വിജ്ഞാനീയം, 2017: 21). മലയാളത്തിന്റെ ഗദ്യരചനാരീതി എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് സാഹിത്യസാഹ്യത്തിലൂടെ മാതൃക കാണിച്ചെങ്കിലും ഭാഷോന്നമനത്തിന് സഹായകമായ ഗദ്യരചനാരീതിയെ മാനകീകരിക്കുന്നതിൽ പിന്നെയും വെല്ലുവിളികൾ നിലനിന്നിരുന്നു. മാതൃഭാഷയുടെ ശീലങ്ങൾക്ക് അനുസൃതമായി ഗദ്യരചനാരീതി മുന്നോട്ടുപോകണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ദർശനം. സംസ്കൃതവ്യാകരണനിയമങ്ങൾ അനുസരിച്ച് മലയാളമെഴുതുന്ന ശീലം ചിലർ ഉപേക്ഷിച്ചിരുന്നില്ല. ഇതിനെ വിമർശിച്ചുകൊണ്ട് ഭാഷാപോഷിണിയിൽ സംസ്കൃത പദപ്രയോഗം എന്ന പേരിൽ എഴുതിയ ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു. "സംസ്കൃത വ്യാകരണനിയമങ്ങളെ കഴിവുള്ള ഇടങ്ങളിലൊക്കെയും മലയാളത്തിൽ അനുകരിക്കേണ്ടതാണെന്നു മുമ്പ് പലർക്കും ഇപ്പോൾ ചിലർക്കും ഉള്ള നിർബന്ധം അത്ര ദൂരത്തല്ലാത്ത ഒരു ഭാവിയിൽ കഥാവശേഷമാകുന്നതാണ്. ആയതിനാൽ വർജ്ജ്യങ്ങളെ എത്രയും മുൻകൂട്ടി വർജിക്കുന്നവർ, ഭാഷോന്നമനത്തെ സഹായിക്കുന്നവരാണെന്നു പ്രശംസയെ അർഹിപ്പാനല്ലാതെ മാർഗ്ഗമില്ല."[3]

സ്കൂൾ, കോളേജ് ക്ലാസുകളിൽ ഉപഭാഷയായി മലയാളം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ രചിച്ച കൃതിയാണ്

ശബ്ദശോധിനി. സ്വദേശാഭിമാനിയുടെ ശ്രീമൂലപാഠമഞ്ജരി എന്ന പരമ്പര യിലെ ആദ്യപുസ്തകം (1902). പ്രൈമറിക്ലാസിലെ കുട്ടികൾക്കുവേണ്ടി (1906) പ്രഥമവ്യാകരണവും, മിഡിൽ സ്കൂൾ കുട്ടികൾക്കുവേണ്ടി (1907) മധ്യമവ്യാകര ണവും എ.ആർ. രചിച്ചു.

**കേരളപാണിനീയം**

നൂറ്റാണ്ടു പിന്നിടുമ്പോഴും പകരംവെക്കാൻ മറ്റൊന്നില്ലാത്ത ആധികാ രികവും ആഗമികവും വിവരണാത്മകവുമായ ക്ലാസിക് കൃതിയാണ് കേര ളപാണിനീയം. ദക്ഷിണേന്ത്യൻ ഭാഷകളിൽ ഒരു തദ്ദേശീയൻ ആദ്യമായി നടത്തുന്ന വസ്തുനിഷ്ഠപഠനം എന്നനിലയിൽ കേരളപാണിനീയത്തിന് അനന്യമായ പദവിയുണ്ടെന്ന് എൽ.വി. രാമസ്വാമി അയ്യർ പറയുന്നു. മലയാളത്തിന് തനതായ സംസ്കാരമില്ലെന്നും അതു പില്ക്കാല തമിഴിന്റെ 'അപഭ്രംശം' മാത്രമാണെന്നുമുള്ള അറിവുകെട്ട പ്രാദേശികവാദം പൊളിച്ചുവിട്ട തും കേരളപാണിനീയമാണെന്ന് എൽ.വി. രാമസ്വാമി അയ്യർ നിരീക്ഷിക്കുന്നു[4]. മലയാളഭാഷാചരിത്രരചനയ്ക്ക് ശാസ്ത്രീയമായ അടിത്തറയിട്ടത് കേരളപാണിനീ യമാണെന്ന് എസ്.വി. ഷൺമുഖവും കാൽഡ്വെലിന്റെ താരതമ്യവ്യാകരണം പ്രയോജനപ്പെടുത്തിയ ആദ്യത്തെ ദ്രാവിഡവ്യാകരണമാണ് എ.ആറിന്റെ കേരളപാണിനീയമെന്ന് ടി.ബി. വേണുഗോപാലപ്പണിക്കരും നിരീക്ഷിക്കുന്നു (കേരളപാണിനീയ വിജ്ഞാനം, 2017:10). അടിസ്ഥാനവ്യാകരണ സങ്കല്പ ങ്ങളിലെ നൂതനത്വം, വ്യാവസ്ഥീകരണ, വർഗീകരണങ്ങളിലെ മൗലികത്വം, അവതരണശൈലിയിലെ ആർജ്ജവം എന്നിവയിൽ മുമ്പും പിമ്പുംവന്ന വ്യാ കരണങ്ങളെക്കാൾ മെച്ചപ്പെട്ട കൃതിയാണ് കേരളപാണിനീയമെന്ന് കെ.എം. പ്രഭാകരവാരിയരും അഭിപ്രായപ്പെടുന്നു (കേരളപാണിനീയ വിജ്ഞാനം, 2017: 12). ഭാരതീയ, ദ്രാവിഡ, പാശ്ചാത്യ, പാരമ്പര്യരീതികൾ സമന്വയിപ്പിച്ചാണ് കേരളപാണിനീയം തയ്യാറാക്കിയിരിക്കുന്നത്. ഇങ്ങനെ മലയാളവ്യാകര ണത്തിന് നവീനമായൊരു രീതിശാസ്ത്രം എ.ആർ. വികസിപ്പിച്ചെടുത്തു. ബ്ലൂം ഫീൽഡിന്റെ വിവരണാത്മകവ്യാകരണത്തേക്കാൾ കേരളപാണിനീയത്തി നാണ് മേന്മകൂടുതലെന്ന് ഇ.വി.എൻ. നമ്പൂതിരി നിരീക്ഷിക്കുന്നുണ്ട് . മലയാ ളഭാഷാ ചരിത്രാന്വേഷണത്തിന്റെ പ്രോദ്ഘാടകനായി കേരളപാണിനിയെ എസ്.വി. ഷൺമുഖം അടയാളപ്പെടുത്തുന്നു[5]. ഭാഷയുടെ സർഗാത്മകതയെ കേരളപാണിനീയം ഉൾക്കൊള്ളുന്നുണ്ടെന്ന് കർത്തരി-കർമ്മണി വ്യാകര ണചർച്ച തെളിയിക്കുന്നു. പീഠികകളിലും കാരികകളിലും അദ്ദേഹത്തിന്റെ സർഗാത്മകതയും കൂടുതലായി പ്രതിഫലിക്കുന്നു.

ബെഞ്ചമിൻ ബെയ്‌ലിയിലൂടെയും ഹെർമൻ ഗുണ്ടർട്ടിലൂടെയും അച്ചടിയുമായി ബന്ധപ്പെട്ടു വികസിച്ചുവന്ന മലയാളലിപി മാനകീകരണത്തിന്റെ തുടർച്ച എ.ആറിലൂടെ മുന്നോട്ടു പോകുന്നതായികാണാം. മലയാളഭാഷയുടെ ലിപിവ്യവസ്ഥയെ മാനകീകരിച്ചെടുക്കുന്നതിൽ ധാരാളം വെല്ലുവിളികളെ എ.ആർ. രാജരാജവർമ്മയ്ക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. മലയാളഭാഷയുടെ പൈതൃകത്തെയും അനുശീലനങ്ങളെയും പരിഗണിക്കാതെ മലയാളലിപി പരിഷ്കരിക്കണമെന്ന കൊളോണിയൽ ആവശ്യത്തെ രാജരാജവർമ്മ വളരെ യുക്തിസഹമായി പ്രതിരോധിക്കുന്നത് ലിപിവിന്യാസം എന്ന ലേഖനത്തിൽ നമുക്കു വായിച്ചെടുക്കാം. നമ്മുടെ ഭാഷയിലെ എഴുത്തും ഉച്ചാരണവും തമ്മിലുള്ള വ്യത്യാസത്തെ മുൻനിർത്തിയായിരുന്നു ഈ ആവശ്യം ഉയർന്നത്. അതായത് സ്വരചിഹ്നം എഴുത്തിൽ മുന്നിലും ഉച്ചാരണത്തിൽ പിന്നിലുമാവുന്ന (ഉദാ: കെ, കൊ, കൈ etc.) പ്രശ്നം. ഡബ്ലിയു.എ. റിച്ചാർഡ്സാണ് മലയാളലിപി പരിഷ്കരിക്കണമെന്നു പറഞ്ഞുകൊണ്ടും സ്വരചിഹ്നങ്ങൾക്കൊപ്പം ചില കുത്തുകൾ ഇട്ടുകൊണ്ടും പുതിയ ചിഹ്നവ്യവസ്ഥ ആവിഷ്കരിക്കാൻ ശ്രമിച്ചത്. എന്നാൽ എ.ആർ. ലിപിവിന്യാസം[6] എന്ന ലേഖനത്തിലൂടെ ഇത്തരം നീക്കങ്ങളെ സമർത്ഥമായി തടയുന്നതും കാണാം.

വിദ്യാർത്ഥികൾക്കുവേണ്ടി രചിച്ച ഭാഷാഭൂഷണവും വൃത്തമഞ്ജരിയും യഥാക്രമം അലങ്കാര-വൃത്തശാസ്ത്രമേഖലയിലുണ്ടായ ഭാഷയിലെ ആദ്യകൃതികളാണ്. ഗവേഷണാത്മക നിരൂപണത്തിന്റെ ആദ്യമാതൃകയാണ് കാന്താരതാരകം. കാന്താരതാരകത്തെ തുടർന്നെഴുതുന്ന അവതാരികകളും വ്യാഖ്യാനപഠനങ്ങളും ലേഖനങ്ങളുമാണ് എ.ആറിനെ മലയാളനിരൂപണത്തിന്റെ നവോത്ഥാനശില്പിയാക്കുന്നത്. കാന്താരതാരകത്തിന്റെ ഗവേഷണാത്മകരീതിശാസ്ത്രമാണ് പിന്നീട് സാഹിത്യപഞ്ചാനനൻ തന്റെ വിമർശനത്രയം എന്ന കൃതിയിൽ സ്വീകരിക്കുന്നത്.

ഔപചാരികമായും അനൗപചാരികമായും ഉള്ള സംവിധാനങ്ങൾ ഉപയോഗിച്ചും നേതൃത്വം കൊടുത്തുമാണ് ഭാഷാപ്രയോഗത്തിൽ ശരിരൂപങ്ങളെ ഉറപ്പിച്ചെടുത്തുകൊണ്ട് കാനോനീകരണത്തെ ശക്തിപ്പെടുത്തുന്നത്. വിദ്യാവിനോദിനിയിൽ പ്രസിദ്ധീകരിച്ച,[7] 'സഭോദ്ദേശ്യസിദ്ധി' തെറ്റില്ലാത്ത ഭാഷാരചനയെ ലക്ഷ്യമാക്കി പ്രവർത്തിച്ച സമാജത്തിന്റെ യോഗമിനുട്സാണ്. യോഗമിനുട്സു മുതൽ മലയാളപരീക്ഷയുടെ ചോദ്യപ്പേപ്പറുകൾ[8] വരെ അന്നത്തെ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചുകൊണ്ട് സോഷ്യൽ

ഓഡിറ്റിങ്ങിന് വിധേയമാക്കിയിരുന്നുവെന്നത് എ.ആറിന്റെ ഭാഷാസൂത്രണപദ്ധതിയുടെ ആഴവും വ്യാപ്തിയും വ്യക്തമാക്കുന്നു.

## 2. ഭാഷാപദവി ആസൂത്രണം (Status Planning)

ഭാഷാസൂത്രണത്തിലെ ഏറ്റവും വെല്ലുവിളിനിറഞ്ഞ മേഖലയാണിത്. ബഹുഭാഷകളും വിവിധ ഭാഷാഭേദങ്ങളും നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഏത് ഭാഷ ഔദ്യോഗികഭാഷയാകണം? ഏതു ഭാഷ ദേശീയഭാഷയാകണം? ഏതെല്ലാം ഭാഷകൾക്ക് ഭരണഘടനാപദവി നൽകണം? ന്യൂനപക്ഷ ഭാഷകളോടുള്ള സമീപനം എന്തായിരിക്കണം?എന്നിവ നിർണയിക്കുന്ന ഔദ്യോഗിക നയനിലപാടുകളുടെ രാഷ്ട്രീയത്തെയാണ് ഈ മേഖല അഭിമുഖീകരിക്കുന്നത്.[9] പ്രബലസംസ്കാരങ്ങൾ, അധിനിവേശങ്ങൾ, അവഗണനകൾ. സാമൂഹിക ഉച്ചനീചത്തങ്ങൾ, രാജ്യാതിർത്തിയും ഭാഷാതിർത്തിയും, അധികാരത്തെസ്വാധീനിക്കുന്ന വിവിധ പ്രത്യയശാസ്ത്രങ്ങൾ എന്നിവയെല്ലാം ചേർന്ന് സങ്കീർണ്ണമാക്കുന്ന ബലതന്ത്രങ്ങളുടെ സാമൂഹിക, സാംസ്കാരിക ഭൂമികയാണിത്. ഭാഷയുടെ പുനരുജ്ജീവനം, വീണ്ടെടുപ്പ്, പരിപാലനംമുതൽ ഭാഷയുടെ ദേശാന്തരതയുടെയും അന്തർദേശീയതയുടെയും തലങ്ങൾവരെ ഉള്ളടങ്ങുന്ന വിധത്തിൽ വിപുലമാണ് ഈ മേഖലയുടെ അതിരുകൾ.

പ്രബന്ധസംഗ്രഹത്തിൽ ഉൾപ്പെടുത്തിയതും ചേദ്യോത്തരരീതിയിൽ സംവിധാനം ചെയ്തതുമായ 'മലയാള ഭാഷാപോഷണം'[10] എന്ന ലേഖനത്തിൽ ഉന്നതവിദ്യാഭ്യാസമേഖലയിലെ അധ്യയനമാധ്യമം, ഔദ്യോഗിക ഭാഷ, കോടതിഭാഷ, ഇംഗ്ലീഷ് മാധ്യമവിദ്യാലയങ്ങളിലെ ഭാഷാപഠനം, മാതൃഭാഷാവിദ്യാഭ്യാസം നേടിയവരുടെ തൊഴിലവസരം, മാതൃഭാഷയെ വിജ്ഞാനഭാഷയെന്ന നിലയിൽ സമകാലികമായി നിർത്താനുള്ള മാർഗ്ഗം എന്നിവ വിശദമാക്കുന്നുണ്ട്. ഭാഷാപഠനം മുതൽ തൊഴിൽ ലഭ്യതവരെയും സമകാലികവിജ്ഞാനത്തെ കാലികമായി സ്വാംശീകരിക്കാൻ കഴിയുന്ന വിധത്തിൽ ഭാഷയെ സജ്ജമാക്കി നിലനിർത്തൽവരെയും ഉൾക്കൊള്ളുന്നതായിരുന്നു അദ്ദേഹത്തിന്റെ ഭാഷാദർശനം എന്ന് സുവ്യക്തമാക്കുന്ന എ.ആറിന്റെ വാക്കുകൾ അതേപടി ഉദാഹരിക്കാം,

... ഉയർന്നതരം വിദ്യാഭ്യാസം ഭാഷയിൽ ഏർപ്പെടുത്തണം, എന്നാൽ ഭാഷയ്ക്ക് പുറമേ ചരിത്രങ്ങൾ, ഭൂമിശാസ്ത്രം, കണക്ക്, രസതന്ത്രം, പ്രകൃതിശാസ്ത്രം മുതലായ വിഷയങ്ങളിൽ സാമാന്യജ്ഞാനം ഉണ്ടാകത്തക്കവിധം ആ വക വിഷയങ്ങൾ മലയാള ഭാഷയിൽ തന്നെ പഠിപ്പിക്കുന്നതിനു വേണ്ട ഏർപ്പാട് ചെയ്യണം.

ഉയർന്നതരം വിദ്യാഭ്യാസം സിദ്ധിച്ചവർക്ക് (മാതൃഭാഷയിൽ പഠിച്ചവർക്ക്) ഏതെങ്കിലും ക്രമമനുസരിച്ച് ഗവൺമെന്റ് ഉദ്യോഗങ്ങളിൽ പ്രവേശം അനുവദിക്കണം. ഇപ്പോഴുള്ള 'സ്കൂൾ ഫൈനൽ' മുതലായ പരീക്ഷകളെപ്പോലെ തന്നെ, മേൽക്കാണിച്ച ഭാഷാവിദ്യാഭ്യാസപരീക്ഷയും ഗണിക്കണം.

ആ വക സ്കൂളുകളിൽ (ഇംഗ്ലീഷ് സ്കൂളുകളിൽ) മലയാളം പഠിപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും പ്രത്യേകിച്ചു വേണ്ട പരിഷ്കരണങ്ങൾ ചെയ്യുന്നതിനും തക്കതായ ഏർപ്പാട് ഉണ്ടാക്കണം.

അത്യാവശ്യമുള്ള റിക്കാർട്ടു (സർക്കാർ ഫയലുകൾ) കളൊഴിച്ചു ശേഷമെല്ലാം മലയാളത്തിൽ ആക്കണമെന്നു നിർബന്ധം ഉണ്ടായിരിക്കണം. കോടതികളിലെ വിധി, വിധിന്യായങ്ങൾ, ഉദ്യോഗസ്ഥന്മാർക്കും മറ്റും അയക്കുന്ന കല്പനകൾ മുതലായതു മലയാളത്തിൽ ആകണമെന്നുവരുമ്പോൾ ആ വക ഉദ്യോഗസ്ഥന്മാർ അവശ്യം ഭാഷയിൽ പരിചയിക്കുകയും അതുനിമിത്തം ഭാഷയ്ക്കു പല ഗുണങ്ങളും ഉണ്ടാകുകയും ചെയ്യും. ആവശ്യമായിവരുന്ന 'റിക്കാർട്ടുകൾ' ഇംഗ്ലീഷിലേയ്ക്കു തർജ്ജമ ചെയ്‌വാൻ ഏർപ്പാടുണ്ടായാൽ മതിയാകുന്നതാണ്.

... ആ വക പുസ്തകങ്ങൾ (ശാസ്ത്രപുസ്തകങ്ങൾ) ഉണ്ടാക്കിച്ചു പ്രസിദ്ധം ചെയ്യുന്നതിനായി കൊല്ലംതോറും ഒരു സംഖ്യ ഗവൺമെന്റിൽനിന്ന് അനുവദിക്കുകയും ഏതേതെല്ലാം വിഷയങ്ങളിൽ ഏതേതുതരം പുസ്തകങ്ങൾ ഉണ്ടാകേണ്ടതുണ്ടെന്നും മറ്റും ആലോചിക്കുന്നതിനും ആ വക കാര്യങ്ങൾ നടത്തുന്നതിനും, ആയി ഒരു 'കമ്മിറ്റി' ഏർപ്പെടുത്തുകയും വേണം. അങ്ങനെ ഉണ്ടാക്കുന്ന പുസ്തകങ്ങളും, ഭാഷയേപ്പറ്റി നല്ല അറിവ് ഉണ്ടാക്കുന്ന പുസ്തകങ്ങളും, പാഠപുസ്തകങ്ങളാക്കി, മേൽപ്പറഞ്ഞ കമ്മിറ്റിക്കാരുടെ അധീനത്തിലോ മറ്റോ ഒരു പരീക്ഷ നിശ്ചയിക്കുകയും, ഏറ്റവും ഉയർന്ന ഉദ്യോഗം ഒഴികെ മറ്റു ഗവൺമെന്റ് ഉദ്യോഗങ്ങൾക്കെല്ലാം ആ പരീക്ഷയിൽ വിജയിച്ചവരെ മാത്രം അർഹതയുള്ളവരായി ഗണിക്കയും വേണം.

ഇന്നത്തെ കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ടിന്റെയും വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും ആശയാവിഷ്കാരം എ.ആറിന്റെ ആസൂത്രണപദ്ധതിയുടെ സാക്ഷാത്കാരം ആണെന്നു കാണാം. ശാസ്ത്രവിഷയങ്ങളിൽ ഉന്നതവിദ്യാഭ്യാസം നേടുന്നവർ തങ്ങൾ പഠിച്ച കാര്യങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്താൽ തീരുന്നതേയുള്ളൂ മലയാളത്തിലെ ശാസ്ത്രവിജ്ഞാനത്തിന്റെ പരിമിതി എന്ന് എ.ആർ. ഓർമപ്പെടുത്തുകയും അതു ചെയ്യാതിരിക്കുന്നത് തികഞ്ഞ സ്വാർത്ഥതയാണെന്ന് വിമർശിക്കുകയും ചെയ്തിരുന്നു.[11] ടി.കെ.

കൃഷ്ണമേനോൻ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. ഒ.എം. ചെറിയാൻ, കൃഷ്ണൻ പണ്ടാല എന്നിവരെക്കൊണ്ട് ഗ്രന്ഥരചന നടത്തിക്കുകയും സാങ്കേതികപദ നിർമ്മാണത്തിൽ അവരോടൊപ്പം ചേർന്ന് പ്രവർത്തിക്കുകയും ചെയ്തിരുന്നു എ.ആർ.

ഭാഷാനയം

വൃത്താലങ്കാരപാഠപുസ്തകത്തിലും വ്യാകരണത്തിലും സംസ്കൃത മാതൃകകളെ കുറച്ചൊക്കെ പിൻപറ്റിയ എ.ആർ. ഭാഷാഗദ്യത്തിന്റെ വളർച്ചയ്ക്ക് ഇംഗ്ലീഷിനെ ആണ് ആശ്രയിക്കേണ്ടത് എന്ന് സാഹിത്യസാഹ്യത്തിൽ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാക്കിയിരുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാനെ മാതൃകയാക്കി സംസ്കൃതം കലർന്ന ഗദ്യശൈലിയിലേക്ക് പോയിക്കൊണ്ടിരുന്ന ഭാഷാഗദ്യത്തെ അതിൽനിന്ന് മോചിപ്പിച്ചത് എ.ആറിന്റെ ഇടപെടലുകളാണ്. ഇതേക്കുറിച്ച് മുണ്ടശ്ശേരി പറയുന്നു.

"1108-ൽ തൃശ്ശിവപേരൂർ വെച്ചുനടന്ന സാഹിത്യപരിഷത്തിന്റെ രണ്ടാം സമ്മേളനത്തിൽ അധ്യക്ഷതവഹിച്ച ശ്രീ. മൂർക്കോത്ത് കുമാരൻ കേരളവർമ്മപാരമ്പര്യത്തിന്റെ ആപൽക്കരമായ സ്വാധീനശക്തിയെക്കുറിച്ചു പറഞ്ഞതു ഞാനിന്നുമോർക്കുന്നു. 'പദ്യകാവ്യം മാത്രമല്ല ഗദ്യകാവ്യവും സംസ്കൃതമയമാകുവാൻ 'അക്ബർ' എന്ന ആഖ്യായിക ഗതാനുഗതികന്മാരെ പ്രേരിപ്പിച്ചു. സാഹിത്യസാമ്രാജ്യത്തിലെ ചക്രവർത്തിയായി പ്രശോഭിച്ച കേരളവർമ്മ വലിയകോയിത്തമ്പുരാനെ മറ്റുള്ളവർ അനുകരിപ്പാൻ ശ്രമിക്കുന്നതിൽ എന്താണത്ഭുതം? എന്നുമാത്രമല്ല, ലളിതഭാഷയിൽ അർത്ഥപുഷ്ടിയോടുകൂടി എഴുതി ഫലിപ്പിക്കുന്നതിനേക്കാൾ പ്രയാസം കുറഞ്ഞതു ഘടഘടായമാനമായ സംസ്കൃതപ്രയോഗം കൊണ്ടു വായനക്കാരെ ഭേദിക്കുന്ന വിദ്യയായിരുന്നതിനാൽ പണ്ഡിതന്മാർ ഗദ്യപ്രബന്ധത്തിലും സംസ്കൃതം വളരെ കുത്തിച്ചെലുത്തിത്തുടങ്ങി."

അദ്ദേഹം തുടർന്നെഴുതുന്നു:

"ഗതാനുഗതികത്വത്തിന്റെ കടിഞ്ഞാൺ പൊട്ടിച്ചുള്ള ഈ പോക്കിനെ നിറഞ്ഞ ചങ്കുറ്റത്തോടെ പിടിച്ചു നിറുത്തിയതാരാണെന്നും ശ്രീ. മൂർക്കോത്ത് വെട്ടിത്തുറന്നു പറയുകയുണ്ടായി. അത് ഇപ്രകാരമാണ്: "കേരളഭാഷയെ സംസ്കൃതത്തിന്റെ അടിമയാക്കുവാൻ, അറിഞ്ഞോ അറിയാതെയോ, ചെയ്ത പരിശ്രമത്തിൽനിന്നു കേരളകാളിദാസനെ കേരളപാണിനി പിടിച്ചുനിറുത്തിയിരുന്നില്ലെങ്കിൽ ഭാഷയ്ക്ക് ഇന്നുണ്ടായിരുന്ന ഗതി എന്താകുമെന്ന് ഏകദേശം ഊഹിക്കാം."

ഫോർത്ത് ഫോറം വിദ്യാർഥികൾക്ക് എ.ആർ. തയ്യാറാക്കിയ പാഠപുസ്തകത്തിൽനിന്ന് ഭാഷാഗദ്യരചനയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനം എസ്.ഗുപ്തൻനായർ ഇങ്ങനെ ചൂണ്ടിക്കാട്ടുന്നു:
"ഗ്രന്ഥനിർമാണത്തിനു പുറപ്പെടുമ്പോൾ നിങ്ങൾ ഒന്നാമതായി ചെയ്യേണ്ടത് നിങ്ങൾക്ക് എന്താണ് വായനക്കാരെ അറിയിക്കാൻ ഉള്ളതെന്ന് സ്വയമേ അറിഞ്ഞിരിക്കയാകുന്നു. രണ്ടാമത് ആയതിനെ വളച്ചുകെട്ടുകൂടാതെ നേരെ ചൊല്ലുകയാകുന്നു... മൂന്നാമതു നിങ്ങൾ നിത്യം ഉപയോഗിക്കുന്ന ഭാഷാരീതിയെ ആദരിക്കണം".[12]

തിരുവിതാംകൂർരാജ്യത്തിന്റെ അതിർത്തിക്കകത്തുനിന്നുകൊണ്ട് മലയാളരാജ്യത്തെ വിഭാവനം ചെയ്യുന്നതിൽത്തന്നെ മലയാളി എന്ന വിശാലദേശീയതയുടെ പൊതുഘടനയിലേക്കുള്ള സഞ്ചാരം ഉണ്ട്. ഇതാകട്ടെ ഇതാദ്യം വിഭാവനം ചെയ്ത മക്തിതങ്ങളുടെ തുടർച്ച തന്നെയാണ്.[13] കേരളം ഉണ്ടായില്ലെങ്കിലും മലയാളരാജ്യത്തെ മുഴുവൻ അഭിമുഖീകരിച്ചുകൊണ്ടായിരുന്നു എ.ആറിന്റെ വ്യവഹാരങ്ങൾ എന്ന് കാണാവുന്നതാണ്.

### ഭാഷാർജന ആസൂത്രണം (Acquisition Planning)

ഭാഷയെ നിരന്തരമായി നവീകരിച്ച് സമകാലികമായി നിലനിർത്താനുള്ള ആസൂത്രണമാണിത്. ഭാഷയുടെ വിദ്യാഭ്യാസ ധർമ്മത്തിനാണ് മുഖ്യപരിഗണന. പഠനം, ബോധനം, മൂല്യനിർണയം, അധ്യയനമാധ്യമം, പാഠ്യപദ്ധതി, സാങ്കേതികപദനിർമ്മിതി, അച്ചടി, പ്രാപ്യത, ലഭ്യത, ദൃശ്യ-ശ്രാവ്യമാധ്യമങ്ങൾ, രീതിശാസ്ത്രം, ഗവേഷണം; ഒന്നാംഭാഷ, രണ്ടാംഭാഷ, വിദേശഭാഷ തുടങ്ങിയവയുടെ സ്ഥാനം, വിഭവസമാഹരണം, ഭാഷാപരിപാലനം എന്നിവയുടെയൊക്കെ ആസൂത്രണവും നയരൂപീകരണവും ഈ മേഖലയുടെ പ്രധാന പരിഗണനാവിഷയമാണ്. മലയാളഭാഷാപഠനത്തിന്റെ വളർച്ചയെ എ.ആർ. രാജരാജവർമ്മ എത്രമാത്രമാണ് വിഭാവനം ചെയ്തിരുന്നതെന്ന് യൂണിവേഴ്സിറ്റി കോളേജിന്റെ കനകജൂബിലി ആഘോഷത്തിൽ അദ്ദേഹം നടത്തിയ പ്രസംഗത്തിൽ ദർശിക്കാം.

"ഒരു വടവൃക്ഷം ബീജത്തിൽനിന്നങ്കുരിച്ച്, തടിവിരിഞ്ഞു വളർന്നുവന്നു ശാഖോപശാഖയായി പരന്ന് അടുത്ത ആകാശദേശത്തെ ആക്രമിച്ച് വ്യാപിക്കും പോലെ, ക്രമോപചീയമാനമായ ദശയിലാണ് നാം നാട്ടുഭാഷാവിദ്യാഭ്യാസത്തിന്റെ ഗതിയെ അതിൽനിന്നു കാണുന്നത്."[14]

1896-ൽ എ.ആർ. മഹാരാജാസ് കോളേജിൽ നിയമിതനാവുമ്പോൾ എഫ്.എ. കോഴ്സിലെ നിർബന്ധിതമായ രണ്ടാംഭാഷ എന്ന നിലയിലുള്ള

മലയാളപഠനവും മലയാളം ഐച്ഛികമല്ലാത്ത ബി.എ. പാസ് കോഴ്സിലെയും ഓണേഴ്സ് കോഴ്സിലെയും Two Languages other than English എന്ന നിലയിൽ തെരഞ്ഞെടുത്തു പഠിക്കാവുന്ന ഒരു ഭാഷയായുള്ള മലയാളപഠനവും ആയിരുന്നു ഉണ്ടായിരുന്നത്. മതിയായ പാഠപുസ്തകങ്ങൾ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്ന പലതും സമഗ്രമോ നിലവാരമുള്ളതോ ആയിരുന്നുമില്ല. ഭാഷാ ശാസ്ത്രം, വ്യാകരണം, സാഹിത്യസിദ്ധാന്തം തുടങ്ങിയവയുടെ പാഠപുസ്തകങ്ങൾ ഗെയ്റ്റ്വൈറ്റ്, കാൽഡ്വെൽ, ഗ്രുണ്ടെ, സ്റ്റീവൻസൺ തുടങ്ങിയ ഇംഗ്ലീഷുകാരു ടേതുമായിരുന്നു. ഒന്നാംഭാഷ ഇംഗ്ലീഷും ഭാരതീയഭാഷകൾ രണ്ടാംഭാഷയും ആക്കിയതിന്റെ ചരിത്രം തുടങ്ങുന്നത് ഇക്കാലത്താണെന്ന പി.പി. പ്രകാ ശന്റെ നിരീക്ഷണം ഇതോട് ചേർത്തു വായിക്കാവുന്നതാണ്.[15] ഒരേസമയം ഒരുപാട് തലത്തിൽ ഇടപെട്ടും സമാന്തരമായി മുന്നോട്ടു കൊണ്ടുപോയും കഠിനാദ്ധ്വാനം ചെയ്താണ് എ.ആർ. ഈ പ്രതിസന്ധികളെ ഘട്ടംഘട്ടമായി മറികടന്നത്. എഫ്.എ. കോഴ്സിലെ ഉപഭാഷാപദവിയിൽനിന്ന് മലയാളത്തിന് പ്രാധാന്യമുള്ള സർവ്വകലാശാലവരെയും സർക്കാർ തൊഴിൽ ലഭ്യതയിൽ മുൻഗണന വരെയും വിഭാവനം ചെയ്തുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആസൂ ത്രണപദ്ധതി. ഭാഷയുടെ വികാസത്തെ സമഗ്രമായികണ്ടും അതിനകത്തെ തലങ്ങളെയും തട്ടുകളെയും മുൻഗണനാക്രമത്തിൽ വിന്യസിച്ചും രേഖീയമായി മാത്രം മുന്നോട്ടു കൊണ്ടുപോവാതെ സമാന്തരമായി പ്രവർത്തിച്ചും ഏകോ പിപ്പിച്ചും ആയിരുന്നു അതദ്ദേഹം പ്രാവർത്തികമാക്കിയത്. ഇന്റർമീഡിയറ്റ് കോഴ്സുകളുടെ രണ്ടാംഭാഷാപദവിയിൽനിന്ന് നാട്ടുഭാഷകളെ ഉയർത്താ നാണ് ഭാഷകൾ ഐച്ഛികമായ നാലാംഗ്രൂപ്പ് ഉണ്ടാക്കിയത്. എന്നാൽ വിദ്യാർത്ഥികൾ താൽപര്യം കാണിക്കാതിരുന്നപ്പോൾ അദ്ദേഹത്തിന് ഭാഷാഗ്രൂപ്പിനെ ചരിത്രത്തിന്റെ ഗ്രൂപ്പുമായി കൂട്ടിച്ചേർക്കേണ്ടിവന്നു. 1904-ൽ മദ്രാസ് സർവ്വകലാശാല അതിന്റെ ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിച്ചപ്പോൾ ഭാഷാവിഷയങ്ങളുടെ പദവി വെട്ടിക്കുറച്ചിരുന്നു. നിർബന്ധിതമായി പഠിക്കേ ണ്ട വിഷയം എന്നതിൽനിന്ന് വേണമെങ്കിൽ തിരഞ്ഞെടുക്കാവുന്ന ഒന്ന് ആക്കിമാറ്റുകയും മൂല്യനിർണ്ണയത്തിലും മാർക്കിലും ഉണ്ടായിരുന്ന പ്രാധാന്യം വെട്ടിക്കുറയ്ക്കുകയും ചെയ്തു. കൂടാതെ മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽനിന്നു മലയാളത്തിലേക്കും ഉള്ള വിവർത്തനത്തെ ഉപേക്ഷിക്കു കയും ചെയ്തു. ഭാഷാപഠനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷയുടെ പഠനത്തിലും പ്രാവീണ്യം നേടാനുള്ള ഉപാധിയായി വിവർത്തനത്തെ കണ്ടിരുന്ന എ.ആ റിന്റെ ശക്തമായ പ്രതിഷേധത്തിന് ഈ തീരുമാനങ്ങൾ കാരണമായി.[16]

എഴുതിയും പ്രസംഗിച്ചും മദ്രാസ് സർവ്വകലാശാലയിലെ സെനറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾക്ക് കത്തെഴുതി ബോധവത്കരണം നടത്തിയിട്ടും ഫലമുണ്ടായില്ല. തിരുവിതാംകൂറിലും മദ്രാസിലും അദ്ദേഹം പ്രമുഖരെ സംഘടിപ്പിച്ച് പ്രതിഷേധയോഗങ്ങൾ നടത്തി ഒടുവിൽ തിരുവിതാംകൂർ മഹാരാജാവിനെയും ദിവാനെയും കൂട്ടുപിടിച്ചാണ് കുറച്ചു കാര്യങ്ങളെങ്കിലും തിരിച്ചുപിടിക്കാനായത്. മലയാളം ഐച്ഛികമായി ബി.എ.പാസ്സ് കോഴ്സിനു വേണ്ടിയുള്ള ശ്രമങ്ങൾ 1912-ൽ യാഥാർത്ഥ്യമായി. തുടർന്ന് എം.എ.യ്ക്ക് തുല്യമായ ബി.എ.മലയാളം ഓണേഴ്സ് കോഴ്സ് കൊണ്ടുവരാനായിരുന്നു ശ്രമങ്ങൾ. ഈ ഘട്ടത്തിൽ താൻ ഉദ്ദേശിക്കുന്ന വേഗതയിലും ആഗ്രഹിക്കുന്ന തരത്തിലും തന്റെ ഭാഷയ്ക്ക് മദ്രാസ് സർവകലാശാലയുടെ കീഴിൽ ഭാവി ഉണ്ടാവില്ലെന്ന തിരിച്ചറിവാണ് മലയാളികൾക്ക് സ്വന്തമായി ഒരു സർവ്വകലാശാല എന്ന ആശയത്തിലേക്ക് അദ്ദേഹത്തെ എത്തിച്ചത്. പൊതുസമൂഹത്തെ ബോധവത്കരിച്ചും എഴുതിയും പ്രസംഗിച്ചും പൊതുജനാഭിപ്രായം രൂപീകരിച്ചും വളരെ ആസൂത്രിതമായിരുന്നു ഇതിനുവേണ്ടി അദ്ദേഹം നടത്തിയ നീക്കങ്ങൾ. സർവകലാശാല എന്ന യാഥാർഥ്യം പ്രാവർത്തികമാക്കാൻ പറ്റിയ അനുകൂലസാഹചര്യത്തെ കണ്ടെടുക്കുന്നതിൽപോലും അദ്ദേഹത്തിന്റെ നയചാതുര്യം ദർശിക്കാനാവും. തിരുവിതാംകൂർ മഹാരാജാവിന്റെ ഷഷ്ടിപൂർത്തി ദിവസമാണ് ഇതിനായി അദ്ദേഹം കണ്ടുവച്ചത്. ഈ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം മഹാരാജാസ് കോളേജിന്റെ വാർഷികത്തിൽ പ്രസംഗിച്ചിരുന്നു.[17] പൊതുസമൂഹത്തെയും ഭരണകേന്ദ്രങ്ങളെയും ബോധവത്കരിച്ചും പ്രീതിപ്പെടുത്തിയും അക്കാദമിക് ആവശ്യങ്ങൾ നേടിയെടുക്കാനുള്ള നയപരമായ ആസൂത്രണം ആയിരുന്നു അദ്ദേഹം നിർവഹിച്ചതെന്ന് കാണാവുന്നതാണ്. കാരണം, യഥാർത്ഥത്തിൽ എ.ആർ. ഒരു സാഹിത്യപ്രതിഭ ആയിരുന്നില്ല. അക്കാലത്ത് വിദ്യാവിനോദിനി മാസിക പ്രസിദ്ധീകരിച്ച സാഹിത്യകാരന്മാരുടെ പട്ടികയിൽ എ.ആർ. ഉൾപ്പെട്ടിരുന്നില്ല. സ്വതന്ത്ര മലയാളം കൃതികൾ കേവലം രണ്ടെണ്ണം മാത്രമായിരുന്നു– മലയവിലാസവും പ്രസാദമാലയും. ഷഷ്ടിപൂർത്തി സമയത്ത് സർവ്വകലാശാല യാഥാർത്ഥ്യമാവാതെ വന്നപ്പോൾ അദ്ദേഹം പ്രസാദമാല എന്ന കവിത എഴുതി മഹാരാജാവിനെ സന്തോഷിപ്പിക്കാൻ ശ്രമിച്ചു. ഇതുപോലും മലയാളത്തിനുവേണ്ടി ഒരു സർവ്വകലാശാല എന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള അടവുനയമായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ. സർവ്വകലാശാല രൂപീകരിക്കാനുള്ള എ.ആറിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രാരംഭയോഗത്തിനു ശേഷം അടുത്ത യോഗത്തിൽ തീരുമാനം എടുക്കാം എന്നു പറഞ്ഞു പിരിഞ്ഞ

സന്ദർഭത്തിൽ 1918-ൽ ആണ് എ.ആറിന് അകാലചരമം ഉണ്ടാകുന്നത്. അദ്ദേഹത്തിന്റെ അഭാവത്തിൽ ബി.എ. മലയാളം ഓണേഴ്സ് തുടങ്ങാനും തിരുവിതാംകൂർ സർവകലാശാല യാഥാർത്ഥ്യം ആവാനും യഥാക്രമം 1935, 1937വരെ കാത്തിരിക്കേണ്ടിവന്നു.

സർവകലാശാലയുടെ മൂല്യനിർണയസമീപനങ്ങളെയും ചോദ്യകർത്താക്കളുടെ പാണ്ഡിത്യപ്രകടനങ്ങളുടെ നിർമ്മിതികളെയും അദ്ദേഹം നിശിതമായി വിമർശിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്നു. വിദ്യാർഥികൾക്ക് രചനാ പരിശീലനം നൽകുകയും നല്ല ചോദ്യമാതൃകകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത എ.ആർ. തികഞ്ഞ അക്കാദമീഷ്യനായിരുന്നു. ഇതരഭാഷകളുടെ മൂല്യനിർണയം അല്പം ഉദാരമായും മാതൃഭാഷയുടേത് കണിശമായും നിർവഹിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ മൂല്യനിർണയസമീപനം.[18] പാഠപുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിൽ അദ്ദേഹം പുലർത്തിയിരുന്ന സൂക്ഷ്മതയും ജാഗ്രതയും ഭാഷാപഠനത്തെ അതിന്റെ സാകല്യത്തിൽ ദർശിക്കാൻ കഴിഞ്ഞ ക്രാന്തദർശിയുടെ ഇടപെടലുകളാണ്. അച്ചടി പരിമിതവും പണം കൊടുത്തു പുസ്തകം വാങ്ങാനുള്ള മലയാളികളുടെ ശേഷിക്കുറവും നിലനിന്ന കാലഘട്ടത്തിൽ സാഹിത്യരചനകൾ പാഠപുസ്തകമാവുന്നതിലൂടെയാണ് പ്രസാധകർക്കും എഴുത്തുകാർക്കും സാമ്പത്തികലാഭം ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ പാഠ്യപദ്ധതി പരിഷ്കരണവേളയിൽ പുസ്തകങ്ങൾ കുമിഞ്ഞുകൂട്ടുമായിരുന്നു. ഊണും ഉറക്കവും ഉപേക്ഷിച്ച് അവയെല്ലാം സൂക്ഷ്മപരിശോധന നടത്തി നിരാശനായി ഇരിക്കുന്ന എ.ആറിന്റെ ചിത്രം ജീവചരിത്രത്തിൽ വരച്ചിട്ടുണ്ട്. സ്ഥാപിത താൽപര്യക്കാർ ബോർഡ് ഓഫ് സ്റ്റഡീസിനെ സ്വാധീനിച്ച് തെരഞ്ഞെടുപ്പുകൾ അട്ടിമറിക്കാൻ ശ്രമിച്ചതിനെ ചെറുത്തുതോല്പിക്കാൻ ബോധവൽകരണവും വിമർശനവും മുതൽ രാജി ഭീഷണിവരെ ഉയർത്തേണ്ടി വന്നിട്ടുണ്ട്. ചുവടെകൊടുത്ത പ്രവർത്തനങ്ങളായിരുന്നു ഭാഷാപഠനത്തിലെ പാഠപുസ്തകങ്ങളുടെ കുറവ് നികത്താൻ എ.ആർ. സ്വീകരിച്ചത്.

1. സംസ്കൃതത്തിൽനിന്ന് മികച്ച കൃതികൾ ഭാഷയിലേക്ക് വിവർത്തനം ചെയ്യുക.
2. നല്ല പുസ്തകപ്രസാധകരെ കണ്ടെത്തി അച്ചടിവേഗം ത്വരിതപ്പെടുത്തുക.
3. നല്ല എഴുത്തുകാരെയും എഴുത്തുകളെയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
4. ഭാഷയെയും സാഹിത്യത്തെയും വ്യവസ്ഥപ്പെടുത്തുന്ന അടിസ്ഥാനപാഠപുസ്തകങ്ങൾ നിർമ്മിക്കുക.

എ.ആറിന്റെ വിവർത്തനശ്രമങ്ങൾ ഭാഷയിലെ പാഠപുസ്തകകമ്മിയെ മറികടക്കാനുള്ളതായിരുന്നു എന്ന വസ്തുതയെ സാധൂകരിക്കുന്നതാണ് കാളിദാസന്റെ കുമാരസംഭവം വിവർത്തനം. തന്റെ വിവർത്തനത്തിൽനിന്ന് 4-ഉം 8-ഉം സർഗങ്ങൾ ഒഴിവാക്കിയാണ് വിവർത്തനം നിർവ്വഹിച്ചത്. രതി വർണ്ണനകൾ ധാരാളമായി വരുന്ന ആ സർഗ്ഗങ്ങൾ വിവർത്തനത്തിൽ ഉൾപ്പെടുത്തുന്നത് അതിന്റെ പാഠപുസ്തകപദവിക്ക് നിരക്കുന്നതല്ലെന്ന ബോധമാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചത്. 1895-ൽ മേഘസന്ദേശം, മേഘദൂതം എന്നപേരിലും കുമാരസംഭവത്തിലെ 4, 8 സർഗം ഒഴികെയുള്ള ഭാഗങ്ങൾ 1897-ൽ ഭാഷാകുമാരസംഭവം എന്ന പേരിലും 1912-ൽ അഭിജ്ഞാനശാകുന്തളം, മലയാളശാകുന്തളം എന്നപേരിലും 1916-ൽ മാളവികാഗ്നിമിത്രവും 1917-ൽ ശൂദ്രകന്റെ മൃച്ഛകടികവും 1917-ൽ ഭാസന്റെ ചാരുദത്തവും 1918-ൽ സ്വപ്നവാസവദത്തവും വിവർത്തനം ചെയ്തു. സാഹിത്യകൃതികളുടെ തെരഞ്ഞെടുപ്പിൽ പ്രകടിപ്പിച്ച ഔചിത്യം ശ്രദ്ധേയം. സംസ്കൃതത്തിൽനിന്ന് മികച്ചവമാത്രം–കാളിദാസൻ, ഭാസൻ തുടങ്ങിയവരെ സ്വീകരിച്ചതിലുള്ള നിഷ്കർഷയ്ക്കു പിന്നിലുള്ള യാഥാർത്ഥ്യം അവ വിദ്യാർത്ഥിസമൂഹത്തെ ലക്ഷ്യമാക്കി രചിച്ചു എന്നതുകൊണ്ടാണ്.

അക്കാദമികതാൽപര്യങ്ങൾക്കു മുമ്പിൽ മറ്റെല്ലാ വൈകാരികതയേയും മാറ്റിനിർത്താൻ, അക്കാദമിക് എത്തിക്സ് എന്ന് ഇന്നു നാം വിളിക്കുന്ന, അദ്ദേഹം ആർജ്ജിച്ച മൂല്യബോധത്തിന് സാധിച്ചിരുന്നു.

ആട്ടക്കഥകൾക്ക് പാഠ്യപദ്ധതിയിൽ പ്രാമുഖ്യം ഉണ്ടായിരുന്ന അക്കാലത്ത് രചയിതാവ് രാജാവ് ആയതിനാൽ പാഠപുസ്തകപ്രവേശനം കിട്ടിയ ലക്ഷ്മീവിലാസം നാടകത്തെ അക്ഷരാർത്ഥത്തിൽ വലിച്ചെറിയുകയാണ് എ.ആർ. ചെയ്തത്. താമസിയാതെ കാന്താര താരകം എഴുതിയാണ് ആ കുറവ് അദ്ദേഹം നികത്തിയത്. ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥയെ ഭാഷാസാഹിത്യപാഠ്യപദ്ധതിയിൽ ഇന്നുവരെ സ്ഥിരസാന്നിദ്ധ്യം ആക്കിയത് കാന്താരതാരകം വഴി അന്ന് എ.ആർ. നടത്തിയ ഇടപെടലുകളാണ്. മണിപ്രവാളശാകുന്തളത്തിലെ പല വാക്യങ്ങളും കേരളപാണിനീയവ്യവസ്ഥകൾക്കു വിരുദ്ധമായതിനാൽ അമ്മാവന്റെ സമ്മതത്തോടെ എ.ആർ. എഡിറ്റ് ചെയ്യാൻ ശ്രമിച്ചതാണ് തല്പരകക്ഷികൾ വിവാദമാക്കി മാറ്റിയത്. കേരളവർമ്മതന്നെ മാറ്റിയെഴുതി 'കേരളശാകുന്തളം' ആക്കിയെങ്കിലും മാതൃഭാഷാഭിമുഖമായ അക്കാദമിക് കാഴ്ചപ്പാടുകളെ ശക്തിപ്പെടുത്താൻ സംസ്കൃതബഹുലമായ ശൈലിയിൽ രചിച്ച ആ കൃതിക്കായില്ല. എ.ആർ. ഈ പ്രതിസന്ധിയെ മറികടന്നത് കാളിദാസശാകുന്തളത്തെ സ്വന്തമായി 'മലയാളശാകുന്തളം' എന്ന നിലയിൽ വിവർത്തനം

ചെയ്താണ്. ഗുരുവും അമ്മാവനുമായ കേരളർമ്മയുമായി മരണംവരെ ഹൃദയബന്ധം സൂക്ഷിച്ചിരുന്ന എ.ആറിന് അദ്ദേഹത്തിന്റെ മണിപ്രവാളശാകുന്തളമെന്ന കൃതിയെ പാഠപുസ്തകപദവിയിൽനിന്ന് മാറ്റിനിർത്താൻ ശക്തിനൽകിയത് ഉന്നതമായ അക്കാദമികപ്രതിബദ്ധതയാണ്.

പാഠപുസ്തകങ്ങൾ അതിവേഗം മികച്ച രീതിയിൽ വിദ്യാർത്ഥികളുടെ കൈവശമെത്തണമെങ്കിൽ നല്ലൊരു പ്രസാധകനും മികച്ച അച്ചടിയും ഉണ്ടായേത്തീരുവെന്ന് മനസ്സിലാക്കിയ എ.ആർ. രാജരാജവർമ്മയുടെ കണ്ടെത്തലായിരുന്നു രാമൻമേനോൻ എന്ന പ്രസാധകനും ബി.വി. ബുക്ക്ഡിപ്പോ എന്ന മുദ്രണാലയവും. മലയാളത്തിൽ പാഠപുസ്തക അച്ചടിയുടെ സാംസ്കാരിക പിറവികൂടിയാണ് എ.ആർ. ഇതുവഴി സാധ്യമാക്കിയത്. ഉൽകൃഷ്ടകൃതികളുടെ കുറവ് എപ്പോഴും അദ്ദേഹത്തെ അലട്ടിയിരുന്ന പ്രശ്നമായിരുന്നു.

ഈ ഘട്ടത്തിൽ അദ്ദേഹം നടത്തിയ രണ്ട് ഇടപെടലുകൾ മലയാളസാഹിത്യത്തിന്റെ വളർച്ചയിലെ നിർണായകവഴിത്തിരിവുകളാണ്. സാഹിത്യത്തിലെ ശ്രദ്ധേയമായ ഭാവുകത്വപരിണാമം എന്നതിലുപരി അവ അക്കാദമിക ആവശ്യം കൂടിയായിരുന്നു. മലയാളസാഹിത്യത്തിൽ നിലനിന്ന സവർണ-വരേണ്യാധിപത്യത്തെ തകർക്കാൻ കുമാരനാശാനെ ഉയർത്തിക്കൊണ്ടുവന്നതാണ് ഇതിൽ ആദ്യത്തെ സംഭവം. നളിനിയുടെ അവതാരികയിലൂടെ സംസ്കൃതാചാര്യന്മാരുടെ ലക്ഷ്യലക്ഷണങ്ങളെ യാന്ത്രികമായി പിന്തുടർന്ന് മഹാകാവ്യം എഴുതി മഹാകവിയാവാനുള്ള പ്രവണതയെ പ്രതിരോധിച്ച് ഖണ്ഡകാവ്യങ്ങളിലേക്കും ചെറുകാവ്യങ്ങളിലേക്കും വഴിതിരിച്ചുവിട്ടതാണ് രണ്ടാമത്തെ സംഭവം. അതിദീർഘങ്ങളായ മഹാകാവ്യങ്ങളേക്കാൾ അനതിദീർഘങ്ങളായ ചെറുകാവ്യങ്ങളാണ് സാഹിത്യവിദ്യാർത്ഥികളുടെ അക്കാദമിക ആവശ്യത്തെ നിറവേറ്റുക എന്ന് മറ്റാരേക്കാളും നന്നായി എ.ആറിന് അറിയാമായിരുന്നു.

കലാലയവും പൊതുസമൂഹവുമായുള്ള ബന്ധത്തിന്റെ എക്കാലത്തെയും മികച്ചമാതൃകയാണ് എ.ആർ. സൃഷ്ടിച്ചത്. വിദ്യാർഥികൾക്കുവേണ്ടി കലാലയത്തിന്റെ അകത്ത് എ.ആർ. നടത്തിയ അക്കാദമികപ്രവർത്തനമാണ് മലയാളകവിതയുടെ ജനിതകം മാറ്റിയെഴുതിയ ദ്വിതീയാക്ഷരപ്രാസവാദം ആയി മാറിയതെന്ന് ഓർക്കേണ്ടതാണ്. കലാലയത്തിലെ മലയാളസമാജത്തിന് അധ്യക്ഷനായി കുഞ്ഞിക്കുട്ടൻ തമ്പുരാനെ ക്ഷണിച്ച ദിവസം ഹാളിനകത്ത് കടക്കാൻ തിരക്കു കാരണം പലർക്കും പറ്റിയില്ലെന്നും ഗേറ്റ് കാവൽക്കാർക്ക് കൈക്കൂലി കൊടുത്താണ് ചിലർ അകത്തുകയറിപ്പറ്റിയതെന്നും ജീവചരിത്രത്തിൽ വായിക്കാം.

മലയാളസമാജം എന്ന വിദ്യാർത്ഥി ചർച്ചാവേദിയെ എ.ആർ. വിഭാവനം ചെയ്തതെങ്ങനെ എന്ന് പരിശോധിക്കുന്നത് അദ്ദേഹത്തിന്റെ ആസൂത്രണ വൈഭവവും അക്കാദമിക മികവും തിരിച്ചറിയാൻ ഉതകും.

» ഭാഷാസാഹിത്യ വിഷയജ്ഞാനത്തിന്റെ പുതുക്കലും നവീകരണവും
» അന്തർവൈജ്ഞാനിക-ബഹുവൈജ്ഞാനിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിലൂടെ ഭാഷാസാഹിത്യപഠനത്തിന്റെ അതിരുകൾ വിശാലമാക്കൽ
» വിദ്യാർഥികളെ സൂക്ഷ്മമായി വിലയിരുത്തുന്നതിനുള്ള ഉപാധി
» സാഹിത്യസമാജത്തിൽ കഴിവുതെളിയിച്ച പ്രതിഭാശാലികൾക്ക് കൂടുതൽ വെല്ലുവിളി നിറഞ്ഞ പോഷണപ്രവർത്തനങ്ങൾ
» യഥാർത്ഥ ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെട്ട് ഭാഷാനൈപുണികൾ ആർജിക്കാനുള്ള സംവിധാനം (നോട്ടീസ്, അറിയിപ്പ്, പ്രബന്ധം etc.)

അടിസ്ഥാനപാഠപുസ്തകങ്ങളുടെ നിർമ്മാണവും നിർമ്മിതിയിലെ ശാസ്ത്രീയ സമീപനവുമാണ് എ.ആറിന്റെ ഭാഷാസൂത്രണമികവിന്റെ പ്രധാന ദൃഷ്ടാന്തങ്ങൾ. വ്യാകരണം, അലങ്കാരം, വൃത്തം, ഗദ്യം, നിഘണ്ടു (പൂർത്തിയാക്കിയില്ല) എന്നിങ്ങനെ വിവിധ മേഖലകളിൽ അടിസ്ഥാനപാഠപുസ്തകങ്ങൾ നിർമ്മിക്കുക വഴിയാണ് മലയാളത്തെ ഉന്നതവിദ്യാഭ്യാസമേഖലയിലെ സവിശേഷജ്ഞാനവിഷയമായി ഉറപ്പിച്ചെടുക്കുന്നത്. വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിൽ അനുഭവപ്പെട്ട പ്രശ്നങ്ങൾക്ക് എ.ആറിലെ അധ്യാപകൻ കണ്ടെത്തിയ പരിഹാരങ്ങൾ ആയിരുന്നു ഈ അടിസ്ഥാന കൃതികൾ. പാഠപുസ്തകനിർമിതിയിൽ അദ്ദേഹം പിന്തുടർന്ന പ്രധാന പ്രക്രിയകളിൽനിന്നും അദ്ദേഹത്തിന്റെ സമീപനത്തിലെ ശാസ്ത്രീയത തിരിച്ചറിയാനാകും.

» ഗവേഷണപഠനങ്ങളിലൂടെ പരമാവധി ദത്തങ്ങൾ സമാഹരിക്കൽ
» ദത്തങ്ങളിൽനിന്നും പാഠഭാഗങ്ങൾ വികസിപ്പിക്കൽ
» പാഠഭാഗങ്ങൾ ഉപയോഗിച്ച് അധ്യാപനം നിർവ്വഹിക്കൽ
» പഠനഫലം പരിശോധിച്ചറിയൽ
» പഠനക്കുറിപ്പുകളെ പാഠപുസ്തകമാക്കി അച്ചടിച്ച് പ്രസിദ്ധീകരിക്കൽ

ഇത് പാഠപുസ്തകനിർമ്മിതിയുടെ മാത്രമല്ല ഇന്ന് ടീച്ചിങ് നോട്സ് എന്ന് വിളിക്കുന്ന പാഠാസൂത്രണത്തിന്റെയും മികച്ച ദൃഷ്ടാന്തങ്ങളാണ്. പഠിപ്പിക്കാൻവേണ്ടി ഇത്രത്തോളം പഠനഗവേഷണങ്ങളിലേർപ്പെട്ടിട്ടുള്ള മറ്റൊരു അധ്യാപകനെ കണ്ടു കിട്ടുക പ്രയാസമാണ്. “മനോരഥത്തിലേറി സഞ്ചരിക്കുമ്പോൾ ചെയ്യാറുള്ള പ്രവൃത്തികളെ പ്രവൃത്തികളായി ഗണിക്കാമെങ്കിൽ സാഹിത്യസാഹ്യം

എഴുതിത്തീർത്തിട്ട് ഇപ്പോൾ ഒൻപതുകൊല്ലം കഴിഞ്ഞിരിക്കുന്നു" (സാഹിത്യ സാഹ്യം, 1989: 13). അദ്ദേഹം നടത്തിയ ക്രിയാഗവേഷണങ്ങളിൽനിന്നാണ് പാഠപുസ്തകങ്ങൾ രൂപപ്പെട്ടതെന്ന നിഗമനത്തെ സാധൂകരിക്കുന്ന പ്രസ്താവനയാണിത്. പാഠ്യപദ്ധതിലക്ഷ്യങ്ങൾ നേടാൻ എ.ആർ. ക്ലാസ്മുറിയിൽ പ്രയോഗിച്ച് ബോദ്ധ്യപ്പെട്ട പാഠങ്ങളാണ് പിന്നീട് പുസ്തകമാക്കി പ്രസിദ്ധീകരിക്കുന്നത്. ഫീൽഡിൽ പ്രയോഗിച്ചു നോക്കി പഠനഫലത്തെ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെ മുൻനിർത്തി വിലയിരുത്തിയതിനുശേഷം പാഠപുസ്തകമാക്കി പ്രസിദ്ധീകരിക്കുന്നതിലെ ശാസ്ത്രീയത പാഠപുസ്തക നിർമ്മാണപ്രക്രിയയിലെ തികച്ചും ആധുനികമായ കാഴ്ചപ്പാടാണ്. പാഠപുസ്തകനിർമ്മിതിയിൽ അനുവർത്തിക്കുന്ന ആധുനിക സമീപനമായ ചാക്രികത (Spiraling) എ.ആർ. അന്നേ പ്രാവർത്തികമാക്കിയതിന് മധ്യമവ്യാകരണം ഒന്നാം പതിപ്പിന്റെ മുഖവുര തെളിവുനല്കുന്നു.

"ഒരിക്കൽപ്പറഞ്ഞ സംഗതിയെത്തന്നെ പലപ്രാവശ്യം ആവർത്തിക്കുകയും വ്യത്യസ്തകളെ വിട്ടുകളയുകയും ചെയ്തിട്ടുണ്ട്'."

ഭാഷാധ്യാപകർക്ക് അധ്യാപകപരിശീലനം ലഭ്യമാക്കാനും എ.ആർ. പ്രയത്നിച്ചെങ്കിലും അന്നത്തെ കോളനിഭരണം അതനുവദിച്ചില്ല.

താഴ്ന്ന തലം മുതൽ ഉയർന്നതലം വരെ അഥവാ സ്കൂൾ തലം മുതൽ സർവകലാശാലാതലംവരെയുള്ള വ്യാകരണപഠനത്തെ വിഭാവനം ചെയ്ത് താഴ്ന്ന ക്ലാസ്സുകൾക്ക് പ്രഥമവ്യാകരണം, മിഡിൽ സ്കൂളുകാർക്ക് മദ്ധ്യമവ്യാകരണം ഹൈസ്കൂൾ വിദ്യാർഥികൾക്ക് ശബ്ദശോധിനി സ്കൂൾഘട്ടം കഴിഞ്ഞാൽ കേരളപാണിനീയം എന്നിങ്ങനെ ക്രമാനുഗതമായും ചാക്രികമായും വികസിക്കുന്ന വ്യാകരണപഠനത്തെ തിട്ടപ്പെടുത്താൻ കഴിഞ്ഞത് കേരളപാണിനിയുടെ വലിയനേട്ടമായിരുന്നു. മലയാള വ്യാകരണപഠനത്തിന് അതിനുമുമ്പ് ഉണ്ടായിരുന്ന ഗാർത്തുവെയിറ്റ് സായിപ്പിന്റെ വിരസമായ വ്യാകരണപാഠപുസ്തകത്തിൽനിന്ന് വിദ്യാർഥികൾ മോചിതരായത് ഇതോടെയാണ്. എ.ആർ. രാജരാജവർമ്മയുടെ വ്യാകരണ-വൃത്താലങ്കാരകൃതികൾ പുറത്തുവന്നതുമുതൽ മലയാളഭാഷാസാഹിത്യത്തിന്റെ ബിരുദ-ബിരുദാനന്തരബിരുദ ക്ലാസുകളിൽ ഇന്നുവരെ അതുതന്നെയാണ് പാഠപുസ്തകം. വ്യാകരണ-വൃത്താലങ്കാരങ്ങളിൽ എ.ആർ. കൃതികളുടെ അപ്രമാദിത്വം ചോദ്യം ചെയ്യപ്പെടാതെ വർത്തമാനകാലത്തും നിലനില്ക്കുന്നുവെന്നത് വസ്തുതയാണ്.

### 4. ഭാഷാഭിമാന ആസൂത്രണം (Prestige Planning)

ഭാഷയോട് ഭാഷകസമൂഹവും ഇതര സമൂഹവും പുലർത്തുന്ന മനോഭാവം ആണ് ഇവിടെ പരിഗണനവിഷയം.[19] ഭാഷയോട് അനുകൂല മനോഭാവം വളർത്തലും

നിലനിർത്തലുമാണ് ലക്ഷ്യം. കൃത്രിമമായിപോലും ഭാഷയെ ആവശ്യക്കാരുള്ള വിഭവമായി നിലനിർത്താൻ ശ്രമിക്കുന്നു. സമ്പന്നമായ സാഹിത്യസമ്പത്ത്, പൈതൃകം, ശ്രേഷ്ഠഭാഷാപദവി, ലോകഭാഷാഭൂപടത്തിലെ സ്ഥാനം, സംസാരിക്കുന്നവരുടെ എണ്ണവും ശതമാനവും, ആഗോളസാധ്യതകൾ, ഭാഷകൾ തമ്മിലുള്ള കൊള്ള കൊടുക്കലുകളിലെ മേൽ-കീഴ് ബന്ധങ്ങൾ, ഉപയോഗിക്കുന്നവരുടെ പദവി, ഭാഷയ്ക്കകത്തെ ഉച്ചനീചത്തങ്ങളും ഭാഷാഭേദങ്ങളോടുള്ള സമീപനവും എന്നിങ്ങനെ വ്യത്യസ്തമായ ഘടകങ്ങളോടുള്ള മനോഭാവത്തെയാണ് ഈ ആസൂത്രണം അഭിമുഖീകരിക്കാൻ ശ്രമിക്കുന്നത്.

ഭാഷയും സാഹിത്യവും ഐച്ഛികമായി എടുത്തു പഠിക്കുന്നവർക്ക് നല്ല തൊഴിലോ ഉയർന്ന ജീവിതനിലവാരമോ ലഭ്യമാവില്ലെന്നും അവരുടെ ഇംഗ്ലീഷ് പരിജ്ഞാനം വളരെ പരിതാപകരം ആയിരിക്കുമെന്നും ഉള്ള വിശ്വാസം ഇന്നെന്നപോലെ അന്നും നിലനിന്നിരുന്നു. ഈ വിശ്വാസം അടിസ്ഥാനരഹിതമാണെന്ന് തെളിയിക്കാൻ തന്നാലാവുംവിധം എ.ആർ. പരിശ്രമിച്ചിരുന്നു. സ്വന്തം ജീവിതംകൊണ്ട് ഭാഷാധ്യാപകന് എവിടംവരെ എത്താമെന്നും എന്തൊക്കെയാകാമെന്നും തെളിയിക്കുക മാത്രമല്ല ഭാഷയും സാഹിത്യവും ഐച്ഛികമായി എടുത്ത തന്റെ ശിഷ്യരെക്കൊണ്ട് അത് തെളിയിക്കാനും അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ ക്ലാസിലിരുന്ന വിദ്യാർത്ഥികൾ വലിയ എഴുത്തുകാരും പത്രപ്രവർത്തകരും പ്രഗത്ഭരായ അദ്ധ്യാപകരും ഉയർന്ന ഗവൺമെന്റ് ഉദ്യോഗസ്ഥരും ആയിമാറിയത് ചരിത്രവസ്തുതയാണ്. സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള, സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, താടകാവധം ആട്ടക്കഥയെഴുതിയ വി. കൃഷ്ണൻതമ്പി, പട്ടം കൊച്ചുകൃഷ്ണപിള്ള, എച്ച്. രാമസ്വാമി അയ്യർ, പി. അനന്തൻ പിള്ള, ഇ.വി. കൃഷ്ണപിള്ള, ചേലനാട്ട് അച്യുതമേനോൻ, ചീഫ് സെക്രട്ടറി വരെയായ ജി.എൻ. തമ്പി, സി.എസ്. സുബ്രഹ്മണ്യൻ പോറ്റി തുടങ്ങിയവർ ഏതാനും ഉദാഹരണങ്ങൾ മാത്രം.

1912-ൽ മലയാളം ഐച്ഛികമായി ബിരുദപഠനം തുടങ്ങാനുള്ള അനുമതി അന്നത്തെ ബ്രിട്ടീഷ് കൊളോണിയൽ സർക്കാരിൽനിന്ന് പിടിച്ചു വാങ്ങിയപ്പോൾ കൃഷ്ണൻ തമ്പി എന്ന (താടകവധം ആട്ടക്കഥയുടെ കർത്താവ്) ഒരൊറ്റ വിദ്യാർത്ഥി മാത്രമാണ് ചേരാൻ ഉണ്ടായിരുന്നത്. 1914-ലും 1916-ലും ചേരാൻ ആരും ഉണ്ടായിരുന്നില്ല. 1907-ൽ ഇന്നത്തെ പ്ലസ്ടുവിന് തുല്യമായ അന്നത്തെ ഇന്റർമീഡിയറ്റ് കോഴ്സിന് എ.ആറിന്റെ പരിശ്രമഫലമായി ഭാഷാഗ്രൂപ്പ് അനുവദിച്ചു കിട്ടിയിരുന്നെങ്കിലും വിദ്യാർഥികൾ

താല്പര്യം കാണിക്കാതിരുന്നത് പ്രതിസന്ധി സൃഷ്ടിച്ചു. പ്രായോഗികമതിയായ അദ്ദേഹം ഇതിനെ നേരിട്ടത് ചരിത്ര, ഭാഷാഗ്രൂപ്പുകൾ സമന്വയിപ്പിച്ചുകൊണ്ട് ആയിരുന്നു. ഭാഷാസൂത്രണത്തിലെ കൃത്രിമമായി ആവശ്യം ഉണ്ടാക്കുക എന്ന പ്രക്രിയയെ അന്നേ എ.ആർ. സാധിച്ചതായി നമുക്കിന്ന് മനസ്സിലാക്കാൻ കഴിയുന്നു. ഭാരതീയരായ അധ്യാപകരോട് സാമാന്യമായും ഭാരതീയ ഭാഷാഅധ്യാപകരോട് പ്രത്യേകിച്ചും ബ്രിട്ടീഷ് സർക്കാരും വിദേശികളായ അധ്യാപകരും, ഇംഗ്ലീഷുകാരുടെ നിയന്ത്രണത്തിലുണ്ടായിരുന്ന സെനറ്റ്, സിണ്ടിക്കേറ്റ് തുടങ്ങിയ യൂണിവേഴ്സിറ്റി അക്കാദമിക സംവിധാനങ്ങളും കടുത്ത വിവേചനമാണ് പുലർത്തിയിരുന്നത്. ഈ വിവേചനങ്ങളെ ഇഞ്ചോടിഞ്ചു നേരിട്ടാണ് എ.ആർ. മലയാളമെന്ന ഭാഷയെ ഉന്നതവിദ്യാഭ്യാസമേഖലയിലെ അന്തസ്സുള്ള അക്കാദമികവിഷയമായി സ്ഥാപിച്ചെടുക്കുന്നതും നാട്ടുഭാഷാധ്യാപകനെ പ്രിൻസിപ്പാൾ തസ്തികയിലേക്കും വേതനതുല്യതയിലേക്കും എത്തിക്കുന്നതും.

വെള്ളക്കാർ അവരുടെ കുത്തകയാക്കിവെച്ചിരുന്ന പ്രൊഫസർ സ്ഥാനം നാട്ടുഭാഷാധ്യാപകന് കിട്ടാൻവേണ്ടി ഏ.ആറിന് ശ്രീമൂലം തിരുനാൾ മഹാരാജാവിനെയും അദ്ദേഹത്തിന്റെ ദിവാനായിരുന്ന സി. രാജഗോപാലാചാരിയെയും കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി അവരുടെ സഹായം സ്വീകരിക്കേണ്ടിവന്നിരുന്നു. അങ്ങനെയാണ് ആദ്യമായി ഒരു ഭാരതീയൻ വെള്ളക്കാരോടൊപ്പം 'പ്രൊഫസർ' എന്ന തുല്യപദവിയിലേക്കെത്തുന്നത്. ആ പദവിക്ക് ആദ്യമായി അർഹമാവുന്നത് മറ്റു മാനവിക-ശാസ്ത്രവിഷയങ്ങളെയും ഭാരതീയരായ അദ്ധ്യാപകരെയും പിന്തള്ളി നാട്ടുഭാഷയും ഭാഷാധ്യാപകനാണെന്നത് ഭാഷയ്ക്കും ഭാഷാധ്യാപകർക്കും എക്കാലത്തും അഭിമാനകരമായ ചരിത്രസന്ദർഭമാണ്. പ്രൊഫസർമാരുടെ മുറിയിൽ സ്ഥാനം, എഴുത്തുകുത്തുകൾ സൂക്ഷിക്കുന്ന പെട്ടിയുടെ താക്കോൽ, വിലപിടിച്ച ഉപകരണങ്ങൾ തുടങ്ങി സായിപ്പിന്റെ അന്തസ്സിന്റെ അടയാളങ്ങൾ ഏ.ആറിലേക്കെത്തിയതിനെക്കുറിച്ച് അനന്തൻപിള്ള പറയുന്നു, "ഹൂണിയോടൊപ്പം ഗൈർവാണിയും ദ്രാവിഡിയും ഒരുമിച്ചു വസിക്കുന്നതു കാണുവാനുള്ള അസഹിഷ്ണുതയാൽ ചില സായ്പന്മാർ സ്ഥലം മാറേണ്ടതായി വന്നു. കോളേജിന്റെ തെക്കുഭാഗത്തായി കമനീയമായ വിശ്രമഗൃഹം ഒന്ന് ഉടനടി വിശ്വകർമ്മാവിന്റെ വൈഭവത്താലെന്നപോലെ ഉദ്ഭൂതമായി" (കേരളപാണിനി, 1934:112).

കുറഞ്ഞവേതനം, കൂടുതൽ ജോലി ഭാരം, പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കൽ, ആത്മാഭിമാനം വ്രണപ്പെടുത്തൽ, അധികാര സ്ഥാനങ്ങളിൽ നിന്ന്

അകറ്റിനിർത്തൽ, തസ്തിക നികത്താതിരിക്കൽ, പദവികൾ നിഷേധിക്കൽ, യോഗങ്ങളിലേക്ക് ക്ഷണിക്കാതിരിക്കലും കോളേജ് കൗൺസിൽ പോലുള്ള ഭരണസംവിധാനങ്ങളിൽനിന്ന് മാറ്റിനിർത്തലും, ഉപകരണങ്ങളും സൗകര്യങ്ങളും മറ്റു വിഭവങ്ങളും പങ്കുവയ്ക്കാതിരിക്കൽ, അറിയിപ്പുകളിൽ ഒപ്പിടാതിരിക്കൽ, പേപ്പറുകൾ അയക്കാതിരിക്കൽ,ചട്ടങ്ങളും നിയമങ്ങളും കൊണ്ട് വളർച്ചയും പുരോഗതിയും തടയൽ എന്നിങ്ങനെ താഴെത്തട്ടിൽനിന്ന് മേൽത്തട്ട് വരെ വിവിധ രീതിയിൽ വിവേചനങ്ങൾ നിലനിന്നിരുന്നു. 1896-ൽ ജോലിയിൽ പ്രവേശിച്ച് 1918-ൽ ജോലിയിലിരിക്കെ മരണമടയുന്നത് വരെയുള്ള 22 വർഷക്കാലം എ.ആർ. നടത്തിയത് ഭാഷയ്ക്കും ഭാഷാധ്യാപകനും വേണ്ടിയുള്ള നിരന്തര പോരാട്ടം ആണ്. അദ്ദേഹത്തിന്റെ മക്കളായ ഭാഗീരഥി അമ്മ തമ്പുരാനും എം രാഘവ വർമ്മ തമ്പുരാനും ചേർന്നെഴുതിയ എ.ആർ. രാജരാജവർമ്മ എന്ന ജീവചരിത്ര കൃതിയിലും അദ്ദേഹത്തിന്റെ ശിഷ്യനായ അനന്തൻപിള്ളയുടെ 'കേരളപാണിനി' എന്ന ജീവചരിത്രകൃതിയിലും ഈ പോരാട്ടങ്ങളുടെ വിശദാംശങ്ങൾ കൃത്യമായി വായിച്ചെടുക്കാവുന്നതാണ്.

മലയാളം വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് പരിജ്ഞാനത്തിൽ സംശയിക്കുകയും മുൻവിധി വെച്ചുപുലർത്തുകയും അങ്ങനെ ഇടപെടുകയും ചെയ്ത ഇംഗ്ലീഷ് പ്രൊഫസർ സ്ലാസിനെ പറ്റി വിദ്യാർത്ഥികൾ എ. ആറിനോട് പരാതി പറഞ്ഞപ്പോൾ അദ്ദേഹം അവരോട് ആവശ്യപ്പെട്ടത് നന്നായി പരീക്ഷയെഴുതി കഴിവ് തെളിയിക്കാനാണ്. Phonetics-ന്റെ Selection test-ൽ ഒന്നാംറാങ്കും ഉന്നതവിജയങ്ങളും മലയാളംവിദ്യാർത്ഥികൾ നേടിയപ്പോൾ സ്ലാസിന് പശ്ചാത്തപിക്കേണ്ടി വന്നിരുന്നു.

സംസ്കൃതകോളേജിന്റെ ഇൻസ്പെക്ടറും പ്രിൻസിപ്പാളും ഒക്കെയായി ജോലി ചെയ്ത സമയത്ത് സഹപ്രവർത്തകരുടെ പ്രത്യേകിച്ചും സംസ്കൃതാധ്യാപകരുടെ ഭാഷാസങ്കുചിതത്വം തിരിച്ചറിഞ്ഞ എ.ആർ. അത് മാറ്റാനായി ചെയ്തത് തീയേറ്ററിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുകയായിരുന്നു. ഗൈർവാണീവിജയം എന്ന നാടകം എഴുതി വിദ്യാർഥികളെ പരിശീലിപ്പിച്ച് എല്ലാവരുടെയും മുന്നിൽ നാടകം അവതരിപ്പിക്കുകയായിരുന്നു. ഇംഗ്ലീഷ്-സംസ്കൃതഭാഷകളെ രണ്ട് മക്കളായി ചിത്രീകരിച്ച് ഓരോ ഭാഷയുടേയും ശക്തിയും പരിമിതിയും തിരിച്ചറിയാൻ ഉതകുന്ന തരത്തിൽ ചിട്ടപ്പെടുത്തിയതായിരുന്നു നാടകം. മനോഭാവമാറ്റം ഉണ്ടാക്കുന്നതിൽ തിയേറ്ററിന് ഉള്ള ശേഷി ലോകം മുഴുവൻ അംഗീകരിച്ചതാണല്ലോ. 'ബോധനനാടകവേദി' എന്ന സങ്കല്പമാണ് ഇവിടെ യാഥാർഥ്യമാവുന്നത്. ഭാഷാഭിമാനം എന്നത് അവസരം, തൊഴിൽ,

ജീവിതനിലവാരം, പദവി എന്നിവയുമായെല്ലാം ബന്ധപ്പെട്ട് കിടക്കുന്ന ഒന്നാണെന്ന് എ.ആറിന് നല്ല ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം ഭാഷാധ്യാപകരടക്കമുള്ള ഭാരതീയരായ അധ്യാപകർക്കും ഇംഗ്ലീഷുകാരായ അധ്യാപകർക്ക് നൽകുന്ന ശമ്പളതുല്യതയ്ക്കായി പോരാടുകയും നേടിയെടുക്കുകയും ചെയ്തത്. ഭാഷാക്ലബ്ബുകൾക്ക് പ്രവർത്തനസ്വാതന്ത്ര്യം, ഭാഷ ഐച്ഛികമായ ബിരുദകോഴ്സുകൾ, ഭാഷാധ്യാപകർക്കും വൈസ് പ്രിൻസിപ്പാൾ - പ്രിൻസിപ്പാൾ പദവി, അക്കാദമികബോർഡുകളിലും കൗൺസിലിലും മറ്റ ഭരണസമിതിയോഗങ്ങളിലും പ്രാതിനിധ്യം എന്നിവയെല്ലാം പൊരുതിനേടി ഭാഷാധ്യാപനം എന്നത് നല്ല വേതനം ഉള്ള അന്തസ്സുള്ള തൊഴിലായി രൂപാന്തരപ്പെടുകയും ചെയ്തു. ഗുണനിലവാരമുള്ള ഭാഷാപഠനം എന്നത് സേവന-വേതന വ്യവസ്ഥകളും ആയി ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണെന്ന നല്ല ബോധ്യം എ.ആറിനുണ്ടായിരുന്നു.

### കുറിപ്പുകൾ

1. മദ്രാസ് യൂണിവേഴ്സിറ്റി കലണ്ടർ 1935-1950
2. "Corpus planning deals with norm selection and qualification, as in the writing of grammars and the standardization of spelling status planning deals with initial choice of language, including attitude toward alternative languages and the political implications of various choices" Bright, 1992, P.311.

   Language planning refers deliberate efforts to influence the behaviour of others with respect to the accusation, structure, or functional allocation of their language codes. Cooper, 1989: P45
3. സംസ്കൃത പദപ്രയോഗം, ഭാഷാപോഷിണി, 1081, തുലാം, പുസ്തകം - 10. ലക്കം 3. 4 (എ.ആർ. വിജ്ഞാനീയം, പുറം 111)
4. എൽ.വി.രാമസ്വാമി അയ്യർ, കേരളപാണിനീയക്കുറിപ്പുകൾ, മലയാളവിമർശം 12, ജൂലായ് 91, ജൂൺ 92,(കേരളപാണിനീയ വിജ്ഞാനം 2, പുറം 55)
5. എസ്.വി. ഷണ്മുഖം, വിവ .ടി.ബി.വേണുഗോപാലപണിക്കർ, തജരാജവർമ്മയുടെ ഭാഷാബോധം, കേരളപാണിനീയ പീഠികാപഠനം ഭാഷാശാസ്ത്ര വീക്ഷണത്തിൽ 2012 (കേരളപാണിനീയ വിജ്ഞാനം 2, പുറം 88)
6. ലിപിവിന്യാസം, ഭാഷാപോഷിണി. 1080, മേടം, പുസ്തകം - 9, ലക്കം - 9, (എ.ആർ. വിജ്ഞാനീയം, പുറം 103 -109)
7. എ.ആർ, സഭോദ്ദേശ്യസിദ്ധി. വിദ്യാവിനോദിനി, 1070. വൃശ്ചികം.പുസ്തകം -4. ലക്കം -2 (എ.ആർ.വിജ്ഞാനീയം, പുറം, 90-93 ).
8. എ.ആർ ചില പരീക്ഷാപത്രങ്ങൾ, ഭാഷാപോഷിണി, 1074, മിഥുനം, പുസ്തകം3,

ലക്കം 11, (എ.ആർ.വിജ്ഞാനീയം, പുറം, 81-86 ).

9. "Language planning refers to activities that attempt to bring about changes in the structure (corpus) and functions (the status) of languages and/ or extra linguistic problems at the national, International or community level" CF. Cooper, 1989, PP-30-31.

10. എ.ആർ. മലയാളഭാഷാപോഷണം, പ്രബന്ധസംഗ്രഹം. 1112, (എ.ആർ. വിജ്ഞാനീയം, പുറം 87 -89).

11. ഭാഷാപരിഷ്കാരം. ഭാഷാപോഷിണി, 1077, കുംഭം പുസ്തകം - 6. ലക്കം - 7, (എ.ആർ.വിജ്ഞാനീയം, പുറം. 94 -102).

12. എ.ആർ. തമ്പുരാന്റെ ഒരു അപ്രസിദ്ധ കൃതി, ഗ്രന്ഥാലോകം, 1974 ജൂൺ, വാല്യം 26, ലക്കം 6 (എ.ആർ.വിജ്ഞാനീയം, പുറം 80).

13. ഗംഗാധരൻ എം., അവതാരിക, മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ. വചനം ബുക്സ് കോഴിക്കോട്, 2017.

14. മഹാരാജാസ് കോളേജ് ജൂബിലി ആഘോഷ പ്രസംഗം (പുറം 71, എ.ആർ. വിജ്ഞാനീയം). "നമ്മുടെ ആവശ്യങ്ങൾക്കും ആദർശങ്ങൾക്കും മേൽഗതിക്കും അനുരൂപമായി യഥാകാലം ഒരു കേരളീയ സർവ്വകലാശാല ഇവിടെ സ്ഥാപിതമാകുമെന്ന് ആശിക്കാം. മലയാളഭാഷ സംസാരിക്കുന്ന രാജ്യം ഒട്ടുക്കുള്ള വിദ്യാർത്ഥികളെ അത് ആകർഷിക്കുകയും പൗരസ്ത്യ പാശ്ചാത്യങ്ങളായ വിശ്വജനീനാദർശങ്ങളെ പുരസ്കരിച്ച് അത് പ്രവർത്തിക്കുകയും ചെയ്യുന്നതാണ്" (അനന്തൻ പിള്ള, പി. കേരളപാണിനി, തിരുവനന്തപുരം : ബാലൻ പ്രസിദ്ധീകരണങ്ങൾ,1934. പുറം - 143).

15. പ്രകാശൻ പി.പി. 2014: മലയാള ഭാഷാ സാഹിത്യപഠനം–സാംസ്കാരികവും രാഷ്ട്രീയവുമായ വിശകലനം പി.എച്ച്.ഡി. ഗവേഷണപ്രബന്ധം, ശ്രീ ശങ്കരാചാര്യസംസ്കൃത യൂണിവേഴ്സിറ്റി, കാലടി .

16. കോളേജ് വാർഷികത്തിലെ അധ്യക്ഷപ്രസംഗത്തിലും അദ്ദേഹം വിവർത്തനത്തിനു വേണ്ടി വാദിച്ചു. "വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭാഷകളിൽ പദപരിചയം വർദ്ധിക്കുന്നതിനും ആവക ഭാഷകളിലെ സാഹിത്യം പോഷിപ്പിക്കുന്നതിനും ഭാഷാന്തരം ഇംഗ്ലീഷിൽ നിന്നു നാട്ടുഭാഷയിലേക്കും മറിച്ചും ഒരു നിർബന്ധവിഷയമായി ഇന്റർമീഡിയേറ്റ് ക്ലാസിൽ ഏർപ്പെടുത്തുന്നതു നന്നായിരിക്കും" (കേരളപാണിനി, 1934: 140).

17. നാട്ടുഭാഷാവിദ്യാഭ്യാസത്തിന്റെ കനകജൂബിലി പ്രസംഗത്തിൽനിന്ന് "കേരളമണ്ഡലത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഈ അനന്തശയനത്തിൽ ഒരു മലയാള വിദ്യാമന്ദിരം (സർവ്വകലാശാല) അചിരേണ പ്രതിഷ്ഠാപിതമായിക്കാണുന്നതിനുള്ള പ്രത്യാശയേ ഈ അവസരത്തിൽ മഹാജനസമക്ഷം വെളിപ്പെടുത്താതിരിക്കാൻ എനിക്കു മനസ്സുവരുന്നില്ല." (അതേപുസ്തകം, പുറം - 60)

18. "മലയാളത്തിലായിരുന്നു എങ്കിൽ അനന്തൻപിള്ളയ്ക്ക് ഒന്നാംക്ലാസ്സിൽ ജയിക്കാനുള്ള മാർക്കു കിട്ടുമോ എന്ന് സംശയമാണ്. ഉത്തരക്കടലാസു പരിശോധിക്കുമ്പോൾ അത്ര വളരെ നിഷ്കർഷ വയ്ക്കണമെന്നു തോന്നിപ്പോകുന്നു, അതു

നമ്മുടെ ഭാഷയല്ലേ? അതുകൊണ്ടായിരിക്കാം" (കേരളപാണിനി,1934:159).

19. "members of the targeted speech community develop a positive attitude toward it." Hearman, International Journal of the sociology of language, 86 :103-126, 1990.

## ആധാരസൂചി

20. അനന്തൻപിള്ള പി, 1934: കേരളപാണിനി, ബാലൻ പ്രസിദ്ധീകരണങ്ങൾ, തിരുവനന്തപുരം.

21. ചന്ദ്രികാ ശങ്കരനാരായണൻ, 1985: എ.ആർ. രാജരാജവർമ്മ മലയാളത്തിന്റെ രാജശില്പി, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

22. പ്രകാശൻ പി. പി. 2014: മലയാള ഭാഷാ സാഹിത്യപഠനം - സാംസ്കാരികവും രാഷ്ട്രീയവുമായ വിശകലനം പി. എച്ച്. ഡി. ഗവേഷണ പ്രബന്ധം, ശ്രീ ശങ്കരാ ചാര്യസംസ്കൃത യൂണിവേഴ്സിറ്റി, കാലടി .

23. ഭാഗീരഥി അമ്മ തമ്പുരാൻ എം., രാഘവവർമ്മ രാജാ എം, 1956: എ.ആർ. രാജ രാജവർമ്മ - ഭാഗം ഒന്ന്, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

24. -------- "1961" ഭാഗം രണ്ട്, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

25. --------- "1963" ഭാഗം മൂന്ന്, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

26. ശ്രീനാഥൻ എം., സെയ്തലവി സി. (എഡിറ്റർമാർ), 2017: .എ.ആർ. വിജ്ഞാനീയം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ.

20. Bright, w., 1992: Language Policy, International Encyclopaedia of Linguistics vol. IV 310- 3 11

21. Cooper, R.L., 1989: Language planning and social change, Cambridge University Press, England.

22. Rajaraja Varma, M., Atribute to a great soul being a pen picture of professor

23. R. Raja Raja Varma, M.A., Trivandrum: The Reddiar press, 1935.

## Websites

24. cal.org/areas of impact/ language -planning policy

25. slideshare.net /mobile/ Ayesha afzal 11/ language- planning- 900540342

link. springer.com,Nikonko M.K Kamwangamala response to the language question in Africa?

*muhamedbasheerkk@yahoo.co.in*

# മലയാളപഠനം: ഭാഷാസൂത്രണദൃഷ്ടിയിൽ

സോമനാഥൻ പി.

അസോ. പ്രൊഫസർ, മലയാളകേരളപഠനവിഭാഗം, കാലിക്കറ്റ് സർവ്വകലാശാല

## പ്രബന്ധസംഗ്രഹം

വിദ്യാലയങ്ങളിലെ ഭാഷാപഠനത്തെ ഭാഷാസൂത്രണത്തിന്റെ പ്രധാന ഉപാധി എന്ന നിലയിൽ പരിശോധിക്കുന്നു. മലയാളപഠനത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ള പ്രധാനമായ ഗതിവിഗതികളെ അവലോകനംചെയ്ത് പുതുകാലത്തിന്റെ രീതികളെ വിശകലനം ചെയ്യുന്നു.

**താക്കോൽവാക്കുകൾ**: ഭാഷാസൂത്രണം, ഭാഷാപഠനം, ഭാഷാർജ്ജനം

ജനസമൂഹത്തിന്റെ നാനാവിധമായ ഉപയോഗങ്ങൾക്ക് ഭാഷയെ സജ്ജമാക്കുക എന്നതാണ് ഭാഷാസൂത്രണത്തെ സംബന്ധിച്ച് പ്രധാനമായ കാര്യം. ഭാഷയാകട്ടെ മനുഷ്യർ തങ്ങളുടെ ജീവിതപരിസരത്തുനിന്ന് സ്വാഭാവികമായി ആർജ്ജിക്കുന്നതും നിത്യജീവിതത്തിൽ സദാ പ്രയോഗിക്കുന്നതുമാണ് എന്നതിനാൽ പരിണാമിയായിരിക്കും.അചഞ്ചലമായ സ്ഥിരത അതിനു സാദ്ധ്യമല്ല. അതേസമയം ചഞ്ചലവും പരിണാമിയുമായ ഒരു സ്ഥിരത അതിനുണ്ടുതാനും. സമൂഹത്തിലെന്നപോലെ വ്യക്തിയിലും ഭാഷ നിരന്തരം വികസിച്ചുകൊണ്ടിരിക്കും. പ്രാദേശികവും സാമൂഹികവും കാലികവുമായ വ്യത്യാസങ്ങളൊക്കെയും വ്യക്തിഭാഷയിലും പ്രസക്തമായിരിക്കും. വാസ്തവത്തിൽ നാം മലയാളമെന്ന് വിളിക്കുന്നത് അനവധി മാറ്റങ്ങളോടെ വളരെയേറെക്കാലമായി ഇവിടെ തുടരുന്ന, ആലങ്കാരികമായി അനേകം ഭാഷകളെന്നുപോലും വിളിക്കാവുന്നതരത്തിൽ പലവിധമായ വൈവിദ്ധ്യങ്ങൾ പുലർത്തുകയും അതേസമയം പൊതുവായ പലതും ഉൾവഹിക്കുകയും ചെയ്യുന്ന, പലമകളുടെ

സമാഹാരത്തെയാണ്. മലയാളമെന്നല്ല എല്ലാ ജീവത്ഭാഷകളും ഇതുപോലൊക്കെത്തന്നെയാണ്. ഭാഷകൾ പുലർത്തുന്ന ഈ വൈവിദ്ധ്യങ്ങളും നിരന്തരമായ പരിണാമപ്രവണതയുമാണ് ഭാഷാസൂത്രണം എന്നൊരു പദ്ധതിയെത്തന്നെ പ്രസക്തമാക്കുന്നത് എന്നുപോലും പറയാം. വൈവിദ്ധ്യങ്ങൾ വളർന്ന് പരസ്പരം തിരിച്ചറിയാനാകാത്ത മട്ടിൽ അത് ചിതറിപ്പോകാതിരിക്കാനാണ് ഭാഷാസൂത്രണം ശ്രമിക്കുന്നത്. അതിൽ മാനകഭാഷ എന്നത് സുപ്രധാനമാകുന്നു. അതേസമയം ഭാഷയുടെ വിവിധങ്ങളായ പ്രയോഗങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽക്കൂടുതൽ സൂക്ഷ്മതരമാക്കാനും ശ്രമിച്ചുകൊണ്ടേയിരിക്കുകയും ചെയ്യുന്നതിനാൽ ഭാഷാസൂത്രണത്തെ സംബന്ധിച്ച് വൈവിദ്ധ്യവും പ്രധാനമാകുന്നു. വ്യത്യസ്തമായ മേഖലകൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി പ്രയോഗക്ഷമമായ വ്യത്യസ്തമായ റജിസ്റ്ററുകളുണ്ടാവുകയെന്നത് ഭാഷയെ സമ്പുഷ്ടഭാഷ എന്ന പദവിയിലെത്തിക്കുന്നതിൽ പ്രധാനമാണല്ലോ.

മലയാളശൈലി എന്ന പുസ്തകത്തിന്റെ തുടക്കത്തിൽത്തന്നെ വൈവിദ്ധ്യങ്ങളെയും ഏകീകരണത്തെയും സംബന്ധിച്ച ഉൽക്കണ്ഠ കുട്ടികൃഷ്ണമാരാർ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

“ഒരു മൂലഭാഷയുടെ ഉൾപ്പിരിവുകളായി ചിന്നിച്ചിതറിയ ഭാഷാന്തരങ്ങൾക്കു തമ്മിലുള്ള വിപുലമായ വ്യത്യാസങ്ങൾ പോകട്ടെ; ഒരേകഭാഷതന്നെ ഏതാനും ശതാബ്ദങ്ങൾ കഴിയുമ്പോഴേയ്ക്ക് എങ്ങിനെയെല്ലാം മാറിമറിഞ്ഞു കളയുന്നു! നമ്മുടെ പൂർവ്വികരായ മലയാളികളുടെ ഭാഷയിൽ എഴുതപ്പെട്ട ‘ചിലപ്പതികാരം’, രാമചരിതം’, ‘കണ്ണശ്ശരാമായണം’ മുതലായവ ഇന്ന് ഒരു സാധാരണ മലയാളിയ്ക്കു മനസ്സിലാവാതിരിക്കുന്നുവല്ലോ. ഈ നിലയ്ക്കു നോക്കുമ്പോൾ ഭാഷയിൽ പദവാക്യപ്രമാണങ്ങളെ ഏറെക്കാലത്തേയ്ക്കും നിലനിർത്തുക എന്നതു ദുഷ്കരമായിത്തോന്നും. എന്നാൽ അതുതന്നെയാണ്, നാം ഏതാനും വ്യവസ്ഥകളെ അനുസരിയ്ക്കുക അത്യാവശ്യമാണെന്നതിലേയ്ക്കുള്ള കാരണവും. നമ്മൾ ഇന്നെഴുതുന്ന മലയാളം ഒരഞ്ഞൂറുസംവംത്സരത്തിനു ശേഷം വരുന്ന മലയാളിയ്ക്കു മനസ്സിലാകണമെങ്കിൽ, ഒരു ഗവേഷണശാലയും കുറേ പണ്ഡിതന്മാരുടെ നിരന്തരപരിശ്രമങ്ങളും വേണ്ടിയിരിയ്ക്കുമെന്നു വരുന്നതു നല്ലതിനല്ലല്ലോ.”

1942-ലാണ് മലയാളശൈലിയുടെ ആദ്യപ്രസാധനമെങ്കിലും മേൽ കാണിച്ച വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നത്, 1985 നവംബറിൽ മാതൃഭൂമി പ്രസിദ്ധീകരിച്ച ഒമ്പതാം പതിപ്പിൽനിന്നാണ്. വെറും 35 കൊല്ലം മുമ്പുള്ള മലയാളം അച്ചടിയും ഇന്നത്തെ അച്ചടിയും തമ്മിൽ താരതമ്യം ചെയ്യാൻകൂടി ഈ ഉദ്ധരണി സഹായിക്കും.

അഴിച്ചുമാറ്റാവുന്ന അച്ചുകൾ നിരത്തിയുള്ള 1985-ലെ അച്ചടിയിൽനിന്ന് 2020-ലെ ഡിടിപി അച്ചടിയിലേക്ക് മാറിയതിനിടെ എഴുത്തുരീതി എങ്ങനെയെല്ലാം മാറിയിരിക്കുന്നു എന്ന് ആലോചിക്കാവുന്നതാണ്. എന്തായാലും പൂർവ്വികർ എന്ന് ഇരട്ടിച്ച വയുടെ മേലെ കുത്തിട്ട് എഴുതുന്ന രീതി ഇവിടെ സാദ്ധ്യമല്ലതന്നെ. മലയാളിയ്ക്കു എന്നത് യകാരം ഒഴിവാക്കി മലയാളിക്ക് എന്നേ ഇന്നെഴുതാറുള്ളൂ. ഇത്രയേറെ ചിഹ്നങ്ങൾ ഇന്ന് ആരുണ്ട് ഉപയോഗിക്കുന്നു. പണ്ഡിതന്മാർ എന്നതിനു പകരം ലിംഗനിരപേക്ഷമായ പണ്ഡിതർ ആണ് ഈ എൽജിബിടി കാലത്ത് രാഷ്ട്രീയമായി ഉചിതമെന്ന് വിചാരിക്കാനും മതി. ലിപിപരിഷ്കരണം വരുത്തിയ മാറ്റങ്ങളുടെ പ്രത്യാഘാതങ്ങൾകൂടി പരിഗണിച്ചാൽ ഇതിൽ എത്ര സമസ്തപദമാണ് പിരിച്ചെഴുതുകയെന്നും എത്ര ഇരട്ടിപ്പുകളാണ് നഷ്ടപ്പെടുകയെന്നും ആലോചിക്കാവുന്നതാണ്. ലിപിപരിഷ്കരണമാകട്ടെ മലയാളത്തിൽ അരനൂറ്റാണ്ടുമുമ്പേ കമ്മറ്റിയുണ്ടാക്കി മീറ്റിങ്ങുകൂടി ചർച്ച ചെയ്ത് ആലോചിച്ചുറപ്പിച്ച് നടത്തിയ പ്രധാനപ്പെട്ട ഭാഷാസൂത്രണപ്രവർത്തനവുമാണ്. ചുരുക്കത്തിൽ, കെ.എം. ഗോവിയെ പിന്തുടർന്നുകൊണ്ട് ഒരു ഗവേഷണത്തിനുള്ള വകുപ്പൊക്കെ ഇപ്പറഞ്ഞ 35 വർഷത്തിനുള്ളിൽത്തന്നെ ഉണ്ടായിട്ടുണ്ടെന്നർത്ഥം.

ഭാഷയിൽ പുതുതായി ഉണ്ടാകുന്ന ഓരോ വാക്യവും സൂക്ഷ്മാർത്ഥത്തിൽ ഭാഷയെ വികസിപ്പിക്കുന്നതിനുള്ള ചെറിയ ചുവടുവെപ്പാണ്. അത് ഭാഷാപ്രയോഗത്തെ നവീകരിക്കാനും കൂടുതൽ കാര്യക്ഷമമാക്കാനുമുള്ള യത്നമാണല്ലോ. വിശാലമായ ഈ അർത്ഥത്തിൽ നോക്കുമ്പോൾ ഏതൊരു ഭാഷാപ്രയോഗവും ഭാഷാസൂത്രണത്തിന്റെ പരിധിയിൽ വരും എന്നു പറയാം. പക്ഷേ, 'വാക്കുകൾ കാറ്റാകുന്നു' എന്നു കോവിലൻ പറഞ്ഞപോലെ മൊഴികൾ മിക്കതും തൽക്കാലത്തേക്കേ നില്ക്കുന്നുള്ളൂ. എഴുത്തും രേഖപ്പെടുത്തിയ മൊഴികളുമാകട്ടെ ഏറെക്കാലം നിലനില്ക്കുന്നവയാണ്. അതിനാൽ ഭാഷയിൽ രേഖപ്പെടുത്തുന്ന മൊഴികൾക്ക് ഭാഷാസൂത്രണത്തിൽ കൂടുതൽ പങ്കുണ്ട് എന്നു പറയാം. അങ്ങനെ നോക്കുമ്പോൾ ഗ്രന്ഥരചനയുൾപ്പെടെ മൊഴികൾ രേഖപ്പെടുത്തുന്നതുതന്നെ വലിയ ഭാഷാസൂത്രണപ്രവൃത്തിയാകുന്നു. അത് തികച്ചും സാധാരണമായതിനാൽ അതിനെ ഗൗനിക്കാറില്ലെന്നു മാത്രം. അതേസമയം ഭാഷയെക്കുറിച്ചുള്ള ആലോചനകളും വിശകലനങ്ങളും ഭാഷാസൂത്രണം ഗൗരവമായി പരിഗണിക്കുന്ന മേഖലയാണ്. അതായത് ഭാഷാവിഷയകമായി മലയാളത്തിലുണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ ഗ്രന്ഥങ്ങൾ–മണിപ്രവാളലക്ഷണമായാലും വിദേശികൾക്ക്

ഭാഷാപഠനത്തിനുള്ള സഹായി ആയാലും ഭാഷാവ്യാകരണരചന ആയാലും ഭാഷാചരിത്രനിർമ്മാണമായാലും ഭാഷാപ്രയോഗനിർദ്ദേശകങ്ങളായാലും ഭാഷാഭേദപഠനമായാലും അതെല്ലാം- ഗൗരവമായ ഭാഷാസൂത്രണയത്നങ്ങളായി എണ്ണാം.

ഭാഷാസംബന്ധമായ ഗ്രന്ഥരചനകൾ പോലെ വ്യക്തികളോ പ്രസ്ഥാനങ്ങളോ ഏറ്റെടുത്തു നടത്തിയ വമ്പിച്ച ഭാഷാസൂത്രണശ്രമങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്; ഉണ്ടാകുന്നുമുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങൾ പലതരത്തിൽപ്പെട്ട ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് അതിനെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. അതേസമയം ലിപിപരിഷ്കരണംപോലെയുള്ള ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കിയ ഭാഷാസൂത്രണശ്രമങ്ങളും അവർ നടപ്പാക്കിയിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും മലയാളത്തിലെ ഭാഷാസൂത്രണശ്രമങ്ങളിൽ ശക്തവും അഭംഗുരവുമായ ധാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഭാഷാപഠനത്തിന്റേതാണ് എന്നു കാണാം. അതിലാണ് ലിപിപരിഷ്കരണം വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടുള്ളതും.

കേരളപ്പിറവിക്കു മുമ്പുതന്നെ മലയാളദേശത്തിൽ അങ്ങിങ്ങോളമുള്ള കുട്ടികളെ മലയാളം എഴുത്തിലേക്ക് ആനയിച്ചുകൊണ്ടാണ് ആധുനികരീതിയിലുള്ള പൊതുവിദ്യാഭ്യാസം നടപ്പായത്. ആദ്യകാലത്ത് അതിനുണ്ടായിരുന്ന ജാതിശാഠ്യങ്ങളും സ്ത്രീവിരോധവുമെല്ലാം ക്രമേണ മാറിയതോടെ അത് വലിയതോതിൽ സ്വീകാര്യതയും വ്യാപ്തിയും ശക്തിയും നേടിയെടുത്തു. അച്ചടിയും മിഷണറിപ്രവർത്തനവും പുരോഗമനാശയങ്ങളും എല്ലാം ഇരമ്പിയ ചരിത്രകാലഘട്ടം ആധുനികമലയാളി എന്ന പുതിയ മനുഷ്യസങ്കല്പം രൂപപ്പെടുത്തിയെടുത്തതിന്റെ പശ്ചാത്തലത്തിലാണ് (അനവധി സ്കൂൾ മുതലാളിമാരുടെ മുൻകയ്യിൽ) ജനകീയമായ വിദ്യാഭ്യാസതരംഗം രൂപപ്പെട്ടത്. കേരളപ്പിറവിയെത്തുടർന്ന് മലയാളദേശത്തെവിടെയും കുട്ടികൾ ഒരേ പാഠപുസ്തകങ്ങൾ പഠിക്കാനാരംഭിച്ചു. ഭാഷാസൂത്രണത്തിലെ സുപ്രധാനമായ കാര്യമാണ് ഭാഷാമാനകീകരണം. വിദ്യാഭ്യാസത്തിലെ മലയാളപഠനംപോലെ, ഇന്നും തുടരുന്ന, അത്രയ്ക്ക് ബൃഹത്തായ ഒരു മാനകീകരണപദ്ധതി മറ്റൊന്നില്ല എന്നതാണ് ഭാഷാസൂത്രണത്തിൽ അതിനുള്ള പ്രാധാന്യം. മാനകീകരണപ്രക്രിയയിൽ ചിലർക്ക് കിട്ടുന്ന ആനുകൂല്യങ്ങളും മറ്റു ചിലർക്ക് നേരിടേണ്ടിവരുന്ന പ്രാതികൂല്യങ്ങളും അതിലടങ്ങിയിട്ടുണ്ടെങ്കിലും അത് മലയാളികളെ ഭാഷാപരമായി ഏകീകരിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അത് വിശാലമായ ഭാഷാലോകത്തേക്ക് കുട്ടികളെ നയിച്ചു എന്നത് പ്രധാനമാണ്.

വിദ്യാഭ്യാസപ്രവർത്തനം ആരംഭിച്ചപ്പോഴാണ് കുട്ടികൾക്ക് പഠിക്കാൻ പാകത്തിൽ വിവിധവിഷയങ്ങളിൽ പാഠപുസ്തകങ്ങളുണ്ടാകേണ്ടത് ഒരടിയന്തിരാവശ്യമായി വന്നത്. അക്കാലത്ത് രൂപീകരിച്ച പാഠപുസ്തകക്കമ്മറ്റികളുടെ പ്രധാന ജോലിതന്നെ വിവിധ വിഷയങ്ങൾക്കായി ഗദ്യത്തിൽ പാഠപുസ്തകങ്ങൾ എഴുതിയുണ്ടാക്കുകയെന്നതായിരുന്നു. മലയാളത്തിലെ ഗദ്യശാഖയെ പ്രബലപ്പെടുത്തി എന്നതിനപ്പുറം വ്യത്യസ്ത വിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള പദാവലികളും പ്രതിപാദനരീതികളും രൂപപ്പെടുത്തിക്കൊണ്ട് അത് മലയാളത്തിന്റെ വിനിമയസാദ്ധ്യതയെ വിപുലപ്പെടുത്തി. ഒപ്പം അതിർത്തിപ്രദേശങ്ങളിലെ സമൂഹങ്ങൾക്ക് അവരവരുടെ ഭാഷയിൽ പഠിക്കാനുള്ള അവസരവും അതു പരിഗണിച്ചു. ആ അർത്ഥത്തിൽ ഏകഭാഷ എന്ന അടഞ്ഞനിലപാടിൽ അത് തളഞ്ഞുപോയില്ല.

കേരളത്തിൽ നടപ്പിലായ മലയാളപഠനത്തിന് മൂന്നു ധാരകൾ കാണാം. ഒന്ന് വിവിധ വിഷയങ്ങൾ പഠിക്കാനുള്ള മാദ്ധ്യമമെന്ന നിലയിൽ. രണ്ട്, മലയാളഭാഷതന്നെ എല്ലാവിദ്യാർത്ഥികളും പഠിച്ചിരിക്കേണ്ട പഠനവിഷയമെന്ന നിലയിൽ. മൂന്നാമത് മലയാളഭാഷാസാഹിത്യംതന്നെ ആവശ്യക്കാർക്ക് തിരഞ്ഞെടുക്കാവുന്ന വിശേഷപഠനം എന്ന നിലയിൽ. മലയാളഭാഷയിലെ സാഹിത്യരൂപങ്ങളും സാഹിത്യശാസ്ത്രങ്ങളും ഭാഷാഘടനയും എല്ലാം ഉൾപ്പെടുത്തി ഭാഷയെ കൂടുതൽ ആഴത്തിൽ പഠിക്കാനുള്ളതാണത്. സവിശേഷമായ ഭാഷാപഠനത്തിനായി മലയാളമോ സംസ്കൃതമോ അറബിയോ ഒക്കെ പഠിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ടായിരുന്നു. പഠനത്തിനുള്ള ഭാഷാമാദ്ധ്യമമെന്ന നിലയിൽ ഇംഗ്ലീഷും ആദ്യകാലത്തേ നിലവിലുണ്ടായിരുന്നു. അതിന് ഏറെ മാന്യതയും സ്വീകാര്യതയും ലഭിച്ചിരുന്നു എന്നുകൂടിയാണല്ലോ ബാലാഭ്യസനത്തെക്കുറിച്ചുള്ള റവ. ജോർജ്ജ് മാത്തന്റെ പ്രസിദ്ധമായ പ്രഭാഷണത്തിന്റെ ചരിത്രപശ്ചാത്തലത്തിൽനിന്ന് വ്യക്തമാകുന്നത്. പിന്നീട് മുതിർന്ന ക്ലാസ്സുകളിൽ ത്രിഭാഷാപദ്ധതിയെ പിന്തുടർന്നുകൊണ്ട് ഇംഗ്ലീഷും ഹിന്ദിയും നിർബ്ബന്ധിതമായ പഠനവിഷയമായി. ബഹുഭാഷകളും ബഹുലസംസ്കാരങ്ങളുമുള്ള ഇന്ത്യയെന്ന പ്രദേശത്തെ ഒന്നാകെ കണ്ടുള്ള വിശാലമായ ഭാഷാസൂത്രണത്തിന്റെ ഭാഗമായിട്ടാണ് ത്രിഭാഷാപദ്ധതി വരുന്നത് (പുതിയകാലത്ത് അത് പണ്ടേപ്പോലെ പ്രസക്തമാണോ എന്നു പരിശോധിക്കേണ്ടതാണ്). ഇങ്ങനെ പല ഭാഷകൾ പഠനവിഷയമാകുന്നത് മലയാളഭാഷാസൂത്രണത്തെ നിരുത്സാഹപ്പെടുത്തുകയല്ലേ ചെയ്യുക എന്നു സംശയിക്കാം. മറ്റു ഭാഷകളുമായുള്ള സമ്പർക്കങ്ങൾ ഏതൊരു ഭാഷയുടെയും

വികാസത്തിന് അനുപേക്ഷണീയമാണ്. ഭാഷാഘടനയെക്കുറിച്ചുള്ള ആലോചനയ്ക്ക് അന്യഭാഷാസമ്പർക്കം പ്രചോദനമാകും. വിവർത്തനങ്ങളിലൂടെ ഭാഷ ശക്തിപ്പെടാൻ അന്യഭാഷാഗ്രാഹ്യം അനിവാര്യവുമാണ്. ചുരുക്കത്തിൽ സ്വന്തം സ്വാതന്ത്ര്യം കൈവിടാതെ കഴിയുന്നത്ര ഭാഷകളുമായി സമ്പർക്കം പുലർത്തുക എന്നതാണ് ഭാഷയെ സംബന്ധിച്ച് ഗുണകരം. പരിചിതമായ ഭാഷകളിൽനിന്നെല്ലാം അത്തരം സാദ്ധ്യതകളെ നമ്മൾ വേണ്ടവിധത്തിൽ ഉപയോഗിച്ചിട്ടുണ്ടോ എന്നത് വേറെ ചോദ്യം.

മലയാളപഠനത്തിനുള്ള മൂന്നു ധാരകൾ പരിശോധിച്ചാൽ ഓരോന്നിനും സവിശേഷമായ ചില ഉദ്ദേശ്യലക്ഷ്യങ്ങളുള്ളതായിക്കാണാം. മറ്റേതൊരു വിഷയത്തെയും മലയാളഭാഷയിലൂടെ ഉൾക്കൊള്ളാനും മലയാളത്തിൽ ആവിഷ്കരിക്കാനും ശീലിക്കുകയാണ് പഠനമാദ്ധ്യമമെന്ന നിലയിലുള്ള മലയാളപഠനത്തിന്റെ ലക്ഷ്യം. വിജ്ഞാനത്തെ ജനകീയമാക്കുന്ന ഒരു ദൗത്യമുണ്ടല്ലോ അതിൽ. നിർബ്ബന്ധിതമായ മലയാളം (പഴയകാലത്ത് മലയാളം രണ്ടാം പേപ്പർ) നിത്യജീവിത്തിൽ അത്യാവശ്യമായി വരുന്ന ചില എഴുത്തുകുത്തുകളും സാമാന്യമായ വായനയും എല്ലാം ഉൾപ്പെടുത്തിയ ഭാഷാവ്യവഹാരപഠനമാണ്. അത് കേരളത്തിൽ എല്ലാവരും പഠിച്ചെടുക്കേണ്ട ഭാഷാശേഷിയെ മുൻനിറുത്തുന്നു. എല്ലാവരെയും മലയാളത്തിൽ പ്രായോഗികമായ സാക്ഷരതയുള്ളവരാക്കുക എന്നതാണതിന്റെ നിലപാട്. സവിശേഷമായ മലയാളപഠനമാകട്ടെ ഭാഷയെയും സാഹിത്യത്തെയും ആഴത്തിൽ പഠിക്കാനുദ്ദേശിക്കുന്നവർക്കു സ്വീകരിക്കാനുള്ളതാണ്. തുടർപഠനത്തിൽ, പ്രീഡിഗ്രിയിലും ഡിഗ്രിയിലും പി.ജി.യിലുമെല്ലാം മലയാളം തിരഞ്ഞെടുത്ത് മുന്നേറുന്നവർക്ക് ശക്തമായ അടിത്തറ രൂപപ്പെടുത്തുകയാണതിന്റെ ഒരു ലക്ഷ്യം. മറ്റൊന്ന് ഉന്നതപഠനത്തിൽ മലയാളം സ്വീകരിക്കാത്തവർക്കും മലയാളഭാഷയെയും സാഹിത്യത്തെയും സംബന്ധിച്ച അടിസ്ഥാനപരമായ ധാരണയുണ്ടാക്കുകയും വായനയും സംവാദവും സജീവമാക്കി നിർത്താനുള്ള വിഭാഗത്തെ സൃഷ്ടിച്ചെടുക്കുകയുമാണ്. പഴയ കാലത്തെ മലയാളം ഒന്നാം പേപ്പറിന്റെയും രണ്ടാംപേപ്പറിന്റെയും പാഠപുസ്തകങ്ങളുടെ ഘടന താരതമ്യം ചെയ്താൽത്തന്നെ ഇത് വ്യക്തമാകും.

എന്താണ് മറ്റു വിഷയങ്ങളുടെ മലയാളപാഠപുസ്തകങ്ങളും മലയാളം തന്നെ പാഠ്യവിഷയമായ പാഠപുസ്തകങ്ങളും തമ്മിലുള്ള വ്യത്യാസം എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ചരിത്രത്തിലെയോ, ശാസ്ത്രത്തിലെയോ ഒരു ഭാഗം ഒരേസമയം ഈ രണ്ടുതരം പാഠപുസ്തകങ്ങളിലും പ്രത്യക്ഷപ്പെട്ടേക്കാം. പക്ഷേ

അവയുടെ പഠനോദ്ദേശ്യങ്ങൾ തമ്മിൽ കാതലായ ചില വ്യത്യാസങ്ങളുണ്ട്. ശാസ്ത്രപാഠപുസ്തകത്തിൽ പ്രധാനം അതിലെ ആശയമാണ്. ഭാഷ അതു പഠിക്കാനുള്ള ഒരു ഉപാധിമാത്രമാണവിടെ. മലയാളപാഠപുസ്തകത്തിലാകട്ടെ ഭാഷയാണ് കാര്യം. കഠിനപദങ്ങൾ, പദച്ചേരുവകൾ, അവയുടെ സന്ധിയും സമാസവും തുടങ്ങിയവ അവിടെ പ്രധാനമാണ്. അവിടെ വിഷയം ഒരു ഉപാധി മാത്രമാണ്. സൂക്ഷ്മമായ അർത്ഥത്തിൽ സാഹിത്യംപോലും അവിടെ ഭാഷാപഠനത്തിനുള്ള ഉപാധി മാത്രമാണെന്നു പറയാം. വസ്തുനിഷ്ഠമായ കാര്യങ്ങളും ഭാവനാത്മകമായ കാര്യങ്ങളും കൈകാര്യം ചെയ്യുന്ന ഭാഷയുടെ പ്രയോഗവൈവിദ്ധ്യമാണ് ശ്രദ്ധാവിഷയം. ചെറിയ ക്ലാസ്സിൽ മലയാളം മുൻഷിമാർ പദച്ഛേദവും അന്വയവും വിശദീകരിച്ച് ഒരേ പദ്യത്തിനുതന്നെ അർത്ഥങ്ങളുടെ പല അടരുകൾ കാണിച്ചുതന്ന പഴയ ക്ലാസ്സ്റൂമനുഭവമാണ് ഫിസിക്സിലും ഒരു കാര്യത്തിന് പിന്നിൽ ഒന്നിൽക്കൂടുതൽ അർത്ഥങ്ങൾ (സാദ്ധ്യതകൾ) ഉണ്ടാകാമെന്ന നിലപാടിലേക്ക് തന്നെ എത്തിച്ചതെന്ന് ഇ.സി.ജി. സുദർശൻ (കെ.എം. വേണുഗോപാൽ, 2008) രേഖപ്പെടുത്തിയിട്ടുണ്ട്. സവിശേഷമായ ഭാഷാപഠനത്തിന്റെ, മലയാളപഠനത്തിന്റെ, ഈ സാദ്ധ്യതകളാണ് അല്ലാതെ ശാസ്ത്രപഠനത്തിന്റെ ഗുണമല്ല വഴികാട്ടിയായത് എന്നാണദ്ദേഹം വെളിപ്പെടുത്തിയത്. അതേസമയം ഭാഷാപ്രയോഗത്തിലല്ല, മറിച്ച് ശാസ്ത്രപ്രയോഗത്തിലാണ് അത് പ്രവർത്തിച്ചത് എന്നും ഓർക്കേണ്ടതാണ്. അതായത് ഭാഷാപഠനത്തിന്റെയും ശാസ്ത്രപഠനത്തിന്റെയും പഠനോദ്ദേശ്യങ്ങൾ വ്യത്യസ്തമാണെന്നും അവ സംയോജിക്കുമ്പോൾ വിസ്മയകരമായ ഫലങ്ങളിലേക്കു നയിക്കാം എന്നുമാണ് ഇത് വ്യക്തമാകുന്നത്. അതേസമയം അദ്ദേഹത്തിനു വെളിച്ചം നല്കിയ തരത്തിലുള്ള ഭാഷാപഠനം 1997-ലെ പാഠ്യപദ്ധതിപരിഷ്കരണത്തോടെ പാടേ ഉപേക്ഷിക്കുകയാണ് നാം ചെയ്തത് എന്നും ഇതിനോടൊപ്പം ഓർക്കാം.

സാധാരണയായി അഞ്ചുവയസ്സോടെ ഏതൊരു കുട്ടിയും തന്റെ ചുറ്റുവട്ടത്തുള്ള ഭാഷ(ഒന്നാംഭാഷ)യിൽ സാമാന്യമായ പ്രയോഗജ്ഞാനം നേടിയിരിക്കും എന്നതിനാൽ അതിനുശേഷം മാത്രം വിദ്യാലയപ്രവേശം നേടുന്ന കുട്ടിക്ക് പിന്നീട് എന്തു മലയാളമാണ് പഠിക്കാനുള്ളത് എന്ന സംശയം തോന്നാം. കുട്ടി പക്ഷേ ആർജ്ജിച്ചെടുത്തത് മലയാളത്തിന്റെ പല ഭാഷാഭേദങ്ങളിൽ ഒന്നു മാത്രമാണ്. അതിന്റെ പ്രയോഗമണ്ഡലം വീടും പരിസരവുമെന്നനിലയിൽ വളരെ പരിമിതവുമാണ്. വിദ്യാലയത്തിൽ അതുതന്നെ വീണ്ടും പഠിക്കുകയല്ല ചെയ്യുന്നത്. ഒന്നാംഭാഷയുടെ സ്വാംശീകരണവും ഒന്നാംഭാഷയുടെ പഠനവും

പരസ്പരബന്ധമുള്ളതാണെങ്കിലും ഒരേ രീതിയല്ല പിന്തുടരുന്നത്. വിദ്യാലയങ്ങളിൽ കുട്ടികൾ പഠിക്കുന്നത് എഴുത്തുവിദ്യയാണ്. അത് അതേവരെ സ്വാംശീകരിച്ച വാമൊഴിഭാഷയുടെ തുടർച്ചയാണെങ്കിലും അതുതന്നെയല്ല.

അതുവരെ സംസാരിക്കുമ്പോൾ ഉപയോഗിച്ചിരുന്ന സ്വനങ്ങളെത്തന്നെ അവർ പുതുതായ ഒരു തലത്തിൽ തിരിച്ചറിയുന്നു. മലയാളത്തിലെ അടിസ്ഥാനാക്ഷരങ്ങൾ അമ്പത്തൊന്നോ അല്ലയോ എന്ന് നമുക്കിനിയും തിട്ടപ്പെടുത്താനായിട്ടില്ലെങ്കിലും അടിസ്ഥാനാക്ഷരങ്ങളിലെ സ്വരങ്ങളെയും വ്യഞ്ജനങ്ങളെയും കുട്ടി തിരിച്ചറിയുന്നത് അവിടെ വെച്ചാണ്. ഭാഷണത്തിന്റെ ഒഴുക്കിൽ സ്വരപ്രായമായിത്തീരുന്ന പല വ്യഞ്ജനങ്ങളും നമ്മുടെ നാട്ടുമൊഴികളിലുണ്ട്. അവയിലെ വ്യഞ്ജനത്വം പ്രകടമായി അനുഭവപ്പെടുന്നത് എഴുത്തുചിഹ്നങ്ങൾ പഠിച്ചെടുക്കുന്നതോടെയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മലയാളത്തിലെ സ്വനിമാപഗ്രഥനം എന്ന ഗൗരവതരമായ പ്രക്രിയയിലൂടെയാണ് കുട്ടി കടന്നുപോകുന്നത്. അതുവരെ ഉച്ചരിച്ചുറച്ച ശീലങ്ങൾ അതിന് സഹായകരമാകുന്നുണ്ട്. പൂ, നായ്, മൗ തുടങ്ങി പരിചിതമായ പദങ്ങൾതന്നെ അക്ഷരവിന്യാസം പ്രകടമാകുന്ന തരത്തിൽ പൂവ്, നായ, മഴ എന്ന മട്ടിൽ തിരിച്ചറിയുന്നു. അതുവരെ കേട്ട കതയെ കഥയെന്നു മനസ്സിലാക്കുന്നു. എന്തിന് വീട്ടിലെ ചെല്ലപ്പേരിനു പകരം തന്റെ ഔദ്യോഗികനാമത്തെ തിരിച്ചറിയുന്നു. പൂമ്പാറ്റ ചിത്രശലഭത്തിന്റെ വീട്ടിൽ വിളിക്കുന്ന പേരാകും എന്ന് വീരാൻകുട്ടി എഴുതിയതുപോലെ (കവിതയുടെ താല്പര്യം മറ്റൊന്നാണെങ്കിലും) പരിചിതമായ ചുറ്റുപാടുകളെത്തന്നെ അത് പുനർനിർവ്വചിക്കുന്നു. നാനാജഗന്മനോരമ്യഭാഷ എന്ന് ഇടശ്ശേരി (പള്ളിക്കൂടത്തിലേക്ക് വീണ്ടും) വാഴ്ത്തിയ ജന്തുസഹജമായ അമൂർത്തഭാഷയിൽനിന്ന് ആ കാല്പനികാനുഭവത്തെ നാനാജഗന്മനോരമ്യഭാഷ എന്ന് മൂർത്തമായ മലയാളത്തിലേക്ക് മാറ്റുന്ന ഇടശ്ശേരിയുടെ കാവ്യഭാഷയിലേക്ക് കുട്ടി പിച്ചവെക്കുന്നു. ആംഗ്യങ്ങൾകൊണ്ടും ഈണവ്യത്യാസംകൊണ്ടും മറ്റും സൂചിപ്പിച്ചിരുന്ന അർത്ഥഭേദങ്ങളെ കുറേക്കൂടി മൂർത്തമായി അവതരിപ്പിക്കുകയെന്ന വെല്ലുവിളി ഏറ്റെടുക്കുന്നു. ചുരുക്കത്തിൽ വർണ്ണപദവാക്യതലങ്ങളിലെല്ലാം അതു പുതിയ ഒരു വ്യക്തത നേടുന്നു. അതാകട്ടെ കേരളത്തിലെവിടയുമുള്ള മലയാളികളോട് സംവദിക്കാൻ ശേഷിയുള്ള ഒന്നാണെന്ന് ക്രമേണ തിരിച്ചറിയുകയും ചെയ്യുന്നു. മാത്രമല്ല തന്റെ പരിസരഭാഷയെ അടയാളപ്പെടുത്താൻ കഴിയുന്ന വിധത്തിൽ എഴുത്തുഭാഷയെ പരിഷ്കരിക്കാമെന്നും പഠിക്കുന്നു. നിശ്ചിതമായ അക്ഷരചിഹ്നങ്ങൾ ഉപയോഗിച്ചുകൊണ്ടുതന്നെ വാമൊഴിയുടെ രീതിഭേദങ്ങളെ എങ്ങനെയെല്ലാംസൂചിപ്പിക്കാൻ കഴിയുമെന്ന്

നോവലിലും ചെറുകഥകളിലുമൊക്കെ നടത്തിയ പരീക്ഷണങ്ങളുടെ ബഹുവിധമായ മാതൃകകളും അവർക്ക് മുന്നിൽ എഴുത്തായി ലഭിക്കുന്നു. ചുരുക്കത്തിൽ മാനകീകൃതമായ എഴുത്തുഭാഷയിലേക്ക് പ്രവേശിക്കുന്നതിനുള്ള ബോധപൂർവ്വമായ പരിശീലനങ്ങളുടെ ആദ്യപടിയിലാണ് ഒന്നാം ക്ലാസ്സിലെത്തുന്ന കുട്ടി പാദമൂന്നുന്നത്. തുടർന്ന് ആ ഭാഷയിലാണ് കണക്കും സയൻസും ചരിത്രവും ഭൂമിശാസ്ത്രവും മറ്റും കുട്ടി പഠിച്ചെടുക്കേണ്ടത്.

സവിശേഷമായ ഭാഷാപഠനം വാസ്തവത്തിൽ ഭാഷാഘടനയെ കൂടുതൽ ശ്രദ്ധിക്കുന്നു. ഭാഷാപ്രയോഗങ്ങളുടെ അന്തർദ്ധാരയായി നില്ക്കുന്ന ഘടനയും അതിലെ ചേർപ്പുകളും അഴിപ്പുകളുമെല്ലാം അടുത്തുപരിശോധിക്കുന്നു. ഭാവാനാത്മകവും നവീനവുമായ പ്രയോഗങ്ങളെ, ഉക്തിവൈചിത്ര്യങ്ങളെ, മനസ്സിലാക്കാനും പുതിയ പ്രയോഗങ്ങളിലേക്ക് സ്വയം എത്തിച്ചേരാനും അതു കുട്ടികളെ സജ്ജരാക്കുന്നു. ഭാഷയും സാഹിത്യവുമാണ് അതിലെ പ്രധാന പഠനവിഷയം. പദ്യപഠനത്തിലൂടെ കവിതയുടെ ഭാവനാലോകം പരിചയപ്പെടുക മാത്രമല്ല കുട്ടികളുടെ പദജ്ഞാനം വലിയതോതിൽ വികസിക്കുകയും ചെയ്യുന്നു. ഒരേ അർത്ഥത്തെ കുറിക്കാൻ ഊഷൽഭേദങ്ങളോടെ പല പദങ്ങൾ പഠിക്കുന്നതോടെ പ്രയോഗം കൂടുതൽ സൂക്ഷ്മതരമാകുന്നു. വ്യത്യസ്തമായ പദങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥനിവേദനത്തിനുള്ള പല രീതികൾ സ്വായത്തമാക്കുന്നു. അഞ്ചാം വയസ്സിൽനിന്ന് കുട്ടിയുടെ ഭാഷാശേഷി വികസിക്കുന്നത് പ്രധാനമായും പദശേഖരത്തിലും വാക്യപ്രയോഗങ്ങളുടെ വൈവിദ്ധ്യത്തിലുമാണല്ലോ. അതിനു സമാന്തരമായി വ്യത്യസ്തവിഷയങ്ങളിലുള്ള അറിവും വികസിക്കുന്നു. ഇങ്ങനെയെല്ലാം ചിട്ടപ്പെടുത്തിയ ഒരു പദ്ധതിയാണ് ഭാഷാപഠനത്തിന്റേത്.

അറിയുന്നതിൽനിന്ന് അറിയാനുള്ളതിലേക്ക് എന്നാണ് എക്കാലത്തെയും വിദ്യാഭ്യാസത്തിന്റെ നിർദ്ദിഷ്ടരീതി. മലയാളപഠനത്തിന്റെ കാര്യത്തിൽ നിത്യജീവിതത്തിൽ കാര്യക്ഷമമായി മലയാളം ഉപയോഗിക്കുന്നു എന്നുള്ളത് എല്ലാ കുട്ടികളും നേരത്തെ ആർജ്ജിച്ചുകഴിഞ്ഞ ശേഷിയാണ്. എന്നുവെച്ചാൽ സ്റ്റാർട്ടിങ് പോയിന്റിൽ എല്ലാവരും അവരവരുടെ കഴിവനുസരിച്ച് ഒരേപോലെ മിടുക്കരാണ്. എന്നുവെച്ച് തുടർന്നുള്ള മാർഗ്ഗത്തിൽ എല്ലാവരും ഒരേപോലെ മുന്നേറിക്കൊള്ളണമെന്നില്ല. മലയാളപഠനത്തിന്റെ കാര്യത്തിൽ കുട്ടികൾ പ്രയാസമനുഭവിക്കുന്നത് പ്രധാനമായും അക്ഷരമെഴുത്ത് പഠിച്ചെടുക്കുന്നതിലാണ്. അതിലെ പ്രധാന വൈതരണി അതിഖരഘോഷങ്ങളും ഊഷ്മാക്കളുംതന്നെ. അതിന്റെ കാരണമാകട്ടെ മലയാളമെഴുത്തിന്റെ പരിണാമചരിത്രത്തിൽത്തന്നെ വേരോടിയിരിക്കുന്ന ചില കാര്യങ്ങളാണെന്ന്

ഗവേഷണത്തിന്റെ ഭാഗമായി നടത്തിയ വിശകലനത്തിൽ വ്യക്തമായിട്ടുണ്ട് (സോമനാഥൻ, 2008).

തമിഴക്ഷരമാലയിലൊതുങ്ങിനിന്ന വട്ടെഴുത്തിൽനിന്ന് സംസ്കൃതാക്ഷരമാലകൂടി ഉൾപ്പെടുന്ന ഗ്രന്ഥാക്ഷരത്തിലേക്ക് വികസിച്ചതാണ് പ്രാചീനകാലത്തുതന്നെ മലയാളമെഴുത്തിലുണ്ടായ ഒരു പ്രധാനപരിണാമം. രാമചരിതവും തിരുനിഴൽമാലയും പോലുള്ള പാട്ടുകൃതികളിൽനിന്ന് കണ്ണശ്ശക്കവിതകളിലൂടെ വളർന്ന് എഴുത്തച്ഛന്റെ കിളിപ്പാട്ടിലേക്ക് എത്തുമ്പോൾ ഈ പരിണാമം ഏതാണ്ട് പൂർത്തിയാകുന്നു. എഴുത്തച്ഛനിൽത്തന്നെ രാമായണത്തിൽനിന്ന് മഹാഭാരതത്തിലേക്ക് എത്തുമ്പോൾ ചെറുശ്ശേരിയിൽ കണ്ടതുപോലെ ഒരു തെളിച്ചം കൂടുന്നുമുണ്ടല്ലോ. പാട്ടിൽനിന്ന് കിളിപ്പാട്ടിലേക്കുള്ള ഈ ലിപിവികാസം ബോധപൂർവ്വമായ ഭാഷാസൂത്രണയത്നത്തിന്റെ ഫലമായി വിചാരിക്കാനാവില്ല. സംസ്കൃതാക്ഷരങ്ങൾ ഓരോന്നായി കടന്നുവരുന്നതിന്റെ ചരിത്രപരമായ വിശദാംശങ്ങൾ എൻ. സാം പ്രസിദ്ധീകരിച്ചിട്ടുണ്ട് (2006).

സംസ്കൃതാക്ഷരമാലയുടെ സ്വീകരണം മലയാളത്തിന്റെ പദസമ്പത്തും പ്രയോഗശേഷിയും വികസിപ്പിച്ചു എന്നല്ല, അതില്ലാത്ത മലയാളത്തെ സങ്കല്പിക്കാൻ പോലുമാകാത്ത രീതിയിൽ അത് പ്രതിഷ്ഠ നേടുകയും ചെയ്തു. എങ്കിലും അത് മലയാളിജീവിതത്തിന്റെ അടിയടരിനെ ഇതുവരെ പൂർണ്ണമായും സ്വാധീനിച്ചുകഴിഞ്ഞു എന്നും പറയാനാവില്ല. ഗ്രീഷ്മ, ബാലഭാസ്കർ തുടങ്ങി പുതിയ ആൾപ്പേരുകളിൽ ഗ്രന്ഥാക്ഷരമില്ലാതെ പറ്റാത്ത അവസ്ഥയുണ്ടെന്നതു ശരിതന്നെ. അതേസമയം ബി.പി. അങ്ങാടി, ശാന്തിനഗർ തുടങ്ങിയ ചില പ്രദേശനാമങ്ങളോ മഞ്ജുളാഭവൻ, ഇന്ദീവരം, ലവ്ഡേൽ തുടങ്ങിയ ഏതാനും വീട്ടുപേരുകളോ അല്ലാതെ വില്ലേജാപ്പീസിൽ നല്കുന്ന സ്ഥലപ്പേരുകളോ വീട്ടുപേരുകളോ പരിശോധിച്ചാൽ അവയെല്ലാം പഴയ വട്ടെഴുത്തിൽ ഒതുങ്ങുന്നവയാണെന്നു കാണാം. മാത്രമല്ല, പില്ക്കാലത്ത്, പച്ചമലയാളപ്രസ്ഥാനത്തിന്റെ കാലത്തുമാത്രമല്ല, ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽപ്പോലും ദ്രാവിഡാക്ഷരങ്ങൾ മാത്രമുപയോഗിച്ച് നിലംപൂത്തുമലർന്നനാൾ പോലെ ഒരു നോവൽ സാദ്ധ്യമാണെന്ന് തെളിയിച്ചിട്ടുമുണ്ടല്ലോ. അതേസമയം പ്രാചീനതയോട് വളരെയേറെ മമതയും തീവ്രമായ ഭാഷാഭിമാനവും വെച്ചുപുലർത്തുന്ന തമിഴുതന്നെ, ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലാണെങ്കിലും, തെലുഗുകന്നഡങ്ങളെയും മലയാളത്തെയും പിന്തുടരുന്ന മട്ടിൽ, മൃദുക്കളും അതിഖരങ്ങളും എഴുത്തിലേക്ക് സ്വീകരിക്കുന്നതു കാണാം. അതായിരിക്കാം ഭാഷാവികാസത്തിന്റെ സ്വാഭാവികമാർഗ്ഗം.

എഴുത്തിൽ അതിഖരമൃദുഘോഷങ്ങളും ഊഷ്മാക്കളുമെല്ലാം സാർവ്വത്രികമായ സ്വീകരിക്കപ്പെട്ടെങ്കിലും അവയെ വ്യതിരിക്തമായി ഉച്ചരിക്കുന്ന രീതി സമാന്തരമായി ഇവിടെ വികസിച്ചില്ല. മുഖമെന്നും നഖമെന്നുംതന്നെ എഴുതുമ്പോഴും സാധാരണഭാഷണങ്ങളിൽ മുകമെന്നും നകമെന്നും മറ്റും പറയാനോ പറഞ്ഞുകേട്ടാലോ നമുക്ക് അസ്വാഭാവികത തോന്നുന്നില്ല. അതിനാൽ ഉച്ചാരണം ഒരു വഴിയും എഴുത്ത് വേറൊരു വഴിയും എന്ന വൈരുദ്ധ്യം മലയാളത്തെ സംബന്ധിച്ച് ഇപ്പോഴും നിലനില്ക്കുന്നുണ്ട്. മലയാളത്തിലെ സ്വനിമങ്ങളെയും അക്ഷരങ്ങളെയും താരതമ്യം ചെയ്തു പഠിച്ച വി. സുകുമാരൻ (1990) അതിഖരഘോഷങ്ങൾക്ക് അല്പവ്യത്യയജോടികൾ ഇല്ലെന്നതിൽ പ്രയാസപ്പെടുന്നുണ്ട്. മലയാളത്തിലെ സ്വനങ്ങളെ നിർണ്ണയിക്കുമ്പോൾ പ്രബോധചന്ദ്രൻ നായരെപ്പോലുള്ളവർ (1980) അതിഖരവും ഘോഷവും തമ്മിൽ വ്യവച്ഛേദിക്കുന്നത് മലയാളികളുടെ സംസാരത്തിൽ പതിവില്ല എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ഓർക്കുക. വാമൊഴിയിൽ അതില്ലെന്നു പറയുന്ന അദ്ദേഹം എഴുത്തിൽ അതുണ്ടെന്നുകൂടി പറയുന്നത് ശ്രദ്ധിക്കേണ്ടതാണ്(1999). എഴുത്തിലുണ്ട് ഉച്ചാരണത്തിലില്ല എന്ന കടങ്കഥ മലയാളത്തിലുണ്ട് എന്നർത്ഥം.

ഈ അവസ്ഥയെ അംഗീകരിച്ചുകൊണ്ടുതന്നെ വേണുഗോപാലപ്പണിക്കർ മാനകീകരണത്തെക്കുറിച്ച് പര്യാലോചിച്ച് ഇങ്ങനെ പറയുന്നു:

«നിലവാരപ്പെടുത്തലാണ് വിഷയം, തെറ്റുതിരുത്തലല്ല. ഈ ശ്രമംതന്നെയും വാമൊഴിയുടെ സ്വാച്ഛന്ദ്യത്തിനു നേരെ നടത്തുന്ന അത്യാചാരമായി ധരിച്ചുപോകാം. അതുകൊണ്ട് ഉറപ്പിച്ചു പറയട്ടെ, വിശേഷവ്യവഹാരമാണ് രംഗം. വ്യാകരണസാധുത എന്നതു മറ്റൊരു വിഷയമാണ്. വിശേഷവ്യവഹാരത്തിൽ എത്രത്തോളം വ്യാവർത്തനം ദീക്ഷിക്കേണ്ടതുണ്ട്, എത്രത്തോളം സ്വാതന്ത്ര്യം അനുവദിക്കാവുന്നതാണ് എന്നു മാത്രം. ആസൂത്രിതമായ ഏകീകരണത്തിനപ്പുറം വൈവിദ്ധ്യങ്ങൾ നിലനിന്നുകൊള്ളും.

വിശേഷവ്യവഹാരത്തിലും മാറ്റങ്ങൾ വരികതന്നെ ചെയ്യും. 'മാങ്കനി'യും 'മാമ്പൂ'വും ഇരിക്കെത്തന്നെ 'മാങ്കായ്' മാറി 'മാങ്ങ'യായതോർക്കുക.

അന്ന് പലർക്കും ഹിതമായത് മാങ്കായ് ആയിരുന്നിട്ടും അന്നത്തെ വിശേഷവ്യവഹാരത്തെ നിയന്ത്രിക്കുന്ന ഭാഷകസമൂഹഗണം അംഗീകരിച്ച മാറ്റം നടപ്പിലായി. ഭാഷാസൂത്രകർ വിശേഷവ്യവഹാരത്തിലേക്കായി രൂപങ്ങൾ തിരഞ്ഞെടുക്കും. അവയുടെ ലക്ഷണം വിവരിക്കുകയും ചെയ്യും. ഭാഷ ചിലപ്പോഴൊക്കെ ഇതിന്നു വഴങ്ങിനില്ക്കാതെ കുതറിപ്പോകും. നമ്മുടെ ആദ്യകാലത്തെ ഭാഷാസൂത്രകനായ ലീലാതിലകകാരൻ 'ഇരണ്ടി'ലെ ആദ്യത്തെ 'ഇ' വിട്ട്

രണ്ട് ആക്കരുതെന്നു വിധിച്ചു. അങ്ങനെ ചെയ്യുന്നത് 'ഒരുത്തി' എന്നു വേണ്ടത് 'രുത്തി' എന്നാക്കുംപോലെയാണെന്ന് വാദിച്ചു. ക്രമികതയും യുക്തിഭദ്രതയുമാണ് ഭാഷാസൂത്രകനായ വൈയാകരണന്റെ താല്പര്യവിഷയങ്ങൾ. അവ കണക്കിലെടുത്താൽ ലീലാതിലകാരന്റെ വാദം ശരിയാണ്. ഒരുത്തിയിൽ പ്രകൃതി 'ഒര്', ഇരണ്ടിൽ 'ഇര്' എന്നും. ഇതിന്റെ സാന്നിദ്ധ്യം കാണുക: ഇരട്ടി, ഇരുപത്, ഇരുന്നൂറ്. ദീർഘസ്വരത്തോടെ ഈ(രി)രണ്ട്, ഈരായിരം, ഈരാറ്... എന്നും മറ്റും. ക്രമം, യുക്തി ഇവ വിട്ട് ഭാഷകശീലം രണ്ട് എന്നതിൽ ഉറച്ചു. ഇരണ്ട് അന്യായമായി. പോയവഴിയേ തെളിക്കയേ വൈയാകരണന് തരമുള്ളൂ. തോറ്റുപോകുമെന്നറിഞ്ഞിട്ടും പണിപ്പെടേണ്ടിവരുന്ന ആളാണ് ഒരുനിലയ്ക്ക് ഭാഷാസൂത്രകൻ. വ്യതിയാനങ്ങൾക്കും വൈവിദ്ധ്യങ്ങൾക്കും അപ്പുറത്തുള്ള ഏകീകരണത്തിനു വേണ്ടിയാണല്ലോ അയാളുടെ പരിശ്രമമത്രയും''(http://books.sayahna.org/mi/pdf/venugopal-unp.pdf.

ഭാഷാസൂത്രകർ മാത്രമല്ല സാധാരണ ഭാഷകരും ഏകീകരണത്തിന് ശ്രമിക്കാറുണ്ടെന്ന്–സ്വന്തം വാമൊഴിഭേദത്തിന്റെ അതിർത്തികടക്കുമ്പോഴെല്ലാം ഓരോ ഭാഷകനും നിലവാരപ്പെടുത്താൻ യത്നിക്കുന്നത്, 'യ്ക്ക് ശ്ശല്യ' എന്നതു മാറ്റി 'എനിക്കറിയില്ല' എന്നും 'ച്ച മാണ്ട' എന്നതു മാറ്റി 'എനിക്ക് വേണ്ട' എന്നും മറ്റും പ്രയോഗിക്കാറുള്ളത് ഉദാഹരിച്ചുകൊണ്ട് അദ്ദേഹം തുടർന്നു പറയുന്നു. സാക്ഷരത ഇതിനെ വളരെ സഹായിക്കുന്നു എന്നർത്ഥം.

അതിഖരത്തെയും ഘോഷത്തെയും വ്യവച്ഛേദിക്കാൻ, ചുരുങ്ങിയപക്ഷം, സാക്ഷരരായ മലയാളികളെങ്കിലും, ശ്രമിക്കുന്നുണ്ടെന്നതും അതുപോലെ ശ്രദ്ധിക്കേണ്ടകാര്യമാണ്. ഒരാളുടെ വാമൊഴിയെ പരിശോധിച്ചാൽ അതിലെ അതിഖരങ്ങളും ഘോഷങ്ങളും പരസ്പരം വ്യത്യസ്തമാണ് എന്ന് പറയേണ്ടിവരും. അതേസമയം മറ്റൊരാളുടെ അതിഖരഘോഷങ്ങളുമായി അവ ഒന്നിനൊന്നു പൊരുത്തം ദീക്ഷിച്ചുകൊള്ളണമെന്നില്ല. ചിലപ്പോൾ മറ്റൊരാളുടെ അതിഖരങ്ങളിൽനിന്ന് അയാളുടെ ഘോഷങ്ങൾ വേർതിരിച്ചറിയാനായില്ലെന്നും വരാം. അതിഖരഘോഷങ്ങളുടെ ഉച്ചാരണത്തിൽ മാനകീകൃതമായ മാതൃക സാർവ്വത്രികമായി നടപ്പിലില്ല എന്നതാവാം ശരി. ഊഷ്മാക്കളുടെ കാര്യത്തിൽ ഭാഷാഭേദങ്ങളുടെ സ്വാധീനവും നിർണ്ണായകമാണ്. ചില ഭാഷാഭേദങ്ങളിൽ അവയുടെ വ്യവച്ഛേദനം ഉച്ചാരണത്തിൽത്തന്നെ കാണുന്നുണ്ടെങ്കിലും മറ്റുചില ഭാഷാഭേദങ്ങളിൽ ഇവ പരസ്പരം മാറ്റി ഉപയോഗിക്കുന്ന രീതി ശ്രദ്ധിച്ചാൽ ഒരു സ്വനിമത്തിന്റെ ഉപസ്വനങ്ങൾപോലെയാണ് അവ പെരുമാറുന്നത് എന്നു കാണാം. അതായത് മലയാളത്തിലെ ഈ വ്യവച്ഛേദനങ്ങൾ എഴുത്തിലൂടെ

മാത്രം ഉറയ്ക്കുന്ന ഒരു ഭാഷാപ്രതിഭാസമാണെന്നർത്ഥം. അതിനാൽത്തന്നെ കുട്ടികളുടെ അക്ഷരത്തെറ്റുകൾ മിക്കതും ഇതിനെ കേന്ദ്രീകരിച്ചാകുന്നത് സ്വാഭാവികമാണ്. എന്നുവെച്ചാൽ അതിഖരമൃദുഘോഷോഷ്മാക്കളുടെ വ്യതിരിക്തത എഴുത്തിലൂടെ സ്വായത്താമാക്കേണ്ടതിനാൽ അവയെ നിരന്തരം തിരുത്തി മുന്നേറുന്ന ഒരു ബോധനരീതിയാവും ഫലപ്രദമാവുക എന്നർത്ഥം. അത്തരം ബോധനരീതി പ്രാബല്യത്തിലുണ്ടായിരുന്നിട്ടും അക്ഷരപ്പിശകുകൾ അത്രയ്ക്ക് അസാധാരണമായിരുന്നില്ല എന്നാണ് നിരീക്ഷണങ്ങൾ വെളിവാക്കുന്നത്.

പദസ്വാംശീകരണത്തിന്റെ കാര്യത്തിലും ചില അന്തരങ്ങൾ കാണുന്നുണ്ട്. വ്യത്യസ്തമായ വാക്യരീതികൾ, വിശേഷിച്ചും ദീർഘവും സങ്കീർണ്ണഘടനയുള്ളതുമായ വാക്യരചന പ്രയോഗിക്കുന്നതിൽ പത്താം ക്ലാസ്സിലെത്തുമ്പോഴും ഒരു വിഭാഗം കുട്ടികൾ മുന്നേറുന്നില്ല എന്നാണ് കാണാൻ കഴിഞ്ഞത്. രസകരമായ കാര്യം വാക്യത്തിൽ ആവശ്യമായ ചിഹ്നങ്ങൾ ചേർക്കുന്ന കുട്ടികൾ വാക്യരചനയിൽ സാമാന്യമായും മികവു കാട്ടുന്നു എന്ന വസ്തുതയാണ്. അതേസമയം ലഘുവാക്യങ്ങൾ മാത്രം ഉപയോഗിക്കുന്നവർ ഫുൾസ്റ്റോപ്പ് എന്ന ചിഹ്നം പോലും ഉപയോഗിക്കാൻ പൊതുവെ ശ്രമിച്ചുകാണുന്നുമില്ല. വാക്യങ്ങളെ ചേർത്തുവെയ്ക്കുമ്പോൾ പിന്നെ, എന്നിട്ട് തുടങ്ങി പ്രകരണപരമായോ ആഖ്യാനപരമായോ ആയ തുടർച്ചകളെ കുറിക്കുന്ന പദങ്ങൾ ചേർത്തുവെച്ചുകൊണ്ട് വാക്യങ്ങളെ ഘടിപ്പിക്കാനുള്ള ശ്രമങ്ങളും ധാരാളമായി കാണാൻ കഴിയും. ഫലത്തിൽ ഒന്നാം ഭാഷയായിട്ടും പഠനത്തിന്റെ പത്താം വർഷമെത്തിയിട്ടും വ്യക്തവും കൃത്യവും വൈവിധ്യപൂർണ്ണവുമായ ഭാഷാപ്രയോഗത്തിൽ മിക്കവരും വേണ്ടത്ര മുന്നേറുന്നില്ല എന്നാണ് വ്യക്തമാകുന്നത്. മലയാളം ഭരണഭാഷയാക്കിക്കൊണ്ട് ഉത്തരവു വന്നെങ്കിലും ഉത്തരവുകളോ കത്തുകളോ ഒക്കെ തയ്യാറാക്കുന്ന ഉദ്യോഗസ്ഥർക്ക് നല്ല മലയാളത്തിൽ അതു ചെയ്യാനാകുന്നില്ല എന്ന വസ്തുതയെ ഇതുമായി ബന്ധപ്പെട്ട് മനസ്സിലാക്കേണ്ടതാണ്. ഭാഷാസൂത്രണത്തിലെ മറ്റൊരു പ്രധാനമേഖലയായ ഭരണഭാഷയിലേക്ക് മലയാളത്തിന് സുഗമമായി പ്രവേശിക്കാനാവാത്തത് അടിസ്ഥാനപരമായ ചില എഴുത്തുഭാഷാശേഷികൾ വേണ്ടവിധം സ്വായത്തമാക്കാൻ കഴിയാത്തതുകൊണ്ടാണ് എന്നുവേണം അനുമാനിക്കാൻ. ഗ്രാഡ്വേറ്റുകൾ അവരവർ പഠിച്ച വിഷയങ്ങൾ മലയാളത്തിൽ എഴുതി നമ്മുടെ ഗ്രന്ഥാവലിയുടെ എണ്ണത്തിലും വണ്ണത്തിലുമുള്ള പരിമിതികൾ മറികടക്കാൻ ഉത്സാഹിക്കണമെന്ന് ഒരു നൂറ്റാണ്ടുമുമ്പേ എ.ആർ. രാജരാജവർമ്മ ചെയ്ത ആഹ്വാനം വേണ്ടവിധം നടപ്പിലാകാത്തതും ഇതിന് കാരണമാണോ എന്നു പരിശോധിക്കേണ്ടതാണ്.

കാര്യങ്ങൾ അത്രയൊന്നും ശുഭോദർക്കമല്ലാതിരുന്ന ചരിത്രഘട്ടത്തിലാണ് 1997-ൽ വിദ്യാഭ്യാസരംഗത്ത് സമൂലമായ പരിഷ്ക്കരണമുണ്ടാകുന്നത്. അതിനാൽത്തന്നെ വളരെയേറെ പ്രതീക്ഷകളോടെയാണ് ഭാഷാതല്പരർ പരിഷ്ക്കരണശ്രമങ്ങളെ നിരീക്ഷിച്ചതും. ദൗർഭാഗ്യവശാൽ ചില വിവാദങ്ങളിലേക്കാണ് അത് നേരെ ചെന്നു പതിച്ചത്. അതിനെത്തുടർന്ന് ചില ശാഠ്യങ്ങളിലും കഴമ്പില്ലാത്ത അവകാശവാദങ്ങളിലും മുങ്ങുന്ന പതിവു രാഷ്ട്രീയതന്ത്രത്തിലേക്ക് അത് കൂപ്പുകുത്തുകയും ചെയ്തു. ഉദാഹരണത്തിന് അക്ഷരത്തെറ്റുകൾ തിരുത്താൻ പാടില്ല, കുട്ടികൾ അത് സ്വയം കണ്ടെത്തുകയും സ്വയം തിരുത്തുകയുമാണ് വേണ്ടത് എന്ന ബോധനശാസ്ത്രപരമായി കൂടുതൽ ശരിയും ശാസ്ത്രീയവുമായ നിലപാട് പരിഷ്ക്കരണം മുന്നോട്ടുവെച്ചു. എന്നാൽ അത് നടപ്പിലായത് അക്ഷരത്തെറ്റുകൾ തിരുത്താൻ പാടില്ല, ചുവന്ന മഷിയെ സ്കൂളിൽ പ്രവേശിപ്പിക്കാൻ പാടില്ല തുടങ്ങിയ ശാഠ്യങ്ങളായാണ്. ഫലത്തിൽ മുമ്പുണ്ടായിരുന്നതുപോലെ അദ്ധ്യാപകകേന്ദ്രിതമായ നിലപാടു സ്വീകരിച്ചുകൊണ്ട് തെറ്റുതിരുത്തുന്ന രീതി അവസാനിപ്പിച്ചു എന്നു മാത്രമല്ല കുട്ടികൾ സ്വയം തിരുത്തി മുന്നേറുന്ന പുതിയ രീതി ഫലപ്രദമായി നടപ്പിലായതുമില്ല. ഭാഷയിൽ തെറ്റുകളേയില്ല എന്നുപോലും വാദമുണ്ടായി. അഞ്ചു വയസ്സിനിടെ കുട്ടി സ്വയം ആർജ്ജിച്ചെടുക്കുന്ന ഒന്നാംഭാഷയിൽ ഒരു ഘട്ടത്തിൽ കാണിക്കുന്ന തെറ്റുകൾ അടുത്ത ഘട്ടത്തിൽ സ്വയം തിരുത്തി മുന്നേറുന്ന ശിശുഭാഷാർജ്ജനത്തിന്റെ രീതിയും സ്വഭാവവുമാണ് പരിഷ്ക്കരണവാദികൾ ആദർശമായി സ്വീകരിച്ചത്. ശിശുഭാഷാർജ്ജനവും ബാലഭ്യസനവും രണ്ടാണെന്ന കാര്യം അവർ വേണ്ടത്ര സൂക്ഷ്മമായി തിരിച്ചറിഞ്ഞില്ല എന്നുവേണം അനുമാനിക്കാൻ. കാരണം പാഠപുസ്തകങ്ങളെയും പഠനപാഠനപ്രവർത്തനങ്ങളെയും ശിശുഭാഷാർജ്ജനത്തിന്റെ പരിപ്രേക്ഷ്യത്തിൽ മാറ്റിയെടുക്കാനാണ് അന്ന് ഉത്സാഹിച്ചത്. ഭാഷാവ്യവഹാരങ്ങൾക്ക് അമിതമായ ഊന്നൽ അതുവഴി വന്നുകൂടി. അതിൽത്തന്നെ പ്രാദേശികമായ മൊഴിഭേദങ്ങൾക്ക് പ്രാധാന്യവും കൈവന്നു. അക്ഷരങ്ങൾ ഒറ്റയൊറ്റയായി പഠിച്ച് അക്ഷരമാല ഹൃദിസ്ഥമാക്കി എഴുത്തിൽ മുന്നേറുന്ന രീതി ഒഴിവാക്കി കുട്ടിയുടെ പേരുൾപ്പെടെ പരിചിതമായ പദങ്ങൾ എഴുതുകയെന്ന രീതി കൊണ്ടുവന്നു. നിരർത്ഥകമായ അക്ഷരങ്ങളെക്കാൾ ഭാഷയിൽ പ്രധാനം സാർത്ഥകമായ വാക്കുകളാണല്ലോ എന്നാണതിന്റെ യുക്തി. പക്ഷേ, അക്ഷരമാലയെ, അതിന്റെ ക്രമത്തെത്തന്നെ, പാടേ തള്ളിക്കളഞ്ഞതുമില്ല. അപരിചിതപദങ്ങളുടെ അർത്ഥം കണ്ടെത്താനായി നിഘണ്ടു പരിശോധിക്കണം (അതിന്റെ ചെറുപതിപ്പ് ഓരോ പാഠപുസ്തകത്തിലും അനുബന്ധമായി നല്കിക്കൊണ്ട് വലിയ ദീർഘവീക്ഷണവും ആസൂത്രണമികവും പ്രദർശിപ്പിച്ചു).

അത് ശീലിച്ച് ക്രമേണ നിഘണ്ടുനിർമ്മാണത്തിൽ എത്തണമെന്നായിരുന്നു പഠനമാർഗ്ഗം. അങ്ങനെവരുമ്പോൾ യാന്ത്രികമായ മനപ്പാഠമാക്കലില്ലാതെ ത്തന്നെ അക്ഷരമാലയുടെ ക്രമം ഹൃദിസ്ഥമാകും എന്നാണ് വിഭാവന ചെയ്തത്. അതുപക്ഷെ, സിദ്ധാന്തമായി നിന്നതല്ലാതെ പ്രയോഗത്തിൽ ഫലപ്രദമായി നടപ്പിലായില്ല.

ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ഇതുപോലെ നയവ്യത്യാസം പ്രകടമായി. ശിശുഭാഷാർജ്ജനത്തെ മുൻനിറുത്തിക്കൊണ്ട് ഭാഷയിൽ സാമാന്യമായ ധാരണ മതിയെന്ന നിലപാട് ഇതിനു പിന്നിലുണ്ട്. പണ്ടു രചനാപുസ്തകത്തിന്റെ ഭാഗമായിരുന്ന വ്യവഹാരങ്ങൾ മിക്കതും ഒന്നാം പേപ്പറിലേക്ക് കുടുമാറി. അതോടെ ഉദ്ദേശ്യലക്ഷ്യങ്ങളിലും ഘടനയിലും വ്യത്യസ്തമായ ഒന്നാം പേപ്പർ, രണ്ടാം പേപ്പർ എന്ന വിഭജനം അപ്രസക്തമായി. അതിന്റെ ഭാഗമായാവണം, ഏതാനും വർഷം കഴിഞ്ഞതോടെ പാഠപുസ്തകങ്ങളുടെ ഈ ഘടനയും സ്വാഭാവികമായും മാറ്റി. എട്ടാം ക്ലാസ്സുമുതൽ മലയാളത്തിന് ഒരേ ഘടനയിൽ ഒരേസമയം രണ്ടു പുസ്തകങ്ങൾ നിലവിൽവന്നു. സാഹിത്യവിഭവം മാത്രം മാറ്റിയിട്ടുള്ള (ഒന്നിൽ വൈലോപ്പിള്ളിയുടെ കന്നിക്കൊയ്ത്തിലെ ഭാഗമാണെങ്കിൽ മറ്റതിൽ മാമ്പഴത്തിലെ ഭാഗങ്ങളാവും എന്ന മട്ടിൽ) രണ്ടു പാഠപുസ്തകങ്ങളാണ് നടപ്പിലുള്ളത്. ഫലത്തിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ അവഗണിച്ചുകൊണ്ട് ഒരു മിശ്രണമാണ് സംഭവിച്ചത്. ശിശുഭാഷാർജ്ജനത്തിന്റെ പടവുകൾതന്നെ ബാലാഭ്യസനത്തിനും എന്നു കരുതിയതിന്റെ തുടർച്ചയായി വാമൊഴിയുടെ വിശാലപഠനമാണ് ഭാഷാപഠനം എന്ന നിലപാട് സ്വീകരിച്ചതുപോലെയാണ് അതിന്റെ രീതി. അതുകൊണ്ട് എഴുത്തുരീതികളിൽ അതുവരെയുണ്ടായിരുന്ന അതിഖരമൃദുഘോഷോഷ്മാക്കളിൽ പരക്കെ കണ്ടുവന്ന സന്ദിഗ്ദ്ധത, ദീർഘവും സങ്കീർണ്ണവുമായ വാക്യവൈവിദ്ധ്യങ്ങളെ സ്വാംശീകരിക്കാനുള്ള പ്രയാസം തുടങ്ങിയവ പുതിയ പദ്ധതിയിൽ ഒന്നുകൂടി തീവ്രമായി കാണാനായി എന്നാണ് ഗവേഷണത്തിന്റെ ഭാഗമായി ശേഖരിച്ച ഭാഷാമാതൃകകൾ വ്യക്തമാക്കിയത്. അത് സ്കൂൾ ക്ലാസ്സുകളിൽ ഒതുങ്ങി നില്ക്കുന്ന ഒരു പ്രവണതയായി കരുതാനാവില്ല. എം.എ. മലയാളം ജയിച്ചവരിൽത്തന്നെ ഒരു വിഭാഗത്തിന് സ്വന്തമായി ടി.സി.ക്കുള്ള അപേക്ഷപോലും വ്യക്തമായി എഴുതാൻ കഴിയാത്ത ചില ഉദാഹരണങ്ങൾ ഉണ്ടാകുന്നത് അതിന്റെ തുടർച്ചയാണോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

ലിപിപരിഷ്കരണം രൂപകല്പനചെയ്ത ശൂരനാട്ട് കുഞ്ഞൻപിള്ളയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി അതിലെ നിർദ്ദേശങ്ങൾ (1971 ഏപ്രിൽ 13-ന് ഗസറ്റിൽ വിജ്ഞാപനം ചെയ്തു) അച്ചടിയുടെയും ടൈപ്പ് റൈറ്റിങ്ങിന്റെയും

കാര്യത്തിൽ നടപ്പിലാക്കാൻ മാത്രമാണ് എന്ന് വ്യക്തമാക്കിയിരുന്നു. എങ്കിലും വിദ്യാഭ്യാസമേഖലയിൽ അത് നടപ്പിലാക്കരുത് എന്ന് അവർ പ്രത്യേകം എഴുതിവെയ്ക്കാൻ ശ്രദ്ധിച്ചു. പക്ഷേ, ഒന്നുരണ്ടു വർഷത്തിനുള്ളിൽ സി.ഐ.ഐ.എല്ലിലെ ശ്യാമളകുമാരിയുടെ നേതൃത്വത്തിലുള്ള കമ്മറ്റിയുടെ ശുപാർശയെത്തുടർന്ന് അതപ്പടി മലയാളപഠനത്തിലേക്കും നടപ്പാക്കി. പിന്നാലെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻകയ്യിൽ എൻ.വി. കൃഷ്ണവാരിയരുടെ നേതൃത്വത്തിൽ പുതിയ ലിപിപരിഷ്കരണനിർദ്ദേശങ്ങൾ വരികയും ചെയ്തു. ചില്ലിനുശേഷം ഖരാക്ഷരങ്ങൾ ഇരട്ടിച്ചെഴുതേണ്ടതില്ല, ചർച മതി ചർച്ച വേണ്ട, എന്നൊക്കെ എഴുത്തിലുപരി ഉച്ചാരണരീതികളെ മുൻനിർത്തിയുള്ളവയായിരുന്നു അവയിൽ പലതും. അച്ചടിവിദ്യയെക്കുറിച്ച് വിശേഷമായ പാണ്ഡിത്യമില്ലാത്ത ഭാഷാപണ്ഡിതർ ആയതിനാലാവാം അച്ചടിപരിഷ്കരണത്തിനു പകരം ഭാഷാപരിഷ്കരണത്തെയാണ് അവർ ആശ്രയിച്ചത് എന്നതാണ് അതിലെ സൂക്ഷ്മവൈരുദ്ധ്യം. ടൈപ്പ്റൈറ്റർ അപ്രസക്തമാകുകയും അച്ചടി ഡിടിപിയിലൂടെ മുന്നേറുകയും ചെയ്ത ഘട്ടത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പിന്നെയും ചില ലിപിപരിഷ്കരണനിർദ്ദേശങ്ങൾ–പ്റാവ്, കറ്മി എന്നെല്ലാം പിരിച്ചെഴുതണമെന്നുൾപ്പെടെ–(മലയാളം അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തകം, വി.ആർ. പ്രബോധചന്ദ്രൻ നായരുടെ മലയാളം മലയാളിയോളം എന്നിവ കാണുക) നിർദ്ദേശിക്കുകയും അവയത്രയും വിദ്യാഭ്യാസവകുപ്പ് ഉത്തരവിലൂടെ നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്തു (ഭാഗ്യത്തിന് നടപ്പായില്ല).

കമ്പ്യൂട്ടറാകട്ടെ കൂട്ടക്ഷരങ്ങളെ പലതിനെയും തിരികെക്കൊണ്ടുവരികയാണ് ചെയ്തത്. രചന അക്ഷരവേദിയുടെ നേതൃത്വത്തിൽചിത്രജകുമാറും കെ.എച്ച്. ഹുസൈനും മറ്റും ചേർന്ന് പരമ്പരാഗതമായ ലിപികളെയത്രയും കമ്പ്യൂട്ടറിൽ സാദ്ധ്യമാക്കി. യൂണിക്കോഡ് നിലവിൽവന്നതോടെ രചനയുടെ തനതുലിപിസഞ്ചയം പരിഷ്കാരത്തോടെ ഓൺലൈൻ ഉപയോഗങ്ങൾക്കായി പരക്കെ സ്വീകരിക്കപ്പെടുകയും ചെയ്തു. സ്വതന്ത്രസോഫ്റ്റ്വെയറുകളിൽ അവയായി ഡിഫോൾട്ടായ ഫോണ്ട്. ചുരുക്കത്തിൽ 1968-ലെ ലിപിപരിഷ്കരണക്കമ്മറ്റിയുടെ രൂപീകരണം ഭാഷാസൂത്രണരംഗത്തുള്ള വലിയ കാൽവെയ്പായിരുന്നെങ്കിലും പിന്നാലെ സാങ്കേതികവിദ്യാരംഗത്ത്, വിശേഷിച്ചും ഭാഷാസാങ്കേതികരംഗത്ത്, ഉണ്ടായ അഭൂതപൂർവ്വമായ വികാസത്തിന്റെ പശ്ചാത്തലത്തിൽ മലയാളമെഴുത്തിനെ സംബന്ധിച്ച് ഏറ്റവും കലുഷമായ കാലമായി മാറി. അച്ചടിയിലെന്നപോലെ കയ്യെഴുത്തിലും അതു വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. ഒരേ വാക്കിനുതന്നെ ശരിയായ ഒന്നിലധികം

എഴുത്തുരീതികൾ നടപ്പിലായി. ഇരട്ടിപ്പുകളെ ഇഷ്ടംപോലെ പ്രയോഗിക്കാമെന്ന നില വരിക മാത്രമല്ല സമസ്തപദങ്ങളിൽ സന്ധിയായി വരാറുള്ള ഇരട്ടിപ്പുകൾ മലയാളമെഴുത്തിൽ പൊതുവെ അപ്രത്യക്ഷമാവുകയും ചെയ്തു. സമസ്തപദങ്ങൾ പിരിച്ചെഴുതുന്ന രീതിയും വർദ്ധിച്ചു. ഫലത്തിൽ ഭാഷാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾക്ക് കടകവിരുദ്ധമായ അവസ്ഥയാണ് സംജാതമായത്. വിദ്യാഭ്യാസരംഗമാകട്ടെ അത്തരം അങ്കലാപ്പുകളെ ശ്രദ്ധിച്ചതേയില്ല.

മലയാളഭാഷ ഡിടിപി എന്ന അച്ചടിവിദ്യയിൽനിന്ന് ഭാഷയുടെ ഡിജിറ്റൽ ഉപയോഗങ്ങളിലേക്ക് ഗതിമാറുകയായിരുന്നു. ഇ മെയിലുകളിലും സാമൂഹികമാദ്ധ്യമങ്ങളിലും മലയാളം മലയാളലിപിയിൽത്തന്നെ ടെക്സ്റ്റ് ചെയ്യാമെന്നു വന്നു. വിക്കിപീഡിയകളും ഓൺലൈൻ നിഘണ്ടുക്കളും നിലവിൽവന്നു. കമ്പ്യൂട്ടർ തർജ്ജമ മലയാളത്തിനും സാദ്ധ്യമായി. കാഴ്ചാപരിമിതർക്ക് എഴുത്തുപാഠങ്ങളെ മൊഴികളാക്കി കേൾപ്പിക്കാനുള്ള സംവിധാനങ്ങൾ വന്നു. അവിടെയൊക്കെയും മലയാളമെഴുത്തിൽ സ്വതവേ ഉണ്ടായിരുന്ന ചില അവ്യവസ്ഥിതികൾക്കു പുറമേ ആസൂത്രിതശ്രമങ്ങളിലൂടെ വന്നുകൂടിയ പുതിയ അവ്യവസ്ഥിതികൾ കൂടി മറികടക്കേണ്ട സാഹചര്യം ഭാഷാസാങ്കേതികരംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള വലിയ വൈതരണിയായി മാറി.

സുൽത്താൻ ബത്തേരിയിലെ ഒരു സ്കൂളിൽ ക്ലാസ്സിലിരിക്കേ ഒരു വിദ്യാർത്ഥിനി പാമ്പുകടിയേറ്റ മരിക്കാനിടയായ സാഹചര്യത്തെ മുൻനിർത്തി സർക്കാർ ഇറക്കിയ ഉത്തരവ് എന്ന പേരിൽ ഒന്ന് സാമൂഹ്യമാദ്ധ്യമങ്ങളിൽ വൈറലാവുകയുണ്ടായി. അത് കൃത്രിമമായി ആരോ സൃഷ്ടിച്ചതാണെന്നു വരാം. എങ്കിലും അതിലെ ഭാഷാപ്രയോഗം ഒരു സർക്കാറുത്തരവിൽ തീർത്തും സ്വാഭാവികമാണെന്ന് പലരും തലകുലുക്കി സമ്മതിച്ചു. ബിരുദധാരികളുടെ ഇടയിൽപ്പോലും മലയാളമെഴുത്തിൽ സാമാന്യനിലവാരം ഉറപ്പിക്കാൻ നമ്മുടെ വിദ്യാഭ്യാസപദ്ധതികൾക്കായിട്ടില്ല എന്നാണതിന്റെ സൂചന. സർക്കാർ ജോലിക്കുള്ള പരീക്ഷകളിൽ മലയാളമെഴുതാനും വായിച്ചു ഗ്രഹിക്കാനുമുള്ള സാമാന്യശേഷി പരിശോധിക്കുന്നതിനുള്ള കാര്യക്ഷമമായ പദ്ധതി വേണമെന്നർത്ഥം. അത് ഏതെങ്കിലും ചില സന്ധിയും സമാസവും അറിയുമോ എന്ന പരിശോധനയായല്ല വേണ്ടത്. മറിച്ച്, മലയാളവാക്യങ്ങൾ വായിച്ച് കാര്യം ഗ്രഹിക്കാനാകുന്നുണ്ടോ എന്നും ഒരാശയത്തെ കൃത്യവും വ്യക്തവുമായി സ്വന്തം വാക്യത്തിൽ എഴുതിഫലിപ്പിക്കാൻ കഴിയുന്നുണ്ടോ എന്നുമാണ് പരിശോധിക്കേണ്ടത്. സമ്പൂർണ്ണസാക്ഷരത നേടിയെങ്കിലും ഭരണഭാഷയായി മലയാളം സാർവ്വത്രികമാക്കാനാകാതെ പ്രയാസപ്പെടുന്നതിൽ

ഭാഷാപഠനത്തിലുണ്ടായ പാളിച്ചകൾ വിശദമായി പഠിക്കേണ്ടതായാണി രിക്കുന്നത്. അഥവാ ഭാഷാസൂത്രണത്തിന്റെ പരിപ്രേക്ഷ്യത്തിൽ ഭാഷാപ ഠനത്തെക്കുറിച്ച് ഗൗരവതരമായ പര്യാലോചനകൾ ഈ ചരിത്രസന്ദർഭം ആവശ്യപ്പെടുന്നുണ്ട്.

## സൂചനകൾ

1. പ്രബോധചന്ദ്രൻ നായർ, 1980: സ്വനവിജ്ഞാനം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. -------------------- , 1999: മലയാളം മലയാളിയോളം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. വേണുഗോപാൽ, കെ.എം., 2008: 'ഫിസിക്സിലെ ധ്വനിസിദ്ധാന്തം' (ഇ.സി.ജി. സുദർശനുമായുള്ള അഭിമുഖം) ഭാഷാപോഷിണി, സെപ്റ്റംബർ.
4. വേണുഗോപാലപ്പണിക്കർ ടി.ബി., 2020: 'ഉച്ചാരണശീലം: നിലവാരപ്പെടുത്തലും പ്രശ്നങ്ങളും' (http://books.sayahna.org/ml/pdf/venugopal-unp.pdf)
5. സാം എൻ., 2006: കേരളത്തിലെ പ്രാചീനലിപിമാതൃകകൾ, പുരാരേഖാവകുപ്പ്.
6. സുകുമാരൻ വി., 1990: 'മലയാളത്തിലെ സ്വനിമങ്ങളും അക്ഷരങ്ങളും', കെ.എം. പ്രഭാകരവാരിയർ & പി.എൻ. രവീന്ദ്രൻ (സമ്പാ) മലയാളഭാഷാപഠനങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
7. സോമനാഥൻ പി., 2008: 'മലയാളം ഒന്നാംഭാഷയായി പഠിക്കുമ്പോഴുള്ള പ്രശ്നങ്ങൾ', കാലിക്കറ്റ് സർവ്വകലാശാലമലയാളവിഭാഗത്തിൽ സമർപ്പിച്ച ഗവേഷണപ്രബന്ധം (അപ്രകാശിതം).

*somspuliyullathil@gmail.com*

# അരികുവൽക്കരിക്കപ്പെട്ട ഭാഷകളുടെ ഭാഷാസൂത്രണം

ജോസഫ് കെ ജോബ്
അസ്സോസിയേറ്റ് പ്രൊഫസ്സർ, മേരിമാതാ ആർട്‌സ് ആൻഡ് സയൻസ് കോളേജ്,
മാനന്തവാടി

## പ്രബന്ധസംഗ്രഹം

കേരളത്തിന്റെ ഭൂപരിധിയിൽ വരുന്ന ആദിവാസിഭാഷകളെ ഭാഷാമരണത്തിൽനിന്നും വംശനാശ ഭീഷണിയിൽനിന്നും രക്ഷപെടുത്തുക എന്നത് അടിയന്തരശ്രദ്ധ പതിയേണ്ട ഭാഷാവിഷയമാണ്. ഔപചാരികമായി സംസ്ഥാനസർക്കാരും അനൗപചാരികമായി ഗവേഷകരും ചെയ്യേണ്ടതാണ് ഇക്കാര്യം. വിശാലാർത്ഥത്തിൽ ഭാഷാവൈവിധ്യത്തെ അംഗീകരിക്കുമ്പോൾ മാത്രമേ ഇത് സാധിക്കുകയുള്ളൂ. അതിലൂടെ ആദിവാസിമേഖലയിലെ പൗരരുടെ അവകാശങ്ങളിൽ ഒന്ന് സ്ഥാപിച്ചു കിട്ടുകയാണ് ചെയ്യുന്നത്. ആദിവാസി/ന്യൂനപക്ഷഭാഷകളുടെ മാനകീകരണം, ആദിവാസിഭാഷകളിൽക്കൂടിയുള്ള വിദ്യാഭ്യാസം, മീഡിയ, ഭരണനിർവഹണത്തിലുള്ള പങ്കാളിത്തം എന്നിവയെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള ഭാഷാസൂത്രണത്തിലൂടെയാണ് ഇത് സാധിച്ചെടുക്കേണ്ടത്.

**താക്കോൽവാക്കുകൾ:** ഗോത്രഭാഷകൾ, വംശനാശഭീഷണി, ഭാഷാമരണം, ഭാഷാഹത്യ, ന്യൂനപക്ഷഭാഷകൾ, ഭാഷാപരിസ്ഥിതി, ഏകഭാഷാസമീപനവും ബഹുഭാഷാസമീപനവും, ഭാഷയുടെ ഉയിരും നാശോന്മുഖതയും, ഭാഷാസ്ഥിതിയുടെ ആസൂത്രണം (സ്റ്റാറ്റസ് പ്ലാനിംഗ്) ഭാഷാന്തരിക ആസൂത്രണം (കോർപ്പസ് പ്ലാനിങ്), ഭാഷാർജ്ജനാസൂത്രണം, മനോഭാവാസൂത്രണം, സ്വരൂപപഠനം, വർഗ്ഗീകരണവും കുടുംബവൃക്ഷപരികല്പനയും.

വ്യത്യസ്തഭാഷകൾ പരസ്പരം കൊണ്ടും കൊടുത്തും സഹവർത്തിക്കുന്ന ഒരു ബഹുഭാഷാസാഹചര്യമാണ് നൂറ്റാണ്ടുകളായി ഇന്ത്യയിൽ നിലനിൽക്കുന്നത്. ഭാഷകരുടെ എണ്ണംകൊണ്ടും വിവരസഞ്ചയം കൊണ്ടും ദീർഘകാലചരിത്രംകൊണ്ടും ഭരിക്കുന്നവരുടെ അനുഗ്രഹാശിസ്സുകൾ കൊണ്ടും പ്രബലമായിത്തീർന്ന് അധികാരവും പദവികളുമാർജ്ജിച്ച് മുന്നേറുന്ന മുഖ്യധാരാഭാഷകൾ മുതൽ ഭരണകൂടങ്ങളുടെ നിരന്തരമായ അധിനിവേശതന്ത്രങ്ങളും അവഗണനകളുംകൊണ്ട് പരുങ്ങലിലായിപ്പോയ ദുർബലഭാഷകളും വംശനാശം വന്നുപോയ ഭാഷകളും വരെ ഈ രാജ്യത്തുണ്ട്. ഭരണകൂടത്തിന്റെയും ഭരണാധികാരികളുടെയും നയരൂപീകരണം നടത്തുന്നവരുടെയും ഭാഷാസമീപനങ്ങളിൽ ഒട്ടേറെ വൈരുദ്ധ്യങ്ങളുണ്ട് എന്നതാണ് ഇതു വ്യക്തമാക്കുന്നത്. ഭാഷകളോട് പല കാലങ്ങളിൽ പലതരം സമീപനങ്ങളാണ് പലരും വച്ചു പുലർത്തിയിട്ടുള്ളത്.

സാംസ്കാരികവും രാഷ്ട്രീയവും സാമ്പത്തികവുമായ പാർശ്വവൽക്കരണം, ദേശരാഷ്ട്രങ്ങളുടെ ആവിർഭാവത്തോടെ ഭാഷകളുടെ മേലെയുള്ള രാഷ്ട്രീയാധിപത്യം, ആഗോളീകരണം, നഗരവൽക്കരണം, ദാരിദ്ര്യം, യുദ്ധങ്ങൾ, വംശഹത്യകൾ, രോഗങ്ങൾ, പ്രകൃതിദുരന്തങ്ങൾ എന്നിവയൊക്കെ ഭാഷയുടെ/ഭാഷകളുടെ വംശനാശത്തിന് കാരണമാകുന്നുണ്ട്. ഇതിൽ ദേശരാഷ്ട്രങ്ങളുടെ രാഷ്ട്രീയാധിപത്യം കൊണ്ട് ഭാഷകളിൽ ചിലതിന് ദേശഭാഷകൾ, ഔദ്യോഗികഭാഷകൾ, സംസ്ഥാനഭാഷകൾ എന്നൊക്കെയുള്ള രീതിയിൽ പട്ടികകളിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക പരിഗണനകൾ ലഭിച്ചിട്ടുണ്ട്. അതേസമയം ഭരണകൂടങ്ങളുടെ വികലമായ കാനേഷുമാരി കണക്കുകളിലൂടെ ചില ഭാഷകൾ മരണാസന്നമായി കിടക്കുന്നതും നമുക്ക് കാണേണ്ടി വന്നിട്ടുണ്ട്. 1961-ലെ സെൻസസ് പ്രകാരം 1652 ഭാഷകൾ ഇന്ത്യയിലുണ്ടെന്ന് കണക്കുകൂട്ടിയിടത്തുനിന്നാണ് 2011-ലെ കണക്കുപ്രകാരം ഇന്ത്യയിൽ 462 ഭാഷകളേയുള്ളൂ എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ മാറിമറിഞ്ഞത്. യഥാർത്ഥത്തിൽ ഭാഷകളുടെ മരണമല്ല ഇവിടെ സംഭവിച്ചത്. മറിച്ച് ഭരണകൂടത്തിന്റെ മനപ്പൂർവമായ ഭാഷാഹത്യയാണ്. ഇന്ത്യയിൽ കണക്കിൽപ്പെടുത്തിയ ഭാഷകളെക്കാൾ എത്രയോ ഇരട്ടി കണക്കിൽപ്പെടാത്ത ഭാഷകളുണ്ട് എന്നതാണ് വാസ്തവം. 1961-ലെ കണക്കുകളനുസരിച്ച് 340-ലധികം ആദിവാസിഭാഷകൾ ഇന്ത്യയിലുണ്ടായിരുന്നു. ഇന്ത്യയിലെ 285 താലൂക്കുകളിൽ ആകെ ജനസംഖ്യയുടെ 50 ശതമാനത്തിലധികം ആദിവാസികളാണെന്നിരിക്കിലും ഭരണഘടനയുടെ എട്ടാമത് പട്ടികയിൽ ഒരു ആദിവാസിഭാഷയ്ക്കുപോലും സ്ഥാനം കിട്ടിയിട്ടില്ല

എന്നുള്ളത് നിർഭാഗ്യകരം തന്നെയെന്ന് എൻ. രാജേന്ദ്രൻ (2006: 79) പറയുന്നുണ്ട്. ആകെ ജനസംഖ്യയുടെ 83 ശതമാനത്തിലധികം ആദിവാസി ജനസംഖ്യയുള്ള നാഗലാൻഡിൽ പോലും ഇംഗ്ലീഷാണ് ഔദ്യോഗികഭാഷ എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

### ഗോത്രമൊഴികൾ: ഭാഷയോ ഭാഷാഭേദമോ?

കേരളത്തിന്റെ ഭൂപരിധിയിൽ വരുന്ന ആദിവാസിമൊഴികൾ ഓരോന്നിനെക്കുറിച്ചും സമഗ്രവും വിശദവുമായ പഠനങ്ങൾ ഉണ്ടായിട്ടുണ്ടെന്നു പറയാനാവില്ല. പരിമിതമായ തോതിലാണെങ്കിലും, കേരളത്തിൽ നടന്നിട്ടുള്ള ആദിവാസി ഭാഷാപഠനത്തെക്കുറിച്ച് ഒരു സംക്ഷിപ്ത വിവരണം എം ശ്രീനാഥൻ (2020: 345-360) നൽകുന്നുണ്ട്. എസ് ഭട്ടാചാര്യയും സോമശേഖരൻ നായരുമാണ് കേരളത്തിലെ ആദിവാസിഭാഷകളെ താൽപര്യത്തോടെ നിരീക്ഷിക്കാനും ദ്രാവിഡത്തിന്റെ ഉപഗോത്രത്തിലുൾപ്പെടുത്തി വർഗ്ഗീകരിക്കാനുമുള്ള ശ്രമങ്ങൾ ആരംഭിച്ചത്. ആ ശ്രമങ്ങൾ വേണ്ടതുപോലെ ഫലപ്രാപ്തിയിലെത്തുകയോ അവയ്ക്ക് ലോകാംഗീകാരം ലഭിക്കുയോ ചെയ്തിട്ടുണ്ടെന്ന് പറയുക വയ്യ. കേരളത്തിലെ ആദിവാസിമൊഴികളെ സോമശേഖരൻ നായർ ഏഴായിട്ടാണ് തരംതിരിക്കുന്നത്:

1. മലയാള ഭാഷാസവിശേഷതകൾ മുന്തിനിൽക്കുന്നവ
2. തമിഴ് ഭാഷാസവിശേഷതകൾ മുന്തിനിൽക്കുന്നവ
3. കന്നട ഭാഷാ സവിശേഷതകൾ നിലനിർത്തുന്നവ
4. തുളു ഭാഷാബന്ധമുള്ളവ
5. മലയാളഭാഷയായി പരിണമിച്ചവ
6. തമിഴ് - മലയാള ഭാഷാംശം മുന്തിനിൽക്കുന്നവ
7. സ്വതന്ത്രഭാഷയായി കണക്കാക്കാവുന്നവ

മുഖ്യധാരാഭാഷകളുടെ അടിസ്ഥാനത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭാഷാസമൂഹങ്ങളുടെ ഭാഷകളെ വിലയിരുത്തുന്ന ഒരു വിചാരമാതൃകയിൽ നിന്നുകൊണ്ടാണ് സോമശേഖരൻ നായർ ഇത്തരമൊരു വർഗീകരണം നടത്തുന്നത്. ഇന്ന് ആലോചിക്കുമ്പോൾ അത് യുക്തിഭദ്രമല്ലെന്ന് വ്യക്തമാകും. ഈ രീതിയിലുള്ള വർഗ്ഗീകരണത്തിൽ രണ്ട് പ്രശ്നങ്ങളുണ്ട്: ദ്രാവിഡത്തിലെ പ്രബലഭാഷകളുടെ ഭാഷാപ്രത്യേകതകൾ ഗോത്രഭാഷകളിൽ ചിലതിൽ മുന്നിട്ടുനിൽക്കുന്നു എന്നാണിതിൽ പറയുന്നത്. ദ്രാവിഡഭാഷകളുടെ ചില സ്വഭാവങ്ങൾ ഈ ആദിവാസിമൊഴികളിൽ പ്രകടമാണെന്നതിനെ പ്രബലഭാഷകളുടെ ഭാഷാപ്രത്യേകതകൾ മുന്നിട്ടുനിൽക്കുന്നു എന്ന് വ്യാഖ്യാനിക്കുന്നത്

ഭാഷകളെക്കുറിച്ചുള്ള മേലാള-കീഴാളവിചാരം കൊണ്ടാണെന്നു മാത്രമേ പറയാനാവൂ. ഏതെങ്കിലും ഒരു ഗോത്രമൊഴിയുടെ പ്രത്യേകതകൾ മലയാളത്തിൽ മുന്തിനിൽക്കുന്നു എന്ന് ആരെങ്കിലും പറഞ്ഞാൽ ആ വാദം അംഗീകരിക്കപ്പെടുമോ എന്നാലോചിച്ചാൽ മനസിലാക്കാവുന്നതേയുള്ളൂ ഇക്കാര്യം. സമ്പർക്കവുമായി ബന്ധപ്പെട്ടുള്ളതാണ് രണ്ടാമത്തെ വിഷയം. ഗോത്രഭാഷകളിൽ കാണുന്ന മുഖ്യധാരാഭാഷകളുടെ സ്വാധീനം ആ ഭാഷകൾ സംസാരിക്കുന്നവർ തമ്മിലുള്ള സമ്പർക്കംകൊണ്ട് സംഭവിച്ചതാണോ അതോ ദ്രാവിഡഭാഷകളുടെ പ്രാചീനഗുണങ്ങൾ ഗോത്രഭാഷകൾ നിലനിർത്തുന്നതാണോ എന്ന കാര്യം സംശയാസ്പദമാണ്. ആദിവാസിഭാഷകളെപ്പറ്റി കാര്യമായ പഠനങ്ങളൊന്നും നടക്കാതിരുന്ന കാലത്ത് നടത്തിയ ഇത്തരം വർഗ്ഗീകരണങ്ങൾക്കപ്പുറത്തേയ്ക്ക് കേരളത്തിലെ ആദിവാസിഭാഷാപഠനം ഒട്ടും വളർന്നിട്ടില്ല എന്നു തന്നെ പറയാൻ കഴിയും.

നിരവധി ഭാഷാഭേദങ്ങളുടെ സംഘാതാമായിരിക്കും ഏതൊരു ഭാഷയും. തൃശ്ശൂരോ കാസർഗോഡോ ലക്ഷദ്വീപിലോ സംസാരിക്കപ്പെടുന്ന മലയാളത്തിന്റെ ഭാഷാഭേദങ്ങൾ തമ്മിൽ പരസ്പരഗ്രഹണക്ഷമത (Mutual intelligibility) നിലനിൽക്കുന്നതുകൊണ്ടാണ് അവയെയെല്ലാം മലയാളത്തിന്റെ ഭാഷാഭേദങ്ങളായി പരിഗണിക്കുന്നത്. ഈ പരസ്പരഗ്രഹണക്ഷമത കുറയുമ്പോൾ അവയെ വ്യത്യസ്തഭാഷകളായി പരിഗണിക്കുകയും ചെയ്യും. മലയാളത്തിന്റെ ഏതെങ്കിലുമൊരു ഭാഷാഭേദത്തിൽ സംസാരിക്കുന്നവർക്ക് മറ്റൊരു ഭാഷാഭേദം മനസിലാകുന്നുണ്ടെങ്കിൽ ആ രണ്ടു ഭാഷാഭേദങ്ങളെയും മലയാളമായി പരിഗണിക്കാം. അങ്ങനെയാണ് ഇതുവരെ സങ്കല്പിച്ചിട്ടുള്ളതും. ഇതുവച്ച് കേരളത്തിന്റെ ഭൂപരിധിക്കുള്ളിൽ താമസിക്കുന്ന പണിയ വിഭാഗക്കാരുടെയും അടിയവിഭാഗക്കാരുടെയും ഭാഷയ്ക്ക് മലയാളവുമായി പരസ്പരഗ്രഹണക്ഷമതയുണ്ടോയെന്നു പരിശോധിക്കുകയാണെങ്കിൽ അത് തീരെ കുറവാണെന്ന് എളുപ്പത്തിൽ വ്യക്തമാകും. പണിയവിഭാഗക്കാർ സംസാരിക്കുന്ന പണിയഭാഷയോ അടിയവിഭാഗക്കാർ സംസാരിക്കുന്ന റാവുള ഭാഷയോ മനസിലാക്കാൻ മലയാളത്തിലെ ഭാഷാഭേദങ്ങളിൽ ഏതെങ്കിലുമൊന്ന് സംസാരിക്കുന്നവർക്ക് സാധിക്കുകയില്ല. ഗിരിവർഗ്ഗഭാഷകളുടെ സ്ഥിതി എല്ലായിടത്തും ഇതാണെന്നു വിചാരിക്കുകയും ചെയ്യരുത്. ചില ഗോത്രമൊഴിഭേദങ്ങളും മലയാളവും തമ്മിൽ നല്ല പരസ്പരഗ്രഹണക്ഷമതയുണ്ട് എന്നതും നാം പരിഗണിക്കേണ്ടതുണ്ട്. വയനാട്ടിലെ തന്നെ കുറിച്യവിഭാഗക്കാർ സംസാരിക്കുന്ന ഭാഷാഭേദത്തിന്റെ കാര്യമെടുക്കാം:

മലബാറിലെ, പ്രത്യേകിച്ച്, കണ്ണൂർ -കോഴിക്കോട് പ്രദേശങ്ങളിലെ മലയാളത്തിന്റെ ചില പ്രാദേശിക ഭാഷാഭേദങ്ങളോട് വളരെ അടുപ്പമുള്ള ഒരു ഭാഷാഭേദമാണ് കുറിച്യഭാഷാഭേദം. മലയാളഭാഷ കേട്ടാൽ മനസ്സിലാകുന്ന ആർക്കും കുറച്ചൊന്ന് ശ്രദ്ധിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ ഈ മൊഴിഭേദം. അതേനിലവാരത്തിൽ പണിയ, റാവുള, കാട്ടുനായ്ക്ക, ഊരാളികുറുമ ഭാഷകളെ വിലയിരുത്താൻ തുടങ്ങിയാൽ കാര്യങ്ങൾ കുഴപ്പത്തിലാകും. ഈ ഭാഷകൾക്കൊക്കെ മലയാളവുമായി പരസ്പരഗ്രഹണക്ഷമത വളരെ കുറവാണ്. കേരളത്തിലെ ആദിവാസിഭാഷകളെയെല്ലാം പരസ്പരഗ്രഹണക്ഷമതയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും മലയാളവുമായി ആ ഭാഷകൾക്കുള്ള അടുപ്പം/അകലം വിലയിരുത്തപ്പെടുകയും ചെയ്യുകയെന്നത് അടിയന്തരപ്രാധാന്യമുള്ള ഒരു വിഷയമാണ്.

### സ്വരൂപപഠനത്തിന്റെ അനിവാര്യത

ഒരു ഭാഷ പ്രത്യേക ഭാഷയാണോ മറ്റേതെങ്കിലും ഭാഷയുടെ ഭാഷാഭേദമാണോ എന്നു നിശ്ചയിക്കാനുള്ള മാനദണ്ഡങ്ങൾ ഭാഷാശാസ്ത്രജ്ഞർ മുമ്പേ തന്നെ കണ്ടെത്തിയിട്ടുണ്ട്. ഘടനാപരമായ പ്രത്യേകതകൾക്കാണ് ഇതിൽ മുൻതൂക്കം ലഭിക്കുന്നത്. ഈ മാനദണ്ഡങ്ങളൊന്നും വികസിതമായ ഭാഷകളുടെ ഭാഷാപദവിക്ക് വിഘാതം സൃഷ്ടിക്കാറില്ല എന്നുമാത്രം. അവിടെ രാഷ്ട്രീയമോ മതപരമോ ആയ കാര്യങ്ങൾ മാത്രം മതി രണ്ടു ഭാഷകൾ വിഭിന്നമെന്നു തീരുമാനിക്കാൻ. ഘടനാപരമായി വലിയ വ്യത്യാസങ്ങളില്ലാത്ത ഹിന്ദിയും ഉറുദുവും പഞ്ചാബിയും വെവ്വേറെ ഭാഷയാകുന്നതിന് മതമോ രാഷ്ട്രീയമോ ആണ് കാരണം. 1961 ലെ സെൻസസിൽ ഹിന്ദി സംസാരിക്കുന്നവരുടെ എണ്ണം 29.65 ശതമാനമായിപ്പോയതിൽ പരിതപിച്ച് ഉത്തരേന്ത്യയിലെ ഭാഷകളെ പുനർവർഗ്ഗീകരിച്ച് ഹിന്ദിയുടെ സ്ഥാനമുയർത്തേണ്ടി വന്നതും ഇതിന്റെ ഒരു മറുപുറമാണ്. 10,000 ലധികം ഭാഷകരുണ്ടായിരുന്ന ബംജാരി, ബോജ്പുരി, ഗോഗ്രി, കുമൗനി, ലംബാഡി തുടങ്ങിയ അൻപതിലധികം ഭാഷകൾ ഹിന്ദിയുടെ കണക്കിൽ എഴുതി ചേർക്കപ്പെട്ടു. ഇവിടെ പറഞ്ഞുവരുന്നതിതാണ്: ഘടനയുടെ അടിസ്ഥാനത്തിലാണ് ഭാഷകളെ ഒന്നായിട്ടോ പലതായിട്ടോ വർഗ്ഗീകരിക്കേണ്ടതെങ്കിലും അതിനെക്കാൾ, ഭാഷാബാഹ്യമായ കാര്യങ്ങൾക്കാണ് പലപ്പോഴും മേൽക്കൈ ലഭിക്കാറുള്ളത് (ജോസഫ് കെ ജോബ് 2015: 390).

കേരളത്തിലെ ആദിവാസിഭാഷകൾ മലയാളത്തിൽ നിന്ന് വ്യത്യസ്തമായ പ്രത്യേക ഭാഷകളാണോ അതോ മലയാളത്തിന്റെയും മറ്റേതെങ്കിലും

ദ്രാവിഡഭാഷകളുടെയും ഭാഷാഭേദമാണോ എന്ന പ്രസക്തമായ ചോദ്യം എസ് ഭട്ടാചാര്യ 1976-ൽ തന്നെ ഉന്നയിക്കുന്നതു കാണാം. പ്രത്യേകഭാഷകളായി പരിഗണിക്കപ്പെടാവുന്ന ആദിവാസിഭാഷകളൊന്നും കേരളത്തിലില്ലെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്. ഇന്ത്യയിൽ ആദിവാസിഭാഷകളെക്കുറിച്ച് പഠനങ്ങൾ തുടങ്ങിയ കാലത്താണ് അദ്ദേഹം അങ്ങനെയൊരു അഭിപ്രായം പുറപ്പെടുവിച്ചതെന്ന് ആശ്വസിക്കാം. 1980 കളിലും 90 കളിലും കേരള സർവകലാശാലയിലെ ഭാഷാശാസ്ത്രവിഭാഗത്തിൽ ആദിവാസി ഭാഷകളെക്കുറിച്ച് വിശദപഠനങ്ങൾ ഉണ്ടാകുന്നുണ്ട്. പണിയർ, അടിയർ, കാട്ടുനായ്ക്കർ, മുള്ളക്കുറുമ്പർ, കാണിക്കാർ, കരവഴി പുലയർ, കുറുമ്പർ, മുതുവർ, പള്ളിയർ, പതിനായ്ക്കർ, ഊരാളിക്കുറുമർ, മലവേടർ, തച്ചനാടൻ മൂപ്പർ, ഇരുളർ, കുറിച്യർ തുടങ്ങിയ 22 ആദിവാസി വിഭാഗക്കാരുടെ ഭാഷകളെക്കുറിച്ച് പഠനങ്ങളുണ്ടായിട്ടുള്ളതായി രാജേന്ദ്രൻ, എൻ (2006: 28) രേഖപ്പെടുത്തുന്നു.

വരമൊഴിയായി രൂപപ്പെട്ടിട്ടില്ലാത്ത, വാമൊഴിയായി മാത്രം നിലനിൽക്കുന്ന ഭാഷകളാണ് ഇവയെല്ലാം. വിവരണാത്മകപഠനങ്ങളോ അംശപഠനങ്ങളോ മാത്രമാണ് ഇതുവരെ ഉണ്ടായിട്ടുള്ളത്. ചുരുക്കം ചില സാമൂഹിക ഭാഷാശാസ്ത്രപഠനങ്ങളും ഉണ്ടായിട്ടുണ്ട്. കേരളത്തിലെ എല്ലാ ആദിവാസിവിഭാഗക്കാർക്കും അവരുടെ തനതായ ഭാഷകളുണ്ട് എന്നാണ് ഈ പഠനങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. ഒന്നിലധികം വിഭാഗക്കാർ ഒരേ മൊഴിഭേദം സംസാരിക്കുന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെക്കൻ കേരളത്തിലെ മലയുള്ളാടർ, മലക്കുറവൻ, മലയരയർ, മലപ്പുലയർ, മല അടിയർ എന്നീ വിഭാഗക്കാർ ഒരേ മൊഴിഭേദം തന്നെയാണ് സംസാരിക്കുന്നതെന്ന് രാജേന്ദ്രൻ (2006:79) ചൂണ്ടിക്കാട്ടുന്നുണ്ട്. അട്ടപ്പാടിയിലെ മുഡുഗരും കുറുമ്പരും ഒരേ ഭാഷ തന്നെയാണ് സംസാരിക്കുന്നതെന്നും അദ്ദേഹം കണ്ടെത്തുന്നു. ആദിവാസി വിഭാഗങ്ങളുടെ എണ്ണവും ആദിവാസി വിഭാഗക്കാർ സംസാരിക്കുന്ന ഭാഷകളുടെ എണ്ണവും പൊരുത്തപ്പെടണമെന്നില്ല എന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. ഒരേ വിഭാഗക്കാർ തന്നെ പല പേരുകളിൽ അറിയപ്പെടുന്ന സാഹചര്യവുമുണ്ട്.

### ആസൂത്രണത്തിന്റെ വിവിധ തലങ്ങൾ

നിശ്ചിതമായ ലക്ഷ്യങ്ങളോടെ ഒരു രാഷ്ട്രീയസംവിധാനത്തിനകത്ത് ഭാഷയെ/ഭാഷകളെ സംബന്ധിച്ച നയരൂപീകരണം നടത്തുന്ന പ്രവർത്തനങ്ങളെയാണ് ഭാഷാസൂത്രണം എന്നു വിളിക്കുന്നത്. വിദ്യാഭ്യാസത്തിലും ഭരണ-നിയമതലത്തിലും ഭാഷയുടെ ഉപയോഗം എന്തെന്ന് പരിശോധിക്കുകയും അതിനുള്ള

പദ്ധതികളും തന്ത്രങ്ങളും ആവിഷ്കരിക്കുകയും ചെയ്യുക എന്നതാണ് ഭാഷാസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഭാഷാസൂത്രണത്തെ പ്രധാനമായും രണ്ടായിട്ടാണ് ആദ്യകാലപഠനങ്ങളിൽ വിഭജിച്ചിരുന്നത്. ഭാഷകളുടെ ആന്തരികതലത്തിലുള്ള ആസൂത്രണം(Corpus planning), ഭാഷാസ്ഥിതിയുടെ അടിസ്ഥാനത്തിലുള്ള ആസൂത്രണം(Status planning) എന്നിവയാണത്. എന്നാൽ, ഇതിനു പുറമെ ഭാഷാർജ്ജനാസൂത്രണം (Acquisition planning), മനോഭാവാസൂത്രണം (Attitude plannning) എന്നീ രണ്ട് തരം ആസൂത്രണങ്ങൾ കൂടി ഇന്ന് സജീവമായി ചർച്ചചെയ്യപ്പെടുന്നുണ്ട്. ഇപ്പറഞ്ഞ തരത്തിലുള്ള എല്ലാവിധ ആസൂത്രണങ്ങളും ഇവിടുത്തെ ആദിവാസിഭാഷകൾക്ക് ആവശ്യമാണ്.

കേരളത്തിന്റെ ഭാഷാസാഹചര്യത്തിൽ, വ്യത്യസ്ത ഭാഷകൾക്ക് മുൻഗണനാക്രമം കൊടുക്കേണ്ടതെങ്ങനെ എന്നതാണ് ഭാഷാസൂത്രണത്തിലെ പ്രാഥമികമായ പ്രശ്നം. വംശനാശഭീഷണിയടക്കമുള്ള പല പ്രശ്നങ്ങളും നമ്മുടെ ഗോത്രഭാഷകൾ നേരിടുന്നുണ്ട്. തദ്ദേശീയ ജനതയുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട്, ഭാഷ ഉപയോഗിക്കാനും അനന്തര തലമുറകളിലേക്ക് വ്യാപിപ്പിക്കാനുമുള്ള അവകാശം അനുവദിക്കപ്പെട്ടിട്ടുണ്ട്. ഭാഷകരുടെ അവകാശങ്ങൾ നിലനിർത്താനും ഭാഷ എന്ന സാമൂഹിക മൂലധനത്തെ സംരക്ഷിക്കാനുമുള്ള വഴികൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

### എൽ.വി.ഇ. റിപ്പോർട്ടും ഗോത്രമൊഴികളും

ഒരു ഭാഷ, ജീവൽ ഭാഷയായി നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കുന്നതിനുള്ള ഒൻപത് മാനദണ്ഡങ്ങളെക്കുറിച്ച് 'ഭാഷയുടെ ഉയിരും നാശോന്മുഖതയും' (Language vitality and Endangerment) എന്ന പേരിൽ യുനെസ്കോ പുറത്തിറക്കിയ രേഖ(എൽ വി ഇ റിപ്പോർട്ട്)യിൽ പറയുന്നുണ്ട്. നാശഭീഷണി നേരിടുന്ന ഭാഷകൾ കണ്ടെത്തി രക്ഷപ്പെടുത്തുന്നതിനായി നിർദേശിക്കപ്പെട്ടിട്ടുള്ള ഈ മാനദണ്ഡങ്ങൾ വച്ചുകൊണ്ട് കേരളത്തിലെ ആദിവാസിഭാഷകളെയെല്ലാം പരിശോധിക്കേണ്ടത് ഭാഷാസൂത്രണത്തിലെ പ്രധാനപ്പെട്ട നടപടിക്രമമാണ്. ഒരു ഭാഷണസമൂഹം അവരുടെ ഭാഷയുടെ ഉപയോഗം പാടെ നിർത്തുമ്പോഴോ ആശയവിനിമയത്തിന്റെ ചുരുക്കം സംഭവിച്ച് ചില തലങ്ങളിൽ മാത്രമായി ഭാഷയുടെ ഉപയോഗം പരിമിതപ്പെടുമ്പോഴോ അനന്തരതലമുറകളിലേക്ക് ഭാഷ കൈമാറ്റം ചെയ്യപ്പെടാതിരിക്കുമ്പോഴോ ആ ഭാഷ നാശോന്മുഖമായി എന്നു പറയാം (Balasubrahmanian 2017: 93) ഭാഷകരുടെ എണ്ണം, മൊത്തം

ജനസംഖ്യക്കകത്ത് ഭാഷണസമൂഹത്തിലെ അംഗങ്ങളുടെ സ്ഥിതി, ഭാഷോപ യോഗതലങ്ങളിലുള്ള മാറ്റം, ആധുനിക ഭാഷോപയോഗതലങ്ങളോടും മാധ്യ മങ്ങളോടുമുള്ള പ്രതികരണം, സാക്ഷരതയ്ക്കുള്ള സംവിധാനങ്ങൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെ ഭാഷാമനോഭാവം, ഭാഷണസമൂഹത്തിലെ അംഗങ്ങൾക്ക് അവരുടെ ഭാഷയോടുള്ള മനോഭാവം, സ്ഥിതിവിവരകണക്കു കളുടെ തരവും ഗുണവും എന്നിവയെല്ലാം കൃത്യമായി പരിശോധിക്കപ്പെടണ മെന്നാണ് യുനെസ്കോ നിർദേശിച്ചിരിക്കുന്നത്.

### വർഗ്ഗീകരണവും കുടംബവൃക്ഷപരികല്പനയും

ആദിവാസിഭാഷകളുടെ ജൈവബന്ധം വ്യക്തമാക്കപ്പെടുന്ന തരത്തിൽ കുടംബവൃക്ഷപരികല്പനയുടെ അടിസ്ഥാനത്തിലുള്ള ചിത്രണവും വർഗ്ഗീകര ണവുമാണ് ആദിവാസിഭാഷകളുടെ ഭാഷാസൂത്രണത്തിലെ അടുത്തഘട്ടം. സമഗ്രവും സമ്പൂർണ്ണവുമായ വിവരണാത്മകപഠനങ്ങൾ, അതിന്റെ അടിസ്ഥാ നത്തിൽ സാധ്യമാകുന്ന ചരിത്രാത്മകപഠനങ്ങൾ, ഭാഷാഘടന, ഭാഷയുടെ പ്രയോഗം, വംശീയ ഭാഷാശാസ്ത്രപഠനങ്ങൾ, പ്രദേശത്തിന്റെ സാമൂഹിക ഭാഷാശാസ്ത്ര പഠനങ്ങൾ, എന്നിവയെല്ലാം ഇനിയുമുണ്ടാകേണ്ടിയിരിക്കുന്നു. ഭാഷകളുടെ സംരക്ഷണം ആവശ്യമുണ്ടെങ്കിൽ അത് എങ്ങനെയൊക്കെ ചെയ്യാമെന്ന കാര്യവും ചർച്ചാവിഷയമാക്കേണ്ടതുണ്ട്. ഇതെല്ലാം ശരിയായ ഭാഷാനയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സാധ്യമാകൂ.

ഭാഷാസൂത്രണത്തിൽ രണ്ടുതരം സമീപനങ്ങൾ സംഗതമായി വരാറുണ്ട്. ഏക ഭാഷാസമീപനവും ബഹുഭാഷാസമീപനവും. ആദിവാസിഭാഷകളുടെ ഭാഷാസൂത്രണം ബഹുഭാഷാസമീപനത്തിന്റെ അടിസ്ഥാനത്തിൽ നടത്ത പ്പെടേണ്ടതാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചതിനു ശേഷമാണ് ആദിവാസി ഭാഷകളുടെ സ്ഥിതി കൂടുതൽ പരുങ്ങലിലായത്. സംസ്ഥാനാതിർത്തികൾ ആദിവാസിഭാഷകളെയോ ആദിവാസിമേഖല കളെയോ പരിഗണിച്ചു കൊണ്ടായിരുന്നില്ല തീരുമാനിക്കപ്പെട്ടത്. മറ്റു പല കാര്യങ്ങളിലുമെന്നപോലെ ഭാഷാകാര്യത്തിലും ആദിവാസിസമൂഹങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ടു.

ആദിവാസിവാസകേന്ദ്രങ്ങളെ പല സംസ്ഥാനങ്ങളിലായി വേർതി രിക്കുന്നതിന് ഒരു യുക്തിയുമില്ല. പക്ഷേ സംഭവിച്ചതതാണ്. അടുത്തബ ന്ധത്തിൽ പെട്ടവരും ഒരേ ഭാഷ/ഭാഷാഭേദം സംസാരിക്കുന്നവരുമായ നിരവധി പേർ ഇരുസംസ്ഥാനങ്ങളിലെ ജനസംഖ്യാകണക്കുകളിൽ പെട്ടു. അങ്ങനെയാണ് ഒരേ വിഭാഗക്കാർ തമിഴ് നാട്ടിലും കേരളത്തിലും

വരുന്നതായി കണക്കുകളുണ്ടാകുന്നത്. തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലും കേരളത്തിലെ വയനാട് ജില്ലയിലും പണിയവിഭാഗക്കാരുണ്ടെന്നു കരുതി രണ്ടു മേഖലകളിലെയും പണിയഭാഷയെ വേർതിരിച്ച് പഠിച്ചാണ് വിവരണാത്മക പഠനമുണ്ടായിട്ടുള്ളതെന്ന് വേണുഗോപാലപ്പണിക്കർ നിരീക്ഷിക്കുന്നുണ്ട് (1989: 65). ഇത്തരത്തിൽ സംസ്ഥാനാതിർത്തി സങ്കല്പങ്ങളെ മറികടന്നു വേണം ആദിവാസിഭാഷകളെക്കുറിച്ച് പഠിക്കേണ്ടതെന്നും പ്രദേശങ്ങളെ ഭാഷാസംക്രമണമേഖലകളായി തിരിച്ചു കൊണ്ടായിരിക്കണം പഠനങ്ങൾ നടത്തേണ്ടതെന്നും ഭാഷാപണ്ഡിതരും വ്യക്തമാക്കിയിട്ടുള്ളതാണ്. പക്ഷേ, കാര്യങ്ങൾ ഇപ്പോഴും നിന്നിടത്തുതന്നെയാണെന്നു മാത്രം.

### ഭാഷാപരിസ്ഥിതിയെന്ന യാഥാർത്ഥ്യം

പരിസ്ഥിതി, ജീവജാലങ്ങളുടെ പരസ്പരബന്ധം, ജൈവലോകത്തിന്റെ വൈവിധ്യം എന്നീ പാരിസ്ഥിതികമായ പരികല്പനകളെ ഭാഷാശാസ്ത്രത്തിൽ പ്രയോജനപ്പെടുത്തിയതിന്റെ ഫലമാണ് പരിസ്ഥിതിഭാഷാശാസ്ത്രം അഥവാ ഹരിതഭാഷാശാസ്ത്രം. ഭാഷയിലെ മനുഷ്യമാത്രപക്ഷവും പ്രകൃതിവിരുദ്ധവുമായ ഘടകങ്ങളെ കണ്ടെത്തുകയും അവയെ കരുതലോടെ മാത്രം പ്രയോഗിക്കാൻ ശ്രമിക്കുകയും ചെയ്യാനുള്ള ആഹ്വാനമാണത് മുന്നോട്ടു വയ്ക്കുന്നത്. ആൽഫിൻ ഫില്ലും മ്യൂൾ ഹാസ്ലറും എഡിറ്റു ചെയ്ത The Eco Linguistic Reader-ൽ വിഷയത്തിന്റെ സമീപന രീതികൾ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഭാഷകളിൽ നിലീനമായിരിക്കുന്ന പാരിസ്ഥിതികാവബോധം കണ്ടെത്തുന്നതിനായി പ്രാദേശിക ഭാഷകളും നാട്ടുമൊഴികളും ഗോത്രമൊഴികളുമൊക്കെ സൂക്ഷ്മപഠനത്തിന് വിധേയമാകണമെന്ന ആശയമാണ് ഇതിലുള്ളത്. ഭാഷാവൈവിധ്യങ്ങളെ ജൈവവൈവിധ്യം പോലെ അംഗീകരിക്കണമെന്ന കാഴ്ചപ്പാട് ഈ സമീപനം മുന്നോട്ടുവയ്ക്കുന്നുണ്ട്. ഭാഷാപരിസ്ഥിതിയും ഭാഷാവൈവിധ്യവും അംഗീകരിച്ചാൽ എല്ലാ ആദിവാസിവിഭാഗത്തിനും സവിശേഷവും അനന്യവുമായ മൊഴിരൂപങ്ങളുണ്ടെന്നും അവയിലെല്ലാം സൂക്ഷ്മമായ അനുഭവങ്ങളുള്ളവയാണെന്നും ആ സാംസ്കാരിക പ്രത്യേകതകൾ സംരക്ഷിക്കപ്പെടേണ്ടതാണെന്നും വ്യക്തമാകും. അത്തരമൊരു സമീപനം സ്വീകരിച്ചുകഴിഞ്ഞാൽ 'മലയാളത്തിന്റെ ഭാഷാഭേദമാണിത്' 'തമിഴിന്റെയും കന്നടയുടെയും സങ്കരരൂപമാണിത്', എന്നൊക്കെയുള്ള വികലധാരണകളും വിലയിരുത്തലുകളും തിരുത്താൻ അതു സഹായകമാകും.

## മനോഭാവാസൂത്രണവും ഭാഷാർജ്ജനാസൂത്രണവും

ഒരു ഭാഷയെ അതിന്റെ പിന്നോക്കാവസ്ഥയിൽ നിന്ന് രക്ഷപെടുത്തിക്കൊണ്ട് കൂടുതൽ പ്രചരിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നതിനുള്ള ശ്രമങ്ങളെയാണ് ഭാഷാർജ്ജനാസൂത്രണം എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. വംശനാശഭീഷണി നേരിടുന്ന, ഇവിടുത്തെ ഗോത്രഭാഷകൾക്ക് മാന്യമായ പരിഗണനയും ആ ഭാഷകളുടെ അഭിവൃദ്ധിക്കു വേണ്ട സാഹചര്യവും ഒരുക്കിക്കൊടുക്കുന്നത് ഭാഷാർജ്ജനാസൂത്രണത്തിന്റെ ഭാഗമാണ്. അനന്തര തലമുറകളിലേയ്ക്ക് സംക്രമിക്കാതെ ഒരു ഭാഷ നിശ്ചലമായി പോകുന്നുണ്ടെങ്കിൽ അതിനുള്ള പരിഹാരങ്ങൾ ആരായുന്നതും നടപ്പിലാക്കുന്നതും ഭാഷാർജ്ജനാസൂത്രണത്തിന്റെ ഭാഗം തന്നെ. നാശോന്മുഖമായ ഭാഷകളെ സംരക്ഷിക്കുന്നതിന് 'ഭാഷാസംരക്ഷണ സമിതികൾ' രൂപപ്പെടുത്തുന്നതും ഭാഷാർജ്ജനാസൂത്രണത്തെ ത്വരിതപ്പെടുത്തും. സംസ്ഥാനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം മുഖ്യധാരാ ഭാഷകളിലാണ് എന്ന് വരികിലും ദ്വിഭാഷിത്വരീതിയിൽ ആദ്യം ഗോത്രഭാഷ പിന്നീട് സ്വാഭാവികമായി മുഖ്യധാരാ ഭാഷ എന്ന ഒരു ക്രമം നിലനിർത്താവുന്നതാണ്.

കോർപസ്, സ്റ്റാറ്റസ്, അക്വിസിഷൻ എന്നീ മൂന്നുതരത്തിലുള്ള ആസൂത്രണത്തെയുംചൂഴ്ന്നുനിൽക്കുന്ന ആസൂത്രണമാണ് മനോഭാവാസൂത്രണം. ഭാഷാസൂത്രണത്തിന്റെ സൂക്ഷ്മതലമാണിത്. ഈ ആസൂത്രണം ബോധപൂർവമോ അല്ലാതെയോ ആകാം. ഒരർഥത്തിൽ മറ്റെല്ലാ ഭാഷാസൂത്രണങ്ങളെയും നയിക്കേണ്ടത് ഇതു തന്നെയാണ്. ഭരണ കർത്താക്കളുടെയും നയരൂപീകരണം നടത്തുന്നവരുടെയും ഗോത്രഭാഷകൾ സംസാരിക്കുന്നവരുടെയും ഗോത്രേതര ഭാഷകൾ സംസാരിക്കുന്നവരുടെയും മനോഭാവത്തിലുണ്ടാകേണ്ട മാറ്റത്തെയാണ് ഇത് ലക്ഷ്യമിടുന്നത്. ഭാഷാസൂത്രണത്തിന്റെ ആധാരശിലയും ഇതു തന്നെ. ഭാഷാനയവും ഭാഷാമനോഭാവവും യോജിപ്പിച്ചുകൊണ്ട് ഭാഷയുടെ വികാസപരിണാമങ്ങളിലുള്ള ഇടപെടലുകൾ നടത്തുന്നതാണ് ഇതെന്നു കൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

## സാങ്കേതികവിദ്യയും ആസൂത്രണവും

ഏതൊരു ഭാഷയുടെയും നിലനില്പ് സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. സാങ്കേതികവിദ്യയെന്നാൽ അത്യാധുനിക സാങ്കേതികവിദ്യയെന്നു മാത്രമല്ല ഉദ്ദേശിക്കുന്നത്. വാമൊഴിയിൽനിന്ന് വരമൊഴിയിലേയ്ക്കു കടക്കുന്ന എഴുത്തുവിദ്യ, അച്ചടി, ലിപിസമ്പ്രദായം എന്നീ പ്രാഥമിക സാങ്കേതികവിദ്യകളും ഇതിൽ പെടും. വാമൊഴി രൂപത്തിലാണെങ്കിലും

ഭാഷയെ രേഖപ്പെടുത്തി വയ്ക്കാനാകുന്ന ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഇന്നു ലഭ്യമാണ്. മൾട്ടിമീഡിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചു കൊണ്ട് ഡോക്യുമെന്ററികൾ, ചലച്ചിത്രങ്ങൾ, ടി വി പ്രോഗ്രാമുകൾ, ഓഡിയോ ഗ്രന്ഥങ്ങൾ എന്നിവയൊക്കെ ചെയ്യാവുന്നതാണ്. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചു കൊണ്ട് വ്യാകരണം, നിഘണ്ടു, മറ്റ് ഭാഷാ പഠനോപാധികൾ, പാഠപുസ്തകങ്ങൾ എന്നിങ്ങനെയുള്ള സാധ്യതകളും അന്വേഷിക്കാവുന്നതാണ്. ഗോത്രഭാഷകളിൽ ചലച്ചിത്രങ്ങൾ നിർമ്മിച്ച് സബ് ടൈറ്റിലുകളോടുകൂടി പ്രദർശിപ്പിക്കുന്നതായി കണ്ടിട്ടുണ്ട്. ഇത് ഈ ദിശയിലുള്ള നല്ല മുന്നേറ്റമാണ്.

### ന്യൂനപക്ഷഭാഷകളും മലയാളവും

കേരളത്തിന്റെ സംസ്ഥാനാതിർത്തിയിൽ വരുന്ന ഗോത്രഭാഷകളടക്കമുള്ള ന്യൂനപക്ഷ ഭാഷകളെയും സംസ്ഥാനത്തിന്റെ ഭരണഭാഷയായി മലയാളത്തെയും ഇവിടെ ഉപയോഗിക്കപ്പെടുന്ന മറ്റു ഭാഷകളെയും ഒരുമിച്ചു പരിഗണിച്ചുകൊണ്ടുള്ള ഒരു ഭാഷനയവും ഭാഷാസൂത്രണവും എങ്ങനെ സാധ്യമാകും എന്നതാണ് നാം ആലോചിക്കേണ്ട വിഷയം. ഭാഷാപരമായ അധിനിവേശത്തിന് പല തലങ്ങളുണ്ട്. ഒരുഭാഗത്ത് ഇംഗ്ലീഷ്, ഹിന്ദി പോലെയുള്ള ഭാഷകൾ മലയാളം പോലെയുള്ള ഭാഷകളുടെ മേൽ ആധിപത്യം നേടാൻ ശ്രമിക്കുമ്പോൾ, ഗോത്രഭാഷകൾ അടക്കമുള്ള ന്യൂനപക്ഷഭാഷകളുടെ മേൽ മലയാളം നടത്തുന്ന അധിനിവേശം കാണാതിരിക്കുന്നതിൽ അർത്ഥമില്ല. കേരളത്തിലെ ഗോത്രഭാഷകൾക്കും മറ്റു ന്യൂനപക്ഷഭാഷകൾക്കും അർഹമായ പരിഗണന നൽകുന്ന കാര്യത്തിൽ എത്രത്തോളം ആത്മാർത്ഥമായ സമീപനം ഉണ്ടായിട്ടുണ്ടെന്ന് പരിശോധിക്കേണ്ടതുണ്ട്. മാതൃഭാഷാവകാശത്തിനുവേണ്ടി ഇവിടെ നടക്കുന്ന ഭാഷാസമരങ്ങൾ മലയാളത്തിലേക്ക് മാത്രം പരിമിതപ്പെട്ടുപോയിട്ടുണ്ട്. വിശാലാർത്ഥത്തിലുള്ള മാതൃഭാഷാ അവകാശസമരമായി അവ ഇതുവരെ രൂപാന്തരം പ്രാപിച്ചിട്ടില്ല. കേരളത്തിൽ ഇപ്പോഴും ഭാഷാന്യൂനപക്ഷം എന്ന പരിഗണന കിട്ടിയിരിക്കുന്നത് തമിഴിനും കന്നടയ്ക്കും മാത്രമാണ്. കേരള സംസ്ഥാനാതിർത്തിയിൽ ഗോത്രഭാഷകൾക്കോ തുളു, ബ്യാരി, കൊങ്കണി, ഗുജറാത്തി, മറാത്തി, തെലുങ്ക്, ഒറിയ, ബംഗാളി, അസാമീസ് എന്നീ ഭാഷകൾക്കോ ഒന്നിനും ഇവിടെ ന്യൂനപക്ഷ ഭാഷകളുടെ പരിഗണന നൽകപെട്ടിട്ടില്ല. ഈ ഭാഷക്കാരുടെയൊന്നും ജനാധിപത്യ അവകാശങ്ങളും ഭാഷാവകാശങ്ങളും നിവർത്തിച്ചുകിട്ടി യെന്നും പറയാനാകില്ല. മാതൃഭാഷയ്ക്കു വേണ്ടി കേരളത്തിൽ നടത്തപ്പെടുന്ന സമരങ്ങൾ ഗോത്രഭാഷകളടക്കമുള്ള മറ്റു ന്യൂനപക്ഷ ഭാഷകളെ മറന്നുകൊണ്ടാവരുത്. ഗോത്രഭാഷകളോ മറ്റു

ന്യൂനപക്ഷ ഭാഷകളോ പഠിക്കുന്നവർ ഭാഷാപഠനത്തിന്റെ അമിതഭാരമാണ് പേറേണ്ടിവരുന്നത്. ആധുനികലോകവുമായി പൊരുത്തപ്പെടാനും ജീവിതവിജയം കൈവരിക്കാനും ഈ ഭാഷാവിഭാഗങ്ങളിൽ പെട്ടവർ പല ഭാഷകൾ പഠിക്കാൻ നിർബന്ധിതരാവുകയും അതിനാൽത്തന്നെ പലപ്പോഴും പിന്നിലായിപ്പോവുകയും ചെയ്യും.

### ഉപസംഹാരം

ആദിവാസിഭാഷകളുടെ ആസൂത്രണത്തിന്റെ ആദ്യപടി ആ ഭാഷകളുടെ ഉയിരും ഉശിരും നിലനിർത്തുക എന്നതു തന്നെയാണ്. ഭാഷാമരണത്തിൽ നിന്നും വംശനാശഭീഷണിയിൽനിന്നും അത്തരം ഭാഷകളെ രക്ഷപെടുത്തുക എന്നതു തന്നെയാവണം അടിയന്തരപ്രധാന്യത്തോടെ ചെയ്യേണ്ട കാര്യം. ഔപചാരികമായി സംസ്ഥാനസർക്കാരും അനൗപചാരികമായി ഗവേഷകരും ചെയ്യേണ്ടതാണ് ഇക്കാര്യം. വിശാലാർത്ഥത്തിൽ ഭാഷാവൈവിധ്യത്തെ അംഗീകരിക്കുമ്പോൾ മാത്രമേ ഇത് സാധിക്കുകയുള്ളൂ. അതിലൂടെ ആദിവാസിമേഖലയിലെ പൗരരുടെ അവകാശങ്ങളിൽ ഒന്ന് സ്ഥാപിച്ചുകിട്ടുകയാണ് ചെയ്യുന്നത്. തിരിച്ചു പറഞ്ഞാൽ, ന്യൂനപക്ഷ-ആദിവാസി ഭാഷകൾക്ക് നിലനിൽപ്പിനായുള്ള ആസൂത്രണം വിശാലാർത്ഥത്തിൽ ഭാഷവൈവിധ്യത്തെ അംഗീകരിക്കുന്നതിന് തുല്യമാണ്. ആദിവാസി/ന്യൂനപക്ഷ ഭാഷകളുടെ മാനകീകരണം, ആദിവാസി ഭാഷകളിൽ കൂടിയുള്ള വിദ്യാഭ്യാസം, മീഡിയ, ഭരണനിർവഹണത്തിലുള്ള പങ്കാളിത്തം എന്നിവയെല്ലാം ഇവിടെ പ്രസക്തമായ വിഷയങ്ങളാണ്.

ഗോത്രജനവിഭാഗങ്ങളുടെ ജീവിതം പോലെതന്നെ ആ ജനവിഭാഗങ്ങൾ സംസാരിക്കുന്ന ഭാഷയും പാർശ്വങ്ങളിലാണ്, അരികുകളിലാണ് എന്നതാണ് ഓർക്കേണ്ട കാര്യം. മുഖ്യധാരാജീവിതത്തിൽ ഇടമില്ലാതെ, ഭൂമിയില്ലാതെ, ജീവിക്കാൻ മറ്റു മാർഗങ്ങളില്ലാതെ കഷ്ടപ്പെടുന്ന മനുഷ്യരുടെ ജീവിക്കാനുള്ള അവകാശത്തോടൊപ്പം ഭാഷ നിലനിർത്തുന്നതിനുള്ള അവകാശവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

### സഹായകഗ്രന്ഥസൂചി

1. Ager, Dennis (2001) Motivation in Language Planning and Policy, UK: Multilingual Matters.
2. Alisjahbana, Takdir. S (1976) Language Planning for Modernization: The case of Indonesian and Malaysian, The Hague: Mouton.

3. Annamalai E , Bjorn Jerudd and Joan Rubin (1986) Language Planning Proceedings of an Institute, Mysore: Central Institute of Indian Languages.

4. Balasubrahmaian G (2017) Reflections on Applied Linguistics, New Delhi: Excel India Publications.

5. Bayer, Jennifer Marie (1986) Dynamics of Language Maintenance among Linguistic Minorities: A Sociolinguistic Investigation of the Tamil Communities in Bangalore, Mysore: CIIL.

6. Bhattacharya S (1967) The Tribal languages of South Kerala, Thiruvnathapuram : DLA.

7. Cobarrubias, J. & Fishman, J. Eds.(1983) Progress in Language Planning: International Perspectives, Berlin: Mouton.

8. Cooper.L, Robert (1989) Language Planning and Social Change, Cambridge: Cambridge University Press.

9. Dua, Hans. R(1985) Language Planning in India, New Delhi: Hamam.

10. Dua, Hans R( 1986) Language Use, Attitude and Identity among Linguistic Minorities, Mysore: Central Institute of Indian Languages.

11. Dua, Hans.R (1996) 'The Politics of Language Conflict: Implications for Language Planning and Political Theory'. Language Problems & Language Planning. Vol.20. No.l, (Spring, 1996) : 1-17.

12. Eastman, Carol M (1983) Language Planning: An Introduction, Sanfancisco: Chandler and Sharp Publisher, Inc.

13. Fill, Alwin and Peter Mihlhausler (Eds.) (2001)The Ecolinguistics Reader: Language Ecology and Environment, London : Continuum

14. Joseph.E, John(2004) Language and Identity: National, Ethnic, Religious, Great Britain: Macmillan.

15. Kaplan B. Robert and Richard B.Baldauf (1997) Language Planning: From Practice to Theory, Clevedon: Multilingual Matters.

16. Karimnia, Amin and Ali Fayyazi (2006) "Language Planning and Standardization". Language Forum . Vol.32. No. 1-2 (2006): 109-116

17. Kennedy, Chris. Ed.(1984) Language Planning and Language Education, London: George Allen & Unwin,.

18. Khubchandani, Lachman M (1981) Language Education Social Justice, Poona: Centre for Communication Studies.

19. Khubchandani, Lachman M (1983) Plural Languages, Plural Cultures, Hawaii: University of Hawaii Press

20. Khubchandani, Lachman M (1997) Revisulaizing Boundaries: A Plurilingual Ethos, New Delhi: Sage.

21. King D, Robert (1997) Nehru and the Language Politics of India, Delhi: Oxford University Press.

22. Kluyev.I, Boris (1981) India: National and Language Problem, New Delhi: Sterling Publishers.

23. Koul N. Omkar and P.Umarani. Eds.(2001) Sociolinguistics and Language Education, New Delhi: Creative Books.

24. Mackey, William.F (1989) Determining the Status and Function of Languages in Multinational Societies, Berlin: Walter de Gruyter.

25. Muhlhausler, P. Eds (2001)The Ecolinguistics Reader: Language, Ecology and Environment, London: Continuum.

26. Pattanayak D P (2001) Multilingualism and Mother Tongue Education, Delhi: Oxford University Press.

27. Ranjendran N (1986) Muduga language, Quilon: Ennes Publications.

28. Ricento, Thomas. Ed.(2006) An Introduction to Language Policy: Theory and Method, USA: Blackwell.

29. Ricento, Thomas. Ed. (2000) Ideology, Politics and Language Policies: Focus on English, Amsterdam: John Benjamin Publishing Company.

30. Sasisekaran, T (2009) Language policy and planning in India with special reference to the state of Tamil Nadu, Unpublished Ph D Dissertation, Coimbatore: Bharathiar University.

31. Schiffman F. Harold (1996) Linguistic Culture and Language Policy, London: Routledge.

32. Spolsky, Bernard (2004) Language Policy, Cambridge: Cambridge University Press.

33. Wardhaugh, Ronald (1992) An Introduction to SocioLinguistics, USA: Blackwell.

34. Wright, Sue (2004) Language Policy and Language Planning, Newyork : Macmillan.

35. ജോസഫ് കെ ജോബ്(2016) 'ഗോത്രമലയാളം ചില വീണ്ടുവിചാരങ്ങൾ' മലയാളം തായ് വേരുകൾ , പുതുനാമ്പുകൾ, ഡോ പി എം ഗിരീഷ്, ഡോ സി ജി രാജേന്ദ്രബാബു (എഡി.) ചെന്നൈ: ദക്ഷിണ.

36. പത്മിനി പി ജി (2008) കീഴാള ജീവിതമുദ്രകൾ, കണ്ണൂർ: സമയം പബ്ലിക്കേഷൻസ്

37. വേലപ്പൻ കെ (1984) ആദിവാസികളും ആദിവാസി ഭാഷകളും, തിരുവനന്തപുരം:കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.

38. വേണുഗോപാലപ്പണിക്കർ (2006 'കേരളത്തിലെ ആദിവാസി ഭാഷാപഠനങ്ങൾ' (1986ൽ വിജ്ഞാനകൈരളിയിൽ പ്രസിദ്ധീകരിച്ച ലേഖനം) ചിതറിപ്പോയ സിംഹനാദവും ചില ഭാഷാവിചാരങ്ങളും, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

39. ശ്രീനാഥൻ എം (2019) 'ആദിവാസിഭാഷ' ഏ എം ഉണ്ണികൃഷ്ണൻ (എഡി.) മലയാള ഭാഷാപഠനങ്ങൾ, കോട്ടയം: കറന്റ് ബുക്സ്

40. രാജേന്ദ്രൻ എൻ. ( 2006) 'ആദിവാസിഭാഷകൾ' ഗോപിനാഥൻ നായർ എൻ (എഡി.) ഭാഷയും സമൂഹവും- ഭാഷാശാസ്ത്രപഠനങ്ങൾ, തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല

41. സോമശേഖരൻ നായർ (1980) പണിയഭാഷ, കോട്ടയം: എൻ ബി എസ്

*josephkjob4u@gmail.com*

# തലശ്ശേരിരേഖകളും നിഘണ്ടുക്കളും ഭാഷയുടെ വികാസചരിത്രത്തിൽ

ഡോ. ജോസഫ് സ്കറിയ
അസി. പ്രൊഫസർ, മലയാളവിഭാഗം, എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി.

## പ്രബന്ധസംഗ്രഹം

വാമൊഴിയുടെ ക്രമാനുഗതവും ചലനാത്മകവുമായ ഭാവം, അതിനു ദീർഘകാലം ഇതര ഭാഷകളുമായി നിലനിന്ന സമ്പർക്കം തുടങ്ങിയവയുമായി ബന്ധപ്പെട്ടതാണ് കേരളഭാഷയുടെ/മലയാളത്തിന്റെ വികാസപരിണാമചരിത്രം. മലയാളിയുടെ ജീവിതസാഹചര്യങ്ങളുമായി ഇണങ്ങിയും ഇടഞ്ഞും പ്രവർത്തിച്ചാണ് സംസ്കൃതം ഉൾപ്പെടെയുള്ള 12 ഭാഷകൾ മലയാളത്തിന്റെ വ്യവഹാരശേഷി വർദ്ധിപ്പിച്ചത്. ജാതീയമായ ശ്രേണീഘടനയും വൈദേശിക ഭാഷാസമ്പർക്കവും പദനിർമ്മാണത്തെയും സങ്കല്പനമണ്ഡലരൂപീകരണത്തെയും സജീവമാക്കി. ക്രിസ്തുവർഷം 1796 മുതൽ 1804 വരെയുള്ള കാലയളവിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ഭരണാധികാരികളും മലബാറിലെ നാട്ടുരാജാക്കന്മാരും തമ്മിൽ നടത്തിയ കത്തിടപാടുകളിലൂടെ ഭാഷയുടെ പദസമ്പത്തും വിനിമയമണ്ഡലങ്ങളും വിപുലമായി. ഒരു തുടർപ്രക്രിയയുടെ ഭാഗമാണെങ്കിൽ പോലും തലശ്ശേരിരേഖകൾ എന്ന പേരിലുള്ള രേഖാവത്കരണം അതു സാർവത്രികമാക്കിയിട്ടുണ്ട്. തലശ്ശേരിരേഖകളിലെ പദപ്രയോഗങ്ങളുടെ മൂല്യം തിട്ടപ്പെടുത്തിയത് ഗുണ്ടർട്ട്നിഘണ്ടുവാണ്. അതിനാൽ ഗുണ്ടർട്ട് നിഘണ്ടുവിനെ മുൻനിർത്തി ഭാഷയുടെ വികാസപരിണാമചരിത്രത്തിൽ തലശ്ശേരിരേഖകൾക്കുള്ള പ്രാധാന്യം അന്വേഷിക്കുകയാണ് ഈ ലേഖനത്തിൽ.

**താക്കോൽ വാക്കുകൾ**

വ്യവഹാരം (Discourse), സംഘർഷം (Conflict), സമവായം (Convergence), തനത് (Indegenous)

## ആമുഖം

ക്രിസ്തുവർഷം ഏഴാം നൂറ്റാണ്ടിൽ കേരളത്തിൽ കുടിയേറിയ ആര്യവംശജരായ നമ്പൂതിരിമാർ അവരുടെ ജന്മഭാഷയും വ്യവഹാരഭാഷയുമായ സംസ്കൃതത്തെ കേരളഭാഷയുടെ വിശേഷവ്യവഹാരസന്ദർഭങ്ങളിൽ പ്രയോഗിച്ചും അത്തരം മിശ്രഭാഷാവിനിമയങ്ങൾക്ക് തദ്ദേശീയരെ സ്വാധീനിച്ചും കേരളഭാഷയ്ക്കുമേൽ സംസ്കൃതത്തിന്റെ ആധിപത്യമുറപ്പിച്ചു. അന്നുമുതൽന്നെ കേരളസമൂഹം രണ്ടു വ്യത്യസ്ത ഭാഷാരീതികളെ അവലംബിച്ചുവന്നു. സംസ്കൃതപദബഹുലമായ ശ്രേഷ്ഠമലയാളവും കൊടുന്തമിഴിന്റെ ദേശ്യഭേദമെന്നു വിളിക്കാവുന്ന നീചഭാഷയും. ഇവ രണ്ടും സംഘർഷത്തിലും (conflict) സമവായത്തിലും (convergence) കൂടി കേരളഭാഷയുടെ സ്വാഭാവികപരിണാമം സാധ്യമാക്കുകയാണുണ്ടായത്. ദ്രാവിഡപാരമ്പര്യമുള്ള നായർവിഭാഗവും സുറിയാനികത്തോലിക്കാവിഭാഗങ്ങളും ഈ ഭാഷാരീതികളെ പരസ്പരം യോജിപ്പിക്കുന്ന പ്രക്രിയയിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.[1]

ഔപചാരികവ്യവഹാരങ്ങൾക്കും സാഹിത്യ-ശാസ്ത്രവ്യവഹാരങ്ങൾക്കും സംസ്കൃതത്തിന്റെ ആധിക്യമുള്ള ഭാഷ എന്നത് സാമാന്യേന അംഗീകരിക്കപ്പെട്ടു. എന്നാൽ സാമാന്യ വ്യവഹാരങ്ങളിൽ തനതായ മലയാളമാർഗം നിലനിന്നു. അത് കത്തിടപാടുകൾ ഉൾപ്പെടെ വാമൊഴിയോടടുത്തു നില്ക്കുന്ന വ്യവഹാരങ്ങളിൽ നന്നായി പ്രതിഫലിക്കുകയും ചെയ്തു. സാമാന്യത്തിൽനിന്നു വിശേഷത്തിലേക്കുള്ള പരിവർത്തനം ഭാഷയുടെ രൂപിമതലത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഇതരഭാഷകളിൽനിന്നെത്തുന്ന രൂപങ്ങളെപ്പോലും ഭാഷയുടെ സ്വനിമമൂശയിലിട്ടു പാകപ്പെടുത്തിയാണ് പ്രവേശനാനുമതി നല്കുന്നതെന്നും തലശ്ശേരിരേഖകൾ ചൂണ്ടിക്കാണിക്കുന്നു. പദതലത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഭാഷകസമൂഹത്തിന്റെ സങ്കല്പനമണ്ഡലത്തിൽ ഉണ്ടാകുന്ന സ്വാഭാവികവ്യതിയാനത്തിന്റെ സൂചനകൂടിയാണ്. ഭാഷയുടെ വികാസപരിണാമത്തിന്റെ ഒരു മുഖം പദസഞ്ചയവുമായി ബന്ധപ്പെട്ടതാണെന്നും തലശ്ശേരിരേഖകൾ പദനിഷ്ഠമായ ഭാഷാവികാസപരിണാമത്തിന്റെ ഗതിവേഗം വർദ്ധിപ്പിച്ചു എന്നും സ്ഥാപിക്കാനാണ് ഈ ലേഖനം.

## ആര്യഭാഷാധിനിവേശം

ഭാഷയുടെ സാമാന്യവ്യവഹാരപദവിയെ വിശേഷപ്രാപ്തമാക്കുന്ന പ്രക്രിയയിൽ ശാസനങ്ങൾക്കുള്ളതിനെക്കാൾ വലിയ പങ്ക് ക്രി.പി. 12-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു എന്നു കരുതുന്ന ഭാഷാകൗടലീയത്തിനുണ്ട്. ഭാഷാസംക്രമകാലത്തെ ഗദ്യകൃതികളിൽ പഴക്കംകൊണ്ടും ഉള്ളടക്കംകൊണ്ടും ഏറ്റവുമധികം

പ്രാധാന്യമർഹിക്കുന്ന കൃതിയാണ് ഭാഷാകൗടലീയം.[2] 12 മുതൽ 14 വരെ നൂറ്റാണ്ടുകളിൽ വേറെയും ഗദ്യരൂപങ്ങൾ ഭാഷയിൽ രൂപമെടുത്തു. പന്ത്രണ്ടാം നൂറ്റാണ്ടിനു മുമ്പേ പലതരം സാമൂഹിക-സാംസ്കാരിക വിനിമയങ്ങളിലൂടെ സംസ്കൃതം വ്യവഹാരഭാഷയിൽ ആധിപത്യമുറപ്പിച്ചിരുന്നു. നമ്പൂതിരിമാരുടെ പ്രാബല്യം, നമ്പൂതിരിമാരെ സാമൂഹികശ്രേണിയിൽ ഉച്ചാവസ്ഥയിൽ പ്രതിഷ്ഠിക്കുന്ന സാമൂഹികപരിവർത്തനം, അറിവും അധികാരവും (ആത്മീയാധികാരവും) നമ്പൂതിരി മേധാവിത്തത്തിനു തീറെഴുതുന്ന സാമൂഹികമനോഭാവം, നായന്മാരുടെ ആശ്രിതത്വബോധം, ക്രിസ്തുമതം സ്വീകരിച്ചവരുടെ മേൽജാതിവിചാരം എന്നിങ്ങനെ പലതരം സ്വാധീനതകൾക്കുള്ളിൽ പതിന്നാലു നൂറ്റാണ്ടുകൾകൊണ്ട് ചെന്തമിഴിനെ തള്ളിമാറ്റി കേരളത്തിലെ വ്യവഹാരഭാഷ സംസ്കൃതാവിഷ്ടമലയാളമായി മാറി. ഇക്കാലയളവിലുണ്ടായ സാഹിത്യാഖ്യാനങ്ങളിലാകെ ഭാഷയുടെ സംസ്കൃതീകരണപ്രവണതകൾ പ്രത്യക്ഷീഭവിക്കുന്നു.

കോളണിഭരണം ആരംഭിക്കുന്ന പതിനേഴാം നൂറ്റാണ്ടുവരെ കേരളീയ സാമൂഹികജീവിതത്തിന്റെ എല്ലാ തുറകളിലും നമ്പൂതിരിവിധേയത്വവും സംസ്കൃതാഭിനിവേശവും ക്രമാനുഗതമായി ശക്തിപ്പെട്ടു. ബോധപൂർവമല്ലെങ്കിൽപോലും കേരളഭാഷാസമൂഹം സംസ്കൃതാവിഷ്ടമായതിനെ ഉച്ചവും സംസ്കൃതനിരപേക്ഷമായതിനെ അധമവുമായി വിധിച്ചു. ജാതീയമായ ശ്രേണീഘടന തന്നെയാണ് ഭാഷയിലെ ഉച്ച-നിമ്നാവസ്ഥകളെ നിർണ്ണയിച്ചത്. കേരളീയസമൂഹഘടനയിലെ ഉച്ചാവസ്ഥയിലൂടെയാണ് തങ്ങളുടെ തുടക്കമെന്ന് സുറിയാനിക്കത്തോലിക്കർ വിശ്വസിക്കുന്നതിനും അടിസ്ഥാനം മറ്റൊന്നല്ല.

## ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനി വരുന്നു

17-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ കോലത്തിരിയിൽനിന്ന് അനുവാദം വാങ്ങിയാണ് ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനി തലശ്ശേരിയിൽ ഫാക്ടറി സ്ഥാപിക്കുന്നത്. അതു പിന്നീട് രാഷ്ട്രീയാധീശത്വമായി പരിണമിക്കുകയാണ്. ഏതാണ്ടു നൂറുവർഷങ്ങൾകൊണ്ട് മലബാറിന്റെ സർവമണ്ഡലങ്ങളിലും ആധിപത്യം സ്ഥാപിക്കാൻ ഇംഗ്ലീഷ് കമ്പനിക്കു കഴിഞ്ഞു. കുടക്, ചിറയ്ക്കൽ, കോട്ടയം, കടത്തനാട്, ഇരിവെനാട്, കുറങ്ങോട്ട്, രണ്ടുതറ, ലക്ഷദ്വീപ്, കുറുമ്പ്രനാട് പ്രവിശ്യകൾ കമ്പനിയുടെ ഭരണത്തിൻകീഴിലായി. ഈ പ്രവിശ്യകളിലെ രാജാക്കന്മാർ ഉൾപ്പെടെയുള്ള ഭരണാധികാരികളും ഉദ്യോഗസ്ഥരും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ വടക്കേ അധികാരി തലശ്ശേരി സൂപ്രണ്ടുമായി നടത്തിയ കത്തിടപാടുകളുടെ ശേഖരമാണ് തലശ്ശേരിരേഖകൾ. കത്തുകൾ, ഹർജികൾ, കരാർ നാമങ്ങൾ, കല്പനകൾ, പരസ്യങ്ങൾ, തരകുകൾ എന്നിങ്ങനെ വ്യത്യസ്ത വ്യവഹാരമാതൃകകളിലായി 1864 രേഖകൾ ഈ ശേഖരത്തിലുണ്ട്.

ഭരണാധികാരവും സാമ്പത്തികാധികാരവും ഇംഗ്ലീഷ് കമ്പനിയിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. നികുതിപിരിവാണ് പ്രധാന വിഷയം. നികുതിപിരിവിന്റെ രീതി, നികുതിപിരിവിനുള്ള അവകാശത്തർക്കങ്ങൾ, നികുതിപിരിവുമായി ബന്ധപ്പെട്ട സംഘർഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിരവധി വ്യവഹാരങ്ങൾ വ്യത്യസ്തസ്വരങ്ങളും വ്യത്യസ്ത പ്രതിനിധാനങ്ങളുമായി പ്രത്യക്ഷപ്പെടുന്നു എന്നതാണ് ഈ രേഖകളെ വേറിട്ടുനിർത്തുന്ന സംഗതി. പ്രതിഷേധങ്ങളും ഭീഷണികളും ഉയർത്തുന്നവരെ അടിച്ചമർത്തുന്നവർത്തന്നെ തങ്ങൾക്കു വിധേയപ്പെടുന്നവർക്ക് വലിയ സൗജന്യങ്ങൾ നല്കുന്നതും കാണാനാവും. മലബാറിലെ നാട്ടുമര്യാദകളെ ലംഘിക്കാതെ കമ്പനി നടത്തുന്ന നയപരമായ നീക്കങ്ങൾപോലും രേഖകളിൽ സ്പഷ്ടീഭവിച്ചു കിടക്കുന്നുണ്ട്.

ഈ സംവേദനസഞ്ചയങ്ങൾക്കുള്ളിൽ രണ്ടു ഭാഷകളാണ് പ്രവർത്തിക്കുന്നത്. കമ്പനി ഭരണാധികാരികളെ കൂടാതെ മലബാറിലെ നേരിയ ശതമാനം ജനങ്ങൾക്കുമാത്രം പരിചയമുള്ള ഇംഗ്ലീഷ്, ബഹുഭൂരിപക്ഷത്തിനും ജന്മഭാഷയായ മലയാളം. ഈ രണ്ടു ഭാഷകളുടെ അഭിമുഖീകരണം മലബാർ ജീവിതാവിഷ്കാരങ്ങളിൽ എങ്ങനെ ഫലപ്രദമായ ഇടപെടലാകുന്നു എന്നതിന് തെളിവാണ് തലശ്ശേരിരേഖകളിലെ ഗദ്യം. മലബാറിലെ സാമൂഹികജീവിതത്തിന്റെ സൂക്ഷ്മതലങ്ങൾ നാട്ടുഭാഷയിലൂടെ അവതരിപ്പിക്കപ്പെടുകയും അതു വിവർത്തനത്തിലൂടെ ഇന്ത്യൻ (കോളണി) ദേശീയതയുടെ പൊതുബോധത്തിൽ ഇടം നേടുകയും ചെയ്യുന്നു. ഇംഗ്ലീഷ് രേഖകൾ അന്നുതന്നെ ഇന്ത്യ കടന്നുപോയിട്ടുണ്ട്. ചിലത് മുംബൈയിലും കൽക്കട്ടയിലും പൂനയിലും മദ്രാസിലും സൂക്ഷിച്ചിട്ടുണ്ട്. എങ്കിൽപോലും മലയാളം രേഖകളുടെ ഭാവി മറ്റൊന്നായി. ചരിത്രകാരന്മാർക്കും പഥ്യം ഇംഗ്ലീഷ് രേഖകളായിരുന്നു.

### ഗുണ്ടർട്ട് കൊണ്ടുപോകുന്നു

തലശ്ശേരിയിലെ ഇല്ലിക്കുന്നിൽ താമസിച്ച് മിഷണറി പ്രവർത്തനവും ഭാഷാപ്രവർത്തനങ്ങളും നടത്തിയ ഡോ. ഹെർമ്മൻ ഗുണ്ടർട്ട്, നിഘണ്ടു രചനയ്ക്കുവേണ്ടി ഇംഗ്ലീഷ് കമ്പനിയിൽനിന്നു തലശ്ശേരിരേഖകളുടെ കയ്യെഴുത്തുപ്രതികൾ സ്വന്തമാക്കി. ജർമ്മനിയിലേക്കു തിരികെപ്പോയപ്പോൾ നിഘണ്ടുവിന്റെ മിനുക്കുപണികൾക്കുവേണ്ടി തലശ്ശേരിരേഖകളും കൊണ്ടുപോയി. തലശ്ശേരി രേഖകളെ ലോകശ്രദ്ധയിലേക്കു തിരിച്ചെത്തിക്കാൻ സഹായകമാകുന്നത് നിഘണ്ടുവിലെ ചുരുക്കെഴുത്തു സൂചനകളാണ്. ഉത്തമ മലയാളഗദ്യം (Best Malayalam Prose) എന്നാണ് ഗുണ്ടർട്ട് തലശ്ശേരി രേഖകളെ വിളിച്ചത്. നിഘണ്ടുവിലെ TR എന്ന ചുരുക്കെഴുത്ത് നിഘണ്ടുവിൽനിന്ന് രേഖകളിലേക്കും

തിരിച്ചുമുള്ള പ്രവേശന കവാടങ്ങളാകുന്നു. ഇവ രണ്ടും പതിനെട്ടാം നൂറ്റാണ്ടിലെ മലബാർജീവിതത്തെ പുനഃസന്ദർശിക്കാനുള്ള മാർഗരേഖകളാണ്. സാമൂഹികവും സാമ്പത്തികവും നീതിന്യായപരവും സാംസ്കാരികവുമായ അനവധി വിഷയങ്ങളും പരാമർശങ്ങളും രേഖകളിൽ കണ്ടെത്താം. ചൂണ്ടുപലകകൾ പോലെയാണ് പദങ്ങളെ ഗുണ്ടർട്ട് നിഘണ്ടുവിൽ ചേർന്നിരിക്കുന്നത്.

ഗുണ്ടർട്ടിന്റെ രേഖാശേഖരത്തിൽ ചെന്നുപെട്ടതുകൊണ്ടു മാത്രമാണ് ഈ രേഖകൾ സംരക്ഷിക്കപ്പെട്ടത്. അതുകൊണ്ടുമാത്രമാണ് ഒന്നരനൂറ്റാണ്ടിനു ശേഷമാണെങ്കിൽപോലും ഇവ കേരളത്തിൽ തിരിച്ചെത്തിയത്.3 1991 മുതൽ കേരളപഠനങ്ങളിൽ നിർണ്ണായകമായ നിരീക്ഷണങ്ങൾക്ക് ഉപാദാനമായി പ്രവർത്തിക്കുന്നു എന്നതാണ് എടുത്തു പറയേണ്ട പ്രാധാന്യം.

കടലാസുതാളിൽ എഴുതിവച്ചിട്ടുള്ള 13 വാല്യങ്ങളടങ്ങുന്ന തലശ്ശേരി രേഖകൾ ഇന്ന് ടൂബിങ്ങൻ സർവ്വകലാശാലയുടെ മലയാളം ഹസ്തലിഖിത ശേഖരത്തിലുണ്ട്. അവയുടെ മൈക്രോഫിലിമുകൾ കേരള സംസ്ഥാന ആർക്കൈവ്സിലും ലഭ്യമാണ്.

ഈ രേഖകളിലെ ഭാഷാപ്രയോഗങ്ങളുടെ ഘടനയും സ്വഭാവവും ഭാഷയുടെ വികാസ പരിണാമചരിത്രത്തെപ്പറ്റി പുനർവിചിന്തനത്തിനു പ്രേരിപ്പിക്കുന്നു. ഭാഷാശാസ്ത്രം, ചരിത്രം, സമൂഹവിജ്ഞാനം പോസ്റ്റ്കൊളോണിയൽ പഠനങ്ങൾ, സ്ത്രീവാദം തുടങ്ങിയ സൈദ്ധാന്തിക ധാരണകളുടെ പിൻബലത്തിൽ ഈ കൊളോണിയൽ രേഖകൾ കേരളപഠനത്തിന്റെ ഗതി മാറ്റുകയാണ്.

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുടെ അധീശത്വവും ഗുണ്ടർട്ടിന്റെ ഭാഷാനിഷ്ഠമായ മിഷണറിപ്രവർത്തനങ്ങളും പരസ്പരം പ്രവർത്തിച്ചതുകൊണ്ടാണ് മലബാറിലെ സാമാന്യ വ്യവഹാരഭാഷയായ മലയാളം അതിന്റെ വിനിമയശേഷി തിരിച്ചറിയുന്നതും മലയാളഗദ്യത്തെ ആധുനികീകരിക്കുന്നതും. ഭാഷയുടെ ആധുനികീകരണപ്രക്രിയയുടെ ആരംഭഘട്ടത്തെ പ്രതിനിധീകരിക്കുന്ന രേഖയാണിത്.

ലിപിതലംമുതൽ വാക്യതലംവരെ ചിട്ടപ്പെട്ട ഒരു എഴുത്തുമാതൃക വികസിച്ചതിന്റെ സാക്ഷ്യമാണ് ഇവ. പലതരം വ്യവഹാരങ്ങൾക്ക് ഭാഷ സജ്ജമാകുന്നതെങ്ങനെ എന്നും തലശ്ശേരി രേഖകൾ തെളിയിക്കുന്നു. നികുതിപിരിവ്, കലാപം, ഉപരോധം, കച്ചവടബന്ധങ്ങൾ, സിവിൽ -ക്രിമിനൽ വിചാരണകൾ, സാമൂഹികജീവിതം, സാമ്പത്തിക ഇടപാടുകൾ എന്നിങ്ങനെ അനേകം വ്യവഹാരങ്ങളെ പ്രതിനിധീകരിക്കാനുള്ള ഭാഷയുടെ ശേഷിയാണ്

അതിന്റെ ആധുനികതയ്ക്ക് അടിസ്ഥാനം. രേഖകളിലെ പദവൈവിധ്യത്തിന്റെയും പദങ്ങൾ പ്രതിനിധീകരിക്കുന്ന അർത്ഥമണ്ഡലങ്ങളുടെയും സ്വഭാവം വിശകലനം ചെയ്താൽ മലയാളഭാഷയുടെയും ഭാഷകസമൂഹത്തിന്റെയും വികാസപരിണാമങ്ങളെ ഈ രേഖകൾ എങ്ങനെ സാക്ഷ്യപ്പെടുത്തുന്നു എന്നു തിരിച്ചറിയാനാവും.

നിഘണ്ടുരചനയ്ക്കുള്ള മുഖ്യസ്രോതസായി തലശ്ശേരിരേഖകളെ സ്വീകരിച്ചതിലൂടെ ഗുണ്ടർട്ട്, പദങ്ങളിൽ കേന്ദ്രീകരിക്കുന്ന സാമൂഹികസംവേദനപ്രവണതകളെ അവയുടെ പ്രയോഗമണ്ഡലങ്ങളിൽ സജീവമാക്കി നിലനിർത്തി. സമൂഹഭാവനകളിലും യഥാതഥ അനുഭവങ്ങളിലുമുണ്ടാക്കുന്ന സ്വാഭാവികപരിവർത്തനങ്ങളെ അടയാളപ്പെടുത്തുന്നത് പദനിഷ്ഠമായ സംവേദനങ്ങളാണ്. ഈ തിരിച്ചറിവുതന്നെയാവാം നിഘണ്ടുവിന്റെ മുഖ്യസ്രോതസ്സായി തലശ്ശേരിരേഖകളെ സ്വീകരിക്കാൻ ഗുണ്ടർട്ടിനെ പ്രേരിപ്പിക്കുന്നത്. ഭാഷയ്ക്കുള്ളിൽ വാക്കു വന്നിറങ്ങിയതിന്റെ സാക്ഷ്യങ്ങളാണ് തലശ്ശേരി രേഖകളെങ്കിൽ അവയെ ഭാഷയിൽ സ്ഥാനപ്പെടുത്തിയതിന്റെ അടയാളപാഠമാണ് ഗുണ്ടർട്ട് നിഘണ്ടു. നിരുക്തിനിഘണ്ടുവിന്റെ സ്വഭാവം ഉള്ളതുകൊണ്ട് അസംഖ്യം ഭാഷകളിൽനിന്ന് വാക്കു രൂപപ്പെടുന്നതിന്റെയും വാക്കു വന്നിറങ്ങുന്നതിന്റെയും ചരിത്രം സമാഹരിക്കാം.

തലശ്ശേരിരേഖകളിലെ പദങ്ങളെ നാലു വിഭാഗങ്ങളായിത്തിരിക്കാം.

1. തനതു വ്യവഹാരഭാഷാപദങ്ങൾ
2. ഇതര ദ്രാവിഡഭാഷാപദങ്ങൾ
3. ഇന്തോ-യൂറോപ്യൻ, ഇന്തോ-ആര്യൻ, ഇന്തോ-ഇറാനിയൻ പദങ്ങൾ
4. സെമിറ്റിക്ഭാഷാപദങ്ങൾ

വ്യത്യസ്ത കാലഘട്ടങ്ങളിലെ വ്യത്യസ്ത സ്വഭാവമുള്ള സമ്പർക്കങ്ങളിലൂടെ കേരളഭാഷയ്ക്കുള്ളിൽ ഇടംപിടിച്ച വാക്കുകൾ സാമാന്യവ്യവഹാരങ്ങളിൽനിന്ന് മെല്ലെ വിശേഷവ്യവഹാരങ്ങളിലേക്ക് കയറിക്കൂടി. അതേസമയം അധീശവർഗം പരകീയരൂപങ്ങളെ കേരളഭാഷയ്ക്കുള്ളിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. ഈ സമന്വയഘട്ടം കേരളഭാഷയുടെ വികാസചരിത്രത്തിൽ നിർണ്ണായകമാണ്. തലശ്ശേരിരേഖകളിലെ പദപ്രയോഗങ്ങളെയും ഗുണ്ടർട്ട്, നിഘണ്ടുവിൽ സ്വീകരിച്ച രൂപങ്ങളെയും മുൻനിർത്തി വികാസപരിണാമങ്ങളുടെ ഈ ഘട്ടത്തെ നിരീക്ഷിക്കാവുന്നതാണ്. മലബാർ സമൂഹത്തിന്റെ പരിണാമചരിത്രം വാക്കിന്റെ ചരിത്രത്തിൽത്തന്നെ അടയാളപ്പെട്ടിരിക്കുന്നു.

തലശ്ശേരിരേഖകൾ സാമാന്യവും വിശേഷവുമായ വ്യവഹാരതലങ്ങളെ

ഏകോപിപ്പിക്കുന്ന പ്രയോഗമാതൃകകളാണ്. നിഘണ്ടുവാകട്ടെ സാമാന്യത്തെയും വിശേഷത്തെയും സ്വീകരിക്കുന്നുണ്ടെങ്കിലും വിശേഷവ്യവഹാരങ്ങളെയാണ് മുഖ്യസ്രോതസായി പരിഗണിച്ചിട്ടുള്ളത്. അതിനാൽ സാമാന്യഭാഷണമുഹൂർത്തങ്ങളിൽനിന്നു സ്വീകരിച്ചതും തലശ്ശേരിരേഖകൾപോലെയുള്ള കത്തിടപാടുകളിൽനിന്നു സ്വീകരിച്ചതുമായ രൂപങ്ങളൊഴികെ മിക്കതും വിശേഷവ്യവഹാരങ്ങളിൽനിന്നാണ്. സാമാന്യരൂപങ്ങൾക്ക് നിഘണ്ടുവിൽ പ്രവേശനം നല്കി അതിന്റെ സംവേദനമൂല്യം ഉറപ്പിക്കുന്നതിലൂടെ ഭാഷയുടെ പദതലത്തിൽ ഏകീകരണം നടക്കുകയും അത് ആധുനികതയെ നിർണ്ണയിക്കുന്നതിൽ പ്രമാണപ്പെട്ട സമീപനമാകുകയുമാണ്.

## തനതുവ്യവഹാരഭാഷാപദങ്ങൾ

തനതുഭാഷാരൂപങ്ങളെ വേർതിരിക്കുക എന്നത് ഏറെക്കുറെ ക്ലേശകരമായ ജോലിയാണ്. ക്രി.മു ആറാം നൂറ്റാണ്ടു മുതൽ ക്രി.പി. പത്താം നൂറ്റാണ്ടുവരെ ഇന്ത്യയിൽ വികാസം പ്രാപിച്ച പ്രാകൃതങ്ങളുടെ മൂലരൂപം സംസ്കൃതമാണെന്നാണു വിശ്വാസം. പ്രകൃതിയിൽനിന്നുണ്ടാകുന്നതാണല്ലോ പ്രാകൃതം. പ്രകൃതി എന്നാൽ സംസ്കൃതപ്രകൃതി എന്നാണത്രേ. അതിനാൽ തനതു മലയാളരൂപങ്ങളുടെ അന്വേഷണവും പ്രാകൃതങ്ങളിലോ ഇതര ദ്രാവിഡഭാഷകളിലോ ചെന്നെത്തും.

ഗാർഹികരൂപങ്ങൾ, വ്യക്തികേന്ദ്രിത ക്രിയാരൂപങ്ങൾ, നൈസർഗികാവശ്യങ്ങൾ, ജൈവികചുറ്റുപാടുകൾ എന്നിവയെ കുറിക്കുന്ന പദങ്ങൾ– എല്ലാം ഏറെക്കുറെ പ്രാചീന സ്വഭാവം പുലർത്തുന്നവയായിരിക്കും. ഗുണ്ടർട്ട് സംസ്കൃത-പ്രാകൃതങ്ങളെ വേർതിരിച്ചിട്ടില്ല. അതിന്റെ യുക്തിയും മേൽപ്പറഞ്ഞതുതന്നെയാവും.

കാരിയം (കാര്യം–സംസ്കൃതം) എന്നത് പ്രാകൃതമാണ്. വ്യത്യസ്തമായ ഒട്ടേറെ സന്ദർഭങ്ങളിൽ ഈ രൂപം പ്രയോഗിക്കപ്പെട്ടിരിക്കുന്നു. വിഷയം, ദൗത്യം, കൃത്യം എന്നിങ്ങനെയാണ് അർത്ഥങ്ങൾ.

"പഴശ്ശിൽ തമ്പുരാൻ കൊട്ടെയത്ത താലൂക്കിൽ കല്യട്ട എടവക പാർപ്പത്ത്യക്കാരന എഴുതിയത അപ്പാകുടി കണ്ടു. കാരിയമെന്നാൽ കല്യാട്ട എടവക പ്രവൃത്തിയിൽ 972 ആമതിലെ... താനിങ്ങ വരികയും വേണം" (46 AB).

"അതുകൊണ്ട തങ്ങളെ കാരിയങ്ങൾ തിർത്ത ആക്കുവാൻ തക്കവണ്ണം നമ്മാൽ ആകുന്ന ത്തൊളം പ്രെയ്ന്നം ചെയ്യുന്നത എന്ന തങ്ങൾക്ക നല്ല അറിവ ഉണ്ടല്ലോ" (111 AB).

"71 ആമത മൂന്നാം ഗഡു പണവും കൂടിയ പലിശയും പറപ്പനാട്ടിൽ നാം കൽപ്പിച്ച കാരിയം നടത്തിവരുന്ന നമ്മുടെ അനുജൻ അവിടെ ബൊധിപ്പിക്കെയും ചെയ്യം" (108 B).

"നാട്ടിലെ മുതൽ പഴശ്ശിരാജാവിന്റെ പെർക്ക എടുപ്പിക്കകൊണ്ടും നമ്മുടെ കല്പനക്ക നിന്നു വന്ന പ്രവൃത്തിക്കാരന്മാര പഴശ്ശിരാജാവ നിക്കം ചെയ്ത നാട്ടിൽ നിക്കിതി എടുക്കരുത എന്ന പഴശ്ശിരാജാവ് വിരൊധിക്കകൊണ്ടും കുമ്പഞ്ഞി കല്പനക്ക നൊം നടത്തിക്കുന്ന കാരിയങ്ങൾക്ക വിപരിതം ചെയ്തവരൊട ആ ചെയ്ത കർമ്മങ്ങളുടെ നിവൃത്തിയും മൊതൽ പറ്റിയതിന്റെ വകയും..." (118 AB).

ഇത്തരത്തിൽ ഒട്ടനവധി 'കാരിയം' പ്രകരണങ്ങൾ സൂക്ഷ്മാർത്ഥഭേദത്തോടെ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇതുപോലെയാണ് പല പദങ്ങളും.

പ്രാകൃതമെന്നോ സംസ്കൃതമെന്നോ ദ്രാവിഡമെന്നോ നിർണ്ണയിക്കാനാവാത്ത വിധമാണ് മിക്ക തനതു രൂപങ്ങളുടെയും സ്ഥിതി. വാങ്ങുക, ആകുക, പറയുക, വേണുക, തികയുക, നടക്ക തുടങ്ങിയ ക്രിയാരൂപങ്ങളുടെയോ കച്ചവടം, നാട്, കോവിൽ, തുണി, പറ, വഴി, വായ, കപ്പം തുടങ്ങിയ നാമരൂപങ്ങളുടെയോ വേരന്വേഷിച്ചാൽ അതൊക്കെ മലയാളത്തിന്റെ തനതുവഴക്കത്തിൽനിന്ന് ദ്രാവിഡത്തിന്റെ പൊതുമണ്ഡലത്തിലേക്ക് വ്യാപിക്കുന്നതു കാണാം.

വാക്കിന്റെ പ്രയോഗ/സന്ദർഭങ്ങളും പ്രയോഗാവൃത്തിയുംകൊണ്ട് ബലപ്പെടുന്ന സാമൂഹികസാഹചര്യം മലബാറിലുണ്ടായിരുന്നു. മിഷണറിമാരുടെ ഭാഷാപ്രവർത്തനങ്ങളും കോളണി ഭരണവും കേരളത്തിലെ ഇതര ദേശസമൂഹങ്ങളുമായുണ്ടായിരുന്ന സമ്പർക്കവും കൂടിച്ചേർന്ന് ഈ രൂപങ്ങളെ മലയാളമെന്ന പൊതുഭാഷാവ്യവഹാരത്തിൽ ഉറപ്പിച്ചെടുത്തു. സംസ്കൃതത്തെക്കാളധികം ദ്രാവിഡ-തനതു-പ്രാകൃതരൂപങ്ങൾ രേഖകളിൽ കാണാം. സാമാന്യവ്യവഹാരങ്ങളിൽനിന്ന് വിശേഷവ്യവഹാരങ്ങളിലേക്കു മെല്ലെ കടന്നുകയറുന്ന ഈ രൂപങ്ങൾ ബാഹ്യസ്വാധീനങ്ങളിൽനിന്ന് ഏറെക്കുറെ മുക്തമാണ് എന്നതാണ് കാരണം. പിന്നീട് ഭാഷയിലുണ്ടാകുന്ന ഗദ്യമാതൃകകളിൽ ഇതു സ്പഷ്ടമാണ്.

## അന്യഭാഷാപദങ്ങൾ

സിനോ ടിബറ്റൻ, ഇന്തോ യൂറോപ്യൻ, ഇന്തോ ആര്യൻ, ഇന്തോ ഇറാനിയൻ, സെമിറ്റിക് ഗോത്രങ്ങളിൽപ്പെട്ട വിവിധ ഭാഷകളിൽനിന്ന് കടന്നുവരുന്ന പദങ്ങൾ ഭാഷയുടെ ഘടനയുമായി ഇണങ്ങിച്ചേരുന്നു. വലിയ തോതിൽ

അന്യഭാഷാപദങ്ങൾ മലയാളത്തിലെത്തുന്നതും അവയെ ഭാഷയ്ക്കുള്ളിൽ ചേർത്തെടുക്കുന്നതും ഈ കാലയളവിലാണ്. ഭാഷയിലും സമൂഹത്തിലും ഇംഗ്ലീഷിന്റെ അധീശത്വമുറയ്ക്കുന്നു. ഭാഷയ്ക്കുള്ളിൽ ഇംഗ്ലീഷ് പദങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ സാമൂഹികാംഗീകാരവും സിദ്ധിച്ചു. രേഖകളിലെ ചില പ്രയോഗങ്ങൾ തന്നെ നോക്കുക:

കുമ്പഞ്ഞി, അക്കിതിങ്ങ, സുപ്രെന്തെണ്ടൻ, റിഫൊട്ടു/റെപ്പൊടത്ത, റെജിതെന്തി, സട്ക്കിത്തെരി, രെശിതി, ഗൗണർ, രെജിസ്ത്ര, സുപ്രവൈജര, കൗമിശന്നർ, മെസ്ത്തർ, അപ്പിസർ, ഇഞ്ചിനൊര, കൊമിശനര എന്നിങ്ങനെ ഇംഗ്ലീഷ് ഭാഷയിൽനിന്ന് അനേകം ഭരണരൂപങ്ങൾ മലബാർ സമൂഹത്തിലും മലയാളഭാഷയിലും ഇടംപിടിച്ചു. ഇവയ്ക്കൊപ്പം ഇന്തോ-ഇറാനിയൻ, ഇന്തോ-യൂറോപ്യൻ ഭാഷകളിൽനിന്നും അനേകം രൂപങ്ങൾ മലയാളത്തിൽ തനതുരൂപങ്ങളെപ്പോലെ പ്രയോഗശേഷി നേടി.

| | |
|---|---|
| ഹർജി ( petetion) | അറബി |
| കത്ത് (കത്ത letter) | അറബി; |
| പരമാൻ (പരമാനികം പ്രമാണം Ferman) | പേർഷ്യൻ/ഉറുദു |
| മുനിസിഫ് (മുനിസിഫ്, Judge) | അറബി |
| അദാലത്ത് (അദാലത്ത് സിവിൽകോർട്ട്) | അറബി |
| ഫൗജദാർ (ഫൗജദാരി, Criminal) | പേർഷ്യൻ |
| പറങ്കി (Farang, European) | പേർഷ്യൻ |
| ബന്തർ (ബന്തൽ Port) | പേർഷ്യൻ |
| മുക്രി (മുഖ്രി reader) | അറബി |
| മുഖറ്റർ (മുഖർ ഉർ, to appoint) | അറബി |
| ജാഗിർ (ജാഗിർ, land given) | പേർഷ്യൻ |
| തഹശിൽ (തഹസിൽ, (collection) | അറബി |
| ബന്തൊവസ്ത് (settlement) | പേർഷ്യൻ |
| ഉത്തരം (ഉത്തരം command, letter) | സംസ്കൃതം |
| സുബേദാർ (captain) | പേർഷ്യൻ |
| പരന്തിരിയസ്സ (French) | പോർത്തുഗീസ് |
| പത്താഴം (treasure) | പോർത്തുഗീസ് |

ഈ രൂപങ്ങളൊക്കെ പ്രത്യയം ചേരാതെയാണ് സ്വീകരിക്കപ്പെട്ടു കാണുന്നതെങ്കിലും പ്രത്യയസഹിതമായ രൂപങ്ങളും കുറവല്ല.

| | |
|---|---|
| റെപ്പൊടത്തും | റിപ്പോർട്ടും |

| | |
|---|---|
| സുപ്രവൈജരൊട | സൂപ്രർവൈസറോട് |
| കുമ്പഞ്ഞിക്ക | കുമ്പഞ്ഞിക്ക് |
| കൊമിശനർമാർ | കമ്മീഷണർമാർ |

അന്യഭാഷാപദങ്ങൾ മലയാളത്തിന്റെ സ്വാഭാവികഘടനയ്ക്കുള്ളിൽ കലർന്നു പ്രവർത്തിക്കാൻ നിമിത്തമായത് മലബാറിലെ കോളണിഭരണമാണെന്ന് സംശയമില്ലാതെ പറയാനാവും. മൈസൂറിന്റെ സ്വാധീനവും അറേബ്യയുമായുണ്ടായിരുന്ന ബന്ധങ്ങളും അറബി പേർഷ്യൻ രൂപങ്ങളെ മലയാളത്തിലേക്കു കൊണ്ടുവന്നു. മുകളിൽ കൊടുത്ത അറബി, പേർഷ്യൻ, പദങ്ങൾ നോക്കുക.

സംസ്കൃതം തുടങ്ങിവച്ച സംസ്കൃത പ്രകൃതി + ഭാഷാപ്രത്യയം എന്ന രൂപനിർമ്മാണനയം കൊളോണിയൽ ഘട്ടത്തിൽ ഇന്തോ-യൂറോപ്യൻ, ഇന്തോ-ഇറാനിയൻ ഗോത്രങ്ങളിലെ ഭാഷാപദസ്വീകാരത്തിലും പ്രവർത്തിക്കുന്നു. ഇതര ഭാഷാപദങ്ങളെയത്രയും പുതിയ സംവേദനമണ്ഡലങ്ങളിൽ പ്രതിഷ്ഠിച്ച്, അവയോട് ഭാഷയുടെ ലിംഗ, വചന, വിഭക്തിപ്രത്യയങ്ങൾ ചേർത്ത് ഭാഷയുടെ സ്വന്തമാക്കി മാറ്റുന്ന പ്രക്രിയ ഏറ്റവും സജീവമായിക്കാണുന്നത് തലശ്ശേരി രേഖകൾ എഴുതപ്പെടുന്ന 18-ാം നൂറ്റാണ്ടിലാണ്. അതിനു സാക്ഷ്യമാണ് ഗുണ്ടർട്ട് നിഘണ്ടു.

ഭാഷയുടെ ആധുനികീകരണപ്രക്രിയയുടെ തുടക്കവും ഇതുതന്നെയാണ്. അപരഭാവം ലേശം പോലുമില്ലാതെ അന്യഭാഷാപദങ്ങൾ മലയാളത്തിന്റെ പദാവലിയിൽ സജീവത കൈവരിക്കുകയാണ്. സമൂഹത്തിന്റെ സങ്കല്പനതലങ്ങളിലുണ്ടാകുന്ന സ്വാഭാവികപരിവർത്തനങ്ങൾക്ക് ആധാരം വിവിധ കാരണങ്ങളാലുണ്ടാകുന്ന സ്ഥാനപ്പെടലാണ്. ഇത്തരം സങ്കല്പനപരവും പദസ്വീകാരപരവുമായ പരിവർത്തനങ്ങൾ ഭാഷകരിൽനിന്നു ഭാഷകരിലേക്കും ഒരു ഘട്ടത്തിൽനിന്ന് അടുത്ത ഘട്ടത്തിലേക്കും പകർന്നു നില്ക്കുന്നു.

മലബാറിന്റെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക സാഹചര്യത്തിൽ രചിക്കപ്പെട്ട പല ഗ്രന്ഥങ്ങളെയും/രേഖകളെയും ഗുണ്ടർട്ട് നിഘണ്ടുവിന്റെ നിർമ്മാണസ്രോതസ്സായി ഉപയോഗിച്ചു. എന്നാൽ അതിനൊപ്പം കൊച്ചിയിലെ വരാപ്പുഴയിൽനിന്നും പ്രസിദ്ധീകരിച്ച രണ്ടു നിഘണ്ടുക്കൾ കൂടി ഉപയോഗിച്ചിട്ടുണ്ട്. ഗുണ്ടർട്ട് നിഘണ്ടുവും വരാപ്പുഴ നിഘണ്ടുവും ബെയിലിയുടെ നിഘണ്ടുവും മലബാർ-കൊച്ചി-തിരുവിതാംകൂർ ദേശങ്ങളെ ഭാഷാപരമായി ഏകീകരിച്ചു. ഏവൻഗലിയോനും എടവകയും[4] ഉൾപ്പെടെ അനവധി രൂപങ്ങൾ സുറിയാനി, പോർത്തുഗീസ്, ഹീബ്രു, ലത്തീൻ ഭാഷകളിൽനിന്ന് ഭാഷയിൽ സ്ഥാനമുറപ്പിച്ചത് വരാപ്പുഴ നിഘണ്ടുക്കളിലൂടെയാണ്. കോട്ടയത്തുനിന്ന് 1846-ൽ

പ്രസിദ്ധീകരിച്ച ബെയിലി നിഘണ്ടു എറ്റിമോളജിക്കൽ നിഘണ്ടുവല്ല. എന്നാൽ അന്യഭാഷാപദങ്ങളെ ദേശഭാഷാരൂപങ്ങൾക്കൊപ്പം പരിഗണിക്കുന്നതിൽ ഗുണ്ടർട്ടിനു മാതൃകയായത് ബെയിലിയാണ്. സാമാന്യ ഭാഷാവ്യവഹാരങ്ങളിൽനിന്ന് ചിരപരിചിതരൂപങ്ങളെ അവതരിപ്പിക്കാതിരുന്നതിനെപ്പറ്റിയും ഭാഷയിൽ പ്രയോഗസാധ്യത കുറഞ്ഞ സംസ്കൃതരൂപങ്ങളെ കൂടുതലായി ഉൾപ്പെടുത്തിയതിനെപറ്റിയും ഗുണ്ടർട്ട് ആക്ഷേപം ഉന്നയിച്ചിട്ടുണ്ടെങ്കിലും നിഘണ്ടുരചനയിൽ ബെയിലി ഗുണ്ടർട്ടിനു തുണയായിട്ടുണ്ട്. അങ്ങനെയെങ്കിൽ തിരുവിതാംകൂർ മുതൽ മംഗലാപുരം വരെയുള്ള ഭൂവിഭാഗത്തെ ഭാഷയെ ഏകോപിപ്പിച്ച് രചിച്ച ആധികാരിക നിഘണ്ടുവാണ് ഗുണ്ടർട്ടിന്റേത്. മധ്യകേരളത്തിലെ ഭാഷാപദങ്ങളെ കണ്ടെത്തിയത് ബെയിലി വഴിക്കാണ്. ഇരുവരും സംസ്കൃതരൂപങ്ങളെ ഗൗരവമായി പരിഗണിച്ചു. ഭാഷയിലെ സംസ്കൃതാവിഷ്ട മലയാളഭ്രമത്തിന്റെ തുടർച്ചയാണ് 18-19 നൂറ്റാണ്ടുകളിലെ പരകീയ പദസ്വീകാരനയത്തിലും കാണുന്നത്. അതിനുള്ളിൽ നാട്ടുരൂപങ്ങളുടെ ശേഷിയും ഭംഗിയും നഷ്ടപ്പെടാതെ നിലനിർത്താൻ ഗുണ്ടർട്ടിനു കഴിഞ്ഞത് തലശ്ശേരിരേഖകൾ ഉൾപ്പെടെയുള്ള രേഖകളുടെ സ്വാധീനമാണ്. വാക്കു വന്ന വഴികളും വാക്കുറപ്പിന്റെ സാമൂഹികമാനദണ്ഡങ്ങളും കൃത്യമായി തിരിച്ചറിഞ്ഞതുകൊണ്ടാണ് 19-ാം നൂറ്റാണ്ടിനുശേഷമുണ്ടാകുന്ന പരിവർത്തനങ്ങൾക്ക് മാർഗരേഖയാകാൻ ഗുണ്ടർട്ട് നിഘണ്ടുവിനായത്. 19-ാം നൂറ്റാണ്ടിനുമുമ്പുതന്നെ ഭാഷാരൂപങ്ങളുടെ സങ്കല്പനമണ്ഡലങ്ങളിലധിഷ്ഠിതമായ ഏകീകരണവും കേരളദേശരൂപീകരണത്തിന്റെ പ്രാഥമികചിന്തകളും രൂപപ്പെട്ടു കഴിഞ്ഞിരുന്നു.

## കുറിപ്പുകൾ

1. ഭാസ്കരനുണ്ണിയുടെ പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, എ.ആറിന്റെ കേരളപാണിനീയം (പീഠിക) എന്നീ ഗ്രന്ഥങ്ങൾ ഈ സമവായത്തെ വിശദീകരിച്ചിട്ടുണ്ട്.

2. കേരളവ്യവഹാരഭാഷയുടെ സംക്രമംമൂലം ചെന്തമിഴ് അധഃപതിക്കുകയും തന്മൂലം അബദ്ധരൂപങ്ങൾ ഒട്ടേറെ അതിൽ കടന്നുകൂടുകയും ചെയ്ത കാലത്താണ് ഭാഷാകൗടലീയത്തിന്റെ നിർമ്മിതി. സി.എൽ. ആന്റണി, ഭാഷാഗദ്യം (സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ), പുറം. 611.

3. ജർമ്മനിയിലെ ട്യൂബിങ്ങൻ സർവകലാശാലയുടെ മലയാളം ലിഖിത പരമ്പര കണ്ടെത്തി കേരളത്തിലെത്തിച്ചത് ഡോ. സ്കറിയാ സക്കറിയ ആണ്.

4. ഗുണ്ടർട്ടിനെ തെറ്റിദ്ധരിപ്പിച്ച രൂപമാണ് എടവക. മാനന്തവാടിക്കടുത്ത് എടവക എന്നൊരു പ്രവൃത്തിയുണ്ടായിരുന്നു. ഇത് കത്തോലിക്കാ മതവിഭാഗത്തിന്റെ

ചർച്ച് യൂണിറ്റായ എടവക തന്നെയെന്നാണ് ഗുണ്ടർട്ട് മനസ്സിലാക്കിയത്. ദേശവഴി കാണുക.

## ഗ്രന്ഥസൂചി

31. ഇളംകുളം കുഞ്ഞൻപിള്ള, 1953, കേരളഭാഷയുടെ വികാസപരിണാമങ്ങൾ, പ്രെസ് രാംസസ്, തിരുവനന്തപുരം.

32. ഗുണ്ടർട്ട്, ഹെർമ്മൻ, മലയാളം-ഇംഗ്ലീഷ് നിഘണ്ടു, 1872 (1992), ഡി.സി. ബുക്സ്, കോട്ടയം.

33. ജോസഫ് സ്കറിയ (എഡി.), സ്കറിയാ സക്കറിയ (ജന.എഡി.), 1994 (2015), പഴശ്ശിരേഖകൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

34. ജോസഫ് സ്കറിയ (എഡി.), സ്കറിയാ സക്കറിയ (ജന.എഡി.), 1995 (2015), തലശ്ശേരി രേഖകൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

35. ഭാസ്കരനുണ്ണി പി., 1988 (2012) പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

36. Bailey Benjamine, A Dictionary of High and Colloquial Malayalam and English, 1846 (2018), Benjamine Bailey Study Centre & Museum, CMS College, Kottayam.

*josephskariah7@gmail.com*

# ഉച്ചാരണവും പാരമ്പര്യങ്ങളും


## സി.ജെ. ജോർജ്ജ്

അസോ. പ്രൊഫസർ, ഡോ. അംബേദ്കർ, ഗവ. കോളേജ്, ബാലുശ്ശേരി



### പ്രബന്ധസംഗ്രഹം

മലയാളം ഉച്ചാരണം സംബന്ധിച്ച് മാനകമലയാളി സമൂഹം പേറുന്ന ധാരണകളുടെ പിന്നാമ്പുറം തേടുകയാണ് ഈ ലേഖനത്തിൽ ചെയ്യുന്നത്. ഉച്ചാരണത്തിലെ ശരിയും തെറ്റും ചർച്ച ചെയ്യുമ്പോൾ പ്രത്യക്ഷ ഭാഷണതലത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും മാനകഭാഷാവീക്ഷണം ചോദ്യരഹിതമായി സ്വീകരിച്ച് വിധിയെഴുതുകയും ചെയ്യുന്ന രീതിക്കാണ് പ്രാമാണ്യമുള്ളത്. ഈ പ്രാമാണികവീക്ഷണത്തിൽ അന്തർഭവിച്ചിട്ടുള്ള ധാരണകളെ ഭാഷാചരിത്രപരമായ അവബോധത്തോടെ വെളിപ്പെടുത്തുവാൻ ശ്രമിക്കുന്ന അന്വേഷണം.



**താക്കോൽവാക്കുകൾ**: മാനകീകരണം, ഭാഷാബോധം, അധീശത്വം. വിപരീതദ്രവ്യം, ഭാഷാന്തരീക്ഷം-


"തിരിഞ്ഞുനോക്ക്യാൽ ന്താ പറ്റ്ന്ന് നിശ്ചണ്ടോ ഉണ്ണിക്ക്?" അച്ഛൻ ചോദിച്ചു.
"തടഞ്ഞുവീഴും", കുഞ്ഞുണ്ണി പറഞ്ഞു.
"വീണാൽ ന്താ ണ്ടാവ്വാ?"
"ബന്ധുക്കൾ ചിരിക്കുംന്നല്ലേ അച്ഛൻ പറഞ്ഞുതന്ന പഴഞ്ചൊല്ല്?"
"കുട്ടി മറന്നില്ല്യാ, വ്വോ?'' *(ഗുരുസാഗരം, ഒ.വി. വിജയൻ)*

"തെറ്റിയും വികലമായും സംസ്കൃതം ഉച്ചരിക്കുന്നതുകേട്ട് ചിലർ ചിരിച്ചു. അംഗഭംഗം വന്ന പദം നേരെചൊവ്വേ തിരുത്തിപ്പറയാൻ പലരും മുതിർന്നു. അന്ധമായി വിശ്വസിക്കാനും സംസ്കൃതം അർത്ഥമറിയാതെ ഉച്ചരിക്കുന്നവരുടെ മേൽക്കോയ്മ ചോദ്യം കൂടാതെ അംഗീകരിക്കാനും കളരിയിൽ പഠിക്കുന്നവരോ പഠിച്ചവരോ തയ്യാറില്ലായിരുന്നു."

*(തീക്കടൽ കടഞ്ഞ് തിരുമധുരം, സി. രാധാകൃഷ്ണൻ)*

"ദേ ആനേനെ കണ്ടോ?' പവിത്ര തുള്ളിച്ചാടി.

"ആനേനെ അല്ല, ആനയെ എന്നു പറയെടീ." കളിയായി അവനവളുടെ ചെവിക്കു നുള്ളി.

*(മോദസ്ഥിതനായങ്ങു വസിപ്പൂ മലമേലെ, എസ്. ഹരീഷ്)*

കോട്ടയത്തെ 'അച്ചായ'ന്മാരുടെ വർത്തമാനത്തിൽ മാത്രമല്ല, കൊല്ലം കാരനായ പ്രിയപ്പെട്ട മഹാകവി ഒ.എൻ.വി. കുറുപ്പിന്റെ കാവ്യാലാപനത്തിൽ പ്പോലും ചില ഉച്ചാരണസ്ഖലിതങ്ങൾ കണ്ട് (കേട്ട്) പരിഹാസമടക്കാൻ പാടുപെടുന്നവരെ കണ്ടിട്ടില്ലേ? ഫയെയും ഭയെയും ഫാനിലെ ഫ പോലെയോ, അത്തരമൊരു ചുവയോടെയോ ഉച്ചരിക്കുന്നത് കേട്ട് ചെവിയിൽ വിരൽ തള്ളിക്കേറ്റാനിടവന്നതും ചെന്നിക്കുത്തുണ്ടായതും കഷ്ടം തോന്നിയതും കരച്ചിൽവന്നതുമൊക്കെ പറഞ്ഞുകേൾക്കാൻ ഇടവന്നിട്ടില്ലേ? 'മലയാളോച്ചാ രണകാര്യങ്ങളിൽ മലയാളം അദ്ധ്യാപകർക്കു ഒരു നിശ്ച്യോല്ല' എന്നതാണ് അത്തരത്തിൽ പ്രതികരിക്കുന്ന പലർക്കും ഏറെ വേദനാജനകമായിരിക്കു ന്നത്. ശിക്ഷിക്കേണ്ട കുറ്റമായിരിക്കുന്നത്. അതിഖരം, മൃദു, ഘോഷം എന്നിവ സംസ്കൃതോച്ചാരണശിക്ഷപ്രകാരം ഉച്ചരിക്കാത്തതാണ് പ്രശ്നം. സംസ്കൃതസം ഭാഷണചതുരരെല്ലാവരും ഇതൊക്കെ ഒരേ മട്ടിൽ സ്ഥാനനിർണ്ണയം ചെയ്തു വേണ്ടപോലെ നാവ് തൊട്ടും തൊടാതെയും ശ്വാസിനാദി ഭേദങ്ങളോടുകൂടിയും പ്രാണഭേദങ്ങളോടെയുമാണോ ഉച്ചരിച്ചുപോന്നിരുന്നത്? അങ്ങനെ നിയമാനു സാരിയായി ഉച്ചരിച്ചുച്ചരിച്ചാണോ ആ ഭാഷതന്നെയും ഉച്ചാരണരൂപത്തിൽനി ന്ന് മിക്കവാറും നിഷ്കാസിതമായത്? നിശ്ചയമില്ല. ഇങ്ങനെയുള്ള സംശയങ്ങൾ പോട്ടെ. ഈ വൈചിത്ര്യങ്ങളുടെ അടിയിലോ മീതെയോ ആയി നിലകൊണ്ട് പ്രവത്തിക്കുന്ന ഗൂഢശക്തികളെന്തൊക്കെയാണ്? അതിനെക്കുറിച്ച് ചിലതു വഴിവിട്ടുചിന്തിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

നമ്മുടെ ഭാഷയെ നമ്മൾ മലയാളമെന്നു വിളിക്കുന്നു. മലയാളം എന്ന ഈ ഒരൊറ്റപ്പേരുകൊണ്ടു കുറിക്കുന്ന എന്നതിനർത്ഥം കേരളത്തിലെ ജനങ്ങൾ എല്ലാവരും ഒരേ പദാവലിയും ഒരേ ഉച്ചാരണക്രമവും ഉപയോഗിച്ചുപോരുന്നു എന്നല്ലെന്നു നമുക്കറിയാം. എഴുത്തിൽപ്പോലും വ്യത്യസ്തതകളുണ്ട്. പക്ഷേ, പരസ്പരവിനിമയം സാദ്ധ്യമാക്കുന്ന തരത്തിൽ പരിചിതമായ പദങ്ങളുടെയും ഉച്ചാരണങ്ങളുടെയും വാക്യക്രമങ്ങളുടെയും സംഘാതമെന്ന നിലയിൽ നമുക്ക് മലയാളത്തിന്റെ വകഭേദങ്ങളാണ് അതെല്ലാമെന്നു മനസ്സിലാക്കാനാകുന്നു ണ്ട്. ഇങ്ങനെ ഭേദങ്ങളോടെ നാം വ്യക്തിപരമായി പ്രയോഗിക്കുന്നതും, മനസ്സി ലാക്കാൻ പ്രയോജനപ്പെടുത്തുന്നതുമായ ചിഹ്നവ്യവസ്ഥയെയും അതിന്

താങ്ങായി നില്ക്കുന്ന ധാരണകളേയും ചേർത്താണ് മലയാളം എന്നു വിശേഷിപ്പിക്കുന്നത്. ആ മാനസിക മലയാള വ്യവസ്ഥയുടെ പ്രത്യക്ഷീകരണങ്ങളായ ചിഹ്നകളായി നമ്മളുടെ സംസാരത്തെയും എഴുത്തിനെയും മനസ്സിലാക്കാം. പ്രത്യക്ഷമായ ഭാഷണങ്ങൾ തമ്മിൽ ഭൗതികമായി അന്തരമുണ്ടാകുമ്പോഴും അവ മനസ്സിൽ ഉണർത്തുന്ന ആശയബിംബങ്ങളെ തിരിച്ചറിയാൻ നമുക്കു സാധിക്കുന്നു.

പ്രത്യക്ഷബിംബങ്ങൾക്ക് ഈ മാനസിക ബിംബങ്ങളെ ഉണർത്താൻ പര്യാപ്തമായ വ്യാവർത്തകത്വം ഉണ്ടായിരിക്കുക എന്നത് പ്രധാനമാണ്. അതില്ലെങ്കിൽ ആശയവിനിമയം തടസ്സപ്പെടും. എല്ലാവരും 'ക' എന്ന അക്ഷരം സമാനസന്ദർഭങ്ങളിൽപ്പോലും ഉച്ചരിക്കുന്നത് ഭൗതികമായ അവയുടെ ഗുണത്തെ സംബന്ധിച്ച പരിഗണനകളോടെ നോക്കിയാൽ വ്യത്യസ്തങ്ങളായിട്ടാണ് എന്നതാണ് വാസ്തവം. പ, ഭ, ബ്ദ, ക്ര, ജ്ഞ, ർ, ർത്ഥ, ന്ദ്ര, ശ്രു തുടങ്ങിയവയുടെ ഉച്ചാരണത്തെക്കുറിച്ച് ഒന്നാലോചിച്ചു നോക്കൂ, ചെകിടോർത്തുനോക്കൂ. എത്ര വ്യത്യസ്തമായാണ് അവയൊക്കെ ഉച്ചരിക്കപ്പെടുന്നതെന്നു കേൾക്കൂ. നോക്കൂ, എഴുത്തിലുമുണ്ട് വ്യത്യാസം. അച്ചടിയിൽ പ്പോലും ഭേദങ്ങളുണ്ട്. ഇങ്ങനെ വ്യത്യാസങ്ങളിരിക്കുമ്പോഴും അവയ്ക്ക് ഒരു ആദർശമാതൃകയിലേക്ക് നമ്മെ നയിക്കാൻകഴിയുന്നു. മാനസികമായ ആ ആദർശമാതൃകയുടെ തലത്തിൽവെച്ചാണ് നാം ശബ്ദത്തെയായാലും ലേഖനരൂപത്തെയായാലും മനസ്സിലാക്കുന്നത്.

ഇങ്ങനെ ആലോചിച്ചാൽ, മാനസികതലതത്തിലാണ് ഭാഷ നിലകൊള്ളുന്നതുതന്നെയെന്നു പറയേണ്ടിവരും. മനസ്സിലാക്കലിന്റെ ഉപാധിയായ ഭാഷ മനസ്സിലാണ് നിലകൊള്ളുന്നതെന്ന്! ലോകത്തെ മനസ്സിലാക്കാനുള്ള മാനസികവൈഭവമാണ് ഭാഷയെന്നു വേറൊരുതരത്തിൽ പറഞ്ഞുകൂടേ? വസ്തുലോകത്തെ മനോവസ്തു –അറിവ്– ആക്കി രൂപാന്തരപ്പെടുത്തുന്ന വൈഭവമാണത് എന്നു വേറൊരു തരത്തിലും പറയാമല്ലോ? ഭാഷയ്ക്ക് ലാങ് (Langue) എന്നൊരു തലമുണ്ടെന്നു സങ്കല്പിച്ച സൊസ്യൂറിന്റെ ഏറ്റവും വലിയ സംഭാവന ഈ ഭാഷയുടെ മാനസികതല നില ഒരു സങ്കല്പനമെന്ന നിലയിൽ അവതരിപ്പിച്ചു എന്നതാണ്. പ്രത്യക്ഷ ഭാഷയായ പരോളിൽനിന്നും (Parole) ഭിന്നമായി ഭാഷയ്ക്ക് ഒരു അമൂർത്തതലമുണ്ടെന്നും അതാണ് ഭാഷ (ലാങ് അഥവാ ലാംഗ്വേജ്) എന്നും അതിനെ ഓർമ്മിപ്പിക്കുന്ന ഒരു നിലയാണ് മൂർത്തമായ പ്രത്യക്ഷഭാഷണ (പരോൾ) ത്തിനും അതിനെ ഓർമ്മിപ്പിക്കുന്ന എഴുത്തിനുമൊക്കെ ഉള്ളതെന്നും മനസ്സിലാക്കുകയായിരുന്നു സൊസ്യൂർ. ആ

വീക്ഷണകോണിൽ നോക്കിയാൽ ഭാഷ ഒരു മാനസിക പ്രതിഭാസമാണ്. അതിന്റെ പ്രത്യക്ഷരൂപം ആദർശമല്ല, അഥവാ തനിസ്വരൂപത്തിലുള്ളതല്ല. നാം കേൾക്കുകയും പറയുകയും ചെയ്യുന്ന ഭാഷണമെന്ന പരോൾ അതിന്റെ ഒരു പ്ലേറ്റോണിക് പകർപ്പുമാത്രം. അത് ഒറിജിനലല്ല. ഏതാണ്ട് അഥവാ ഏറെക്കുറെ മാത്രമാണ്. അതുവെച്ച് നമുക്ക് ആദർശത്തെ അറിയാം, സങ്കല്പിച്ചെടുക്കാം, മനസ്സിൽ-ആക്കാം. അങ്ങനെ വേർതിരിച്ച് അറിയാനാവുന്നിടത്തോളമേ ആദർശം വിട്ടുള്ള കളി പാടുള്ളൂ. വേർതിരിച്ചറിവ്–സാങ്കേതികമായി പറഞ്ഞാൽ വ്യത്യാസമെന്നോ വ്യാവർത്തകത്വമെന്നോ വിവരിക്കാം.

'ക' എന്ന ഉച്ചാരണത്തിന് (എഴുത്തിന്) മറ്റ് ഉച്ചാരണങ്ങളിൽനിന്നും (എഴുത്തുകളിൽനിന്നും) വ്യത്യാസമുണ്ടായാൽ മാത്രമേ അതിനെ തിരിച്ചറിയാനാകൂ എന്നതു വാസ്തവമാണല്ലോ. അങ്ങനെ വ്യവച്ഛേദിക്കാൻ കഴിയുന്നതിനുപകരിക്കുന്നത്ര വ്യത്യസ്തത സൂക്ഷിക്കണം, ഒപ്പം ആദർശരൂപത്തോട് ആവതും അടുപ്പവും സൂക്ഷിക്കണം എന്നതിനപ്പുറത്ത് കൃത്യമായ, നിയതമായ രൂപമനുശാസിക്കുന്നില്ല (അഥവാ ആവശ്യപ്പെടുന്നില്ല) ഭാഷ. ആ നിലയിൽ വളരെ അയഞ്ഞ രൂപബോധ്യമേ ഭാഷയ്ക്കുള്ളൂ. മലയാളഭാഷയിൽ ഇത് വളരെ പ്രകടമാണ്. ഒരു ലേഖനചിഹ്നംകൊണ്ട് വളരെ വ്യത്യസ്തമായ ഉച്ചാരണങ്ങളെ കുറിക്കാറുണ്ട്. 'ന' എന്ന ചിഹ്നം നോക്കുക. ഇതിന് വ്യത്യസ്തമായ എഴുത്തുരീതികളുണ്ട്, വ്യത്യസ്തമായ ഉച്ചാരണരീതികളുമുണ്ട്. 'ക്ഷ' എന്ന എഴുത്തുകൊണ്ട് ക്ഷ എന്നും ക്ഷ എന്നും ഉള്ള ഉച്ചാരണങ്ങൾ നമുക്ക് സാധ്യമാക്കാനാവുന്നുണ്ട്. സംസ്കൃതജന്യങ്ങൾക്ക് 'ക്ഷ' ഉച്ചാരണവും ഇംഗ്ലീഷ് ജന്യങ്ങൾക്ക് 'ക്ഷ' ഉച്ചാരണവുമെന്ന ലീനബോധ്യം നമുക്കുണ്ടുതാനും. 'ഫ' കൊണ്ട് സാദ്ധ്യമാകുന്ന ഉച്ചാരണഭേദങ്ങളെക്കുറിച്ച് തുടക്കത്തിൽ പറഞ്ഞു.

ചർച്ചകളിൽ തെറ്റും ശരിയുമൊക്കെയായ ഉച്ചാരണസവിശേഷതകളായി പരാമർശിക്കാറുള്ള പലതും രൂപഭേദങ്ങൾതന്നെയാവും. ആനേനെ എന്നല്ല ആനയെ എന്നാണ് പറയേണ്ടതെന്നു പഠിപ്പിക്കുമ്പോൾ ഉച്ചാരണപ്രശ്നം ഇങ്ങനെ രൂപപരമായ തലത്തിലേക്കു കടക്കുന്നുണ്ട്. ഉസ്കൂള്, ഇസ്കൂള്, ഇഷ്കോള്, ഇണ്ട്, ഒണ്ട്, ഇണ്ടായിറ്റിണ്ട്, പോയിനു, പോയിക്കി തുടങ്ങിയ രൂപങ്ങൾ നോക്കുക. ആദ്യത്തെ അഞ്ചെണ്ണം മാനകമെന്നു വെച്ചിട്ടുള്ള (ശരിരൂപം എന്നും കരുതിപ്പോരുന്ന) ഉച്ചാരണങ്ങളിൽനിന്നുള്ള വ്യതിയാനമെന്ന നിലയിലാണ് തെറ്റായ ഉച്ചാരണമെന്നു വിധിക്കപ്പെടുന്നത്. ഇനു, ഇക്കി എന്നിവ ചേരുന്ന രൂപങ്ങൾ വെറും ഉച്ചാരണഭേദമായി കണ്ടുകൂടാത്ത ഒരു നിലയിലുള്ളതാണ്. ഉച്ചാരണഭേദം എന്ന് പറയുന്നവെന്നേയുള്ളൂ.

യഥാക്രമം ഇരിക്കുന്നു, ഇരുന്നു എന്നീ രൂപങ്ങളുടെ ഉച്ചാരണഭേദങ്ങളാണവ എന്നു പറഞ്ഞാൽ ഒരർത്ഥത്തിൽ തെറ്റാണെന്നു പറഞ്ഞുകൂടെങ്കിലും അവ പ്രാദേശികമോ സാമൂഹികമോ ആയി നിജപ്പെടുത്താവുന്ന വാമൊഴിഭേദങ്ങളാണ്. ഇരിക്കുന്നു എന്നെഴുതിയതിനെ ഇക്കി എന്ന് ഉച്ചരിക്കുകയല്ല അവിടെ ചെയ്യുന്നത്. എന്നിരിക്കെ ഉച്ചാരണപ്രശ്നമായി അതിനെ വിവരിക്കുന്നത് വാമൊഴി-വരമൊഴിഭേദങ്ങളെ സംബന്ധിച്ച പരിഗണനകൾ കൂടാതെയുള്ള ഒരു ഒഴുക്കൻ മട്ടാലാണ്. ഇതൊക്കെ കണക്കിലെടുക്കുന്ന ഉദാരമായ ഒരു സമീപനത്തോടെ കണ്ടാൽ ഉച്ചാരണങ്ങളുടെ വൈവിദ്ധ്യങ്ങളും രൂപഭേദങ്ങളും ഒക്കെ നിലനില്ക്കുകയും വിനിമയസാദ്ധ്യത നിലനിർത്തുകയും ചെയ്യുന്ന പ്രതിഭാസമാണ് ഭാഷ എന്നു കാണേണ്ടിവരും. അതിൽ ചില ആദർശബിന്ദുക്കളെ സങ്കല്പിച്ചുകൊണ്ടാണ് വർണ്ണ (സ്വനിമ) വ്യവസ്ഥയൊക്കെ സങ്കല്പിച്ച് നിയമവത്കരണം നടത്തുന്നത്. എഴുത്തിന് അനുഗുണമായ ഒരു ആസൂത്രണത്തോടൊത്താണ് അഥവാ മാനകീകരണം ആവശ്യമാക്കുന്ന സാങ്കേതികവത്കരണവുമായി ബന്ധപ്പെട്ടാണ് അത് സംഭവിക്കുന്നതെന്നു വിലയിരുത്തുന്നതിൽ യുക്തിയുണ്ട്. വർണ്ണവിജ്ഞാനം എഴുത്തിനൊപ്പം വളരുന്നതാണ്. സ്വനിമവിജ്ഞാനമെന്നത് ഭാഷയെ എഴുത്തിനു പര്യാപ്തമാക്കുന്ന ഏർപ്പാടുകൂടിയാണ്.[1]

ഈ പ്രക്രിയയിൽ മാനകീകരണത്തിന്റേതായ ഒരു തലമുണ്ട്. ഒരു ആദർശഭാഷാവ്യവസ്ഥയാണ് ഉണ്ടായിവരുന്നത്. അത് ലാങ് എന്നു വിശേഷിപ്പിക്കപ്പെടുന്ന ഒന്നല്ല. ലാങ് എന്ന വ്യവസ്ഥ ആദർശവ്യവസ്ഥയല്ല. വൈവിദ്ധ്യാത്മകമായ സംസാരഭേദങ്ങളെ അനുവദിക്കുന്ന ഭാഷാവ്യവസ്ഥയെയാണ് അത് സൂചിപ്പിക്കുന്നത്. വൈവിദ്ധ്യങ്ങളെ തിരസ്കരിച്ച് ആദർശബിന്ദുക്കളിലേക്ക് ഏകീകരിക്കുന്നതിലുത്സുകമായ വ്യവസ്ഥയെയാണ് ഇവിടെപ്പറഞ്ഞ പ്രക്രിയയിൽ കണക്കിലെടുക്കുന്നത്. ആദർശവ്യവസ്ഥയായതുകൊണ്ടുതന്നെ അതിന് ഒരു വിശേഷമൂല്യം കൈവരുന്നു. സംസ്കരിക്കപ്പെടുന്നതിന് ലഭിക്കുന്ന വിശേഷാധികാരമാണ് അത്. എഴുത്തിലൂടെ അതിന് സാക്ഷാത്കാരവും ലഭിക്കുന്നു. ഒരുതരം കാനോനീകരണമാണിത്. തിരഞ്ഞെടുക്കപ്പെട്ട ഉച്ചാരണമാണത് എന്നു വരുന്നു. ആ ആദർശോച്ചാരണത്തിന്റെ പ്രത്യക്ഷരൂപമായി എഴുത്തുരൂപത്തെ അഥവാ ലിപിയെ സങ്കല്പിക്കുന്നു. അങ്ങനെ അതിന് ഒരു മാനകമഹിമ കൈവരുന്നു. ചിലതിനെ അപരകല്പന നടത്താനും തിരസ്കരിക്കാനുമുള്ള വിശേഷാധികാരം കൈവരുന്നു. അത് ശരിയും കൃത്യവും സ്പഷ്ടവും മാന്യവും പ്രൗഢവും അതിനപ്പുറത്ത് 'ഒറിജിന'ലും (!) ആയി ആദരവു

കൈവരിക്കുന്നു. എഴുത്തിലൂടെ ആവിഷ്കരിക്കപ്പെടുന്ന കൃതികൾ അവയ്ക്ക് ആധികാരികതയും മാന്യതയും പ്രദാനം ചെയ്യുന്നു. അത് ആചരിക്കുന്നവർക്കും ലഭിക്കുന്നു മഹത്വം.

ഇങ്ങനെ വിശേഷപദവി ലഭിക്കുന്ന വ്യവസ്ഥയെ അനുസരിക്കുന്നവ ശരിയും മറ്റുള്ളവ തെറ്റും (അപഭ്രംശവും) എന്ന് കല്പിക്കപ്പെടുന്നു. എഴുത്തറിയാവുന്നവർ സാങ്കേതികവിദ്യ അറിയുന്നവരാണ്. അവർ പണ്ഡിതരോ പാണ്ഡിത്യത്തിനായി നിയോഗിക്കപ്പെട്ടവരോ ആണ്. പണ്ഡിതപ്രസിദ്ധമായത് ശരി. പാമരജനപ്രസിദ്ധമായവ തെറ്റ്. പണ്ഡിതർ കൃതികൾക്ക് രൂപം കൊടുക്കുന്നവരും കൃതികളനുസരിക്കുന്നവരുമാണ്, അതിനൊക്കെ പരിശീലിക്കുന്നതിന് അവസരം ലഭിച്ചവരുമാണ്. പ്രിവിലെജ്ഡ് സമുദായം എന്നു വേറൊരു തരത്തിൽ പറയാം. അവരുടെ കണക്കിൽ, പാമരജനങ്ങൾ ഭാഷാപരമായി വികലതയായി വിലയിരുത്തപ്പെടുന്നു. ഭാഷാചരിത്രത്തിലെ അനിവാര്യമായ (?) ഒരു ദുരന്തമാണിത്. ഒരു പ്രാന്തവൽക്കരണ പ്രക്രിയയാണിത്. എഴുത്തുള്ളവരും എഴുത്തില്ലാത്തവരും എന്നു രണ്ടു വർഗ്ഗം. ഈ രണ്ടു പാരമ്പര്യങ്ങളുമായുള്ള സംഘർഷമുണ്ട്, അല്ലെങ്കിൽ ഇതിലാദ്യത്തേതിന്റെ ഉൽക്കർഷവും രണ്ടാമത്തേതിന്റെ അപകർഷവുമുണ്ട് ഭാഷകളിൽ. അതുളവാക്കുന്ന കോംപ്ലക്സുകളും പീഡകളുമുണ്ട്. മിക്കവാറും അത് നിശ്ശബ്ദനിയമമായി ആചരിക്കപ്പെട്ടുപോരുന്നു. എഴുത്തു കൈവശമെത്തിയാലും എഴുത്തുപാരമ്പര്യം ശക്തമല്ലാത്ത ജനതകൾ ശക്തി കുറഞ്ഞവരായും ഇരട്ടജീവിതക്കാരായും തുടരേണ്ടിവരുന്നു. എഴുത്തിന്റേതായ വിശേഷസന്ദർഭങ്ങളിൽ മാനക ഭാഷാരീതികളിൽ ജീവിക്കും. മറിച്ചുള്ള സംസാരസന്ദർഭങ്ങളിൽ ആ ആദർശഭാഷണത്തെ മിക്കവാറും കൈവിടും. എഴുത്തുപാരമ്പര്യം ശക്തിപ്പെട്ട സമൂഹങ്ങൾക്ക് ആദർശ-മുഖ്യധാരാപരിവേഷവും വിധിക്കാനുള്ള വിശേഷാധികാരം കിട്ടുകയും ചെയ്യും. മാനകീകരണത്തിന്റെ ഭാഗമാണ് ഈ പ്രക്രിയ.

ശരിയുടെ വിധാതാക്കളാൽ അപഹസിക്കപ്പെടുന്ന ഭാഷാഭേദങ്ങളുമായി ജീവിക്കുന്ന ഇരകളെയാണ് പാമരരെന്ന നിലയിൽ ലീലാതിലകത്തിൽ പരാമർശിക്കുന്നത്, നേരിട്ടല്ല, അപാമര-ജനപരാമർശത്തിലെ അപരമായി, ദമിതജനമായിട്ട്. അപാമരർ എന്ന് ലീലാതിലകത്തിൽ പരാമർശിതരായ വിശേഷാധികാരമുള്ള ജനതയുടെ സാംസ്കാരികമൂലധനമായിരുന്നു അന്തസ്സും ആഭിജാത്യവും സാഹിത്യമൂല്യവുമൊക്കെ (അതിന്റെ വിധാതാക്കളാൽത്തന്നെ) കല്പിക്കപ്പെട്ട ഭാഷാഭേദം. അത് മണിപ്രവാളത്തിൽ കടന്നിരിക്കാൻ യോഗ്യതയുള്ള ഭേദമായിരുന്നുവെന്ന് മനസ്സിലാക്കാം. അതിന്റെ അപരമായി

ജീവിക്കുന്ന ഭാഷകളാകട്ടെ ചിലപ്പോൾ കാരുണ്യത്തിന്റെയും ചിലപ്പോൾ അവഹേളനത്തിന്റെയുമൊക്കെ ഇരയാകുന്നു. പാട്ടും കേട്ടുമായ ആളുകളെ യെന്നപോലെ ഭാഷാരീതികളെയും നോക്കിയുള്ള ചിരിയും പരിഹാസവും ചിലപ്പോൾ കരച്ചിലുമാണ് ശ്രേഷ്ഠതയുടെയും അറിവിന്റെയും നിറവിന്റെയും ആളായി സ്വയം അവരോധിക്കാൻ ഉപകരിക്കുക. ഭാഷയുടെ നിഴലായി, പ്രത്യക്ഷബോധ്യങ്ങളുടെ വിപരീതദ്രവ്യമായി2 ഇത്തരം ധാരണകൾ നമ്മെ ഭരിക്കുകയാണ്. ഭാഷയിലെയും ഭാഷകരിലെയും ശരി നിർണ്ണയിക്കുന്ന ലീനധാരണകളാണിവ; മാനകഭാഷയെ സംബന്ധിച്ച ധാരണകൾ. വ്യാകരണത്തിനുമപ്പുറത്തെ വ്യാകരണത്തിന്റെ, ഭാഷയുടെ അബോധമെന്നു വിശേഷിപ്പിക്കാവുന്ന സാമൂഹികധാരണകളുടെ ഇഴകൾ.

മലയാളഭാഷയെ സംബന്ധിച്ചിടത്തോളം മാനകീകരണപ്രക്രിയ ചരിത്രത്തിൽ ഉരുവാക്കിയ ഭാഷാധാരണകളും ഭാഷാമനോഭാവങ്ങളും വളരെ സങ്കീർണ്ണമാണ്. അത്, മുകളിൽ സൂചിപ്പിച്ച ആദർശ വർണ്ണ-ലിപി-രൂപവ്യവസ്ഥ ചിട്ടപ്പെടുന്നതോടൊന്നിച്ച് സംഭവിക്കുന്നതാണ്. ഇത് പല പാരമ്പര്യങ്ങളുടെ സമ്മേളനവുമായി ബന്ധപ്പെട്ടതാണ്. മലയാളത്തിന്റെ ലിപിവ്യവസ്ഥ പരിണമിച്ചതുമായി ബന്ധപ്പെടുത്തി ചിന്തിച്ചാൽത്തന്നെ ഈ വഴിയിൽ കുറേ വെളിച്ചം ലഭിച്ചേക്കും.

മനസ്സിലാക്കിയിടത്തോളം ഇന്ത്യയിലെ മിക്ക ഭാഷകളുടെയും ലിപികളെന്നപോലെ മലയാളത്തിന്റെ ലിപികളും ബ്രാഹ്മിയിൽനിന്നു പരിണമിച്ചുണ്ടായതുതന്നെയാണ്. ഏണും കോണും മാറി വട്ടെഴുത്തായും കോലെഴുത്തായും പരിണമിച്ചുവന്ന ഈ എഴുത്തുസമ്പ്രദായത്തിന് തമിഴ്നാട്ടിനും കൂടി പൊതുമ പറയാവുന്ന ഒരു പൂർവ്വഘട്ടമുണ്ടായിരുന്നതായി ഈ മേഖലയിൽ വിവരമുള്ള ആളുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്തായാലും നമ്മുടെ വട്ടെഴുത്തിനും കോലെഴുത്തിനും പ്രാഥമികദശയിൽ തമിഴ്സംഘാതാക്ഷരത്വമേ ഉണ്ടായിരുന്നുള്ളൂ. എന്നുവെച്ചാൽ സംസ്കൃതത്തിലെ വിശേഷോച്ചാരണങ്ങളെ കണക്കിലെടുത്തുള്ള വ്യവസ്ഥപ്പെടുത്തലായിരുന്നില്ല അവയിൽ ഉണ്ടായിരുന്നത്. അന്നത്തെ ആദർശഭാഷയ്ക്ക് അത്രയ്ക്ക് ആദർശബിന്ദുക്കൾ, അഥവാ വർണ്ണങ്ങളേ ആവശ്യമായിരുന്നുള്ളൂ. അതിന് ഒമ്പതു സ്വരവർണ്ണങ്ങളും പത്തൊമ്പതു വ്യഞ്ജനങ്ങളും മാത്രമേ വേണ്ടിയിരുന്നുള്ളൂ. തെക്കൻ (ദ്രാവിഡ, തമിഴ്) ബ്രാഹ്മിലിപിയുടെ പരിണാമം ഈ വർണ്ണവ്യവസ്ഥയ്ക്ക് അനുരോധമായിട്ടായിരുന്നു. അതായിരുന്നു നമ്മുടെ ആദർശവ്യവസ്ഥ. എന്നു വെച്ചാൽ, മാനകഭാഷാരീതി. അതിനോട് പൊരുത്തപ്പെടുന്നതാണ് നമ്മുടെ പാട്ടുസാഹിത്യപ്രസ്ഥാനത്തിന്റെ

ഉച്ചാരണവ്യവസ്ഥ നിജപ്പെട്ടത് എന്നു കരുതണം. പാട്ടുസാഹിത്യം പ്രതിനിധാനം ചെയ്യുന്നത് ഒരു മാനകഭാഷാ-ഉച്ചാരണരീതിയാണെന്നും അതാണ് അക്കാലത്തെ ശരി ഉച്ചാരണത്തിന് പ്രമാണമായിരുന്നതെന്നും കൂടി കരുതുന്നതിന് ന്യായമുണ്ട്. തീർച്ചയായും പ്രാദേശികവടിവുകളും സാമൂഹിക വടിവുകളും ഉണ്ടായിരുന്നിരിക്കണം. ചെന്തമിഴ്, കരിന്തമിഴ് തിസൈച്ചൊല്ലുകല്പനകളൊക്കെ സൂചിപ്പിക്കുന്നതു മറ്റൊന്നല്ല. അവ്വിധമുള്ള വ്യതിയാനങ്ങളിരിക്കെത്തന്നെ ഒരു ദ്രാവിഡവർണ്ണവ്യവസ്ഥയും അതിനെ സംബന്ധിച്ച അവബോധവും ഉണ്ടായിരുന്നു. അതാണ് അക്കാലഭാഷയുടെ മാനകരൂപത്തെ നിശ്ചയിച്ചിരുന്നത്. സംസ്കൃതോച്ചാരാണങ്ങളായ അതിഖരവും ഘോഷവുമൊക്കെ ഉള്ള ശബ്ദങ്ങളെ പാട്ടിൽ സ്വീകരിക്കുമ്പോൾ തത്ഭവമായി മാറ്റുന്നതിൽ ഇപ്പറഞ്ഞ മാനകഭാഷാബോധം പ്രവർത്തിക്കുന്നുണ്ടാകണം.

അപ്പോഴത് ച്യുതിയായിരുന്നില്ല. പില്ക്കാലത്ത് ലീലാതിലകത്തിലൊക്കെ ആര്യവീക്ഷണത്തിലാണത് ആരിയച്ചിതൈവായി വിവരിക്കപ്പെട്ടത്.

പറഞ്ഞുവരുന്നത് ദ്രവിഡസംഘാതാക്ഷരനിബദ്ധത്വം ആചരിച്ചിരുന്ന ഒരു മാനകഭാഷാരീതിയും ഉച്ചാരണരീതിയും നിലനിന്നിരുന്നു എന്നാണ്. അവിടെനിന്നുണ്ടായ ഒരു പരിണാമമാണ് ലിഖിതതലത്തിൽ ഗ്രന്ഥലിപിയിലേക്കും ഉച്ചാരണതലത്തിൽ സംസ്കൃതവർണ്ണങ്ങളെയാകെ സ്വീകരിക്കുന്നതിലേക്കും നയിച്ചത്. ആരിയച്ചിതൈവ് രൂപമായാലേ ശരിയായ, അഥവാ മാനകമായ രൂപമാകൂ എന്ന നില വിട്ട് പുതിയ ഭാഷാബോധത്തിലേക്ക് കേരളീയസമൂഹം പതുക്കെ പരിണമിച്ചു. സമൂഹത്തിൽ കോയ്മ കൈവന്ന ആര്യപാരമ്പര്യക്കാരുടെ സംസ്കൃതോച്ചാരണ ബഹളവും അവരിലൂടെ ബീജാവാപം നടന്ന മണിപ്രവാളസാഹിത്യവുമൊക്കെ ചേർന്നാണ് ഈ പുതിയ ഭാഷാകാലാവസ്ഥയ്ക്കു കാരണമായതെന്നു വിചാരിക്കാം. ശബ്ദങ്ങളിലും ഉച്ചാരണത്തിലും 'തമിഴ് മാനകത'യെ തുടരാൻ അനുവദിക്കാത്ത മട്ടിൽ പുതിയ ഭാഷാന്തരീക്ഷവും ഭാഷാധിധികാരവും പതുക്കപ്പതുക്കെ രൂപപ്പെടുകയും അതിന് സർവ്വാദരണീയത കൈവരികയും ചെയ്തിരിക്കണം. പുതിയ മാനകഭാഷയും അതിന്റേതായ പുതിയ വർണ്ണവ്യവസ്ഥയും അതിനെ ആദരിക്കുന്ന ഭാഷാ-മാനകഭാഷാബോധ്യങ്ങളും ഉടലെടുത്തു. ഈ മാറ്റത്തോടൊപ്പം പാട്ടുകവിതാപ്രസ്ഥാനത്തിനും പരിണമിക്കേണ്ടിവന്നു. രാമചരിതത്തിൽനിന്ന് കണ്ണശ്ശകൃതികളിലേക്കും എഴുത്തച്ഛനിലേക്കും വരുമ്പോൾ ഈ സ്വത്വപരിണാമം, അഥവാ സ്വത്വനിർമ്മിതി പൂർത്തിയാകുന്നു.

പുതിയ ആദർശഭാഷ കേരളീയരുടെ ഭാഷാബോധത്തിൽ ഉരുത്തിരിഞ്ഞുവന്നു. അതിന്റെ നിയമങ്ങൾ മിക്കവാറും സംസ്കൃതനിയമങ്ങളായി. കേരളഭാഷയുടെ ഗുരുത്വകേന്ദ്രം തമിഴ് പാരമ്പര്യത്തിൽനിന്നു വഴിമാറിയെന്നു വേറൊരുതരത്തിൽ പറയാം. ഈ പരിണാമത്തെയാണ് സ്വത്വാർജ്ജനമായി നാം വിവരിച്ചുപോരുന്നത്. വാസ്തവമാലോചിച്ചാൽ സ്വത്വനഷ്ടമായിരുന്നില്ലേ സംഭവിച്ചത്? പാരമ്പര്യമാണ് തനിമയെങ്കിൽ ദ്രവിഡസംഘാതാക്ഷരത്വത്തെ പിന്തുടരുന്ന ആദർശഭാഷയെയാണ് തനതെന്നും സ്വത്വമെന്നും വിവരിക്കേണ്ടത്. ഇവിടെയുണ്ടായ പരിവർത്തനത്തിൽ കേരളഭാഷയുടെ തനിമാനഷ്ടമായിരുന്നു, അഥവാ സ്വത്വനഷ്ടമായിരുന്നു സംഭവിച്ചതെന്നു പറഞ്ഞാൽ അതല്ലേ സത്യത്തോട് അടുത്തുനിൽക്കുക?

പക്ഷേ, നമുക്കങ്ങനെ തോന്നാറില്ല. നമ്മുടെ ഭാഷാബോധത്തിനു സംഭവിച്ച പരിണാമമാണിതിനു കാരണം. ഭാഷയിലുണ്ടായ സംസ്കൃതസാന്നിദ്ധ്യത്തെ മേന്മയും കേമത്തവും ശ്രേഷ്ഠതയുമായി കേരളീയസമൂഹത്തിലെ മുഖ്യധാര കൊണ്ടാടി. സംസ്കൃതത്തിനുണ്ടായിരുന്ന പദസമ്പത്തും സാഹിത്യസമ്പത്തും അതിന്റെ വക്താക്കൾക്കുണ്ടായിരുന്ന പദവിയുമൊക്കെച്ചേർന്ന് ഉളവാക്കിയ ആധികാരികത, ഇവിടെയുണ്ടായ പരിണാമത്തെ സ്വത്വനഷ്ടമായി കാണുന്നതിനു പകരം സ്വത്വാർജ്ജനമായി മനസ്സിലാക്കുവാൻ ഇടയാക്കി. വലിയൊരു തലകീഴ്ക്കാഴ്ച ഇവിടെയുണ്ട് എന്നത് നമുക്ക് പിടികിട്ടുന്നേയില്ല. പ്രത്യയശാസ്ത്രത്തിന്റെ കളി എന്നേ ഇതേക്കുറിച്ച് പറയാൻ കഴിയൂ. സ്വത്വം പ്രത്യയശാസ്ത്രപരംകൂടിയാണ്. അതിനകത്താണ്, അതിന്റെ ഭാഗമായാണ് നാം നമ്മുടെ ഭാഷാജീവിതം ജീവിച്ചുതീർക്കുന്നത്. സമ്പൂർണ്ണമായൊരു കോളനൈസേഷൻ നടന്നതിന്റെ ഫലമായാണ് നമ്മുടെ ഭാഷയുടെ സ്വത്വാർജ്ജനപ്രക്രിയ പൂർത്തീകരിക്കപ്പെട്ടത് എന്നു പറഞ്ഞാൽ അതായിരിക്കും ശരി. എന്തായാലും, അതുവഴി പുതിയ സ്വത്വബോധമുളവായി. ദ്രാവിഡപാരമ്പര്യത്തിലെ തനിമാബോധം അഴിഞ്ഞുപോയി. സംസ്കൃതോച്ചാരണത്തെയും പദസമൃദ്ധിയെയും ജനത ആദരണീയമായി കണ്ടു. ഉച്ചാരണത്തിലെയും രൂപങ്ങളിലെയും, കഴിയുന്നത്ര വ്യാകരണത്തിലെയും സംസ്കൃതരീതികളെ ലംഘിക്കില്ല എന്ന പ്രതിജ്ഞ, അഥവാ സാമൂഹിക കരാർ രൂപപ്പെട്ടു. മാനകഭാഷയെന്നത് സംസ്കൃതത്തെ പരിപാലിക്കുന്ന, ശുശ്രൂഷിക്കുന്ന ഒന്നായി പുനർനിർവ്വചിക്കപ്പെടുകയായിരുന്നു. ഇതോടെ പഴയ ഭാഷാ-ആത്മബോധചിഹ്നമായ ആരിയച്ചിതൈവു ച്യുതിയായി കുറവായി, കുറച്ചിലായി, കുറ്റമായി മാറി. അപ്പനും ബിംബിഷ്ഠവും പോലുള്ള അതിപരിഷ്കരണം തോളത്തിട്ട വേഷ്ടി

പോലെ മികവുമായി, കേമത്തത്തിന്റെ തെളിവായി.

ആര്യഭാഷയെ സ്വീകരിച്ച പ്രതിഷ്ഠിച്ചുകൊണ്ടുണ്ടായ പുതുക്രമം കേരളഭാഷയുടെ മാനകസ്വരൂപമായി പ്രതിഷ്ഠ നേടിയ കഥയിലെ ഇഴകളാണ് നാം കണ്ടുകണ്ടുവരുന്നത്. പുതിയ മാനകഭാഷയുടെ വിധാതാക്കളായ ഒരു പുത്തൻ വർഗ്ഗം കടന്നുവന്നു. അവർ ആദർശമെന്നു നിനയ്ക്കുന്ന സംസ്കൃതീകരിച്ച കേരളഭാഷ നമ്മുടെ ഭാഷാക്രമക്കണക്കിന് ആധാരമായി. മാതൃഭാഷ എന്നൊക്കെ പറയുമ്പോൾ ഈ പുതിയ മാനകഭാഷയെയാണ് വാസ്തവത്തിൽ നാമറിയാതെ പരാമർശിക്കാനിടയാകുന്നത്. അതിൽനിന്നുള്ള വ്യതിയാനമായി, അപഭ്രംശമായി പ്രാദേശികഭാഷകളും പഴയ സമ്പ്രദായങ്ങളിൽ നിലകൊണ്ട ഭാഷകളും തിരിച്ചറിയപ്പെട്ടു. പുതിയതായി ഉരുത്തിരിഞ്ഞത് അവികലമായ തനിസ്വരൂപവും, പഴയതും പാരമ്പര്യബലമുള്ളതുമായ സമ്പ്രദായങ്ങൾ പോരിമയില്ലാത്ത അയിത്തഭാഷകളായി. വിരുന്നുകാർ വീട്ടുകാരായി എന്നു പറയുന്നതുപോലുള്ളൊരു അട്ടിമറി ഇതിൽ അന്തർഭവിച്ചിട്ടുണ്ട്. പുരാതനമായൊരു കോളണീകരണമായിത്തന്നെ ഇതിനെ വിലയിരുത്തുന്നതിൽ തെറ്റില്ല. ഈ വഴിയിൽ കേരളഭാഷയിലുണ്ടായ നവോദയത്തെ അംഗീകരിക്കുമ്പോൾത്തന്നെ ഈ ചരിത്രപരമായ അട്ടിമറിപ്രക്രിയയെ ഭാഷാപഠിതാക്കൾ കാണാതെപോകരുത്, മനസ്സിലാക്കേണ്ടതുണ്ട്. അതുണ്ടാക്കുന്ന വിവേകം ചരിത്രബോധപരമാണ്. ഭാഷയുടെ കാര്യത്തിലുള്ള ചരിത്രപരമായ അറിവ് വിവേകപൂർവ്വകമായ കാഴ്ചപ്പാടോടെ ഭാഷയെയും ഭാഷാവിവാദങ്ങളെയും തിരിച്ചറിയാൻ സഹായകമായേക്കും.

ചരിത്രത്തിൽ ഇങ്ങനെയുണ്ടായ പരിവർത്തനങ്ങളുടെ ഫലമായ ബോധക്രമീകരണത്തിനും ഭാഷാനുഭവങ്ങൾക്കും അകത്താണ് നാം ഇന്ന് ജീവിക്കുന്നത്. നമ്മുടെ ഭാഷ എന്നു വിളിക്കപ്പെടുന്നത് ഈ പുതിയ ക്രമീകരണങ്ങളും ക്രമക്കണക്കുകളും ഒക്കെ ആചരിച്ചുള്ളതുകൂടിയാണ്. അതിനു താങ്ങായി ദ്രമിഡസംഘാതാക്ഷരത്വത്തെ ഉല്ലംഘിക്കുന്ന സംസ്കൃതവർണ്ണക്കണക്കും ഉച്ചാരണക്രമങ്ങളും ലിപിസമ്പ്രദായവും വന്നു. തമിഴപാരമ്പര്യത്തിനു മതിയായിരുന്ന വട്ടെഴുത്ത്-കോലെഴുത്ത് ലിപിവ്യവസ്ഥയിലേക്ക് അതിഖരഘോഷങ്ങൾക്കും ശഷസഹകൾക്കും വിസർഗ്ഗത്തിനും വരെ പ്രവേശം കൊടുത്ത് നാം ആദരിച്ചു. ഭാഷയുടെ സൗന്ദര്യത്തെയും സമ്പന്നതയെയും മാത്രമല്ല, തമിഴിൽനിന്നുള്ള വ്യതിരിക്തതയെയും പ്രകാശിപ്പിക്കുന്ന ഘടകങ്ങൾ അവയായിത്തീർന്നു. ഗ്രന്ഥലിപിയുടെ പ്രതിഷ്ഠാപനം നടക്കുന്നത് ഇങ്ങനെയുള്ള ഭാഷാ-ഭാഷാബോധപരിവർത്തനവുമായി കണ്ണിചേർന്നാണ്.

എന്താണ് ഗ്രന്ഥലിപിയെന്ന വിസ്തരിക്കേണ്ട സന്ദർഭമല്ല ഇത്. എങ്കിലും ചെറിയ വിശദീകരണം വേണ്ടതുണ്ട്. വട്ടെഴുത്ത്, കോലെഴുത്ത് എന്നിങ്ങനെ രണ്ടു ലേഖനരീതികളാണ് കേരളത്തിൽ പ്രചുരപ്രചാരത്തിലുണ്ടായിരുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ തമിഴെഴുത്തിന് പര്യാപ്തമായ ഈ സമ്പ്രദായത്തിന് ചേര-പാണ്ഡ്യ-ചോളനാടുകളായി പിരിഞ്ഞിരുന്ന തമിഴകത്താകെ പ്രചാരമുണ്ടായിരുന്നു. തെക്കൻ ബ്രാഹ്മിയുടെ സവിശേഷതകളായ വലത്തോട്ട് കെട്ടി കൂട്ടക്ഷരങ്ങളും ഇരട്ടിപ്പുകളുമെഴുതുന്ന രീതിയുൾപ്പെടെയുള്ള സവിശേഷതകളാണ് അതിനുണ്ടായിരുന്നത്. അതിൽ വടക്കൻ ബ്രാഹ്മിയിലേതുപോലെ സംസ്കൃതത്തിലെ അധികാക്ഷരങ്ങളെ രേഖപ്പെടുത്താൻ കഴിയുമായിരുന്നില്ല. ഈ പ്രതിസന്ധിയെ മറികടക്കേണ്ട സന്ദർഭമാണ് മണിപ്രവാളസാഹിത്യവും പിൽക്കാല വൈഷ്ണവ-ഇതിഹാസപ്പാട്ടുകൃതികളും ഉണ്ടാക്കിയെടുത്തത്.

മണിപ്രവാളസാഹിത്യമാണ് കേരളഭാഷയെ സംബന്ധിച്ച ചരിത്രപ്രധാനമായ ഒരു ചർച്ചയ്ക്ക് ഹേതുവായത്. ആ ഭാഷാസംവാദത്തിന്റെ അനന്തരഫലമാണ് ലീലാതിലകമെന്ന കൃതി.

ഇതിഹാസപ്പാട്ടുപ്രസ്ഥാനം അഥവാ വൈഷ്ണവഭക്തിപ്രസ്ഥാനത്തിന്റ രാമചരിതാനന്തരവികാസം കേരളഭാഷയുടെ സംസ്കൃതീകരണപ്രക്രിയയെ അതിവേഗം മുന്നോട്ടുകൊണ്ടുപോയി. ആര്യാവർത്തത്തിൽ പ്രചുരപ്രചാരം നേടിയിരുന്ന രാമകഥയും ഭാരതകഥയുമൊക്കെ സംസ്കൃതത്തിൽനിന്നു സ്വീകരിച്ചവയായതിനാൽ എഴുത്തച്ഛനിലും മറ്റും സംസ്കൃതപദാവലി ധാരാളമായി കൂടെപ്പോന്നു. ഭാഗവതത്തെ അവലംബിച്ച് രചന നിർവ്വഹിച്ച ചെറുശ്ശേരി നമ്പൂതിരിയിലും പൂന്താനത്തിലും കാണുന്ന സംസ്കൃതം കുറഞ്ഞ ഭാഷാരീതിയും ഉണ്ട്. എന്നാൽ അവിടെയും സംസ്കൃതസ്വീകാരം തന്നെയായിരുന്നു നയം. ഫലത്തിൽ, എഴുതാനും പറയാനുമുള്ള കഥയും വസ്തുതയുമൊക്കെ അതിഖരഘോഷസമ്മേളിതമായി. അതിന്റെ ആലേഖനത്തിന് ബ്രാഹ്മിപാരമ്പര്യങ്ങളുടെ സഹായമാണ് സ്വീകരിച്ചത്. ഗ്രന്ഥലിപി അങ്ങനെയാണ് ഉരുവം തിരിയുന്നത്. നമ്മുടെ ലേഖനവ്യവസ്ഥയിൽ വടക്കൻ ബ്രാഹ്മിയുടെയും തെക്കൻ ബ്രാഹ്മിയുടെയും രീതികൾ ഇടകലർന്നത് അങ്ങനെയാണ്. കൂട്ടക്ഷരരചനയിൽ ചേർത്തെഴുതുന്നതിനെക്കുറിച്ച പറഞ്ഞല്ലോ. അത് തെക്കൻ ബ്രാഹ്മിരീതിയാണ്. വടക്കൻ രീതിയിൽ ചുവട്ടിലായിട്ടാണ് കൂട്ടക്ഷരവും ഇരട്ടിപ്പും കാണിക്കുവാനുള്ള ചേർത്തെഴുത്ത്. ഇതു രണ്ടും നമ്മുടെ ലേഖനസമ്പ്രദായത്തിലുണ്ട്. ഇങ്ങനെ സകലതലങ്ങളിലും സംസ്കൃതത്തിനു വേണ്ടി പരിഷ്കാരങ്ങളേർപ്പെടുത്തിയതിന്റെ ഫലമായുണ്ടായ മലയാളമായി

മാനകമലയാളം. അതിനകത്തിരുന്നാണ് നാം ഉച്ചാരണസംബന്ധിയും എഴുത്തുസംബന്ധിയുമായ തീർപ്പുകളും തീരുമാനങ്ങളും എടുക്കേണ്ടിവരുന്നത്.3

മുഖ്യധാരാസമൂഹങ്ങളിൽ പ്രാബല്യമുണ്ടായിരുന്ന രൂപങ്ങൾ, അതിൽത്തന്നെ ലോപിച്ച് സ്പഷ്ടത നഷ്ടപ്പെടാത്ത രൂപങ്ങൾ, അവരുടെ വ്യവഹാരങ്ങളിൽ ഇടം പിടിച്ച സംസ്കൃതരൂപങ്ങൾ എന്നിവയൊക്കെ ചേർന്നാണ് ഗ്രന്ഥലിപിയുടെയും അതുപയോഗിച്ചുള്ള എഴുത്തുകളുടെയും സഹായത്തോടെ ഭാഷയിലെ മാനക-മുഖ്യധാരയായി പ്രതിഷ്ഠ കൈവരിച്ചത്. സംസ്കൃതാവിഷ്ടമാനകമലയാളമെന്ന് ആ രീതിയെ കുറിക്കാം. അതിന് പ്രാബല്യം വന്നതോടെ ഇതരങ്ങൾ തരംതാണതായി മാറി. വട്ടെഴുത്ത്-കോലെഴുത്തുകാലത്തെ ഉച്ചാരണരീതികളെയൊക്കെയാണ് പലപ്പോഴും അറച്ചും പലപ്പോഴും വെറുത്തും കാണുന്നത്. ആ ഘട്ടത്തിലെ പേരുകൾ ഉൾപ്പെടെയുള്ള പദരൂപങ്ങൾക്കും പതിതത്വം കല്പിക്കപ്പെടുന്നതായി കാണാം. ശരിയായ ഉച്ചാരണത്തിനുവേണ്ടി വാദിക്കുമ്പോൾ മിക്കവാറും സംസ്കൃതോച്ചാരണം തെറ്റിക്കുന്നതിനെക്കുറിച്ചാണ് നാം വേവലാതിപ്പെടുന്നത്. ഗ്രന്ഥലിപിക്ക് സംസ്കൃതത്തിലുറച്ചിട്ടുള്ള ഉച്ചാരണക്രമങ്ങളിൽനിന്നുള്ള വ്യതിയാനം ആചാരലംഘനം പോലെ കുറ്റകരമായി മുഖ്യധാരയുടെ വക്താക്കൾക്ക് അനുഭവപ്പെടുന്നു. ഇതിന്റെ വ്യസനത്തോടെയുള്ള പ്രകാശനങ്ങൾ നമ്മുടെ ഭാഷാചർച്ചകളുടെ ഒരു പ്രധാന ഭാഗമാണ്. വാമൊഴിഭേദങ്ങളിലെ വ്യത്യസ്തതകളെയാണ് മിക്കവാറും മിടുക്കും മോടിയുമില്ലാത്ത ഉച്ചാരണങ്ങളായി കണക്കാക്കി വിലക്കുന്നത്.

പ്രാകൃത ദ്രാവിഡരൂപങ്ങൾക്കു പുറത്ത്, പില്ക്കാലത്ത് ഇംഗ്ലീഷ് സ്വാധീനത്തിലും അറബിക് സ്വാധീനത്തിലും മറ്റും ഉണ്ടായ ചില ഉച്ചാരണപരിഷ്കൃതികളെയും പരിഹാസ്യമായി കാണുന്ന നിലയുണ്ട്. അത്, ന്യായവും യുക്തവുമായി സംസ്കൃതാവിഷ്ടമാനകമലയാളത്തെ മാനിക്കുന്ന മനസ്സുകൾ വിലയിരുത്താറുണ്ട്. തുടക്കത്തിൽ പരാമർശിച്ച ഫ ഉച്ചാരണം അക്കൂട്ടത്തിൽപ്പെട്ട ഒന്നാണ്. ഫഹദ് ഫാസിൽ റീമാ കല്ലിങ്കലുമൊത്ത് നടിച്ച 22 ഫീമെയ്ൽ കോട്ടയം സിനിമയിൽ മധ്യതിരുവിതാംകൂറിലെ (കൊല്ലം, കോട്ടയം) ദേശ്യഭേദങ്ങളിൽ കേൾക്കാറുള്ള ഫകാരോച്ചാരണത്തെ കളിയാക്കിപ്പറയുന്നത്, തിരുത്താൻ ശ്രമിക്കുന്നത് ഇവിടെ ഓർക്കാം. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ, കൊല്ലം ചവറ സ്വദേശിയായ മലയാളത്തിന്റെ പ്രിയ കവി പ്രൊഫസർ ഒ.എൻ.വി. കുറുപ്പ് ഫ ഉച്ചരിക്കുന്നതുകേട്ട് അലോസരപ്പെട്ട ഒരു ശിഷ്യൻ4 വളരെ ആത്മാർത്ഥമായും നിഷ്കളങ്കമായും ഇക്കാര്യം (അലോസരം) ഏറ്റുപറയുന്നത് (എഴുതിയത്) എനിക്ക് കാണേണ്ടിവന്നിട്ടുണ്ട്. എന്താണിവിടെ മോശവും

പരിഹാസ്യവും ശരിപ്പെടുത്തേണ്ടതും എന്ന് ചിന്തിക്കാവുന്നതാണ്. ഈ പരിഹാസ്യമായ 'ഫ'യുടെ ഉച്ചാരണം എങ്ങനെ വന്നുപെട്ടതാണ്? ഇവിടെ ഒരു ആലോചന മാത്രം നടത്തുകയാണ്. ഇവ ദ്രാവിഡമായ ഒരു ഉച്ചാരണ പാരമ്പര്യത്തിൽ വരുന്നതല്ല. സംസ്കൃതപാരമ്പര്യത്തിൽ വരുന്നതുമല്ല. അതിനാൽ യൂറോപ്യൻ ഉച്ചാരണങ്ങൾ വഴിക്ക്, മിക്കവാറും ഇംഗ്ലീഷ് വഴിക്ക് വന്നു കയറിക്കൂടിയതാകാനാണ് ഇടയെന്ന് ഉറപ്പിക്കാം. ഫാൻ, ഫാൻസി, ഫാന്റസി, ഫിലിം, ഫീൽ, ഫ്രന്റ്, ഫ്രണ്ട്, ഫ്രെഷ്, ഫെയ്സ്, ഫെസ്റ്റിവൽ, ഫിസിക്സ്, ഫീമെയ്ൽ എന്നിങ്ങനെയുള്ള വാക്കുകളിലൂടെ 'ഫ' ഇംഗ്ലീഷിൽനിന്നു വന്ന് നമ്മുടെ ഉച്ചാരണവ്യവസ്ഥയുടെ ഭാഗമായി. ഇംഗ്ലീഷ് തദ്ഭവങ്ങളിൽ ഈ 'ഫ' നമുക്ക് പ്രയാസമുളവാക്കുന്നില്ല. പക്ഷേ, സംസ്കൃതത്തിൽനിന്നു സ്വീകരിച്ച ഫലം പോലുള്ള പദങ്ങളിലെ 'ഫ'യുടെ സംസ്കൃത-അതിഖരോച്ചാരണത്തെ അത് ആദേശം ചെയ്യുന്നിടത്ത് നമുക്കു പ്രയാസം തോന്നും. എന്നാൽ, മുകളിൽ സൂചിപ്പിച്ചപോലെ, വിമ്മിട്ടത്തെ വിമ്മിഷ്ടമാക്കുന്നതോ, അച്ചനെ അച്ഛനാക്കുന്നതോ അപ്പനെ അപ്ഫനാക്കുന്നതോ ഒക്കെ മോടിയായല്ലാതെ വികലീകരണമായി നമുക്ക് തോന്നാറുമില്ല. സംസ്കൃതോച്ചാരണത്തെ വികലമാക്കുന്നിടത്താണ് നമ്മുടെ ബുദ്ധിമുട്ട് എന്നു സാരം.

ഇംഗ്ലീഷ് ജന്യപദങ്ങളിലെ ഫയെ കുറിക്കാൻ ഫ എന്ന ലിപി ഉപയോഗിച്ചതാണ് പ്രശ്നത്തിന്റെ തുടക്കം എന്നു വിചാരിക്കാം. അതോടെ ലിപിയിൽ ഒട്ടിപ്പിടിച്ച ഈ ഇംഗ്ലീഷ് ഉച്ചാരണം സംസ്കൃതജന്യപദങ്ങളിലേക്കും പകർന്നുപടർന്നിരിക്കണം. എന്തായാലും ഇത് വ്യാപകമായി പ്രചരിച്ച് സംസ്കൃതജന്യ പദങ്ങളിലെ 'ഫ'യുടെ ഉച്ചാരണത്തെയും ഇംഗ്ലീഷ് മട്ടിലാക്കിമാറ്റി. അത് സംസ്കൃതപദങ്ങളിലെ ഉച്ചാരണത്തെ പിഴപ്പിച്ചു. ഫലം, ഫലിതം, ഫൽഗുനൻ എല്ലാം ഫാഷനിലേതുപോലായി. ശരിയായ ഭാഷയെക്കുറിച്ചു നിരൂപിക്കുമ്പോഴൊക്കെ സംസ്കൃതചിത്തം വിഷമിക്കാനും തുടങ്ങി.

മലയാളത്തിലേക്ക് ഇംഗ്ലീഷ് വഴിക്കു മാത്രമല്ല ഫയുടെ വരവ് എന്നു നാം കണ്ടു കഴിഞ്ഞു. ഫഹദും ഫാസിലും ഫാത്തിമയും ഫിദയും ഫസലുർ റഹ്മാനും മറ്റുമായി അറബി വഴിക്കു വന്ന ഫ-കളുമുണ്ട്. അതിലൊന്നും കുഴപ്പമുള്ളതായി പൊതുവെ കാണുന്നില്ല. സംസ്കൃതശബ്ദങ്ങളിൽ അവയൊക്കെ കടന്നുകയറുന്നതിലേ നമുക്കു വിഷമമുള്ളൂ. അറബി ഉച്ചാരണങ്ങൾക്കൊപ്പം ശ(ഷ)യും, യ (ഴ)യും ഒക്കെയായി പല ഭിന്നതകളും ചേർന്നുണ്ടാകുന്ന മാപ്പിളമലയാളത്തെ ഭാഷാഭേദമായല്ലാതെ മാനകമലയാളമായി കാണുവാൻ മാനകഭാഷാബോധം അനുവദിക്കാറില്ല. ദ്രാവിഡപാരമ്പര്യത്തിലുള്ള,

എന്നാൽ തനിമലയാളിത്തമുള്ള ഒരു ഉച്ചാരണമാണ് 'ഴ'യുടേത്. അത് 'യ'കാരമാക്കുന്നതിലും (ഉദാ: മഴ-മയ, കുഴപ്പം-കൊയപ്പം, വഴി-വയി) മാനകമലയാളഭാഷാബോധം വൈകല്യം ദർശിക്കുന്നുണ്ട്. അതിനർത്ഥം 'ഴ'കാരത്തെ മാനകഭാഷാംശമായി ആദരിക്കുന്നു എന്നാണ്.

പൊതുവെ പറഞ്ഞാൽ സംസ്കൃതോച്ചാരണങ്ങളെ അവലംബിച്ചുള്ള ഒരു ശുദ്ധിവിചാരത്തിലാണ് ഉച്ചാരണപ്പിശകുകളെ സംബന്ധിച്ച നമ്മുടെ ധാരണകൾ പ്രവർത്തിക്കുന്നത്. എങ്കിൽ, ഴ അതിൽ വരില്ലല്ലോ എന്നു ചോദിക്കാം. അധികാക്ഷരങ്ങളെ സംബന്ധിച്ചിടത്തോളം അത് ദ്രാവിഡമായ പാരമ്പര്യത്തെയാണ് അനുസരിക്കുന്നത്. അതുകൂടി കണക്കിലെടുത്ത്, സംസ്കൃതാക്ഷരം + അധികാക്ഷരം വ്യവസ്ഥയിൽ വ്യവസ്ഥാപനം ചെയ്തിട്ടുള്ള ഉച്ചാരണങ്ങളാണ് മലയാളത്തിന്റെ മാനകോച്ചാരണങ്ങൾ എന്നു പറയാം. അതിൽ ഖരാക്ഷരങ്ങൾക്ക് (അനുനാസികങ്ങൾക്കും) ദ്രാവിഡപാരമ്പര്യത്തിലും വേരുകളുണ്ട്. എന്നാൽ, അവയുടെ കാര്യത്തിലും ഉച്ചാരണവിഷയത്തിൽ സംസ്കൃതമാണ് പ്രമാണമാകുന്നത്. ചകാരോച്ചാരണം ശകാരച്ഛായയിലാകുന്നതിനെ നമുക്ക് മാനകരീതിയായി കാണാനാവുന്നില്ലെന്ന് കാണുക.

മുമ്പ് പരാമർശിച്ച ആരിയച്ചിതൈവിന് പാട്ടുപ്രസ്ഥാനകാലത്ത് കവിതയിൽ വരെ പ്രവേശമുണ്ടായിരുന്നു. അത് ച്യുതിയായി അറിയുന്നിടത്ത് തുടങ്ങുന്നു നമ്മുടെ സംസ്കൃതീകൃതമാനകഭാഷാബോധത്തിന്റെ ആധിപത്യം. ബുദ്ധിമാൻ പുത്തിമാനായി ഉച്ചരിക്കപ്പെടുന്നതോടെ ബുദ്ധിയൊക്കെയും ചോർന്നുപോകുന്നു എന്നാണ് നമ്മുടെ അനുഭവം. വിരിത്തലും മാനകമല്ല. സത്യം സത്തിയമാക്കിയാൽ മലയാളത്തിൽ സ്ലാങ്ങായി മാറുന്നു. തമിഴപാരമ്പര്യം നമ്മൾ കുടഞ്ഞു കളയാനിച്ഛിക്കുന്നു എന്നു പറയാം. മാനകീകരണമെന്നത് തമിഴിൽനിന്നുള്ള അകൽച്ചയും സംസ്കൃതത്തോടുള്ള അടുക്കലും ചേർന്ന ഒരു പ്രക്രിയയാണ്. തമിഴവഴി നമുക്ക് പഥ്യമല്ല. തമിഴ് രീതിയോടടുക്കുമ്പോൾ അർത്ഥാപകർഷം പോലും നമ്മുടെ ഭാഷാബോധം അനുഭവപ്പെടുത്തും. സിദ്ധാന്തത്തെ ചിത്താന്തമെന്നു കുറിച്ചാൽ സംഭവിക്കുന്ന മാറ്റം കാണുക. ഇതെല്ലാം വെച്ച് ആലോചിച്ചാൽ, സംസ്കൃതരീതികൾക്ക് മാന്യത കല്പിക്കുന്ന ഒരു മനോഭാഷയാണ് അഥവാ ആദർശഭാഷയാണ് നമ്മുടെ മാനകഭാഷയെന്ന് ആവർത്തിച്ചുറപ്പിക്കാം.

എഴുത്തച്ഛന്റെ കാലമാകുമ്പോഴേയ്ക്ക് സംസ്കൃതാനുസാരിയായ ഭാഷാരീതി പുതിയ ആദർശഭാഷയായി മാറി. അതാണ് അപാമരജനപ്രസിദ്ധമായ, ഉത്കൃഷ്ടമായ ഭാഷാധാര! അതാകുന്നു മാനകഭാഷ.

'പാമരജനപ്രസിദ്ധഭാഷണങ്ങളെ തെറ്റെന്നു വിധിക്കുന്ന ആദർശഭാഷയാണത്. അത് പ്രയോഗരൂപത്തിലുള്ള ഭാഷണത്തോടല്ല നിരക്കുന്നത്. ഫ്യൂഡൽ (?) പ്രതാപത്തോടെ ആ ആദർശഭാഷ ഭാഷണങ്ങളെ നിയന്ത്രിക്കാൻ ഒരുമ്പെടുന്നു. നിയന്ത്രിക്കാൻ മാത്രമല്ല, ഇതരവത്കരിക്കാനും മുതിരുന്നു. ജോസഫ് സ്കറിയയുടെ ഒരു പ്രയോഗം സ്വീകരിച്ച് ഭാഷയുടെ രക്ഷാധികാരി എന്ന് അതിനെ വിവരിക്കാൻ തോന്നുന്നു. ഇംഗ്ലീഷിൽനിന്നും അറബിയിൽനിന്നും സ്വീകരിച്ചിട്ടുള്ള ചില്ലറ ഉച്ചാരണസവിശേഷതകളെയും സാമാന്യമായി ദ്രാവിഡപാരമ്പര്യം കല്പിക്കപ്പെടാറുള്ള വാമൊഴിഭേദങ്ങളെയുമൊക്കെ ദൂഷ്യമായും വൈകല്യമായും കാണുന്ന ഒരു അദൃശ്യരക്ഷാധികാരിയാണത്.

മലയാളഭഷാമാനകീകരണത്തിൽ എഴുത്തച്ഛൻ ചെയ്ത സേവനങ്ങളെ പട്ടികപ്പെടുത്തുന്ന കൂട്ടത്തിൽ എ.ആർ. രാജരാജവർമ്മ ആര്യ എഴുത്ത് സ്വീകരിക്കേണ്ടതിനെക്കുറിച്ച് നടത്തുന്ന നിരീക്ഷണം അദ്ദേഹത്തിന്റേയെന്നല്ല, നമ്മുടെ പൊതുവായ മാനകഭാഷാബോധത്തിലെ രക്ഷാധികാരിയുടെ സ്വരമാണ് കേൾപ്പിക്കുന്നത്. വായിക്കുക: "വിഭക്ത്യന്തങ്ങളായാലും പ്രകൃതികൾ മാത്രമായാലും സംസ്കൃതശബ്ദങ്ങളെ സ്വൈരമായി5 ഉപയോഗിക്കുന്ന സ്ഥിതിക്ക് അതുകളിൽ അക്ഷരസ്ഫുടതയ്ക്കുവേണ്ടി സാഹിത്യമെല്ലാംതന്നെ ആര്യ എഴുത്തിൽ എഴുതണം" (കേരളപാണിനീയം, പുറം 49). സ്ഫുടത എന്നൊരു തത്വമാണ് ഇവിടെ മുന്നോട്ടുവരുന്നത്. സംസ്കൃതരൂപങ്ങളെ തമിഴ് രീതിയിലെഴുതി, തമിഴ് രീതിയിൽ ഉച്ചരിക്കുന്ന ആരിയച്ചിതൈവ് ശൈലി പിന്തുടരുന്നത് ഒഴിവാക്കുന്നതാണ് ഉചിതം അഥവാ സ്ഫുടതയ്ക്ക് അനുഗുണമാവുക എന്ന ധാരണ എഴുത്തച്ഛനെഴുത്തുകളിൽ ഉറച്ചുവന്നതിനെയാണ് ഇവിടെ എഴുത്തച്ഛൻ ചെയ്ത ഏർപ്പാടായി വിവരിക്കുന്നത്. ഈ മട്ടിലുള്ള സംസ്കൃതോന്മുഖമായ ഏർപ്പാടുകളുടെ പ്രതിഷ്ഠാപനത്തിലൂടെയാണ് ര-റ കൾ ഒരുപോലെ ഉച്ചരിക്കുന്ന തമിഴിലെ രീതിയും ഉപേക്ഷിക്കപ്പെടുന്നത്. പ്രമാണഭാഷ എന്ന നില തമിഴിനു നഷ്ടപ്പെടുകയായിരുന്നുവെന്ന് വേറൊരു തരത്തിൽ പറയാം.6 ആ സ്ഥാനം സംസ്കൃതം ഏറ്റെടുത്തു. തമിഴ് തള്ളയാണെന്നൊക്കെ പറഞ്ഞാലും അതിന്റെ രീതികൾ പലതും ഉപേക്ഷണീയമായിത്തീർന്നു. സംസ്കൃതം പറയുന്ന പ്രമാണമേ അനുസരിക്കൂ. ഭർത്താവ്, അഥവാ വരൻ സംസ്കൃതമാണ്. ''ദ്രാവിഡഗോത്രജാതയായ 'സൗഭാഗ്യവതി കേരളഭാഷ' ആര്യവംശാലങ്കാരഭൂതനായ 'ചിരഞ്ജീവി സംസ്കൃതവരന്റെ' സ്വയംവരവധുവായ്ച്ചമഞ്ഞ് മേല്ക്കുമേൽ ഉല്ലസിക്കുന്നു'' എന്ന് രാജരാജവർമ്മ (കേരളപാണിനീയം, പുറം 45). ഈ വരൻതന്നെയാണ് മലയാളത്തിന്റെ രക്ഷാധികാരിയായി ചുമതലയേറ്റ് മാനകഭാഷയുടെ മറവിൽ പരിലസിക്കുന്നത്.

തുടക്കത്തിൽ ഉദ്ധരിച്ചുചേർത്ത, രണ്ടു സാഹിത്യകൃതികളിൽനിന്നുള്ള ഉദ്ധരണികൾ സാമാന്യജീവിതത്തിൽത്തന്നെ ഭാഷാരക്ഷാധികാരിസാന്നിദ്ധ്യം ഭാഷയിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ പ്രത്യക്ഷങ്ങളാകുന്നു. അതിനെയൊക്കെ പരിഹാസവിഷയമാക്കുന്ന (അപഹാസത്തിനു മറുപടി പരിഹാസം!) ഒരു കഥാസന്ദർഭത്തിലേക്ക് പകർന്നുകൊണ്ട് ഈ വിചാര-വിചാരണകൾ അവസാനിപ്പിക്കാം :

"ഒരിടത്ത് ഭാസി എന്ന പേരോട്ടുകൂടിയ ഒരു മന്ത്രിയുണ്ടായിരുന്നു ... 'ഭ' എന്ന അക്ഷരത്തെച്ചൂണ്ടി മന്ത്രി എല്ലാവരോടുമായി തന്റെ പേരിന്റെ ശരിയായ ഉച്ചാരണമെന്ത് എന്നു ചോദിച്ചു.

സെൻട്രി പറഞ്ഞു: ഉച്ചാരണം മലയാളരീതിയിൽ പറയുക പ്രയാസമായതിനാൽ ബാസി എന്ന് ഇംഗ്ലീഷ് രീതിയിൽ പറഞ്ഞാൽ മതി.

വേലക്കാരൻ : ഏമാനേ, പാസി, അടൂർ പാസി! പാസിയണ്ണന്റെ തമാശേയ്...

ഭാര്യ, വേലക്കാരനെ തടഞ്ഞുകൊണ്ട്: അങ്ങനെയല്ലെടാ ഫാസി, അടൂർ ഫാസി. വേറെ പറഞ്ഞാൽ ഫാസ്കരച്ചേട്ടൻ, ഫാര്യ, ഫംഗി...

അളിയൻ ഏതാനും ഉദാഹരണങ്ങൾ കൂടി നിരത്തി അതെയതെ, ഫരണകക്ഷി, ഫസ്മാസുരൻ, ഫാഗീരൻ, ഫഗീരഥി...

ഇതോടുകൂടി മന്ത്രിയുടെ സംശയം മാറി ..."

*(മലയാളഭാഷാപരിണാമം: സിദ്ധാന്തങ്ങളും വസ്തുതകളും, വി. പി. ശിവകുമാർ)*

## കുറിപ്പുകൾ

1. സ്വന-സ്വനിമവിജ്ഞാനിയായ കെന്നത്ത് ലീ പൈക്ക് സ്വനിമപഠനത്തെ പ്രായോഗികമായി ഭാഷയെ ലേഖനത്തിനു വിധേയമാക്കാനുള്ള അന്വേഷണമായിട്ടാണ് കണ്ടത് എന്ന് ഇവിടെ ഓർക്കാവുന്നതാണ്. ഫൊണീമിക്സ്, എ ടെക്നിക് ഫോർ രെഡ്യൂസിങ് ലാംഗ്വെജസ് റ്റു റൈറ്റിങ് എന്ന പുസ്തകനാമം തന്നെ ഇക്കാര്യം വെളിപ്പെടുത്തുന്നതാണ്.

2. വിപരീതദ്രവ്യം എന്ന ഈ ''സൈദ്ധാന്തികപരികല്പന'' ടി. പി. രാജീവന്റെ പാലേരി മാണിക്കമെന്ന പ്രസിദ്ധ കുറ്റാന്വേഷണനോവലിൽനിന്നു സ്വീകരിച്ചിട്ടുള്ളതാണ്. തെളിവുകളെ വിശകലനം ചെയ്യുമ്പോൾ സി ഐ ഡി മാർക്കെന്നപോലെ ഗവേഷകർക്കും പ്രയോജനപ്പെടുത്താവുന്ന ഒരു നല്ല താക്കോൽ സങ്കല്പനമാണിത്.

3. "സംസ്കൃതവല്ലഭയായിച്ചമഞ്ഞ മലയാളഭാഷയ്ക്ക് തമിഴിന്റെ ജീർണ്ണവും വർണ്ണകലുഷവുമായ അക്ഷരമാലാകഞ്ചുകം ഒട്ടും പര്യാപ്തമല്ലാതായി. കേരളീയവിവാഹസമ്പ്രദായത്തിൽ 'മുണ്ടുകൊടുക്കുക'യാണല്ലോ ഒരു പ്രധാന ക്രിയ. ഭാഷകൾക്ക്

വസ്തുസ്ഥാനം വഹിക്കുന്നത് അക്ഷരമാലയാണ്; അതിനാൽ മലയാളഭാഷ സംസ്കൃതദത്തമായ ആര്യ എഴുത്ത് ഇക്കാലത്ത് സ്വീകരിച്ചു" (കേരളപാണിനീയം, പുറം 45). ജീർണ്ണം, വർണ്ണകലുഷം എന്നീ പ്രയോഗങ്ങൾ ഊന്നലോടെ ശ്രദ്ധിക്കാവുന്നതാണ്.

4. അദ്ദേഹം വളരെ മികച്ച പണ്ഡിതനും ആദരണീയനായ അദ്ധ്യാപകനും എഴുത്തുകാരനും ഒക്കെയാണ്. ഈ ലേഖകന് അദ്ദേഹത്തോട് തികഞ്ഞ ആദരവുമാണുള്ളത്. ഒരു സ്വകാര്യവിനിമയത്തിലെ ആശയപ്രകാശനമായതിനാലാണ് പേരൊന്നും പറയാത്തത്. അദ്ദേഹം കൊള്ളരുതാത്ത കാര്യം പറഞ്ഞു എന്ന വിവക്ഷയും ഇവിടെ ഇല്ല. നമ്മുടെ പൊതുബോധ്യങ്ങളുടെ പ്രഭാവം തെളിഞ്ഞ ഒരു ഉദാഹരണമെന്ന നിലയിലാണ് പരാമർശിക്കുന്നത്.

5. ഈ ലേഖനത്തിൽ പരാമർശിച്ചിട്ടുള്ള കേരളപാണിനീയം 2017ലെ സായാഹ്ന പതിപ്പാണ്. അതിൽ സ്വൈരമായി എന്നത് തെറ്റായി സ്വരമായി എന്ന് അച്ചടിച്ചത് ഇവിടെ തിരുത്തിയാണ് ചേർത്തിരിക്കുന്നത്.

6. "ഇക്കാലത്താകട്ടെ, തമിഴിലെ ഉച്ചാരണം വളരെ മോശപ്പെട്ടിരിക്കുന്നു" എന്നൊരു വാക്യവും കേരളപാണിനീയത്തിലുണ്ട് (കേരളപാണിനീയം, പുറം 34).–മോശമെന്ന ഈ പ്രയോഗത്തിന്റെ സൂചനകൾ സ്പഷ്ടമാണ്. സംസ്കൃതാധിഷ്ഠിതശ്രേഷ്ഠബോധം എന്നു പറയാവുന്ന വിപരീതദ്രവ്യമുണ്ട് ഇവിടെ. കുറിപ്പ് 3 ലെ 'തമിഴിന്റെ ജീർണ്ണവും വർണ്ണകലുഷവുമായ അക്ഷരമാലാകഞ്ചുകം'എന്ന പ്രയോഗവും ഇതിനോട് ചേരുന്നതുതന്നെ.

ccjgeorge@gmail.com

# കേരള ഭാഷകൾ, മലയാള ഭാഷണം: വികസനവും സമന്വയവും


**പി.ശ്രീകുമാർ**

അസി.പ്രൊഫസർ, ദ്രാവിഡ സർവ്വകലാശാല, കുപ്പം



### പ്രബന്ധ സംഗ്രഹം

ഭാഷ, ഭാഷണം എന്നിവയെക്കുറിച്ചുള്ള സമകാല അറിവിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ഭാഷകളെയും മലയാളഭാഷണത്തെയും കുറിച്ച് ചർച്ച ചെയ്യുകയും കേരളത്തിന്റെ വികസനപ്രക്രിയയിൽ ഭാഷയുടെ പങ്ക് എന്തെന്ന് പരിശോധിക്കുകയുമാണ് ഈ പ്രബന്ധത്തിൽ.



### താക്കോൽ വാക്കുകൾ

ഭാഷ, ഭാഷണം, ഭാഷാ സാർവ്വലൗകികം, സാമൂഹിക സമന്വയം, ഭാഷയുടെ വിമോചനസാധ്യത


## 1. ആമുഖം

ആധുനിക ഭാഷാശാസ്ത്രത്തിലെ സമകാലികപ്രവണതകൾ, അതിവേഗം മാറുന്ന ലോകത്ത് രൂപപ്പെടുന്ന പ്രത്യേക ഭാഷാസാഹചര്യങ്ങൾ - ഇവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഭാഷകളെയും മലയാളഭാഷണത്തെയും സമീപിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ. ആദ്യമായി ഭാഷ (Langue), ഭാഷണം (parole) എന്നിവയെ കുറിച്ചുള്ള മാറിയ കാഴ്ചപ്പാടിനെ ചുരുക്കി അവതരിപ്പിക്കുന്നു. തുടർന്ന്, ഭാഷയെ ഒരു പൊതുശേഷി (common competence) ആയി വിശദീകരിക്കുന്നു. മൂന്നാമത്തെ ഭാഗത്ത് കേരളഭാഷകളെയും (Languages of Kerala), മലയാളഭാഷണത്തെയും (Malayalam Speech) രണ്ടായി അവതരിപ്പിക്കുന്നു. കേരളഭാഷയെ കേരളത്തിന്റെ

വികസനത്തിനായുള്ള മനുഷ്യശേഷി വികസനത്തിനുള്ള ഏതു ഭാഷയായും (language X), മലയാളഭാഷണത്തെ കേരളത്തിലെ സാമൂഹിക സമന്വയ ത്തിനുള്ള ഉപാധി ആയും അവതരിപ്പിക്കുന്നു. സാമ്പത്തിക വികസനത്തിന്റെ യും സാമൂഹിക സമന്വയത്തിന്റെയും ഉപകരണ, വിനിമയ ഉപാധികളായി (Instrumental and Communicative) ഭാഷയെയും ഭാഷണത്തെയും യഥാക്രമം ചർച്ച ചെയ്യുകയാണ് ഈ പ്രബന്ധം.

## 2. ഭാഷ, ഭാഷണം

ഭാഷ ഒരു അമൂർത്തതയാണ്; യാഥാർത്ഥ്യമല്ല. യാഥാർത്ഥ്യം ഭാഷണം മാത്രമാണ്. അതായത്, ഭാഷണം മാത്രമാണ് നമുക്ക് ഭൗതികമായി അനു ഭവവേദ്യം. ഭാഷണത്തെ സാധ്യമാക്കുന്ന മനുഷ്യ പ്രത്യേകതയെക്കുറിച്ചുള്ള പഠനങ്ങളും ഭാഷണവ്യത്യാസത്തെ അടിസ്ഥാനമാക്കി പതിനെട്ടാം നൂറ്റാ ണ്ടിൽ രൂപംകൊണ്ട ഭാഷാദേശീയതയുമാണ് ഭാഷ എന്ന സങ്കൽപ്പത്തെ നിർമ്മിച്ച് ഉറപ്പിച്ചത് (Randolph Quirk 1998: 291-298). ഭാഷണത്തെ സാധ്യമാക്കുന്ന മനുഷ്യ പ്രത്യേകതകളെക്കുറിച്ചുള്ള ശാസ്ത്രീയ അന്വേഷ ണങ്ങൾ ഇന്നെത്തി നിൽക്കുന്നത് ഏതു ഭാഷയും ഏതൊരു മനുഷ്യനിലും സാധ്യമാക്കുന്ന സാർവ്വലൗകികമായ ഭാഷാഘടകങ്ങളിലാണ് (Dryer etal: 2013). ഭാഷാടിസ്ഥാനത്തിലുള്ള ദേശീയത ചെന്നെത്തിനിൽക്കുന്നത് വിവിധ ഭാഷാസമൂഹങ്ങളുടെ രാജ്യാന്തര കുടിയേറ്റങ്ങളുടെയും കുടിപാർപ്പുകളുടെയും ഫലമായ ഭാഷകളുടെ നിരന്തര സമ്പർക്കങ്ങളാലുള്ള ഭാഷാ, ഭാഷാസമൂ ഹങ്ങളുടെ സമന്വയത്തിലാണ്. അതായത്, ഭാഷ എന്ന അമൂർത്തതയെ ബൗദ്ധികമായി രൂപപ്പെടുത്തിയ പരിമിതമായ ശാസ്ത്രീയതയുടെയും ദേശീ യതയുടെയും അച്ചുകൂടങ്ങളെല്ലാം ചരിത്രത്തിലേക്ക് പിൻവാങ്ങുകയാണ്. ഇനി അവശേഷിക്കുന്നത് ഭാഷകരും ഭാഷണവും മാറുന്ന ലോകവും മാറുന്ന ലോകത്തിൽ അതിജീവനത്തിനായി ആഗോളമായി മത്സരിക്കുന്നവരുമാണ്. ഫെർഡിനന്റ് ഡി സസ്സൂറിന്റെ ലാംഗ്-പരോൾ അഥവാ ഭാഷ-ഭാഷണം എന്ന സങ്കൽപ്പം തന്നെ മുമ്പ് സൂചിപ്പിച്ച ഈ ദേശീയതയുടെ അച്ചിലാണ് രൂപപ്പെട്ടത്. ഭാഷകന് പ്രാപ്യമല്ലാത്ത എന്നാൽ ഭാഷകന്റെ ഭാഷണത്തെ സാധ്യമാക്കുന്ന അമൂർത്തമായ സാമൂഹിക അവസ്ഥയാണ് സസ്സൂറിന് ഭാഷ. പൗരന് നേരിട്ട് പ്രാപ്യമല്ലാത്ത, പൗരൻ അനുസരിക്കേണ്ടൊരു അമൂർത്തത ആണല്ലോ ദേശീയത. യൂറോപ്പിൽ രൂപപ്പെട്ട ദേശീയതയുടെയെല്ലാം പാഠം ഭാഷയായിരുന്നു (Stephen Barbour and Cathie Carmichael, 2000). അച്ചടി പ്രചാരത്തിലാകുന്നതിന് മുമ്പ് വളരെ വൈവിധ്യപൂർണ്ണമായിരുന്ന

ഭാഷണങ്ങളെയാകെ ഒന്നിച്ച് അമൂർത്തവത്കരിച്ച് നിർമ്മിച്ചെടുത്ത് പൊതുബോധത്തിലേക്ക് നിറച്ചതായിരുന്നു ഭാഷ. അതായത്, ഭാഷയെന്നത് അമൂർത്തമായ ഒരു രൂപം മാത്രം ആയിരുന്നു. വാസ്തവം ആയിരുന്നില്ല. വാസ്തവം ഭാഷണം മാത്രമാണ്. ഭാഷണഭേദത്തിന്റെ അടിസ്ഥാനത്തിൽ യൂറോപ്പിൽ രൂപപ്പെട്ട ദേശീയതയ്ക്കുള്ള ഭക്ഷണം ആയിരുന്നു ഭാഷ അഥവാ ദേശീയത. ഭാഷണങ്ങളെ ഭാഷയായി പാകപ്പെടുത്തുകയായിരുന്നു. ഇത് ദേശീയതയുമായി ബന്ധപ്പെട്ട ഭാഷാനിർമ്മാണം. ഇനി ശാസ്ത്രത്തിന്റെ കാര്യമെടുക്കാം. ഭാഷാശാസ്ത്രത്തിലെതന്നെ ഏറ്റവും നിർണ്ണായകമായ ശാസ്ത്രീയ വഴിത്തിരിവായിരുന്നല്ലോ ചൊംസ്കിയൻ ഭാഷാശാസ്ത്രവിപ്ലവം. സസ്സൂറിന്റെ വ്യക്തിപരവും മൂർത്തവും ആയ ഭാഷണത്തെ ചോംസ്കി പെർഫോമൻസ് അഥവാ പ്രകടനം എന്ന് സാമൂഹികമായി നിർവ്വചിച്ചു. അങ്ങനെ സസ്സൂർ സമൂഹത്തിൽ അമൂർത്തവത്കരിച്ച ഭാഷ ചോംസ്കിയിലെത്തിയപ്പോൾ ഭാഷകന്റെ ശരീരത്തിലാകുകയും, സസ്സൂർ വ്യക്തിയിൽ മൂർത്തമായി കണ്ട ഭാഷണം ചൊംസ്കിയിൽ സമൂഹത്തിലേക്കുള്ള ഭാഷകന്റെ പ്രകടനം ആകുകയും ചെയ്തു. ചൊംസ്കി ഒരു പടികൂടി മുന്നോട്ട് കടന്നു. ഏതു ഭാഷയും ആർജ്ജിക്കുന്നതിന് മനുഷ്യനെ പ്രാപ്തനാക്കുന്ന ഭാഷാശേഷിയെക്കുറിച്ച് കൂടുതൽ അന്വേഷിച്ചു. അങ്ങനെ ആധുനികഭാഷാശാസ്ത്രം ഭാഷാസാർവലൗകികങ്ങളിലെത്തി (linguistic Universals). ലോകത്താകെയുള്ള ഭാഷകളിൽ പൊതുവെ കാണപ്പെടുന്ന ഈ പൊതു പ്രത്യേകതകളാണ് വ്യത്യാസങ്ങളെക്കാൾ കൂടുതലെന്നും വ്യക്തമായി. അവശേഷിക്കുന്ന വ്യത്യാസങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ഭാഷകളിലാകെ പൊതുവാണെന്നും വ്യക്തമായി. അതായത്, കൂടുതലന്വേഷിച്ചു ചെല്ലുന്തോറും ഭാഷണത്തിനും ഭാഷാശേഷിക്കും ഇടയിൽനിന്നും ഭാഷയുടെ സ്ഥാനം വളരെ നേർത്തുവരുകയായിരുന്നു. അതായത്, ജ്ഞാനസിദ്ധാന്തപരമായി പ്രത്യേക ഭാഷകളെന്നത് ശാസ്ത്രീയ അന്വേഷണവഴിയിലെ കേവലമായ ഒരു പരികൽപ്പനയായി ചുരുങ്ങി. ആധുനികഭാഷാശാസ്ത്രത്തിന് ഇത് ജ്ഞാനസിദ്ധാന്തപരമായി എത്തിയ ബോധമാണെങ്കിൽ ലോകത്തിൽ ഭൂരിഭാഗവും വരുന്ന ഒന്നിലധികം ഭാഷ സംസാരിക്കുന്നവർക്ക് ഇത് ദൈനംദിന യാഥാർത്ഥ്യമാണ്. ഉദാഹരണമായി, തമിഴും മലയാളവും ഒരുപോലെ സംസാരിക്കുന്ന ഭാഷകനെ സംബന്ധിച്ചിടത്തോളം ഈ ഭാഷകൾ തമ്മിലുള്ള വ്യത്യാസം എപ്പോൾ ഈ ഭാഷകൾ മാറ്റി സംസാരിക്കേണ്ടി വരുന്നു എന്ന സാഹചര്യങ്ങൾ തമ്മിലുള്ള വ്യത്യാസം മാത്രമാണ്. ആധുനിക ഭാഷാശാസ്ത്രത്തിൽ ഈ മാറ്റങ്ങളൊക്കെ നടക്കുന്ന കാലത്താണ് ഭാഷാദേശീയതയിലും

ഭാഷാദേശരാഷ്ട്രങ്ങളിലും അധിഷ്ഠിതമായിരുന്ന ലോകക്രമം ദേശീയതാതീതമായ തുറന്ന ആഗോളലോകത്തിലേക്ക് മാറുന്നത്. അന്തർദേശീയമായ വ്യാപാര ഉടമ്പടികൾ, ലോകത്തിലെ ഏതു കോണുകളും തമ്മിലുള്ള ദൂരത്തെയും കുറയ്ക്കുന്ന ഗതാഗത വിനിമയ സാങ്കേതികവിദ്യയുടെ വികാസം, വിവിധ ഭാഷകൾ സംസാരിക്കുന്ന ജനാവിഭാഗങ്ങളുടെ രാജ്യാന്തര പ്രവാസം, ലോകത്തിലെ ഏതു ഭാഗത്തും ഉത്പാദ സംരഭങ്ങളും കമ്പോളവും തുറക്കുന്ന സാമ്പത്തിക മൂലധനത്തിന്റെ അനായാസ പ്രയാണം, ഏതു തരത്തിലുള്ള വൈവിധ്യത്തെയും ഉൾക്കൊള്ളാൻ തയ്യാറാകുന്ന ബഹുത്വദേശീയതകൾ, താരതമ്യാത്മകമായി ഉത്പാദന ചെലവ് കുറക്കുന്നതിനായി ലോകത്തെവിടേക്കും മാറ്റാവുന്ന ഉത്പാദന സംരഭങ്ങൾ ഇവയെല്ലാം ചേർന്ന് ഭാഷാടിസ്ഥാനത്തിലുള്ള ദേശീയതകളെയും ദേശീയതയെത്തന്നെയും തുടച്ചുനീക്കുകയാണ്. ഇതിനോട് ബന്ധപ്പെട്ട് അഥവാ ഈ മാറ്റങ്ങളുടെ ബൗദ്ധികവ്യവഹാരം എന്ന നിലയിലാണ് ഇനിയുള്ള കാലം നവലിബറൽ ജനാധിപത്യത്തിന്റെയും സ്വത്വസംഘർഷങ്ങളുടെയും കാലമാണെന്ന് വാദിക്കുന്ന ചിന്താധാരകളും രൂപപ്പെടുന്നത്. ഉത്തരാധുനികം എന്നാണ് ഈ ചിന്താധാര പൊതുവെ അറിയപ്പെടുന്നത്. ചരിത്രത്തിന്റെ അന്ത്യം, ചരിത്രത്തെ മുന്നോട്ടു നയിച്ചെന്ന് പൊതുവെ വ്യവഹരിക്കുന്ന ബൃഹദാഖ്യാനങ്ങളായ പ്രത്യയശാസ്ത്രങ്ങളുടെ അന്ത്യം, ആധുനികതയുടെ അടിസ്ഥാനമായ യുക്തിയോടുള്ള വെല്ലുവിളി എന്നിവയാണ് ഈ ചിന്താധാരയുടെ പ്രധാന ഘടകങ്ങൾ. ലോകം ഇങ്ങനെ ഭാഷാ-ദേശ-സ്വത്വങ്ങളെയെല്ലാം കുടഞ്ഞുകളഞ്ഞ് സമ്പർക്കവും സമന്വയവും ത്വരിതപ്പെടുത്തുമ്പോഴാണ് ലോകത്താകെ പടരുന്ന സ്വത്വസംഘർഷങ്ങൾ അഭ്യന്തര കലാപങ്ങളിലേക്കും, ആഭ്യന്തരമായ അടിച്ചമർത്തലിനോടുള്ള പ്രതികരണണമായ അന്തർദേശീയ തീവ്രവാദവും ഒരു ലോകമഹായുദ്ധ സമാനമായി ലോകത്താകെ പടരുന്നത്. മനുഷ്യനാഗരികത ഇന്ന് സൂക്ഷ്മമായി സ്വത്വസംഘർഷത്തിന്റെയും, സ്ഥൂലമായി സ്വത്വാധിഷ്ഠിതമായ തീവ്രവാദത്തിന്റെയും ഭീഷണിയിലാണ്. ഈ സാഹചര്യത്തിലാണ് ചോംസ്കിയുടെ വ്യക്തിപരമായ ഭാഷാശേഷിയെ വീണ്ടും ഭാഷണവുമായി ബന്ധപ്പെട്ട് ഹെബർമാസ് പരിഷ്കരിക്കുന്നത് (Habermas 1970a: 360-375, 1970b: 205-218)).

## 2.1. ഭാഷണം, സ്വത്വം, സമന്വയം

ഏതു ഭാഷയും ആർജ്ജിക്കുന്നതിനുമുള്ള സ്വാഭാവിക ശേഷി എല്ലാ മനുഷ്യരിലും ഉണ്ടെന്നതാണല്ലോ ചൊംസ്കിയുടെ അടിസ്ഥാനനിഗമനം. അങ്ങനെയാണെങ്കിൽ 'നിറമില്ലാത്ത പച്ച ആശയങ്ങൾ ആവേശത്തോടെ ഉറങ്ങുന്നു'

എന്ന വാക്യം പോലും ഒരു ഭാഷകന് പുറപ്പെടുവിക്കാൻ കഴിയും. ഈ വാക്യം വ്യാകരണപരമായി ശരിയാണ്. എന്നാൽ, അർത്ഥപരമായി ശരിയല്ല. വ്യാകരണപരമായി ശരിയായത് അർത്ഥപരമായും മറിച്ചും ശരി ആകണമെന്നില്ല എന്നാണ് ചൊംസ്കിയൻ നിരീക്ഷണം. അതായത്, ഒരു ഭാഷയിലുള്ള വ്യക്തിയുടെ ഭാഷാശേഷി എന്ന് പറഞ്ഞാൽ വ്യാകരണപരമായി മാത്രം ശരിയായതും അർത്ഥപരമായി മറ്റുള്ള ഭാഷകർക്ക് മനസ്സിലാകാത്തതുമായ വാക്യങ്ങളെ ഉച്ചരിക്കാൻ കൂടിയുള്ള കഴിവാണ്. അതായത്, സസ്സൂറിന്റെ ഭാഷാസങ്കൽപ്പം സംസാരമില്ലാത്ത അമൂർത്തഭാഷയായി മാത്രം നിലകൊള്ളുന്നതുപോലെ ചൊംസ്കിയുടെ ഒരു ഭാഷയിലുള്ള ശേഷി എന്നാൽ അത് പുറപ്പെടുവിക്കുന്ന ഭാഷകന് മാത്രം മനസ്സിലാകാവുന്ന ഒരു ആത്മഭാഷണം മാത്രം ആകുന്നു (Habermas 1970:360-375). അങ്ങനെയാണെങ്കിൽ ഒരാൾ പറയുന്നത് മറ്റൊരാൾക്ക് എങ്ങനെയാണ് മനസ്സിലാക്കുന്നത്. അതായത്, ഏത് ഭാഷയും ആർജ്ജിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ഭാഷാസാർവ്വലൗകികങ്ങളെന്നപോലെ ഒരു ഭാഷകൻ സംസാരിക്കുമ്പോൾ മറ്റൊരു ഭാഷകന് അത് മനസ്സിലാക്കാൻ നമ്മെ പൊതുവെ പ്രാപ്തരാക്കുന്ന അർത്ഥസാർവ്വലൗകികങ്ങളും ഉണ്ടെന്നാണ് ഹെബർമാസ് നിരീക്ഷിക്കുന്നത്. അതായത് ഭാഷാശേഷിയുടെ യാന്ത്രികതയെ സാധ്യമാക്കുന്ന ഭാഷാസാർവ്വലൗകികങ്ങളെന്നപോലെ, മനസ്സിലാക്കലിന്റെ അർത്ഥപരതയെ സാധ്യമാക്കുന്ന അർത്ഥസാർവ്വലൗകികങ്ങളെക്കൂടി അവതരിപ്പിക്കുകയാണ്. ഇവിടെ ഭാഷ എന്നാൽ ഭാഷാസാർവ്വലൗകികങ്ങളും, അർത്ഥസാർവ്വലൗകികങ്ങളുമാണ്. അതായത് ഭാഷ എന്നത് സാർവ്വലൗകികമായ ജൈവികതയുടെയും വ്യതിരിക്തമായ അർത്ഥപരതയുടെയും ഇടയിലുള്ള ഒരു അവസ്ഥയാണ്. മനുഷ്യർക്ക് ഭൗതികമായി നിലനിൽക്കണമെങ്കിൽ ഭൗതിക ഉത്പാദനം നടത്തേണ്ടതുണ്ട്. സാമൂഹികമായി നില നിൽക്കണമെങ്കിൽ മനുഷ്യർ തമ്മിലുള്ള അസ്തിത്വപരവും സ്വത്വപരവുമായ വിടവുകളെല്ലാം സമന്വയിക്കേണ്ടതുണ്ട്. സ്ഥൂലതലത്തിൽ ലോകം ഒരു ആഗോള സമൂഹമായി അടുക്കുമ്പോൾ സൂക്ഷ്മതലത്തിൽ സമൂഹങ്ങൾ ആഭ്യന്തരമായി വിഘടിക്കുകയാണ്. ശക്തമെന്ന് നാം കരുതിയിരുന്ന പല ദേശരാഷ്ട്രങ്ങളും വിഘടിച്ചു. റഷ്യ, ജർമ്മനി, കിഴക്കൻ യൂറോപ്പിലെ പല രാജ്യങ്ങളും ഇതിന് ഉദാഹരണമാണ്. ഒരേ മതവും, ഒരേ ഭാഷയും ഉള്ളവർ തമ്മിലും ലോകത്തിന്റെ പല ഭാഗത്തും തുറന്ന പോരിലാണ്. ഭാഷയുടെ അടിസ്ഥാനത്തിൽ ഒരു ജനസമൂഹത്തിന് ഒന്നിച്ച് നിൽക്കാൻ കഴിയില്ല എന്നതിനുള്ള ഇന്ത്യൻ ഉദാഹരണമാണ് ഭാഷാടിസ്ഥാനത്തിൽ ഇന്ത്യയിൽ

രൂപപ്പെട്ട ആദ്യ സംസ്ഥാനമായ ആന്ധ്രാപ്രദേശിന്റെ വിഭജനം. അതായത്, ഭാഷ എന്നത് മൂർത്തമായി കാണിക്കാൻ കഴിയുന്ന ഒരു വസ്തു ആയി തെളിയിക്കാനാകാത്തതിനാൽ ഘടനാഭാഷാശാസ്ത്രവും, വിവരണാത്മകഭാഷാശാസ്ത്രവും ആ പണി ഉപേക്ഷിച്ചു. വ്യാകരണങ്ങൾ നിർമ്മിക്കപ്പെടുന്നുണ്ട്. എഴുതപ്പെടുന്ന വ്യാകരണങ്ങളും ഭാഷണവും തമ്മിലുള്ള വ്യത്യാസത്തേക്കാൾ കുറവാണ് ഭാഷാസാർവ്വലൗകികങ്ങളും ഭാഷണവ്യതിരിക്തകളും തമ്മിലുള്ള വ്യത്യാസം. ഭാഷാശാസ്ത്രം പോകുന്നത് രണ്ട് ദിശകളിലേക്കാണ്. ഒന്ന് ഭാഷാശേഷിയുടെ സാർവ്വലൗകികമായ ജൈവസൂക്ഷ്മതകളിലേക്ക്. രണ്ട് ഭാഷാശേഷിയുടെ ഒരു പ്രത്യേക സാഹചര്യത്തിലൂടെയുള്ള വികസനത്തിലൂടെ പ്രകടമാകുന്ന വൈവിധ്യമായ ഭാഷണത്തിന്റെ സാമൂഹിക സാധ്യതകളിലേക്ക്. എന്നാൽ ഭാഷണത്തെ സാധ്യമാക്കുന്ന ജൈവവ്യവസ്ഥയെക്കുറിച്ചുള്ള അന്വേഷണത്തിനും ആത്മഭാഷണത്തെ സാധ്യമാക്കുന്ന അഥവാ വ്യാകരണപരമായി മാത്രം ശരിയായ ഭാഷാവാക്യങ്ങളെ പുറപ്പെടുവിക്കുന്ന വ്യവസ്ഥയെ മാത്രമേ വിശദീകരിക്കാൻ കഴിഞ്ഞുള്ളൂ. യാഥാർത്ഥ്യമായി അവശേഷിക്കുന്നത് ഭാഷണം മാത്രമാണ്. അതായത്, നാം സംസാരിച്ചുകൊണ്ടേ ഇരിക്കുന്നു. അതായത് മലയാളം മരിക്കുന്നു എന്ന് മാതൃഭാഷാവാദികൾ വിലപിക്കുമ്പോഴും നാം മലയാളം സംസാരിച്ചുകൊണ്ടേ ഇരിക്കുന്നു. ചുരുക്കത്തിൽ ഒരു ഭാഷാസമൂഹത്തെ സംബന്ധിച്ച് മരിക്കുന്നത് ജനിച്ചിട്ടില്ലാത്ത ഭാഷ മാത്രമാണ്. ഭാഷണം തുടർന്നുകൊണ്ടേ ഇരിക്കും. ഉദാഹരണമായി തങ്ങളുടെ ആദിവാസി ഭാഷണത്തിൽനിന്നും മലയാളഭാഷണത്തിലേക്ക് മാറുന്ന ഒരു ആദിവാസി വിഭാഗത്തെ എടുക്കാം. അവരെ സംബന്ധിച്ചിടത്തോളം അവർ ഉപജീവനാർത്ഥം തങ്ങളുടെ പ്രാഥമിക ഭാഷണത്തിൽനിന്നും മലയാളഭാഷണത്തിലേക്ക് മാറുകയാണ്. അതായത്, ഏതു ഭാഷയും ആർജ്ജിക്കാനുള്ള മനുഷ്യശേഷിയാണ് അവരെ അതിന് പ്രാപ്യം ആക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം ഭാഷ എന്നത് ഭാഷണം മാത്രാണ്. ഭാഷ ഒരു രൂപമായി അവരുടെ മുന്നിൽ അവതരിക്കുന്നത് അവർ ഭാഷയിലൂടെ വിദ്യാഭ്യാസം ചെയ്യാൻ തുടങ്ങുമ്പോഴാണ്. അതായത്, സ്വാഭാവിക ഭാഷണത്തിൽനിന്നും ഭിന്നമായി യാന്ത്രികമായി പഠിച്ചെടുക്കേണ്ട ഒന്നാണ് അവർക്ക് മലയാളഭാഷ. അതായത് ദ്വിതീയമായതാണ് ഭാഷ. ദ്വിതീയമായി ആർജ്ജിക്കേണ്ടതാണ് ഭാഷ. മലയാളിക്ക് ഇംഗ്ലീഷും ഇങ്ങനെ ഉപജീവനത്തിനായി ദ്വിതീയമായി ആർജ്ജിക്കേണ്ടതാണ്. ദ്വിതീയമായതിനെ കുറിക്കാൻ ഉതകുന്നതാണ് ഭാഷ എന്ന സങ്കൽപ്പം. അതായത് നമ്മുടെ ജീവനലോകത്തുനിന്നും അന്യമായ,

ഭാഷണത്തിൽനിന്നും ഭിന്നമായ മറ്റൊരു ഭാഷണരീതി ആണ് ഭാഷ; ജീവിക്കുന്നതിന് ഭാഷണവും. ആദിവാസിക്ക് ഉപജീവനത്തിന് ആദിവാസി ഭാഷ ഭാഷണവും, ഭാഷ മലയാളവുമാണ്. മലയാളിക്ക് ഭാഷണം മലയാളവും, ഭാഷ മലയാളമോ ഇംഗ്ലീഷോ മറ്റേതെങ്കിലും ഭാഷയോ ആകാം. ദേശീയത ഭാഷകളെ നിർമ്മിച്ചതുപോലെയല്ല ആഗോളീകരണം ഭാഷകളെ നിർമ്മിക്കുന്നത്. ദേശീയതയുടെ ഭാഷാനിർമ്മാണ പ്രക്രിയയ്ക്ക് ഉത്പാദനവുമായി ബന്ധമില്ലായിരുന്നു. ഒരു ദേശത്തിനകത്തെ ഭാഷണങ്ങളിലൊന്നിനെ ആയിരുന്നു പൊതുവെ ദേശീയത ഭാഷയായി നിർമ്മിച്ചത്. അങ്ങനെയാണ് നിരവധി ഹിന്ദിഭാഷണങ്ങളിൽനിന്ന് നാഗപൂർഹിന്ദിയെ ദേശീയഹിന്ദി ആയി നിർമ്മിച്ചെടുത്തത്. ദേശത്തെ ഉത്പാദന മണ്ഡലത്തിന്റെ ഭാഷയും ദേശീയത നിർമ്മിച്ച ഭാഷയും ഒന്നാകണമെന്നില്ലായിരുന്നു. ദേശീയമായി നിർമ്മിച്ചെടുക്കുന്ന ഭാഷ പ്രവർത്തിക്കുന്നത് ദ്വിതീയമായ സാക്ഷരപൊതുമണ്ഡലത്തിലാണ്. എന്നാൽ ഉത്പാദനമണ്ഡലത്തിന്റെ ഭാഷ പ്രവർത്തിക്കുന്നത് പ്രാഥമികമായ് ഭൗതിക ഉത്പാദനമണ്ഡലത്തിലാണ്. ഭാഷകൾ തമ്മിലുള്ള സമ്പർക്കവും സമന്വയവും നടക്കുന്നത് ഉത്പാദനമണ്ഡലത്തിലാണ്. ഭാഷകൾ തമ്മിലുള്ള സമ്പർക്കത്തിനും സമന്വയത്തിനും അനുകൂലമായ സാഹചര്യത്തിലാണ് വ്യത്യസ്ത സമൂഹങ്ങൾ തമ്മിൽ സമന്വയിക്കുന്നത്. ഇന്ത്യ പോലെ ഭാഷാവൈവിധ്യമുള്ള പ്രദേശങ്ങളിങ്ങനെ സമ്പർക്ക സമന്വയഫലമായി നിരവധി സമന്വയഭാഷകൾ രൂപപ്പെടാം. ഇങ്ങനെ രൂപപ്പെട്ട ഭാഷയാണ് ഉർദു. ഭാഷണം പൊതുവെ സമൂഹങ്ങളെ സമന്വയിപ്പിക്കുന്നതുപോലെ വ്യത്യസ്തമായ ഭാഷണസമൂഹങ്ങളുടെ സമ്പർക്കഫലമായി സമന്വയഭാഷകളും രൂപപ്പെടാം. ഈ ചർച്ചകളിലെല്ലാം പൊതുവായി രൂപപ്പെടുന്ന ഒരു കാര്യം ഭാഷ എന്നത് അതായത് ഭാഷയുടെ ധർമ്മവും, ഭാഷയുടെ ആയിത്തീരലും ഭാഷയെക്കുറിച്ചുള്ള നമ്മുടെ നിർവ്വചനങ്ങൾക്ക് പുറത്താണ് എന്നാണ്.

### 3. ഭാഷ ഒരു പൊതുശേഷി

അതത് കാലത്തെ സാമൂഹിക സാഹചര്യങ്ങളും, ശാസ്ത്രീയ അന്വേഷണങ്ങളുടെ പരിമിതിയും പലപ്പോഴും ഭാഷയെക്കുറിച്ചുള്ള അന്വേഷണങ്ങളുടെ സാധ്യതയെ പരിമിതപ്പെടുത്തിയതായി കാണാം. ഭാഷയെക്കുറിച്ചുള്ള ഏതുകാലത്തെ നിർവചനങ്ങൾ നോക്കിയാലും പൊതുവായി കാണുന്ന ഒരു പ്രത്യേകത ഭാഷ ഒരു പൊതു ആണെന്നാണ്. അതായത് ഭാഷയുടെ പ്രാപ്യത പൊതുവാണ്. ഭാഷയുടെ പ്രാപ്യത ഭാഷാസമൂഹാതീതവുമാണ്. സംസ്കൃതം ഉൾപ്പെടെയുള്ള ഭാഷകളുടെ പ്രാപ്യത ഒരു കാലത്ത് സമൂഹത്തിലെ

പിന്നാക്കവിഭാഗങ്ങൾക്ക് വരേണ്യവർഗ്ഗം നിഷേധിച്ചിരുന്നെങ്കിലും തത്വത്തിൽ ഏതു ഭാഷയും ആർക്കും ആർജ്ജിക്കാം. ആർജ്ജിക്കുന്നതിന് ആവശ്യമായ ആസന്നസാമൂഹിക സാഹചര്യം ഉണ്ടാകണമെന്ന് മാത്രം. ആ സാഹചര്യം മാത്രമേ സാമൂഹികമായി നിഷേധിക്കാൻ കഴിയൂ. അതായത് ഭാഷയ്ക്ക് വായു, ജലം എന്ന പോലെ ഒരു പൊതുവസ്തു സ്വഭാവമുണ്ട്. അതുകൊണ്ട്, ഭാഷയെ ഒരു പൊതുവസ്തു ആയി പരിഗണിക്കാമോ? അതിനായി, പൊതുവസ്തു എന്താണെന്ന് പരിശോധിക്കാം. ഒരാൾ ഉപയോഗിക്കുമ്പോൾ മറ്റൊരാൾക്ക് ലഭ്യത കുറയാത്ത തരത്തിൽ കുറയാത്തതും എല്ലാവർക്കും പ്രാപ്യമായതുമായ പ്രകൃതിവസ്തുക്കളെയോ, മനുഷ്യനിർമ്മിതം ആയവയെയോ ആണ് പൊതുവെ പൊതുവസ്തു എന്ന് പറയുക. വായുവും വിജ്ഞാനവും ഈ അർത്ഥത്തിലൊരു പൊതുവസ്തുവാണ്. എന്റെ മുന്നിലിരിക്കുന്ന ഒരു ഗ്ലാസ് ചായ ഞാൻ കുടിക്കുമ്പോൾ നിങ്ങൾക്ക് അത് ലഭ്യമാകാതെ ആകുന്നു. എന്നാൽ ഞാൻ ശ്വസിക്കുന്നതുകൊണ്ട് നിങ്ങൾക്ക് ആവശ്യമായ അളവിൽ വായു ലഭ്യമാകാതിരിക്കുന്നില്ല. അതായത്, ചായ ഒരു സ്വകാര്യവസ്തുവും വായു പൊതുവസ്തുവുമാണ്. വിജ്ഞാനവും അങ്ങനെ തന്നെ. ഗുണനപട്ടിക ഞാൻ നിങ്ങൾക്ക് പറഞ്ഞുതന്നു എന്നതുകൊണ്ട് അത് എനിക്ക് നഷ്ടപ്പെടുകയോ എനിക്കത് കുറയുകയോ ചെയ്യുന്നില്ല. ഇതേ സ്വഭാവവിശേഷതകൾ ഭാഷയ്ക്ക് ഉണ്ടോ എന്ന് നോക്കാം. ഞാൻ മലയാളം സംസാരിക്കുന്നതുകൊണ്ട് മലയാളഭാഷ സംസാരിക്കുന്ന ആർക്കും മലയാള ഭാഷ യാതൊരളവിലും നഷ്ടമാകുന്നില്ല. കാരണം, ഭാഷ ഒരു വസ്തു അല്ല എന്നതാണ്. വസ്തു അല്ലാത്ത ഭാഷയെ എങ്ങനെ പൊതുവസ്തു ആയി പരിഗണിക്കാം. ഇത് ഒരു പ്രതിസന്ധിയാണ്. ഈ പ്രതിസന്ധിയെ തരണം ചെയ്യുന്നതിന് നമുക്ക് ഭാഷയെ വീണ്ടും അസ്തിത്വപരമായി പരിഗണിക്കേണ്ടതുണ്ട്. ഭാഷണം വ്യക്തിപരമായ ഒരു ശേഷി ആണല്ലോ. വ്യക്തിപരമായ ഈ ശേഷിയെ ഭാഷകരിൽ സാധ്യമാക്കിയത് സാമൂഹികജീവിതം ആണല്ലോ. ഒരാൾക്ക് കൂടി ഭാഷാശേഷി ഉണ്ടാകുമ്പോൾ അത് ആ ഭാഷാസമൂഹത്തിലെ ആരുടെയും ഭാഷാശേഷിയെയും ദോഷകരമായി ബാധിക്കില്ല. അതുകൊണ്ട് ആ ഭാഷയെ ഒരു പൊതുശേഷി ആയി നിർവചിക്കാം. അതായത്, ഭാഷ ഒരു പൊതുശേഷിയാണ് (common competence). ഭാഷയെ ഒരു വസ്തു ആയി പരിഗണിക്കുക ആണെങ്കിൽ ഒരു പൊതുവസ്തു ആയും, ഭാഷ ഇല്ല ഭാഷണം മാത്രമേ ഉള്ളൂ എന്നാണെങ്കിൽ ഭാഷണത്തെ ഒരു പൊതുശേഷി ആയും നിർവചിക്കാം. ആർക്കും ആർജ്ജിക്കാവുന്ന, എത്രപേര് ആർജ്ജിച്ച് ഉപയോഗിച്ചാലും ഗുണപരമായും അളവുപരവും ആയി യാതൊരു കുറവും വരാത്ത ഒരു

പൊതുശേഷി ആണ് ഭാഷ. ഒരു പൊതുശേഷി എന്ന നിലയിൽ ഭാഷ ഇതര പൊതുവസ്തുക്കളിൽനിന്ന് എങ്ങനെ വ്യത്യസ്തമാകുന്നതെന്ന് നോക്കാം. ഇതര പൊതു വസ്തുക്കളായ പ്രപഞ്ചം, പ്രകൃതി, വായു, ജലം ഇവയൊന്നും മനുഷ്യനിർമ്മിതമല്ല. ഇവയുടെ വളർച്ചയ്ക്ക് മനുഷ്യസാന്നിധ്യമോ മനുഷ്യ പ്രവർത്തനമോ അനിവാര്യമല്ല. എന്നാൽ ഭാഷ അങ്ങനെയല്ല. ഭാഷണത്തിന്റെ വികസനത്തിന് ആ ഭാഷയിൽ മനുഷ്യപ്രവർത്തനം അനിവാര്യമാണ്. എങ്കിലേ ആ ഭാഷ വളരൂ. ചുരുക്കത്തിൽ ഭാഷ മനുഷ്യപ്രവർത്തനം അനിവാര്യമായ ഒരു പൊതുശേഷി (common competence) ആണ്. എത്രമാത്രം ഒരു ഭാഷ ഒരു സമൂഹത്തിലെ ഉത്പാദന മണ്ഡലത്തിൽ ഉപയോഗിക്കപ്പെടുന്നോ അത്രമാത്രം ആ ഭാഷ വളരുന്നു. എത്രമാത്രം ഒരു ഭാഷയിൽ അഭ്യന്തരമായും ബാഹ്യമായും സാമൂഹിക സമ്പർക്കം നടക്കുന്നോ അത്രാത്രം ആ ഭാഷ വിമോചനാത്മം ആകുന്നു. ഇതിലാദ്യത്തേതിനെ വികസനം എന്നും രണ്ടാമത്തേതിനെ സമന്വയം എന്നും ചർച്ച ചെയ്യാം.

### 3.1. വികസനം

എന്താണ് വികസനം? ഇന്നത്തേതിനേക്കാൾ ലോകത്തെ കുറച്ചുകൂടി ജീവിക്കാൻ കൊള്ളാവുന്നതാക്കി മാറ്റലാണല്ലോ വികസനം. ജീവിക്കാൻ കൊള്ളാവുന്ന നല്ലലോകം ഏറെപേർക്കു കൂടി ലഭ്യമാക്കുമ്പോഴാണ് വികസനം സമത്വപൂർണ്ണം ആകുന്നത്. വികസനപ്രക്രിയയെ അഭംഗുരം തുടരാൻ കഴിയത്തക്ക വിധത്തിൽ പ്രകൃതിസാഹചര്യങ്ങളെ നാളേക്ക് കൂടി സംരക്ഷിച്ചു കൊണ്ടാകുമ്പോൾ വികസനം സുസ്ഥിരവും ആകും. അതായത് വികസനം സമത്വപൂർണ്ണവും സുസ്ഥിരവും ആകണം. വികസനത്തിലെന്താണ് ഭാഷയുടെ പങ്ക്? ഉത്പാദന ഉപാധികളിൽ മുഖ്യമായ അദ്ധ്വാനത്തിന്റെ ഭാഗമാണ് ഭാഷ. ഭാഷ ഒരു ഉത്പാദന ഉപാധിയാണ്. ഒരു സമൂഹത്തിന് ആവശ്യമായ ഭൗതികവസ്തുക്കളേയും ഭൗതികസൗകര്യങ്ങളേയും സേവനങ്ങളേയും വിവരങ്ങളേയും ആശയങ്ങളേയും ഉത്പാദിക്കലാണല്ലോ ഉത്പാദനം. ഏതെങ്കിലും ഒരു ഭാഷയെ ഏതെങ്കിലും ഒരു ഘട്ടത്തിൽ ഉപയോഗിക്കാതെ ഒരു ഭൗതിക വസ്തുവോ സൗകര്യമോ സേവനമോ വിവരമോ ആശമോ ഒന്നും തന്നെ ഉത്പാദിപ്പിക്കാൻ കഴിയില്ല. ഇവിടെ ആവശ്യം കേവലഭാഷണശേഷിയല്ല. ഓരോ ഉത്പാദന മണ്ഡലത്തിനും അനുഗുണമായ ഭാഷയും ആ ഭാഷയുടെ വ്യത്യസ്ത തലത്തിലുള്ള ഭാഷാശേഷിയുമാണ്. ഉത്പാദനം കാർഷികം മാത്രം ആയിരുന്ന കാലഘട്ടത്തിൽ കാർഷിക ഉത്പാദന വിവരവും, വിവേകവും കൈമാറിയിരുന്ന ഭാഷാശേഷിയിലല്ല വ്യവസായിക ഉത്പാദനത്തിലെ

ഭാഷാശേഷി. ഏത് ഉത്പാദന മണ്ഡലമാണോ വളരുന്നത്, ആ മണ്ഡലമാണ് തൊഴിൽ സൃഷ്ടിക്കുന്നത്. അതുകൊണ്ട് ആ ഉത്പാദന മണ്ഡലത്തിലെ ഭാഷാശേഷി ആ മേഖലയിൽ തൊഴിൽ ലഭിക്കുന്നതിന് അനിവാര്യമാണ്. തൊഴിൽഭാഷ ആവണമെന്നില്ല നമ്മുടെ മാതൃഭാഷ. അതാവണമെന്നില്ല ദേശീയ ഭാഷ. അതുകൊണ്ട് വികസനവും ഭാഷയും തമ്മിലുള്ള ബന്ധം ദൂരവും വേഗതയും പോലെയാണ്. ദൂരത്തെ വേഗതകൊണ്ടേ തരണം ചെയ്യാൻ കഴിയൂ. തിരിഞ്ഞു നടക്കുന്നത് വിപരിണാമം ആണ്. വികസനത്തിന് ഏതു ഭാഷയിലുള്ള ശേഷിയാണോ അനിവാര്യം ആ ഭാഷ തന്നെയാണ് വികസനത്തിന്റെ ഭാഷ. അത് ഏത് ഭാഷയും ആകാം. അത് ഒരു സമൂഹത്തിന്റെ ദേശീയ ഭാഷയോ മാതൃഭാഷയോ ആകണമെന്നില്ല. അങ്ങനെ ആകുന്നുണ്ടെങ്കിൽ ഗുണപരമായി അതൊരു നല്ല സാധ്യതയാണ്.

### 3.2. സമന്വയം

ഭൗതികവികസനംകൊണ്ട് മാത്രം ഈ ഭൂമി ജീവിക്കാൻ കൊള്ളാവുന്നതാവില്ല. മനുഷ്യന്റെ സാമൂഹിക ജീവിതം കൂടുതൽ ഭദ്രം ആവേണ്ടതുണ്ട്. ഭൗതികവികസനം ഉണ്ടാക്കുന്ന അപ്പംകൊണ്ട് മാത്രമല്ലല്ലോ മനുഷ്യൻ ജീവിക്കുന്നത്. വിവിധ പ്രദേശങ്ങളിൽ, സംസ്കാരങ്ങളിൽ, ഭാഷകളിൽ, ജാതി മതങ്ങളിൽ ജനിച്ചു വളരുന്നവരെല്ലാം പലതരത്തിൽ വ്യത്യസ്തരാണ്. വ്യത്യസ്തരായിരിക്കുമ്പോഴും നമ്മളീ ഉത്പാദന-ഉപഭോഗപ്രക്രിയയിൽ പങ്കുചേരുന്നു. ഉത്പാദന-ഉപഭോഗമണ്ഡലത്തിന് ഒരു പ്രശ്നമുണ്ട്. അത് അതാത് കാലത്തെ ഉത്പാദനപ്രക്രിയയ്ക്കും സാങ്കേതികവിദ്യക്കും അനിവാര്യമായ തരത്തിലേ ഉത്പാദകരെയും ഉപഭോഗിക്കുന്നവരേയും സമീകരിക്കൂ. ഉത്പാദനമണ്ഡലത്തിന് സമീകരിക്കേണ്ടതില്ലാത്ത വ്യത്യസ്തകളെ ഉത്പാദനവ്യവസ്ഥ അങ്ങനെത്തന്നെ നിലനിർത്തും. ഉത്പാദനവ്യവസ്ഥയിൽ പങ്കുകൊള്ളുന്നവരെല്ലാം ഒരേതരം ശേഷിയും, ഏതെങ്കിലും ഒരു ഭാഷയിലെ ഒരേ തരത്തിലുള്ള ശേഷിയും ആർജ്ജിക്കാം. അങ്ങനെ അവർ സമീകരിക്കാം; സമന്വയിക്കില്ല. ഉത്പാദന വ്യവസ്ഥയുടെ ഉപകരണാത്മകയുക്തിയാണ് ഈ സമീകരണം സാധ്യമാക്കുന്നത്. എന്നാൽ സമീകരിക്കാനാകാത്ത ഏറെ വൈവിധ്യങ്ങളും, വൈചിത്ര്യങ്ങളുമായി ആണ് ഓരോ വ്യക്തിയും, ഓരോ ജനസമൂഹങ്ങളും ഈ തുറന്ന ലോകത്ത് ജീവിക്കുക. അനിവാര്യമാകുന്നത് സമന്വയമാണ്. സമന്വയത്തിന്റെ മാധ്യസ്ഥം വഹിക്കാൻ ഭാഷയല്ലാതെ മറ്റൊരു മനുഷ്യനിർമ്മിത വ്യവസ്ഥയ്ക്കും കഴിയില്ല. ഇവിടെയാണ് ഭാഷ സമന്വയത്തിന്റെ ഏകസാധ്യത ആകുന്നത്. വ്യത്യസ്തമായ ജീവനലോകങ്ങളാണ് വ്യത്യസ്തമായ സാമൂഹികസ്വത്വങ്ങളെ

നിർമ്മിക്കുക. വ്യത്യസ്തമായ ഇത്തരത്തിലുള്ള സാമൂഹിക സ്വത്വങ്ങൾ സമൂഹത്തിൽ നിരവധി അന്തർകർതൃത്വ വിടവുകളുണ്ടാക്കുന്നു. പരസ്പരം വിനിമയം ചെയ്യാത്ത ഇത്തരത്തിലുള്ള നിരവധി വിടവുകളുമായാണ് ഓരോ ജനസമൂഹവും ജീവിക്കുക. നിരന്തരമായ പരസ്പരഭാഷണത്തിലൂടെയുള്ള, അഥവാ പരസ്പരഭാഷണത്തിലൂടെ രൂപപ്പെടുന്ന പലതരത്തിലുള്ള പൊതു മണ്ഡലത്തിലൂടെയാണ് വ്യത്യസ്ത സ്വഭാവവിഭാഗങ്ങളുള്ള ഒരു സമൂഹത്തിൽ സമന്വയം നടക്കുക. ഭാഷണമാണ് സമന്വയത്തെ സാധ്യമാക്കുക. നാട്ടിൽ പൊതുവായ വികസനം ഉണ്ടാവുകയും, വികനസത്തിലൂടെ ലഭ്യമാകുന്ന വിഭവങ്ങളുപയോഗിച്ച് പൊതുസംവിധാനങ്ങൾ ശക്തിശക്തിപ്പെടുത്തുകയും ചെയ്യെങ്കിലേ വ്യക്തികൾ പൊതുമണ്ഡലത്തിൽ സമയം ചെലവഴിക്കു. വികസനപ്രക്രിയയ്ക്ക് വേണ്ടിവരുന്ന മനുഷ്യാദ്ധ്വാനത്തിന് ഏതു ഭാഷയാണോ അനിവാര്യം ആകുന്നത് ആ ഭാഷയിലുള്ള ശേഷി നേടുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. അതായത്, ഭാഷയിലൂടെയുള്ള വികസനവും, ഭാഷണത്തിലൂടെയുള്ള സമന്വയവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

### 4. കേരളഭാഷയും മലയാള ഭാഷണവും

ഇന്ത്യൻ ഭാഷാമേഖലയിലെ നിരവധി ഭാഷണരൂപങ്ങൾ സമ്പർക്കത്തിലും സമന്വയത്തിലും ആയ വളരെ ചെറിയ ഒരു ഭൂപ്രദേശമാണ് കേരളം. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്ക് പടിഞ്ഞാറേ തീരത്ത് അറബിക്കടലിനോട് തുറന്ന ദീർഘമായ തീരപ്രദേശമുള്ള കേരളത്തിന്റെ അവസ്ഥ ഭൂഖണ്ഡത്തിലൂടെയും ഭൂഖണ്ഡാന്തരവുമായ നിരവധി ജനപ്രവാഹങ്ങൾക്കും, ജനസമ്പർക്കങ്ങൾക്കും സമന്വയത്തിനും സാഹചര്യം ഒരുക്കി. അങ്ങനെ നിരവധി സമൂഹങ്ങളിവിടെ ആധിപത്യത്തിനും വാണിജ്യത്തിനും അധിവാസത്തിനും വന്നു നിറഞ്ഞു. വന്നവരേറെയും ഇവിടെത്തന്നെ കൂടി. അവരുടെ ഏറെ ഭാഷകളിവിടെ സംസാരിക്കപ്പെട്ടു. തമിഴ്-മലയാള പൂർവ്വ ഭാഷണരൂപങ്ങളിലെ പടിഞ്ഞാറൻ ഭേദമാണ് ആദ്യം സംസാരിക്കപ്പെട്ടിരുന്നത് എന്നാണ് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളത്. (Menon 1972, 52-60). ഒപ്പം, പൂർണ്ണമായി തെളിയിക്കപ്പെടാത്തതും പേരിടാത്തതുമായ ഏറെ പ്രാകൃതങ്ങളും (Sankunni Nair, 1995). സംസ്കൃതം ഒരു സജീവ ഭാഷണരൂപമായി സംസാരിക്കപ്പെട്ടിരുന്നോ എന്നതിന് തെളിവുകളില്ല. എന്നിരുന്നാലും ഒരു കാര്യം ഉറപ്പായിരുന്നു. സംസ്കൃതത്തിന്റെ സ്വാധീനം കേരളത്തിൽ ശക്തമായിരുന്നു. ഈ ഭൂപ്രദേശത്ത് വന്നു ചേർന്നവരുടെയും, വന്നു പോയവരുടെയും എല്ലാ ഭാഷണങ്ങളുടെയും

സമ്പർക്ക ഫലമായി ഏറെ വികസിക്കുകയായിരുന്ന തമിഴ് മലയാളത്തിന്റെ പൂർവ്വഭാഷണങ്ങളിലെ പടിഞ്ഞാറൻ ഭാഷണഭേദം. ഏകദേശം പത്തോളം ഭാഷകളുമായുള്ള നിരന്തരവും അല്ലാതെയും ഉള്ള സമ്പർക്കഫലമായി രൂപം കൊണ്ടതാണ് ഇന്ന് ശ്രേഷ്ഠമെന്ന് വ്യവഹരിക്കപ്പെടുന്ന മലയാളം. ലിഖിത രൂപങ്ങളേതുമില്ലാതെ ആദിവാസി വിഭാഗങ്ങൾ സംസാരിക്കപ്പെടുന്ന ഏറെ ഭാഷണങ്ങളുമുണ്ട് ഈ പ്രദേശത്ത്. ഭാഷാഭേദമെന്നും ഭാഷണരൂപങ്ങളെന്നും വ്യവഹരിക്കപ്പെടുന്ന നിരവധി ആദിവാസി ഭാഷകളും ഭാഷയെന്ന് മാത്രമല്ല ശ്രേഷ്ഠമെന്ന് കൂടി വ്യവഹരിക്കപ്പെടുന്ന മലയാളവും, സംസ്ഥാനത്തിന്റെ തെക്കും കിഴക്കും അതിർത്തികളിൽ യഥാക്രമം സംസാരിക്കപ്പെടുന്ന തമിഴ്, വടക്കേ അതിർത്തിയിൽ സംസാരിക്കപ്പെടുന്ന കന്നഡ, തുളു, ബ്യാരി എന്നീ ഭാഷകളും, വിദ്യാഭ്യാസത്തിനും, തൊഴിലിനും വികസനത്തിനും അനിവാര്യ മായ ഇംഗ്ലീഷും ഉൾപ്പെടുന്നതാണ് കേരളഭാഷാസാഹചര്യം.

### 4.1. കേരളഭാഷകൾ

കേരളത്തിലെ ഭാഷകളെ അവയുടെ പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് ഗണങ്ങളായി തിരിക്കാം. ഒന്ന്, ഭാഷണങ്ങളായി മാത്രം ഉപയോഗിക്കപ്പെടുന്ന ആദിവാസി ഭാഷണരൂപങ്ങൾ. രണ്ട്, തമിഴ്, കന്നഡ, കൊങ്ങിണി, ഗുജറാത്തി, ബ്യാരി തുടങ്ങിയ ന്യൂനപക്ഷ വിഭാഗങ്ങൾ സംസാരിക്കുന്ന ഭാഷകൾ. മൂന്ന്, ഭാഷാരൂപം മാത്രമുള്ള ഭാഷണരൂപം സാർവത്രികം അല്ലാത്ത സംസ്കൃതം, അറബി തുടങ്ങിയ ഭാഷകൾ. നാല്, ഭാഷാസ്ഥാനം വഹിക്കുന്ന പൊതുമണ്ഡലത്തിൽ ഉപയോഗിക്കുന്ന മലയാളം. അഞ്ച്, വിദ്യാഭ്യാസത്തിന്റെയും ഉത്പാദനമണ്ഡലത്തിന്റെയും മുഖ്യഭാഷ യായി ഉയർന്നുവരുന്ന ഇംഗ്ലീഷ്. ഇവയിൽ ഭാഷണരൂപങ്ങളുടെ എണ്ണവും, ഘടനാപരമായ വൈവിധ്യം ഏറെയുള്ളത് ആദിവാസി ഭാഷണരൂപ ങ്ങൾക്കാണ്. ഈ ഭാഷണസമൂഹങ്ങൾ അതിവേഗം മുഖ്യധാരാഭാഷയായ മലയാളത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അസമത്വപൂർണ്ണമായ ഒരു ദ്വിഭാഷാ അവസ്ഥയിലാണ് ആദിവാസി ഭാഷാസമൂഹങ്ങളാകെ. അതായത് ഉപജീവനത്തിനായി മലയാളം അധികമായി ആർജ്ജിക്കണം എന്ന അവസ്ഥ യിലാണ് ഈ ഭാഷസമൂഹങ്ങൾ. അതിനാൽ ഈ ഭാഷണരൂപങ്ങൾ വളരെ അധികം അളവിൽ മലയാളഭാഷയുടെ പദസമ്പത്തിനെ ഈ ഭാഷണരൂ പത്തിലേക്ക് സ്വീകരിച്ചിട്ടുണ്ട്. ഭാഷകളുടെ എണ്ണത്തിൽ രണ്ടാമത് വരുന്ന ഭാഷാന്യൂനപക്ഷങ്ങളുടെ ഭാഷകളായ തമിഴ്, കന്നഡ, ഗുജറാത്തി എന്നീ

ഭാഷകളും മലയാളത്തിന്റെ സ്വാധീനഫലമായി ഏറെ മാറിയിട്ടുണ്ട്. ഇനി വരുന്ന മലയാളമാണ് കേരളത്തിലെ ഏറ്റവും വേഗം മാറിക്കൊണ്ടിരിക്കുന്ന ഭാഷ. ഏറ്റവും കൂടുതൽ ജനവിഭാഗങ്ങൾ സംസാരിക്കുന്നതും വളരെകുറച്ച് മണ്ഡലങ്ങളിലേക്ക് ഉപയോഗം കുറയുന്നതുമായ ഭാഷയാണ് മലയാളം. ഇനി ഉള്ളത് സംസ്കൃതവും അറബിയുമാണ്. രണ്ടു ഭാഷകളും ഭാഷണസാഹചര്യങ്ങൾ അത്ര ഏറെ ഇല്ലാതെ മതപരമായ ഭാഷകളായി മാത്രമായി ആണ് നിലകൊള്ളുന്നതെങ്കിലും അറബിക്ക് ചില സാധ്യതകളുണ്ട്. ഉത്പാദനമേഖല അത്ര ശക്തമല്ലാത്ത കേരളത്തിൽനിന്ന് അറബിഭാഷ സംസാരിക്കുന്ന നാടുകളിലേക്ക് തൊഴിലിനായി പോകുന്നവർക്ക് മതപരമായ പരിഗണന മാത്രമല്ല അറബിഭാഷയിലുള്ള ശേഷി തൊഴിൽ ലഭ്യതയെയും സഹായിക്കാറുണ്ട്. ഇരുപതോളം രാജ്യങ്ങളുടെ ഔദ്യോഗികഭാഷയാണ് അറബി. ഇംഗ്ലീഷ് കേരളത്തിലൊരു ഭാഷയും ചെറിയ തോതിലെങ്കിലും വളരുന്ന ഭാഷണവുമാണ്. വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രസാങ്കേതിക വിദ്യയുടെയും തൊഴിലഭ്യതയുള്ള വളരുന്ന ഉത്പാദനമണ്ഡലങ്ങളുടെയും ഭാഷയാണ് ഇംഗ്ലീഷ്.

### 4.2. മലയാളഭാഷണം

സാമൂഹികമായ ഏറെ വൈവിധ്യങ്ങളെ വഹിക്കുന്ന ഒരു ഭൂപ്രദേശമാണ് കേരളം.

ഈ വൈവിധ്യങ്ങൾ കേരളത്തിൽ ഒറ്റപ്പെട്ട് നിൽക്കുകയല്ല. കൊണ്ടും കൊടുത്തും സമന്വയിച്ചിട്ടുണ്ട്. ഈ സമന്വയത്തിന്റെ മാധ്യമവും ഉത്പന്നവും ആണ് മലയാളഭാഷണം. കേരളത്തിലെ വിവിധ ഗണം ഭാഷകളുടെ സമ്പർക്ക സമന്വയഫലമായി ഇവിടെ രൂപപ്പെട്ട ഇന്നും സജീവമായി മാറിക്കൊണ്ടിരിക്കുകയാണ് മലയാള ഭാഷണം. ദ്രാവിഡഭാഷാഗോത്രത്തിന്റെ വ്യാകരണസ്വരൂപം, സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിൽനിന്നും നിരന്തരമായി സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പദങ്ങൾ, ലോകത്തിലെ ഏതു ഭാഷയിലും എഴുതപ്പെടുന്ന സാഹിത്യ സാഹിത്യേതരകൃതികളുടെ വിവർത്തനലഭ്യത, എല്ലാത്തരം ജാതി-സാമുദായിക-സാമ്പത്തികകസ്വത്വങ്ങളെയും പ്രതിനിധീകരിക്കുന്ന സാഹിത്യമണ്ഡലം ഇങ്ങനെ വളരെ സജീവവും വൈവിധ്യപൂർണ്ണവും ആണ് മലയാളഭാഷണം. അതുകൊണ്ട് മലയാളിയുടെ സാമൂഹികസ്വത്വം എന്നത് ഭാഷാപരമല്ല. മലയാളഭാഷ എന്ന വസ്തുതാപരമായി ഭൗതികസാധ്യതയില്ലാത്ത സംവർഗ്ഗത്തെ ഉപയോഗിച്ച് ഈ സമൂഹത്തെ നിർവചിക്കാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന ഒരു വികൽപ്പമാണ് മലയാളിയുടെ ഭാഷാസ്വത്വം എന്നത്.

### 4.3. കേരളവികസനവും കേരളഭാഷകളും

കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് കേരളത്തിലെ ഭാഷകളെക്കുറിച്ചുള്ള ചർച്ചകളൊന്നും തന്നെ ഗൗരവമായി നടന്നിട്ടില്ല. പലപ്പോഴും ഭാഷാവികസനത്തെക്കുറിച്ച്, പ്രത്യേകിച്ചും മലയാള ഭാഷാവികസനത്തെ കുറിച്ചാണ് ചർച്ചകളേറെയും. ഈ ചർച്ചകൾ പലപ്പോഴും ഭാഷയെ അധ്യയനമാധ്യമം, ഭരണഭാഷ എന്നീ കാര്യങ്ങളിലാണ് കുടുങ്ങിക്കിടക്കുന്നത്. കേരളത്തിന്റെ ഉത്പാദനമണ്ഡലത്തിൽ കേരളഭാഷ ഒരു ഉത്പാദന ഉപാധി എന്ന നിലയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നതാണ് കേരളഭാഷകളുമായി ബന്ധപ്പെട്ട കേരളത്തിന്റെ വികസനചർച്ച. സാമ്പത്തികവികസനം ഏറെ നടക്കാതെ ഉണ്ടായ സാമൂഹികവികസനമാണല്ലോ കേരളവികസനമാതൃകയുടെ വൈചിത്ര്യം. സാമ്പത്തികവികസനം പരിമിതമായെങ്കിലും നടക്കാതെ ഈ സാമൂഹികവികസനം ഇനി അങ്ങനെ തുടരില്ല. സാമ്പത്തികവികസനത്തിന് കേരളത്തിന് ചില പരിമിതികളും സാധ്യതകളുമുണ്ട്. ചുരുങ്ങിയ ഭൂപ്രകൃതി, വർദ്ധിച്ച ജനസാന്ദ്രത, ഭൗതികവിഭവങ്ങളുടെ ലഭ്യതയുടെ കുറവ്, വിദ്യാസമ്പന്നരായ മനുഷ്യവിഭവശേഷിയുടെ ഉയർന്ന ലഭ്യത എന്നിവയാണ് ഉത്പാദനവുമായി ബന്ധപ്പെട്ട കേരളത്തിന്റെ പ്രത്യേകതകൾ. അതുകൊണ്ട് കേരളത്തിലെ മനുഷ്യവിഭവത്തെ കൂടുതൽ ഉപയോഗിക്കത്തക്ക തരത്തിലുള്ള ഉത്പാദന മണ്ഡലങ്ങളുടെ വികസനമാണ് കേരളത്തിന്റെ സാമ്പത്തിക വികസനത്തിനുള്ള ശരിയായ മാർഗ്ഗം. അതായത് വിവരസാങ്കേതികവിദ്യ, ജൈവസാങ്കേതികവിദ്യ, നാനോസാങ്കേതികവിദ്യ, ടൂറിസം, ലഘു എഞ്ചിനീയറിംഗ്, മൂല്യവർദ്ധിത വ്യവസായങ്ങൾ (ഐസക്ക് 2016:144). ഈ മേഖലകളുടെ വ്യാപ്തിയും ഈ മേഖലകളുണ്ടാക്കുന്ന ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും കമ്പോളം ലോക കമ്പോളവുമാണ്. അതുകൊണ്ടുതന്നെ ഈ മേഖലയുടെ ഉത്പാദനഭാഷ ലോകഭാഷയായ ഇംഗ്ലീഷാണ്. ഇതാണ് ഉത്പാദനവുമായി ബന്ധപ്പെട്ട കേരളത്തിലെ ഭാഷാസാമ്പത്തികസാഹചര്യം. ഏറ്റവും കൂടുതൽ എണ്ണമുള്ള ആദിവാസി ഭാഷകൾ സംസാരിക്കുന്ന ആദിവാസി വിഭാഗങ്ങൾ തങ്ങൾക്ക് പ്രാപ്യമായ ഉത്പാദന മണ്ഡലത്തിന്റെ ഭാഷ മലയാളം ആയതുകൊണ്ട് മലയാളം സ്വാഭാവിക സാഹചര്യത്തിൽനിന്നും ആർജ്ജിക്കുകയും പ്രായേണ മലയാളഭാഷയിലേക്ക് മാറുകയും ചെയ്യുന്നു. കാരണം, തങ്ങളുടെ ഭാഷകൾ ഉപയോഗിച്ചുകൊണ്ട് ജീവിക്കാൻ അവർക്ക് ഉണ്ടായിരുന്ന അനുകൂല സാഹചര്യം വനനിയമങ്ങളും, വനമേഖലയിലേക്കുള്ള കുടിയേറ്റവും മൂലം ഇല്ലാതെയാക്കി. ഇങ്ങനെ, കേരളത്തിലെ ആദിവാസി

ഭാഷകളൊന്നും തന്നെ കേരളത്തിലെ പൊതുവായതോ, ആദിവാസികളു ടെയോ സാമ്പത്തിക വികസനത്തിൽ ഒരു പങ്കും വഹിക്കുന്നില്ല. അങ്ങനെ കേരളത്തിലെ ആദിവാസി ഭാഷകളെല്ലാം വംശനാശത്തിന്റെ വിവിധ ഘട്ട ങ്ങളിലൂടെ കടന്നുപോവുകയാണ്. ന്യൂനപക്ഷ വിഭാഗങ്ങൾ സംസാരിക്കുന്ന ഭാഷകളായ തമിഴും, കന്നഡയും മറ്റും കേരളത്തിലെ സാമ്പത്തിക ഉത്പാദന പ്രക്രിയയിൽ പ്രത്യക്ഷമായ പങ്ക് വഹിക്കുന്നില്ല. ആ ഭാഷാസമൂഹങ്ങളും പ്രായേണ മലയാളഭാഷയിലേക്ക് മാറുകയാണ്. ഇനി ഭാഷകർ ഏതുമില്ലാതെ മതവുമായി ബന്ധപ്പെട്ട് നിൽക്കുന്ന സംസ്കൃതവും അറബിയുടെയും അവസ്ഥ പരിശോധിക്കാം. ഈ രണ്ടു ഭാഷകളും വിദ്യാഭ്യാസ മേഖലകളിൽ ഒരു വിഷയം മാത്രമായി പ്രവർത്തിക്കുന്നു. എന്നാൽ, സംസ്കൃതത്തെ അപേക്ഷിച്ച് അറബി ഭാഷയിലുള്ള ശേഷി അറബിനാടുകളിൽ തൊഴിൽ ലഭിക്കുന്നതിന് ചെറിയ തോതിൽ സഹായിക്കുന്നുണ്ട്. ഭാഷണശേഷിയിൽ അധികമായി മലയാള ഭാഷയിലുള്ള പ്രത്യേക ശേഷി ചുരുക്കം ചില വിദ്യാഭ്യാസ-സേവന-മാധ്യമ മേഖലകളിലും, ഉത്പാദനമേഖലകളിലും മാത്രമേ തൊഴിലെടുക്കുന്നതിന് സഹായകരം ആകുന്നുള്ളൂ. ഇംഗ്ലീഷ് ഭാഷയിലുള്ള ഭാഷണശേഷിയും പ്രത്യേക ഉപയോഗവൈദഗ്ധ്യവുമാണ് കേരളത്തിലെ മനുഷ്യവിഭവശേഷിയെ ഉത്പാദ നമേഖലയിൽ ഏറെ പങ്കുകൊള്ളുന്നതിനും കേരളത്തിന്റെ സാമ്പത്തികവിക സനത്തിനും സഹായിക്കുന്നത്. ഇതാണ് കേരളത്തിലെ ഭാഷകളെ സംബന്ധി ച്ച് നമുക്ക് അനുഭവവേദ്യമാകുന്ന യാഥാർത്ഥ്യം. എന്നാൽ, മാതൃഭാഷ എല്ലാ മേഖലകളിലും ഉപയോഗിക്കുന്നതിലൂടെ പല രാജ്യങ്ങളിലും സാമ്പത്തിക സാമൂഹിക വികസനം ഉണ്ടാകുന്നു എന്ന സേതുരാമന്റെ വാദം ഇംഗ്ലീഷു മായി ബന്ധപ്പെട്ട കേരളത്തിന്റെ വികസന സാധ്യതയെ പരിശോധിക്കാതെ ഉള്ളതാണ് (സേതുരാമൻ, 2011). അതായത്, മലയാളത്തിന്റെ ഭാവി എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിലെ പ്രധാന പോരായ്മ ആ പഠനം ഇംഗ്ലീഷ് ഒരു തൊഴിൽഭാഷ ആകുന്ന കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങളെ പ്രാഥമികമായിപോലും പരിശോധിക്കാതെയാണ്.

### 4.4. സമന്വയവും മലയാളഭാഷണവും

മലയാളഭാഷണം എന്നത് പല ഭാഷാധാരകളുടെ സമ്പർക്കവും സമന്വയവു മാണെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ. വ്യത്യസ്തമായ സ്വത്വവും അസ്തിത്വവുമുള്ള നിരവധി ജാതി മത വിഭാഗങ്ങളുടെ ആധുനികവത്കരണ പ്രക്രിയയിലൂടെ സമുദായമായി പരിവർത്തിച്ചാണ് കേരളസമൂഹം രൂപപ്പെടുന്നത്. അതായത്, മലയാളം എന്ന ഒരു ഭാഷാസത്വത്തിൽ രൂപപ്പെട്ടതല്ല കേരളസമൂഹം.

കേരള സംസ്ഥാനരൂപീകരണത്തിന് ആന്ധ്രാ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ പോലെ ഭാഷാടിസ്ഥാനത്തിലുള്ള വലിയ മുന്നേറ്റങ്ങളൊന്നും നടന്നിട്ടില്ല എന്നതും ശ്രദ്ധേയമാണ്. അതായത് കേരളത്തിന്റെ ദേശീയത ഭാഷാദേശീയത ആയിരുന്നില്ല പകരം ഭാഷയെക്കൂടി നിർമ്മിച്ച സാമൂഹ്യസമന്വയം ആയിരുന്നു കേരളത്തിന്റെ ദേശീയത. മലയാളഭാഷയെ നിർമ്മിച്ച കേരളത്തിലെ ഈ സാമൂഹിക സമന്വയം ഇന്ന് ഒരു പ്രതിസന്ധിയിലാണ്. നവോത്ഥാന പ്രസ്ഥാനങ്ങളുടെയും ആധുനികവത്കരണ ശ്രമങ്ങളുടെയും ഫലമായി നിരന്തരമായി സമന്വയിച്ചിരുന്ന കേരളസമൂഹം ഇന്ന് ജാതി-മത സ്വത്വങ്ങളിലേക്ക് തിരിച്ചുപോകുകയാണ്. അതായത്, കേരളം സാമൂഹിക വിപരിണാമത്തിലാണ്. കേരളസമൂഹത്തിന്റെ ഈ ശൈഥില്യത്തെ കുറയ്ക്കുവാൻ സമന്വയത്തെ ശക്തിപ്പെടുത്തുവാൻ മലയാളഭാഷണത്തിന് എങ്ങനെ കഴിയും. ജാതിമതസ്വത്വങ്ങളായി ഒരു സമൂഹം വിഘടിക്കുന്നതിനെയും സ്വത്വഗണത്തിന് അകത്തേക്ക് മനുഷ്യർ ചുരുങ്ങുകയും ചെയ്യുന്ന സമകാലത്തെ അവസ്ഥയെ ഉത്തരാധുനിക അവസ്ഥ എന്നാണ് പൊതുവെ വ്യവഹരിക്കപ്പെടുന്നത്. ഈ വ്യവഹാരത്തിന്റെ കുറച്ചുകൂടി വിശാലമായ രൂപമാണ് ഇനിയുള്ള കാലം നവലിബറൽ വികസനത്തിന്റെയും സ്വത്വസംഘർഷങ്ങളുടെയും കാലം ആണെന്ന ആശയം. നിരന്തരമായ പ്രതിസന്ധികളിലൂടെ ആണെങ്കിലും നവലിബറലായ സാമ്പത്തികക്രമം തന്നെയാണ് ഇന്ന് ലോകത്ത് വളരുന്നത്. നമ്മെ ഭീതിപ്പെടുത്തുന്നത് നവലിബറൽ ലോകക്രമത്തിന്റെ ചൂഷണത്തേക്കാളേറെ ലോകത്താകെ വളരുന്ന സ്വത്വസംഘർഷങ്ങളാണ്. ഈ സ്വത്വസംഘർഷങ്ങൾ പല ദേശരാഷ്ട്രങ്ങളിലും ആഭ്യന്തരയുദ്ധത്തിലേക്കും നിർത്താതെയുള്ള രക്തച്ചൊരിച്ചിലിലേക്കുമാണ് ലോകത്തെ നയിക്കുന്നത്. ലോകവ്യാപകമായി നടക്കുന്ന ഈ സ്വത്വസംഘർഷങ്ങൾക്ക് അനുപൂരകമായി വളരെ സൂക്ഷ്മമായി ഓരോ സമൂഹത്തിലും ഇങ്ങനെ നിരവധി സ്വത്വസംഘർഷങ്ങൾ രൂപപ്പെടുന്നുണ്ട്. പലവിധ സ്വത്വങ്ങളുണ്ടായിരുന്ന നിരവധി മത ജാതി വിഭാഗങ്ങളുടെ സമന്വയം ആണ് കേരളസമൂഹം. കേരളസമൂഹത്തിൽ രൂപപ്പെടുന്ന നിരവധിയായ സാമൂഹിക വിടവുകളെയും, സ്വത്വസംഘർഷങ്ങളെയും ഇല്ലാതെയാക്കി സമൂഹത്തിന്റെ സമന്വയത്തെ എത്രമാത്രം മുമ്പോട്ട് കൊണ്ടുപോകാൻ കഴിയും എന്നതാണ് മലയാളഭാഷണത്തിന്റെ ഭാവി.

## 5. ചുരുക്കം

നാലു കാര്യങ്ങളാണ് ഈ പ്രബന്ധത്തിൽ ചർച്ചചെയ്തത്. ഒന്ന്, ഭാഷ എന്നത് ഒരു യാഥാർത്ഥ്യമല്ല. ഭാഷണം മാത്രമാണ് യാഥാർത്ഥ്യം. നിരവധി

ഭാഷണങ്ങൾക്കും ഏതു ഭാഷണത്തിനും ശേഷി നേടുന്നതിനും ഏതൊരു മനുഷ്യനെയും പ്രാപ്തനാക്കുന്ന ഭാഷാസാർവ്വലൗകികങ്ങൾക്കും ഇടയിലുള്ള ഒരു വികൽപം ആണ് ഭാഷ. രണ്ട്, ഭാഷ ഒരു പൊതുശേഷിയാണ്. മൂന്ന്, കേരളഭാഷ എന്നാൽ കേരളത്തിന്റെ വികസനത്തിന് തൊഴിൽ ശക്തിയെ പ്രാപ്തമാക്കുന്ന ഏതുഭാഷയും ആകാം. മലയാളം എന്നത് കേരളഭാഷണമാണ്. മലയാളഭാഷയുടെ അടിസ്ഥാനത്തിലല്ല കേരളത്തിന്റെ സാമൂഹിക സ്വത്വം രൂപപ്പെട്ടത്. മലയാളഭാഷ കേരളത്തിന്റെ സാമൂഹിക സമന്വയപ്രക്രിയയുടെ ഉത്പന്നമാണ്. നാല്, കേരളത്തിന്റെ തനതായ സാമൂഹിക സമന്വയപ്രക്രിയയെ മുമ്പോട്ട് കൊണ്ടുപോകുന്നതിലാണ് മലയാളഭാഷണത്തിന്റെ സാമൂഹിക വിമോചനസാധ്യത.

## റഫറൻസ്

1. തോമസ് ഐസക്, ടി.എം., 2015, കേരളത്തിന്റെ വികസനം, നിയോലിബറൽ അജണ്ടയ്ക്ക് ഒരു വിമർശനം, ചിന്താപബ്ലിഷേഴ്സ്, തിരുവനന്തപുരം.

2. സേതുരാമൻ, കെ., 2011, മലയാളത്തിന്റെ ഭാവി, ഭാഷാ ആസൂത്രണവും മാനവ വികസനവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

3. Dryer, Matthew S. & Haspelmath, Martin (eds.) 2013. The World Atlas of Language Structures Online. Leipzig, Max Planck Instiute for Evolutionary Anthropolody. (Available online at http://wals.info, Accessed on 2016-03-13).

4. Habermas, J., 1970, 'Towards a theory of communicative competence' Inquiry: An Interdisciplinary Journal of Philosophy 13: 1-4, 360-375

5. Habermas, J., 1970 b, On systematically distorted communication' Inquiry An Interdisciplinary Journal of Philosophy 13: 1-4, 205-218

6. Masica C.P., 1976, Defining a Linguistic Area, South Asia, University of Chicago, Chicago.

7. Menon, A.G., 1972, 'From proto-Tamil-Malayalam to west coast dialects' II, 14, 1/2, 52-60.

8. Patten, A., 2003, 'Liberal Neutrality and Language Policy' Philosophy and Public Affairs 31: 356-386.

9. Randolph Quirk, 1998, 'Language and Concepts of Identity', European Review 6, 291-298.

10. Sankunni Nair, M.P., 1995, Point of Contact between Prakrit and Malayalam, International School of Dravidan Linguistics, Thiruvananthapuram

11. Stephen Barbour and Cathie Carmichael, eds. 2000, Language an Nationalism in Europe. Oxford, Oxford University Press.

12. Taylor, Isaac, 2014, 'Language as a Global Public Good', Res Publica, A journal of Moral, Legal and Social Philosophy 20, 377-394

*linguafranka@yahoo.com*

# മലയാളപ്പച്ച

malayala pachcha

മലയാളം - ഇംഗ്ലീഷ്
അർദ്ധവാർഷിക റിസേർച്ച് ജേണൽ

മലയാളവിഭാഗം
കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്
പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

cc BY creative commons

ISBN 978-0-02-454292-2

VOLUME 01
NUMBER 11
AUGUST, 2020

Printed, published and edited by Head of the Post Graduate Department of Malayalam, KKTM Govt. College, Pullut, Kodungallur, Kerala. Ph. 9497760864